ലോഗോസ് ക്വിസ് 2016ന്റെ പാഠഭാഗങ്ങൾ സംഖ്യ 11-21; സുഭാഷിതങ്ങൾ 10-20;യോഹന്നാൻ 13-21; വെളിപാട് 1-3 എന്നിവയാണ്. പി.ഒ.സി ബൈബിളിലെ പ്രസ്തുത വാക്യങ്ങളും അവയാസ്പദമാക്കി തയ്യാറാക്കിയ 2200ലധികം ചോദ്യോത്തരങ്ങളും ഉൾക്കൊള്ളുന്നതാണ് *ലോഗോസ് ക്വിസ് 2016 സഹായി.* **ഇതുപയോഗിച്ച് വാക്യങ്ങളും വാക്യനമ്പരുൾപ്പടെ മന:പാഠമാക്കാം.** വചനസാക്ഷ്യത്തിന് അനുപേക്ഷണീയമായ വചനസാക്ഷരതായജ്ഞത്തിലും കേരളാ മോഡൽ സുവിശേഷവത്കരണമായ ലോഗോസ് ക്വിസിലും പങ്കെടുക്കുന്ന അനേകർക്ക്, മുൻവർഷങ്ങളിലെപ്പോലെ, അതിലും മെച്ചമായി, *ലോഗോസ് ക്വിസ് 2016 സഹായി*വഴി വചനശുശ്രൂഷ എളിയതോതിൽ നിർവഹിക്കാൻ ലഭിച്ച ദൈവകൃപയ്ക്കും ഈ വചനശുശ്രൂഷ സ്വീകരിച്ചനുഗ്രഹിക്കുന്നവർക്കും ഹൃദയംഗമമായ കൃതജ്ഞത!


For Copies : Rev. Dr. Kurian Valuparampil
ANRA / C 12, Kottamukal
Nalanchira P.O.
Thiruvananthapuram - 695015
Kerala, India
Mobile -9447036871

Copies available at : St.Ignatius Centre, Pattom 695004
Tel. 0471-2541923

# ലോഗോസ് ക്വിസ് 2016 സഹായി

**സംഖ്യ 11-21; സുഭാഷിതങ്ങൾ 10-20;**
**യോഹന്നാൻ 13-21; വെളിപാട് 1-3**

**(പി.ഒ.സി. ബൈബിൾ അനുസരിച്ച് പാഠഭാഗത്തെ വാക്യങ്ങളെല്ലാം ഉദ്ധരിച്ച് തയ്യാറാക്കിയത്)**



**റവ. ഡോ. കുര്യൻ വാലുപറമ്പിൽ**

# ലോഗോസ് ക്വിസ് 2016 സഹായി

സംഖ്യ 11–21; സുഭാഷിതങ്ങൾ 10–20;
യോഹന്നാൻ 13–21; വെളിപാട് 1–3

(പി.ഒ.സി. ബൈബിൾ അനുസരിച്ച് പാഠഭാഗത്തെ
വാക്യങ്ങളെല്ലാം ഉദ്ധരിച്ച് തയ്യാറാക്കിയത്)

ഗ്രന്ഥകർത്താവ് : റവ.ഡോ. കുര്യൻ വാലുപറമ്പിൽ

പകർപ്പവകാശം ഗ്രന്ഥകർത്താവിനുമാത്രം

പ്രസിദ്ധീകരണം : Rev. Dr. Kurian Valuparampil
ANRA/C 12, Kottamukal, Nalanchira P.O.
Thiruvananthapuram - 695 015, Kerala
Mobile: 9447036871, 0471-2532442

പ്രസിദ്ധീകരണം : 2015 നവംബർ
രൂപ 70/-

പ്രിന്റിംഗ് : സെന്റ് മേരീസ് പ്രസ്സ്
പട്ടം, തിരുവനന്തപുരം
ടെലിഫോൺ - 0471 - 2446116

# ലോഗോസ് ക്വിസ് 2016 സഹായി

സംഖ്യ 11 –21; സുഭാഷിതങ്ങൾ10 –20;യോഹന്നാൻ 13–21;
വെളിപാട് 1–3; സംഖ്യ 11 –21

## **അധ്യായം 11** (അധ്യായം 11ൽ 35 വാകൃങ്ങൾ)

### ജനം (മരുഭൂമിയിൽവച്ചു) പരാതിപ്പെടുന്നു

**11,1 കർത്താവിന് അനിഷ്ടമാകത്തക്കവിധം ജനം പിറുപിറുത്തു. അതു കേട്ടപ്പോൾ കർത്താവിന്റെ കോപം ജ്വലിച്ചു. അവിടുത്തെ അഗ്നി അവരുടെയിടയിൽ പടർന്നു കത്തി. അതു പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞു.**

1 കർത്താവിന് അനിഷ്ടമാകത്തക്കവിധം ജനം ചെയ്ത പാപം? **ഉ:** പിറുപിറുത്തു

2 ജനം പിറുപിറുത്തതു കേട്ടപ്പോൾ ജ്വലിച്ചത്? **ഉ:** കർത്താവിന്റെ കോപം (11,1)

3 ജനം പിറുപിറുത്തതു കേട്ടപ്പോൾ പടർന്നു കത്തിയത്? **ഉ:** കർത്താവിന്റെ അഗ്നി

4 ജനം പിറുപിറുത്തതു കേട്ടപ്പോൾ കർത്താവിന്റെ അഗ്നി പടർന്നു കത്തിയത് എവിടെ? **ഉ:** ജനത്തിന്റെയിടയിൽ (11,1)

5 പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞത് എന്ത്? **ഉ:** കർത്താവിന്റെ അഗ്നി

**11,2 ജനം മോശയോടു നിലവിളിച്ചു. അവൻ കർത്താവിനോടു പ്രാർഥിച്ചു. അഗ്നി ശമിക്കുകയും ചെയ്തു.**

6 കർത്താവിന്റെ അഗ്നി പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞു. ജനം നിലവിളിച്ചത്? **ഉ:** മോശയോട് (11,2).

7 കർത്താവിന്റെ അഗ്നി പാളയത്തിന്റെ ചില ഭാഗങ്ങൾ ദഹിപ്പിച്ചുകളഞ്ഞു. കർത്താവിനോടു പ്രാർഥിച്ചത് ആര്? **ഉ:** മോശ (11,2).

8 മോശ കർത്താവിനോടു പ്രാർഥിച്ചപ്പോൾ എന്തു സംഭവിച്ചു? **ഉ;** അഗ്നി ശമിച്ചു(11,2).

**11.3 കർത്താവിന്റെ കോപാഗ്നി അവരുടെയിടയിൽ ജ്വലിച്ചതിനാൽ ആ സ്ഥലത്തിനു തബേരാ എന്നു പേരായി.**

9 കർത്താവിന്റെ കോപാഗ്നി അവരുടെയിടയിൽ ജ്വലിച്ചതിനാൽ ആ സ്ഥലത്തിന് എന്തു പേരായി? **ഉ:** തബേരാ എന്നു (11,3).

10 തബേരാ എന്നു പേരായ സ്ഥലം? **ഉ:** കർത്താവിന്റെ കോപാഗ്നി ഇസ്രായേല്യരുടെയിടയിൽ ജ്വലിച്ച സ്ഥലം (11,3).

**11,4 ഇസ്രായേല്യരുടെ ഇടയിൽ ഉണ്ടായിരുന്ന അന്യ വർഗക്കാർ ദുരാഗ്രഹങ്ങൾക്കടിമകളായി. ഇസ്രായേല്യരും സങ്കടംപറച്ചിൽ തുടർന്നു.**

11 ഇസ്രായേല്യരുടെയ ഇടയിൽ ഉണ്ടായിരുന്ന അന്യ വർഗക്കാർ അടിമകളായത്? **ഉ:** ദുരാഗ്രഹങ്ങൾക്ക് (11,4)

12 ഇസ്രായേല്യരും തുടർന്നത്? **ഉ:** സങ്കടംപറച്ചിൽ (11,4)

**11,5 ആരാണ് ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക? ഈജിപ്തിൽ വെറുതെ കിട്ടി യിരുന്ന മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ചെമന്നുള്ളി, വെള്ളുള്ളി ഇവയൊക്കെ ഞങ്ങൾ ഓർക്കുന്നു.**

13 ഈജിപ്തിൽ വെറുതെ കിട്ടിയിരുന്നതായി ഇസ്രായേല്യർ ഓർത്തത്? **ഉ:**മത്സ്യം, വെള്ളരിക്ക, മത്തങ്ങ, ചെമന്നുള്ളി, വെള്ളുള്ളി (11,5)

**11,6 ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നായല്ലാതെ മറ്റൊന്നും കാണാനില്ല.**

14 മരുഭൂമിയിൽ ഭക്ഷണത്തിന് എന്തുമാത്രമേ തങ്ങൾക്കു കാണാനുള്ളു എന്നാണ് ജനം (ഇസ്രായേല്യർ) പരാതിപ്പെട്ടത്? **ഉ:** മന്നാ മാത്രം (11,6).

**11,7 മന്നായ്ക്കു കൊത്തമ്പാലരിയുടെ ആകൃതിയും ഗുൽഗുലുവിന്റെ നിറവുമായിരുന്നു.**

15 മന്നായുടെ ആകൃതി? **ഉ:** കൊത്തമ്പാലരിയുടെ (11,7)

16 മന്നായുടെ നിറം? **ഉ:** ഗുൽഗുലുവിന്റെ (11,7)

**11,8 ജനം ചുറ്റിനടന്ന് അതു ശേഖരിച്ച് തിരികല്ലിലോ ഉരലിലോ ഇട്ടു പൊടിച്ചു കലത്തിൽ വേവിച്ച് അപ്പം ഉണ്ടാക്കിപ്പോന്നു. എണ്ണ ചേർത്തുചുട്ട അപ്പത്തിന്റേതുപോലെയായരുന്നു അതിന്റെ രുചി.**

17 മന്നായുടെ രുചി എന്തിന്റേതുപോലെയായിരുന്നു? **ഉ:** എണ്ണ ചേർത്തുചുട്ട അപ്പ



ത്തിന്റേതുപോലെ (11,8).

**11,9 രാത്രി പാളയത്തിനുമേൽ മഞ്ഞു പെയ്യുമ്പോൾ മന്നായും പൊഴിയും.**

18 മന്നാ പൊഴിഞ്ഞിരുന്നത് എപ്പോൾ? **ഉ:** രാത്രി പാളയത്തിനുമേൽ മഞ്ഞു പെയ്യുമ്പോൾ (11,9).

18a സംഖ്യ 11,7–9ൽ മന്നായെക്കുറിച്ചുള്ള വിവരണം മറ്റെവിടത്തെ വിവരണംപോലെ? **ഉ:** പുറ 18,13–36ൽ.

**11,10 ഇസ്രായേൽകുടുംബങ്ങൾ ഓരോന്നും സ്വന്തം കൂടാരവാതിൽക്കൽ ഇരുന്നു വിലപിക്കുന്നതു മോശ കേട്ടു. കർത്താവിന്റെ കോപം ആളിക്കത്തി; മോശയ്ക്കു നീരസം ജനിച്ചു.**

19 ഇസ്രായേൽ കുടുംബങ്ങൾ ഓരോന്നും വിലപിച്ചത് എവിടിരുന്ന്? **ഉ:** സ്വന്തം കൂടാരവാതിൽക്കൽ (11,10).

20 ഇസ്രായേൽ കുടുംബങ്ങൾ ഓരോന്നും സ്വന്തം കൂടാരവാതിൽക്കൽ ഇരുന്നു വിലപിക്കുന്നതു കേട്ടത് ആര്? **ഉ:** മോശ (11,10).

21 ഇസ്രായേൽ കുടുംബങ്ങൾ ഓരോന്നും സ്വന്തം കൂടാരവാതിൽക്കൽ ഇരുന്നു വിലപിച്ചപ്പോൾ കോപം ആളിക്കത്തിയത്? **ഉ:** കർത്താവിന്റെ (11,10)

22 ഇസ്രായേൽ കുടുംബങ്ങൾ ഓരോന്നും സ്വന്തം കൂടാരവാതിൽക്കൽ ഇരുന്നു വിലപിക്കുന്നതു കേട്ട് നീരസം ജനിച്ചത്? **ഉ:** മോശയ്ക്കു (11,10).

**11,11 –15 [11]മോശ കർത്താവിനോടു പറഞ്ഞു: അങ്ങയുടെ ദാസനോട് ഇത്ര കഠിനമായി**
**പ്രവർത്തിക്കുന്നതെന്തുകൊണ്ട്? അങ്ങ് എന്നോടു കൃപ കാട്ടാത്തതെന്തുകാണ്ട്?**
**ഈ ജനത്തിന്റെ ഭാരമെല്ലാം എന്തേ എന്റെമേൽ ചുമത്തിയിരിക്കുന്നു? [12]ഞാനാ**
**ണോ ഈ ജനത്തെ ഗർഭം ധരിച്ചത്? അവരുടെ പിതാക്കന്മാർക്ക് അവിടുന്നു**
**വാഗ്ദാനം ചെയ്ത ദേശത്തേക്കു മുലകുടിക്കുന്ന കുഞ്ഞിനെ ധാത്രിയെന്ന പോ**
**ലെ, മാറിൽ വഹിച്ചുകൊണ്ടുപോകുക എന്ന് എന്നോടു പറയുവാൻ ഞാനാണോ**
**അവരെ പ്രസവിച്ചത്? [13]ഈ ജനത്തിനെല്ലാം നല്കാൻ എവിടെനിന്നു മാംസം**
**കിട്ടും? ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക എന്നു പറഞ്ഞ് അവർ കരയുന്നു.**
**[14]ഈ ജനത്തെ മുഴുവൻ താങ്ങാൻ ഞാൻ ശക്തനല്ല; അത് എന്റെ കഴിവിന**
**തീതമാണ്. [15]ഇപ്രകാരമാണ് അവിടുന്ന് എന്നോടു വർത്തിക്കുന്നതെങ്കിൽ, കൃപ**
**തോന്നി എന്നെ ഉടനെ കൊന്നുകളയണം. ഈ കഷ്ടത ഞാൻ കാണാതിരിക്കട്ടെ.**

23 ഇസ്രായേൽജനത്തെ അവരുടെ പിതാക്കന്മാർക്ക് കർത്താവ് വാഗ്ദാനം ചെയ്ത ദേശത്തേക്കു ആരെയെന്നപോലെ, മാറിൽ വഹിച്ചുകൊണ്ടുപോകുക എന്ന് തന്നോടു കർത്താവ് പറയുന്നതായി മോശ അവിടുത്തോടു ചോദിക്കുന്നു? **ഉ:** മുലകുടിക്കുന്ന കുഞ്ഞിനെ ധാത്രിയെന്നപോലെ (11,12).

24 ജനം എന്തു പറഞ്ഞു കരയുന്നു എന്നാണ് മോശ കർത്താവിനോടു പറഞ്ഞത്? **ഉ:** ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക എന്ന് (11,13).

25 മോശ കർത്താവിനോടു പറഞ്ഞു: അത് എന്റെ കഴിവിനതീതമാണ്. ഏത്? **ഉ:** ഈ ജനത്തെ മുഴുവൻ താങ്ങാൻ (11,14).

26 എന്തു കാണാതിരിക്കാൻ കൃപ തോന്നി എന്നെ ഉടനെ കൊന്നുകളയണം എന്ന് മോശ കർത്താവിനോടു പ്രാർഥിച്ചു? **ഉ:** (ജനത്തിനു ഭക്ഷിക്കാൻ മാംസമില്ലാഞ്ഞുള്ള) ഈ കഷ്ടത കാണാതിരിക്കാൻ ( 11,15).

### എഴുപതു നേതാക്കന്മാർ

**11,16–20 [16]കർത്താവ് മോശയോട് അരുളിച്ചെയ്തു: ജനത്തിലെ ശ്രേഷ്ഠന്മാരിലും പ്രമാ**
**ണികളിലുംനിന്ന് എഴുപതു പേരെ വിളിച്ചുകൂട്ടുക. അവരെ സമാഗമ കൂടാരത്തി**
**ങ്കൽ കൊണ്ടുവരുക. അവർ അവിടെ നിന്നോടൊപ്പം നിൽക്കട്ടെ. [17]ഞാൻ ഇറങ്ങി**
**വന്ന് നിന്നോടു സംസാരിക്കും. നിന്റെമേലുള്ള ചൈതന്യത്തിൽനിന്ന് ഒരു ഭാഗം**
**അവരിലേക്കു ഞാൻ പകരും. ജനത്തിന്റെ ചുമതല നിന്നോടൊപ്പം അവരും വഹി**
**ക്കും. [18]നീ ഒറ്റയ്ക്കു വഹിക്കേണ്ടാ. ജനത്തോടു പറയുക: നാളത്തേക്കു നിങ്ങളെ**
**ത്തന്നെ ശുദ്ധീകരിക്കുക. നിങ്ങൾക്കു ഭക്ഷിക്കാൻ മാംസം ലഭിക്കും. ഞങ്ങൾക്കു**
**ഭക്ഷിക്കാൻ മാംസം ആരു തരും? ഈജിപ്തിൽ ഞങ്ങൾ സന്തുഷ്ടരായിരുന്നു**
**എന്നു കർത്താവിനോടു നിങ്ങൾ പരാതിപ്പെട്ടു. അതിനാൽ, കർത്താവു നിങ്ങൾക്കു**

**മാംസം തരും, നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. [19]ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേക്കല്ല നിങ്ങൾ അതു തിന്നുക. [20]നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്കു നിങ്ങൾ അതു ഭക്ഷിക്കും. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ഇടയിൽ വസിക്കുന്ന കർത്താവിനെ നിങ്ങൾ ഉപേക്ഷിക്കുകയും ഈജിപ്തിൽനിന്നു പോന്നത് ബുദ്ധിമോശമായിപ്പോയി എന്നു വിലപിക്കുകയും ചെയ്തു.**

27 ജനത്തിലെ ആരിൽനിന്ന് എഴുപതുപേരെ വിളിച്ചുകൂട്ടുക എന്ന് കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** ശ്രേഷ്ഠന്മാരിലും പ്രമാണികളിലുംനിന്ന് (11,16).

28 അവരെ എവിടെ കൊണ്ടുവരുക എന്ന് കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** സമാഗമകൂടാരത്തിങ്കൽ (11,16). (ശ്രദ്ധിക്കുക: സമാഗമകൂടരത്തിൽ എന്നല്ല)

29 ഞാൻ ഇറങ്ങിവന്ന് ആരോടു സംസാരിക്കും എന്നു മോശയോട് അരുളിച്ചെയ്തു? **ഉ:** നിന്നോട് (മോശയോട്) (11,17)

30 ശ്രേഷ്ഠന്മാരിലും പ്രമാണികളിലുംനിന്ന് വിളിച്ചുകൂട്ടുന്ന എഴുപതുപേരിലേക്കു എന്തു ഞാൻ പകരും എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** നിന്റെ (മോശയുടെ)മേലുള്ള ചൈതന്യത്തിൽനിന്ന് ഒരു ഭാഗം (11,17).

31 മോശയുടെ)മേലുള്ള ചൈതന്യത്തിൽനിന്ന് ഒരു ഭാഗം എഴുപതുപേരിലേക്ക് കർത്താവ് പകർന്നത് എന്തിന്? **ഉ:** ജനത്തിന്റെ ചുമതല മോശയോടൊപ്പം അവരും വഹിക്കാൻ (11,17).

32 മാംസം ലഭിക്കാൻ ജനം എന്തു ചെയ്യണമെന്നു കർത്താവ് മോശയോടു പറഞ്ഞു? **ഉ:** നാളത്തേക്കു നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക (11,18).

33 തങ്ങളുടെ ഇടയിൽ വസിക്കുന്ന കർത്താവിനെ ജനം ഉപേക്ഷിക്കുകയും ഈജിപ്തിൽനിന്നു പോന്നതു മോശമായിപ്പോയി എന്നു വിലപിക്കുകയും ചെയ്തതിന് കർത്താവ് മോശയോടു അരുളിച്ചെയ്ത ശിക്ഷ? **ഉ:** ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് അവർ (ജനം) മാംസം ഭക്ഷിക്കും (11,19–20).

**11,21–22 [21]മോശ കർത്താവിനോടു പറഞ്ഞു: എന്നോടൊത്ത് ആറുലക്ഷം യോദ്ധാക്കൾതന്നെയുണ്ട് എന്നിട്ടും അങ്ങു പറയുന്നു, ഒരു മാസത്തേക്ക് അവർക്കു ഭക്ഷിക്കാൻ മാംസം നൽകാമെന്ന്. [22]ആടുകളെയും കാളകളെയും അവർക്കു മതിയാവോളം അറക്കുമോ? അവർക്കു തൃപ്തിയാവോളം കടലിലെ മത്സ്യത്തെ ഒരുമിച്ചുകൂട്ടുമോ?**

34 ജനത്തിനു ഭക്ഷിക്കാൻവേണ്ട മാംസത്തെക്കുറിച്ചു മോശ കർത്താവിനോടു സംസാരിക്കുമ്പോൾ തന്നോടൊത്ത് എത്ര യോദ്ധാക്കൾ ഉണ്ടെന്ന് അവൻ കർത്താവിനോടു പറഞ്ഞു? **ഉ:** ആറു ലക്ഷം (11,21).

35 ജനത്തിനു ഭക്ഷിക്കാൻവേണ്ട മാംസത്തെക്കുറിച്ചു മോശ കർത്താവിനോടു സംസാരിച്ചപ്പോൾ, അവർക്കു (ജനത്തിനു) തൃപ്തിയാവോളം ഒരുമിച്ചുകൂട്ടുമോ എന്നു മോശ കർത്താവിനോടു ചോദിച്ചത് എന്തിനെപ്പറ്റി? **ഉ:** കടലിലെ മത്സ്യത്തെ (11,22).

36 ജനത്തിനു ഭക്ഷിക്കാൻവേണ്ട മാംസത്തെക്കുറിച്ചു മോശ കർത്താവിനോടു സംസാരിച്ചപ്പോൾ കർത്താവ് പറയാത്ത ഏതു മാംസത്തെക്കുറിച്ചുകൂടി മോശ പറഞ്ഞു? **ഉ:** മത്സ്യം (11,22).

**11,23 കർത്താവ് മോശയോട് അരുൾചെയ്തു: എന്റെ കൈക്കു നീളം കുറഞ്ഞുപോയോ? എന്റെ വാക്കു നിറവേറുമോ ഇല്ലയോ എന്നു നീ കാണും.** (സന്ദർഭം ഓർമിക്കുക).

**11,24 മോശ പുറത്തു ചെന്നു കർത്താവിന്റെ വാക്കുകൾ ജനത്തെ അറിയിച്ചു. അവരുടെ നേതാക്കളിൽനിന്ന് എഴുപതുപേരെ ഒരുമിച്ചുകൂട്ടി കൂടാരത്തിനു ചുറ്റും നിറുത്തി.**

37 മോശ എവിടെ ചെന്ന് കർത്താവിന്റെ വാക്കുകൾ ജനത്തെ അറിയിച്ചു? **ഉ:** (കൂടാരത്തിനു) പുറത്തുചെന്ന് (11,24).

38 മോശ ജനത്തിന്റെ നേതാക്കളിൽനിന്ന് എഴുപതുപേരെ ഒരുമിച്ചുകൂട്ടി നിറുത്തിയത്? **ഉ:** കൂടാരത്തിനു ചുറ്റും (11,24). (കൂടാരത്തിനു ചുറ്റും ആരെ ഒ.കൂട്ടി നിറുത്തി?)

**11,25 കർത്താവ് മേഘത്തിൽ ഇറങ്ങിവന്ന് അവനോടു സംസാരിച്ചു. അവിടുന്നു മോശയുടെമേലുണ്ടായിരുന്ന ചൈതന്യത്തിൽ ഒരു ഭാഗം എഴുപതു നേതാക്കന്മാരുടെ മേൽ പകർന്നു. അപ്പോൾ അവർ പ്രവചിച്ചു. പിന്നീട് അവർ പ്രവചിച്ചിട്ടില്ല.**

39 മോശ ജനത്തിന്റെ നേതാക്കളിൽനിന്ന് എഴുപതുപേരെ ഒരുമിച്ചുകൂട്ടി കൂടാരത്തിനു



ചുറ്റും നിറുത്തിയപ്പോൾ കർത്താവ് അവനോടു സംസാരിച്ചത്? **ഉ:** മേഘത്തിൽ ഇറങ്ങിവന്ന് (11,25).

40 അവിടുന്നു മോശയുടെമേലുണ്ടായിരുന്ന ചൈതന്യത്തിൽ ഒരു ഭാഗം എഴുപതു നേതാക്കന്മാരുടെമേൽ പകർന്നു. അപ്പോൾ സംഭവിച്ചത്? **ഉ:** അവർ പ്രവചിച്ചു (11,25)

41 എഴുപതു നേതാക്കന്മാർ എത്ര പ്രാവശ്യം പ്രവചിച്ചു? **ഉ:** ഒരിക്കൽ മാത്രം.

**11,26 എൽദാദ്, മെദാദ് എന്നീ രണ്ടുപേർ പാളയത്തിനുള്ളിൽത്തന്നെ കഴിഞ്ഞു. അവർക്കും ചൈതന്യം ലഭിച്ചു. അവർ പട്ടികയിലുൾപ്പെട്ടിരുന്നെങ്കിലും കൂടാരത്തിന്റെ സമീപത്തേക്കു പോയിരുന്നില്ല. അവർ പാളയത്തിനുള്ളിൽവച്ചുതന്നെ പ്രവചിച്ചു.**

42 പട്ടികയിലുൾപ്പെട്ടിരുന്നെങ്കിലും കൂടാരത്തിന്റെ സമീപത്തേക്കു പോകാതെ പാളയത്തിനുള്ളിൽത്തന്നെ കഴിഞ്ഞിരുന്ന രണ്ടുപേർക്ക് മോശയുടെമേലുണ്ടായിരുന്ന ചൈതന്യം ലഭിച്ചു. ആ രണ്ടുപേർ? **ഉ:** എൽദാദ്, മെദാദ് (11,16).

43 എൽദാദും മെദാദും പ്രവചിച്ചത് എവിടെവച്ച്? **ഉ:** പാളയത്തിനുള്ളിൽവച്ചുതന്നെ.

**11,27 എൽദാദും മെദാദും പാളയത്തിനുള്ളിൽവച്ചു പ്രവചിക്കുന്നുവെന്ന് ഒരു യുവാവ് ഓടിച്ചെന്നു മോശയോടു പറഞ്ഞു.**

44 എൽദാദും മെദാദും പാളയത്തിനുള്ളിൽവച്ചു പ്രവചിക്കുന്നുവെന്ന് ഓടിച്ചെന്നു മോശയോടു പറഞ്ഞത്? **ഉ:** ഒരു യുവാവ് (11,27).

**11,28 ഇതു കേട്ട് നൂനിന്റെ മകനും മോശയുടെ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരിൽ ഒരുവനുമായ ജോഷ്വ പറഞ്ഞു: പ്രഭോ, അവരെ വിലക്കുക.**

45 എൽദാദും മെദാദും പാളയത്തിനുള്ളിൽവച്ചു പ്രവചിക്കുന്നുവെന്ന് ഒരു യുവാവ് ഓടിച്ചെന്നു മോശയോടു പറഞ്ഞതു കേട്ടത്? **ഉ:** ജോഷ്വ (11,27).

46 ജോഷ്വ മോശയുടെ ആര്? **ഉ:** തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരിൽ ഒരുവൻ (11,28).

47 ജോഷ്വായുടെ പിതാവ്? **ഉ;** നൂൻ (11,28).

48 എൽദാദും മെദാദും പ്രവചിക്കുന്നതു വിലക്കാൻ മോശയോടു പറഞ്ഞത്? **ഉ:** ജോഷ്വ (11,28).

**11,29 മോശ ജോഷ്വയോടു പറഞ്ഞു: എന്നെപ്രതി നീ അസൂയപ്പെടുന്നുവോ? കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരാവുകയും അവിടുന്നു തന്റെ ആത്മാവിനെ അവർക്കു നല്കുകയും ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.**

49 കർത്താവിന്റെ ജനം മുഴുവൻ ആരായെങ്കിൽ എന്നു മോശ ആശിച്ചു? **ഉ:** പ്രവാചകന്മാർ (11,29). (കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരായെങ്കിൽ എന്ന് ആശിച്ചത്? - മോശ)

50 കർത്താവിന്റെ ജനത്തിന് അവിടുന്ന് എന്തു നല്കിയിരുന്നെങ്കിൽ എന്നു മോശ ആശിച്ചു? **ഉ:** തന്റെ ആത്മാവിനെ (11,29).

51 കർത്താവിന്റെ ജനം മുഴുവൻ പ്രവാചകന്മാരാവുകയും അവിടുന്നു തന്റെ ആത്മാവിനെ അവർക്കു നല്കുകയും ചെയ്തിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു എന്നു മോശ പറഞ്ഞത് ആരോട്? **ഉ:** ജോഷ്വായോട് (11,29).

**11,30 മോശയും ഇസ്രായേലിലെ നേതാക്കന്മാരും പാളയത്തിലേക്കു മടങ്ങി.** (സംഖ്യ 11,26–30 മനപ്പാഠമാക്കുക)

കാടപ്പക്ഷി

**11,31 പെട്ടെന്ന് കർത്താവ് ഒരു കാറ്റയച്ചു. ആ കാറ്റ് കടലിൽനിന്നു കാടപ്പക്ഷികളെ കൊണ്ടുവന്നു. ഒരു ദിവസത്തെ യാത്രയുടെ ദൂരം വ്യാസാർധത്തിൽ കൂടാരത്തിനുചുറ്റും രണ്ടു മുഴം ഘനത്തിൽ മൂടിക്കിടക്കത്തക്കവിധം അതു വീണു.**

52 കർത്താവ് അയച്ച കാറ്റ് കടലിൽനിന്നു കൊണ്ടുവന്ന ഭക്ഷ്യവസ്തു? **ഉ:** കാടപ്പക്ഷികളെ

53 കാടപ്പക്ഷി കൂടാരത്തിനുചുറ്റും വീണ ദൂരം? **ഉ:** ഒരു ദിവസത്തെ യാത്രയുടെ ദൂരം വ്യാസാർധത്തിൽ (11,31).

54 കാടപ്പക്ഷി വീണതെവിടെ? **ഉ:** കൂടാരത്തിനുചുറ്റും (11,31).

55 കാടപ്പക്ഷി വീണത് എത്ര ഘനത്തിൽ? **ഉ:** രണ്ടു മുഴം (11,31).

56 സംഖ്യ 11,31നു സമാനമായ ബൈബിൾഭാഗം? **ഉ:** പുറ 16,12–13.

**11,32 ജനം അന്നു പകലും രാത്രിയും പിറ്റേന്നും കാടപ്പക്ഷികളെ ശേഖരിച്ചു. ഏറ്റവും കുറച്ചു ശേഖരിച്ചവനുപോലും പത്തു ഹോമർ കിട്ടി. അവർ അതു പാളയത്തിനു**

**ചുറ്റും ഉണങ്ങാനിട്ടു.**

57 കാടപ്പക്ഷിയെ ശേഖരിച്ചവർക്കു കിട്ടിയ ഏറ്റവും കുറഞ്ഞ അളവ്? **ഉ:** പത്തു ഹോമർ

58 ജനം കാടപ്പക്ഷിയെ ഉണങ്ങാനിട്ടത്? **ഉ:** പാളയത്തിനു ചുറ്റും (11,32).

**11,33 എന്നാൽ, ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ കർത്താവിന്റെ കോപം ജനത്തിനെതിരേ ആളിക്കത്തി. ഒരു മഹാമാരി അയച്ച് അവിടുന്ന് അവരെ ശിക്ഷിച്ചു.**

59 ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ ജനത്തിനെതിരേ ആളിക്കത്തിയത്? **ഉ:** കർത്താവിന്റെ കോപം (11,33).

60 ഒരു മഹാമാരി അയച്ച് കർത്താവ് ജനത്തെ ശിക്ഷിച്ചത് എപ്പോൾ? **ഉ:** ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ (11,33).

**11,34 അത്യാഗ്രഹികളെ സംസ്കരിച്ചതുകൊണ്ട് ആ സ്ഥലത്തിനു കിബ്രോത്ത് ഹത്താവ എന്നു പേരിട്ടു.**

61 കിബ്രോത്ത് ഹത്താവ എന്നതിന്റെ അർഥം? **ഉ:** അത്യാഗ്രഹത്തിന്റെ ശവക്കുഴി (പി.ഒ.സി ബൈബിൾ)

62 ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കെത്തന്നെ കർത്താവ് ഒരു മഹാമാരി അയച്ച് ജനത്തെ ശിക്ഷിച്ച സ്ഥലത്തിന് കിബ്രോത്ത് ഹത്താവ എന്നു പേരിടാൻ കാരണം? **ഉ:** അത്യാഗ്രഹികളെ സംസ്കരിച്ചതുകൊണ്ട് (11,34).

**11,35 കിബ്രോത്ത് ഹത്താവയിൽനിന്നു ജനം ഹസേറോത്തിൽ ചെന്നു താമസിച്ചു.**

63 എവിടെനിന്നു ജനം ഹസേറോത്തിൽ ചെന്നു താമസിച്ചു? **ഉ:** കിബ്രോത്ത് ഹത്താവയിൽനിന്നു

## അധ്യായം 12 (അധ്യായം 12ൽ 16 വാക്യങ്ങൾ)

### മിരിയാം ശിക്ഷിക്കപ്പെടുന്നു

**12,1–2 [1]മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി മിരിയാമും അഹറോനും അവനെതി**
**രായി സംസാരിച്ചു. [2]കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങ**
**ളിലൂടെയും സംസാരിച്ചിട്ടില്ലേ? എന്ന് അവർ ചോദിച്ചു.**

64 സംഖ്യ 12,1ൽ പരാമർശിക്കുന്ന കുഷ്യസ്ത്രീ ആര്? **ഉ:** മോശയുടെ ഭാര്യ

65 മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി അവനെതിരായി സംസാരിച്ചത്? **ഉ:** മിരിയാമും അഹറോനും (12,1).

66 കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ? എന്നു ചോദിച്ചത്? **ഉ:** മിരിയാമും അഹറോനും (12,2).

**12,3 കർത്താവ് അതു കേട്ടു. മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ചു സൗമ്യനായിരുന്നു.**

67 മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി അവനെതിരായി മിരിയാമും അഹറോനും സംസാരിച്ചത് കേട്ടത്? **ഉ:** കർത്താവ് (12,3).

68 ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ചു സൗമ്യനായിരുന്നു എന്ന് സംഖ്യ 12,3 വിശേഷിപ്പിക്കുന്നത്? **ഉ:** മോശയെ.

**12,4 കർത്താവ് ഉടനെതന്നെ മോശയോടും അഹറോനോടും മിരിയാമിനോടും പറഞ്ഞു: നിങ്ങൾ മൂവരും പുറത്തു സമാഗമകൂടാരത്തിലേക്കു വരുവിൻ.**

69 മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി അവനെതിരായി മിരിയാമും അഹറോനും സംസാരിച്ചത് കേട്ട് കർത്താവ് സമാഗമകൂടാരത്തിലേക്കു വിളിച്ചുവരുത്തിയത്? **ഉ:** മോശയെയും അഹറോനെയും മിരിയാമിനെയും (12,4).

69a മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെപ്രതി അവനെതിരായി മിരിയാമും അഹറോനും സംസാരിച്ചത് കേട്ട് കർത്താവ് മോശയെയും അഹറോനെയും മിരിയാമിനെയും വിളിച്ചുവരുത്തിയത്? **ഉ:** സമാഗമകൂടാരത്തിലേക്കു (12,4).

**12,5 അവർ വെളിയിൽ വന്നു. കർത്താവു മേഘസ്തംഭത്തിൽ ഇറങ്ങിവന്നു സമാഗമകൂടാരവാതില്ക്കൽ നിന്നിട്ട് അഹറോനെയും മിരിയാമിനെയും വിളിച്ചു.**

70 നിങ്ങൾ മൂവരും പുറത്തു സമാഗമകൂടാരത്തിലേക്കു വരുവിൻ എന്നു കർത്താവു മോശയോടും അഹറോനോടും മിരിയാമിനോടും പറഞ്ഞു. അവർ എവിടെ വന്നു? **ഉ:** (സമാഗമകൂടാരത്തിനു) വെളിയിൽ (12,5).

70a മോശയും അഹറോനും മിരിയാമും വെളിയിൽ വന്നു നിന്നപ്പോൾ കർത്താവു മേഘസ്തംഭത്തിൽ ഇറങ്ങിവന്നു നിന്നത്? **ഉ:** സമാഗമകൂടാരവാതില്ക്കൽ (12,5).



70b കർത്താവു മേഘസ്തംഭത്തിൽ ഇറങ്ങിവന്നു സമാഗമകൂടാരവാതിൽക്കൽ നിന്നിട്ട് വിളിച്ചത്? **ഉ:** അഹറോനെയും മിരിയാമിനെയും (12,5).

**12,6–8 [6]അവർ മുന്നോട്ടു ചെന്നു. അവിടുന്ന് അരുൾചെയ്തു: എന്റെ വചനം ശ്രവി**
**ക്കുക; നിങ്ങളുടെയിടയിൽ ഒരു പ്രവാചകനുണ്ടെങ്കിൽ കർത്താവായ ഞാൻ ദർശന**
**ത്തിൽ അവന് എന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും; സ്വപ്നത്തിൽ അവനോടു**
**സംസാരിക്കുകയും ചെയ്യും. [7]എന്റെ ദാസനായ മോശയുടെ കാര്യത്തിൽ അങ്ങനെ**
**യല്ല. അവനെ എന്റെ ഭവനത്തിന്റെ മുഴുവൻ ചുമതലയും ഏൽപിച്ചിരിക്കുന്നു. [8]അവ്യ**
**ക്തമായിട്ടല്ല, സ്പഷ്ടമായി മുഖാഭിമുഖം അവനുമായി ഞാൻ സംസാരിക്കുന്നു.**
**അവൻ കർത്താവിന്റെ രൂപം കാണുകയും ചെയ്യുന്നു. അങ്ങനെയിരിക്കേ എന്റെ ദാ**
**സനായ മോശയ്ക്കെതിരായി സംസാരിക്കാൻ നിങ്ങൾ ഭയപ്പെടാതിരുന്നതെന്ത്?**
(വാക്യ 6–8 കൃത്യമായി മനപ്പാഠമാക്കുക)

71 സംഖ്യ 12,6–8ലെ വാക്കുകൾ കർത്താവ് ആരെക്കുറിച്ച് ആരോട് അരുൾചെയ്തത്? **ഉ:** മോശയെക്കുറിച്ച്, അഹറോനോടും മിരിയാമിനോടും അരുൾചെയ്തത്.

72 എന്റെ വചനം ശ്രവിക്കുക. ആര് ആരോടു പറഞ്ഞു? **ഉ:** കർത്താവ്, അഹറോനോടും മിരിയാമിനോടും (12,6).

73 നിങ്ങളുടെയിടയിൽ ഒരു പ്രവാചകനുണ്ടെങ്കിൽ കർത്താവായ ഞാൻ അവന് എന്തിൽ എന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കും എന്ന് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** ദർശനത്തിൽ (1267).

74 (നിങ്ങളുടെയിടയിൽ ഒരു പ്രവാചകനുണ്ടെങ്കിൽ) കർത്താവായ ഞാൻ എന്തിൽ അവനോടു സംസാരിക്കുകയും ചെയ്യും എന്ന് കർത്താവ് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** സ്വപ്നത്തിൽ (12,6).

75 സംഖ്യ 12,7–8ൽ കർത്താവ് മോശയെക്കുറിച്ച് രണ്ടു പ്രാവശ്യം പറഞ്ഞിട്ടുള്ള ഒരു നാമം (അഭിധാനം)? **ഉ:** എന്റെ ദാസൻ (12, 7.8).

76 കർത്താവ് മോശയെ എന്തിന്റെ മുഴുൻ ചുമതലയും ഏൽപിച്ചിരിക്കുന്നു എന്ന് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** എന്റെ ഭവനത്തിന്റെ (12,7).

77 സംഖ്യ 12,7നെ അനുസ്മരിക്കുന്ന പുതിയനിയമഭാഗം? **ഉ:** ഹെബ്രാ 3,2.

78 എന്റെ ഭവനം എന്ന് (കർത്താവ് സംഖ്യ 12,7ൽ) പറയുന്നത് ആരെക്കുറിച്ച്? **ഉ:** (കർത്താവിന്റെ) ജനം (സംഖ്യ 11,1). (കർത്താവിന്റെ ജനം അവിടുത്തെ ഭവനം)

79 ഞാൻ അവനുമായി (മോശയുമായി) എങ്ങനെയല്ല സംസാരിക്കുന്നത് എന്ന് കർത്താവ് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** അവ്യക്തമായിട്ടല്ല

79a കർത്താവ് അവ്യക്തമായി സംസാരിക്കാത്തത്? **ഉ:** മോശയോട് (12,11).

80 ഞാൻ അവനുമായി (മോശയുമായി) എങ്ങനെ സംസാരിക്കുന്നുഎന്ന് കർത്താവ് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** സ്പഷ്ടമായി മുഖാഭിമുഖം (12,8). (കർത്താവ് സ്പഷ്ടമായി മുഖാഭിമുഖം സംസാരിച്ചത്? **ഉ:** മോശയോട്).

81 മോശ എന്തു കാണുകയും ചെയ്യുന്നു എന്ന് കർത്താവ് അഹറോനോടും മിരിയാമിനോടും അരുൾചെയ്തു? **ഉ:** കർത്താവിന്റെ രൂപം (12,8).

**12,9 കർത്താവിന്റെ കോപം അവർക്കെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ വിട്ടുപോയി**

82 കർത്താവിന്റെ കോപം അവർക്കെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ വിട്ടുപോയി അവർ ആര്? **ഉ:** അഹറോനും മിരിയാമും (സംഖ്യ 12,4–8).

**12,10 കൂടാരത്തിന്റെ മുകളിൽനിന്നു മേഘം നീങ്ങിയപ്പോൾ മിരിയാം കുഷ്ഠം പിടിച്ചു മഞ്ഞുപോലെ വെളുത്തു. അഹറോൻ തിരിഞ്ഞു നോക്കിയപ്പോൾ അവൾ കുഷ്ഠരോഗിണിയായിത്തീർന്നതു കണ്ടു.**

83 കൂടാരത്തിന്റെ മുകളിൽനിന്നു മേഘം നീങ്ങിയത് എന്തിന്റെ അടയാളം? **ഉ:** കർത്താവ് അഹറോനെയും മിരിയാമിനെയും വിട്ടുപോയത് (12,10).

84 കൂടാരത്തിന്റെ മുകളിൽനിന്നു മേഘം നീങ്ങിയപ്പോൾ കുഷ്ഠം പിടിച്ചു മഞ്ഞുപോലെ വെളുത്തത്? **ഉ:** മിരിയാം (12,10).

85 മിരിയാം കുഷ്ഠരോഗിണിയായിത്തീർന്നത് ആദ്യം കണ്ടത്? **ഉ:** അഹറോൻ (12,10).

**12,11–12 [11]അഹറോൻ മോശയോടു പറഞ്ഞു: പ്രഭോ, ഞങ്ങൾ ബുദ്ധിഹീനമായിട്ടാണു**
**പ്രവർത്തിച്ചത്; ആ പാപം ഞങ്ങളുടെമേൽ ചുമത്തരുതേ! [12]ഗർഭപാത്രത്തിൽനിന്നു**
**പുറത്തുവരുമ്പോൾത്തന്നെ ശരീരം പകുതി അഴുകിയിരിക്കുന്ന മരിച്ച ശിശുവിനെ**
**പ്പോലെ അവൾ ആകരുതേ!**

86 പ്രഭോ, ഞങ്ങൾ ബുദ്ധിഹീനമായിട്ടാണു പ്രവർത്തിച്ചത്; ആ പാപം ഞങ്ങളുടെമേൽ ചുമത്തരുതേ! ആര് ആരോടു പറഞ്ഞു? **ഉ:** അഹറോൻ മോശയോട് (സംഖ്യ 12,11).

87 ആ പാപം ഞങ്ങളുടെമേൽ ചുമത്തരുതേ! ഏതു പാപം? ആരുടെമേൽ ചുമത്തരുതേയെന്ന്? **ഉ:** അഹറോനും മിരിയാമും മോശയ്ക്കെതിരായി സംസരിച്ചത് (12,1–2). അഹറോന്റെയും മിരിയാമിന്റെയുംമേൽ ചുമത്തരുതേ എന്ന്.

88 ഗർഭപാത്രത്തിൽനിന്നു പുറത്തുവരുമ്പോൾത്തന്നെ ശരീരം പകുതി അഴുകിയിരിക്കുന്ന മരിച്ച ശിശുവിനെപ്പോലെ അവൾ ആകരുതേ! (സംഖ്യ 12,12). ആര്, ആരെക്കുറിച്ച് ആരോടു പറഞ്ഞത്? **ഉ:** അഹറോൻ, മോശയോട്, മിരിയാമിനെക്കുറിച്ച്.

**12,13 മോശ കർത്താവിനോടു നിലവിളിച്ചു: ഞാൻ കേണപേക്ഷിക്കുന്നു, ദൈവമേ,**
**അവളെ സുഖപ്പെടുത്തണമെ!**

89 അവളെ സുഖപ്പെടുത്തണമെ എന്നു മോശ കർത്താവിനോടു നിലവിളിച്ചത്? **ഉ:** മിരിയാമിനുവേണ്ടി (12,13).

**12,14 കർത്താവു മോശയോടു പറഞ്ഞു: തന്റെ അപ്പൻ മുഖത്തു തുപ്പിയാൽപ്പോലും**
**അവൾ ഏഴു ദിവസം ലജ്ജിച്ചിരിക്കയില്ലേ? ഏഴു ദിവസം അവളെ പാളയത്തിനു**
**പുറത്തു പാർപ്പിക്കുക; അതിനുശേഷം അകത്തു കൊണ്ടുവരാം. [15]അങ്ങനെ മി**
**രിയാമിനെ ഏഴു ദിവസത്തേക്കു പാളയത്തിൽനിന്നു പുറത്താക്കി. അവളെ അകത്തു**
**പ്രവേശിപ്പിക്കുന്നതുവരെ ജനം യാത്ര പുറപ്പെട്ടില്ല. [16]അതിനുശേഷം അവർ**
**ഹസേറോത്തിൽനിന്നു പുറപ്പെട്ടു. പാരാൻ മരുഭൂമിയിൽ പാളയമടിച്ചു.**

90 മിരിയാമിനെ ഏഴു ദിവസത്തേക്കു പാളയത്തിൽനിന്നു പുറത്താക്കിയത് എന്തിന്? **ഉ:** കുഷ്ഠം സുഖപ്പെടാൻ (12,13–15).

90a ആരെ പാളയത്തനകത്തു പ്രവേശിപ്പിക്കുന്നതുവരെ ജനം യാത്ര പുറപ്പെട്ടില്ല? **ഉ:** മിരിയാമിനെ?

91 മിരിയാമിനെ പാളയത്തിൽ പ്രവേശിപ്പിച്ചതിനുശേഷം ജനം യാത്ര പുറപ്പെട്ടത്? **ഉ:** ഹസേറോത്തിൽനിന്ന് (12,16).

92 ജനം ഹസേറോത്തിൽനിന്നു പുറപ്പെട്ടിട്ട് പാളയമടിച്ചത്? **ഉ:** പാരാൻ മരുഭൂമിയിൽ (12,16).

## അധ്യായം 13 (അധ്യായം 13ൽ 33 വാക്യങ്ങൾ)

### കാനാൻദേശം ഒറ്റുനോക്കുന്നു (നിയ 1,19–33)

**13,1–2 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]ഞാൻ ഇസ്രായേലിനു നല്കുന്ന**
**കാനാൻദേശം ഒറ്റുനോക്കാൻ ഓരോ ഗോത്രത്തിലുംനിന്ന് ഓരോ നേതാവിനെ**
**അയയ്ക്കുക.**

93 കാനാൻദേശം ഒറ്റുനോക്കാൻ ആരെ അയയ്ക്കുക എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഓരോ ഗോത്രത്തിലുംനിന്ന് ഓരോ നേതാവിനെ (13,1–2).

**13,3 കർത്താവിന്റെ കല്പനയനുസരിച്ചു പാരാൻ മരുഭൂമിയിൽനിന്നു മോശ അവരെ**
**അയച്ചു. അവർ ഇസ്രായേലിലെ തലവന്മാരായിരുന്നു.**

**94** കാനാൻദേശം ഒറ്റുനോക്കാൻ കർത്താവിന്റെ കല്പനയനുസരിച്ചു മോശ ഓരോ ഗോത്രത്തിലുംനിന്നുള്ള ഓരോ നേതാക്കന്മാരെ എവിടെനിന്ന് അയച്ചു? **ഉ:** പാരാൻ മരുഭൂമിയിൽനിന്നു (13,3).

95 കാനാൻദേശം ഒറ്റുനോക്കാൻ കർത്താവിന്റെ കല്പനയനുസരിച്ചു പാരാൻ മരുഭൂമിയിൽനിന്നു മോശ അയച്ച ഓരോ ഗോത്രത്തിലുംനിന്നുള്ള ഓരോ നേതാക്കന്മാർ ആരായിരുന്നു? **ഉ:** ഇസ്രായേലിലെ തലവന്മാർ (13,3).

**13,4 അയച്ചത് ഇവരെയാണ്: റൂബൻഗോത്രത്തിൽനിന്നു സക്കൂറിന്റെ മകൻ ഷമ്മുവ;**

96 കാനാൻദേശം ഒറ്റുനോക്കാൻ കർത്താവിന്റെ കല്പനയനുസരിച്ചു പാരാൻ മരുഭൂമിയിൽനിന്നു മോശ റൂബൻഗോത്രത്തിൽനിന്നു അയച്ചത്? **ഉ:** സക്കൂറിന്റെ മകൻ



ഷമ്മുവ (റൂ.സ.ഷ 13,4).

**13,5 ശിമയോൻഗോത്രത്തിൽനിന്നു ഹോറിയുടെ മകൻ ഷാഫാത്ത്;** (ശി.ഹോ.ഷാ
**13,6 യൂദാഗോത്രത്തിൻനിന്നു യഫുന്നയുടെ മകൻ കാലെബ്;** (യൂ.യ.കാ)
**13,7 ഇസാക്കർഗോത്രത്തിൽനിന്നു ജോസഫിന്റെ മകൻ ഈഗാൽ;** (ഇ.ജോ.ഈ)
**13,8 എഫ്രായിംഗോത്രത്തിൽനിന്നു നൂനിന്റെ മകൻ ഹൊഷെയാ;** (എ.നൂ.ഹൊ.)
**13,9 ബഞ്ചമിൻഗോത്രത്തിൽനിന്നു റാഫുവിന്റെ മകൻ പൽതി;** (ബ.റാ.പ)
**13.10 സെബുലൂൺഗോത്രത്തിൽനിന്നു സോദിയുടെ മകൻ ഗദ്ദീയേൽ** (ബ.സോ.ഗ)
**13,11 ജോസഫിന്റെ – മനാസ്സെയുടെ – ഗോത്രത്തിൽനിന്നു സുസിയുടെ മകൻ ഗദ്ദീ;**
**13,12 ദാൻഗോത്രത്തിൽനിന്നു ഗമല്ലിയുടെ മകൻ അമ്മിയേൽ;** (ദാ.ഗ.അ)
**13,13 ആഷേർഗോത്രത്തിൽനിന്നു മിഖായേലിന്റെ മകൻ സെത്തൂർ;** (ആ.മി.സെ)
**13,14 നഫ്താലിഗോത്രത്തിൽനിന്നു വോഫെസിയുടെ മകൻ നഹ്വി;** (ന.വോ.ന)
**13,15 ഗാദ്ഗോത്രത്തിൽനിന്നു മാക്കിയുടെ മകൻ ഗവുവേൽ.** (ഗാ.മാ.ഗ).
**13,16 ദേശം ഒറ്റുനോക്കാൻ മോശ അയച്ചവരാണ് ഇവർ. നൂനിന്റെ മകൻ ഹൊഷെയാ**
**യ്ക്കു മോശ ജോഷ്വ എന്നു പേരു കൊടുത്തു.**

97 ദേശം ഒറ്റുനോക്കാൻ മോശ എത്രപേരെ അയച്ചു? **ഉ:** പന്ത്രണ്ട്.

98 നൂനിന്റെ മകൻ ജോഷ്വയുടെ ആദ്യത്തെ പേര്? **ഉ:** ഹൊഷെയാ (13,16).

99 നൂനിന്റെ മകൻ ഹൊഷെയായ്ക്കു ജോഷ്വ എന്നു പേരു കൊടുത്തത്? **ഉ:** മോശ (13,16).

**13,17–20 [17]ചാരവൃത്തിക്ക് അയയ്ക്കുമ്പോൾ മോശ അവരോട് ഇങ്ങനെ പറഞ്ഞു:**
**ഇവിടെനിന്നു നെഗെബിലേക്കും തുടർന്നു മലമ്പ്രദേശത്തേക്കും പോകുവിൻ.**
**[18]നാട് ഏതുവിധമുള്ളതാണ്; അവിടത്തെ ജനങ്ങൾ ശക്തരോ ബലഹീനരോ;**
**അവർ എണ്ണത്തിൽ കുറവോ കൂടുതലോ; [19]അവർ വസിക്കുന്ന സ്ഥലം നല്ലതോ**
**ചീത്തയോ; അവർ വസിക്കുന്ന നഗരങ്ങൾ വെറും കൂടാരങ്ങളോ മതിൽ കെ**
**ട്ടിയുറപ്പിച്ചതോ; [20]ഭൂമി ഫലപുഷ്ടിയുള്ളതോ അല്ലാത്തതോ; വൃക്ഷസമ്പത്തു**
**ള്ളതോ ഇല്ലാത്തതോ എന്നു പരിശോധിക്കണം. ധൈര്യം അവലംബിക്കുവിൻ.**
**ആ ദേശത്തുനിന്നു കുറച്ചു ഫലങ്ങളും കൊണ്ടുവരണം. മുന്തിരി പഴുത്തുതു**
**ടങ്ങുന്ന കാലമായിരുന്നു അത്.**

100 ചാരവൃത്തിക്ക് മോശ ഇസ്രായേലിലെ തലവന്മാരെ അയച്ചത്? **ഉ:** പാരാൻ മരുഭൂമിയിൽനിന്ന് (13,3).

101 ചാരവൃത്തിക്ക് അയയ്ക്കുമ്പോൾ മോശ അവരോട്, ഇവിടെനിന്നു എവിടേക്കും തുടർന്നു എവിടേക്കും പോകുവിൻ എന്നു പറഞ്ഞു? **ഉ:** നെഗെബിലേക്കും തുടർന്ന് മലമ്പ്രദേശത്തേക്കും (13,17).

102 ചാരവൃത്തിക്ക് അയയ്ക്കുമ്പോൾ മോശ അവരോട്, പരിശോധിക്കണം എന്നു പറഞ്ഞ ഇനങ്ങൾ? **ഉ:** നാട്, ജനങ്ങൾ, അവർ വസിക്കുന്ന സ്ഥലം, അവർ വസിക്കുന്ന നഗരങ്ങൾ, ഭൂമി (അഞ്ച് ഇനങ്ങൾ)

103 ജനങ്ങളെപ്പറ്റി പരിശോധിക്കേണ്ടത്? **ഉ:** ശക്തരോ ബലഹീനരോ; അവർ എണ്ണത്തിൽ കുറവോ കൂടുതലോ (13,18).

104 അവർ വസിക്കുന്ന സ്ഥലത്തെപ്പറ്റി പരിശോധിക്കേണ്ടത്? **ഉ:** നല്ലതോ ചീത്തയോ (13,19).

105 അവർ വസിക്കുന്ന നഗരങ്ങളെപ്പറ്റി പരിശോധിക്കേണ്ടത്? **ഉ:** നഗരങ്ങൾ വെറും കൂടാരങ്ങളോ മതിൽ കെട്ടിയുറപ്പിച്ചതോ (13,19).

106 ഭൂമിയെപ്പറ്റി പരിശോധിക്കേണ്ടത്? **ഉ:** ഫലപുഷ്ടിയുള്ളതോ അല്ലാത്തതോ; വൃക്ഷസമ്പത്തുള്ളതോ ഇല്ലാത്തതോ (13,20).

107 ദേശത്തുനിന്നു എന്തു കൊണ്ടുവരണം എന്നു മോശ ചാരവൃത്തിക്ക് അയച്ചവരോടു പറഞ്ഞു? **ഉ:** കുറച്ചു ഫലങ്ങളും (13,20).

108 ഏതു കാലത്താണ് മോശ ഇസ്രായേലിലെ തലവന്മാരെ ചാരവൃത്തിക്ക് അയച്ചത്? **ഉ:** മുന്തിരി പഴുത്തുതുടങ്ങുന്ന കാലത്ത് (13,20).

**13,21 അവർ പോയി സീൻ മരുഭൂമി മുതൽ ഹമാത്തിന്റെ കവാടത്തിനടുത്തു റഹോബു**
**വരെയുള്ള പ്രദേശം രഹസ്യമായി നിരീക്ഷിച്ചു.**

109 ചാരവൃത്തിക്കു മോശ അയച്ചവർ പോയി എവിടെമുതൽ എവിടെവരെയുള്ള പ്രദേശം രഹസ്യമായി നിരീക്ഷിച്ചു? **ഉ:** സീൻ മരുഭൂമി മുതൽ ഹമാത്തിന്റെ കവാടത്തിനടുത്തു റഹോബുവരെയുള്ള പ്രദേശം (13,21).

110 റഹോബ് എവിടെ? **ഉ:** ഹമാത്തിന്റെ കവാടത്തിനടുത്ത് (13,21).

**13,22 അവർ നെഗെബു കടന്നു ഹെബ്രോണിലെത്തി. അവിടെ അനാക്കിന്റെ പിന്തുടർച്ചക്കാരായ അഹിമാൻ, ഷേഷായി, തൽമായി എന്നിവർ വസിച്ചിരുന്നു. ഹെബ്രോൺ ഈജിപ്തിലെ സോവാനിനെക്കാൾ ഏഴു വർഷം മുമ്പു പണിതതാണ്.**

111 ചാരവൃത്തിക്കു മോശ അയച്ചവർ എവിടം കടന്ന് ഹെബ്രോണിലെത്തി? **ഉ:** നെഗെബ് (13,22).

79 ഹെബ്രോണിൽ വസിച്ചിരുന്നത്? **ഉ:** അനാക്കിന്റെ പിന്തുടർച്ചക്കാരായ അഹിമാൻ, ഷേഷായി, തൽമായി എന്നിവർ (13,22).

80 ഹെബ്രോൺ പണിതത്? **ഉ:** ഈജിപ്തിലെ സോവാനിനെക്കാൾ ഏഴു വർഷം മുമ്പ്

**13,23 അവർ എഷ്ക്കോൾ താഴ്‌വരയിൽനിന്ന് ഒരു മുന്തിരിക്കൊമ്പു കുലയോടുകൂടെ മുറിച്ചെടുത്തു രണ്ടുപേർകൂടി തണ്ടിന്മേൽ ചുമന്നുകൊണ്ടുപോന്നു. കുറെ മാതളപ്പഴവും അത്തിപ്പഴവും അവർ കൊണ്ടുവന്നു.**

81 മോശ ചാരവൃത്തിക്ക് അയച്ചവർ എഷ്ക്കോൾ താഴ്‌വരയിൽനിന്ന് കൊണ്ടുവന്നത്? **ഉ:** ഒരു മുന്തിരിക്കൊമ്പു കുലയോടുകൂടെ മുറിച്ചെടുത്തത്, കുറെ മാതളപ്പഴവും അത്തിപ്പഴവും (13,23).

82 മോശ ചാരവൃത്തിക്ക് അയച്ചവർ ഒരു മുന്തിരിക്കൊമ്പു കുലയോടുകൂടെ മുറിച്ചെടുത്ത് രണ്ടുപേർകൂടി തണ്ടിന്മേൽ ചുമന്നുകൊണ്ടുപോന്നത്? **ഉ:** എഷ്ക്കോൾ താഴ്‌വരയിൽ നിന്ന് (13,23).

**13,24 ഇസ്രായേൽക്കാർ മുന്തിരിക്കുല മുറിച്ചെടുത്തതു നിമിത്തം ആ സ്ഥലത്തിന് എഷ്ക്കോൾ താഴ്‌വര എന്ന പേരു കിട്ടി.**

83 ഇസ്രായേൽക്കാർ മുന്തിരിക്കുല മുറിച്ചെടുത്ത സ്ഥലത്തിന് എഷ്ക്കോൾ താഴ്‌വര എന്ന പേരു കിട്ടിയതിനു നിമിത്തം? **ഉ:** അവർ മുന്തിരിക്കുല മുറിച്ചെടുത്തത്

84 എഷ്ക്കോൾ അർഥം? **ഉ:** മുന്തിരിക്കുല (പി.ഒ.സി ബൈബിൾ).

85 എഷ്ക്കോൾ ഏതു ദേശത്ത്? **ഉ:** കാനാൻദേശത്ത്.

**13,25 നാല്പതു ദിവസത്തെ രഹസ്യ നിരീക്ഷണത്തിനുശേഷം അവർ മടങ്ങി.**

86 മോശ ചാരവൃത്തിക്ക് അയച്ചവർ എത്ര ദിവസം രഹസ്യനിരീക്ഷണം നടത്തി? **ഉ:** നാല്പത് (13,25).

**13,26 അവർ പാരാൻ മരുഭൂമിയിലുള്ള കാദേഷിൽ വന്ന് മോശയെയും അഹറോനെയും ഇസ്രായേൽജനം മുഴുവനെയും വിവരം അറിയിച്ചു. ആ ദേശത്തെ പഴങ്ങൾ കാണിക്കുകയും ചെയ്തു.**

87 മോശ ചാരവൃത്തിക്ക് അയച്ചവർ കാനാൻദേശത്തു രഹസ്യനിരീക്ഷണം നടത്തിയ ശേഷം വന്നത് എവിടെ? **ഉ:** പാരാൻ മരുഭൂമിയിലുള്ള കാദേഷിൽ (13,26).

88 അവർ കാദേഷിൽ വന്നു വിവരം അറിയിച്ചത് ആരെ? **ഉ:** മോശയെയും അഹറോനെയും ഇസ്രായേൽജനം മുഴുവനെയും (13,26).

**13,27–29 [27]അവർ അവനോടു പറഞ്ഞു: നീ പറഞ്ഞയച്ച ദേശത്തു ഞങ്ങൾചെന്നു.**
**പാലും തേനും ഒഴുകുന്നതാണ് അത്. ഇതാ അവിടത്തെ പഴങ്ങൾ. [28]എന്നാൽ,**
**അവിടത്തെ ജനങ്ങൾ മല്ലന്മാരാണ്. പട്ടണങ്ങൾ വളരെ വിശാലവും കോട്ടകളാൽ**
**ചുറ്റപ്പെട്ടതുമാണ്. മാത്രമല്ല, അനാക്കിന്റെ വർഗക്കാരെയും ഞങ്ങൾ അവിടെ**
**കണ്ടു. [29]അമലേക്യർ നെഗെബിലും; ഹിത്യരും, ജബൂസ്യരും, അമോര്യരും പർവത**
**ങ്ങളിലും; കനാന്യർ കടലോരത്തും ജോർദാൻതീരത്തും വസിക്കുന്നു.**

89 മോശ ചാരവൃത്തിക്ക് അയച്ചവർ വന്ന് കാനാൻദേശത്തെക്കുറിച്ച് ആദ്യം പറഞ്ഞ കാര്യം? **ഉ:** പാലും തേനും ഒഴുകുന്നതാണ് അത് (13,27).

89a മോശ ചാരവൃത്തിക്ക് അയച്ചവർ കാനാൻദേശത്തു കണ്ടെന്നു പറഞ്ഞ വർഗക്കാർ? **ഉ:** അനാക്കിന്റെ വർഗക്കാരെ (13,28).

90 അമലേക്യർ വസിച്ചത്? **ഉ:** നെഗെബിൽ (13,29).

91 പർവങ്ങളിൽ വസിച്ചിരുന്നവർ? **ഉ:** ഹിത്യരും, ജബൂസ്യരും, അമോര്യരും (13,29).



92 കടലോരത്തും ജോർദാൻതീരത്തും വസിച്ചിരുന്നവർ? **ഉ:** കനാന്യർ (13,29).

**13,30 മോശയുടെ ചുറ്റും കൂടിയ ജനത്തെ നിശ്ശബ്ദരാക്കിയിട്ടു കാലെബ് പറഞ്ഞു: ˝നമുക്ക് ഉടനെ പോയി ആ ദേശം കൈവശപ്പെടുത്താം. അതു കീഴടക്കാനുള്ള ശക്തി നമുക്കുണ്ട്.**

93 നമുക്ക് ഉടനെ പോയി ആ ദേശം കൈവശപ്പെടുത്താം. അതു കീഴടക്കാനുള്ള ശക്തി നമുക്കുണ്ട് എന്നു പറഞ്ഞത്? **ഉ:** കാലെബ് (13,30).

**13,31 എന്നാൽ, അവിടത്തെ ജനങ്ങളെ കീഴ്പ്പെടുത്താൻ നമുക്കു കഴിവില്ല; അവർ നമ്മെക്കാൾ ശക്തന്മാരാണ് എന്ന് അവനോടുകൂടെ പോയിരുന്നവർ അഭിപ്രായപ്പെട്ടു.**

94 അവിടത്തെ (കാനാനിലെ) ജനങ്ങളെ കീഴ്പ്പെടുത്താൻ നമുക്കു കഴിവില്ല; അവർ നമ്മെക്കാൾ ശക്തന്മാരാണ് എന്ന് അഭിപ്രായപ്പെട്ടത്? **ഉ:** കാലെബിനോടുകൂടെ പോയിരുന്നവർ (13,31).

**13,32–33 [32]അങ്ങനെ തങ്ങൾ കണ്ട സ്ഥലത്തെക്കുറിച്ചു ജനത്തിനു തെറ്റായ ധാരണ**
**നല്കിക്കൊണ്ട് അവർ പറഞ്ഞു: ഞങ്ങൾ ഒറ്റുനോക്കിയ ദേശം അവിടെ വസി**
**ക്കാൻ ചെല്ലുന്നവരെ വിഴുങ്ങിക്കളയുന്നതാണ്; അവിടെ ഞങ്ങൾ കണ്ട മനുഷ്യരോ**
**അതികായന്മാർ! [33]നെഫിലിമിൽനിന്നു വന്ന അനാക്കിന്റെ മല്ലന്മാരായ മക്കളെ**
**അവിടെ ഞങ്ങൾ കണ്ടു. അവരുടെ മുമ്പിൽ ഞങ്ങൾ വെറും വിട്ടുലുകളാണെ**
**ന്നു ഞങ്ങൾക്കു തോന്നി. അവർക്കു ഞങ്ങളെക്കുറിച്ച് അങ്ങനെതന്നെ തോന്നി**
**യിരിക്കണം.**

1112 തങ്ങൾ കണ്ട സ്ഥലത്തെക്കുറിച്ചു ജനത്തിനു തെറ്റായ ധാരണ നല്കിയത്? **ഉ:** കാലെബിനോടുകൂടെ പോയിരുന്നവർ (13,31–32).

113 സംഖ്യ 13,32ൽ മനുഷ്യരെ വിഴുങ്ങിക്കളയുന്നതിനെക്കുറിച്ചുള്ള പരാമർശത്തിനു സമാനമായി ഏതു പ്രവാചകവചനങ്ങളിൽ? **ഉ:** എസെക്കിയേൽ 36,13–14.

114 തങ്ങൾ ഒറ്റുനോക്കിയ ദേശത്ത് ആരുടെ മല്ലന്മാരായ മക്കളെ കണ്ടു എന്ന് കാലെബിനോടുകൂടെ പോയിരുന്നവർ പറഞ്ഞു? **ഉ:** നെഫിലിമിൽനിന്നു വന്ന അനാക്കിന്റെ മക്കളെ (13,33). (നെഫിലിമിൽനിന്നു വന്നത്? **ഉ:** അനാക്കിന്റെ മക്കൾ)

115 ദേശത്തെ അതികായന്മാരെക്കുറിച്ച് സംഖ്യ 13,32ലുള്ള പരാമർശം മറ്റേതു വേദഭാഗത്തെ അനുസ്മരിപ്പിക്കുന്നു? **ഉ:** ഉത്പ 6,4.

## അധ്യായം 14 (അധ്യായം 14ൽ 45 വാക്യങ്ങൾ)

**14,1 രാത്രി മഴുവൻ ജനം ഉറക്കെ നിലവിളിച്ചു.**

**14,2–3 [2]അവർ മോശയ്ക്കും അഹറോനുമെതിരായി പിറുപിറുത്തു. അവർ പറഞ്ഞു: ഈ**
**ജിപ്തിൽവച്ചു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ! ഈ മരുഭൂമിയിൽവച്ചു ഞങ്ങൾ മരിച്ചെ**
**ങ്കിൽ! [3]വാളിന് ഇരയാകാൻ കർത്താവു ഞങ്ങളെ ഈ ദേശത്തേക്കു കൊണ്ടുവ**
**ന്നതെന്തിന്? ഞങ്ങളുടെ ഭാര്യമാരും കുഞ്ഞുങ്ങളും ശത്രുക്കൾക്ക് ഇരയായിത്തീരു**
**മല്ലോ. ഈജിപ്തിലേക്കു തിരികെ പോകുന്നതല്ലേ നല്ലത്?**

116 രാത്രിമുഴുവൻ ജനം ഉറക്കെ നിലവിളിച്ചതും മോശയ്ക്കും അഹറോനുമെതിരായി പിറുപിറുത്തതും എവിടെവച്ച്? **ഉ:** പാരാൻ മരുഭൂമിയിലുള്ള കാദേഷിൽ (14,2).

117 അവർ മോശയ്ക്കും അഹറോനുമെതിരായി പിറുപിറുത്തു പറഞ്ഞത്? **ഉ:** ഈജി
പ്തിൽവച്ചു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ! ഈ മരുഭൂമിയിൽവച്ചു ഞങ്ങൾ മരിച്ചെങ്കിൽ!
[3]വാളിന് ഇരയാകാൻ കർത്താവു ഞങ്ങളെ ഈ ദേശത്തേക്കു കൊണ്ടുവന്നതെന്തി
ന്? ഞങ്ങളുടെ ഭാര്യമാരും കുഞ്ഞുങ്ങളും ശത്രുക്കൾക്ക് ഇരയായിത്തീരുമല്ലോ.ഈജി
പ്തിലേക്കു തിരികെ പോകുന്നതല്ലേ നല്ലത്? (14,2–3).

**14,4 അവർ പരസ്പരം പറഞ്ഞു: നമുക്ക് ഒരു തലവനെ തിരഞ്ഞെടുത്ത് അവന്റെ കീഴിൽ ഈജിപ്തിലേക്കു തിരികെ പോകാം.**

118 ജനം പരസ്പരം പറഞ്ഞത്? **ഉ;** നമുക്ക് ഒരു തലവനെ തിരഞ്ഞെടുത്ത് അവന്റെ കീഴിൽ ഈജിപ്തിലേക്കു തിരികെ പോകാം.

**14,5 അപ്പോൾ മോശയും അഹറോനും അവിടെ ഒന്നിച്ചുകൂടിയിരുന്ന ഇസ്രായേൽജനത്തിന്റെ മുമ്പിൽ കമിഴ്ന്നുവീണു.**

119 നമുക്ക് ഒരു തലവനെ തിരഞ്ഞെടുത്ത് അവന്റെ കീഴിൽ ഈജിപ്തിലേക്കു തിരികെ പോകാം എന്നു ജനം പരസ്പരം പറഞ്ഞപ്പോൾ അവിടെ ഒന്നിച്ചുകൂടിയിരുന്ന ഇസ്രാ

യേൽജനത്തിന്റെ മുമ്പിൽ കമിഴ്ന്നുവീണത്? **ഉ:** മോശയും അഹറോനും (14,5).

**11,6 ദേശം ഒറ്റുനോക്കുവാൻ പോയവരിൽപ്പെട്ട നൂനിന്റെ മകൻ ജോഷ്വയും യഫു ന്നയുടെ മകൻ കാലെബും തങ്ങളുടെ വസ്ത്രം കീറി.**

120 നമുക്ക് ഒരു തലവനെ തിരഞ്ഞെടുത്ത് അവന്റെ കീഴിൽ ഈജിപ്തിലേക്കു തിരികെ പോകാം എന്നു ജനം പരസ്പരം പറഞ്ഞപ്പോൾ അവിടെ ഒന്നിച്ചുകൂടിയിരുന്ന ഇസ്രാ യേൽജനത്തിന്റെ മുമ്പിൽ വസ്ത്രം കീറിയത്? **ഉ:** (നൂനിന്റെ മകൻ) ജോഷ്വയും (യഫുന്നയുടെ മകൻ) കാലെബും (14,6).

121 കാലെബിന്റെ പിതാവ്? **ഉ:** യഫുന്ന (14,6).

**14,7–9 [7]അവർ ഇസ്രായേൽസമൂഹത്തോടു പറഞ്ഞു: ഞങ്ങൾ ഒറ്റുനോക്കുവാൻ പോയ**
**ദേശം അതിവിശിഷ്ടമാണ്. [8]കർത്താവു നമ്മിൽ സംപ്രീതനാണെങ്കിൽ അവിടുന്നു**
**നമ്മെ അങ്ങോട്ടു നയിക്കുകയും തേനും പാലും ഒഴുകുന്ന ആ ദേശം നമുക്കു**
**തരുകയും ചെയ്യും. [9]നിങ്ങൾ കർത്താവിനോടു മറുതലിക്കരുത്; ആ ദേശത്തെ**
**ജനങ്ങളെ ഭയപ്പെടുകയുമരുത്. അവർ നമുക്ക് ഇരയാണ്. ഇനി അവർക്കു രക്ഷ**
**യില്ല. കർത്താവു നമ്മോടുകൂടെയാണ്; അവരെ ഭയപ്പെടേണ്ടതില്ല.**

122 തങ്ങൾ ഒറ്റുനോക്കാൻ പോയ ദേശത്തെക്കുറിച്ച് ജോഷ്വയും കാലെബും ഇസ്രാ യേൽസമൂഹത്തോടു പറഞ്ഞ വർണനെ? **ഉ:** ദേശം അതിവിശിഷ്ടമാണ്, പാലും തേനും ഒഴുകുന്നതാണ് (14,7–8).

(പാലും തേനും ഒഴുകുന്നതെന്ന് ആദ്യപരാമർശം 13,27ൽ; നമ്പർ 89)

122a ഞങ്ങൾ ഒറ്റുനോക്കുവാൻ പോയ ദേശം അതിവിശിഷ്ടമാണ് എന്ന് ഇസ്രായേൽസമൂ ഹത്തോടു പറഞ്ഞത്? **ഉ:** ജോഷ്വയും കാലെബും (14,7).

123 ആ ദേശത്തെ ജനങ്ങളെ ഭയപ്പെടേണ്ടതില്ലെന്ന് ജോഷ്വയും കാലെബും പറയാൻ കാരണം? **ഉ:** കർത്താവു നമ്മോടുകൂടെയാണ് (14,9).

123a ഒറ്റുനോക്കുവാൻ പോയ ദേശത്തെ ജനങ്ങൾക്ക് ഇനി രക്ഷയില്ല എന്നു ജാഷ യും കാലെബും പറയാൻ കാരണം? **ഉ:** അവർ നമുക്ക് ഇരയാണ് (14,9).

**14,10 എന്നാൽ ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു സമൂഹം ഒറ്റ സ്വരത്തിൽ പറഞ്ഞു; അപ്പോൾ സമാഗമകൂടാരത്തിൽ കർത്താവിന്റെ മഹത്വം ഇസ്രായേലിനു പ്രത്യക്ഷമായി.**

124 ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു ഒറ്റസ്വരത്തിൽ പറഞ്ഞത്? **ഉ:** സമൂഹം (14,10).

125 ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു സമൂഹം ഒറ്റസ്വരത്തിൽ പറ ഞ്ഞു; അപ്പോൾ സമാഗമകൂടാരത്തിൽ ഇസ്രായേലിനു പ്രത്യക്ഷമായത്? **ഉ:** കർത്താവിന്റെ മഹത്വം (14,10).

126 ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു സമൂഹം ഒറ്റസ്വരത്തിൽ പറ ഞ്ഞു; അപ്പോൾ എവിടെ കർത്താവിന്റെ മഹത്വം ഇസ്രായേലിനു പ്രത്യക്ഷമായി? **ഉ:** സമാഗമകൂടാരത്തിൽ (14,10).

മോശയുടെ മാധ്യസ്ഥം

**14.11–12 [11]കർത്താവ് മോശയോട് അരുൾചെയ്തു: ഈ ജനം എത്രത്തോളം എന്നെ**
**പ്രകോപിപ്പിക്കും? അവരുടെ മധ്യേ ഞാൻ പ്രവർത്തിച്ചിട്ടുള്ള അടയാളങ്ങൾ**
**കണ്ടിട്ടും എത്രനാൾ എന്നെ അവർ വിശ്വസിക്കാതിരിക്കും? [12]ഞാൻ അവരെ മ**
**ഹാമാരികൊണ്ടു പ്രഹരിച്ചു നിർമൂലനം ചെയ്യും. എന്നാൽ, അവരെക്കാൾ വലുതും**
**ശക്തവുമായ ഒരു ജനതയെ നിന്നിൽനിന്നു പുറപ്പെടുവിക്കും.**

127 ഈ ജനം എത്രത്തോളം എന്നെ പ്രകോപിപ്പിക്കും? അവരുടെ മധ്യേ ഞാൻ പ്രവർ ത്തിച്ചിട്ടുള്ള അടയാളങ്ങൾ കണ്ടിട്ടും എത്രനാൾ എന്നെ അവർ വിശ്വസിക്കാതി രിക്കും? [12]ഞാൻ അവരെ മഹാമാരികൊണ്ടു പ്രഹരിച്ചു നിർമൂലനം ചെയ്യും. എ ന്നാൽ, അവരെക്കാൾ വലുതും ശക്തവുമായ ഒരു ജനതയെ നിന്നിൽനിന്നു പുറ പ്പെടുവിക്കും എന്നു കർത്താവ് അരുൾചെയ്തത്? **ഉ:** മോശയോട് (14,11–12).

128 താൻ അവരുടെ (ഈ ജനത്തിന്റെ) മധ്യേ പ്രവർത്തിച്ചിട്ടുള്ള എന്തു കണ്ടിട്ടും അവർ എത്രനാൾ എന്നെ വിശ്വസിക്കാതിരിക്കുമെന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** അടയാളങ്ങൾ (14,11). (അടയാളങ്ങൾ – വിശ്വസിക്കാൻ)



129 ഞാൻ അവരെ എന്തുകൊണ്ടു പ്രഹരിച്ചു നിർമൂലനം ചെയ്യും എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** മഹാമാരികൊണ്ടു (14,12).

130 എന്നാൽ, അവരെക്കാൾ വലുതും ശക്തവുമായ ആരെ നിന്നിൽനിന്നു പുറപ്പെ ടുവിക്കും എന്നു കർത്താവ് മോശയോട് അരുൾചെയ്തു? **ഉ:** ഒരു ജനതയെ 14,12).

14,13–19ൽ മോശ പാരാൻ മരുഭൂമിയലെ കാദെഷിൽവച്ച് ഇസ്രായേൽജനത്തിനുവേണ്ടി കർത്താവിനോട് അപേക്ഷിക്കുന്നത്. ഇത്രയും വാക്യങ്ങൾ ഒരു ഖണ്ഡമാണ്. എങ്കിലും പഠനസൗകര്യത്തിന് ഭാഗംഭാഗമായി നല്കുന്നു.

**14,13 മോശ കർത്താവിനോടു പറഞ്ഞു: ഈജിപ്തുകാർ ഇതേപ്പറ്റി കേൾക്കും. അവി ടുത്തെ ശക്തമായ കരമാണല്ലോ ഈ ജനത്തെ അവരുടെ ഇടയിൽനിന്നു കൊ കൊണ്ടുപോന്നത്.**

131 ഇസ്രായേൽജനത്തെ ഈജിപ്തുകാരുടെ ഇടയിൽനിന്നു കൊണ്ടുപോന്നത് എന്താ ണെന്ന് സംഖ്യ 14,13ൽ മോശ കർത്താവിനോടു പറഞ്ഞു? **ഉ:** അവിടുത്തെ ശക്തമായ കരം.

**14,14 ഈ ദേശത്തു വസിക്കുന്നവരോടും അവർ ഇക്കാര്യം പറയും. കർത്താവേ, അങ്ങ് ഈ ജനത്തിന്റെ മധ്യേയുണ്ടെന്ന് അവർ കേട്ടിട്ടുണ്ട്. കാരണം, ഈ ജനം അങ്ങ യെ അഭിമുഖം കാണുന്നു; അവിടുത്തെ മേഘം ഇവരുടെ മുകളിൽ എപ്പോഴും നിൽക്കുന്നു. പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിസ്തംഭവുംകൊണ്ട് അ വിടുന്ന് ഇവർക്കു വഴികാട്ടുന്നു.**

132 ഈ (ഇസ്രായേൽ) ജനത്തെപ്പറ്റി ഈജിപ്തുകാർ കേട്ടിട്ടുണ്ടെന്നും, അവർ അത് കാനാൻദേശത്തുള്ളവരോടും പറയുമെന്നും മോശ കർത്താവിനോടു പറഞ്ഞ കാര്യം? **ഉ:** കർത്താവിന്റെ ശക്തമായ കരമാണ് ഈ (ഇസ്രായേൽ) ജനത്തെ ഈജിപ്തിൽനിന്നു കൊണ്ടുപോന്നത് എന്ന കാര്യം (14,13).

133 ഇസ്രായേൽജനത്തെ ഈജിപ്തിൽനിന്നു കൊണ്ടുപോന്നത്? **ഉ:** കർത്താവിന്റെ ശക്തമായ കരം (14,14).

134 ഈ (കാനാൻ)ദേശത്തുള്ളവർ കേട്ടിട്ടുണ്ടെന്ന് മോശ കർത്താവിനോടു പറഞ്ഞ കാര്യം? **ഉ:** കർത്താവ് ഈ ജനത്തിന്റെ മധ്യേയുണ്ടെന്ന് (14,14).

135 കർത്താവ് ഈ ജനത്തിന്റെ മധ്യേയുണ്ടെന്ന് കാനാൻകാർ കേട്ടിട്ടുള്ളതിനു മോശ കർത്താവിനോടു പറഞ്ഞ കാരണം? **ഉ:** ഈ ജനം അങ്ങയെ അഭിമുഖം കാണു ന്നു (14,14).

136 ഈ ജനം (ഇസ്രായേൽജനം) കർത്താവിനെ അഭിമുഖം കാണുന്നു എന്ന് മോശ പറഞ്ഞത്? **ഉ:** കർത്താവിനോടു (14,14).

137 ഈ ജനം (ഇസ്രായേൽജനം) കർത്താവിനെ അഭിമുഖം കാണുന്നതിന്റെ അടയാള മായി മോശ കർത്താവിനോടു പറഞ്ഞത്? **ഉ:** അവിടുത്തെ മേഘം ഇവരുടെ മു കളിൽ എപ്പോഴും നിൽക്കുന്നു (14,14).

138 കർത്താവ് ഇസ്രായേൽജനത്തിനു വഴി കാട്ടുന്നതെങ്ങനെയെന്ന് മോശ അവിടത്തോ ടു പറഞ്ഞു? **ഉ:** പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവുംകൊണ്ട് (14,14

**14,15–16 [15]അതിനാൽ ഒരൊറ്റയാളെ എന്നപോലെ അങ്ങ് ഈ ജനത്തെ സംഹരിച്ചു**
**കളഞ്ഞാൽ അങ്ങയുടെ പ്രശസ്തി കേട്ടിട്ടുള്ള ജനതകൾ പറയും: [16]അവർക്കു**
**കൊടുക്കാമെന്നു സത്യംചെയ്ത ദേശത്ത് അവരെ എത്തിക്കാൻ കർത്താവിനു**
**കഴിവില്ലാത്തതുകൊണ്ടു മരുഭൂമിയിൽവച്ച് അവൻ അവരെ കൊന്നുകളഞ്ഞു.**

**14,17 കർത്താവേ, അങ്ങ് അരുൾചെയ്തിട്ടുള്ളതുപോലെ അങ്ങയുടെ ശക്തി വലുതാ ണെന്നു പ്രകടമാക്കണമേ എന്നു ഞാൻ പ്രാർഥിക്കുന്നു.**

139 കർത്താവ് പ്രകടമാക്കണമെന്നു മോശ പ്രാർഥിച്ചത്? **ഉ:** അങ്ങയുടെ ശക്തി വലുതാണെന്നു (14,17).

**14,18–19 [18]കർത്താവു ക്ഷമാശീലനും അചഞ്ചലസ്നേഹം കവിഞ്ഞൊഴുകുന്നവനുമാ**
**ണ്. അവിടുന്ന് അകൃത്യവും അപരാധങ്ങളും ക്ഷമിക്കുന്നവനാണ്. എന്നാൽ, കുറ്റ**
**ക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യങ്ങൾക്കു മക്കളെ മൂന്നും**
**നാലും തലമുറ വരെ ശിക്ഷിക്കുന്നവനുമാണെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ട**
**ല്ലോ. [19]അങ്ങയുടെ കാരുണ്യാതിരേകത്തിനു യോജിച്ചവിധം ഈജിപ്തുമുതൽ**

**ഇവിടെവരെ ഈ ജനത്തോടു ക്ഷമിച്ചതുപോലെ ഇപ്പോഴും ഇവരുടെ അപരാധം പൊറുക്കണമെന്ന് അങ്ങയോടു ഞാൻ യാചിക്കുന്നു.**

140 സംഖ്യ 14,18ൽ മോശ പ്രാർഥനയിൽ എടുത്തുപറയുന്ന കർത്താവിന്റെ രണ്ടു നന്മകൾ? **ഉ:** ക്ഷമാശീലനും അചഞ്ചലസ്നേഹം കവിഞ്ഞൊഴുകുന്നവനുമാണ്.

141 പൂരിപ്പിക്കുക: അങ്ങയുടെ ... യോജിച്ചവിധം ഈജിപ്തുമുതൽ ഇവിടെവരെ ഈ ജനത്തോടു ക്ഷമിച്ചതുപോലെ ഇപ്പോഴും ഇവരുടെ അപരാധം പൊറുക്കണമെന്ന് അങ്ങയോടു ഞാൻ യാചിക്കുന്നു (സംഖ്യ 14,19). **ഉ:** കാരുണ്യാതിരേകത്തിനു

142 കർത്താവ് ഈജിപ്തുമുതൽ പാരാൻ മരുഭൂമിയിലെ കാദേഷ് വരെ ഇസ്രായേൽ ജനത്തോടു ക്ഷമിച്ചത് എവ്വിധം? **ഉ:** അങ്ങയുടെ കാരുണ്യാതിരേകത്തിനു യോജിച്ചവിധം (14,19).

143 ഈ ജനത്തോട് ഇപ്പോഴും പൊറുക്കണമെന്നു മോശ പാരാൻ മരുഭൂമിയിലെ കാദെഷിൽ കർത്താവിനോടു യാചിച്ചത്? **ഉ:** ഇവരുടെ അപരാധം (സംഖ്യ 14,19).

14,20-25ലുള്ളത് മോശയുടെ പ്രാർഥനയ്ക്ക് അവനോടു കർത്താവ് അരുൾചെയ്യുന്ന മറുപടിയാണ്.

**14,20അപ്പോൾ കർത്താവ് അരുളിച്ചെയ്തു: നിന്റെ അപേക്ഷ സ്വീകരിച്ചു ഞാൻ ക്ഷമിച്ചിരിക്കുന്നു.** (ഇത് കർത്താവ് പറഞ്ഞത് മോശയോട്)

**14,21-24 [21]എന്നാൽ ഞാനാണേ, ഭൂമി നിറഞ്ഞിരിക്കുന്ന എന്റെ മഹത്വമാണേ, കർത്താവായ ഞാൻ പറയുന്നു: [22]എന്റെ മഹത്വവും, ഈജിപ്തിലും മരുഭൂമിയിലും വച്ചു ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടും എന്നെ പത്തു പ്രാവശ്യം പരീക്ഷിക്കുകയും എന്റെ സ്വരം അവഗണിക്കുകയും ചെയ്ത ഈ ജനത്തിലാരും, [23]അവരുടെ പിതാക്കന്മാർക്കു ഞാൻ വാഗ്ദാനം ചെയ്ത ദേശം കാണുകയില്ല. [24]എന്നെ നിന്ദിച്ചവരാരും അതു കാണുകയില്ല. എന്നാൽ എന്റെ ദാസനായ കാലെബിനെ അവൻ ഒറ്റുനോക്കിയ ദേശത്തേക്കു ഞാൻ കൊണ്ടുപോകും. അവന്റെ സന്തതികൾ അതു കൈവശമാക്കും. എന്തെന്നാൽ, അവനെ നയിച്ച ചൈതന്യം വ്യത്യസ്തമാണ്. അവൻ എന്നെ പൂർണമായി അനുഗമിക്കുകയും ചെയ്തു.**

144 ഭൂമി നിറഞ്ഞിരിക്കുന്നത് എന്തെന്ന് കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** എന്റെ (കർത്താവിന്റെ) മഹത്വം (14,21).

145 എന്തെല്ലാം കണ്ടിട്ടും ഈ ജനം എന്നെ പത്തു പ്രാവശ്യം പരീക്ഷിക്കുകയും എന്റെ സ്വരം അവഗണിക്കുകയും ചെയ്തെന്ന് കർത്താവ് മോശയോടു പറഞ്ഞു? **ഉ:** എന്റെ മഹത്വവും, ഈജിപ്തിലും മരുഭൂമിയിലും വച്ചു ഞാൻ ചെയ്ത അടയാളങ്ങളും (14,22). (ഇസ്രായേൽജനം 10 പ്രാവശ്യം കർത്താവിനെ പരീക്ഷി ...)

145a ഇസ്രായേൽജനം ഈജിപ്തിലും മരുഭൂമിയിലുംവച്ചു കണ്ടിട്ടുള്ളതെന്നുകർത്താവു മോശയോടു പറയുന്നത്? **ഉ:** എന്റെ മഹത്വവും, ഈജിപ്തിലും മരുഭൂമിയിലും വച്ചു ഞാൻ ചെയ്ത അടയാളങ്ങളും (14,22).

146 ജനം (ഇസ്രായേൽജനം) അവഗണിച്ചത്? **ഉ:** എന്റെ (കർത്താവിന്റെ) സ്വരം (14,22).

147 ഈ ജനം (ഇസ്രായേൽജനം) കർത്താവിനെ പരീക്ഷിക്കുകയും അവിടുത്തെ സ്വരം അവഗണിക്കുകയും ചെയ്തത്? **ഉ:** പത്തു പ്രാവശ്യം (14,22).

148 എന്നെ പത്തു പ്രാവശ്യം പരീക്ഷിക്കുകയും എന്റെ സ്വരം അവഗണിക്കുകയും ചെയ്ത ഈ ജനത്തിലാരും കാണുകയില്ലാത്തത്? **ഉ:** അവരുടെ പിതാക്കന്മാർക്കു ഞാൻ വാഗ്ദാനം ചെയ്ത ദേശം (14,23).

149 അതു കാണുകയില്ലെന്നു കർത്താവ് പറഞ്ഞത് വേറെയാര്? **ഉ:** എന്നെ നിന്ദിച്ചവരാരും (14,24).

150 എന്റെ ദാസൻ എന്നു കർത്താവ് പറയുന്നത് സംഖ്യ 14,24ൽ ആരെ? **ഉ:** കാലെബ്

151 കർത്താവ് മോശയോടു പറഞ്ഞു: അവൻ ഒറ്റുനോക്കിയ ദേശത്തേക്കു ഞാൻ കൊണ്ടുപോകും (14,24). അവൻ ആര്? **ഉ:** കാലെബ് (14,24).

152 കർത്താവ് മോശയോടു പറഞ്ഞു: അവന്റെ സന്തതികൾ അതു കൈവശമാക്കും. ആരുടെ സന്തതികൾ? **ഉ:** കാലെബിന്റെ (14,24).

153 കാലെബിനെ നയിച്ച വ്യത്യസ്തമായത്? **ഉ:** ചൈതന്യം (14,24).

154 അവൻ എന്നെ പൂർണമായി അനുഗമിക്കുകയും ചെയ്തു (സംഖ്യ 14,24).



കർത്താവ് പറഞ്ഞത് ആരെക്കുറിച്ച്? **ഉ:** കാലെബിനെ.

**14,25താഴ്വരയിൽ അമലേക്യരും കാനാന്യരും പാർക്കുന്നതുകൊണ്ടു നാളെ ചെങ്കടലിലേക്കുള്ള വഴിയിലൂടെ മരുഭൂമിയിലേക്കു പിന്തിരിയുക.**

155 താഴ്വരയിൽ പാർത്തിരുന്നത്? **ഉ:** അമലേക്യരും കാനാന്യരും (14,25).

156 നാളെ ചെങ്കടലിലേക്കുള്ള വഴിയിലൂടെ മരുഭൂമിയിലേക്കു പിന്തിരിയുക എന്നു കർത്താവ് മോശയോടു അരുളിച്ചെയ്യാൻ കാരണം? **ഉ:** താഴ്വരയിൽ അമലേക്യരും കാനാന്യരും പാർക്കുന്നതുകൊണ്ടു (14,25).

157 സംഖ്യ 14,14-26നെ അനുസ്മരിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ? **ഉ:** പുറ 32,9-14. 31-35; ഹെബ്രാ 3,18.

14,26-35ൽ ഉള്ളത് കർത്താവ് മോശയോടും അഹറോനോടും അരുൾചെയ്തവയാണ്.

**14,26കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തു:**

**14,27വഴിപിഴച്ച ഈ സമൂഹം എത്രനാൾ എനിക്കെതിരേ പിറുപിറുക്കും. എനിക്കെതിരേ ഇസ്രായേൽജനം പിറുപിറുക്കുന്നതു ഞാൻ കേട്ടിരിക്കുന്നു.**

158 വഴിപിഴച്ചതെന്ന് സംഖ്യ 14,17ൽ കർത്താവ് പറയുന്നത് ആരെ? **ഉ:** ഈ സമൂഹം

159 പൂരിപ്പിക്കുക: എനിക്കെതിരേ ... പിറുപിറുക്കുന്നതു ഞാൻ കേട്ടിരിക്കുന്നു (സംഖ്യ 14,27). **ഉ:** ഇസ്രായേൽജനം. (വാക്യം 27: സമൂഹം - ഇസ്രായേൽജനം).

160 ഞാൻ കേട്ടിരിക്കുന്നു എന്ന് സംഖ്യ 14,27ൽ കർത്താവ് അരുളിച്ചെയ്യുന്നത്? **ഉ:** എനിക്കെതിരേ ഇസ്രായേൽജനം പിറുപിറുക്കുന്നത്

**14,28 അവരോടു പറയുക: ജീവിക്കുന്നവനായ ഞാൻ ശപഥം ചെയ്യുന്നു: ഞാൻ കേൾക്കെ നിങ്ങൾ പിറുപിറുത്തതുപോലെ ഞാൻ നിങ്ങളോടു ചെയ്യും.**

161 കർത്താവ് മോശയോടും അഹറോനോടും ശപഥം ചെയ്യുമ്പോൾ (സംഖ്യ 14,28) അവിടുന്ന് തന്നെക്കുറിച്ചുതന്നെ അരുളിച്ചെയ്യുന്നത്? **ഉ:** ജീവിക്കുന്നവനായ ഞാൻ.

**14,29-30 [29]നിങ്ങളുടെ ശവങ്ങൾ ഈ മരുഭൂമിയിൽ വീഴും. [30]നിങ്ങളിൽ ഇരുപതും അതിലേറെയും വയസ്സുള്ളവരിൽ, എനിക്കെതിരായി പിറുപിറുത്തവരിൽ ഒരാൾപോലും, നിങ്ങളെ പാർപ്പിക്കാമെന്നു ഞാൻ വാഗ്ദാനം ചെയ്ത ദേശത്തു പ്രവേശിക്കുകയില്ല. യഫുന്നായുടെ മകൻ കാലെബും നൂനിന്റെ മകൻ ജോഷ്വായും മാത്രം അവിടെ പ്രവേശിക്കും.**

162 നിങ്ങളെ (ഇസ്രായേൽജനത്തെ) പാർപ്പിക്കാമെന്നു ഞാൻ വാഗ്ദാനം ചെയ്ത ദേശത്തു പ്രവേശിക്കുകയില്ല എന്നു കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തത്? **ഉ:** ഇരുപതും അതിലേറെയും വയസ്സുള്ളവരിൽ ഒരാൾപോലും (14,30). (ഇരുപതിൽ കുറവു വയസ്സുള്ളവർ മാത്രം പ്രവേശിക്കുമെന്ന്)

163(ഇരുപതും അതിലേറെയും വയസ്സുള്ളവരിൽ) ആരു മാത്രം പ്രവേശിക്കുമെന്ന്? **ഉ:** (യഫുന്നായുടെ മകൻ) കാലെബും (നൂനിന്റെ മകൻ) ജോഷ്വയും (14,30).

**14,31 എന്നാൽ, ശത്രുക്കൾക്ക് ഇരയാകുമെന്നു നിങ്ങൾ ഭയപ്പെട്ട നിങ്ങളുടെ മക്കളെ ഞാൻ അവിടെ പ്രവേശിപ്പിക്കും. നിങ്ങൾ തിരസ്ക്കരിച്ച ആ ദേശം അവർ അനഭവിക്കും.**

164 ശത്രുക്കൾക്ക് ഇരയാകുമെന്നു ഇസ്രായേൽജനം ഭയപ്പെട്ടത്? **ഉ:** തങ്ങളുടെ മക്കളെ (14,31.

164a ഇസ്രായേൽജനത്തെ പാർപ്പിക്കാമെന്നു കർത്താവു വാഗ്ദാനം ചെയ്ത ദേശത്ത് ആരെ പ്രവേശിപ്പിക്കുമെന്നും അത് ആര് അനുഭവിക്കുമെന്നും കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തു? **ഉ:** ഇസ്രായേൽജനത്തിന്റെ മക്കളെ(14,31.

165 ആ ദേശം അവർ അനുഭവിക്കും (14,31). ഏതു ദേശം? **ഉ:** ഇസ്രായേൽജനം തിരസ്ക്കരിച്ച ആ ദേശം.

**14.32-33 [32]നിങ്ങളുടെ ശവങ്ങൾ ഈ മരുഭൂമിയിൽ വീഴും. [33]നിങ്ങളിൽ അവസാനത്തെ ആൾ ഈ മരുഭൂമിയിൽ വീഴുന്നതുവരെ നിങ്ങളുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് നിങ്ങളുടെ മക്കൾ നാല്പതു വർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും.**

166 സംഖ്യ 14,32-33 അനുസരിച്ച്, ഇസ്രായേൽജനത്തിന്റെ മക്കൾ നാല്പതു വർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിഞ്ഞത് എന്തിന്? **ഉ:** ഇസ്രായേൽജനത്തിന്റെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് (കർ

ത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തത്)

167 നിങ്ങളുടെ ശവങ്ങൾ ഈ മരുഭൂമിയിൽ വീഴും. ഈ വാക്യം സംഖ്യ 14ൽ എത്ര പ്രാവശ്യം? എവിടെ? **ഉ:** 2 പ്രാവശ്യം, വാക്യ 29. 32. (കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്യുന്നത്. നിങ്ങൾ = ഈജിപ്തിൽനിന്നു മരുഭൂമിയിലെത്തിയ ഇസ്രായേൽ ജനം)

**14,34 നാൽപതു ദിവസം നിങ്ങൾ ആ ദേശം രഹസ്യ നിരീക്ഷണം നടത്തി. ഒരു ദിവസത്തിന് ഒരു വർഷം വീതം നാൽപതു വർഷത്തേക്കു നിങ്ങൾ പ്രായശ്ചിത്തം ചെയ്യണം. എന്നോടു കാട്ടിയ അവിശ്വസ്തതയുടെ രൂക്ഷത അങ്ങനെ നിങ്ങൾ അറിയും.**

168 ഇസ്രായേൽജനം മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിഞ്ഞ് ചെയ്യേണ്ട പ്രായശ്ചിത്തം നാല്പതു വർഷമെന്ന വർഷക്കണക്കന് മാനദണ്ഡം? **ഉ:** രഹസ്യനിരീക്ഷണത്തിന്റെ ഒരു ദിവസത്തിന് ഒരു വർഷം വീതം (14,34).
(നാൽപതു ദിവസം രഹസ്യനിരീക്ഷണം > നാല്പതു വർഷം പ്രായശ്ചിത്തം)

169 നാല്പതു വർഷത്തെ പ്രായശ്ചിത്തം കർത്താവ് ഇസ്രായേൽജനത്തിനു നല്കിയത് അവർ എന്ത് അറിയാൻ? **ഉ:** കർത്താവിനോടു അവർ കാട്ടിയ അവിശ്വസ്തതയുടെ രൂക്ഷത അവർ അറിയാൻ (14,34).

**14,35 കർത്താവായ ഞാനാണു പറയുന്നത്: എനിക്കെതിരേ ഒത്തുചേർന്ന ദുഷ്ടന്മാരുടെ ഈ കൂട്ടത്തോടു തീർച്ചയായും ഞാൻ ഇതു ചെയ്യും. അവരിൽ അവസാനത്തെ മനുഷ്യൻവരെ ഈ മരുഭൂമിയിൽ മരിച്ചുവീഴും.**

170 ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു പറഞ്ഞ സമൂഹത്തെ എനിക്കെതിരേ ഒത്തുചേർന്ന എന്തെന്ന് കർത്താവ് മോശയോടും അഹറോനോടും പറഞ്ഞു? **ഉ:** (കർത്താവിനെതിരേ ഒത്തുചേർന്ന) ദുഷ്ടന്മാരുടെ ഈ കൂട്ടം (14,35).

171 കർത്താവിനെതിരേ ഒത്തുചേർന്ന ദുഷ്ടന്മാരുടെ കൂട്ടം? **ഉ:** ജോഷ്വയെയും കാലെബിനെയും കല്ലെറിയണമെന്നു പറഞ്ഞ സമൂഹം (14,35).

**14,36–38 [36–37]ദേശം ഒത്തുനോക്കുവാൻ മോശ അയയ്ക്കുകയും മടങ്ങിവന്നു തെറ്റായ വാർത്ത പ്രചരിപ്പിച്ചു മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കുകയും ചെയ്തവർ മഹാമാരി ബാധിച്ചു കർത്താവിന്റെ മുമ്പിൽ മരിച്ചുവീണു. [38]ഒറ്റുനോക്കുവാൻ പോയവരിൽ നൂനിന്റെ മകനായ ജോഷ്വയും യഫുന്നയുടെ മകനായ കാലെബും മരിച്ചില്ല.**

172 ദേശം ഒത്തുനോക്കുവാൻ മോശ അയച്ചവർ മടങ്ങിവന്നു മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കിയത്? **ഉ:** തെറ്റായ വാർത്ത പ്രപ്രചരിപ്പിച്ച് (14,36–37)

173 ദേശം ഒത്തുനോക്കുവാൻ മോശ അയയ്ക്കുകയും മടങ്ങിവന്നു തെറ്റായ വാർത്ത പ്രചരിപ്പിച്ചു മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കുകയും ചെയ്തവർക്കുണ്ടായ ശിക്ഷ? **ഉ:** മഹാമാരി ബാധിച്ചു കർത്താവിന്റെ മുമ്പിൽ മരിച്ചുവീണു (14,36–37).

174 മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കിയവർ മഹാമാരി ബാധിച്ചു മരിച്ചുവീണത്? **ഉ:** കർത്താവിന്റെ മുമ്പിൽ (14,36–37).

175 ദേശം ഒറ്റുനോക്കുവാൻ പോയവരിൽ ആര് മരിച്ചില്ല? **ഉ:** നൂനിന്റെ മകനായ ജോഷ്വയും യഫുന്നയുടെ മകനായ കാലെബും (14,38).

**14,39 മോശ ഇക്കാര്യം ഇസ്രായേൽജനത്തോടു പറഞ്ഞു. അവർ ഏറെ വിലപിച്ചു.**

176 മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കിയവർ മഹാമാരി ബാധിച്ചു മരിച്ചുവീണ കാര്യം മോശ പറഞ്ഞത്? **ഉ:** ഇസ്രായേൽജനത്തോടു (14,39

177 മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കിയവർ മഹാമാരി ബാധിച്ചു മരിച്ചുവീണ കാര്യം മോശ ഇസ്രായേൽജനത്തോടു പറഞ്ഞപ്പോൾ അവർ ചെയ്തത്? **ഉ:** ഏറെ വിലപിച്ചു (14,39).

**14,40 പിറ്റേന്ന് അതിരാവിലെ എഴുന്നേറ്റ് അവർ മലമുകളിലേക്കു പോകാനൊരുങ്ങി. അവർ പറഞ്ഞു: ഞങ്ങൾ പാപം ചെയ്തുപോയി. എന്നാൽ, കർത്താവു വാഗ്ദാനം ചെയ്ത ദേശത്തേക്കു പോകാൻ ഇപ്പോഴിതാ ഞങ്ങൾ തയ്യാറാണ്.**

178 മോശയ്ക്കെതിരേ ജനം മുഴുവൻ പിറുപിറുക്കാൻ ഇടയാക്കിയവർ മഹാമാരി ബാധിച്ചു മരിച്ചുവീണ കാര്യം മോശ ഇസ്രായേൽജനത്തോടു പറഞ്ഞതിന്റെ പിറ്റേന്ന് അതിരാവിലെ എഴുന്നേറ്റ് അവർ (ഇസ്രായേൽജനം) പോകാനൊരുങ്ങിയത് എവിടേക്ക്? **ഉ:** മലമുകളിലേക്കു (14,40).



179 ഞങ്ങൾ പാപം ചെയ്തുപോയി. പറഞ്ഞത്? **ഉ:** ഇസ്രായേൽജനം (14,40).

180 കർത്താവു വാഗ്ദാനം ചെയ്ത ദേശത്തേക്കു പോകാൻ ഇപ്പോഴിതാ ഞങ്ങൾ തയ്യാറാണ്. പറഞ്ഞത്? **ഉ:** ഇസ്രായേൽജനം (14,40).

181 പോകാൻ ഇപ്പോഴിതാ ഞങ്ങൾ തയ്യാറാണ് എന്ന് ഇസ്രായേൽജനം പറഞ്ഞ ദേശം? **ഉ:** കർത്താവു വാഗ്ദാനം ചെയ്ത ദേശം (14,40).

**14,41–42 [41]അപ്പോൾ മോശ പറഞ്ഞു: നിങ്ങൾ എന്തിനു കർത്താവിന്റെ കല്പന ലംഘിക്കുന്നു? അതൊരിക്കലും വിജയിക്കുകയില്ല.**

182 മോശ പറഞ്ഞു (ഇസ്രായേൽജനത്തോട്): അതൊരിക്കലും വിജയിക്കുകയില്ല. ഏത് വിജയിക്കുകയില്ലെന്ന്? **ഉ:** കർത്താവിന്റെ കല്പന ലംഘിക്കുന്നത് (14,41)

183 സംഖ്യ 14,41ൽ മോശ ഇസ്രായേൽജനത്തോടു പറയുന്ന കർത്താവിന്റെ കല്പനയുടെ ലംഘനം എന്ത്? **ഉ:** മലമുകളിലേക്കു പോകാനൊരുങ്ങിയത്. (14,40).

**14,42–43 [42]ശത്രുക്കളുടെ മുമ്പിൽ തോൽക്കാതിരിക്കാൻ നിങ്ങളിപ്പോൾ മുകളിലേക്കു കയറരുത്. എന്തെന്നാൽ കർത്താവു നിങ്ങളുടെകൂടെയില്ല. [42]അമലേക്യരും കാനാന്യരും നിങ്ങൾക്കെതിരേ നിൽക്കും. നിങ്ങൾ അവരുടെ വീളിനിരയാകും. കർത്താവിനു പുറംതിരിഞ്ഞിരിക്കുന്നതിനാൽ അവിടുന്നു നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല.**

184 നിങ്ങളിപ്പോൾ മുകളിലേക്കു കയറരുത് എന്ന് മോശ ഇസ്രായേൽജനത്തോടു പറഞ്ഞത്? **ഉ:** ശത്രുക്കളുടെ മുമ്പിൽ തോൽക്കാതിരിക്കാൻ (14,42).

185 മോശ (ഇസ്രായേൽജനത്തോടു) പറഞ്ഞു: ശത്രുക്കളുടെ മുമ്പിൽ തോൽക്കാതിരിക്കാൻ നിങ്ങളിപ്പോൾ മുകളിലേക്കു കയറരുത്. എന്തുകൊണ്ട്? **ഉ:** കർത്താവു നിങ്ങളുടെകൂടെയില്ല (14,42).

186 നിങ്ങൾക്കെതിരേ നിൽക്കും; നിങ്ങൾ അവരുടെ വാളിന് ഇരയാകും എന്ന് മോശ ഇസ്രായേൽജനത്തോടു പറഞ്ഞവർ? **ഉ:** അമലേക്യരും കാനാന്യരും (14,33).

187 അവിടുന്നു (കർത്താവ്) നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല എന്ന് മോശ ഇസ്രായേൽജനത്തോടു പറഞ്ഞത്? **ഉ:** (അവർ) കർത്താവിനു പുറംതിരിഞ്ഞിരിക്കുന്നതിനാൽ (14,33).

**14,44 കർത്താവിന്റെ വാഗ്ദാനപേടകമോ മോശയോ പാളയത്തിൽനിന്ന് ഇറങ്ങിച്ചെല്ലാതിരുന്നിട്ടും അവർ ധിക്കാരപൂർവം മലയിലേക്കു കയറി.**

188 പാളയത്തിൽനിന്ന് ഇറങ്ങിച്ചെല്ലാതിരുന്നത്? **ഉ:** കർത്താവിന്റെ വാഗ്ദാനപേടകമോ മോശയോ (14,44).

189 അവർ(ഇസ്രായേൽജനം) ധിക്കാരപൂർവം കയറിയത്? **ഉ:** മലയിലേക്കു 14,44).

**14,45 മലയിൽ പാർത്തിരുന്ന അമലേക്യരും കാനാന്യരും ഇറങ്ങിവന്ന് അവരെ ഹോർമാവരെ തോല്പിച്ചോടിച്ചു.**

190 അമലേക്യരും കാനാന്യരും പാർത്തിരുന്നത്? **ഉ:** മലയിൽ (14,45).

191 മലയിൽ പാർത്തിരുന്ന അമലേക്യരും കാനാന്യരും ഇറങ്ങിവന്ന് അവരെ (ഇസ്രായേൽജനത്ത) തോല്പിച്ചോടിച്ചത് എവിടെ വരെ? **ഉ:** ഹോർമാ വരെ (14,45).

192 സംഖ്യ 14,39–45നു സമാനമായ പഴയനിയമ ഭാഗം? **ഉ:** നിയ 1,41–46.

## അധ്യായം 15 (അധ്യായം 15ൽ41 വാക്യങ്ങൾ)

### കർത്താവിനുള്ള കാഴ്ചകൾ

നേർച്ചയോ സ്വാഭീഷ്ടക്കാഴ്ചയോ തിരുനാളുകളിൽ അർച്ചനയോ

**15,1–4 [1]കർത്താവ് മോശയോട് അരുൾചെയ്തു: [2]ഇസ്രായേൽജനത്തോടു പറയുക, [3]നിങ്ങൾക്ക് അധിവസിക്കാൻ ഞാൻ തരുന്ന ദേശത്തു നേർച്ചയോ സ്വാഭീഷ്ടക്കാഴ്ചയോ നിർദിഷ്ടമായ തിരുനാളുകളിൽ അർച്ചനയോ ആയി, കർത്താവിന്റെ മുമ്പിൽ പരിമളം പരത്തുന്നതിനു കന്നുകാലികളിൽനിന്നോ ആട്ടിൻപറ്റത്തിൽനിന്നോ ദഹനബലിയോ മറ്റു ബലികളോ നിങ്ങൾ അർപ്പിക്കുമ്പോൾ, [4]വഴിപാടു കൊണ്ടുവരുന്ന ആൾ നാലിലൊന്നു ഹിൻ എണ്ണ ചേർത്ത പത്തിലൊന്ന് എഫാ**

**നേരിയ മാവു ധാന്യബലിയായി കൊണ്ടുവരണം.**

193 കന്നുകാലികളിൽനിന്നോ ആട്ടിൻപറ്റത്തിൽനിന്നോ ദഹനബലിയോ മറ്റു ബലികളോ അർപ്പിക്കുന്നത് എന്തിനെന്ന് ബലികളെക്കുറിച്ചു കർത്താവ് മോശയോടു അരുളിച്ചെയ്തു? **ഉ:** കർത്താവിന്റെ മുമ്പിൽ പരിമളം പരത്തുന്നതിനു (15,3).

194 ദഹനബലിയോ മറ്റു ബലികളോ നിങ്ങൾ അർപ്പിക്കുമ്പോൾ, [4]വഴിപാടു കൊണ്ടുവരുന്ന ആൾ എത്ര എണ്ണ ചേർത്ത പത്തിലൊന്ന് എഫാ നേരിയ മാവു ധാന്യബലിയായി കൊണ്ടുവരണമെന്ന് കർത്താവ് മോശയോടു പറഞ്ഞു? **ഉ:** നാലിലൊന്നു ഹിൻ എണ്ണ (15,4).

195 വഴിപാടു കൊണ്ടുവരുന്ന ആൾ നാലിലൊന്നു ഹിൻ എണ്ണ ചേർത്ത എത്ര എഫാ നേരിയ മാവു ധാന്യബലിയായി കൊണ്ടുവരണമെന്ന് കർത്താവ് മോശയോടു അരുളിച്ചെയ്തു? **ഉ:** പത്തിലൊന്ന് എഫാ (15,4).

196 നാലിലൊന്നു ഹിൻ എണ്ണ ചേർത്ത നേരിയ മാവ് ? **ഉ:** ധാന്യബലിക്ക് (15,4)

**15,5 ദഹനബലിയോടും മറ്റു ബലികളോടുമൊപ്പം അർപ്പിക്കേണ്ട ബലിക്ക് ആട്ടിൻകുട്ടി ഒന്നിന് നാലിലൊന്നു ഹിൻ വീഞ്ഞു വീതം തയ്യാറാക്കണം.**

197 ദഹനബലിയോടും മറ്റു ബലികളോടുമൊപ്പം അർപ്പിക്കേണ്ട ബലിക്ക് ആട്ടിൻകുട്ടി ഒന്നിന് തയ്യാറാക്കേണ്ട വീഞ്ഞ്? **ഉ:** നാലിലൊന്നു ഹിൻ (115,5).

198 ദഹനബലിയോടും മറ്റു ബലികളോടുമൊപ്പം അർപ്പിക്കേണ്ട ബലിക്ക് നാലിലൊന്നു ഹിൻ വീഞ്ഞു വീതം തയ്യാറാക്കേണ്ടത്? **ഉ:** ആട്ടിൻകുട്ടി ഒന്നിന് (15,5).

**15,6 മുട്ടാടാണെങ്കിൽ പത്തിൽ രണ്ട് എഫാ നേരിയ മാവിൽ മൂന്നിലൊന്നു ഹിൻ എണ്ണ ചേർത്തു ധാന്യബലി തയ്യാറാക്കണം.**

199 ദഹനബലിയോടും മറ്റു ബലികളോടുമൊപ്പം അർപ്പിക്കേണ്ട ബലിക്ക് മുട്ടാടാണെങ്കിൽ എത്ര എഫാ നേരിയ മാവിൽ മൂന്നിലൊന്നു ഹിൻ എണ്ണ ചേർത്തു ധാന്യബലി തയ്യാറാക്കണം? **ഉ:** പത്തിൽ രണ്ട് (15,6).

200 ദഹനബലിയോടും മറ്റു ബലികളോടുമൊപ്പം അർപ്പിക്കേണ്ട ബലിക്ക് പത്തിൽ രണ്ട് എഫാ നേരിയ മാവിൽ മൂന്നിലൊന്നു ഹിൻ എണ്ണ ചേർത്തു ധാന്യബലി തയ്യാറാക്കേണ്ട ബലി? **ഉ:** മുട്ടാടിന്റെ ബലി (15,6).

**15,7 പാനീയബലിക്കു മൂന്നിലൊന്നു ഹിൻ വീഞ്ഞ് സൗരഭ്യമായി കർത്താവിന് അർപ്പിക്കണം.** 201 പാനീയബലിക്കു സൗരഭ്യമായി കർത്താവിന് അർപ്പിക്കേണ്ട വീഞ്ഞ്? **ഉ:** മൂന്നിലൊന്നു ഹിൻ (15,7).

201 പാനീയബലിക്കു മൂന്നിലൊന്നു ഹിൻ വീഞ്ഞ് കർത്താവിന് അർപ്പിക്കേണ്ടത്? **ഉ:** സൗരഭ്യമായി (15,7).

നേർച്ചയോ സമാധാനബലിയോ

**15,8–10 [8]കർത്താവിനു നേർച്ചയോ സമാധാനബലിയോ സമർപ്പിക്കാനായി ഒരു കാളയെ ദഹനബലിയോ മറ്റു ബലിയോ ആയി ഒരുക്കുമ്പോൾ [9]അര ഹിൻ എണ്ണ ചേർത്ത, പത്തിൽ മൂന്ന് എഫാ നേരിയ മാവു ധാന്യബലിയായി അർപ്പിക്കണം. [10]ദഹനബലിയോടൊപ്പം കർത്താവിന്റെ മുമ്പിൽ പരിമളം പരത്താനായി അര ഹിൻ വീഞ്ഞു പാനീയബലിയായും അർപ്പിക്കണം.**

202 കർത്താവിനു നേർച്ചയോ സമാധാനബലിയോ സമർപ്പിക്കാനായി ഒരു കാളയെ ദഹനബലിയോ മറ്റു ബലിയോ ആയി ഒരുക്കുമ്പോൾ [9]ധാന്യബലിയായി അർപ്പിക്കേണ്ട നേരിയ മാവ്? **ഉ:** പത്തിൽ മൂന്ന് എഫാ (15,9).

203 കർത്താവിനു നേർച്ചയോ സമാധാനബലിയോ സമർപ്പിക്കാനായി ഒരു കാളയെ ദഹനബലിയോ മറ്റു ബലിയോ ആയി ഒരുക്കുമ്പോൾ അർപ്പിക്കേണ്ട പത്തിൽ മൂന്ന് എഫാ നേരിയ മാവിനു ചേർക്കേണ്ട എണ്ണ? **ഉ:** അര ഹിൻ (15,9).

204 നേർച്ചയായോ സമാധാനബലിയായോ കാളയുടെ ദഹനബലിയോടൊപ്പം കർത്താവിന്റെ മുമ്പിൽ പരിമളം പരത്താനായി പാനീയബലിയായി അർപ്പിക്കേണ്ടത്? **ഉ:** അര ഹിൻ വീഞ്ഞു (15,10). (വീഞ്ഞ് പാനീയബലിയായി)

205 നേർച്ചയായോ സമാധാനബലിയായോ കാളയുടെ ദഹനബലിയോടൊപ്പം പാനീയബലിയായി അര ഹിൻ വീഞ്ഞു അർപ്പിക്കുന്നത്? **ഉ:** കർത്താവിന്റെ മുമ്പിൽ പരിമളം പരത്താനായി (15,10).



**15,11 കാളക്കുട്ടി, മുട്ടാട്, ആട്ടിൻകുട്ടി, കോലാട്ടിൻകുട്ടി ഇവയിലേതായാലും ഇപ്രകാരം തന്നെ ചെയ്യണം.** (=കാളയെ അർപ്പിക്കുമ്പോൾ ചെയ്യുന്നതുപോലെതന്നെ)

206 കർത്താവിനു നേർച്ചയായോ സമാധാനബലിയായോ ദഹനബലിയോ മറ്റു ബലിയോ ആയി ഒരുക്കുമ്പോൾ ധാന്യബലിയായി അര ഹിൻ എണ്ണ ചേർത്ത പത്തിൽ മൂന്ന് എഫാ നേരിയ മാവും, ദഹനബലിയോടൊപ്പം കർത്താവിന്റെ മുമ്പിൽ പരിമളം പരത്താനായി അര ഹിൻ വീഞ്ഞു പാനീയബലിയായും അർപ്പിക്കണ്ടത് ഏതെല്ലാം മൃഗങ്ങളെ അർപ്പിക്കുമ്പോൾ? **ഉ:** കാള, കാളക്കുട്ടി, മുട്ടാട്, ആട്ടിൻകുട്ടി, കോലാട്ടിൻകുട്ടി (15,10–11).

**15,12 അർപ്പിക്കുന്ന ബലിമൃഗങ്ങളുടെ എണ്ണമനുസരിച്ച് ഓരോന്നിനും ഇങ്ങനെ ചെയ്യണം.**

(15,1–11ൽ നല്കിയിട്ടുള്ളത് ഓരോ ബലിമൃഗത്തിന്റെ ബലിയർപ്പണവിധികളാണ്. ഒന്നിൽ കൂടുതൽ ബലിമൃഗങ്ങളുണ്ടെങ്കിൽ ഓരോന്നിനും 15,1–11ൽ നല്കിയിട്ടുള്ള വിധികൾ അനുഷ്ഠിക്കണം).

**15,13 സ്വദേശികൾ കർത്താവിനു സുഗന്ധവാഹിയായ ദഹനബലി അർപ്പിക്കുമ്പോൾ ഇങ്ങനെതന്നെ അനുഷ്ഠിക്കണം.**

**15,14 തത്കാലത്തേക്കു നിങ്ങളുടെകൂടെ താമസിക്കുന്ന പരദേശിയോ നിങ്ങളുടെ ഇടയിൽ സ്ഥിരതാമസമാക്കിയ ഒരുവനോ കർത്താവിനു സുഗന്ധവാഹിയായ ദഹനബലി അർപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ ചെയ്യുന്നതുപോലെ അവനും ചെയ്യണം.**

15,13–14ൽ പറയുന്നത്, കർത്താവിനു സുഗന്ധവാഹിയായ ദഹനബലി അർപ്പിക്കുമ്പോൾ ഇസ്രായേൽജനം അനുഷ്ഠിക്കേണ്ട വിധികൾതന്നെ കാനാൻദേശത്തെ സ്വദേശികളും (വാക്യം 13), ഇസ്രായേൽജനത്തിന്റെകൂടെ തത്കാലത്തേക്കു താമസിക്കുന്ന പരദേശികളും സ്ഥിരതാമസമാക്കിയ പരദേശികളും (15,14) പാലിക്കണം എന്നാണ്. ഇക്കാര്യം ഒന്നുകൂടെ ഉറപ്പിച്ച് കാരണംകൂടി പറയുകയാണ് വാക്യ. 15–16ൽ.

**15,15–16 [15]സമൂഹത്തിനു മുഴുവൻ, നിങ്ങൾക്കും നിങ്ങളോടുകൂടെ വസിക്കുന്ന പരദേശികൾക്കും എക്കാലവും ഒരേ നിയമം ആയിരിക്കും. നിങ്ങളും പരദേശികളും കർത്താവിന്റെ മുമ്പിൽ ഒന്നുപോലെതന്നെ. [16]നിങ്ങൾക്കും നിങ്ങളോടുകൂടെ വസിക്കുന്ന പരദേശികൾക്കും ഒരേ നിയമവും ചട്ടവുമായിരിക്കണം.** – ഇത് കർത്താവിനു നേർച്ചയായോ സമാധാനബലിയായോ ദഹനബലിയോ മറ്റു ബലിയോ അർപ്പിക്കുമ്പോൾ പാലിക്കേണ്ട നിഷ്ഠയാണ്.

207 സംഖ്യ 15,15ൽ സമൂഹം എന്ന വാക്ക് സൂചിപ്പിക്കുന്നത്? **ഉ:** ഇസ്രായേൽജനവും അവരോടുകൂടെ വസിക്കുന്ന പരദേശികളും.

208 സമൂഹത്തിനു മുഴുവൻ എക്കാലവും ഒരേ നിയമം ആയിരിക്കും. നിങ്ങൾക്കും നിങ്ങളോടുകൂടെ വസിക്കുന്ന പരദേശികൾക്കും ഒരേ നിയമവും ചട്ടവുമായിരിക്കണം (15,15–16). കർത്താവ് മോശയോട് അരുളിച്ചെയ്ത കാരണം? **ഉ:** നിങ്ങളും പരദേശികളും കർത്താവിന്റെ മുമ്പിൽ ഒന്നുപോലെതന്നെ (15,15).

209 പൂരിപ്പിക്കുക: നിങ്ങൾക്കും നിങ്ങളോടുകൂടെ വസിക്കുന്ന പരദേശികൾക്കും ഒരേ .......... ആയിരിക്കണം (സംഖ്യ 15,16). **ഉ:** നിയമവും ചട്ടവും.

**15,17–21 [17]കർത്താവ് മോശയോട് അരുളിച്ചെയ്തു: [18]ഇസ്രായേൽജനത്തോടു പറയുക: ഞാൻ കൊണ്ടുപോകുന്ന നാട്ടിൽ എത്തിക്കഴിഞ്ഞ് [19]അവിടെനിന്ന് ആഹാരം കഴിക്കുമ്പോൾ നിങ്ങൾ കർത്താവിനു കാഴ്ചയർപ്പിക്കണം. [20]ആദ്യം കുഴയ്ക്കുന്ന മാവുകൊണ്ട് ഒരപ്പം ഉണ്ടാക്കി കർത്താവിനു കാഴ്ചയായി സമർപ്പിക്കണം. മെതിക്കളത്തിൽനിന്നുള്ള സമർപ്പണംപോലെ അതു നീരാജനം ചെയ്യണം. [21]ആദ്യം കുഴയ്ക്കുന്ന മാവിൽനിന്നു തലമുറതോറും നിങ്ങൾ കർത്താവിനു കാഴ്ച സമർപ്പിക്കണം.**

210 ഞാൻ കൊണ്ടുപോകുന്ന നാട്ടിൽ എത്തിക്കഴിഞ്ഞ് [19]അവിടെനിന്ന് ആഹാരം കഴിക്കുമ്പോൾ നിങ്ങൾ കർത്താവിനു എന്ത് അർപ്പിക്കണമെന്ന് ഇസ്രായേൽജനത്തോടു പറയാൻ കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** കാഴ്ച (15,17–19).

211 കർത്താവ് കൊണ്ടുപോകുന്ന നാട്ടിൽ എത്തിക്കഴിഞ്ഞ് [19]അവിടെനിന്ന് ആഹാരം

കഴിക്കുമ്പോൾ ഇസ്രായേൽജനം കർത്താവിനു അർപ്പിക്കേണ്ട കാഴ്ച? **ഉ:** ആദ്യം കുഴയ്ക്കുന്ന മാവുകൊണ്ട് ഒരപ്പം (15,17-19).

212 മെതിക്കളത്തിൽനിന്നുള്ള സമർപ്പണംപോലെ അത് എന്തു ചെയ്യണം? **ഉ:** നീരാജനം ചെയ്യണം (15,19).

213 കർത്താവ് കൊണ്ടുപോകുന്ന നാട്ടിൽ എത്തിക്കഴിഞ്ഞ് അവിടെനിന്ന് ആഹാരം കഴിക്കുമ്പോൾ ഇസ്രായേൽജനം ആദ്യം കുഴയ്ക്കുന്ന മാവുകൊണ്ട് ഒരപ്പം ഉണ്ടാക്കി കർത്താവിനു സമർപ്പിക്കുന്ന കാഴ്ച എവിടെനിന്നുള്ള സമർപ്പണംപോലെ നീരാജനം ചെയ്യണം? **ഉ:** മെതിക്കളത്തിൽനിന്നുള്ള (15,19).

214 ആദ്യം കുഴയ്ക്കുന്ന മാവിൽനിന്ന് ഇസ്രായേൽജനം കർത്താവിനു കാഴ്ച സമർപ്പിക്കേണ്ടത് എന്നുവരെ? **ഉ:** തലമുറതോറും (15,21).

**15,22-24 [22]കർത്താവ് മോശവഴി നല്കിയ കല്പനയ്ക്കെതിരായി അന്നുമുതൽ [23]നിങ്ങളും നിങ്ങളുടെ സന്താനങ്ങളും [24]സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ തെറ്റു ചെയ്യാൻ ഇടയായാൽ, സമൂഹം മുഴുവനുംകൂടി ഒരു കാളക്കുട്ടിയെ കർത്താവിനു സുഗന്ധവാഹിയായ ദഹനബലിയായി അർപ്പിക്കണം. അതോടൊപ്പം വിധിപ്രകാരം ധാന്യബലിയും പാനീയബലിയും അർപ്പിക്കണം. പാപപരിഹാരബലിയായി ഒരു മുട്ടാടിനെയും അർപ്പിക്കണം.**

215 കർത്താവ് മോശവഴി നല്കിയ കല്പനയ്ക്കെതിരായി അന്നുമുതൽ [23]നിങ്ങളും നിങ്ങളുടെ സന്താനങ്ങളും [24]സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ തെറ്റു ചെയ്യാൻ ഇടയായാൽ, ആര് ഒരു കാളക്കുട്ടിയെ കർത്താവിനു സുഗന്ധവാഹിയായ ദഹനബലിയായി അർപ്പിക്കണം **ഉ:** സമൂഹം മുഴുവനുംകൂടി (15,24).

216 കർത്താവ് മോശവഴി നല്കിയ കല്പനയ്ക്കെതിരായി അന്നുമുതൽ [23]നിങ്ങളും നിങ്ങളുടെ സന്താനങ്ങളും [24]സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ തെറ്റു ചെയ്യാൻ ഇടയായാൽ, സമൂഹം മുഴുവനുംകൂടി ഒരു കാളക്കുട്ടിയോടൊപ്പം കർത്താവിനു സുഗന്ധവാഹിയായ ദഹനബലിയായി അർപ്പിക്കേണ്ടത്? **ഉ:**ധാന്യബലിയും പാനീയബലിയും പാപപരിഹാരബലിയായി ഒരു മുട്ടാടിനെയും (15,24). (സമൂഹം മുഴുവനുംകൂടി അർപ്പിക്കേണ്ടത്: ഒരു കാളക്കുട്ടിയെ, ധാന്യബലി, പാനീയബലി, പാപപരിഹാരബലിയായി ഒരു മുട്ടാടിനെയും).

217 സംഖ്യ 15,22-24 ഏതു തെറ്റിനുള്ള പരിഹാരബലികളെക്കുറിച്ച്? **ഉ:** കർത്താവ് മോശവഴി നല്കിയ കല്പനയ്ക്കെതിരായി, കർത്താവ് ഇസ്രായേൽജനത്തെ കൊണ്ടുപോകുന്ന നാട്ടിൽ (കാനാൻനാട്ടിൽ) എത്തുന്നന്നുമുതൽ [23]ഇസ്രായേൽക്കാരും അവരുടെ സന്താനങ്ങളും [24]സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ ചെയ്യാൻ ഇടയായാകുന്ന തെറ്റിന്.

218 സംഖ്യ 15,22നു സമാനമായ വേദഭാഗം? **ഉ:** ലേവ്യ 4,13-21

**15,25-26 [25]പുരോഹിതൻ ഇസ്രായേൽസമൂഹം മുഴുവനുംവേണ്ടി പരിഹാരം ചെയ്യണം. അപ്പോൾ അവർക്കു മോചനം ലഭിക്കും. കാരണം, അബദ്ധത്തിൽ പിണഞ്ഞ തെറ്റാണത്. അതിന് അവർ കർത്താവിനു ദഹനബലിയും പാപപരിഹാരബലിയും സമർപ്പിച്ചു. [26]ഇസ്രായേൽസമൂഹത്തിനും അവരുടെ ഇടയിലെ വിദേശികൾക്കും മോചനം ലഭിക്കും; ജനങ്ങളെല്ലാം തെറ്റിൽ ആയിരുന്നല്ലോ.**

219 സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ ചെയ്യാൻ ഇടയായ തെറ്റിന് ഇസ്രായേൽസമൂഹം മുഴുവനുംവേണ്ടി പരിഹാരം ചെയ്യേണ്ടത്? **ഉ:** പുരോഹിതൻ (15,25).

220 സമൂഹത്തിന്റെ ശ്രദ്ധയിൽ പെടാതെ അബദ്ധവശാൽ ചെയ്യാൻ ഇടയായ തെറ്റിന് പുരോഹിതൻ ഇസ്രായേൽസമൂഹം മുഴുവനുംവേണ്ടി പരിഹാരം ചെയ്യുമ്പോൾ അവർക്കു മോചനം ലഭിക്കും. കാരണം? **ഉ:** അബദ്ധത്തിൽ പിണഞ്ഞ തെറ്റാണത്. അതിന് അവർ കർത്താവിനു ദഹനബലിയും പാപപരിഹാരബലിയും സമർപ്പിച്ചു (15,25).

221 അബദ്ധത്തിൽ പിണഞ്ഞ തെറ്റിന് അവർ കർത്താവിനു ദഹനബലിയും പാപപരിഹാരബലിയും സമർപ്പിച്ചതിനാൽ മോചനം ലഭിക്കുന്നത്? **ഉ:** ഇസ്രായേൽസമൂഹത്തിനും അവരുടെ ഇടയിലെ വിദേശികൾക്കും (15,26).



222 അബദ്ധത്തിൽ പിണഞ്ഞ തെറ്റിന് അവർ കർത്താവിനു ദഹനബലിയും പാപപരിഹാരബലിയും സമർപ്പിച്ചതിനാൽ ഇസ്രായേൽസമൂഹത്തിനും അവരുടെ ഇടയിലെ വിദേശികൾക്കും മോചനം ലഭിക്കും. എന്തുകൊണ്ട്? **ഉ:** ജനങ്ങളെല്ലാം തെറ്റിൽ ആയിരുന്നല്ലോ (15,26).

**15,27ഒരാൾ അറിയാതെ തെറ്റു ചെയ്തുപോയാൽ അവൻ പാപപരിഹാരബലിയായി ഒരു വയസ്സുള്ള പെണ്ണാടിനെ കാഴ്ചവയ്ക്കണം.**

223 ഒരാൾ അറിയാതെ തെറ്റു ചെയ്തുപോയാൽ അവൻ പാപപരിഹാരബലിയായി കാഴ്ചവയ്ക്കേണ്ടത്? **ഉ:** ഒരു വയസ്സുള്ള പെണ്ണാടിനെ (15,27).

**15,28 മനഃപൂർവമല്ലാത്ത തെറ്റിനു പുരോഹിതൻ കർത്തൃസന്നിധിയിൽ പരിഹാരമനുഷ്ഠിക്കട്ടെ. അവനു മോചനം ലഭിക്കും.**

224 (ഒരാളുടെ) മനഃപൂർവമല്ലാത്ത തെറ്റിനു കർത്തൃസന്നിധിയിൽ പരിഹാരമനുഷ്ഠിക്കട്ടെ **ഉ:** പുരോഹിതൻ (15,28).

225 (ഒരാളുടെ) മനഃപൂർവമല്ലാത്ത തെറ്റിനു പുരോഹിതൻ എവിടെ പരിഹാരമനുഷ്ഠിക്കട്ടെ? **ഉ:** കർത്തൃസന്നിധിയിൽ (15,28).

226 സംഖ്യ 15,27-28നു സമാനമായ വേദഭാഗം? **ഉ:** ലേവ്യ 4,27-31.

**15,29അറിയാതെ ചെയ്യുന്ന തെറ്റിന് ഇസ്രായേൽക്കാരനും അവരുടെയിടയിൽ വസിക്കുന്ന വിദേശിക്കും ഒരേ നിയമംതന്നെയാണ്.**

227 അറിയാതെ ചെയ്യുന്ന തെറ്റിന് ഒരേ നിയമംതന്നെ ആർക്ക്? **ഉ:** ഇസ്രായേൽക്കാരനും അവരുടെയിടയിൽ വസിക്കുന്ന വിദേശിക്കും (15,29).

**15,30-31 [30]കരുതിക്കൂട്ടി തെറ്റു ചെയ്യുന്ന സ്വദേശിയും വിദേശിയും കർത്താവിനെ അധിക്ഷേപിക്കുന്നു. അവരെ ജനത്തിൽനിന്നു വിച്ഛേദിക്കണം. [31]അവൻ കർത്താവിന്റെ വചനത്തെ നിന്ദിക്കുകയും അവിടുത്തെ കൽപന ലംഘിക്കുകയും ചെയ്തതുകൊണ്ട് അവനെ തീർത്തും പുറന്തള്ളണം. സ്വന്തം അകൃത്യത്തിന്റെ ഫലം അവൻ അനുഭവിക്കണം.**

228 കരുതിക്കൂട്ടി തെറ്റു ചെയ്യുന്ന സ്വദേശിയും വിദേശിയും അധിക്ഷേപിക്കുന്നത്? **ഉ:** കർത്താവിനെ

229 കരുതിക്കൂട്ടി തെറ്റു ചെയ്ത് കർത്താവിനെ അധിക്ഷേപിക്കുന്ന സ്വദേശിക്കും വിദേശിക്കുമുള്ള ശിക്ഷ? **ഉ:** അവരെ ജനത്തിൽനിന്നു വിച്ഛേദിക്കണം (15,30).

230 കരുതിക്കൂട്ടി തെറ്റു ചെയ്യുന്ന സ്വദേശിയും വിദേശിയും നിന്ദിക്കുന്നത്? കർത്താവിന്റെ വചനത്തെ (15,31).

231 കരുതിക്കൂട്ടി തെറ്റു ചെയ്യുന്ന സ്വദേശിയും വിദേശിയും ലംഘിക്കുന്നത്? **ഉ:** കർത്താവിന്റെ കൽപന (15,31).

232 കരുതിക്കൂട്ടി തെറ്റു ചെയ്ത് കർത്താവിന്റെ വചനത്തെ നിന്ദിക്കുകയും അവിടുത്തെ കൽപന ലംഘിക്കുകയും ചെയ്യുന്ന സ്വദേശിയെയും വിദേശിയെയും - തീർത്തും പുറന്തള്ളണം (15,31).

233 കരുതിക്കൂട്ടി തെറ്റു ചെയ്യുന്ന സ്വദേശിയെയും വിദേശിയെയും എന്തുകൊണ്ട് തീർത്തും പുറന്തള്ളണം? **ഉ:** കർത്താവിന്റെ വചനത്തെ നിന്ദിക്കുകയും അവിടുത്തെ കൽപന ലംഘിക്കുകയും ചെയ്തതുകൊണ്ട് (15,31).

234 അവൻ അനുഭവിക്കുന്നത്? **ഉ:** സ്വന്തം അകൃത്യത്തിന്റെ ഫലം (15,31).

സാബത്തുലംഘനം

**15,32-36 [32]ഇസ്രായേൽജനം മരുഭൂമിയിൽ കഴിഞ്ഞിരുന്ന കാലത്ത് ഒരാൾ സാബത്തുനാളിൽ വിറകു ശേഖരിച്ചു. [33]അതു കണ്ടവർ അവനെ സമൂഹത്തിന്റെ മുമ്പിൽ മോശയുടെയും അഹറോന്റെയും അടുത്തു കൊണ്ടുവന്നു. [34]എന്തു ചെയ്യണമെന്നു വ്യക്തമാകാതിരുന്നതുമൂലം അവർ അവനെ തടവിൽ വച്ചു. [35]അപ്പോൾ കർത്താവു മോശയോട് അരുളിച്ചെയ്തു: ആ മനുഷ്യൻ വധിക്കപ്പെടണം. പാളയത്തിനു പുറത്തുവച്ച് ജനം ഒന്നുചേർന്ന് അവനെ കല്ലെറിയട്ടെ. [36]കർത്താവു കല്പിച്ചതുപോലെ ജനം പാളയത്തിനു വെളിയിൽവച്ച് അവനെ കല്ലെറിഞ്ഞു കൊന്നു.**

235 ഇസ്രായേൽജനം മരുഭൂമിയിൽ കഴിഞ്ഞിരുന്ന കാലത്ത് ഒരാൾ സാബത്തുനാളിൽ വിറകു ശേഖരിച്ചു. [33]അതു കണ്ടവർ അവനെ കൊണ്ടുവന്നത്? **ഉ:** സമൂഹത്തി

ന്റെ മുമ്പിൽ മോശയുടെയും അഹറോന്റെയും അടുത്ത് (15,32-33).

236 എന്തു ചെയ്യണമെന്നു വ്യക്തമാകാതിരുന്നതുമൂലം അവർ അവനെ തടവിൽ വച്ചു. [35]അപ്പോൾ, ആ മനുഷ്യൻ വധിക്കപ്പെടണം. പാളയത്തിനു പുറത്തുവച്ച് ജനം ഒന്നുചേർന്ന് അവനെ കല്ലെറിയട്ടെ. എന്ന് അരുളിച്ചെയ്തത്? **ഉ:** കർത്താവു മോശയോട് (15,35).

237 കർത്താവു കല്പിച്ചതുപോലെ ജനം അവനെ കല്ലെറിഞ്ഞു കൊന്നത്? **ഉ:** പാളയത്തിനു വെളിയിൽവച്ച് (15,36).

**15,37-40 [37]കർത്താവ് മോശയോട് അരുളിച്ചെയ്തു: [38]ദഎക്കാലവും തങ്ങളുടെ വസ്ത്രങ്ങളുടെ വിളുമ്പുകളിൽ തൊങ്ങലുകൾ പിടിപ്പിക്കാനും തൊങ്ങലുകളിൽ നീല നാടകൾ കെട്ടാനും ഇസ്രായേല്യരോടു കൽപിക്കുക. [39]ഹൃദയത്തിന്റെയും കണ്ണുകളുടെയും ചായ്‌വനുസരിച്ചു യഥേഷ്ടം ചരിക്കാനുള്ള നിങ്ങളുടെ പ്രവണതയെ പിഞ്ചെല്ലാതെ കർത്താവിന്റെ കൽപനകളെല്ലാം ഓർത്തു പാലിക്കുന്നതിന് ഈ തൊങ്ങലുകൾ അടയാളമായിരിക്കും. [40]അങ്ങനെ നിങ്ങൾ എന്റെ കൽപനകൾ ഓർത്ത് അനുഷ്ഠിക്കുകയും നിങ്ങളുടെ ദൈവത്തിന്റെ മുമ്പിൽ വിശുദ്ധരായിരിക്കുകയും വേണം.**

238 വസ്ത്രങ്ങളുടെ വിളുമ്പുകളിൽ തൊങ്ങലുകൾ പിടിപ്പിക്കാനും തൊങ്ങലുകളിൽ നീല നാടകൾ കെട്ടാനും കർത്താവ് മോശയോടു അരുളിച്ചെയ്തത് അവ എന്തിന് അടയാളമായിരിക്കാൻ? **ഉ:** ഹൃദയത്തിന്റെയും കണ്ണുകളുടെയും ചായ്‌വനുസരിച്ചു യഥേഷ്ടം ചരിക്കാനുള്ള നിങ്ങളുടെ (ഇസ്രായേൽജനത്തിന്റെ) പ്രവണതയെ പിഞ്ചെല്ലാതെ കർത്താവിന്റെ കൽപനകളെല്ലാം ഓർത്തു പാലിക്കുന്നതിന് (15,39). (ചുരുക്കത്തിൽ: കർത്താവിന്റെ കൽപനകളെല്ലാം ഓർത്തു പാലിക്കുന്നതിന്)

239 ഇസ്രായേൽജനത്തിന്റെ വസ്ത്രങ്ങളുടെ വിളുമ്പുകളിൽ തൊങ്ങലുകളുടെയും അവയിലെ നീല നാടകളുടെയും ഉദ്ദേശ്യം? **ഉ:** കർത്താവിന്റെ കൽപനകൾ ഓർത്ത് അനുഷ്ഠിക്കുകയും നിങ്ങളുടെ ദൈവത്തിന്റെ മുമ്പിൽ വിശുദ്ധരായിരിക്കുകയും വേണമെന്ന് ഓർമിപ്പിക്കുക (15,40).

240 സംഖ്യ 15,38-40നു സമാനമായ വേദഭാഗം? **ഉ:** നിയ 22,12.

**15,41നിങ്ങളുടെ ദൈവമായിരിക്കേണ്ടതിനു നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന നിങ്ങളുടെ ദൈവമായ കർത്താവാണു ഞാൻ**

241 ഇസ്രായേൽജനത്തെ താൻ ഈജിപ്തിൽനിന്നു കൊണ്ടുവന്നത് എന്തിനെന്ന് പാരാൻ മരുഭൂമിയിലെ കാദെഷിൽവച്ചു കർത്താവ് മോശയോടു അരുളിച്ചെയ്തു? **ഉ:** നിങ്ങളുടെ ദൈവമായിരിക്കേണ്ടതിനു (15,41).

## അധ്യായം 16 (അധ്യായം 16ൽ 50 വാക്യങ്ങൾ)

**16,1-2 [1]ലേവിയുടെ മകനായ കൊഹാത്തിന്റെ മകൻ ഇസ്ഹാറിന്റെ മകൻ കോറഹും, റൂബൻഗോത്രത്തിലെ ഏലിയാബിന്റെ പുത്രന്മാരായ ദാത്താൻ, അബീറാം എന്നിവരും പെലെത്തിന്റെ മകൻ ഓനും, [2]ഇസ്രായേൽസമൂഹത്തിലെ നേതാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും പ്രസിദ്ധരായ ഇരുനൂറ്റമ്പതു പേരും മോശയെ എതിർത്തു.**

242 മോശയെ എതിർത്തവർ? **ഉ:** കോറഹ്, ദാത്താൻ, അബീറാം, ഓൻ, ഇസ്രായേൽ സമൂഹത്തിലെ നേതാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും പ്രസിദ്ധരായ ഇരുനൂറ്റമ്പതു പേരും (16,1-2).

243 കോറഹ് ആരുടെ മകൻ (കോറഹിന്റെ പിതാവ്)? **ഉ:** ഇസ്ഹാറിന്റെ/ർ (15,1).

244 ഇസ്ഹാറിന്റെ പിതാവ്? **ഉ:** കൊഹാത്ത് (15,1).

245 കൊഹാത്ത് ആരുടെ മകൻ? **ഉ:** ലേവിയുടെ ശ്(16,1).

246 കോറഹിന്റെ ഗോത്രപിതാവ്? **ഉ:** ലേവി (16,1).

247 ദാത്താൻ ആരുടെ പുത്രൻ? **ഉ:** ഏലിയാബിന്റെ (16,1). (റൂബൻഗോത്രക്കാർ)

248 അബീറാം ആരുടെ പുത്രൻ? **ഉ:** ഏലിയാബിന്റെ (16,1).

249 മോശയെ എതിർത്ത സഹോദരന്മാർ? **ഉ:** ഏലിയാബിന്റെ പുത്രന്മാരായ ദാത്താൻ, അബീറാം (16,1).

250 ഏലിയാബിന്റെ ഗോത്രം? **ഉ:** റൂബന്റെ (16,1).

251 ദാത്താന്റെയും അബീറാമിന്റെയും ഗോത്രപിതാവ്? **ഉ:** റൂബൻ (16,1).



252 ഓൻ ആരുടെ മകൻ? **ഉ:** പെലെത്തിന്റെ (16,1). (ഓൻന്റെ പിതാവ്? പെലെത്ത്

253 മോശയെ എതിർത്തവരുടെ കൂട്ടത്തിൽ ഏതു ഗോത്രപിതാക്കന്മാരുടെ മക്കൾ? **ഉ:** ലേവി, റൂബൻ (16,1).

254 മോശയെ എതിർത്ത പ്രസിദ്ധരായവർ എത്രപേർ? **ഉ:** ഇരുനൂറ്റമ്പതു (16,2).

**16,3 അവർ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂടി പറഞ്ഞു: നിങ്ങൾ അതിരുവിട്ടുപോകുന്നു. സമൂഹം, ഒന്നൊഴിയാതെ എല്ലാവരും, വിശുദ്ധരാണ്. കർത്താവ് അവരുടെ മദ്ധ്യേ ഉണ്ട്. പിന്നെന്തിനു നിങ്ങൾ കർത്താവിന്റെ ജനത്തിനുമീതേ നേതാക്കന്മാരായി ചമയുന്നു?**

255 മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂടി പറഞ്ഞവർ? **ഉ:** മോശയെ എതിർത്തവർ (16,3).

256 സമൂഹം, ഒന്നൊഴിയാതെ എല്ലാവരും, വിശുദ്ധരാണ് എന്നു പറഞ്ഞവർ? **ഉ:** മോശയെ എതിർത്തവർ (16,3).

**16,4-7 [4]ഇതു കേട്ടപ്പോൾ മോശ കമഴ്ന്നു വീണു: [5]അവൻ കോറഹിനോടും അനുചരന്മാരോടും പറഞ്ഞു: തനിക്കുള്ളവനാരെന്നും വിശുദ്ധനാരെന്നും നാളെ പ്രഭാതത്തിൽ കർത്താവു വെളിപ്പെടുത്തും. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അടുത്തു വരാൻ അവിടുന്ന് അനുവദിക്കും. [6-7]നാളെ കോറഹും അനുചരന്മാരും കർത്താവിന്റെ മുമ്പിൽ ധൂപകലശമെടുത്ത് അതിലെ തീയിൽ കുന്തുരുക്കമിടട്ടെ. കർത്താവു തിരഞ്ഞെടുക്കുന്നവനായിരിക്കും വിശുദ്ധൻ. ലേവിപുത്രന്മാരേ, നിങ്ങളുടെ പ്രവൃത്തി വളരെ കടന്നുപോയി.** (16,5-7ലേത് മോശ കോറഹിനോടും അനുചരന്മാരോടും പറഞ്ഞവയാണ്).

257 പാരാൻ മരുഭൂമിയിൽ മോശ കമഴ്ന്നു വീണത് എപ്പോൾ? **ഉ:** മോശയെ എതിർത്തവർ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂടി പറഞ്ഞപ്പോൾ (16,4).

258 തനിക്കുള്ളവനാരെന്നും വിശുദ്ധനാരെന്നും നാളെ പ്രഭാതത്തിൽ കർത്താവു വെളിപ്പെടുത്തും. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ അടുത്തു വരാൻ അവിടുന്ന് അനുവദിക്കും എന്നു മോശ പറഞ്ഞത്? **ഉ:** കോറഹിനോടും അനുചരന്മാരോടും (16,4).

259 നാളെ പ്രഭാതത്തിൽ കർത്താവു വെളിപ്പെടുത്തും എന്ന് കോറഹിനോടും അനുചരന്മാരോടും മോശ പറഞ്ഞതെന്ത്? **ഉ:** തനിക്കുള്ളവനാരെന്നും വിശുദ്ധനാരെന്നും (16,4).

260 അടുത്തു വരാൻ അവിടുന്ന് ആരെ അനുവദിക്കും എന്ന് കോറഹിനോടും അനുചരന്മാരോടും മോശ പറഞ്ഞു? **ഉ:** തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ (16,4).

261 നാളെ കോറഹും അനുചരന്മാരും കർത്താവിന്റെ മുമ്പിൽ ധൂപകലശമെടുത്ത് അതിലെ തീയിൽ കുന്തുരുക്കമിടട്ടെ എന്ന് മോശ പറഞ്ഞത്? **ഉ:** കോറഹിനോടും അനുചരന്മാരോടും (16,7).

262 വിശുദ്ധൻ ആരായിരിക്കും എന്ന് മോശ കോറഹിനോടും അനുചരന്മാരോടും പറഞ്ഞു? **ഉ:** കർത്താവു തിരഞ്ഞെടുക്കുന്നവൻ (16,7).

263 നിങ്ങളുടെ പ്രവൃത്തി വളരെ കടന്നുപോയി എന്നു മോശ പറഞ്ഞത്? **ഉ:** ലേവിപുത്രന്മാരോട് (16,7).

264 സംഖ്യ 16,5നു സമാനമായ പുതിയ നിയമഭാഗം? **ഉ:** 2 തിമോ 2,19.

16,8-11 (മോശ കോറഹിനോടു പറഞ്ഞ വാക്കുകൾ) **[8]മോശ കോറഹിനോടു പറഞ്ഞു: ലേവ്യരേ, ശ്രദ്ധിക്കുവിൻ. [9]കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽനിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽനിന്നു നിങ്ങളെ വേർതിരിച്ചതു നിസ്സാര കാര്യമാണോ? [10]അവിടുന്നു നിന്നെയും ലേവിപുത്രന്മാരായ നിന്റെ സഹോദരന്മാരെയും തന്റെ അടുക്കലേക്കു കൊണ്ടുവന്നില്ലേ? നിങ്ങൾ പൗരോഹിത്യംകൂടി കാംക്ഷിക്കുന്നോ? [11]കർത്താവിനെതിരേയാണ് നീയും അനുചരന്മാരും സംഘംചേർന്നിരിക്കുന്നത്. അഹറോനെതിരേ പിറുപിറുക്കാൻ അവൻ ആരാണ്?**

265 ലേവ്യരേ, ശ്രദ്ധിക്കുവിൻ (16,8). ആര് ആരോടു പറഞ്ഞു? **ഉ:** മോശ കോറഹിനോടു

266 കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽനിന്നു സേവനം അനുഷ്ഠിക്കാനും സമൂഹത്തിൽനിന്നു നിങ്ങളെ (ലേവ്യരെ) വേർതിരിച്ചത്? **ഉ:** ഇസ്രായേലിന്റെ ദൈവം (16,9).

267 അവിടുന്നു (ഇസ്രായേലിന്റെ ദൈവം) കോറഹിനെയും ലേവിപുത്രന്മാരായ അവന്റെ സഹോദരന്മാരെയും കൊണ്ടുവന്നത്? **ഉ:** തന്റെ അടുക്കലേക്കു (16,10).

268 കോറഹും ലേവിപുത്രന്മാരായ അവന്റെ സഹോദരന്മാരും കാംക്ഷിക്കുന്നത്? **ഉ:** പൗരോഹിത്യംകൂടി (16,10).

269 കോറഹും അനുചരന്മാരും സംഘംചേർന്നിരിക്കുന്നത്? **ഉ:** കർത്താവിനെതിരേ (16,11).

270 കോറഹും അനുചരന്മാരും പിറുപിറുത്തത്? **ഉ:** അഹറോനെതിരേ (16,11).

**16,12–14 (ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും) [12]അനന്തരം ഏലിയാബിന്റെ മക്കളായ ദാത്താനെയും അബീറാമിനെയും വിളിക്കാൻ മോശ ആളയച്ചു. എന്നാൽ, വരില്ലെന്ന് അവർ പറഞ്ഞു. [13]മരുഭൂമിയിൽവച്ചു കൊല്ലേണ്ടതിനു തേനും പാലും ഒഴുകുന്ന നാട്ടിൽനിന്നു ഞങ്ങളെ കൊണ്ടുവന്നതു നിനക്കു മതിയായില്ലേ? ഞങ്ങളുടെ അധിപതിയാകാൻ ശ്രമിക്കുകകൂടി ചെയ്യുന്നോ? [14]മാത്രമല്ല, നീ ഞങ്ങളെ തേനും പാലും ഒഴുകുന്ന ദേശത്ത് എത്തിച്ചില്ല. നിലങ്ങളും മുന്തിരിത്തോട്ടങ്ങളും കൈവശപ്പെടുത്തിത്തന്നതുമില്ല. ഇവരെ അന്ധരാക്കാമെന്നാണോ ഭാവം? ഞങ്ങൾ വരുകയില്ല.** (മോശ വിളിപ്പിച്ചപ്പോൾ വരില്ലെന്നു പറഞ്ഞവർ?)

271 മരുഭൂമിയിൽവച്ചു കൊല്ലേണ്ടതിനു തേനും പാലും ഒഴുകുന്ന നാട്ടിൽനിന്നു ഞങ്ങളെ കൊണ്ടുവന്നതു നിനക്കു മതിയായില്ലേ എന്ന് മോശയോടു പറഞ്ഞത്? **ഉ:** എലിയാബിന്റെ മക്കളായ ദാത്താനും അബീറാമും (16,13).

272 തേനും പാലും ഒഴുകുന്ന നാട് എന്ന് ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും പറഞ്ഞത്? **ഉ:** ഈജിപ്തിനെ (16,13).

273 മോശ ഞങ്ങളുടെ ആരാകാൻ ശ്രമിക്കുകകൂടി ചെയ്യുന്നോ എന്ന് ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും മോശയോടായി പറഞ്ഞത്? **ഉ:** ഞങ്ങളുടെ അധിപതിയാകാൻ (16,13).

274 കൈവശപ്പെടുത്തിത്തന്നതുമില്ല എന്ന് ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും മോശയോടായി പറഞ്ഞത്? **ഉ:** നിലങ്ങളും മുന്തിരിത്തോട്ടങ്ങളും (16,14).

275 ഞങ്ങളെ അന്ധരാക്കാമെന്നാണോ ഭാവം എന്നു മോശയോടായി പറഞ്ഞത്? **ഉ:** ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും (16,14) (ദാത്താനും അബീറാമും മോശയ്ക്കെതിരായി പറഞ്ഞ കാര്യങ്ങൾ 5 എണ്ണിപ്പഠിക്കുക).

മത്സരികൾക്കു ശിക്ഷ

**16,15 മോശ കുപിതനായി. അവൻ കർത്താവിനോടു പ്രാർഥിച്ചു. കർത്താവേ അവരുടെ കാഴ്ചകൾ സ്വീകരിക്കരുതേ! ഞാൻ അവരുടെ ഒരു കഴുതയെപ്പോലും എടുത്തിട്ടില്ല; അവരിലാരെയും ദ്രോഹിച്ചിട്ടുമില്ല.**

276 മോശ വിളിക്കാൻ ആളയച്ച ഏലിയാബിന്റെ മക്കളായ ദാത്താനും അബീറാമും വരുകയില്ല എന്ന് പറഞ്ഞതിൽ കുപിതനായി മോശ ചെയ്തത്? **ഉ:** കർത്താവിനോടു പ്രാർഥിച്ചു (16,15).

277 ഞാൻ അവരുടെ എന്ത് എടുത്തിട്ടില്ല എന്ന് മോശ പ്രാർഥിച്ചു? **ഉ:** ഒരു കഴുതയെപ്പോലും (16,15).

**16,16 മോശ കോറഹിനോടു പറഞ്ഞു: നീയും നിന്റെ അനുയായികളും നാളെ കർത്താവിന്റെ മുമ്പിൽ ഹാജരാകണം. നിങ്ങളോടൊപ്പം അഹറോനും ഉണ്ടായിരിക്കും.**

278 നീയും നിന്റെ അനുയായികളും നാളെ കർത്താവിന്റെ മുമ്പിൽ ഹാജരാകണം. നിങ്ങളോടൊപ്പം അഹറോനും ഉണ്ടായിരിക്കും. മോശ ആരോടു പറഞ്ഞു? **ഉ:** കോറഹിനോട് (16,16).

279 നീയും നിന്റെ അനുയായികളും നാളെ എവിടെ ഹാജരാകണം എന്ന് മോശ കോറഹിനോടു പറഞ്ഞു? **ഉ:** കർത്താവിന്റെ മുമ്പിൽ (16,16)

**16,17 ഓരോരുത്തനും സ്വന്തം ധൂപകലശത്തിൽ കുന്തുരക്കമിട്ടു കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവരണം; ആകെ ഇരുനൂറ്റമ്പതു ധൂപകലശങ്ങൾ. നീയും അഹറോനും സ്വന്തം ധൂപകലശവുമായി വരണം.**

280 ഓരോരുത്തനും സ്വന്തം ധൂപകലശത്തിൽ കുന്തുരക്കമിട്ടു എവിടെ കൊണ്ടുവരണം എന്ന് മോശ കോറഹിനോടു പറഞ്ഞു? **ഉ:** കർത്താവിന്റെ സന്നിധിയിൽ (16,17



280a കോറഹും അനുചരന്മാരും കർത്താവിന്റെ സന്നിധിയിൽ കൊണ്ടുവരേണ്ട ആകെ ധൂപകലശം? **ഉ:** ഇരുനൂറ്റമ്പത് (16,17).

281 കർത്താവിന്റെ സന്നിധിയിൽ സ്വന്തം ധൂപകലശവുമായി ആര് വരണം എന്ന് മോശ കോറഹിനോടു പറഞ്ഞു? **ഉ:** നീയും (കോറഹും) അഹറോനും (16,17).

**16,18 ഓരോരുത്തനും തന്റെ ധൂപകലശമെടുത്ത് അതിൽ തീയും കുന്തുരുക്കവുമിട്ടു മോശയോടും അഹറോനോടും ഒപ്പം സമാഗമകൂടാരത്തിന്റെ വാതിൽക്കൽ നിന്നു.**

282 ഓരോരുത്തനും തന്റെ ധൂപകലശമെടുത്ത് അതിൽ തീയും കുന്തുരുക്കവുമിട്ടു ആരോടൊപ്പം സമാഗമകൂടാരത്തിന്റെ വാതിൽക്കൽ നിന്നു? **ഉ:** മോശയോടും അഹറോനോടും ഒപ്പം (16,18).

283 ഓരോരുത്തനും തന്റെ ധൂപകലശമെടുത്ത് അതിൽ തീയും കുന്തുരുക്കവുമിട്ടു മോശയോടും അഹറോനോടും ഒപ്പം നിന്നത്? **ഉ:** സമാഗമകൂടാരത്തിന്റെ വാതിൽക്കൽ (16,18).

**16,19 കോറഹ് സമൂഹത്തെ മുഴുവൻ സമാഗമകൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടി. അപ്പോൾ കർത്താവിന്റെ മഹത്വം സമൂഹത്തിനു മുഴുവൻ കാണപ്പെട്ടു.**

284 സമൂഹത്തെ മുഴുവൻ സമാഗമകൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടിയത്? **ഉ:** കോറഹ് (16,19).

285 കോറഹ് സമൂഹത്തെ മുഴുവൻ എവിടെ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടി? **ഉ:** സമാഗമകൂടാരവാതിൽക്കൽ (16,19).

286 കോറഹ് സമൂഹത്തെ മുഴുവൻ സമാഗമകൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടിയപ്പോൾ സമൂഹത്തിനു മുഴുവൻ കാണപ്പെട്ടത്? **ഉ:** കർത്താവിന്റെ മഹത്വം (16,19).

**16,20–21 [20]കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തു: [21]ഞാനിവരെ ഇപ്പോൾ സംഹരിക്കും. ഇവരിൽനിന്നു മാറിനിന്നുകൊള്ളുവിൻ.**

287 ഞാനിവരെ ഇപ്പോൾ സംഹരിക്കും ഇവരിൽനിന്നു മാറിനിന്നുകൊള്ളുവിൻ എന്ന് കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തത് ആരെക്കുറിച്ച്? **ഉ:** കോറഹിനെയും അവൻ സമാഗമകൂടാരവാതിൽക്കൽ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂട്ടിയ സമൂഹത്തെയും (16,19–21).

287a ഞാനിവരെ ഇപ്പോൾ സംഹരിക്കും ഇവരിൽനിന്നു മാറിനിന്നുകൊള്ളുവിൻ എന്ന് കർത്താവ് അരുളിച്ചെയ്തത് ആരോട്? **ഉ:** മോശയോടും അഹറോനോടും

**16,22 അവർ താണുവീണു പറഞ്ഞു: സകല ജനത്തിനും ജീവൻ നല്കുന്ന ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്തതിന് അങ്ങ് സമൂഹം മുഴുവനോടും കോപിക്കുമോ?**

288 സകല ജനത്തിനും ജീവൻ നല്കുന്ന ദൈവമേ, ഒരു മനുഷ്യൻ പാപം ചെയ്തതിന് അങ്ങ് സമൂഹം മുഴുവനോടും കോപിക്കുമോ? എന്ന് കർത്താവിനോടു താണുവീണു പറഞ്ഞത്? **ഉ:** മോശയും അഹറോനും (16,21–22).

289 സകല ജനത്തിനും ജീവൻ നല്കുന്ന ദൈവമേ എന്നു കർത്താവിനെ വിളിച്ചത്? **ഉ:** മോശയും അഹറോനും (16,22).

**16,23–24 [23]കർത്താവ് മോശയോട് അരുളിച്ചെയ്തു: [24]കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ ജനത്തോടു പറയുക.**

290 കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ ജനത്തോടു പറയാൻ കർത്താവ് അരുളിച്ചെയ്തത് ആരോട്? **ഉ:** മോശയോട് (16,23–24).

291 ആരുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ ജനത്തോടു പറയുക എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ (16,23–24).

**16,25–26 [25]അപ്പോൾ മോശ ദാത്താന്റെയും അബീറാമിന്റെയും അടുത്തേക്കു ചെന്നു. ഇസ്രായേലിലെ ശ്രേഷ്ഠന്മാർ അവനെ അനുഗമിച്ചു. [26]മോശ സമൂഹത്തോടു പറഞ്ഞു: ഇവരുടെ പാപത്തിൽ പെട്ടു നശിക്കാതിരിക്കേണ്ടതിന് ഈ ദുഷ്ടന്മാരുടെ കൂടാരങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി നില്ക്കുവിൻ. അവരുടെ വസ്തുക്കളെ**

**പ്പോലും സ്പർശിക്കരുത്.**

292 മോശ ദാത്താന്റെയും അബീറാമിന്റെയും അടുത്തേക്കു ചെന്നപ്പോൾ അവനെ അനുഗമിച്ചത്? **ഉ:** ഇസ്രായേലിലെ ശ്രേഷ്ഠന്മാർ (16,25).

293 മോശ ആരോടു പറഞ്ഞു: ഇവരുടെ പാപത്തിൽ പെട്ടു നശിക്കാതിരിക്കേണ്ടതിന് ഈ ദുഷ്ടന്മാരുടെ കൂടാരങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി നില്ക്കുവിൻ. അവരുടെ വസ്തുക്കളെപ്പോലും സ്പർശിക്കരുത്. **ഉ:** സമൂഹത്തോടു (16,26).

294 മോശ ഈ ദുഷ്ടന്മാർ എന്നു പറഞ്ഞത് ആരെ? **ഉ:** ദാത്താനെയും അബീറാമിനെയും (16,25).

**16,27കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ കൂടാരങ്ങളുടെ പരിസരത്തുനിന്നു ജനം ഒഴിഞ്ഞുമാറി. ദാത്താനും അബീറാമും ഭാര്യമാരോടും മക്കളോടും കുഞ്ഞുങ്ങളോടുംകൂടെ പുറത്തുവന്നു തങ്ങളുടെ കൂടാരങ്ങളുടെ വാതിൽക്കൽ നിന്നു.**

295 ജനം ഒഴിഞ്ഞുമാറിയത്? **ഉ:** കോറഹ്, ദാത്താൻ, അബീറാം എന്നിവരുടെ കൂടാരങ്ങളുടെ പരിസരത്തുനിന്നു (6,27).

296 ഭാര്യമാരോടും മക്കളോടും കുഞ്ഞുങ്ങളോടുംകൂടെ പുറത്തുവന്നു തങ്ങളുടെ കൂടാരങ്ങളുടെ വാതിൽക്കൽ നിന്നത്? **ഉ:** ദാത്താനും അബീറാമും (16,27).

**16,28–30 [28]മോശ പറഞ്ഞു: ഈ പ്രവൃത്തികൾ ചെയ്യാൻ കർത്താവാണ് എന്നെ നിയോഗിച്ചതെന്നും അവയൊന്നും ഞാൻ സ്വമേധയാ ചെയ്തതല്ലെന്നും ഇതിൽനിന്നു നിങ്ങൾ അറിയും. [29]എല്ലാ മനുഷ്യരും മരിക്കുന്നതുപോലെയാണ് ഇവർ മരിക്കുന്നതെങ്കിൽ, എല്ലാ മനുഷ്യരുടെയും വിധിതന്നെയാണ് ഇവർക്കും സംഭവിക്കുന്നതെങ്കിൽ, കർത്താവ് എന്നെ അയച്ചിട്ടില്ല. [30]എന്നാൽ, കർത്താവിന്റെ അദ്ഭുതശക്തിയാൽ ഭൂമി വാപിളർന്ന് അവരെയും അവർക്കുള്ളവയെയും വിഴുങ്ങുകയും ജീവനോടെ പാതാളത്തിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നെങ്കിൽ, അവർ കർത്താവിനെ നിന്ദിച്ചിരിക്കുന്നുവെന്നു നിങ്ങൾ അറിയും.**

297 കോറഹിനെയും അനുചരന്മാരെയും അവർക്കുള്ളവയെയും വിഴുങ്ങാൻ ഭൂമി എങ്ങനെ വാപിളർക്കുമെന്ന് മോശ പറഞ്ഞു? **ഉ:**. കർത്താവിന്റെ അദ്ഭുതശക്തിയാൽ (16,33).

298 കോറഹിനെയും അനുചരന്മാരെയും അവർക്കുള്ളവയെയും വിഴുങ്ങുകയും ജീവനോടെ പാതാളത്തിലേക്കു കൊണ്ടുപോവുകയും ചെയ്യുന്നെങ്കിൽ, എന്ത് നിങ്ങൾ അറിയും എന്നു മോശ സമൂഹത്തോടു പറഞ്ഞു? **ഉ:** അവർ കർത്താവിനെ നിന്ദിച്ചിരിക്കുന്നുവെന്നു (16,30).

**16,31–33 [31]മോശ ഇതു പറഞ്ഞുകഴിഞ്ഞപ്പോഴേക്കും അവർക്കുതാഴെ നിലം പിളർന്നു. [32]ഭൂമി വാ പിളർന്നു കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടുംകൂടെ വിഴുങ്ങിക്കളഞ്ഞു. [33]അവരും അവരോടു ബന്ധപ്പെട്ടവരും ജീവനോടെ പാതാളത്തിൽ പതിച്ചു. ഭൂമി അവരെ മൂടി. അങ്ങനെ ജനമധ്യത്തിൽനിന്ന് അവർ അപ്രത്യക്ഷരായി.**

299 ഭൂമി വാ പിളർന്നു വിഴുങ്ങിക്കളഞ്ഞത്? **ഉ:** കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ (16,32).

300 ഭൂമി വാ പിളർന്നു ജീവനോടെ പാതാളത്തിൽ പതിച്ചത്? **ഉ:** കോറഹും അനുചരന്മാരും അവരുടെ കുടുംബാംഗങ്ങളും അവരോടു ബന്ധപ്പെട്ടവരും (16,33).

301 കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും അവരോടു ബന്ധപ്പെട്ടവരെയും മൂടിയത്? **ഉ:** ഭൂമി (16,33).

302 കോറഹും അനുചരന്മാരും അവരുടെ കുടുംബാംഗങ്ങളും അവരോടു ബന്ധപ്പെട്ടവരും അപ്രത്യക്ഷരായത്? **ഉ:** ജനമധ്യത്തിൽനിന്ന് (16,33).

**16,34അവരുടെ നിലവിളി കേട്ടു ചുറ്റും നിന്ന ഇസ്രായേല്യർ ഭൂമി നമ്മെക്കൂടി വിഴുങ്ങാതിരിക്കട്ടെ എന്നു പറഞ്ഞ് ഓടിയകന്നു.**

303 ഭൂമി മൂടിയവരുടെ നിലവിളി കേട്ട് ഭൂമി നമ്മെക്കൂടി വിഴുങ്ങാതിരിക്കട്ടെ എന്നു പറഞ്ഞ് ഓടിയകന്നത്? **ഉ:** ചുറ്റും നിന്ന ഇസ്രായേല്യർ (16,34).

**16,35കർത്താവിൽനിന്ന് അഗ്നിയിറങ്ങി ധൂപാർച്ചന നടത്തിക്കൊണ്ടിരുന്ന ഇരുനൂറ്റിയമ്പതുപേരെയും വിഴുങ്ങിക്കളഞ്ഞു.**



304 കർത്താവിൽനിന്ന് അഗ്നിയിറങ്ങി വിഴുങ്ങിക്കളഞ്ഞത്? **ഉ:** ധൂപാർച്ചന നടത്തിക്കൊണ്ടിരുന്ന ഇരുനൂറ്റമ്പതു പേരെയും (16,35).

ധൂപകലശങ്ങൾ

**16,36–38 [36]കർത്താവു മോശയോട് അരുളിച്ചെയ്തു: [37]പുരോഹിതനായ അഹറോന്റെ പുത്രൻ എലെയാസറിനോടു പറയുക: അഗ്നിയിൽനിന്നു ധൂപകലശങ്ങൾ എടുത്ത് അവയിലെ തീ ദൂരെക്കളയുക. എന്തെന്നാൽ, ആ കലശങ്ങൾ വിശുദ്ധമാണ്. [38]ഇവർ പാപം ചെയ്തു സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയെങ്കിലും അവരുടെ ധൂപകലശങ്ങൾ കർത്താവിന്റെ മുമ്പിൽ അർപ്പിക്കപ്പെടുകയാൽ വിശുദ്ധമാണ്. അവ അടിച്ചുപരത്തി ബലിപീഠത്തിന് ഒരു ആവരണമുണ്ടാക്കുക. അത് ഇസ്രായേൽ ജനത്തിന് ഒരു അടയാളമായിരിക്കും.**

305 എലെയാസർ ആരുടെ പുത്രൻ? **ഉ:** അഹറോന്റെ (16,37).

306 അഗ്നിയിൽനിന്നു ധൂപകലശങ്ങൾ എടുത്ത് അവയിലെ തീ ദൂരെക്കളയുക. ആര് ആരോടു പറഞ്ഞു? **ഉ:** കർത്താവ് മോശയോട്(16,37). (എലെയാസറിനോടു പറയാൻ

307 (കർത്താവിൽനിന്നിറങ്ങിയ) അഗ്നിയിൽനിന്നു ധൂപകലശങ്ങൾ എടുത്ത് അവയിലെ തീ ദൂരെക്കളയുക. കാരണം? **ഉ:** ആ കലശങ്ങൾ വിശുദ്ധമാണ് (16,37).

308 കർത്താവിൽനിന്ന് അഗ്നിയിറങ്ങി വിഴുങ്ങിക്കളഞ്ഞ ഇരുനൂറ്റമ്പതു പേരുടെയും ധൂപകലശങ്ങൾ വിശുദ്ധമാണ്. കാരണം? **ഉ:** കർത്താവിന്റെ മുമ്പിൽ അർപ്പിക്കപ്പെടുകയാൽ (16,38).

309 അഗ്നിയിൽ ദഹിച്ചുപോയവർ അർപ്പിച്ച ധൂപകലശങ്ങൾ എടുത്ത് പുരോഹിതനായ എലെയാസർ അതുകൊണ്ടു ബലിപീഠത്തിന് ആവരണമുണ്ടാക്കിയത് ആർക്ക് അടയാളമായിരിക്കും? **ഉ:** ഇസ്രായേൽജനത്തിന് (16,38).

**16,39അഗ്നിയിൽ ദഹിച്ചുപോയവർ അർപ്പിച്ച ധൂപകലശങ്ങൾ എടുത്ത് പുരോഹിതനായ എലെയാസർ അതുകൊണ്ടു ബലിപീഠത്തിന് ആവരണമുണ്ടാക്കി.**

310 അഗ്നിയിൽ ദഹിച്ചുപോയവർ അർപ്പിച്ച ധൂപകലശങ്ങൾ എടുത്ത് അതുകൊണ്ടു ബലിപീഠത്തിന് ആവരണമുണ്ടാക്കിയത്. **ഉ:** പുരോഹിതനായ എലെയാസർ (16,39.

**16,40മോശവഴി കർത്താവു കല്പിച്ചതനുസരിച്ച്, അഹറോന്റെ പിൻഗാമിയും പുരോഹിതനുമല്ലാത്തവൻ കോറഹിനെയും അനുയായികളെയുംപോലെ, കർത്താവിന്റെ സന്നിധിയിൽ ധൂപാർച്ചന ചെയ്യാതിരിക്കാൻവേണ്ടിയാണ് ഇത്.**

311 അഗ്നിയിൽ ദഹിച്ചുപോയവർ അർപ്പിച്ച ധൂപകലശങ്ങൾ എടുത്ത് പുരോഹിതനായ എലെയാസർ അതുകൊണ്ടു ബലിപീഠത്തിന് ആവരണമുണ്ടാക്കിയത് എന്തിനുവേണ്ടിയുള്ള അടയാളം? **ഉ:** അഹറോന്റെ പിൻഗാമിയും പുരോഹിതനുമല്ലാത്തവൻ കോറഹിനെയും അനുയായികളെയുംപോലെ, കത്താവിന്റെ സന്നിധിയിൽ ധൂപാർച്ചന ചെയ്യാതിരിക്കാൻ വേണ്ടിയുള്ള (16,40).

**16,41എന്നാൽ, പിറ്റേന്ന് ഇസ്രായേൽസമൂഹം മോശയ്ക്കും അഹറോനും എതിരായി പിറുപിറുത്തുകൊണ്ടു പറഞ്ഞു: നിങ്ങൾ കർത്താവിന്റെ ജനത്തെ കൊന്നു.**

312 നിങ്ങൾ കർത്താവിന്റെ ജനത്തെ കൊന്നു എന്ന് മോശയ്ക്കും അഹറോനും എതിരായി പിറുപിറുത്തുകൊണ്ടു പറഞ്ഞത്? **ഉ:** ഇസ്രായേൽസമൂഹം (16,41).

313 നിങ്ങൾ കർത്താവിന്റെ ജനത്തെ കൊന്നു എന്ന് ഇസ്രായേൽസമൂഹം പിറുപിറുത്തുകൊണ്ടു പറഞ്ഞത്? **ഉ:** മോശയ്ക്കും അഹറോനും എതിരായി (16,41).

**16,42സമൂഹം മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന് സമാഗമകൂടാരത്തിന്റെ നേരേ തിരിഞ്ഞു. മേഘം അതിനെ ആവരണം ചെയ്തിരുന്നു; കർത്താവിന്റെ മഹത്വം അവിടെ പ്രത്യക്ഷപ്പെട്ടു.**

314 മോശയ്ക്കും അഹറോനുമെതിരായി അണിനിരന്നത്? **ഉ:** സമൂഹം (16,42).

315 സമൂഹം മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന് നേരേ തിരിഞ്ഞത്? **ഉ:** സമാഗമകൂടാരത്തിന്റെ നേരേ (16,42).

316 സമൂഹം മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന് സമാഗമകൂടാരത്തിന്റെ നേരേ തിരിഞ്ഞു. അതിനെ (സമാഗമകൂടാരത്തെ) ആവരണം ചെയ്തിരുന്നത്? **ഉ:** മേഘം (16,42).

317 സമൂഹം മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന് സമാഗമകൂടാരത്തി

ന്റെ നേരേ തിരിഞ്ഞു. മേഘം അതിനെ ആവരണം ചെയ്തിരുന്നു. അവിടെ പ്രത്യക്ഷപ്പെട്ടത്? **ഉ:** കർത്താവിന്റെ മഹത്വം (16,42).

**16,43മോശയും അഹറോനും സമാഗമകൂടാരത്തിന്റെ മുമ്പിൽ വന്നു.**

318 സമൂഹം മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന് സമാഗമകൂടാരത്തിന്റെ നേരേ തിരിഞ്ഞു. മേഘം അതിനെ ആവരണം ചെയ്തിരുന്നു; കർത്താവിന്റെ മഹത്വം അവിടെ പ്രത്യക്ഷപ്പെട്ടു. സമാഗമകൂടാരത്തിന്റെ മുമ്പിൽ വന്നത്? **ഉ:** മോശയും അഹറോനും (16,43).

**16,44–45 [44]കർത്താവ് മോശയോട് അരുളിച്ചെയ്തു: [45]ഈ സമൂഹമധ്യത്തിൽനിന്ന് ഓടിയകലുക. നിമിഷത്തിനുള്ളിൽ ഞാനവരെ നശിപ്പിക്കും: എന്നാൽ മോശയും അഹറോനും കമിഴ്ന്നുവീണു.**

319 ഈ സമൂഹമധ്യത്തിൽനിന്ന് ഓടിയകലുക. നിമിഷത്തിനുള്ളിൽ ഞാനവരെ നശിപ്പിക്കും എന്നു കർത്താവ് അരുളിച്ചെയ്തത്? **ഉ:** മോശയോട് (16,45).

320 കർത്താവ് മോശയോട് അരുളിച്ചെയ്തു: 45ഈ സമൂഹമധ്യത്തിൽനിന്ന് ഓടിയകലുക. നിമിഷത്തിനുള്ളിൽ ഞാനവരെ നശിപ്പിക്കും. എന്നാൽ മോശയും അഹറോനും ചെയ്തത്? **ഉ:** കമിഴ്ന്നുവീണു (16,45).

**16,46മോശ അഹറോനോടു പറഞ്ഞു: ബലിപീഠത്തിൽനിന്ന് അഗ്നിയെടുത്തു ധൂപകലശത്തിലിടുക. പരിമളദ്രവ്യം ചേർത്ത് ഉടനെ സമൂഹത്തിന്റെ മധ്യത്തിലേക്കു കൊണ്ടുപോയി, അവർക്കുവേണ്ടി പാപപരിഹാരം അനുഷ്ഠിക്കുക. കാരണം, കർത്താവിന്റെ കോപം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു; മഹാമാരി ആരംഭിച്ചുകഴിഞ്ഞു.**

321 ബലിപീഠത്തിൽനിന്ന് അഗ്നിയെടുത്തു ധൂപകലശത്തിലിടുക. പരിമളദ്രവ്യം ചേർത്ത് ഉടനെ സമൂഹത്തിന്റെ മധ്യത്തിലേക്കു കൊണ്ടുപോയി, അവർക്കുവേണ്ടി പാപപരിഹാരം അനുഷ്ഠിക്കുക. കാരണം, കർത്താവിന്റെ കോപം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു; മഹാമാരി ആരംഭിച്ചുകഴിഞ്ഞു. ആര് ആരോടു പറഞ്ഞു? **ഉ:** മോശ അഹറോനോട് (16,46).

322 ബലിപീഠത്തിൽനിന്ന് എടുത്തു ധൂപകലശത്തിലിടാൻ മോശ അഹറോനോടു പറഞ്ഞത്? **ഉ:** അഗ്നി (16,46).

323 ബലിപീഠത്തിൽനിന്നെടുത്തു ധൂപകലശത്തിലിട്ട അഗ്നിയോടു ചേർക്കണമെന്നു മോശ അഹറോനോടു പറഞ്ഞത്? **ഉ:** പരിമളദ്രവ്യം (16,46).

323a ബലിപീഠത്തിൽനിന്ന് അഗ്നിയെടുത്തു ധൂപകലശത്തിലിടുക. പരിമളദ്രവ്യം ചേർത്ത് ഉടനെ എവിടേക്കു കൊണ്ടുപോയി, അവർക്കുവേണ്ടി പാപപരിഹാരം അനുഷ്ഠിക്കുക എന്ന് മോശ അഹറോനോടു പറഞ്ഞു? **ഉ:** സമൂഹത്തിന്റെ മധ്യത്തിലേക്കു (16,46).

324 മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന സമൂഹത്തിനെതിരേ പൊട്ടിപ്പുറപ്പെട്ടത്? **ഉ:** കർത്താവിന്റെ കോപം (16,46).

324a മോശയ്ക്കും അഹറോനുമെതിരായി അണിനിരന്ന സമൂഹത്തിനെതിരേ ആരംഭിച്ചുകഴിഞ്ഞത്?. **ഉ:** മഹാമാരി (16,46).

**16,47–48 [47]മോശ പറഞ്ഞതുപോലെ അഹറോൻ ധൂപകലശമെടുത്തു ജനത്തിന്റെ നടുവിലേക്ക് ഓടി. ജനത്തെ മഹാമാരി ബാധിച്ചുകഴിഞ്ഞിരുന്നു. അവൻ ധൂപാർച്ചന നടത്തി, ജനത്തിനുവേണ്ടി പാപപരിഹാരം ചെയ്തു. [48]അവൻ മരിച്ചുവീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ നിന്നു; മഹാമാരി നിലച്ചു.**

325 മോശ പറഞ്ഞതുപോലെ അഹറോൻ ധൂപകലശമെടുത്തു ജനത്തിന്റെ നടുവിലേക്ക് ഓടി. ജനത്തെ ബാധിച്ചുകഴിഞ്ഞിരുന്നത്? **ഉ:** മഹാമാരി (16,47).

326 അവൻ (അഹറോൻ) ധൂപാർച്ചന നടത്തി, ജനത്തിനുവേണ്ടി പാപപരിഹാരം ചെയ്തു. [48]അവൻ നിന്നത് എവിടെ? **ഉ:** മരിച്ചുവീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ (16,48).

327 പൂരിപ്പിക്കുക: അവൻ (അഹറോൻ) ധൂപാർച്ചന നടത്തി, ജനത്തിനുവേണ്ടി പാപപരിഹാരം ചെയ്തു. അവൻ മരിച്ചുവീണവരുടെയും ജീവനോടിരിക്കുന്നവരുടെയും നടുവിൽ നിന്നു; ... (16,48). **ഉ:** മഹാമാരി നിലച്ചു.

**16,49കോറഹിന്റെ ധിക്കാരംകൊണ്ടു മരിച്ചവർക്കു പുറമേ പതിനാലായിരത്തിയെഴു**



**നൂറുപേർ മഹാമാരിയിൽ മരണമടഞ്ഞു.**

328 കോറഹിന്റെ ധിക്കാരംകൊണ്ടു മരിച്ചവർക്കു പുറമേ മഹാമാരിയിൽ മരണമടഞ്ഞത്? **ഉ:** പതിനാലായിരത്തിയെഴുനൂറുപേർ (14700) (16,49).

**16,50മഹാമാരി അവസാനിച്ചപ്പോൾ അഹറോൻ സമാഗമകൂടാരവാതിൽക്കൽ മോശയുടെ സമീപം തിരിച്ചെത്തി.**

329 അവൻ (അഹറോൻ) ധൂപാർച്ചന നടത്തി, ജനത്തിനുവേണ്ടി പാപപരിഹാരം ചെയ്തു. മഹാമാരി അവസാനിച്ചപ്പോൾ അഹറോൻ തിരിച്ചെത്തിയത്? **ഉ:** സമാഗമകൂടാരവാതിൽക്കൽ മോശയുടെ സമീപം (16,50).

330 മഹാമാരി അവസാനിക്കുന്നതുവരെ മോശ എവിടെയായിരുന്നു? **ഉ:** സമാഗമകൂടാരവാതിൽക്കൽ (16,50).

## അധ്യായം 17 (അധ്യായം 17ൽ 13 വാക്യങ്ങൾ)

### അഹറോന്റെ വടി

**17,1–5 [1]കർത്താവു മോശയോട് അരുളിച്ചെയ്തു: [2]ഇസ്രായേൽജനത്തോടു പറയുക, ഗോത്രത്തിന് ഒന്നുവീതം എല്ലാ ഗോത്രനേതാക്കന്മാരിലുംനിന്നു പന്ത്രണ്ടു വടി വാങ്ങി ഓരോന്നിലും പേരെഴുതുക. [3]ലേവിഗോത്രത്തിന്റെ വടിയിൽ അഹറോന്റെ പേരെഴുതുക. കാരണം, ഓരോ ഗോത്രത്തലവനും ഓരോ വടി ഉണ്ടായിരിക്കണം. [4]സമാഗമകൂടാരത്തിൽ ഞാൻ നിങ്ങൾക്കു ദർശനം അനുവദിക്കുന്ന സാക്ഷ്യപേടകത്തിനു മുമ്പിൽ നീ അവ വയ്ക്കണം. [5]ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും. അങ്ങനെ നിങ്ങൾക്കെതിരായുള്ള ഇസ്രായേൽജനത്തിന്റെ പിറുപിറുപ്പ് ഞാൻ അവസാനിപ്പിക്കും. മോശ ഇസ്രായേൽജനത്തോടു സംസാരിച്ചു.**

331 ഗോത്രത്തിന് ഒന്നുവീതം എല്ലാ ഗോത്രനേതാക്കന്മാരിലുംനിന്നു പന്ത്രണ്ടു വടി വാങ്ങി ഓരോന്നിലും പേരെഴുതുക എന്ന് ആരോടു പറയുക എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** ഇസ്രായേൽജനത്തോടു (17,2).

332 ഗോത്രത്തിന് ഒന്നുവീതം പന്ത്രണ്ടു വടി വാങ്ങേണ്ടത്? **ഉ:** എല്ലാ ഗോത്രനേതാക്കന്മാരിലുംനിന്നു (17,2).

333 ലേവിഗോത്രത്തിന്റെ വടിയിൽ ആരുടെ പേര്? **ഉ:** അഹറോന്റെ (17,3).

334 പൂരിപ്പിക്കുക: ലേവിഗോത്രത്തിന്റെ വടിയിൽ അഹറോന്റെ പേരെഴുതുക. കാരണം, ........ (17,3). **ഉ:** ഓരോ ഗോത്രത്തലവനും ഓരോ വടി ഉണ്ടായിരിക്കണം

335 വടി വയ്ക്കേണ്ടത്? **ഉ:** സാക്ഷ്യപേടകത്തിനു മുമ്പിൽ (17,4).

336 സാക്ഷ്യപേടകം എവിടെ? **ഉ:** സമാഗമകൂടാരത്തിൽ (17,4).

337 സമാഗമകൂടാരത്തിൽ കർത്താവ് ഇസ്രായേൽജനത്തിനു ദർശനം അനുവദിക്കുന്നിടം? **ഉ:** സാക്ഷ്യപേടകം (17,4).

338 ആരുടെ വടി തളിർക്കും എന്ന് കർത്താവ് പറഞ്ഞു? **ഉ:** ഞാൻ തിരഞ്ഞെടുക്കുന്നവന്റെ (17,5).

339 കർത്താവു തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കുന്നത് എന്തിന് എന്നു കർത്താവു പറഞ്ഞു? **ഉ:** മോശയ്ക്കും അഹറോനും എതിരായുള്ള ഇസ്രായേൽജനത്തിന്റെ പിറുപിറുപ്പ് അവസാനിപ്പിക്കാൻ (17,5)

340 ഓരോ ഗോത്രത്തിന് ഓരോ വടി സംബന്ധിച്ചു കർത്താവ് പറഞ്ഞ കാര്യങ്ങൾ മോശ ആരോടു പറഞ്ഞു? **ഉ:** ഇസ്രായേൽജനത്തോടു (17,5).

**17,6 എല്ലാ ഗോത്രത്തലവന്മാരും ഗോത്രത്തിന് ഒരു വടി എന്ന കണക്കിൽ പന്ത്രണ്ടു വടി മോശയ്ക്കു കൊടുത്തു. അഹറോന്റെ വടി മറ്റു വടികളോടൊപ്പം ഉണ്ടായിരുന്നു.**

341 ഗോത്രത്തിന് ഒരു വടി എന്ന കണക്കിൽ പന്ത്രണ്ടു വടി മോശയ്ക്കു കൊടുത്തത്? **ഉ:** എല്ലാ ഗോത്രത്തലവന്മാരും (17,6).

342 അഹറോന്റെ വടി ഉണ്ടായിരുന്നത് **ഉ: മറ്റു വടികളോടൊപ്പം** (17,5).

**17,7 സാക്ഷ്യകൂടാരത്തിൽ കർത്താവിന്റെ മുമ്പിൽ മോശ വടികൾ വച്ചു.**

343 മോശ വടികൾ വച്ചത്? **ഉ:** സാക്ഷ്യകൂടാരത്തിൽ കർത്താവിന്റെ മുമ്പിൽ (17,7).

**17,8 പിറ്റേദിവസം മോശ സാക്ഷ്യകൂടാരത്തിലേക്കു ചെന്നു. ലേവികുടുംബത്തിനുവേണ്ടിയുള്ള അഹറോന്റെ വടി മുളപൊട്ടി പൂത്തുതളിർത്തു ബദാംപഴങ്ങൾ കായിച്ചു നിന്നു.**

344 മോശ സാക്ഷ്യകൂടാരത്തിൽ കർത്താവിന്റെ മുമ്പിൽ വടികൾ വച്ചതിന്റെ പിറ്റേദിവസം മോശ ചെന്നത്? **ഉ:** സാക്ഷ്യകൂടാരത്തിലേക്ക് (17,8).

345 സാക്ഷ്യകൂടാരത്തിൽ മുളപൊട്ടി പൂത്തുതളിർത്തു ബദാംപഴങ്ങൾ കായിച്ചുനിന്ന വടി? **ഉ:** (ലേവികുടുംബത്തിനുവേണ്ടിയുള്ള) അഹറോന്റെ വടി (17,8).

346 സംഖ്യ 17,4-8 അനുസമരിപ്പിക്കുന്ന പുതിയനിയമ ഭാഗം? **ഉ:** ഹെബ്രാ 9,4.

17,9 **മോശ വടികൾ കർത്താവിന്റെ സന്നിധിയിൽനിന്നെടുത്തു ജനത്തിന്റെ അടുത്തേക്കു കൊണ്ടുവന്നു. ഓരോരുത്തനും സ്വന്തം വടി നോക്കിയെടുത്തു.**

347 മോശ വടികൾ എടുത്തത്? **ഉ:** കർത്താവിന്റെ സന്നിധിയിൽനിന്ന് (17,9).

348 മോശ വടികൾ കർത്താവിന്റെ സന്നിധിയിൽനിന്നെടുത്തു കൊണ്ടുവന്നത്? **ഉ:** ജനത്തിന്റെ അടുത്തേക്കു (17,9).

17,10 **കർത്താവ് മോശയോട് അരുളിച്ചെയ്തു: അവരുടെ പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിനും അവർ മരിക്കാതിരിക്കുന്നതിനും കലഹക്കാർക്ക് ഒരടയാളമായിരിക്കുന്നതിനും വേണ്ടി അഹറോന്റെ വടി സാക്ഷ്യപേടകത്തിനുമുമ്പിൽ വയ്ക്കുക.**

349 അഹറോന്റെ വടി എവിടെ വയ്ക്കുക എന്ന് കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** സാക്ഷ്യപേടകത്തിനുമുമ്പിൽ (17,10).

350 അഹറോന്റെ വടി സാക്ഷ്യപേടകത്തിനുമുമ്പിൽ വയ്ക്കുക എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തത് എന്തിന്? **ഉ:** അവരുടെ (ജനത്തിന്റെ) പിറുപിറുപ്പ് അവസാനിപ്പിക്കുന്നതിനും അവർ മരിക്കാതിരിക്കുന്നതിനും കലഹക്കാർക്ക് ഒരടയാളമായിരിക്കുന്നതിനും വേണ്ടി (17,10). (3 ഉദ്ദേശ്യങ്ങൾക്ക്)

17,11 **മോശ അപ്രകാരം ചെയ്തു. കർത്താവു കല്പിച്ചതുപോലെ അവൻ പ്രവർത്തിച്ചു.**

17,12-13 **[12]ഇസ്രായേൽജനം മോശയോടു പറഞ്ഞു: ഇതാ, ഞങ്ങൾ മരിക്കുന്നു; ഞങ്ങൾ നശിക്കുന്നു; ഒന്നൊഴിയാതെ ചത്തൊടുങ്ങുന്നു. [13]കർത്താവിന്റെ കൂടാരത്തെ സമീപിക്കുന്ന ഏവനും മരിക്കുന്നു; ഞങ്ങളെല്ലാവരും നശിക്കണമോ?**

351 മോശ കർത്താവു കല്പിച്ചതുപോലെ വടികൾ സാക്ഷ്യപേടകത്തിനു മുമ്പിൽ വച്ചപ്പോൾ ഇസ്രായേൽജനം മോശയോടു പറഞ്ഞത്? **ഉ:** ഇതാ, ഞങ്ങൾ മരിക്കുന്നു; ഞങ്ങൾ നശിക്കുന്നു; ഒന്നൊഴിയാതെ ചത്തൊടുങ്ങുന്നു. [13]കർത്താവിന്റെ കൂടാരത്തെ സമീപിക്കുന്ന ഏവനും മരിക്കുന്നു; ഞങ്ങളെല്ലാവരും നശിക്കണമോ? (17,12-13).

## അധ്യായം 18 (അധ്യായം 18ൽ 32 വാക്യങ്ങൾ)

### പുരോഹിതരും ലേവ്യരും

അധ്യായം 18,1-24ൽ ഉള്ളത് കർത്താവ് അഹറോനോട് അരുളിച്ചെയ്തവയാണ്.
25-32 വാക്യ.ങ്ങളിലുള്ളത് കർത്താവ് മോശയോട് അരുളിച്ചെയ്തവയും.
18,1-24: കർത്താവ് അഹറോനോട് അരുളിച്ചെയ്തവ

18,1 **[1]കർത്താവ് അഹറോനോട് അരുളിച്ചെയ്തു: നീയും പുത്രന്മാരും നിന്റെ പിതൃഭവനം മുഴുവനും വിശുദ്ധസ്ഥലത്തു സംഭവിക്കുന്ന അകൃത്യങ്ങൾക്ക് ഉത്തരവാദികളായിരിക്കും. നിങ്ങളുടെ പൗരോഹിത്യശുശ്രൂഷ സംബന്ധിച്ചുണ്ടാകുന്ന തെറ്റുകൾ നീയും പുത്രന്മാരും ഏറ്റെടുക്കണം.**

352 നീയും പുത്രന്മാരും നിന്റെ പിതൃഭവനം മുഴുവനും വിശുദ്ധസ്ഥലത്തു സംഭവിക്കുന്ന അകൃത്യങ്ങൾക്ക് ഉത്തരവാദികളായിരിക്കും. നിങ്ങളുടെ പൗരോഹിത്യ ശുശ്രൂഷ സംബന്ധിച്ചുണ്ടാകുന്ന തെറ്റുകൾ നീയും പുത്രന്മാരും ഏറ്റെടുക്കണം എന്നു കർത്താവ് അരുളിച്ചെയ്തത്? **ഉ:** അഹറോനോട് (18,1).

353 വിശുദ്ധസ്ഥലത്തു സംഭവിക്കുന്ന അകൃത്യങ്ങൾക്ക് ഉത്തരവാദികളായിരിക്കുന്നത്? **ഉ:** അഹറോനും അവന്റെ പുത്രന്മാരും അവന്റെ പിതൃഭവനം മുഴുവനും (18,1).

354 അഹറോനും അവന്റെ പുത്രന്മാരും അവന്റെ പിതൃഭവനം മുഴുവനും ഉത്തരവാദികളായിരിക്കുന്നത്? **ഉ:** വിശുദ്ധസ്ഥലത്തു സംഭവിക്കുന്ന അകൃത്യങ്ങൾക്ക് (18,1).

355 അഹറോന്റെയും പുത്രന്മാരുടെയും പൗരോഹിത്യശുശ്രൂഷ സംബന്ധിച്ചുണ്ടാകുന്ന തെറ്റുകൾ ആര് ഏറ്റെടുക്കണം എന്ന് കർത്താവ് അഹറോനോട് അരുൾചെയ്തു? **ഉ:** നീയും (അഹറോനും) പുത്രന്മാരും (18,1).

18,2 **നീയും പുത്രന്മാരും സാക്ഷ്യകൂടാരത്തിനുനുമ്പിൽ വരുമ്പോൾ നിങ്ങളെ സഹായിക്കുന്നതിന് നിന്റെ പിതൃഗോത്രജരായ ലേവ്യസഹോദരന്മാരെയും കൊണ്ടുവരുക.**



356 അഹറോനും പുത്രന്മാരും സാക്ഷ്യകൂടാരത്തിനുനുമ്പിൽ വരുമ്പോൾ അവരെ സഹായിക്കുന്നതിന് കൊണ്ടുവരാൻ കർത്താവ് അഹറോനോടു അരുളിച്ചെയ്തത്? **ഉ:** അഹറോന്റെ പിതൃഗോത്രജരായ ലേവ്യസഹോദരന്മാരെ (18,2).

357 ലേവ്യസഹോദരന്മാർ അഹറോന്റെ ആര്? (ബന്ധം) **ഉ:** പിതൃഗോത്രജർ (18,2).

18,3 **അവർ നിങ്ങളെ പരിചരിക്കുകയും കൂടാരത്തിലെ പരിചാരകവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യട്ടെ. എന്നാൽ, വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെയോ ബലിപീഠത്തെയോ അവർ സമീപിക്കരുത്; സമീപിച്ചാൽ അവരും നിങ്ങളും മരിക്കും.**

358 ലേവ്യസഹോദരന്മാർ പരിചരിക്കേണ്ടത്? **ഉ:** അഹറോനെയും പുത്രന്മാരെയും (18,3.

359 ലേവ്യസഹോദരന്മാർ അനുഷ്ഠിക്കേണ്ടത്? **ഉ:** കൂടാരത്തിലെ പരിചാരകവൃത്തികൾ

360 ലേവ്യസഹോദരന്മാർ സമീപിക്കരുതാത്തത്? **ഉ:** വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെയോ ബലിപീഠത്തെയോ (18,3).

361 ലേവ്യസഹോദരന്മാർ വിശുദ്ധമന്ദിരത്തിലെ പാത്രങ്ങളെയോ ബലിപീഠത്തെയോ സമീപിച്ചാൽ മരിക്കുന്നത്? **ഉ:** അവരും അഹറോനും അവന്റെ പുത്രന്മാരും (18,3).

18,4 **അവർ നിങ്ങളുടെ കൂടെ നിന്നു സമാഗമകൂടാരത്തിലെ സകല ജോലികളും ചെയ്യണം. മറ്റാരും നിങ്ങളെ സമീപിക്കരുത്.**

362 ലേവ്യസഹോദരന്മാർക്ക് ഇസ്രായേൽജനത്തിലെ മറ്റുള്ളവർക്കില്ലാത്ത പ്രത്യേക ആനുകൂല്യം? **ഉ:** അഹറോന്റെയും പുത്രന്മാരുടെയും കൂടെ നിന്നു സമാഗമകൂടാരത്തിലെ സകല ജോലികളും ചെയ്യണം. മറ്റാരും അഹറോനെയും പുത്രന്മാരെയും സമീപിക്കരുത് (18,4).

362a സമാഗമകൂടാരത്തിലെ ജോലികൾക്ക് അഹറോനെയും പുത്രന്മാരെയും സമീപിക്കരുതാത്തത്? **ഉ:** ലേവ്യസഹോദരന്മാരല്ലാത്ത മറ്റാരും (18,4).

18,5 **ഇസ്രായേൽജനത്തിന്റെ മേൽ ഇനിയൊരിക്കലും ക്രോധം പതിക്കാതിരിക്കാൻ വിശുദ്ധ മന്ദിരത്തിന്റെയും ബലിപീഠത്തിന്റെയും ചുമതലകൾ നിങ്ങൾതന്നെ വഹിക്കണം.**

363 ഇസ്രായേൽജനത്തിന്റെ മേൽ ഇനിയൊരിക്കലും എന്തു പതിക്കാതിരിക്കാൻ വിശുദ്ധ മന്ദിരത്തിന്റെയും ബലിപീഠത്തിന്റെയും ചുമതലകൾ അഹറോനും പുത്രന്മാരുംതന്നെ വഹിക്കണം. **ഉ:** ക്രോധം (18,5).

364 ഇസ്രായേൽജനത്തിന്റെ മേൽ ഇനിയൊരിക്കലും ക്രോധം പതിക്കാതിരിക്കാൻ അഹറോനും പുത്രന്മാരുംതന്നെ എന്തു വഹിക്കണം. **ഉ:** വിശുദ്ധ മന്ദിരത്തിന്റെയും ബലിപീഠത്തിന്റെയും ചുമതലകൾ (18,5).

18,6 **നിന്റെ സഹോദരന്മാരായ ലേവ്യരെ ഇസ്രായേലിൽനിന്നു വേർതിരിച്ചെടുത്തിരിക്കുന്നു. സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനു കർത്താവിനുള്ള ദാനമായി അവരെ ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു.**

365 അഹറോന്റെ സഹോദരന്മാരായ ലേവ്യരെ വേർതിരിച്ചെടുത്തത്? **ഉ:** ഇസ്രായേലിൽനിന്ന് (18,6).

366 ലേവ്യർ അഹറോന്റെ സഹോദരന്മാരായത് എന്തുകൊണ്ട്? **ഉ:** പിതൃഗോത്രജർ ആയതിനാൽ (18,2).

367 സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനു കർത്താവിനുള്ള ദാനം? **ഉ:** ലേവ്യർ (18,6). (സമാഗമകൂടാരത്തിലെ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ലേവ്യർ കർത്താവിനുള്ള ദാനം)

368 സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനു കർത്താവിനുള്ള ദാനമായി ലേവ്യരെ കർത്താവ് നല്കിയത്? **ഉ:** അഹറോനും പുത്രന്മാർക്കും (18,6).

369 കർത്താവിനുള്ള ദാനമായി ലേവ്യരെ കർത്താവ് അഹറോനും പുത്രന്മാർക്കും തന്നിരിക്കുന്നത്? **ഉ:** സമാഗമകൂടാരത്തിൽ ശുശ്രൂഷ ചെയ്യുന്നതിനു (18,6).

18,7 **ബലിപീഠവും തിരശ്ശീലയ്ക്കു പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യശുശ്രൂഷകളെല്ലാം നീയും പുത്രന്മാരും അനുഷ്ഠിക്കണം. നിങ്ങൾതന്നെ അതു ചെയ്യണം. പൗരോഹിത്യശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്. മറ്റാരെങ്കിലും അതിനു തുനിഞ്ഞാൽ അവൻ മരണശിക്ഷ അനുഭവിക്കണം.**

370 അഹറോനും പുത്രന്മാരുംതന്നെ അനുഷ്ഠിക്കേണ്ട ശുശ്രൂഷകൾ? **ഉ:** ബലിപീ

റവും തിരശ്ശീലയ്ക്കു പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യശുശ്രൂഷകളെല്ലാം (18,7).

371 അഹറോനും പുത്രന്മാരുമല്ലാതെ മറ്റാരും അനുഷ്ഠിക്കരുതാത്ത ശുശ്രൂഷകൾ? **ഉ:** ബലിപീഠവും തിരശ്ശീലയ്ക്കു പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യശുശ്രൂഷകളെല്ലാം (18,7).

372 അഹറോനും പുത്രന്മാർക്കുമുള്ള ദാനം? **ഉ:** പൗരോഹിത്യശുശ്രൂഷ (18,7).

373 അഹറോനും പുത്രന്മാരുമല്ലാതെ മറ്റാരെങ്കിലും പൗരോഹിത്യശുശ്രൂഷയ്ക്കു തുനിഞ്ഞാൽ അവൻ അനുഭവിക്കണം? **ഉ:** മരണശിക്ഷ (19,7).

പുരോഹിതന്മാരുടെ വിഹിതം

**18,8 കർത്താവ് അഹറോനോട് അരുളിച്ചെയ്തു: ഇസ്രായേൽജനം എനിക്കു സമർപ്പിക്കുന്ന കാഴ്ചകൾ നിങ്ങളെ ഞാൻ ഏല്പിച്ചിരിക്കുന്നു. അവ നിനക്കും നിന്റെ പുത്രന്മാർക്കും എന്നേക്കുമുള്ള ഓഹരിയായിരിക്കും.**

374 കർത്താവ് അഹറോനും പുത്രന്മാർക്കും എന്നേക്കുമുള്ള ഓഹരിയായി ഏൽപിച്ചത്? **ഉ:** ഇസ്രായേൽജനം കർത്താവിനു സമർപ്പിക്കുന്ന കാഴ്ചകൾ (18,8).

**18,9 ബലിപീഠത്തിലെ അഗ്നിയിൽ ദഹിപ്പിക്കാതെ മാറ്റിവയ്ക്കുന്ന അതിവിശുദ്ധ വസ്തുക്കളിൽ അവർ എനിക്കർപ്പിക്കുന്ന വഴിപാടുകൾ, ധാന്യബലികൾ, പാപപരിഹാരബലികൾ, പ്രായശ്ചിത്തബലികൾ എന്നിവ നിന്റെ ഓഹരിയായിരിക്കും. ഇവ നീയും പുത്രന്മാരും അതിവിശുദ്ധമായിക്കരുതണം.**

375 അഹറോന്റെ ഓഹരിയായിരിക്കാത്തത്? **ഉ:** ബലിപീഠത്തിലെ അഗ്നിയിൽ ദഹിപ്പിക്കുന്ന അതിവിശുദ്ധ വസ്തുക്കൾ (8,9).

376 അഹറോന്റെ ഓഹരിയായിരിക്കുന്നത് ഏത് അതിവിശുദ്ധ വസ്തുക്കളിൽപ്പെടുന്നവ? **ഉ:** ബലിപീഠത്തിലെ അഗ്നിയിൽ ദഹിപ്പിക്കാതെ മാറ്റിവയ്ക്കുന്ന അതിവിശുദ്ധ വസ്തുക്കളിൽപ്പെടുന്നവ (8,9).

377 അഹറോന്റെ ഓഹരിയായിരിക്കുന്നത് ബലിപീഠത്തിലെ അഗ്നിയിൽ ദഹിപ്പിക്കാതെ മാറ്റിവയ്ക്കുന്ന അതിവിശുദ്ധ വസ്തുക്കളിൽ ഏവ? **ഉ:** ഇസായേൽജനം കർത്താവിനർപ്പിക്കുന്ന വഴിപാടുകൾ, ധാന്യബലികൾ, പാപപരിഹാരബലികൾ, പ്രായശ്ചിത്തബലികൾ എന്നിവ (8,9).

378 അഹറോനും പുത്രന്മാരും അതിവിശുദ്ധമായിക്കരുതണം എന്നു കർത്താവു പറഞ്ഞവ? **ഉ:** ബലിപീഠത്തിലെ അഗ്നിയിൽ ദഹിപ്പിക്കാതെ മാറ്റിവയ്ക്കുന്ന അതിവിശുദ്ധ വസ്തുക്കളിൽ അവർ (ഇസ്രായേൽജനം) എനിക്കർപ്പിക്കുന്ന വഴിപാടുകൾ, ധാന്യബലികൾ, പാപപരിഹാരബലികൾ, പ്രായശ്ചിത്തബലികൾ എന്നിവ (8,9).

**18,10 വിശുദ്ധമായ ഒരു സ്ഥലത്തുവച്ച് അതു ഭക്ഷിക്കണം. പുരുഷന്മാർക്കെല്ലാം അതിൽനിന്നു ഭക്ഷിക്കാം. അതു വിശുദ്ധമാണ്.**

379 വിശുദ്ധമായ ഒരു സ്ഥലത്തുവച്ച് ഭക്ഷിക്കേണ്ടത്? **ഉ:** അഹറോന്റെ ഓഹരി (18,9).

380 അഹറോന്റെ ഓഹരിയിൽനിന്ന് ഭക്ഷിക്കാവുന്നവർ **ഉ:** പുരുഷന്മാർക്കെല്ലാം(18,10)

381 അതു വിശുദ്ധമാണ്. ഏത്? **ഉ:** അഹറോന്റെ ഓഹരി (18,9).

**18,11 ഇസ്രായേൽജനം നൽകുന്ന സകല നേർച്ചകാഴ്ചകളും അവരുടെ നീരാജനങ്ങളും നിന്റേതായിരിക്കും; ഇവ നിനക്കും പുത്രന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശമായി ഞാൻ തന്നിരിക്കുന്നു. നിന്റെ കുടുംബത്തിൽ ശുദ്ധിയുള്ളവർക്കെല്ലാം അതിൽനിന്നു ഭക്ഷിക്കാം.**

382 നിന്റേതായിരിക്കും എന്നു കർത്താവ് അഹറോനോടു പറഞ്ഞവ? **ഉ:** ഇസ്രായേൽജനം നൽകുന്ന സകല നേർച്ചകാഴ്ചകളും അവരുടെ നീരാജനങ്ങളും (18,11).

383 ഇസ്രായേൽജനം നൽകുന്ന സകല നേർച്ചകാഴ്ചകളും അവരുടെ നീരാജനങ്ങളും കർത്താവു ശാശ്വതാവകാശമായി നല്കിയിരിക്കുന്നത്? **ഉ:** അഹറോനും പുത്രന്മാർക്കും പുത്രിമാർക്കും (18,11).

384 ഇസ്രായേൽജനം നൽകുന്ന സകല നേർച്ചകാഴ്ചകൾ അവരുടെ നീരാജനങ്ങൾ എന്നിവയിൽനിന്നു ഭക്ഷിക്കാവുന്നത്? **ഉ:** അഹറോന്റെ കുടുംബത്തിൽ ശുദ്ധിയുള്ളവർക്കെല്ലാം (18,11).



**18,12 ഇസ്രായേൽ ആദ്യഫലമായി കർത്താവിനു സമർപ്പിക്കുന്ന ഏറ്റവും വിശിഷ്ടമായ എണ്ണയും വീഞ്ഞും ധാന്യവും ഞാൻ നിനക്കു നൽകുന്നു.**

385 ഇസ്രായേൽ ആദ്യഫലമായി കർത്താവിനു സമർപ്പിക്കുന്ന എന്ത് ഞാൻ നിനക്കു നൽകുന്നു എന്നു കർത്താവ് അഹറോനോടു അരുളിച്ചെയ്തു? **ഉ:** ഏറ്റവും വിശിഷ്ടമായ എണ്ണയും വീഞ്ഞും ധാന്യവും (18,12).

**18,13 അവർ കർത്താവിനു കൊണ്ടുവരുന്ന, തങ്ങളുടെ ദേശത്തെ ആദ്യം പാകമാകുന്ന ഫലങ്ങൾ നിനക്കുള്ളതായിരിക്കും; നിന്റെ കുടുംബത്തിൽ ശുദ്ധിയുള്ളവർക്കെല്ലാം അതിൽനിന്നു ഭക്ഷിക്കാം.**

386 അവർ (ഇസ്രായേൽ) കർത്താവിനു കൊണ്ടുവരുന്ന ഏതു ഫലങ്ങൾ അഹറോനുള്ളത്? **ഉ:** തങ്ങളുടെ ദേശത്തെ ആദ്യം പാകമാകുന്ന ഫലങ്ങൾ (18,13).

387 അവർ (ഇസ്രായേൽ) കർത്താവിനു കൊണ്ടുവരുന്ന, തങ്ങളുടെ ദേശത്തെ ആദ്യം പാകമാകുന്ന ഫലങ്ങളിൽനിന്ന് അഹറോന്റെ കുടുംബത്തിൽ ആർക്ക് ഭക്ഷിക്കാം? **ഉ:** ശുദ്ധിയുള്ളവർക്കെല്ലാം (18,13).

**18,14 ഇസ്രായേലിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതൊക്കെയും നിനക്കുള്ളതായിരിക്കും.**

388 ഇസ്രായേലിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടതൊക്കെയും ആർക്കുള്ളതായിരിക്കും? **ഉ:** അഹറോന് (18,14).

**18,15–16 [15]അവർ കർത്താവിനു സമർപ്പിക്കുന്ന കടിഞ്ഞൂലുകൾ – മനുഷ്യന്റെയോ മൃഗത്തിന്റെയോ ആകട്ടെ – നിനക്ക് അവകാശപ്പെട്ടതായിരിക്കും. എന്നാൽ, മനുഷ്യരുടെയും അശുദ്ധ മൃഗങ്ങളുടെയും കടിഞ്ഞൂലുകളെ വീണ്ടെടുക്കാൻ അനുവദിക്കണം. [16]ഒരു മാസം പ്രായമാകുമ്പോഴാണ് അവയെ വീണ്ടെടുക്കേണ്ടത്. അതിനുള്ള തുക, ഒരു ഷെക്കലിന് ഇരുപതു ഗേരാ എന്നു വിശുദ്ധസ്ഥലത്തു നിലവിലുള്ള നിരക്കനുസരിച്ച്, അഞ്ചു ഷെക്കൽ വെള്ളിയായിരിക്കണം.**

389 ഇസ്രായേൽ കർത്താവിനു സമർപ്പിക്കുന്ന കടിഞ്ഞൂലുകൾ – മനുഷ്യന്റെയോ മൃഗത്തിന്റെയോ ആകട്ടെ – ആർക്ക് അവകാശപ്പെട്ടതായിരിക്കും **ഉ:** അഹറോന് (18,15).

390 വീണ്ടെടുക്കാൻ അനുവദിക്കേണ്ട കടിഞ്ഞൂലുകൾ? **ഉ:** മനുഷ്യരുടെയും അശുദ്ധ മൃഗങ്ങളുടെയും (18,15).

391 മനുഷ്യരുടെയും അശുദ്ധ മൃഗങ്ങളുടെയും കടിഞ്ഞൂലുകളെ വീണ്ടെടുക്കേണ്ട പ്രായം? **ഉ:** ഒരു മാസം പ്രായമാകുമ്പോൾ (18,16).

392 മനുഷ്യരുടെയും അശുദ്ധ മൃഗങ്ങളുടെയും കടിഞ്ഞൂലുകളെ വീണ്ടെടുക്കാനുള്ള തുക? **ഉ:** ഒരു ഷെക്കലിന് ഇരുപതു ഗേരാ എന്നു വിശുദ്ധസ്ഥലത്തു നിലവിലുള്ള നിരക്കനുസരിച്ച്, അഞ്ചു ഷെക്കൽ വെള്ളി (18,16).

393 വിശുദ്ധസ്ഥലത്തു നിലവിലുള്ള നിരക്കനുസരിച്ച്, ഒരു ഷെക്കലിന് എത്ര ഗേരാ? **ഉ:** ഇരുപതു (18,16).

394 ഒരു ഗേരാ = 6 ഗ്രാം ഷെക്കൽ = 11.4ഗ്രാം (പി.ഒ.സി ബൈബിൾ)

**18,17 എന്നാൽ, പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ കടിഞ്ഞൂലുകളെ വീണ്ടെടുക്കേണ്ടതില്ല. അവ വിശുദ്ധമാണ്. അവയുടെ രക്തം ബലിപീഠത്തിന്മേൽ തളിക്കുകയും, കൊഴുപ്പു കർത്താവിനു സുഗന്ധവാഹിയായ ദഹനബലിയായി അർപ്പിക്കുകയും വേണം.**

395 വീണ്ടെടുക്കേണ്ടതില്ലാത്ത കടിഞ്ഞൂലുകൾ? **ഉ:** പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ (18,17).

396 പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ കടിഞ്ഞൂലുകളെ വീണ്ടെടുക്കേണ്ടതില്ല. കാരണം? **ഉ:** അവ വിശുദ്ധമാണ് (18,17).

397 വീണ്ടെടുക്കേണ്ടതില്ലാത്ത പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ കടിഞ്ഞൂലുകളുടെ രക്തം എന്തു ചെയ്യണം? **ഉ:** ബലിപീഠത്തിന്മേൽ തളിക്കണം (18,17).

398 വീണ്ടെടുക്കേണ്ടതില്ലാത്ത പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ കടിഞ്ഞൂലുകളുടെ കൊഴുപ്പ് എന്തു ചെയ്യണം? **ഉ:** കർത്താവിനു സുഗന്ധവാഹിയായ ദഹനബലിയായി അർപ്പിക്കണം (18,17).

**18,18 നീരാജനം ചെയ്ത നെഞ്ചും വലത്തെ കാൽക്കുറുകുംപോലെ അവയുടെ മാംസം**

**നിനക്കവകാശപ്പെട്ടതാണ്.**

399 വീണ്ടെടുക്കേണ്ടതില്ലാത്ത പശു, ചെമ്മരിയാട്, കോലാട് എന്നിവയുടെ കടിഞ്ഞൂലു കളുടെ എന്തെല്ലാം അഹറോന് അവകാശപ്പെട്ടത്? **ഉ:** നീരാജനം ചെയ്ത നെഞ്ചും വലത്തെ കാൽക്കുറുകും അവയുടെ മാംസവും (18,18).

**18,19 ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന വിശുദ്ധ കാഴ്ച കളെല്ലാം നിനക്കും പുത്രന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശമായി ഞാൻ നല്കുന്നു; കർത്താവിന്റെ സന്നിധിയിൽ നിനക്കും സന്തതികൾക്കും ഇത് എന്നേ ക്കും നിലനിൽക്കുന്ന അലംഘനീയമായ ഉടമ്പടി ആയിരിക്കും.**

400 ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന വിശുദ്ധ കാഴ്ച കളെല്ലാം കർത്താവ് ശാശ്വതാവകാശമായി നല്കുന്നത്? **ഉ:** അഹറോനും പുത്ര ന്മാർക്കും പുത്രിമാർക്കും (18,19).

401 കർത്താവ് അഹറോനും പുത്രന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശമായി നൽ കുന്നത്? **ഉ:** ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന വിശുദ്ധ കാഴ്ചകളെല്ലാം (18,19).

402 ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന വിശുദ്ധ കാഴ്ച കളെല്ലാം അഹറോനും പുത്രന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശമായി കർ ത്താവു നല്കുന്നത് കർത്താവിന്റെ സന്നിധിയിൽ, അലംഘനീയമായ ഉടമ്പടി ആയിരിക്കന്നത്? **ഉ:** അഹറോനും സന്തതികൾക്കും (18,19).

**18,20 കർത്താവ് അഹറോനോട് അരുളിച്ചെയ്തു: ഇസ്രായേലിൽ നിനക്കു ഭൂമി അവ കാശമായി ലഭിക്കുകയില്ല; അവരെപ്പോലെ നിനക്ക് ഓഹരിയും ഉണ്ടായിരി ക്കുകയില്ല. ഞാനാണ് നിന്റെ അവകാശവും ഓഹരിയും.**

403 ഇസ്രായേലിൽ അഹറോന് അവകാശമായി ലഭിക്കുകയില്ല എന്നു കർത്താവ് അവനോടു പറഞ്ഞത്? **ഉ:** ഭൂമി (18,20).

404 ഇസ്രായേലിൽ അവരെപ്പോലെ അഹറോന് ഉണ്ടായിരിക്കുകയില്ലെന്നു കർത്താവ് അവനോടു പറഞ്ഞത്? **ഉ:** ഓഹരി (18,20).

405 ഇസ്രായേലിൽ അഹറോന് ഭൂമി അവകാശമായും ഓഹരിയും ഇല്ലാത്തതിനു കാ രണം? **ഉ:** കർത്താവാണ് അഹറോന്റെ അവകാശവും ഓഹരിയും.

406 അഹറോന്റെ അവകാശവും ഓഹരിയുമായി കർത്താവ് നല്കിയത്? **ഉ:** കർത്താവിനെ (18,20).

ലേവ്യരുടെ വിഹിതം

**18,21 സമാഗമകൂടാരത്തിൽ ലേവ്യർ ചെയ്യുന്ന ശുശ്രൂഷയ്ക്ക്, ഇസ്രായേലിൽനിന്നു ലഭിക്കുന്ന ദശാംശമായിരിക്കും പ്രതിഫലം.**

407 സമാഗമകൂടാരത്തിൽ ലേവ്യർ ചെയ്യുന്ന ശുശ്രൂഷയ്ക്ക് പ്രതിഫലം? **ഉ:** ഇസ്രാ യേലിൽനിന്നു ലഭിക്കുന്ന ദശാംശം (18,21).

**18,22 പാപം ചെയ്തു മരിക്കാതിരിക്കാൻ ഇസ്രായേൽജനം മേലിൽ സമാഗമകൂടാ രത്തെ സമീപിക്കരുത്.**

408 ഇസ്രായേൽജനം മേലിൽ സമാഗമകൂടാരത്തെ സമീപിക്കരുത്. എന്തിന്? **ഉ:** പാപം ചെയ്തു മരിക്കാതിരിക്കാൻ (18,22). (ഇസ്രായേൽജനം സമാഗമ കൂടാരത്തെ സമീപിക്കുന്നത് പാപമെന്ന്).

**18,23 ലേവ്യർ സമാഗമകൂടാരത്തിലെ ശുശ്രൂഷകൾ നിർവഹിക്കണം. തങ്ങളുടെ തെറ്റു കളുടെ ഉത്തരവാദിത്വവും അവർ വഹിക്കണം. ഇത് എല്ലാ തലമുറകൾക്കും ഉള്ള വ്യവസ്ഥയാണ്. ഇസ്രായേലിൽ അവർക്ക് അവകാശം ഉണ്ടായിരിക്കുകയില്ല.**

409 സമാഗമകൂടാരത്തിലെ ശുശ്രൂഷകൾ നിർവഹിക്കേണ്ട ലേവ്യരുടെ തെറ്റുകളുടെ ഉത്തരവാദിത്വം വഹിക്കേണ്ടത്? **ഉ:** അവർ(തന്നെ) (18,23).

410 ഇസ്രായേലിൽ അവർക്ക് (ലേവ്യർക്ക്) അവകാശം ഉണ്ടായിരിക്കുകയില്ല. അധ്യാ യവും വാക്യവും? **ഉ:** സംഖ്യ 18,23).

411 ഇസ്രായേലിൽ അവകാശമില്ലാത്തവർ? **ഉ:** അഹറോനും ലേവ്യരും (18,20.23).

**18,24 എന്നാൽ, ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന ദശാം ശം ലേവ്യർക്ക് അവകാശമായി ഞാൻ നൽകിയിരിക്കുന്നു. അതുകൊണ്ടാണ്,**



**ഇസ്രായേല്യരുടെ ഇടയിൽ അവർക്ക് അവകാശം ഉണ്ടായിരിക്കുകയില്ല എന്നു ഞാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്.**

412 ഇസ്രായേലിൽ ലേവ്യർക്ക് അവകാശമായി കർത്താവു നൽകിയിരിക്കുന്നത്? **ഉ:** ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന ദശാംശം (18,24). (ദശാംശം ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്നതാണ്).

413 ഇസ്രായേല്യരുടെ ഇടയിൽ ലേവ്യർക്ക് അവകാശം ഉണ്ടായിരിക്കുകയില്ല എന്നു കർത്താവു വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്തുകൊണ്ട്? **ഉ:** ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന ദശാംശം ലേവ്യർക്ക് അവകാശമായി കർത്താവു നൽകിയിരിക്കുന്നു (18,24).

18,25-32: കർത്താവു മോശയോട് അരുളിച്ചെയ്തവ (മോശ ലേവ്യരെ അറിയിക്കാൻ)

18,25-26 [25]**കർത്താവു മോശയോട് അരുളിച്ചെയ്തു:** [26]**ലേവ്യരെ അറിയിക്കുക, ഇസ്രാ യേലിൽനിന്നു ഞാൻ അവകാശമായി തന്നിരിക്കുന്ന ദശാംശം നിങ്ങൾ വാങ്ങു മ്പോൾ അതിന്റെ ദശാംശം കർത്താവിനു നീരാജനമായി സമർപ്പിക്കണം.**

414 ഇസ്രായേലിൽനിന്നു കർത്താവ് അവകാശമായി തന്നിരിക്കുന്ന ദശാംശം ലേവ്യർ വാങ്ങുമ്പോൾ എന്തു ചെയ്യണം? **ഉ:** അതിന്റെ ദശാംശം കർത്താവിനു നീരാ ജനമായി സമർപ്പിക്കണം.

415 ലേവ്യർ കർത്താവിനു നീരാജനമായി സമർപ്പിക്കേണ്ടത്? **ഉ:** ഇസ്രായേലിൽനി ന്നു കർത്താവ് ലേവ്യർക്ക് അവകാശമായി തന്നിരിക്കുന്ന ദശാംശത്തിന്റെ ദശാം ശം (18,26).

**18,27 നിങ്ങളുടെ ഈ കാഴ്ച മെതിക്കളത്തിൽനിന്നുള്ള ധാന്യംപോലെയും നിറഞ്ഞ ചക്കിൽനിന്നുള്ള വീഞ്ഞുപോലെയും പരിഗണിക്കപ്പെടും.**

416 ലേവ്യർ കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന ദശാംശക്കാഴ്ച (ലേവ്യരുടെ ദശാംശക്കാഴ്ച) പരിഗണിക്കപ്പെടുന്നത്? **ഉ:** മെതിക്കളത്തിൽനിന്നുള്ള ധാന്യം പോലെയും നിറഞ്ഞ ചക്കിൽനിന്നുള്ള വീഞ്ഞുപോലെയും (18,27).

417 മെതിക്കളത്തിൽനിന്നുള്ള ധാന്യംപോലെയും നിറഞ്ഞ ചക്കിൽനിന്നുള്ള വീഞ്ഞു പോലെയും പരിഗണിക്കപ്പെടുന്നത്? **ഉ:** ലേവ്യരുടെ ദശാംശക്കാഴ്ച (18,27).

**18,28 ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം നിങ്ങൾ കർത്താ വിനു നീരാജനം അർപ്പിക്കണം. കർത്താവിനുള്ള ഈ കാഴ്ച പുരോഹിതനായ അഹറോനു കൊടുക്കണം.**

418 ലേവ്യർ കർത്താവിനു നീരാജനം അർപ്പിക്കേണ്ടത്? **ഉ:** ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം (18,28).

419 ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം ലേവ്യർ കർത്താ വിനു അർപ്പിക്കേണ്ടത്? **ഉ:** നീരാജനം (18,28).

420 ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം ലേവ്യർ കർത്താ വിനു അർപ്പിക്കുന്ന നീരാജനം ആർക്കുള്ള കാഴ്ച? **ഉ:** കർത്താവിന് (18,28).

421 ലേവ്യർ ഇസ്രായേലിൽനിന്നു സ്വീകരിക്കുന്ന ദശാംശങ്ങളിൽനിന്നെല്ലാം കർത്താ വിനു നീരാജനമായി അർപ്പിക്കുന്ന കർത്താവിനുള്ള ഈ കാഴ്ച ആർക്കു കൊടു ക്കണം? **ഉ:** പുരോഹിതനായ അഹറോനു (18,28).

**18,29 നിങ്ങൾക്കു ലഭിക്കുന്ന കാഴ്ചകളിൽ ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവും ആയ തിൽനിന്നു കർത്താവിന്റെ നീരാജനം അവിടുത്തേക്കു കൊടുക്കണം.**

422 തങ്ങൾക്കു ലഭിക്കുന്ന കാഴ്ചകളിൽ ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവും ആയതിൽ നിന്നു കർത്താവിന്റെ നീരാജനം അവിടുത്തേക്കു കൊടുക്കേണ്ടത്? **ഉ:** ലേവ്യർ (18,29).

**18,30 ആകയാൽ നീ അവരോടു പറയുക: ഉത്തമഭാഗം അർപ്പിച്ചുകഴിഞ്ഞ്, ബാക്കിയു ള്ളതു ധാന്യവും മുന്തിരിയുംപോലെ, ലേവ്യർക്കുള്ളതാണ്.** (18,27ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക)

423 ലേവ്യർക്കു ലഭിക്കുന്ന കാഴ്ചകളിൽ ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവും ആയതിൽ നിന്നു കർത്താവിനുള്ള നീരാജനം ഏതു ഭാഗം? **ഉ:** ഉത്തമഭാഗം (18,29-30).

(ഉത്തമഭാഗം കർത്താവിന്റെ നീരാജനമാണ്. അത് അവിടുത്തേക്കു കൊടുക്കണം:

വാക്യം 29 കാണുക).

424 ലേവ്യർക്കു ലഭിക്കുന്ന കാഴ്ചകളിൽ ലേവ്യർക്കുള്ളത്? **ഉ:** ഉത്തമഭാഗം അർപ്പിച്ചുകഴിഞ്ഞ്, ബാക്കിയുള്ളതു (18,30).

**18,31–32 [31]സമാഗമകൂടാരത്തിൽ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലമാകയാൽ നിങ്ങൾക്കും കുടുംബാംഗങ്ങൾക്കും അത് എവിടെവച്ചു വേണമെങ്കിലും ഭക്ഷിക്കാം. [32]ഏറ്റവും നല്ല ഭാഗം നീരാജനം ചെയ്തു കഴിഞ്ഞാൽ, പിന്നെ അതുനിമിത്തം നിങ്ങൾക്കു കുറ്റമുണ്ടാകുകയില്ല. ഇസ്രായേൽ അർപ്പിച്ച വിശുദ്ധ വസ്തുക്കളെ നിങ്ങൾ അശുദ്ധമാക്കുന്നില്ല; അതുകൊണ്ടു നിങ്ങൾ മരിക്കുകയില്ല.**

425 ലേവ്യർക്കു ലഭിക്കുന്ന കാഴ്ചകളിൽ ലേവ്യർക്കുള്ള ഭാഗം അവർക്കും കുടുംബാംഗങ്ങൾക്കും എവിടെവച്ചു വേണമെങ്കിലും ഭക്ഷിക്കാം. കാരണം? **ഉ:** സമാഗമകൂടാരത്തിൽ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലമാകയാൽ (18,31).

426 ലേവ്യർ സമാഗമകൂടാരത്തിൽ ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലം?
**ഉ:** ലേവ്യർക്കു ലഭിക്കുന്ന കാഴ്ചകളിൽ അവർക്കുള്ള ഭാഗം (18,30–31).

427 ലേവ്യർക്കു ലഭിക്കുന്ന കാഴ്ചകളിൽ ഏറ്റവും നല്ല ഭാഗം നീരാജനം ചെയ്തു കഴിഞ്ഞാൽ, പിന്നെ അതുനിമിത്തം അവർക്കുണ്ടാകുന്ന നന്മകൾ? **ഉ:** അവർക്കു കുറ്റമുണ്ടാകുകയില്ല; ഇസ്രായേൽ അർപ്പിച്ച വിശുദ്ധ വസ്തുക്കളെ അവർ അശുദ്ധമാക്കുന്നില്ല; അതുകൊണ്ട് അവർ മരിക്കുകയില്ല (18,32).

## അധ്യായം 19 (അധ്യായം 19ൽ 22 വാക്യങ്ങൾ)

അധ്യായം 19ലുള്ളത് കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തവയാണ്.

ശുദ്ധീകരണജലം: മൃതശരീരത്തിന്റെ സാമീപ്യത്താൽ അശുദ്ധരായിത്തീരുന്നവരെ ശുദ്ധീകരിക്കാനുള്ള വെള്ളം തയ്യാറാക്കേണ്ട ഒരു ചടങ്ങാണ് അധ്യായം 19 വിവരിക്കുന്നത്. പശുക്കുട്ടിയുടെ ചാരം ശുദ്ധീകരണജലത്തിൽ കലർത്തണം. ചാരം കലർത്തിയ ജലം തളിക്കുമ്പോൾ അശുദ്ധരായവരുടെ അശുദ്ധി ജലത്തിലെ ചാരത്തിലേക്കു മാറ്റപ്പെടുന്നു എന്നാണ് വിശ്വാസം.

**19,1–3 1കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തു: [2]ഞാൻ കല്പിക്കുന്ന അനുഷ്ഠാനവിധി ഇതാണ്. ഊനമില്ലാത്തതും നുകം വയ്ക്കാത്തതും ആയ ഒരു ചെമന്ന പശുക്കിടാവിനെ നിങ്ങളുടെയടുക്കൽ കൊണ്ടുവരാൻ ഇസ്രായേല്യരോടു പറയുക. [3]അതിനെ പുരോഹിതനായ എലെയാസറിനെ ഏൽപിക്കണം. പാളയത്തിനു വെളിയിൽ കൊണ്ടുപോയി അവന്റെ മുമ്പിൽവച്ച് അതിനെ കൊല്ലണം.**

428 ശുദ്ധീകരണത്തിനുള്ള രക്തവും ചാരവും ഏതു മൃഗത്തിന്റേത്? **ഉ:** പശുക്കിടാവിന്റെ (19,2).

429 ശുദ്ധീകരണത്തിനുള്ള രക്തവും ചാരവും ശേഖരിക്കാനുള്ള പശുക്കിടാവിനെ സംബന്ധിച്ച കാര്യങ്ങൾ കർത്താവ് അരുളിച്ചെയ്തത്? **ഉ:** മോശയോടും അഹറോനോടും (19,1).

430 ശുദ്ധീകരണത്തിനുള്ള രക്തവും ചാരവും ശേഖരിക്കാനുള്ള പശുക്കിടാവിന്റെ പ്രത്യേകതകൾ? **ഉ:** ഊനമില്ലാത്തതും നുകം വയ്ക്കാത്തതും ചെമന്നതും (19,2).

431 ശുദ്ധീകരണത്തിനുള്ള രക്തവും ചാരവും ശേഖരിക്കാനുള്ള ഊനമില്ലാത്തതും നുകം വയ്ക്കാത്തതും ആയ ഒരു ചെമന്ന പശുക്കിടാവിനെ കൊണ്ടുവരണ്ടത്? **ഉ:** ഇസ്രായേല്യർ (19,2).

431a ഊനമില്ലാത്തതും നുകം വയ്ക്കാത്തതും ആയ ഒരു ചെമന്ന പശുക്കിടാവിനെ ആരുടെയടുക്കൽ ഇസ്രായേല്യർ കൊണ്ടുവരണമെന്ന്? **ഉ:** മോശയുടെയും അഹറോന്റെയും (19,2).

432 ഊനമില്ലാത്തതും നുകം വയ്ക്കാത്തതും ആയ ഒരു ചെമന്ന പശുക്കിടാവിനെ ആരെ ഏല്പിക്കണം? **ഉ:** പുരോഹിതനായ എലെയാസറിനെ (19,3).

433 ശുദ്ധീകരണത്തിനുള്ള രക്തവും ചാരവും ശേഖരിക്കാനുള്ള പശുക്കിടാവിനെ കൊല്ലേണ്ടത് എവിടെ? **ഉ:** പാളയത്തിനു വെളിയിൽ പുരോഹിതനായ എലെയാസറിന്റെ മുമ്പിൽവച്ച് (19,3).



**19,4 പുരോഹിതനായ എലെയാസർ അതിന്റെ രക്തത്തിൽ വിരൽ മുക്കി സമാഗമകൂടാരത്തിന്റെ മുൻഭാഗത്ത് ഏഴു പ്രാവശ്യം തളിക്കണം.**

434 ശുദ്ധീകരണത്തിന് പശുക്കിടാവിന്റെ രക്തത്തിൽ വിരൽ മുക്കി സമാഗമകൂടാരത്തിന്റെ മുൻഭാഗത്ത് ഏഴു പ്രാവശ്യം തളിക്കേണ്ടത്? **ഉ:** പുരോഹിതനായ എലെയാസർ (19,4).

435 ശുദ്ധീകരണത്തിന് പുരോഹിതനായ എലെയാസർ പശുക്കിടാവിന്റെ രക്തത്തിൽ വിരൽ മുക്കി ഏഴു പ്രാവശ്യം തളിക്കേണ്ടത്? **ഉ:** സമാഗമകൂടാരത്തിന്റെ മുൻഭാഗത്ത് (19,4).

**19,5 പശുക്കുട്ടിയെ അവന്റെ മുമ്പിൽവച്ചു ദഹിപ്പിക്കണം: തുകലും മാംസവും രക്തവും ചാണകവും എല്ലാം ദഹിപ്പിക്കണം.**

436 പശുക്കുട്ടിയെ (തുകലും മാംസവും രക്തവും ചാണകവും എല്ലാം) ദഹിപ്പിക്കേണ്ടത്? **ഉ:** പുരോഹിതനായ എലെയാസറിന്റെ മുമ്പിൽവച്ചു (19,5).

**19,6 ദേവദാരു, ഹിസ്സോപ്പ്, ചെമന്ന നൂൽ ഇവയെടുത്തു പശുക്കിടാവിനെ ദഹിപ്പിക്കുന്ന അഗ്നിയിൽ ഇടണം.**

437 പശുക്കിടാവിനെ ദഹിപ്പിക്കുന്ന അഗ്നിയിൽ ഇടേണ്ടത്? **ഉ:** ദേവദാരു, ഹിസ്സോപ്പ്, ചെമന്ന നൂൽ ഇവ (19,6).

**19,7 പിന്നീട്, അവൻ വസ്ത്രങ്ങളലക്കി കുളിച്ച്, പാളയത്തിലേക്കു വരണം. സന്ധ്യവരെ അവൻ അശുദ്ധനായിരിക്കും.**

438 പശുക്കുട്ടിയെ കൊന്നവൻ എന്തു ചെയ്ത് പാളയത്തിലേക്കു വരണം?
**ഉ:** വസ്ത്രങ്ങളലക്കി കുളിച്ച് (19,7).

439 പശുക്കുട്ടിയെ കൊന്നവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** സന്ധ്യവരെ (19,7).

**19,8 പശുക്കിടാവിനെ ദഹിപ്പിച്ചവനും വസ്ത്രങ്ങളലക്കി കുളിക്കണം; സന്ധ്യവരെ അവൻ അശുദ്ധനായിരിക്കും.**

440 പശുക്കിടാവിനെ ദഹിപ്പിച്ചവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** സന്ധ്യവരെ (19,7).

441 വസ്ത്രങ്ങളലക്കി കുളിക്കേണ്ടത്? **ഉ:** പശുക്കുട്ടിയെ കൊന്നവനും പശുക്കിടാവിനെ ദഹിപ്പിച്ചവനും (19,8–9).

442 സന്ധ്യവരെ അശുദ്ധനായിരിക്കുന്നത്? **ഉ:** പശുക്കുട്ടിയെ കൊന്നവനും പശുക്കിടാവിനെ ദഹിപ്പിച്ചവനും (19,8–9), പശുക്കിടാവിന്റെ ചാരം ശേഖരിച്ചവനും (19,10).

**19,9 ശുദ്ധിയുള്ള ഒരാൾ പശുക്കിടാവിന്റെ ചാരം ശേഖരിച്ച് പാളയത്തിനു പുറത്തു വൃത്തിയുള്ള ഒരു സ്ഥലത്തു നിക്ഷേപിക്കണം; അത് ഇസ്രായേൽക്കാർക്കു പാപമോചനത്തിനുള്ള ശുദ്ധീകരണജലം തയ്യാറാക്കുന്നതിനായി സൂക്ഷിക്കണം.**

443 പശുക്കിടാവിന്റെ ചാരം ശേഖരിച്ച് പാളയത്തിനു പുറത്തു വൃത്തിയുള്ള ഒരു സ്ഥലത്തു നിക്ഷേപിക്കേണ്ടത്? **ഉ:** ശുദ്ധിയുള്ള ഒരാൾ (19,9).

444 ശുദ്ധിയുള്ള ഒരാൾ പശുക്കിടാവിന്റെ ചാരം ശേഖരിച്ച് നിക്ഷേപിക്കേണ്ടത്?
**ഉ:** പാളയത്തിനു പുറത്തു വൃത്തിയുള്ള ഒരു സ്ഥലത്തു (19,9).

445 ശുദ്ധിയുള്ള ഒരാൾ പശുക്കിടാവിന്റെ ചാരം ശേഖരിച്ച് പാളയത്തിനു പുറത്തു വൃത്തിയുള്ള ഒരു സ്ഥലത്തു നിക്ഷേപിക്കേണ്ടത് എന്തിന്? **ഉ:** ഇസ്രായേൽക്കാർക്കു പാപമോചനത്തിനുള്ള ശുദ്ധീകരണജലം തയ്യാറാക്കുന്നതിനായി (19,9).

446 ശുദ്ധീകരണജലം എന്തിനുള്ളത്? **ഉ:** ഇസ്രായേൽക്കാർക്കു പാപമോചനത്തിനുള്ളത് (19,9).

**19,10 പശുക്കിടാവിന്റെ ചാരം ശേഖരിച്ചവൻ വസ്ത്രം അലക്കണം: സന്ധ്യവരെ അവൻ അശുദ്ധനായിരിക്കും. ഇസ്രായേല്യർക്കും അവരുടെയിടയിൽ പാർക്കുന്ന പരദേശികൾക്കും ശാശ്വതനിയമമാണിത്.**

447 പശുക്കിടാവിന്റെ ചാരം ശേഖരിച്ചവൻ ശുദ്ധനാകാൻ ചെയ്യേണ്ടത്? **ഉ:** വസ്ത്രം അലക്കണം (19,10). (nb കുളിക്കണം എന്നു പറയുന്നില്ല).

448 പശുക്കിടാവിന്റെ ചാരം ശേഖരിച്ചവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** സന്ധ്യവരെ 19,10.

449 ഇത് ശാശ്വതനിയമമായിരിക്കുന്നത്? **ഉ:** ഇസ്രായേല്യർക്കും അവരുടെയിടയിൽ പാർക്കുന്ന പരദേശികൾക്കും (19,9)

450 സംഖ്യ 19,9നു സമാനമായ പുതിയനിയമ ഭാഗം? **ഉ:** ഹെബ്രാ 9,13

**19,11–13** (മൃതശരീരത്തെ സ്പർശിക്കുന്നവനെ സംബന്ധിച്ച നിയമം) **[1]മൃതശരീര
ത്തെ സ്പർശിക്കുന്നവൻ ഏഴു ദിവസത്തേക്ക് അശുദ്ധനായിരിക്കും. [12]മൂന്നാം
ദിവസവും ഏഴാം ദിവസവും ശുദ്ധീകരണജലംകൊണ്ട് അവൻ തന്നെത്തന്നെ
ശുദ്ധനാക്കണം; അപ്പോൾ അവൻ ശുദ്ധനാകും. മൂന്നാം ദിവസവും ഏഴാം ദിവ
സവും ശുദ്ധികർമം നടത്തിയില്ലെങ്കിൽ അവൻ ശുദ്ധിയുള്ളവനാകയില്ല. [13]ശവ
ശരീരം സ്പർശിച്ചിട്ട് തന്നെത്തന്നെ ശുദ്ധീകരിക്കാത്തവൻ കർത്താവിന്റെ കൂടാ
രത്തെ അശുദ്ധമാക്കുന്നു; അവനെ ഇസ്രായേലിൽനിന്നു വിച്ഛേദിക്കണം. ശുദ്ധീ
കരണജലം തന്റെമേൽ തളിക്കാത്തതുകൊണ്ട് അവൻ അശുദ്ധനാണ്. അവനിൽ
അശുദ്ധി നിലനിൽക്കുന്നു.**

451 മൃതശരീരത്തെ സ്പർശിക്കുന്നവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** ഏഴു ദിവസത്തേക്ക് (19,11).

452 മൃതശരീരത്തെ സ്പർശിക്കുന്നവൻ തന്നെത്തന്നെ ശുദ്ധനാക്കേണ്ട ദിവസങ്ങൾ? **ഉ:** മൂന്നാം ദിവസവും ഏഴാം ദിവസവും (19,12).

453 മൂന്നാം ദിവസവും ഏഴാം ദിവസവും തന്നെത്തന്നെ ശുദ്ധനാക്കേണ്ടവൻ? **ഉ:** മൃതശരീരത്തെ സ്പർശിക്കുന്നവൻ (19,12).

454 മൃതശരീരത്തെ സ്പർശിക്കുന്നവൻ മൂന്നാം ദിവസവും ഏഴാം ദിവസവും തന്നെത്തന്നെ ശുദ്ധനാക്കേണ്ടത്? **ഉ:** ശുദ്ധീകരണജലംകൊണ്ട് (19,12).

454a മൃതശരീരത്തെ സ്പർശിക്കുന്നവൻ മൂന്നാം ദിവസവും ഏഴാം ദിവസവും എന്തു നടത്തിയില്ലെങ്കിൽ അവൻ ശുദ്ധിയുള്ളവനാകയില്ല? **ഉ:** ശുദ്ധികർമം (19,12).

455 ശവശരീരം സ്പർശിച്ചിട്ട് തന്നെത്തന്നെ ശുദ്ധീകരിക്കാത്തവൻ അശുദ്ധമാക്കുന്നത്? **ഉ:** കർത്താവിന്റെ കൂടാരത്തെ (19,13).

456 ശവശരീരം സ്പർശിച്ചിട്ട് തന്നെത്തന്നെ ശുദ്ധീകരിക്കാതെ കർത്താവിന്റെ കൂടാരത്തെ അശുദ്ധമാക്കുന്നവനെ വിച്ഛേദിക്കേണ്ടത്? **ഉ:** ഇസ്രായേലിൽനിന്നു (19,13).

457 ശവശരീരം സ്പർശിച്ചിട്ട് തന്നെത്തന്നെ ശുദ്ധീകരിക്കാത്തവൻ എന്തുകൊണ്ട് അശുദ്ധനാണ്? **ഉ:** ശുദ്ധീകരണജലം തന്റെമേൽ തളിക്കാത്തതുകൊണ്ട് (19,13).

458 ശവശരീരം സ്പർശിച്ചിട്ട് തന്നെത്തന്നെ ശുദ്ധീകരിക്കാത്തവനിൽ നിലനിൽക്കുന്നത്? **ഉ:** അശുദ്ധി (19,13).

**19,14–15 [14]കൂടാരത്തിനുള്ളിൽവച്ച് ആരെങ്കിലും മരിച്ചാൽ അതെക്കുറിച്ചുള്ള നിയ
മമിതാണ്: കൂടാരത്തിൽ പ്രവേശിക്കുന്നവനും കൂടാരത്തിലുള്ളവനും ഏഴു
ദിവസത്തേക്ക് അശുദ്ധരായിരിക്കും. [15]തുറന്നുവച്ചിരിക്കുന്ന പാത്രങ്ങളെല്ലാം
അശുദ്ധമാകും.**

459 കൂടാരത്തിനുള്ളിൽവച്ച് ആരെങ്കിലും മരിച്ചാൽ ഏഴു ദിവസത്തേക്ക് അശുദ്ധരായിരിക്കുന്നവർ? **ഉ:** കൂടാരത്തിൽ പ്രവേശിക്കുന്നവനും കൂടാരത്തിലുള്ളവനും (19,14

460 കൂടാരത്തിനുള്ളിൽവച്ച് ആരെങ്കിലും മരിച്ചാൽ ഏഴു ദിവസത്തേക്ക് അശുദ്ധമാകുന്ന പാത്രങ്ങൾ? **ഉ:** തുറന്നുവച്ചിരിക്കുന്ന പാത്രങ്ങളെല്ലാം (19,15).

**19,16 വാളിനിരയായവനെയോ ശവശരീരത്തെയോ മനുഷ്യാസ്ഥിയെയോ ശവക്കുഴിയെയോ വെളിയിൽവച്ചു സ്പർശിക്കുന്നവൻ ഏഴു ദിവസത്തേക്ക് അശുദ്ധനായിരിക്കും.**

461 വെളിയിൽവച്ചു എന്തെല്ലാം സ്പർശിക്കുന്നവൻ ഏഴു ദിവസത്തേക്ക് അശുദ്ധനായിരിക്കും? **ഉ:** വാളിനിരയായവനെയോ ശവശരീരത്തെയോ മനുഷ്യാസ്ഥിയെയോ ശവക്കുഴിയെയോ സ്പർശിക്കുന്നവൻ (19,16).

**19,17–19 [17]അശുദ്ധനായവനുവേണ്ടി പാപപരിഹാരബലിയിൽനിന്നു ചാരമെടുത്ത് ഒരു
പാത്രത്തിലിട്ട് അതിൽ ഒഴുക്കുനീർ കലർത്തണം. [18]പിന്നീട് ശുദ്ധിയുള്ള
ഒരാൾ ഹിസ്സോപ്പെടുത്ത് ആ വെള്ളത്തിൽ മുക്കി കൂടാരം, ഉപകരണങ്ങൾ
എന്നിവയുടെമേലും, അവിടെയുള്ള ആളുകൾ, അസ്ഥിയെയയോ കൊല്ലപ്പെ
ട്ടവനെയോ ശവശരീരത്തെയോ സ്പർശിച്ചവർ തുടങ്ങി എല്ലാവരുടെമേലും
തളിക്കണം. [19]ശുദ്ധിയുള്ളവൻ അശുദ്ധനായവന്റെമേൽ ഇപ്രകാരം മൂന്നാം
ദിവസവും ഏഴാം ദിവസവും തളിക്കണം. ഏഴാം ദിവസം അവൻ വസ്ത്രം
അലക്കി, കുളിച്ച്, തന്നെത്തന്നെ ശുദ്ധീകരിക്കണം. അന്നു സായാഹ്നം മുതൽ**



**അവൻ ശുദ്ധനായിരിക്കും.**

462 വെളിയിൽവച്ചു വാളിനിരയായവനെയോ ശവശരീരത്തെയോ മനുഷ്യാസ്ഥിയെയോ ശവക്കുഴിയെയോ സ്പർശിച്ച് അശുദ്ധനായവനുവേണ്ടി ചാരമെടുക്കേണ്ടത്? **ഉ:** പാപപരിഹാരബലിയിൽന്നു (19,17).

463 അശുദ്ധനായവനുവേണ്ടി പാപപരിഹാരബലിയിൽന്നു ചാരമെടുത്ത് ഒരു പാത്രത്തിലിട്ട് അതിൽ കലർത്തേണ്ടത്? **ഉ:** ഒഴുക്കുനീർ (19,17).

464 പാപപരിഹാരബലിയിൽന്നു ചാരമെടുത്ത് ഒരു പാത്രത്തിലിട്ട് അതിൽ ഒഴുക്കുനീർ കലർത്തീയിട്ട് ആര് ഹിസ്സോപ്പെടുത്ത് ആ വെള്ളത്തിൽ മുക്കി കൂടാരം, ഉപകരണങ്ങൾ എന്നിവയുടെമേലും, അവിടെയുള്ള ആളുകൾ, അസ്ഥിയെയോ കൊല്ലപ്പെട്ടവനെയോ ശവശരീരത്തെയോ സ്പർശിച്ചവർ തുടങ്ങി എല്ലാവരുടെമേലും തളിക്കണം? **ഉ:** ശുദ്ധിയുള്ള ഒരാൾ (19,18).

465 പാപപരിഹാരബലിയിൽന്നു ചാരമെടുത്ത് ഒരു പാത്രത്തിലിട്ട് അതിൽ ഒഴുക്കുനീർ കലർത്തീയിട്ട് ശുദ്ധിയുള്ള ഒരാൾ ഹിസ്സോപ്പെടുത്ത് ആ വെള്ളത്തിൽ മുക്കി തളിക്കേണ്ടവ? **ഉ:** കൂടാരം, ഉപകരണങ്ങൾ, അവിടെയുയുള്ള ആളുകൾ, അസ്ഥിയെയോ കൊല്ലപ്പെട്ടവനെയോ ശവശരീരത്തെയോ സ്പർശിച്ചവർ തുടങ്ങി എല്ലാവരുടെമേലും (19,18).

466 ശുദ്ധിയുള്ളവൻ അശുദ്ധനായവന്റെമേൽ ശുദ്ധീകരണജലം തളിക്കേണ്ട ദിവസങ്ങൾ? **ഉ:** മൂന്നാം ദിവസവും ഏഴാം ദിവസവും (19,19).

467 അശുദ്ധനായവൻ തന്നെത്തന്നെ ശുദ്ധീകരിക്കേണ്ട ദിവസം? **ഉ:** ഏഴാം ദിവസം (19,19

468 അശുദ്ധനായവൻ ഏഴാം ദിവസം തന്നെത്തന്നെ ശുദ്ധീകരിക്കേണ്ടത് എങ്ങനെ? **ഉ:** വസ്ത്രം അലക്കി, കുളിച്ച് (19,19).

469 അശുദ്ധനായവൻ ശുദ്ധനായിരിക്കുന്നത്? **ഉ:** ഏഴാം ദിവസം സായാഹ്നം മുതൽ (19,19

**19,20 അശുദ്ധനായിക്കഴിഞ്ഞിട്ട്, ശുദ്ധി നേടാത്ത വ്യക്തിയെ, കർത്താവിന്റെ വിശുദ്ധ സ്ഥലം അശുദ്ധമാക്കിയതിനാൽ, സമൂഹത്തിൽനിന്നു പറന്തള്ളണം. ശുദ്ധീകരണജലം തളിക്കപ്പെടാത്തതുകൊണ്ട് അവൻ അശുദ്ധനാണ്.**

470 അശുദ്ധനായിക്കഴിഞ്ഞിട്ട്, ശുദ്ധി നേടാത്ത വ്യക്തി അശുദ്ധമാക്കിയത്? **ഉ:** കർത്താവിന്റെ വിശുദ്ധ സ്ഥലം (19,20).

471 അശുദ്ധനായിക്കഴിഞ്ഞിട്ട്, ശുദ്ധി നേടാത്ത വ്യക്തിയെ, സമൂഹത്തിൽനിന്നു പുറന്തള്ളണം. കാരണം? **ഉ:** കർത്താവിന്റെ വിശുദ്ധ സ്ഥലം അശുദ്ധമാക്കി(19,20.

472 അശുദ്ധനായിക്കഴിഞ്ഞിട്ട്, ശുദ്ധി നേടാത്ത വ്യക്തി അശുദ്ധനാണ്. എന്തുകൊണ്ട്? **ഉ:** ശുദ്ധീകരണജലം തളിക്കപ്പെടാത്തതുകൊണ്ട് (19,20).

**19,21 ഇത് ഒരു ശാശ്വത നിയമമാണ്. ശുദ്ധീകരണജലം തളിക്കുന്നവൻ തന്റെ വസ്ത്രം കഴുകണം. ആ ജലം തൊടുന്നവൻ സായാഹ്നംവരെ അശുദ്ധനായിരിക്കും.**

473 ശുദ്ധീകരണജലം തളിക്കുന്നവൻ ചെയ്യേണ്ടത്? **ഉ:** തന്റെ വസ്ത്രം കഴുകണം(19,21

474 ശുദ്ധീകരണജലം തളിക്കുന്നവന്റെ വസ്ത്രം കഴുകിയ ജലം തൊടുന്നവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** സായാഹ്നംവരെ (19,21).

**19,22 അശുദ്ധൻ സ്പർശിക്കുന്നതെന്തും അശുദ്ധമായിത്തീരും; അശുദ്ധമായിത്തീർന്നതിനെ സ്പർശിക്കുന്നവനും സായാഹ്നംവരെ അശുദ്ധനായിരിക്കും.**

475 അശുദ്ധൻ സ്പർശിക്കുന്നതെന്തും എങ്ങനെയായിത്തീരും? **ഉ:** അശുദ്ധം (19,22).

476 അശുദ്ധമായിത്തീർന്നതിനെ സ്പർശിക്കുന്നവൻ അശുദ്ധനായിരിക്കുന്നത്? **ഉ:** സായാഹ്നംവരെ (19,22).

477 അശുദ്ധനായിത്തീരും എന്ന് സംഖ്യ 19ൽ പറഞ്ഞിട്ടുള്ളവവ/ർ? **ഉ:** പശുക്കിടാവിനെ കൊന്നവനും ദഹിപ്പിച്ചവനും, പശുക്കിടാവിന്റെ ചാരം ശേഖരിച്ചവൻ, മൃതശരീരത്തെ സ്പർശിച്ചവൻ, കൂടാരത്തിനുള്ളിൽവച്ച് ആരെങ്കിലും മരിച്ചാൽ കൂടാരത്തിൽ പ്രവേശിക്കുന്നവനും അതിനുള്ളിൽ പ്രവേശിക്കുന്നവനും, വാളിനിരയായവനെയോ ശവശരീരത്തെയോ മനുഷ്യാസ്ഥിയെയോ ശവക്കുഴിയെയോ സ്പർശിക്കുന്നവൻ, ശുദ്ധീകരണജലം തളിക്കുന്നവന്റെ വസ്ത്രം കഴുകിയ ജലം തൊടുന്നവൻ, അശുദ്ധൻ സ്പർശിക്കുന്നതെന്തും, അശുദ്ധമായിത്തീർന്നതിനെ സ്പർശിക്കുന്നവനും.

അധ്യായം 20 (അധ്യായം 20ൽ 29 വാക്യങ്ങൾ)
പാറയിൽനിന്നു ജലം

**20,1 ഇസ്രായേൽജനം ഒന്നാം മാസത്തിൽ സിൻ മരുഭൂമിയിലെത്തി; അവർ കാദെഷിൽ താമസിച്ചു. അവിടെവച്ചു മിരിയാം മരിച്ചു. അവളെ അവിടെ സംസ്കരിച്ചു.**

478 ഇസ്രായേൽജനം ഒന്നാം മാസത്തിൽ എത്തിയത്? **ഉ:** സിൻ മരുഭൂമിയിൽ (20,1).

479 ഇസ്രായേൽജനം ഒന്നാം മാസത്തിൽ എത്തി താമസിച്ചത്? **ഉ:** സിൻ മരുഭൂമിയിലെ കാദെഷിൽ (20,1). (കാദെഷ് പാരാൻ മരുഭൂമിയിൽ എന്ന് സംഖ്യ 13,25ൽ).

480 സിൻ മരുഭൂമിയിലെ കാദെഷിൽവച്ചു മരിച്ചത്? **ഉ:** മിരിയാം (20,1).

481 മിരിയാമിനെ സംസ്കരിച്ചത്? **ഉ:** സിൻ മരുഭൂമിയിലെ കാദെഷിൽ (20,1).

**20,2 അവിടെ ജനത്തിനു വെള്ളം ലഭിച്ചില്ല; അവർ മോശയ്ക്കും അഹറോനുമെതിരേ ഒരുമിച്ചുകൂടി.**

482 ജനത്തിനു വെള്ളം ലഭിക്കാതിരുന്നത്? **ഉ:** സിൻ മരുഭൂമിയിലെ കാദെഷിൽ (20,2).

483 വെള്ളം ലഭിക്കാതിരുന്നപ്പോൾ ജനം ഒരുമിച്ചുകൂടിയത്? **ഉ:** മോശയ്ക്കും അഹറോനുമെതിരേ (20,2).

**20,3-5 [3]ജനം മോശയോട് എതിർത്തുപറഞ്ഞു: ഞങ്ങളുടെ സഹോദരങ്ങൾ കർത്താവിന്റെ മുമ്പിൽ മരിച്ചുവീണപ്പോൾ ഞങ്ങളും മരിച്ചിരുന്നെങ്കിൽ! [4]ഞങ്ങളും ഞങ്ങളുടെ കന്നുകാലികളും ഇവിടെക്കിടന്നു ചാകാൻവേണ്ടി നിങ്ങൾ കർത്താവിന്റെ സമൂഹത്തെ ഈ മരുഭൂമിയിലേക്ക് എന്തിനു കൊണ്ടുവന്നു? [5]ദുഷിച്ച ഈ സ്ഥലത്തേക്കു നയിക്കാൻ ഈജിപ്തിൽനിന്നു ഞങ്ങളെ കൊണ്ടുവന്നതെന്തിന്? ഇതു ധാന്യമോ അത്തിപ്പഴമോ മുന്തിരിയോ മാതളപ്പഴമോ കിട്ടുന്ന സ്ഥലമല്ല; കുടിക്കാൻ വെള്ളംപോലുമില്ല.**

484 ഞങ്ങളുടെ സഹോദരങ്ങൾ കർത്താവിന്റെ മുമ്പിൽ മരിച്ചുവീണപ്പോൾ ഞങ്ങളും മരിച്ചിരുന്നെങ്കിൽ! ആര് ആരോടു പറഞ്ഞു? **ഉ:** ജനം മോശയോട് (20,3).

485 പൂരിപ്പിക്കുക: ഞങ്ങളും ഞങ്ങളുടെ കന്നുകാലികളും ഇവിടെക്കിടന്നു ചാകാൻ വേണ്ടി നിങ്ങൾ .... ഈ മരുഭൂമിയിലേക്ക് എന്തിനു കൊണ്ടുവന്നു? (20,4). **ഉ:** കർത്താവിന്റെ സമൂഹത്തെ. (ജനം: വാക്യം 3 - കർത്താവിന്റെ സമൂഹം: വാക്യം 4)

486 ദുഷിച്ച ഈ സ്ഥലം എന്ന് ജനം മോശയോട് എതിർത്തുപറഞ്ഞത് എവിടം? **ഉ:** സിൻ മരുഭൂമിയിലെ കാദെഷ് (20,1).

487 ഇതു ധാന്യമോ അത്തിപ്പഴമോ മുന്തിരിയോ മാതളപ്പഴമോ കിട്ടുന്ന സ്ഥലമല്ല; കുടിക്കാൻ വെള്ളംപോലുമില്ല. ഏതു സ്ഥലം? **ഉ:** സിൻ മരുഭൂമിയിലെ കാദെഷ് (20,1).

488 സിൻ മരുഭൂമിയിലെ കാദെഷിൽ കർത്താവിന്റെ സമൂഹത്തിനു കിട്ടാതിരുന്നത്? **ഉ:** ധാന്യമോ അത്തിപ്പഴമോ മുന്തിരിയോ മാതളപ്പഴമോ (20,5).

489 സിൻ മരുഭൂമിയിലെ കാദെഷിൽ കർത്താവിന്റെ സമൂഹത്തിനു ഇല്ലാതിരുന്നത്? **ഉ:** കുടിക്കാൻ വെള്ളംപോലും (20,5).

**20,6 അപ്പോൾ മോശയും അഹറോനും സമൂഹത്തിൽനിന്നു സമാഗമകൂടാരവാതിൽക്കൽ ചെന്ന് സാഷ്ടാംഗം വീണു. കർത്താവിന്റെ മഹത്വം അവർക്കു വെളിപ്പെട്ടു.**

490 സിൻ മരുഭൂമിയിലെ കാദെഷിൽ ജനം ജനം മോശയോട് എതിർത്തുപറഞ്ഞപ്പോൾ സമൂഹത്തിൽനിന്നു സമാഗമകൂടാരവാതിൽക്കൽ ചെന്ന് സാഷ്ടാംഗം വീണത്? **ഉ:** മോശയും അഹറോനും (20,6).

491 സിൻ മരുഭൂമിയിലെ കാദെഷിൽ ജനം ജനം മോശയോട് എതിർത്തുപറഞ്ഞപ്പോൾ മോശയും അഹറോനും എവിടെനിന്ന് സമാഗമകൂടാരവാതിൽക്കൽ ചെന്ന് സാഷ്ടാംഗം വീണു? **ഉ:** സമൂഹത്തിൽനിന്നു (20,6).

492 സിൻ മരുഭൂമിയിലെ കാദെഷിൽ ജനം ജനം മോശയോട് എതിർത്തുപറഞ്ഞപ്പോൾ മോശയും അഹറോനും സമൂഹത്തിൽനിന്നു ചെന്ന് സാഷ്ടാംഗം വീണത് എവിടെ? **ഉ:** സമാഗമകൂടാരവാതിൽക്കൽ (20,6).

493 മോശയും അഹറോനും സമൂഹത്തിൽനിന്നു സമാഗമകൂടാരവാതിൽക്കൽ ചെന്ന് സാഷ്ടാംഗം വീണു. അവർക്കു വെളിപ്പെട്ടത്? **ഉ:** കർത്താവിന്റെ മഹത്വം (20,6).



**20,7 കർത്താവു മോശയോട് അരുളിച്ചെയ്തു: നിന്റെ വടി കൈയിലെടുക്കുക; നീയും നിന്റെ സഹോദരൻ അഹറോനുംകൂടി സമൂഹത്തെ വിളിച്ചുകൂട്ടി വെള്ളം പുറപ്പെടുവിക്കാൻ അവരുടെ മുമ്പിൽവച്ചു പാറയോട് ആജ്ഞാപിക്കുക; പാറയിൽനിന്നു വെള്ളം പുറപ്പെടുവിച്ചു ജനത്തിനും മൃഗങ്ങൾക്കും കുടിക്കാൻ കൊടുക്കുക.** (NB: സംഖ്യ 20ൽ വാക്യം **8** ഇല്ല)

494 പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കാൻ മോശ കൈയിലെടുക്കണമെന്നു കർത്താവ് മോശയോട് അരുൾചെയ്തത്? **ഉ:** മോശയുടെ വടി (20,7).

495 പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കാൻ മോശയും സഹോദരൻ അഹറോനുംകൂടി വിളിച്ചുകൂട്ടാൻ കർത്താവ് മോശയോട് അരുളിച്ചെയ്ത്? **ഉ:** സമൂഹത്തെ (20,7).

495a വെള്ളം പുറപ്പെടുവിക്കാൻ മോശ ആരുടെ മുമ്പിൽവച്ചു പാറയോട് ആജ്ഞാപിക്കുക എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** സമൂഹത്തിന്റെ (20,7).

496 ആര് സമൂഹത്തെ വിളിച്ചുകൂട്ടുക എന്നു കർത്താവ് മോശയോട് അരുളിച്ചെയ്തു? **ഉ:** നീയും (മോശയും) നിന്റെ സഹോദരൻ അഹറോനുംകൂടി (20,7).

497 വെള്ളം പുറപ്പടുവിക്കാൻ പാറയോടു കല്പിക്കേണ്ടത്? **ഉ:** മോശ (20,7).

498 പാറയിൽനിന്നു വെള്ളം പുറപ്പെടുവിച്ചു കുടിക്കാൻ കൊടുക്കേണ്ടത്? **ഉ:** ജനത്തിനും മൃഗങ്ങൾക്കും (20,7).

**20,9 കൽപനയനുസരിച്ചു മോശ കർത്താവിന്റെ മുമ്പിൽനിന്നു വടിയെടുത്തു.**

499 പാറയിൽനിന്നു വെള്ളം പുറപ്പെടുവിച്ചു കുടിക്കാൻ മോശ വടിയെടുത്തത്? **ഉ:** കർത്താവിന്റെ മുമ്പിൽനിന്നു (20,9).

500 എന്തനുസരിച്ചു മോശ കർത്താവിന്റെ മുമ്പിൽനിന്നു വടിയെടുത്തു? **ഉ:** കൽപനയനുസരിച്ച് (20,9).

**20,10 മോശയും അഹറോനുംകൂടി പാറയ്ക്കു മുമ്പിൽ ജനങ്ങളെ ഒന്നിച്ചുകൂട്ടി. മോശ പറഞ്ഞു: ധിക്കാരികളേ, കേൾക്കുവിൻ; നിങ്ങൾക്കുവേണ്ടി ഈ പാറയിൽനിന്നു ഞങ്ങൾ വെള്ളം പുറപ്പെടുവിക്കണമോ?**

501 പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കാൻ പാറയ്ക്കു മുമ്പിൽ ജനങ്ങളെ ഒന്നിച്ചുകൂട്ടിയത്? **ഉ:** മോശയും അഹറോനുംകൂടി (20,10).

502 പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കാൻ മോശയും അഹറോനുംകൂടി ജനങ്ങളെ ഒന്നിച്ചുകൂട്ടിയത്? **ഉ:** പാറയ്ക്കു മുമ്പിൽ (20,10).

**20,11 മോശ കൈയുയർത്തി പാറയിൽ രണ്ടു പ്രാവശ്യം വടികൊണ്ടടിച്ചു. ധാരാളം ജലം പ്രവഹിച്ചു. മനുഷ്യരും മൃഗങ്ങളും അതിൽനിന്നു കുടിച്ചു.**

503 പാറയിൽനിന്നു ധാരാളം ജലം പ്രവഹിക്കാൻ മോശ എന്തു ചെയ്തു? **ഉ:** കൈയുയർത്തി പാറയിൽ രണ്ടു പ്രാവശ്യം വടികൊണ്ടടിച്ചു (20,11).

504 മോശ കൈയുയർത്തി പാറയിൽ രണ്ടു പ്രാവശ്യം വടികൊണ്ടടിച്ചു പ്രവഹിച്ച ധാരാളം ജലത്തിൽനിന്നു കുടിച്ചത്? **ഉ:** മനുഷ്യരും മൃഗങ്ങളും (20,11).

**20,12 കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തു: ഇസ്രായേലിൽ എന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം ദൃഢമായി നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു ഞാൻ ഈ ജനത്തിനു കൊടുക്കുന്ന ദേശത്ത് ഇവരെ എത്തിക്കുന്നതു നിങ്ങളായിരിക്കുകയില്ല. ഇതാണ് മെരീബായിലെ ജലം.**

505 ഇസ്രായേലിൽ കർത്താവിന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം ദൃഢമായി കർത്താവിൽ വിശ്വസിക്കാതിരുന്നത്? **ഉ:** മോശയും അഹറോനും (20,12).

506 ഇസ്രായേലിൽ എന്തു വെളിപ്പെടുത്തത്തക്കവിധം ദൃഢമായി മോശയും അഹറോനും കർത്താവിൽ വിശ്വസിക്കാതിരുന്നു? **ഉ:** കർത്താവിന്റെ വിശുദ്ധി (20,12).

507 ഇസ്രായേലിൽ കർത്താവിന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം ദൃഢമായി മോശയും അഹറോനും കർത്താവിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു കർത്താവ് അവർക്കു നല്കിയ ശിക്ഷ? **ഉ:** ഞാൻ ഈ ജനത്തിനു കൊടുക്കുന്ന ദേശത്ത് ഇവരെ എത്തിക്കുന്നതു നിങ്ങളായിരിക്കുകയില്ല (20,12).

507 ഇസ്രായേലിൽ കർത്താവിന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം ദൃഢമായി മോശയും അഹറോനും കർത്താവിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു കർത്താവ് അവർക്കു നല്കിയ ശിക്ഷ? **ഉ:** കർത്താവ് ജനത്തിനു കൊടുത്ത ദേശത്ത് ജനത്തെ

എത്തിക്കാൻ മോശയ്ക്കും അഹറോനും സാധിച്ചില്ല (20,12).
508 ഇതാണു മെരീബായിലെ ജലം. അധ്യായം, വാക്യം? **ഉ:** സംഖ്യ 20,12.
**20,13ഇവിടെവച്ചാണ് ഇസ്രായേല്യർ കർത്താവിനോടു മത്സരിക്കുകയും അവിടുന്നു തന്റെ പരിശുദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്തത്.**
509 മെരീബായിൽവച്ചു കർത്താവിനോടു മത്സരിച്ചത്? **ഉ:** ഇസ്രായേല്യർ (20,13).
510 മെരീബായിൽവച്ചു കർത്താവ് ഇസ്രായേല്യർക്കു വെളിപ്പെടുത്തിയത്? **ഉ:** തന്റെ പരിശുദ്ധി (20,12-13).
511 മെരീബായിൽവച്ചു കർത്താവ് തന്റെ പരിശുദ്ധി വെളിപ്പെടുത്തിയത്? **ഉ:** ഇസ്രായേല്യർക്കു (20,12-13).
512 മെരീബായിൽ സംഭവിച്ചത്? **ഉ:** ഇസ്രായേല്യർ കർത്താവിനോടു മത്സരിക്കുകയും അവിടുന്നു തന്റെ പരിശുദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്തു (20,13).
513 മെരീബാ = മാത്സര്യം (പി.ഒ.സി ബൈബിൾ).

ഏദോം തടസ്സം നിൽക്കുന്നു

**20,14-17** 14 **മോശ കാദെഷിൽനിന്നു ദൂതന്മാരെ അയച്ച് ഏദോം രാജാവിനോടു പറഞ്ഞു: നിന്റെ സഹോദരനായ ഇസ്രായേൽ അറിയിക്കുന്നു, ഞങ്ങൾക്കുണ്ടായ കഷ്ടതകളെല്ലാം നീ അറിയുന്നുവല്ലോ.** 15 **ഞങ്ങളുടെ പിതാക്കന്മാർ ഈജിപ്തിലേക്കു പോയതും ദീർഘകാലം അവിടെ ജീവിച്ചതും ഈജിപ്തുകാർ ഞങ്ങളുടെ പിതാക്കന്മാരോടും ഞങ്ങളോടും ക്രൂരമായി പ്രവർത്തിച്ചതുമെല്ലാം നിനക്കറിയാം.** 16 **അപ്പോൾ ഞങ്ങൾ കർത്താവിനോടു പ്രാർഥിച്ചു; അവിടുന്നു ഞങ്ങളുടെ സ്വരം ശ്രവിച്ചു; തന്റെ ദൂതനെ അയച്ച് ഈജിപ്തിൽനിന്നു ഞങ്ങളെ കൊണ്ടുപോന്നു. ഇപ്പോൾ ഞങ്ങൾ ഇവിടെ നിങ്ങളുടെ അതിർത്തിയിലുള്ള കാദെഷ് നഗരത്തിൽ എത്തിയിരിക്കുന്നു.** 17 **നിങ്ങളുടെ ദേശത്തിലൂടെ കടന്നുപോകാൻ ഞങ്ങളെ അനുവദിക്കണം. വയലുകളിലോ മുന്തിരിത്തോട്ടങ്ങളിലോ ഞങ്ങൾ പ്രവേശിക്കുകയില്ല. നിങ്ങളുടെ കിണററിലെ വെള്ളം കുടിക്കുകയില്ല; നിങ്ങളുടെ രാജ്യതിർത്തി കടക്കുന്നതുവരെ ഇടംവലം തിരിയാതെ രാജപാതയിലൂടെത്തന്നെ ഞങ്ങൾ പൊയ്ക്കൊള്ളാം.**
514 മോശ ഏദോംരാജാവിനു ദൂതന്മാരെ അയച്ചത് എവിടെനിന്ന്? **ഉ:** കാദെഷിൽനിന്നു (20,14).
515 മോശ കാദെഷിൽനിന്നു ദൂതന്മാരെ അയച്ച് ഏദോം രാജാവിനോടു നിന്റെ സഹോദരൻ എന്നു പറഞ്ഞത് ആരെ? **ഉ:** ഇസ്രായേലിനെ (20,14).
516 കർത്താവ് ഈജിപ്തിൽനിന്നു ഞങ്ങളെ കൊണ്ടുപോന്നത് എങ്ങനെയെന്ന് മോശ ദൂതന്മാരെ അയച്ച് ഏദോം രാജാവിനോടു പറഞ്ഞു? **ഉ:** തന്റെ ദൂതനെ അയച്ച് (20,16
517 മോശ കാദെഷിൽനിന്നു ദൂതന്മാരെ അയച്ച് ഏദോം രാജാവിനോടു ചോദിച്ച അനുവാദം? **ഉ:** നിങ്ങളുടെ ദേശത്തിലൂടെ കടന്നുപോകാൻ (20,17).
518 മോശ കാദെഷിൽനിന്നു ദൂതന്മാരെ അയച്ച് ഏദോം രാജാവിനോട്, അവരുടെ ദേശത്തിലൂടെ കടന്നുപോകാൻ അനുവദിക്കുന്നതിനു പറഞ്ഞ വ്യവസ്ഥകൾ? **ഉ:** വയലുകളിലോ മുന്തിരിത്തോട്ടങ്ങളിലോ ഞങ്ങൾ പ്രവേശിക്കുകയില്ല. നിങ്ങളുടെ കിണററിലെ വെള്ളം കുടിക്കുകയില്ല; നിങ്ങളുടെ രാജ്യാതിർത്തി കടക്കുന്നതുവരെ ഇടംവലം തിരിയാതെ രാജപാതയിലൂടെത്തന്നെ ഞങ്ങൾ പൊയ്ക്കൊള്ളാം. (20,17). (ഇത് മോശ പറഞ്ഞതാണ്)
**20,18ഏദോം രാജാവ് എതിർത്തു പറഞ്ഞു: നിങ്ങൾ കടന്നു പോകരുത്; കടന്നാൽ വാളുമായി ഞാൻ നിങ്ങളെ നേരിടും.**
**20,19ഇസ്രായേൽക്കാർ പറഞ്ഞു: ഞങ്ങൾ പെരുവഴിയിലൂടെ പൊയ്ക്കൊള്ളാം. ഞങ്ങളോ ഞങ്ങളുടെ മൃഗങ്ങളോ നിങ്ങളുടെ വെള്ളം കുടിച്ചാൽ അതിനു വില തന്നുകൊള്ളാം. കടന്നുപോകാനനുവദിക്കണമെന്നല്ലാതെ മറ്റൊന്നും ആവശ്യപ്പെടുന്നില്ല.**
519 ഞങ്ങൾ പെരുവഴിയിലൂടെ പൊയ്ക്കൊള്ളാം എന്ന് ഏദോംരാജാവിനോടു പറഞ്ഞത്? **ഉ:** ഇസ്രായേൽക്കാർ (20,19).
520 ഞങ്ങളോ ഞങ്ങളുടെ മൃഗങ്ങളോ നിങ്ങളുടെ വെള്ളം കുടിച്ചാൽ അതിനു വില



തന്നുകൊള്ളാമെന്ന് ഏദോംരാജാവിനോടു പറഞ്ഞത്? **ഉ:** ഇസ്രായേൽക്കാർ
521 ഇസ്രായേൽക്കാർ ഏദോംരാജാവിനോട് ആവശ്യപ്പെടാതിരുന്നത്? **ഉ:** കടന്നുപോകാനനുവദിക്കണമെന്നല്ലാതെ മറ്റൊന്നും (20,19).
**20,20അവൻ പറഞ്ഞു: നീ കടന്നുപോകാൻ പാടില്ല. ശക്തമായ സൈന്യവുമായി ഏദോം ഇസ്രായേലിനെതിരേ പുറപ്പെട്ടു.**
522 നീ കടന്നുപോകാൻ പാടില്ല. ആര് ആരോടു പറഞ്ഞു? **ഉ:** ഏദോംരാജാവ് ഇസ്രായേൽക്കാരോട് (20,19-20).
523 ശക്തമായ സൈന്യവുമായി ഇസ്രായേലിനെതിരേ പുറപ്പെട്ടത്? **ഉ:** ഏദോം (20,20
**20,21തന്റെ അതിർത്തിയിലൂടെ കടന്നുപോകുന്നത് ഏദോം തടഞ്ഞു. അതിനാൽ ഇസ്രായേൽ അവിടെനിന്നു തിരിച്ചുപോയി.**
524 തന്റെ അതിർത്തിയിലൂടെ കടന്നുപോകുന്നത് ഇസ്രായേലിനെ തടഞ്ഞത്? **ഉ:** ഏദോം (20,21).
525 തന്റെ അതിർത്തിയിലൂടെ കടന്നുപോകുന്നത് ഏദോം ഇസ്രായേലിനെ തടഞ്ഞത് എവിടെവച്ച്? **ഉ:** കാദെഷിൽ 20,14).

അഹറോന്റെ മരണം

**20,22ഇസ്രായേല്യർ കാദെഷിൽനിന്നു പുറപ്പെട്ടു ഹോർമലയിലെത്തി.**
526 ഇസ്രായേല്യർ കാദെഷിൽനിന്നു പുറപ്പെട്ട് എത്തിയത്? **ഉ:** ഹോർമലയിൽ (20,22).
**20,23-26** 23 **ഏദോംരാജ്യാതിർത്തിയിലുള്ള ഹോർമലയിൽവച്ചു കർത്താവു മോശയോടും അഹറോനോടും അരുളിച്ചെയ്തു:** 24 **അഹറോൻ തന്റെ പിതാക്കന്മാരോടു ചേരും. മെരീബാ ജലാശയത്തിങ്കൽവച്ചു നിങ്ങൾ എന്റെ കൽപനയെ ധിക്കരിച്ചതുകൊണ്ട്, ഇസ്രായേൽജനത്തിനു ഞാൻ നൽകുന്ന ദേശത്ത് അവൻ പ്രവേശിക്കുകയില്ല.** 25 **അഹറോനെയും പുത്രൻ എലെയാസറിനെയും ഹോർമലയിലേക്കു കൂട്ടിക്കൊണ്ടുവരുക.** 26 **അഹറോന്റെ വസ്ത്രം ഊരി മകനായ എലെയാസറിനെ ധരിപ്പിക്കുക; അഹറോൻ അവിടെവച്ചു തന്റെ പിതാക്കന്മാരോടു ചേരും.**
527 ഹോർമല എവിടെ? **ഉ:** ഏദോംരാജ്യാതിർത്തിയിൽ (20,23).
528 അഹറോൻ തന്റെ പിതാക്കന്മാരോടു ചേരും എന്ന് കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തത് എവിടെവച്ച്? **ഉ:** ഹോർമലയിൽവച്ചു(20,23).
529 മെരീബാ ജലാശയത്തിങ്കൽവച്ചു നിങ്ങൾ എന്റെ കൽപനയെ ധിക്കരിച്ചതുകൊണ്ട്, അഹറോൻ എവിടെ പ്രവേശിക്കുകയില്ല എന്നു കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തു? **ഉ:** ഇസ്രായേൽജനത്തിനു ഞാൻ നൽകുന്ന ദേശത്ത് (20,24). (nb അഹറോൻ പ്രവേശിക്കുകയില്ല എന്ന്).
530 ഇസ്രായേൽജനത്തിനു ഞാൻ നൽകുന്ന ദേശത്ത് എന്തുകൊണ്ട് അഹറോൻ പ്രവേശിക്കുകയില്ല എന്നു കർത്താവ് മോശയോടും അഹറോനോടും അരുളിച്ചെയ്തു? **ഉ:** മെരീബാ ജലാശയത്തിങ്കൽവച്ചു നിങ്ങൾ (മോശയും അഹറോനും) എന്റെ കൽപനയെ ധിക്കരിച്ചതുകൊണ്ട് (20,24).
531 മെരീബാ ജലാശയത്തിങ്കൽവച്ചു കർത്താവിന്റെ കൽപനയെ ധിക്കരിച്ചത്? **ഉ:** മോശയും അഹറോനും (20,24).
532 മെരീബാ ജലാശയത്തിങ്കൽവച്ചു മോശയും അഹറോനും ധിക്കരിച്ചത്? **ഉ:** കർത്താവിന്റെ കൽപനയെ (20,24)
533 ആരെ ഹോർമലയിലേക്കു കൂട്ടിക്കൊണ്ടു വരുകയെന്ന് കർത്താവ് മോശയോടു പറഞ്ഞു? **ഉ:** അഹറോനെയും പുത്രൻ എലെയാസറിനെയും (20,25).
534 അഹറോന്റെ വസ്ത്രം ഊരി ആരെ ധരിപ്പിക്കുക എന്നു കർത്താവ് മോശയോടു പറഞ്ഞു? **ഉ:** മകനായ എലെയാസറിനെ (20,26).
535 അഹറോൻ എവിടെവച്ചു തന്റെ പിതാക്കന്മാരോടു ചേരും എന്നു കർത്താവ് മോശയോടു പറഞ്ഞു? **ഉ:** ഹോർമലയിൽവച്ചു (20,26).
536 അഹറോൻ ഹോർമലയിൽവച്ചു തന്റെ പിതാക്കന്മാരോടു ചേരും എന്നു കർത്താവ് പറഞ്ഞത്? **ഉ:** മോശയോടു **(20,26).**
**20,27കർത്താവു കല്പിച്ചതുപോലെ മോശ ചെയ്തു; സമൂഹം മുഴുവൻ നോക്കി**

**നിൽക്കേ അവർ ഹോർമലയിലേക്കു കയറിപ്പോയി.**
537 സമൂഹം മുഴുവൻ നോക്കിനിൽക്കേ ഹോർമലയിലേക്കു കയറിപ്പോയവർ?
**ഉ:** മോശ, അഹറോൻ, എലെയാസർ (20,27).
**20,28 മോശ അഹറോന്റെ വസ്ത്രം ഊരി അവന്റെ മകനായ എലെയാസറിനെ ധരിപ്പിച്ചു. മലമുകളിൽവച്ച് അഹറോൻ മരിച്ചു. മോശയും എലെയാസറും മലയിൽനിന്ന് ഇറങ്ങിപ്പോന്നു.**
538 മോശ അഹറോന്റെ വസ്ത്രം ഊരി അവന്റെ മകനായ എലെയാസറിനെ ധരിപ്പിച്ചത് എവിടെവച്ച്? **ഉ:** ഹോർമലയിൽവച്ച് (20,27-28).
539 അഹറോന്റെ വിശുദ്ധ വസ്ത്രം മകനായ എലെയാസറിനെ ധരിപ്പിച്ചത് ഏതു വേദഭാഗത്തെ ഓർമിപ്പിക്കുന്നു? **ഉ:** പുറ 29,29.
540 അഹറോൻ മരിച്ചത്? **ഉ:** ഹോർമലയിൽവച്ച് (20,28).
541 ഹോർമലയിൽനിന്ന് ഇറങ്ങിപ്പോന്നവർ? **ഉ:** മോശയും എലെയാസറും (20,29).
**20,29 അഹറോൻ മരിച്ചുപോയി എന്നറിഞ്ഞ് ഇസ്രായേൽസമൂഹം മുഴുവൻ അവനെ ഓർത്തു മുപ്പതു ദിവസം ദുഃഖമാചരിച്ചു.**
542 അഹറോൻ മരിച്ചുപോയി എന്നറിഞ്ഞ് അവനെ ഓർത്തു മുപ്പതു ദിവസം ദുഃഖമാചരിച്ചത്? **ഉ:** ഇസ്രായേൽസമൂഹം മുഴുവൻ (20,29).
543 അഹറോൻ മരിച്ചുപോയി എന്നറിഞ്ഞ് ഇസ്രായേൽസമൂഹം മുഴുവൻ അവനെ ഓർത്തു ദുഃഖമാചരിച്ചത്? **ഉ:** മുപ്പതു ദിവസം (20,29).
544 സംഖ്യ 20,22-29ൽ രണ്ടു പ്രാവശ്യം അഹറോനെപ്പറ്റി ആവർത്തിച്ചിട്ടുള്ള കർത്താവിന്റെ വാക്കുകൾ? **ഉ:** അഹറോൻ തന്റെ പിതാക്കന്മാരോടു ചേരും (വാക്യ 24.26).
545 തന്റെ പിതാക്കന്മാരോടു ചേരുക എന്നതിന്റെ അർഥം? **ഉ:** മരിക്കുക (20,28).

അധ്യായം 21 (അധ്യായം 21ൽ 35 വാക്യങ്ങൾ)

**21,1 ഇസ്രായേൽ അത്താറിം വഴി വരുന്നെന്നു നെഗെബിൽ വസിച്ചിരുന്ന കാനാന്യനായ അരാദിലെ രാജാവു കേട്ടു. അവൻ ഇസ്രായേലിനോടു യുദ്ധം ചെയ്തു കുറെപ്പേരെ തടവുകാരാക്കി.**
546 ഇസ്രായേൽ അത്താറിം വഴി വരുന്നെന്നു കേട്ട രാജാവ്? **ഉ:** കാനാന്യനായ അരാദിലെ രാജാവ് (21,1).
547 ഇസ്രായേൽ അത്താറിം വഴി വന്നപ്പോൾ കാനാന്യനായ അരാദിലെ രാജാവ് വസിച്ചിരുന്നത്? **ഉ:** നെഗെബിൽ (21,1).
548 ഇസ്രായേൽ അത്താറിം വഴി വന്നപ്പോൾ ഇസ്രായേലിനോടു യുദ്ധം ചെയ്തു കുറെപ്പേരെ തടവുകാരാക്കിയത്? **ഉ:** നെഗെബിൽ വസിച്ചിരുന്ന കാനാന്യനായ അരാദിലെ രാജാവ് (21,1).
**21,2 ഇസ്രായേൽ കർത്താവിനോടു ശപഥം ചെയ്തു: അങ്ങ് ഈ ജനത്തെ എന്റെ കൈയിൽ ഏൽപിച്ചുതരുമെങ്കിൽ ഞാൻ അവരുടെ പട്ടണങ്ങളെ നിശ്ശേഷം നശിപ്പിക്കും.**
549 അങ്ങ് ഈ ജനത്തെ എന്റെ കൈയിൽ ഏൽപിച്ചുതരുമെങ്കിൽ ഞാൻ അവരുടെ പട്ടണങ്ങളെ നിശ്ശേഷം നശിപ്പിക്കും എന്ന് കർത്താവിനോടു ശപഥം ചെയ്തത്? **ഉ:** ഇസ്രായേൽ (21,2). (ഈ ജനം 21,2ൽ - കാനാന്യർ)
549a അങ്ങ് ഈ ജനത്തെ എന്റെ കൈയിൽ ഏൽപിച്ചുതരുമെങ്കിൽ ഞാൻ അവരുടെ പട്ടണങ്ങളെ നിശ്ശേഷം നശിപ്പിക്കും എന്ന് ഇസ്രായേൽ കർത്താവിനോടു ശപഥം ചെയ്തത് ഏതു ജനത്തെക്കുറിച്ച്? **ഉ:** കാനാന്യരെ (21,1-2).
**21,3 കർത്താവ് ഇസ്രായേൽ പറഞ്ഞതു ശ്രവിച്ച് കാനാന്യരെ അവർക്ക് ഏൽപിച്ചുകൊടുത്തു. അവർ കാനാന്യരെയും അവരുടെ പട്ടണങ്ങളെയും നിശ്ശേഷം നശിപ്പിച്ചു. അങ്ങനെ ആ സ്ഥലത്തിനു ഹോർമ എന്ന പേരു ലഭിച്ചു.**
550 ഹോർമ എന്നു പേരു ലഭിച്ച സ്ഥലം? **ഉ:** (അരാദിലെ രാജാവ് ഇസ്രായേലിനോടു യുദ്ധം ചെയ്തു കുറെപ്പേരെ തടവുകാരാക്കിയപ്പോൾ) ഇസ്രായേൽ .യുദ്ധം ചെയ്തു നിശ്ശേഷം നശിപ്പിച്ച കാനാന്യരുടെ പട്ടണങ്ങൾ (21,3).
551 ഹോർമ എന്ന വാക്കിന്റെ അർഥം? **ഉ:** വിനാശം (പി.ഒ.സി ബൈബിൾ).
**21,4-5 [4]ഏദോം ചുറ്റിപ്പോകാൻ ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള വഴിയേ**



**അവർ യാത്ര പുറപ്പെട്ടു; യാത്രാമധ്യേ ജനം അക്ഷമരായി. [5]ദൈവത്തിനും മോശയ്ക്കുമെതിരായി അവർ സംസാരിച്ചു. ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു.**
552 ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള വഴിയേ ഇസ്രായേൽ യാത്ര പുറപ്പെട്ടത് എന്തിന്? **ഉ:** ഏദോം ചുറ്റിപ്പോകാൻ (21,4).
553 ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു (21,5). ജനം ആർക്കെതിരായി സംസാരിച്ചത്? **ഉ:** ദൈവത്തിനും മോശയ്ക്കുമെതിരായി (21,4-5).
554 ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു (21,5). ജനം എവിടെവച്ച് ദൈവത്തിനും മോശയ്ക്കുമെതിരായി സംസാരിച്ചത്? **ഉ:** ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള യാത്രാമധ്യേ (21,4-5).
555 എന്തു തിന്നു ഞങ്ങൾ മടുത്തു എന്ന് ജനം ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള യാത്രാമധ്യേ ദൈവത്തിനും മോശയ്ക്കുമെതിരായി സംസാരിച്ചു?
**ഉ:** വിലകെട്ട ഈ അപ്പം തിന്നു (21,5).
**21,6 അപ്പോൾ കർത്താവ് ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു. അവയുടെ ദംശനമേറ്റ് ഇസ്രായേലിൽ വളരെപ്പേർ മരിച്ചു.**
556 ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള യാത്രാമധ്യേ ജനം ദൈവത്തിനും മോശയ്ക്കുമെതിരായി സംസാരിച്ചപ്പോൾ ജനത്തിന്റെ ഇടയിലേക്ക് കർത്താവ് അയച്ചത്? **ഉ:** ആഗ്നേയ സർപ്പങ്ങളെ (21,6).
557 കർത്താവ് ജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു. അവയുടെ ദംശനമേറ്റ് മരിച്ചത്? **ഉ:** ഇസ്രായേലിൽ വളരെപ്പേർ (21,6).
**21,7 ജനം മോശയുടെ അടുക്കൽ വന്നു പറഞ്ഞു: അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ചു ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോടു പ്രാർഥിക്കേണമേ! മോശ ജനത്തിനുവേണ്ടി പ്രാർഥിച്ചു.**
558 അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ചു ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോടു പ്രാർഥിക്കേണമേ എന്ന് ജനം വന്നു പറഞ്ഞത്? **ഉ:** മോശയുടെ അടുക്കൽ (21,7).
**21,8-9 [8]കർത്താവ് മോശയോട് അരുളിച്ചെയ്തു: ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക. ദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. [9]മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി; ദംശനമേറ്റവർ പിച്ചള സർപ്പത്തെ നോക്കി; അവർ ജീവിച്ചു.**
559 മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തിയത് എവിടെവച്ച്? **ഉ:** ഹോർ മലയിൽനിന്നു ചെങ്കടലിലേക്കുള്ള യാത്രയിൽ (21,5-6.
560 മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തിയത് എന്തിന്? **ഉ:** കർത്താവ് ജനത്തിന്റെ ഇടയിലേക്ക് അയച്ച ആഗ്നേയ സർപ്പങ്ങളുടെ ദംശനമേറ്റവർ മരിക്കാതിരിക്കാൻ (21,8).
561 ആഗ്നേയ സർപ്പങ്ങളുടെ ദംശനമേറ്റവരിൽ ജീവിച്ചവർ? **ഉ:** പിച്ചളസർപ്പത്തെ നോക്കിയവർ (21,9). പിച്ചളസർപ്പത്തെ ഉണ്ടാക്കി ഉയർത്തി നിർത്തിയത്? **ഉ:** മോശ.
562 ചെങ്കടലിലേക്കുള്ള വഴിയിലൂടെ മരുഭൂമിയിലേക്കു ജനം യാത്ര ചെയ്തത് അനുസ്മരിക്കുന്ന പഴയ നിയമഭാഗം? **ഉ:** നിയ 2,1.
563 ആഗ്നേയ സർപ്പസംഭവം അനുസ്മരിക്കുന്ന മറ്റു ബൈബിൾഭാഗങ്ങൾ?
**ഉ:** 2 രാജാ 18,4; യോഹ 3,14; 1 കോറി 10,9. (യോഹ 3,14; 1 കോറി 10,9 പുതിയ നിയമഭാഗങ്ങളാണ്)

മൊവാബു താഴ്‌വരയിലേക്ക്

**21,10 അനന്തരം, ഇസ്രായേൽജനം യാത്ര പുറപ്പെട്ട് ഓബോത്തിൽ ചെന്നു പാളയമടിച്ചു.**
564 ആഗ്നേയ സർപ്പങ്ങളുടെ ദംശനത്തിൽനിന്നു രക്ഷപെട്ടിടത്തുനിന്ന് ഇസ്രായൽ

ജനം യാത്ര പുറപ്പെട്ട് ചെന്നു പാളയമടിച്ചത്? **ഉ:** ഓബോത്തിൽ (21,10).

**21,11 അവിടെനിന്നു പുറപ്പെട്ടു മൊവാബിനെതിരെയുള്ള മരുഭൂമിയിൽ ഇയ്യെഅബിറീമിൽ കിഴക്കുദിക്കിനഭിമുഖം പാളയമടിച്ചു.**

565 ഇസ്രായേൽജനം ഓബോത്തിൽനിന്നു പുറപ്പെട്ട് പാളയമടിച്ചത്? **ഉ:** മൊവാബിനെതിരെയുള്ള മരുഭൂമിയിൽ ഇയ്യെഅബിറീമിൽ കിഴക്കുദിക്കിനഭിമുഖം (21,11).

566 ഇയ്യെഅബിറീം എവിടെ? **ഉ:** മൊവാബിനെതിരെയുള്ള മരുഭൂമിയിൽ (21,11).

**21,12 അവിടെനിന്നു പുറപ്പെട്ട് സേരെദ്താഴ്‌വരയിൽ പാളയമടിച്ചു.**

567 ഇസ്രായേൽജനം എവിടെനിന്നു പുറപ്പെട്ട് സേരെദ്താഴ്‌വരയിൽ പാളയമടിച്ചു? **ഉ:** ഇയ്യെഅബിറീമിൽനിന്നു പുറപ്പെട്ട് (21,12).

568 ഇസ്രായേൽജനം ഇയ്യെഅബിറീമിൽനിന്നു പുറപ്പെട്ടു പാളയമടിച്ചത്? **ഉ:** സേരെദ്താഴ്‌വരയിൽ (21,12).

**21,13 അവിടെനിന്നു പുറപ്പെട്ട് അർനോൺനദിയുടെ മറുകരയിൽ പാളയമടിച്ചു. മരുഭൂമിയിൽ അമോര്യരുടെ അതിർത്തിയിൽനിന്ന് ഉദ്ഭവിക്കുന്ന അർനോൺ അമോര്യരുടെയും മൊവാബ്യരുടെയും മധ്യേയുള്ള അതിരാണ്.**

569 ഇസ്രായേൽജനം സേരെദ്താഴ്‌വരയിൽ നിന്നു പുറപ്പെട്ടു പാളയമടിച്ചത്? **ഉ:** അർനോൺനദിയുടെ മറുകരയിൽ (21,13).

570 അർനോൺ ഉദ്ഭവിക്കുന്നത് എവിടെനിന്ന്? **ഉ:** മരുഭൂമിയിൽ അമോര്യരുടെ അതിർത്തിയിൽനിന്ന് (21,13).

571 അർനോൺ ആരുടെ മധ്യേയുള്ള അതിര്? **ഉ:** അമോര്യരുടെയും മൊവാബ്യരുടെയും മധ്യേയുള്ള അതിര് (21,13).

21,14–15 **[14]അതിനാൽ, കർത്താവിന്റെ യുദ്ധങ്ങളുടെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:**

**സൂഫായിലെ വാഹെബുവരെ ഞങ്ങൾ മുന്നേറി.**
**[15]അർനോൺതാഴ്‌വരയിലൂടെ,**
**ആറിന്റെ ആസ്ഥാനംവരെ നീണ്ടുകിടക്കുന്ന താഴ്‌വരയുടെ ചരിവുകളിലൂടെ.**

572 സൂഫായിലെ വാഹെബുവരെ ഞങ്ങൾ മുന്നേറി. അർനോൺതാഴ്‌വരയിലൂടെ, ആറിന്റെ ആസ്ഥാനംവരെ നീണ്ടുകിടക്കുന്ന താഴ്‌വരയുടെ ചരിവുകളിലൂടെ എന്ന് എഴുതിയിരിക്കുന്നത് എവിടെ? **ഉ:** കർത്താവിന്റെ യുദ്ധങ്ങളുടെ ഗ്രന്ഥത്തിൽ (21,14).

573 സൂഫായിലെ വാഹെബുവരെ ഞങ്ങൾ മുന്നേറി. അർനോൺതാഴ്‌വരയിലൂടെ, ആറിന്റെ ആസ്ഥാനംവരെ നീണ്ടുകിടക്കുന്ന താഴ്‌വരയുടെ ചരിവുകളിലൂടെ എന്ന് കർത്താവിന്റെ യുദ്ധങ്ങളുടെ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് എന്തുകൊണ്ട്? **ഉ:** ഇസ്രായേൽജനം സേരെദ്താഴ്‌വരയിൽ നിന്നു പുറപ്പെട്ട് അമോര്യരുടെയും മൊവാബ്യരുടെയും മധ്യേയുള്ള അതിരായ അർനോണിൽ പാളയമടിച്ചതുകൊണ്ട് (21,14).

574 സൂഫാ എവിടെ? **ഉ:** വാഹെബിൽ (21,14).

**21,16 അവിടെനിന്ന് അവർ ബേറിലേക്കു പോയി. ജനത്തെ ഒന്നിച്ചുകൂട്ടുക, ഞാനവർക്കു ജലം നൽകും എന്നു കർത്താവു മോശയോടു പറഞ്ഞത് ഈ കിണറിനെപ്പറ്റിയാണ്.**

575 ഇസ്രായേൽജനം അർനോൺനദിയുടെ മറുകരയിൽനിന്ന് എവിടേക്കു പോയി? **ഉ:** ബേറിലേക്ക് (21,16).

576 ബേറിന്റെ പ്രത്യേകത? **ഉ:** ജനത്തെ ഒന്നിച്ചുകൂട്ടുക, ഞാനവർക്കു ജലം നൽകും എന്നു കർത്താവു മോശയോടു പറഞ്ഞത് ഈ കിണറിനെപ്പറ്റിയാണ് (21,16).

577 ജനത്തെ ഒന്നിച്ചുകൂട്ടുക, ഞാനവർക്കു ജലം നൽകും എന്നു കർത്താവു മോശയോടു പറഞ്ഞത് ഏതു കിണറിനെപ്പറ്റിയാണ്? **ഉ:** ബേറിനെപ്പറ്റി (21,16).

21,17–18 **17ഇസ്രായേൽ അവിടെവച്ച് ഈ ഗാനം പാടി:**

**കിണറേ, നിറഞ്ഞു കവിയുക;**
**അതിനെ കീർത്തിച്ചു പാടുവിൻ.**
**18പ്രഭുക്കന്മാർ കുഴിച്ച കിണർ;**
**ചെങ്കോലും ദണ്ഡുകളുംകൊണ്ടു**



**ജനനേതാക്കൾ കുത്തിയ കിണർ!**

578 കിണറേ, നിറഞ്ഞു കവിയുക;
അതിനെ കീർത്തിച്ചു പാടുവിൻ.
18പ്രഭുക്കന്മാർ കുഴിച്ച കിണർ;
ചെങ്കോലും ദണ്ഡുകളുംകൊണ്ടു
ജനനേതാക്കൾ കുത്തിയ കിണർ! ഇത് ആര് എവിടെവച്ചു പാടിയ ഗാനം?
**ഉ:** ഇസ്രായേൽജനം ബേറിൽവച്ചു പാടിയത് (21,17).

21,18 തുടർച്ച: **അവർ ബേറിൽനിന്നു മത്താനായിലേക്കു യാത്ര തുടർന്നു.**

579 ഇസ്രായേൽജനം ബേറിൽനിന്നു യാത്ര തുടർന്നത്? **ഉ:** മത്താനായിലേക്കു (21,18).

579a ബേർ എന്ന വാക്കിന്റെ അർഥം? **ഉ:** കിണർ.

**21,19–20 [19]മത്താനായിൽനിന്നു നഹലിയേലേക്കും, അവിടെനിന്നു ബാമോത്തിലേക്കും, [20]ബാമോത്തിൽനിന്നു മരുഭൂമിക്കെതിരേ സ്ഥിതിചെയ്യുന്ന പിസ്ഗാ ഗിരിശൃംഗത്തിനു താഴെയുള്ള മൊവാബു ദേശത്തെ താഴ്‌വരയിലേക്കു പോയി.**

580 ഇസ്രായേൽജനം മത്താനായിൽനിന്നു പോയത്? **ഉ:** നഹലിയേലേക്ക് (21,19).

581 ഇസ്രായേൽജനം നഹലിയേലിൽനിന്നു പോയത്? **ഉ:** ബാമോത്തിലേക്ക് (21,19).

582 ഇസ്രായേൽജനം ബാമോത്തിൽനിന്നു പോയത്? **ഉ;** മരുഭൂമിക്കെതിരേ സ്ഥിതിചെയ്യുന്ന പിസ്ഗാ ഗിരിശൃംഗത്തിനു താഴെയുള്ള മൊവാബുദേശത്തെ താഴ്‌വരയിലേക്ക് (21,20).

583 മരുഭൂമിക്കെതിരേ സ്ഥിതിചെയ്യുന്ന ഗിരിശൃഗം? **ഉ:** പിസ്ഗാ (21,20).

584 മൊവാബുദേശത്തെ താഴ്‌വര എവിടെ? **ഉ:** മരുഭൂമിക്കെതിരേ സ്ഥിതി ചെയ്യുന്ന പിസ്ഗാ ഗിരിശൃംഗത്തിനു താഴെ (21,20).

സീഹോനും ഓഗും

**21,21–22 [21]അവിടെനിന്ന് ഇസ്രായേൽജനം അമോര്യരാജാവായ സീഹോന്റെ അടുക്കൽ ദൂതന്മാരെ അയച്ചു പറഞ്ഞു: [22]നിങ്ങളുടെ ദേശത്തിലൂടെ കടന്നുപോകാൻ ഞങ്ങളെ അനുവദിച്ചാലും. ഞങ്ങൾ വയലുകളിലോ മുന്തിരിത്തോട്ടങ്ങളിലോ കടക്കുകയില്ല. കിണറുകളിലെ വെള്ളം കുടിക്കുകയുമില്ല. നിങ്ങളുടെ അതിർത്തി കടക്കുവോളം ഞങ്ങൾ രാജപാതയിലൂടെത്തന്നെ യാത്രചെയ്തുകൊള്ളാം.**

585 സീഹോൻ ആരുടെ രാജാവ്? **ഉ:** അമോര്യരുടെ (21,21).

586 എവിടെനിന്ന് ഇസ്രായേൽജനം അമോര്യരാജാവായ സീഹോന്റെ അടുക്കൽ ദൂതന്മാരെ അയച്ചു? **ഉ:** മൊവാബുദേശത്തെ താഴ്‌വരയിൽനിന്ന് (21,20).

587 മൊവാബുദേശത്തെ താഴ്‌വരയിൽനിന്ന് ഇസ്രായേൽജനം ദൂതന്മാരെ അയച്ചത് ആരുടെ അടുക്കൽ? **ഉ:** അമോര്യരാജാവായ സീഹോന്റെ അടുക്കൽ (21,22).

588 പൂരിപ്പിക്കുക: നിങ്ങളുടെ അതിർത്തി കടക്കുവോളം ഞങ്ങൾ ... യാത്രചെയ്തുകൊള്ളാം (21,22). **ഉ:** രാജപാതയിലൂടെത്തന്നെ.

589 ആര് ആരോടു പറഞ്ഞു: നിങ്ങളുടെ ദേശത്തിലൂടെ കടന്നുപോകാൻ ഞങ്ങളെ അനുവദിച്ചാലും. ഞങ്ങൾ വയലുകളിലോ മുന്തിരിത്തോട്ടങ്ങളിലോ കടക്കുകയില്ല. കിണറുകളിലെ വെള്ളം കുടിക്കുകയുമില്ല. നിങ്ങളുടെ അതിർത്തി കടക്കുവോളം ഞങ്ങൾ രാജപാതയിലൂടെത്തന്നെ യാത്രചെയ്തുകൊള്ളാം. **ഉ:** ഇസ്രായേൽജനം അമോര്യരാജാവായ സീഹോന്റെ അടുക്കൽ ദൂതന്മാരെ അയച്ചു പറഞ്ഞു(21,21–22.

**21,23 എന്നാൽ, തന്റെ ദേശത്തിലൂടെ കടന്നുപോകാൻ സീഹോൻ ഇസ്രായേലിനെ അനുവദിച്ചില്ല. അവൻ തന്റെ ജനത്തെയെല്ലാം കൂട്ടി ഇസ്രായേലിനെതിരേ മരുഭൂമിയിലേക്കു പുറപ്പെട്ടു; യാഹാസിൽവച്ച് ഇസ്രായേലിനോടു യുദ്ധം ചെയ്തു.**

590 തന്റെ ദേശത്തിലൂടെ കടന്നുപോകാൻ ഇസ്രായേലിനെ അനുവദിക്കാതിരുന്ന രാജാവ്? **ഉ:** സീഹോൻ (21,23).

591 സീഹോൻ തന്റെ ജനത്തെയെല്ലാം കൂട്ടി ഇസ്രായേലിനെതിരേ പുറപ്പെട്ടത് എവിടേക്ക്? **ഉ:** മരുഭൂമിയിലേക്കു (21,23).

592 സീഹോൻ തന്റെ ജനത്തെയെല്ലാം കൂട്ടി ഇസ്രായേലിനെതിരേ യുദ്ധം ചെയ്തത് എവിടെവച്ച്? **ഉ:** യാഹാസിൽവച്ച് (21,23).

**21,24-25** [24]**ഇസ്രായേൽ അവനെ വാളിനിരയാക്കി. അർനോൺ മുതൽ യാബോ ക്കുവരെ - അമ്മോന്യരുടെ അതിർത്തിവരെ - വ്യാപിച്ചുകിടക്കുന്ന അവന്റെ ദേശം കൈവശപ്പെടുത്തി; യാസേർ ആയിരുന്നു അമ്മോന്യരുടെ അതിർത്തി.** [25]**ഇസ്രായേൽ ഈ പട്ടണങ്ങളെല്ലാം പിടിച്ചെടുത്തു. ഹെഷ്ബോൺ ഉൾപ്പടെ യുള്ള അമോര്യരുടെ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും അവർ വാസമുറപ്പിച്ചു.**

593 യാഹാസിൽവച്ച് ഇസ്രായേൽ വാളിനിരയാക്കിയ രാജാവ്? **ഉ:** സീഹോൻ (21,24).

594 ഇസ്രായേൽ കൈവശപ്പെടുത്തിയ സീഹോന്റെ ദേശം വ്യാപിച്ചുകിടന്നത്? **ഉ:** അർനോൺ മുതൽ യാബോക്കുവരെ - അമ്മോന്യരുടെ അതിർത്തിവരെ (21,24).

595 അമ്മോന്യരുടെ അതിർത്തി ഏതായിരുന്നു? **ഉ:** യാസേർ (21,24). (യാസേർ ആരുടെ അതിർത്തി ആയിരുന്നു? **ഉ:** അമ്മോന്യരുടെ).

596 ഇസ്രായേൽ സീഹോനിൽനിന്നു പിടിച്ചെടുത്ത അമോര്യരുടെ നഗരങ്ങളിൽ ഉൾ പ്പെട്ടിരുന്ന ഒരു നഗരം? **ഉ:** ഹെഷ്ബോൺ (21,25).

597 ഇസ്രായേൽ സീഹോനിൽനിന്നു പിടച്ചെടുത്തു വാസമുറപ്പിച്ച നഗരങ്ങളും ഗ്രാ മങ്ങും? **ഉ:** ഹെഷ്ബോൺ ഉൾപ്പടെയുള്ള അമോര്യരുടെ എല്ലാ നഗരങ്ങളും ഗ്രാമങ്ങളും (21,25).

**21,26ഹെഷ്ബോൺ അമോര്യരാജാവായ സീഹോന്റെ നഗരമായിരുന്നു. അവൻ മൊവാബിലെ മുൻരാജാവിനോടു യുദ്ധം ചെയ്ത് അർനോൺവരെയുള്ള അവ ന്റെ ദേശമത്രയും പിടിച്ചടക്കിയിരുന്നു.**

598 ഇസ്രായേൽ പിടിച്ചടക്കുമ്പോൾ ഹെഷ്ബോൺ ആരുടെ നഗരമായിരുന്നു? **ഉ:** അമോര്യരാജാവായ സീഹോന്റെ (21,26).

599 സീഹോൻ ആരോടു യുദ്ധം ചെയ്തു പിടിച്ചടക്കിയിരുന്നതാണ് ഹെഷ്ബോൺ? **ഉ:** മൊവാബിലെ മുൻരാജാവിനോടു യുദ്ധം ചെയ്ത് (21,26).

600 സീഹോൻ മൊവാബിലെ മുൻരാജാവിനോടു യുദ്ധം ചെയ്ത് എവിടെവരെയുള്ള അവന്റെ ദേശമത്രയും പിടിച്ചടക്കിയിരുന്നു? **ഉ:** അർനോൺവരെയുള്ള (21,26).

**21,27-30** [27]**അതുകൊണ്ടാണ് ഗായകർ പാടുന്നത്:** (ഗായകർ അമോര്യരാണ്)

**ഹെഷ്ബോണിലേക്കു വരുവിൻ; അതു പുതുക്കിപ്പണിയുവിൻ;**
**സീഹോന്റെ നഗരം പുനഃസ്ഥാപിക്കുവിൻ;**
[28]**എന്തെന്നാൽ, ഹെഷ്ബോണിൽനിന്ന് അഗ്നി പ്രവഹിച്ചു;**
**സീഹോൻ പട്ടണത്തിൽനിന്ന് അഗ്നിജ്വാലകൾ**
**മൊവാബിലെ ആർപട്ടണത്തെ വിഴുങ്ങി;**
**അർനോൺ ഗിരികളെ അതു വലയം ചെയ്തു.**
[29]**മൊവാബേ, നിനക്കു ദുരിതം;**
**കെമോഷ് നിവാസികളേ, നിങ്ങൾക്കു നാശം;**
**അവൻ തന്റെ പുത്രന്മാരെ അഭയാർഥികളും**
**പുത്രിമാരെ വിപ്രവാസികളും ആക്കി,**
**അമോര്യനായ സീഹോൻ രാജാവിനു നൽകി.**
[30]**നമ്മൾ ഹെഷ്ബോണിന്റെ സന്തതികളെ**
**ദിബോൺവരെ സംഹരിച്ചു**
**മെദേബവരെ അഗ്നികൊണ്ട് അവരെ നമ്മൾ നശിപ്പിച്ചു.**

601 "ഹെഷ്ബോണിലേക്കു വരുവിൻ; ... മെദേബവരെ അഗ്നികൊണ്ട് അവരെ നമ്മൾ നശിപ്പിച്ചു." (21,27-30). ഈ പാട്ട് പാടുന്നത് ആര്? **ഉ:** ഗായകർ (21,27).

602 പുതുക്കിപ്പണിയുവിൻ എന്ന് ഗായകർ പാടുന്നത്? **ഉ:** ഹെഷ്ബോണിനെ (21,27).

603 ഹെഷ്ബോണിനെ പുതുക്കിപ്പണിയുവിൻ എന്ന് ഗായകർ പാടുന്നതിനു കാരണം? **ഉ:** എന്തെന്നാൽ, ഹെഷ്ബോണിൽനിന്ന് അഗ്നി പ്രവഹിച്ചു (21,27).

604 പുനഃസ്ഥാപിക്കുവിൻ എന്ന് ഗായകർ പാടുന്നത്? **ഉ:** സീഹോന്റെ നഗരം (21,27).

605 സീഹോന്റെ നഗരം പുനഃസ്ഥാപിക്കുവിൻ എന്ന് ഗായകർ പാടുന്നതിനു കാരണം? **ഉ:** എന്തെന്നാൽ, സീഹോൻ പട്ടണത്തിൽനിന്ന് അഗ്നിജ്വാലകൾ മൊവാബിലെ ആർപട്ടണത്തെ വിഴുങ്ങി; അർനോൺ ഗിരികളെ അതു വലയം ചെയ്തു (21,28).



606 സീഹോൻ പട്ടണത്തിൽനിന്ന് അഗ്നിജ്വാലകൾ വിഴുങ്ങിയ്ത? **ഉ:** മൊവാബിലെ ആർപട്ടണത്തെ (21,28). (മൊവാബിലെ ആർപട്ടണത്തെ വിഴുങ്ങിയ്ത്?)

607 സീഹോൻ പട്ടണത്തിൽനിന്ന് അഗ്നിജ്വാലകൾ വലയം ചെയ്തത്? **ഉ:** അർനോൺ ഗിരികളെ (21,28). (അർനോൺ ഗിരികളെ വലയം ചെയ്തത്?)

608 ഗായകർ ദുരിതം പറയുന്നത്? **ഉ:** മൊവാബിന് (21,29).

609 ഗായകർ നാശം പറയുന്നത്? **ഉ:** കെമോഷ് നിവാസികൾക്ക് (21,29).

610 തന്റെ പുത്രന്മാരെ അഭയാർഥികളും പുത്രിമാരെ വിപ്രവാസികളും ആക്കി അമോ ര്യനായ സീഹോൻ രാജാവിനു നൽകിയത്? **ഉ:** കെമോഷ് (21,29).

611 അമോര്യർ ഹെഷ്ബോണിന്റെ സന്തതികളെ സംഹരിച്ചത്? **ഉ:** ദിബോൺവരെ (21,30).

612 ഗായകർ (അമോര്യർ) ഹെഷ്ബോണിന്റെ സന്തതികളെ അഗ്നികൊണ്ടു നശിപ്പി ച്ചത്? **ഉ:** മെദേബവരെ (21,30).

**21,31അങ്ങനെ ഇസ്രായേൽ അമോര്യരുടെ ദേശത്തു താമസമാക്കി.**

**21,32രഹസ്യനിരീക്ഷണം നടത്താനായി മോശ ആളുകളെ യാസേറിലേക്ക് അയച്ചു. അവർ ഗ്രാമങ്ങൾ പിടിച്ചടക്കുകയും അവിടെയുണ്ടായിരുന്ന അമോര്യരെ ഓടി ച്ചുകളയുകയും ചെയ്തു.**

613 ഇസ്രായേൽ അമോര്യരുടെ ദേശത്തു താമസമാക്കിയപ്പോൾ രഹസ്യനിരീക്ഷണം നടത്താനായി മോശ ആളുകളെ അയച്ചത്? **ഉ:** യാസേറിലേക്ക് (21,32).

614 യാസേറിലെ ഗ്രാമങ്ങൾ പിടിച്ചടക്കുകയും അവിടെയുണ്ടായിരുന്ന അമോര്യരെ ഓടിച്ചുകളയുകയും ചെയ്തത്? **ഉ:** രഹസ്യനിരീക്ഷണം നടത്താനായി മോശ അയച്ച ആളുകൾ (21,32).

**21,33പിന്നീട് ഇസ്രായേൽക്കാർ ബാഷാനിലേക്കുള്ള വഴിയിലൂടെ യാത്രചെയ്തു. ബാഷാൻരാജാവായ ഓഗ് തന്റെ സകല ജനത്തെയും കൂട്ടി വന്ന് എദ്രേയിൽ വച്ച് അവരുമായി ഏറ്റുമുട്ടി.** (വാക്യ. 33.35ൽ ഇസ്രായേൽക്കാർ എന്നാണ്).

614 അമോര്യരുടെ ദേശത്തുനിന്ന് ഇസ്രായേൽക്കാർ യാത്രചെയ്തത്? **ഉ:** ബാഷാനി ലേക്കുള്ള വഴിയിലൂടെ (21,33).

615 ഇസ്രായേൽക്കാർ ബാഷാനിലേക്കുള്ള വഴിയിലൂടെ യാത്രചെയ്തപ്പോൾ തന്റെ സകല ജനത്തെയും കൂട്ടി വന്ന് എദ്രേയിൽവച്ച് അവരുമായി ഏറ്റുമുട്ടിയത്? **ഉ:** ബാഷാൻരാജാവായ ഓഗ് (21,33). (എദ്രേയിൽവച്ച് ഇസ്രായേൽക്കാ രുമായി ഏറ്റുമുട്ടിയത്? **ഉ:** ബാഷാൻരാജാവായ ഓഗ് (21,33).

616 ഇസ്രായേൽക്കാർ ബാഷാനിലേക്കുള്ള വഴിയിലൂടെ യാത്രചെയ്തപ്പോൾ ബാഷാ ൻരാജാവായ ഓഗ് തന്റെ സകല ജനത്തെയും കൂട്ടി വന്ന് അവരുമായി ഏറ്റുമു ട്ടിയത്? **ഉ;** എദ്രേയിൽവച്ച് (21,33).

**21.34കർത്താവു മോശയോട് അരുളിച്ചെയ്തു: അവനെ ഭയപ്പെടേണ്ടാ, അവനെയും അവന്റെ ജനത്തെയും ദേശത്തെയും നിനക്കു ഞാൻ വിട്ടുതന്നിരിക്കുന്നു. ഹെ ഷ്ബോണിൽ വസിച്ചിരുന്ന അമോര്യരാജാവായ സീഹോനോടു ചെയ്തതു പോലെ നിങ്ങൾ അവനോടും ചെയ്യണം.**

617 അവനെ ഭയപ്പെടേണ്ടാ, അവനെയും അവന്റെ ജനത്തെയും ദേശത്തെയും നിന ക്കു ഞാൻ വിട്ടുതന്നിരിക്കുന്നു. ഹെഷ്ബോണിൽ വസിച്ചിരുന്ന അമോര്യരാജാ വായ സീഹോനോടു ചെയ്തതുപോലെ നിങ്ങൾ അവനോടും ചെയ്യണം എന്നു കർത്താവു മോശയോട് അരുളിച്ചെയ്തത് ആരെക്കുറിച്ച്? **ഉ:** ബാഷാൻരാജാവായ ഓഗിനെക്കുറിച്ച് (21,34).

618 ഹെഷ്ബോണിൽ വസിച്ചിരുന്ന അമോര്യരാജാവായ സീഹോനോടു ഇസ്രായേൽ ചെയ്തതെങ്ങനെ? **ഉ:** അവനെ വാളിനിരയാക്കി (21,24).

**21,35അങ്ങനെ ഇസ്രായേൽക്കാർ ഓഗിനെയും അവന്റെ പുത്രന്മാരെയും സകല ജനത്തെയും ഒന്നൊഴിയാതെ കൊന്നൊടുക്കി; അവന്റെ ദേശം കൈവശപ്പെ ടുത്തുകയും ചെയ്തു.**

619 ഇസ്രായേൽക്കാർ എദ്രേയിൽവച്ച് കൊന്നൊടുക്കിയ്ത്? **ഉ:** ഓഗിനെയും അവന്റെ പുത്രന്മാരെയും സകല ജനത്തെയും ഒന്നൊഴിയാതെ (21,35).

620 (ബാഷാൻരാജാവായ) ഓഗിനെയും അവന്റെ പുത്രന്മാരെയും സകല ജനത്തെ യും ഒന്നൊഴിയാതെ കൊന്നൊടുക്കി; അവന്റെ ദേശം കൈവശപ്പെടുത്തുകയും ചെയ്തത്? **ഉ:** ഇസ്രായേൽക്കാർ (21,35).

621 ഇസ്രായേൽജനത്തിന്റെ യാത്ര: സംഖ്യ 11–21 നല്കുന്ന സ്ഥലങ്ങൾ: സീൻമരു ഭൂമി – കാദെഷ് – ഹോർമല – ഓബോത്ത് – ഇയ്യെഅബിറീം – സേരെദ് താഴ്‌വര – അർനോൺനദിയുടെ മറുകര – ബേർ – മത്താനായി – ബാമോത്ത് – മരുഭൂമി ക്കെതിരേ സ്ഥിതിചെയ്യുന്ന മൊവാബു ദേശത്തെ താഴ്‌വര – അമോര്യരുടെ ദേശം – ബാഷാൻദേശം.

622 സംഖ്യപ്പുസ്തകത്തിൽ കർത്താവ് എന്റെ ദാസൻ എന്ന് പറയുന്ന രണ്ടു പേർ? **ഉ:** മോശ (12,7.8), കാലെബ് (14,24).

623a കർത്താവിന്റെ മഹത്വം പ്രത്യക്ഷമായി/ വെളിപ്പെട്ടു എന്ന് സംഖ്യ 11–20ൽ എവി ടെല്ലാം? **ഉ:** 14,10; 16,19; 20,6. 14,10 (പാരാൻ മരുഭൂമിയിൽവച്ച്); 16,19 (പാരാൻ മരുഭൂമിയിൽവച്ച്, കോരഹ് സമൂഹത്തെ മുഴുവൻ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചു കൂട്ടിയപ്പോൾ); 20,6 (സീൻ മരുഭൂമിയിൽ; ധാന്യമോ അത്തി പ്പഴമോ മുന്തിരിയോ മാതളപ്പഴമോ കിട്ടുന്ന സ്ഥലമല്ല, കുടിക്കാൻ വെള്ളംപോ ലുമില്ല എന്നു ജനം പരാതിപ്പെട്ടപ്പോൾ മോശയും അഹറോനും സമൂഹത്തിൽ നിന്നു സമാഗമകൂടാരവാതിൽക്കൽ ചെന്നു സാസാഷ്ടാംഗം വീണു അപ്പോൾ കർത്താവിന്റെമഹത്വം അവർക്കു വെളിപ്പെട്ടു).

## സുഭാഷിതങ്ങൾ 10–20

10 മുതലുള്ള അധ്യായങ്ങളിലെ സുഭാഷിതങ്ങൾ സോളമന്റെ സുഭാഷിതങ്ങൾ എന്ന് പ്രത്യേകം അറിയപ്പെടുന്നു.

സോളമന്റെ സുഭാഷിതങ്ങൾ

അധ്യായം 10 (അധ്യായം 10ൽ 32 വാക്യങ്ങൾ)

**10,1 ജ്ഞാനിയായ മകൻ പിതാവിന് ആനന്ദമണിയിക്കുന്നു; ഭോഷനായ മകനാ കട്ടെ അമ്മയ്ക്കു ദുഃഖവും.**

624 ജ്ഞാനിയായ മകൻ പിതാവിന് അണിയിക്കുന്നത്? **ഉ:** ആനന്ദം (10,1).

625 പിതാവിന് ആനന്ദമണിയിക്കുന്നത്? **ഉ:** ജ്ഞാനിയായ മകൻ (10,1).

626 അമ്മയ്ക്കു ദുഃഖം? **ഉ:** ഭോഷനായ മകൻ (10,1).

**10,2 അന്യായമായി നേടിയ ധനം ഉതകുകയില്ല; നീതിയാകട്ടെ മരണത്തിൽനിന്നു മോചിപ്പിക്കുന്നു.**

627 ഉതകുകയില്ലാത്തത്? **ഉ:** അന്യായമായി നേടിയ ധനം (10,2).

628 മരണത്തിൽനിന്നു മോചിപ്പിക്കുന്നത്? **ഉ:** നീതി (10,2).

**10,3 നീതിമാന്മാർ വിശപ്പ് അനുഭവിക്കാൻ കർത്താവ് അനുവദിക്കുകയില്ല; ദുഷ്ട രുടെ അതിമോഹത്തെ അവിടുന്ന് നിഷ്ഫലമാക്കുന്നു.**

629 ആര് വിശപ്പ് അനുഭവിക്കാൻ കർത്താവ് അനുവദിക്കുകയില്ല? **ഉ:** നീതിമാന്മാർ

630 കർത്താവ് നിഷ്ഫലമാക്കുന്നു? **ഉ:** ദുഷ്ടരുടെ അതിമോഹത്തെ (10,3).

**10,4 അലസമായ കരം ദാരിദ്ര്യം വരുത്തിവയ്ക്കുന്നു; സ്ഥിരോത്സാഹിയുടെ കൈ സമ്പത്തു നേടുന്നു.**

631 അലസമായ കരം വരുത്തിവയ്ക്കുന്നത്? **ഉ:** ദാരിദ്ര്യം (10,4).

632 സമ്പത്തു നേടുന്നത്? **ഉ:** സ്ഥിരോത്സാഹിയുടെ കൈ (10,4).

**10,5 വേനൽക്കാലത്തു കൊയ്തെടുക്കുന്ന മകൻ മുൻകരുതലുള്ളവനാണ്; കൊയ് ത്തുകാലത്ത് ഉറങ്ങുന്ന മകൻ അപമാനം വരുത്തിവയ്ക്കുന്നു.**

633 മുൻകരുതലുള്ളവൻ? **ഉ:** വേനൽക്കാലത്തു കൊയ്തെടുക്കുന്ന മകൻ (10,5).

634 കൊയ്ത്തുകാലത്ത് ഉറങ്ങുന്ന മകൻ വരുത്തിവയ്ക്കുന്നത്? **ഉ:** അപമാനം 10,5.

635 അപമാനം വരുത്തിവയ്ക്കുന്നത്? **ഉ:** കൊയ്ത്തുകാലത്ത് ഉറങ്ങുന്ന മകൻ 10,5.

**10,6 നീതിമാന്മാരുടെ ശിരസ്സിൽ അനുഗ്രഹങ്ങൾ കുടികൊള്ളുന്നു; ദുഷ്ടരുടെ വായ് അക്രമം മറച്ചുവയ്ക്കുന്നു.**

636 നീതിമാന്മാരുടെ ശിരസ്സിൽ കുടികൊള്ളുന്നത്? **ഉ:** അനുഗ്രഹങ്ങൾ (10,6).

637 അനുഗ്രഹങ്ങൾ കുടികൊള്ളുന്നത്? **ഉ:** നീതിമാന്മാരുടെ ശിരസ്സിൽ (10,6).



638 അക്രമം മറച്ചുവയ്ക്കുന്നത്? **ഉ:** ദുഷ്ടരുടെ വായ് (10,6).

**10,7 നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ്; ദുഷ്ടരുടെ നാമം ക്ഷയിച്ചു പോകുന്നു.**

639 അനുഗ്രഹമാണെന്ന് സോളമന്റെ സുഭാഷിതങ്ങൾ പറയുന്നത്? **ഉ:** നീതിമാന്മാ രെ സ്മരിക്കുന്നത് (10,7).

640 ക്ഷയിച്ചുപോകുന്നത്? **ഉ:** ദുഷ്ടരുടെ നാമം (10,7).

**10,8 ഹൃദയത്തിൽ വിവേകമുള്ളവൻ കല്പനകൾ ആദരിക്കും; വായാടിയായ ഭോ ഷൻ നാശമടയും.**

641 ആര് കല്പനകൾ ആദരിക്കും? **ഉ:** ഹൃദയത്തിൽ വിവേകമുള്ളവൻ (10,8).

642 നാശമടയുന്നത്? **ഉ:** വായാടിയായ ഭോഷൻ (10,8).

**10,9 സത്യസന്ധന്റെ മാർഗം സുരക്ഷിതമാണ്: വഴിപിഴയ്ക്കുന്നവൻ പിടിക്കപ്പെടും.**

643 സുരക്ഷിതമായത്? **ഉ:** സത്യസന്ധന്റെ മാർഗം (10,9).

644 പൂരിപ്പിക്കുക: ... പിടിക്കപ്പെടും (സുഭാ 10,9). **ഉ:** വഴിപിഴയ്ക്കുന്നവൻ.

**10,10 തെറ്റിനു നേരേ കണ്ണടയ്ക്കുന്നവൻ ഉപദ്രവം വരുത്തിവയ്ക്കുന്നു; ധൈര്യപൂർവം ശാസിക്കുന്നവനാകട്ടെ, സമാധാനം സൃഷ്ടിക്കുന്നു.**

645 തെറ്റിനു നേരേ കണ്ണടയ്ക്കുന്നവൻ വരുത്തിവയ്ക്കുന്നത്? **ഉ:** ഉപദ്രവം (10,10).

646 ധൈര്യപൂർവം ശാസിക്കുന്നവൻ സൃഷ്ടിക്കുന്നത്? **ഉ:** സമാധാനം (10,10).

**10,11 നീതിമാന്മാരുടെ അധരം ജീവന്റെ ഉറവയാണ്: ദുഷ്ടന്മാരുടേതോ, അക്രമത്തെ മൂടിവയ്ക്കുന്നു.**

647 ജീവന്റെ ഉറവ സുഭാ 10,11ൽ? **ഉ:** നീതിമാന്മാരുടെ അധരം.

648 അക്രമത്തെ മൂടിവയ്ക്കുന്നത്? **ഉ:** ദുഷ്ടന്മാരുടെ അധരം (10,11).

649 ദുഷ്ടന്മാരുടെ അധരം മൂടിവയ്ക്കുന്നത്? **ഉ:** അക്രമത്തെ (10,11).

**10,12 വിദ്വേഷം കലഹം ഇളക്കിവിടുന്നു; സ്നേഹമോ എല്ലാ അപരാധങ്ങളും പൊ റുക്കുന്നു.**

650 വിദ്വേഷം ഇളക്കിവിടുന്നത്? **ഉ:** കലഹം (10,12).

651 എല്ലാ അപരാധങ്ങളും പൊറുക്കുന്നത്? **ഉ:** സ്നേഹം (10,12).

652 സുഭാ 10,12ലേതിനു സമാനമായ പുതിയ നിയമഭാഗങ്ങൾ? **ഉ:** 1 കോറി 13,7; യാക്കോ 5,20.

**10,13 അറിവുള്ളവന്റെ അധരങ്ങളിൽ ജ്ഞാനം കുടികൊള്ളുന്നു; ബുദ്ധിശൂന്യന്റെ മുതുകിൽ വടിയാണു വീഴുക.**

653 അറിവുള്ളവന്റെ അധരങ്ങളിൽ കുടികൊള്ളുന്നത്? **ഉ:** ജ്ഞാനം (10,13).

654 ജ്ഞാനം കുടികൊള്ളുന്നത്? **ഉ:** അറിവുള്ളവന്റെ അധരങ്ങളിൽ (10,13).

655 ബുദ്ധിശൂന്യന്റെ മുതുകിൽ എന്താണു വീഴുക? **ഉ:** വടി (10,13).

**10,14 ജ്ഞാനികൾ അറിവു സംഭരിച്ചുവയ്ക്കുന്നു; ഭോഷന്റെ ജല്പനം നാശം വരു ത്തിവയ്ക്കുന്നു.**

656 ജ്ഞാനികൾ സംഭരിച്ചുവയ്ക്കുന്നത്? **ഉ:** അറിവു (10,14).

657 അറിവു സംഭരിച്ചുവയ്ക്കുന്നത്? **ഉ:** ജ്ഞാനികൾ (10,14).

658 ഭോഷന്റെ ജല്പനം വരുത്തിവയ്ക്കുന്നത്? **ഉ:** നാശം (10,14).

**10,15 ബലിഷ്ഠമായ നഗരമാണ് ധനികന്റെ സമ്പത്ത്; ദാരിദ്ര്യം ദരിദ്രന്റെ നാശവും**

659 ധനികന്റെ സമ്പത്ത്? **ഉ:** ബലിഷ്ഠമായ നഗരം (10,15).

660 ദരിദ്രന്റെ നാശം? **ഉ:** ദാരിദ്ര്യം മ(10,15).

**10,16 നീതിമാന്മാരുടെ പ്രതിഫലം ജീവനിലേക്കു നയിക്കുന്നു; ദുഷ്ടരുടെ നേട്ടം പാപത്തിലേക്കും.**

661 ജീവനിലേക്കു നയിക്കുന്നത്? **ഉ:** നീതിമാന്മാരുടെ പ്രതിഫലം (10,16).

662 പാപത്തിലേക്കു നയിക്കുന്നത്? **ഉ:** ദുഷ്ടരുടെ നേട്ടം (10,16).

**10,17 പ്രബോധനത്തെ ആദരിക്കുന്നവൻ ജീവനിലേക്കുള്ള പാതയിലാണ്; ശാസന നിരസിക്കുന്നവന് വഴിപിഴയ്ക്കുന്നു.**

662a ജീവനിലേക്കുള്ള പാതയിലാണ്? **ഉ:** പ്രബോധനത്തെ ആദരിക്കുന്നവൻ (10,17).

662b ആർക്ക് വഴിപിഴയ്ക്കുന്നു? **ഉ:** ശാസന നിരസിക്കുന്നവന് (10,17).

**10,18 വിദ്വേഷം മറച്ചുവച്ചു സംസാരിക്കുന്നവൻ കള്ളം പറയുന്നു: അപവാദം പറയുന്നവൻ മൂഢനാണ്.**

663 വിദ്വേഷം മറച്ചുവച്ചു സംസാരിക്കുന്നവൻ പറയുന്നത്? **ഉ:** കള്ളം (10,18).

664 അപവാദം പറയുന്നവൻ? **ഉ:** മൂഢനാണ് (10,18).

**10,19 വാക്കുകൾ ഏറുമ്പോൾ തെറ്റു വർദ്ധിക്കുന്നു: വാക്കുകകളെ നിയന്ത്രിക്കുന്നവന് വീണ്ടുവിചാരമുണ്ട്.**

665 വാക്കുകൾ ഏറുമ്പോൾ വർദ്ധിക്കുന്നത്? **ഉ:** തെറ്റ് (10,19).

666 വീണ്ടുവിചാരമുള്ളത്? **ഉ:** വാക്കുകളെ നിയന്ത്രിക്കുന്നവന് (10,19).

**10,20 നീതിമാന്മാരുടെ നാവ് വിശിഷ്ടമായ വെള്ളിയാണ്; ദുഷ്ടരുടെ മനസ്സ് വിലകെട്ടതും.**

667 വിശിഷ്ടമായ വെള്ളി? **ഉ:** നീതിമാന്മാരുടെ നാവ് (10,20).

668 വിലകെട്ടത്? **ഉ:** ദുഷ്ടരുടെ മനസ്സ് (10,20).

**10,21 നീതിമാന്റെ വാക്ക് അനേകരെ പോഷിപ്പിക്കുന്നു: മൂഢൻ ബുദ്ധിശൂന്യതമൂലം മൃതിയടയുന്നു.**

669 അനേകരെ പോഷിപ്പിക്കുന്നത്? **ഉ:** നീതിമാന്റെ വാക്ക് (10,21).

670 ബുദ്ധിശൂന്യതമൂലം മൃതിയടയുന്നത്? **ഉ:** മൂഢൻ (10,21).

671 മൂഢൻ മൃതിയടയുന്നത്? **ഉ:** ബുദ്ധിശൂന്യതമൂലം (10,21).

**10,22 കർത്താവിന്റെ അനുഗ്രഹം സമ്പത്തു നൽകുന്നു: അവിടുന്ന് അതിൽ ദുഃഖം കലർത്തുന്നില്ല.**

672 സമ്പത്തു നൽകുന്നത്? **ഉ:** കർത്താവിന്റെ അനുഗ്രഹം (10,23).

673 കർത്താവിന്റെ അനുഗ്രഹം നൽകുന്ന സമ്പത്തിൽ അവിടുന്ന് കലർത്തുന്നില്ലാത്തത്? **ഉ:** ദുഃഖം (10,23).

**10,23 തെറ്റുചെയ്യുക മൂഢന് വെറുമൊരു വിനോദമാണ്: അറിവുള്ളവന് വിവേകപൂർവമായ പെരുമാറ്റത്തിലാണ് ആഹ്ലാദം.**

674 തെറ്റുചെയ്യുക വെറുമൊരു വിനോദം? **ഉ:** മൂഢന് (10,23).

675 അറിവുള്ളവന് ആഹ്ലാദം? **ഉ:** വിവേകപൂർവമായ പെരുമാറ്റത്തിൽ (10,23).

676 വിവേകപൂർവമായ പെരുമാറ്റത്തിൽ ആഹ്ലാദം? **ഉ:** അറിവുള്ളവന് (10,23).

**10,24 ദുഷ്ടൻ ഭയപ്പെടുന്നതുതന്നെ അവനു വന്നുകൂടും; നീതിമാന്റെ ആഗ്രഹം സഫലമാകും.**

677 ഭയപ്പെടുന്നതുതന്നെ വന്നുകൂടുന്നത്? **ഉ:** ദുഷ്ടന് (10,24).

678 ആരുടെ ആഗ്രഹം സഫലമാകും? **ഉ:** നീതിമാന്റെ (10,24).

679 പ്രഭാ 10,24ൽ ദുഷ്ടനെക്കുറിച്ചുള്ളതിനു സമാനമായി ബൈബിളിൽ മറ്റെവിടെ? **ഉ:** ജോബ് 3,25 (ജ്ഞാനം 11,6 എന്നു പി.ഒ.സി ബൈബിളിലുള്ളതു തെറ്റാണ്)

680 നീതിമാന്റെ ആഗ്രഹം സഫലമാകും എന്നു സുഭാ 10,24ലെ സുഭാഷിതം ബൈബിളിലെ ഏതു ഭാഗത്തിനു സമാനം? **ഉ:** സങ്കീ 37,4.

**10,25 ദുഷ്ടൻ കൊടുംകാറ്റിൽ നിലംപതിക്കുന്നു; നീതിമാനോ എന്നേക്കും നിലനിൽക്കും.**

681 കൊടുംകാറ്റിൽ നിലംപതിക്കുന്നു **ഉ:** ദുഷ്ടൻ (10,25).

682 എന്നേക്കും നിലനിൽക്കും **ഉ:** നീതിമാൻ (10,25).

683 സുഭാ 10,25ൽ ദുഷ്ടനെയും നീതിമാനെയുംകുറിച്ചുള്ളതിനു സമാനമായ പുതിയനിയമഭാഗം? **ഉ:** മത്താ 7,24-27.

**10,26 വിനാഗിരി പല്ലിനും, പുക കണ്ണിനും എന്നപോലെയാണ് അലസൻ തന്നെ നിയോഗിക്കുന്നവർക്കും.**

684 അലസൻ തന്നെ നിയോഗിക്കുന്നവർക്ക് എന്തുപോലെ? **ഉ:** വിനാഗിരി പല്ലിനും, പുക കണ്ണിനും എന്നപോലെ (10,26).

685 വിനാഗിരി പല്ലിനും, പുക കണ്ണിനും എന്നപോലെ തന്നെ നിയോഗിക്കുന്നവർക്ക് ആകുന്നത് ? **ഉ:** അലസൻ (1026).

686 സുഭാ 10,26ൽ വിനാഗിരി പരാമർശിക്കുന്നത്? **ഉ:** അലസനെ ഉപമിക്കാൻ.

**10,27 ദൈവഭക്തി ആയുസ്സു വർദ്ധിപ്പിക്കുന്നു; ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും.**



687 ആയുസ്സു വർദ്ധിപ്പിക്കുന്നത്? **ഉ:** ദൈവഭക്തി (10,27).

**10,28 നീതിമാന്മാരുടെ പ്രത്യാശ സന്തോഷപര്യവസായിയാണ്; ദുഷ്ടരുടെ പ്രതീക്ഷ നിഷ്ഫലമാകും.**

688 സന്തോഷപര്യവസായിയായത്? **ഉ:** നീതിമാന്മാരുടെ പ്രത്യാശ (10,28).

689 നിഷ്ഫലമാകുന്നത്? **ഉ:** ദുഷ്ടരുടെ പ്രതീക്ഷ (10,28).

**10,29 സത്യസന്ധമായി പെരുമാറുന്നവന് കർത്താവ് ഉറപ്പുള്ള കോട്ടയാണ്; തിന്മ പ്രവർത്തിക്കുന്നവനെ അവിടുന്നു നശിപ്പിക്കുന്നു.**

690 കർത്താവ് ഉറപ്പുള്ള കോട്ടയാണ്. **ഉ:** സത്യസന്ധമായി പെരുമാറുന്നവന് (10,29).

691 കർത്താവ് നശിപ്പിക്കുന്നു **ഉ:** തിന്മ പ്രവർത്തിക്കുന്നവനെ (10,29).

**10,30 നീതിമാന്മാർക്ക് ഒരിക്കലും സ്ഥാനഭ്രംശം സംഭവിക്കുകയില്ല; ദുഷ്ടർക്കു ഭൂമിയിൽ ഇടംകിട്ടുകയില്ല.**

692 ഒരിക്കലും സ്ഥാനഭ്രംശം സംഭവിക്കുകയില്ലാത്തത്? **ഉ:** നീതിമാന്മാർക്ക് (10,30).

693 ഭൂമിയിൽ ഇടംകിട്ടുകയില്ല. ആർക്ക്? **ഉ:** ദുഷ്ടർക്ക് (10,30).

**10,31 നീതിമാന്റെ അധരങ്ങളിൽനിന്നു ജ്ഞാനം പുറപ്പെടുന്നു: വഴിപിഴച്ച നാവ് വിച്ഛേദിക്കപ്പെടും.**

694 നീതിമാന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്നത്? **ഉ:** ജ്ഞാനം (10,31).

695 വിച്ഛേദിക്കപ്പെടുന്ന നാവ്? **ഉ:** വഴിപിഴച്ചത് (10,31.
(10,31ഉം 10,13ഉം തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ശ്രദ്ധിക്കുക).

**10,32 നീതിമാന്മാരുടെ അധരങ്ങൾ പഥ്യമായതു പറയുന്നു: ദുഷ്ടരുടെ അധരങ്ങളോ വഴിപിഴച്ചവയും.**

696 നീതിമാന്മാരുടെ അധരങ്ങൾ പറയുന്നു **ഉ:** പഥ്യമായതു (10,32).

697 പഥ്യമായതു പറയുന്നത്? **ഉ:** നീതിമാന്മാരുടെ അധരങ്ങൾ (10,32).

698 വഴിപിഴച്ച അധരങ്ങൾ ആരുടേത്? **ഉ:** ദുഷ്ടരുടെ (10,32).

699 നീതിമാൻ/ന്മാർ എന്ന വാക്ക് സുഭാ 10ൽ എത്ര പ്രാവശ്യം? **ഉ:** 13 (വാക്യ 3, 6, 7, 11, 16, 20, 21, 24, 25, 28, 30, 31, 32) (സുഭാ 9 -18 അധ്യായങ്ങളിൽ നീതിമാൻ/ന്മാർ എന്ന വാക്ക് ഏറ്റവും കൂടുതൽ സുഭാ 10ൽ: 13 പ്രാവശ്യം)

700 ദുഷ്ടൻ/ന്മാർ എന്ന വാക്ക് സുഭാ 10ൽ? **ഉ:** 12 പ്രാവശ്യം (വാക്യ. 3, 6, 7, 11, 16, 20, 24, 25, 27, 28, 30, 32).

## അധ്യായം 11 (അധ്യായം 11ൽ 31 വാക്യങ്ങൾ)

**11,1 കള്ളത്രാസ് കർത്താവ് വെറുക്കുന്നു: ന്യായമായ തൂക്കം അവിടുത്തെ സന്തോഷിപ്പിക്കുന്നു.**

701 കർത്താവ് വെറുക്കുന്നു **ഉ:** കള്ളത്രാസ് (11,1).

702 കർത്താവിനെ സന്തോഷിപ്പിക്കുന്നു **ഉ:** ന്യായമായ തൂക്കം (11,1).

**11,2 അഹങ്കാരത്തിന്റെ പിന്നാലെ അപമാനമുണ്ട്; വിനയമുള്ളവരോടുകൂടെ ജ്ഞാനവും.**

703 അഹങ്കാരത്തിന്റെ പിന്നാലെയുള്ളത്? **ഉ:** അപമാനം (11,2).

704 ജ്ഞാനം ആരോടുകൂടെ? **ഉ:** വിനയമുള്ളവരോടുകൂടെ (11,2).

705 വിനയമുള്ളവരോടുകൂടെയുള്ളത്? **ഉ:** ജ്ഞാനം (11,2).

**11,3 സത്യസന്ധരുടെ വിശ്വസ്തത അവർക്കു വഴികാട്ടുന്നു; വഞ്ചകരുടെ വക്രത അവരെ നശിപ്പിക്കുന്നു.**

706 സത്യസന്ധർക്കു വഴികാട്ടുന്നത്? **ഉ:** അവരുടെ വിശ്വസ്തത (11,3).

707 വഞ്ചകരെ നശിപ്പിക്കുന്നത്? **ഉ:** അവരുടെ വക്രത (11,3).

708 സ്വന്തം വക്രതയാൽ നശിപ്പിക്കപ്പെടുന്നത്? **ഉ:** വഞ്ചകർ (11,3).

**11,4 ക്രോധത്തിന്റെ ദിനത്തിൽ സമ്പത്തു പ്രയോജനപ്പെടുകയില്ല.**

709 സമ്പത്തു പ്രയോജനപ്പെടുകയില്ലാത്തത്? **ഉ:** ക്രോധത്തിന്റെ ദിനത്തിൽ (11,14).

710 ക്രോധത്തിന്റെ ദിനത്തിൽ പയോജനപ്പെടുകയില്ലാത്തത്? **ഉ:** സമ്പത്ത് (11,14).

**11,5 നീതി മരണത്തിൽനിന്നു മോചിപ്പിക്കുന്നു. നിഷ്കളങ്കന്റെ നീതി അവനെ നേർവഴിക്കു നടത്തുന്നു; ദുഷ്ടൻ തന്റെ ദുഷ്ടത നിമിത്തം നിപതിക്കുന്നു.**

711 മരണത്തിൽനിന്നു മോചിപ്പിക്കുന്നത്? **ഉ:** നീതി (11,5).
712 നിഷ്കളങ്കനെ നേർവഴിക്കു നടത്തുന്നത്? **ഉ:** അവന്റെ നീതി (11,5).
713 തന്റെ ദുഷ്ടത നിമിത്തം നിപതിക്കുന്നത്? **ഉ:** ദുഷ്ടൻ (11,5).
**11,6 സത്യസന്ധരുടെ നീതി അവരെ മോചിപ്പിക്കുന്നു; ദുഷ്ടരുടെ അത്യാഗ്രഹം അവരെ അടിമകളാക്കുന്നു.**
714 സത്യസന്ധരെ മോചിപ്പിക്കുന്നത്? **ഉ:** അവരുടെ നീതി (11,6).
715 ദുഷ്ടരെ അടിമകളാക്കുന്നത്? **ഉ:** അവരുടെ അത്യാഗ്രഹം (11,6).
**11,7 ദുഷ്ടന്റെ പ്രത്യാശ മരണത്തോടെ നശിക്കും; അധർമിയുടെ പ്രതീക്ഷ വ്യർഥമായിത്തീരും.**
716 മരണത്തോടെ നശിക്കുന്നത്? **ഉ:** ദുഷ്ടന്റെ പ്രത്യാശ (11,7).
717 വ്യർഥമായിത്തീരുന്നത്? **ഉ:** അധർമിയുടെ പ്രതീക്ഷ (11,7).
**11,8 നീതിമാൻ ദുരിതത്തിൽനിന്നു മോചിപ്പിക്കപ്പെടുന്നു; ദുഷ്ടൻ അതിൽ കുടുങ്ങുകയും ചെയ്യുന്നു.**
718 നീതിമാൻ മോചിക്കപ്പെടുന്നത്? **ഉ:** ദുരിതത്തിൽനിന്നു (11,8).
719 ദുരിതത്തിൽ കുടുങ്ങുന്നത്? **ഉ:** ദുഷ്ടൻ (11,9).
**11,9 അധർമി വാക്കുകൊണ്ട് അയൽക്കാരനെ നശിപ്പിക്കും; നീതിമാൻ വിജ്ഞാനം നിമിത്തം വിമോചിതനാകും.**
720 അയൽക്കാരനെ വാക്കുകൊണ്ട് നശിപ്പിക്കുന്നത്? **ഉ:** അധർമി (11,9).
721 അധർമി അയൽക്കാരനെ നശിപ്പിക്കുന്നത്? **ഉ:** വാക്കുകൊണ്ട് (11,9).
722 വിജ്ഞാനം നിമിത്തം വിമോചിതനാകുന്നത്? **ഉ:** നീതിമാൻ (11,9).
**11,10 നീതിമാന്മാരുടെ ക്ഷേമത്തിൽ നഗരം ആഹ്ലാദിക്കുന്നു; ദുഷ്ടരുടെ നാശത്തിൽ സന്തോഷത്തിന്റെ ആർപ്പുവിളി മുഴങ്ങുന്നു.**
723 നീതിമാന്മാരുടെ ക്ഷേമത്തിൽ ആഹ്ലാദിക്കുന്നത്? **ഉ:** നഗരം (11,10).
724 നഗരം ആഹ്ലാദിക്കുന്നത്? **ഉ:** നീതിമാന്മാരുടെ ക്ഷേമത്തിൽ (11,10).
725 ദുഷ്ടരുടെ നാശത്തിൽ മുഴങ്ങുന്നത്? **ഉ:** സന്തോഷത്തിന്റെ ആർപ്പുവിളി (606).
**11,11 സത്യസന്ധരുടെമേലുള്ള അനുഗ്രഹത്താൽ നഗരം ഉത്ക്കർഷം പ്രാപിക്കുന്നു; ദുഷ്ടരുടെ വാക്കുനിമിത്തം അത് അധഃപതിക്കുന്നു.**
726 സത്യസന്ധരുടെമേലുള്ള അനുഗ്രഹത്താൽ ഉത്ക്കർഷം പ്രാപിക്കുന്നത്? **ഉ:** നഗരം (11,11).
727 നഗരം അധഃപതിക്കുന്നത്? **ഉ:** ദുഷ്ടരുടെ വാക്കുനിമിത്തം (11,11).
**11,12 അയൽക്കാരനെ പുകഴ്ത്തിപ്പറയുന്നവൻ ബുദ്ധിശൂന്യനാണ്; ആലോചനാശീലമുള്ളവൻ നിശ്ശബ്ദത പാലിക്കുന്നു.**
728 നിശ്ശബ്ദത പാലിക്കുന്നത്? **ഉ:** ആലോചനാശീലമുള്ളവൻ (11,12).
**11,13 ഏഷണി പറഞ്ഞുനടക്കുന്നവൻ രഹസ്യം പരസ്യമാക്കുന്നു; വിശ്വസ്തൻ രഹസ്യം സൂക്ഷിക്കുന്നു.**
729 ഏഷണി പറഞ്ഞുനടക്കുന്നവൻ പരസ്യമാക്കുന്നത്? **ഉ:** രഹസ്യം (11,13).
730 രഹസ്യം സൂക്ഷിക്കുന്നത്? **ഉ:** വിശ്വസ്തൻ (11,13).
**11,14 മാർഗദർശനമില്ലാഞ്ഞാൽ ജനത നിലംപതിക്കും; ഉപദേഷ്ടാക്കൾ ധാരാളമുണ്ടെങ്കിൽ സുരക്ഷിതത്വമുണ്ട്.**
731 മാർഗദർശനമില്ലാഞ്ഞാൽ നിലംപതിക്കുന്നത്? **ഉ:** ജനത (11,4).
732 ജനത നിലംപതിക്കുന്നത്? **ഉ:** മാർഗദർശനമില്ലാഞ്ഞാൽ (11,4).
733 ഉപദേഷ്ടാക്കൾ ധാരാളമുണ്ടെങ്കിൽ സുരക്ഷിതത്വമുള്ളത്? **ഉ:** ജനതയ്ക്ക് (11,14)
**11,15 അന്യനു ജാമ്യം നില്ക്കുന്നവൻ ദുഃഖിക്കേണ്ടിവരും; ജാമ്യം നില്ക്കാത്തവൻ സുരക്ഷിതനാണ്.**
734 ദുഃഖിക്കേണ്ടിവരുന്നത്? **ഉ:** അന്യനു ജാമ്യം നില്ക്കുന്നവൻ (11,16).
**11,16 ശാലീനയായ സ്ത്രീ ആദരം നേടുന്നു; ബലവാൻ സമ്പത്തും.**
735 ശാലീനയായ സ്ത്രീ നേടുന്നത്? **ഉ:** ആദരം (11,16).
**11,17 ദയാശീലൻ തനിക്കുതന്നെ ഗുണം ചെയ്യുന്നു; ക്രൂരൻ തനിക്കുതന്നെ ഉപദ്രവം വരുത്തിവയ്ക്കുന്നു.**



736 ദയാശീലൻ ഗുണം ചെയ്യുന്നത്? **ഉ:** തനിക്കുതന്നെ (11,17).
737 ക്രൂരൻ ഉപദ്രവം വരുത്തിവയ്ക്കുന്നത്? **ഉ:** തനിക്കുതന്നെ (11,17).
**11,18 ദുഷ്ടന്റെ പ്രതിഫലം അവനെ വഞ്ചിക്കുന്നു; നീതി വിതയ്ക്കുന്നവന്റെ പ്രതിഫലം സുനിശ്ചിതമാണ്.**
738 ദുഷ്ടന്റെ പ്രതിഫലം ആരെ വഞ്ചിക്കുന്നു? **ഉ:** അവനെ (11,18).
739 ആരുടെ പ്രതിഫലം സുനിശ്ചിതമാണ്? **ഉ:** നീതി വിതയ്ക്കുന്നവന്റെ (11,18).
**11,19 നീതിയിൽ നിലനില്ക്കുന്നവൻ ജീവിക്കും; തിന്മയെ പിന്തുടരുന്നവൻ മരിക്കും.**
740 പൂരിപ്പിക്കുക: ... നിലനില്ക്കുന്നവൻ ജീവിക്കും: ... പിന്തുടരുന്നവൻ മരിക്കും (സുഭാ 11,19). **ഉ:** നീതിയിൽ; തിന്മയെ.
741 സുഭാ 11,19നു സമാനമായ വേദഭാഗം? **ഉ:** നിയ 30,15-18.
**11,20 വികടബുദ്ധികൾ കർത്താവിനു വെറുപ്പുളവാക്കുന്നു; നിഷ്കളങ്കർ അവിടുത്തെ സന്തോഷിപ്പിക്കുന്നു.**
742 കർത്താവിനു വെറുപ്പുളവാക്കുന്നു? **ഉ:** വികടബുദ്ധികൾ (11,20).
743 കർത്താവിനെ സന്തോഷിപ്പിക്കുന്നു? **ഉ:** നിഷ്കളങ്കർ (11,20).
744 വിപരീതപദം ഏത്? വികടബുദ്ധികൾ (സുഭാ 11,20). X **ഉ:** നിഷ്കളങ്കർ.
**11,21 തിന്മ ചെയ്യുന്നവനു തീർച്ചയായും ശിക്ഷ ലഭിക്കും; നീതിമാനു മോചനവും.**
745 തിന്മ ചെയ്യുന്നവനു തീർച്ചയായും ലഭിക്കും? **ഉ:** ശിക്ഷ (11,21).
746 നീതിമാനു തീർച്ചയായും ലഭിക്കും? **ഉ:** മോചനം (11,21).
**11,22 വകതിരിവില്ലാത്ത സുന്ദരി, പന്നിയുടെ സ്വർണമൂക്കുത്തിക്കു തുല്യയാണ്.**
747 പന്നിയുടെ സ്വർണമൂക്കുത്തിക്കു തുല്യ **ഉ:** വകതിരിവില്ലാത്ത സുന്ദരി (11,22).
**11,23 നീതിമാന്മാരുടെ ആഗ്രഹം നന്മയിലേ ചെല്ലൂ; ദുഷ്ടരുടെ പ്രതീക്ഷ ക്രോധത്തിലും.**
748 ആരുടെ ആഗ്രഹം നന്മയിലേ ചെല്ലൂ? **ഉ:** നീതിമാന്മാരുടെ (11,23).
749 ആരുടെ പ്രതീക്ഷ ക്രോധത്തിലേ ചെല്ലൂ? **ഉ:** ദുഷ്ടരുടെ (11,23).
**11,24 ഒരാൾ ഉദാരമായി നൽകിയിട്ടും കൂടുതൽ ധനികനാകുന്നു; നൽകേണ്ടതു പിടിച്ചുവച്ചിട്ടും മറ്റൊരുവന്റെ ദാരിദ്ര്യം വർദ്ധിക്കുന്നു.**
750 കൂടുതൽ ധനികനാകുന്നത്? **ഉ:** ഉദാരമായി നൽകിയൊരാൾ (11,24).
751 ആരുടെ ദാരിദ്ര്യം വർദ്ധിക്കുന്നു? **ഉ:** നൽകേണ്ടതു പിടിച്ചുവച്ച മറ്റൊരുവന്റെ
**11,25 ഉദാരമായി ദാനം ചെയ്യുന്നവൻ സമ്പന്നനാകും; ദാഹജലം കൊടുക്കുന്നവന് ദാഹജലം കിട്ടും**
752 പൂരിപ്പിക്കുക: ഉദാരമായി ദാനം ചെയ്യുന്നവൻ ... (സുഭാ 11,25) **ഉ:** സമ്പന്നനാകും.
753 ദാഹജലം കൊടുക്കുന്നവന് ... കിട്ടും (സുഭാ 11,25) **ഉ:** ദാഹജലം.
**11,26 ധാന്യം പൂഴ്ത്തിവയ്ക്കുന്നവനെ ജനങ്ങൾ ശപിക്കുന്നു; അതു വിൽപനയ്ക്കുവയ്ക്കുന്നവനെ അവർ അനുഗ്രഹിക്കുന്നു.**
754 ധാന്യം പൂഴ്ത്തിവയ്ക്കുന്നവനെ ശപിക്കുന്നത്? **ഉ:** ജനങ്ങൾ (11,26).
755 ധാന്യം വിൽപനയ്ക്കുവയ്ക്കുന്നവനെ അനുഗ്രഹിക്കുന്നത്? **ഉ:** ജനങ്ങൾ (11,26).
**11,27 നന്മയെ ജാഗരൂകതയോടെ അന്വേഷിക്കുന്നവർ അനുഗ്രഹത്തെയാണ് അന്വേഷിക്കുന്നത്. തിന്മയെ തിരയുന്നവനു തിന്മതന്നെ വന്നുകൂടുന്നു.**
756 നന്മയെ ജാഗരൂകതയോടെ അന്വേഷിക്കുന്നവർ അന്വേഷിക്കുന്നത്? **ഉ:** അനുഗ്രഹത്തെ (11,27).
757 അനുഗ്രഹത്തെ അന്വേഷിക്കുന്നത്? **ഉ:** നന്മയെ ജാഗരൂകതയോടെ അന്വേഷിക്കുന്നവർ (11,27).
758 തിന്മയെ തിരയുന്നവനു വന്നുകൂടുന്നത്? **ഉ:** തിന്മതന്നെ (11,17).
**11,28 ധനത്തെ ആശ്രയിക്കുന്നവൻ കൊഴിഞ്ഞുവീഴും; നീതിമാൻ പച്ചിലപോലെ തഴയ്ക്കും.**
759 കൊഴിഞ്ഞുവീഴുന്നത്? **ഉ:** ധനത്തെ ആശ്രയിക്കുന്നവൻ (11,28).
760 പച്ചിലപോലെ തഴയ്ക്കുന്നത്? **ഉ:** നീതിമാൻ (11,28).
**11,29 കുടുംബദ്രോഹിക്ക് ഒന്നും ബാക്കിയുണ്ടാവുകയില്ല; ഭോഷൻ വിവേകിയുടെ ദാസനായിരിക്കും.**

761 ഒന്നും ബാക്കിയുണ്ടാവുകയില്ലാത്തത്? **ഉ:** കുടുംബദ്രോഹിക്ക് (11,29).
762 ഭോഷൻ ആരുടെ ദാസനായിരിക്കും? **ഉ:** വിവേകിയുടെ (11,29).

**11,30 നീതിയുടെ ഫലം ജീവന്റെ വൃക്ഷമാണ്: അക്രമം ജീവനൊടുക്കുന്നു.**

763 നീതിയുടെ ഫലം? **ഉ:** ജീവന്റെ വൃക്ഷം (11,30).
764 ജീവന്റെ വൃക്ഷം എന്തിന്റെ ഫലം? **ഉ:** നീതിയുടെ (11,30).
765 ജീവനൊടുക്കുന്നത്? **ഉ:** അക്രമം (11,20).

**11,31 നീതിമാൻ കഷ്ടിച്ചു മാത്രമേ രക്ഷപെടുന്നുള്ളുവെങ്കിൽ ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും?**

766 സുഭാ 11,31നു സമാനമായ പുതിയനിയമഭാഗങ്ങൾ? **ഉ:** ലൂക്കാ 23,31: പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും!); 1 പത്രോ 4,18 (നീതിമാൻ കഷ്ടിച്ചു മാത്രം രക്ഷപെടുന്നുവെങ്കിൽ ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും?) (സുഭാ 11,31 അതേപടി 1 പത്രോ 4,18 ഉദ്ധരിക്കുന്നു).
767 നീതിമാൻ എന്ന് സുഭാ. അധ്യായം 11ൽ. (7 പ്രാവശ്യം) (വാക്യ: 8, 9, 10, 21, 23, 28, 31),
768 ദുഷ്ടൻ/ന്മാർ എന്ന വാക്ക് സുഭാ 11ൽ? **ഉ:** 9 പ്രാവശ്യം (വാക്യ. 5, 6, 7, 8, 10, 11, 18, 23, 31).

## അധ്യായം 12 (അധ്യായം 12ൽ 28 വാക്യങ്ങൾ)

**12,1 ശിക്ഷണം ഇഷ്ടപ്പെടുന്നവൻ വിജ്ഞാനത്തെയാണ് സ്നേഹിക്കുന്നത്; ശാസനം വെറുക്കുന്നവൻ മൂഢനത്രേ**

769 ശിക്ഷണം ഇഷ്ടപ്പെടുന്നവൻ സ്നേഹിക്കുന്നത്? **ഉ:** വിജ്ഞാനത്തെ (12,1).
770 വിജ്ഞാനത്തെ സ്നേഹിക്കുന്നവൻ ഇഷ്ടപ്പെടുന്നത്? **ഉ:** ശിക്ഷണം (12,1).
771ശാസനം വെറുക്കുന്നവൻ? **ഉ:** മൂഢൻ (12,1).

**12,2 ഉത്തമനായ മനുഷ്യന് കർത്താവിന്റെ അനുഗ്രഹം ലഭിക്കുന്നു; തിന്മ നിരൂപിക്കുന്നവനെ അവിടുന്ന് ശിക്ഷയ്ക്കു വിധിക്കുന്നു.**

772 ഉത്തമനായ മനുഷ്യന് ലഭിക്കുന്നത്? **ഉ:** കർത്താവിന്റെ അനുഗ്രഹം (12,2).
773 കർത്താവ് ശിക്ഷയ്ക്കു വിധിക്കുന്നത്? **ഉ:** തിന്മ നിരൂപിക്കുന്നവനെ (12,2).

**12,3 ദുഷതയിലൂടെ ആരും നിലനിൽപ് നേടുന്നില്ല; നീതിമാന്മാർ ഒരിക്കലും ഉന്മൂലനം ചെയ്യപ്പെടുന്നില്ല.**

774 ദുഷതയിലൂടെ ആരും നേടുന്നില്ലാത്തത്? **ഉ:** നിലനിൽപ് (12,3).
775 ഒരിക്കലും ഉന്മൂലനം ചെയ്യപ്പെടുന്നില്ലാത്തത്? **ഉ:** നീതിമാന്മാർ (12,3).

**12,4 ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടം: അപമാനം വരുത്തിവയ്ക്കുന്നവൾ അവന്റെ അസ്ഥികളിലെ അർബുദവും.**

776 ഭർത്താവിന്റെ കിരീടം? **ഉ:** ഉത്തമയായ ഭാര്യ (12,4).
777 പൂരിപ്പിക്കുക: അപമാനം വരുത്തിവയ്ക്കുന്നവൾ (ഭാര്യ) അവന്റെ (ഭർത്താവിന്റെ) ... ... (സുഭാ 12,4). **ഉ:** അസ്ഥികളിലെ അർബുദവും.

**12,5 നീതിമാന്മാരുടെ ആലോചനകൾ ന്യായയുക്തമാണ്: ദുഷ്ടരുടെ ഉപദേശങ്ങൾ വഞ്ചനാത്മകവും.**

778 ആരുടെ ആലോചനകൾ ന്യായയുക്തമാണ്? **ഉ:** നീതിമാന്മാരുടെ (12,5).
779 ആരുടെ ഉപദേശങ്ങൾ വഞ്ചനാത്മകമാണ്? **ഉ:** ദുഷ്ടരുടെ (12,5).

**12,6 ദുഷ്ടരുടെ വാക്കുകൾ രക്തത്തിനു പതിയിരിക്കുന്നു: സത്യസന്ധരുടെ വാക്കുകൾ മനുഷ്യരെ മോചിപ്പിക്കുന്നു.**

780 രക്തത്തിനു പതിയിരിക്കുന്നത്? **ഉ:** ദുഷ്ടരുടെ വാക്കുകൾ (12,5).
781 ദുഷ്ടരുടെ വാക്കുകൾ പതിയിരിക്കുന്നത്? **ഉ:** രക്തത്തിനു (12,5).
782 മനുഷ്യരെ മോചിപ്പിക്കുന്നത്? **ഉ:** സത്യസന്ധരുടെ വാക്കുകൾ (12,5).

**12,7 ദുഷ്ടർ നിപതിക്കുമ്പോൾ നിശ്ശേഷം നശിക്കും; നീതിമാന്മാരുടെ പരമ്പര നിലനിൽക്കും.**

783 നിപതിക്കുമ്പോൾ നിശ്ശേഷം നശിക്കുന്നത്? **ഉ:** ദുഷ്ടർ (12,7).
784 നിലനിൽക്കുന്നത്? **ഉ:** നീതിമാന്മാരുടെ പരമ്പര (12,7).



**12,8 സദ്ബുദ്ധിയുള്ളവൻ അതിന്റെ പേരിൽ പ്രശംസിക്കപ്പെടുന്നു: വികടബുദ്ധി നിന്ദിക്കപ്പെടുന്നു.**

785 സദ്ബുദ്ധിയുള്ളവൻ പ്രശംസിക്കപ്പെടുന്നത്? **ഉ:** അതിന്റെ പേരിൽ (12,8).
786 സദ്ബുദ്ധിയുള്ളവൻ അതിന്റെ പേരിൽ പ്രശംസിക്കപ്പെടുന്നു: നിന്ദിക്കപ്പെടുന്നത്? **ഉ:** വികടബുദ്ധി (12,8).

**12,9 ആഹാരത്തിനു വകയില്ലാതിരിക്കേ വമ്പു നടിക്കുന്നവനെക്കാൾ ശ്രേഷ്ഠൻ അധ്വാനിച്ച് എളിയനിലയിൽ കഴിയുന്നവനാണ്.**

787 ആഹാരത്തിനു വകയില്ലാതിരിക്കേ വമ്പു നടിക്കുന്നവനെക്കാൾ ശ്രേഷ്ഠൻ? **ഉ:** അധ്വാനിച്ച് എളിയനിലയിൽ കഴിയുന്നവൻ (12,9).

**12,10 നീതിമാൻ വളർത്തുമൃഗങ്ങളോട് ദയകാട്ടുന്നു: ദുഷ്ടന്മാരുടെ ഹൃദയം ക്രൂരത നിറഞ്ഞതാണ്.**

788 വളർത്തുമൃഗങ്ങളോട് ദയകാട്ടുന്നത്? **ഉ:** നീതിമാൻ (12,10).
789 ക്രൂരത നിറഞ്ഞത്? **ഉ:** ദുഷ്ടന്മാരുടെ ഹൃദയം (12,10).

**12,11 മണ്ണിൽ അധ്വാനിക്കുന്നവനു യഥേഷ്ടം ആഹാരം കിട്ടും; പാഴ്വേല ചെയ്യുന്നവൻ ബുദ്ധിശൂന്യനാണ്.**

790 മണ്ണിൽ അധ്വാനിക്കുന്നവനു കിട്ടുന്നത്? **ഉ:** യഥേഷ്ടം ആഹാരം (12,11).
791 പാഴ്വേല ചെയ്യുന്നവൻ? **ഉ:** ബുദ്ധിശൂന്യനാണ് (12,11).

**12,12 ദുഷ്ടരുടെ ബലിഷ്ഠമായ ഗോപുരം തകർന്നടിയുന്നു; നീതിമാന്മാരാകട്ടെ വേരുറച്ചു നിൽക്കുന്നു.**

792 ആരുടെ ബലിഷ്ഠമായ ഗോപുരം തകർന്നടിയുന്നു? **ഉ:** ദുഷ്ടരുടെ (12,12).
793 വേരുറച്ചു നിൽക്കുന്നത്? **ഉ:** നീതിമാന്മാർ (12,12).

**12,13 ദുഷ്ടൻ തന്റെ ദുഷിച്ച വാക്കുകളിൽത്തന്നെ കുടുങ്ങിപ്പോകുന്നു; നീതിമാൻ കുഴപ്പത്തിൽനിന്ന് രക്ഷപെടുന്നു.**

794 ദുഷ്ടൻ കുടുങ്ങിപ്പോകുന്നത്? **ഉ:** തന്റെ ദുഷിച്ച വാക്കുകളിൽത്തന്നെ (12,13).
795 തന്റെ ദുഷിച്ച വാക്കുകളിൽത്തന്നെ കുടുങ്ങിപ്പോകുന്നത്? **ഉ:** ദുഷ്ടൻ (12,13).
796 കുഴപ്പത്തിൽനിന്നു രക്ഷപെടുന്നത്? **ഉ:** നീതിമാൻ (12,13).

**12,14 ഒരുവന് തന്റെ വാക്കുകൾക്ക് നന്മ പ്രതിഫലമായി ലഭിക്കുന്നു; വേറൊരുവന് തന്റെ കരവേലയ്ക്ക് തക്ക പ്രതിഫലം ലഭിക്കുന്നു.**

797 ഒരുവന് തന്റെ വാക്കുകൾക്ക് പ്രതിഫലമായി ലഭിക്കുന്നത്? **ഉ:** നന്മ (12,14).
798 വേറൊരുവന് തന്റെ കരവേലയ്ക്ക് എങ്ങനെയുള്ള പ്രതിഫലം ലഭിക്കുന്നു? **ഉ:** തക്ക (12,14).

**12,15 ഭോഷന്റെ ദൃഷ്ടിയിൽ തന്റെ പ്രവൃത്തി ഉത്തമമാണ്: വിവേകി ഉപദേശം തേടുന്നു.**

799 തന്റെ പ്രവൃത്തി ഉത്തമമായത് ആരുടെ ദൃഷ്ടിയിൽ? **ഉ:** ഭോഷന്റെ (12,15).
800 ഉപദേശം തേടുന്നത്? **ഉ:** വിവേകി (12,15).
801 സുഭാ 12,15ൽ ഭോഷനു വിപരീതം? **ഉ:** വിവേകി.

**12,16 ഭോഷൻ നീരസം പെട്ടെന്നു പ്രകടിപ്പിക്കുന്നു: വിവേചനാശീലമുള്ളവൻ നിന്ദനം വകവയ്ക്കുന്നില്ല.**

802 നീരസം പെട്ടെന്നു പ്രകടിപ്പിക്കുന്നത്? **ഉ:** ഭോഷൻ (12,16).
803 നിന്ദനം വകവയ്ക്കുന്നില്ലാത്തത്? **ഉ:** വിവേചനാശീലമുള്ളവൻ (12,16).
804 വിവേചനാശീലമുള്ളവൻ വകവയ്ക്കുന്നില്ലാത്തത്? **ഉ:** നിന്ദനം (12,16).
805 സുഭാ 12,16ൽ ഭോഷനു വിപരീതം? **ഉ:** വിവേചനാശീലമുള്ളവൻ.

**12,17 സത്യം പറയുന്നവൻ വ്യാജം കൂടാതെ തെളിവു നല്കുന്നു: കള്ളസ്സാക്ഷി വ്യാജം പറയുന്നു.**

806 വ്യാജം കൂടാതെ തെളിവു നല്കുന്നത്? **ഉ:** സത്യം പറയുന്നവൻ (12,17).
807 വ്യാജം പറയുന്നത്? **ഉ:** കള്ളസ്സാക്ഷി (12,17).

**12,18 തുളച്ചുകയറുന്ന വാളുപോലെ, വീണ്ടുവിചാരമില്ലാതെ വാക്കുകൾ പ്രയോഗിക്കുന്നവരുണ്ട്: വിവേകിയുടെ വാക്കുകൾ മുറിവുണക്കുന്നു.**

808 ആരുടെ വാക്കുകൾ മുറിവുണക്കുന്നു? **ഉ:** വിവേകിയുടെ (12,18).

**12,19 സത്യസന്ധമായ വാക്ക് എന്നേക്കും നിലനിൽക്കുന്നു: വ്യാജമായ വാക്ക് ക്ഷണികമാണ്.**
809 എന്നേക്കും നിലനിൽക്കുന്ന വാക്ക്? **ഉ:** സത്യസന്ധമായത് (12,19).
810 ക്ഷണികമായ വാക്ക്? **ഉ:** വ്യാജമായത് (12,19).
**12,20 തിന്മ നിനയ്ക്കുന്നവരുടെ ഹൃദയം കുടിലമാണ്; നന്മ നിരൂപിക്കുന്നവർ സന്തോഷമനുഭവിക്കുന്നു.**
811 ഹൃദയം കുടിലമായ്ത്? **ഉ:** തിന്മ നിനയ്ക്കുന്നവരുടെ (12,20).
812 നന്മ നിരൂപിക്കുന്നവർ അനുഭവിക്കുന്നത്? **ഉ:** സന്തോഷം (12,20).
813 സന്തോഷമനുഭവിക്കുന്നത്? **ഉ:** നന്മ നിരൂപിക്കുന്നവർ (12,20).
**12,21 നീതിമാന്മാർക്ക് അനർഥം സംഭവിക്കുന്നില്ല; ദുഷ്ടർക്ക് ആപത്ത് ഒഴിയുകയുമില്ല.**
814 ആർക്ക് അനർഥം സംഭവിക്കുന്നില്ല? **ഉ:** നീതിമാന്മാർക്ക് (12,21).
815 ആപത്ത് ഒഴിയുകയുമില്ലാത്തത്? **ഉ:** ദുഷ്ടർക്ക് (12,21).
**12,22 കള്ളം പറയുന്ന അധരങ്ങൾ കർത്താവിനു വെറുപ്പാണ്: വിശ്വസ്തതയോടെ പെരുമാറുന്നവർ അവിടുത്തെ സന്തോഷിപ്പിക്കുന്നു.**
816 കർത്താവിനു വെറുപ്പായത്? **ഉ:** കള്ളം പറയുന്ന അധരങ്ങൾ (12,22).
817 വിശ്വസ്തതയോടെ പെരുമാറുന്നവർ ആരെ സന്തോഷിപ്പിക്കുന്നു? **ഉ:** കർത്താവിനെ (12,22).
**12,23 വിവേകി തന്റെ അറിവു മറച്ചുവയ്ക്കുന്നു; ഭോഷൻ തന്റെ ഭോഷത്തം വിളംബരം ചെയ്യുന്നു.**
818 വിവേകി മറച്ചുവയ്ക്കുന്നത്? **ഉ:** തന്റെ അറിവു (12,23).
819 തന്റെ അറിവു മറച്ചുവയ്ക്കുന്നത്? **ഉ:** വിവേകി (12,23).
820 ഭോഷൻ വിളംബരം ചെയ്യുന്നത്? **ഉ:** തന്റെ ഭോഷത്തം (12,23).
**12,24 സ്ഥിരോത്സാഹിയുടെ കരം ഭരണം നടത്തും; അലസന്മാർ അടിമവേല ചെയ്യാൻ നിർബന്ധിക്കപ്പെടും.**
821 ആരുടെ കരം ഭരണം നടത്തും? **ഉ:** സ്ഥിരോത്സാഹിയുടെ (12,24).
822 ആര് അടിമവേല ചെയ്യാൻ നിർബന്ധിക്കപ്പെടും? **ഉ:** അലസന്മാർ (12,24).
**12,25 ഉത്ക്കണ്ഠ ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നു: നല്ല വാക്ക് അവനെ ഉത്തേജിപ്പിക്കുന്നു.**
823 ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നത്? **ഉ:** ഉത്ക്കണ്ഠ (12,25).
824 ഉത്ക്കണ്ഠ നിരുന്മേഷമാക്കുന്നത്? **ഉ:** ഒരുവന്റെ ഹൃദയത്തെ (12,25).
825 ഒരുവനെ ഉത്തേജിപ്പിക്കുന്നത്? **ഉ:** നല്ല വാക്ക് (12,25).
**12,26 നീതിമാൻ തിന്മയിൽനിന്ന് ഒഴിഞ്ഞുമാറുന്നു: ദുഷ്ടന്റെ പെരുമാറ്റം അവനെത്തന്നെ വഴിതെറ്റിക്കുന്നു.**
826 നീതിമാൻ ഒഴിഞ്ഞുമാറുന്നത്? **ഉ:** തിന്മയിൽനിന്ന് (12,26).
827 തിന്മയിൽനിന്ന് ഒഴിഞ്ഞുമാറുന്നത്? **ഉ:** നീതിമാൻ (12,26).
828 ദുഷ്ടന്റെ പെരുമാറ്റം വഴിതെറ്റിക്കുന്നത്? **ഉ:** അവനെത്തന്നെ (12,26).
**12,27 നീതിയുടെ പാതയിലാണ് ജീവൻ; അനീതിയുടെ മാർഗം മരണത്തിലേക്കു നയിക്കുന്നു.**
829 ഏതു പാതയിലാണ് ജീവൻ? **ഉ:** നീതിയുടെ?
830 അനീതിയുടെ മാർഗം നയിക്കുന്നത്? **ഉ:** മരണത്തിലേക്കു (12,27).
831 മരണത്തിലേക്കു നയിക്കുന്ന മാർഗം? **ഉ:** അനീതിയുടെ (12,27).
832 നീതിമാൻ എന്ന വാക്ക് സുഭാ 12ൽ എത്ര പ്രാവശ്യം? **ഉ:** 8 പ്രാവശ്യം (വാക്യ 3, 5, 7, 10, 12, 13, 21, 26,)
833 ദുഷ്ടൻ/ന്മാർ എന്ന വാക്ക് സുഭാ 12ൽ? **ഉ:** 8 പ്രാവശ്യം (വാക്യ. 5, 6, 7, 10, 12, 13, 21 26).

അധ്യായം 13 (അധ്യായം 13ൽ 25 വാക്യങ്ങൾ)

**13,1 വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു; പരിഹാസകൻ ശാസനം അവഗണിക്കുന്നു.** (15,12നോടുള്ള സാമ്യ,വ്യത്യാസങ്ങൾ ശ്രദ്ധിക്കുക)



834 പിതാവിന്റെ ഉപദേശം കേൾക്കുന്നത്? **ഉ:** വിവേകമുള്ള മകൻ (12,1).
835 ശാസനം അവഗണിക്കുന്നത്? **ഉ:** പരിഹാസകൻ (13,1).
836 പരിഹാസകൻ അവഗണിക്കുന്നത്? **ഉ:** ശാസനം (13,1).
**13,2 ഉത്തമനായ മനുഷ്യൻ തന്റെ വാക്കുകളുടെ സത്ഫലം അനുഭവിക്കുന്നു; വഞ്ചകന്മാർ അക്രമമാണ് അഭിലഷിക്കുന്നത്.**
837 ഉത്തമനായ മനുഷ്യൻ അനുഭവിക്കുന്നത്? **ഉ:** തന്റെ വാക്കുകളുടെ സത്ഫലം (13,2).
838 തന്റെ വാക്കുകളുടെ സത്ഫലം അനുഭവിക്കുന്നത്? **ഉ:** ഉത്തമനായ മനുഷ്യൻ (13,2).
**13,3 വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ തന്റെ ജീവൻ സുരക്ഷിതമാക്കുന്നു: അധരങ്ങളെ നിയന്ത്രിക്കാത്തവൻ നാശമടയുന്നു.**
839 വാക്കുകളിൽ നിയന്ത്രണം പാലിക്കുന്നവൻ സുരക്ഷിതമാക്കുന്നത്? **ഉ:** തന്റെ ജീവൻ (13,3).
840 നാശമടയുന്നത്? **ഉ:** അധരങ്ങളെ നിയന്ത്രിക്കാത്തവൻ (13,3).
841 സുഭാ 13,3ൽ അധരങ്ങളുടെ നിയന്ത്രണത്തെപ്പറ്റി പറയുന്നതിന്റെ വിശദരൂപം ബൈബിളിൽ മറ്റെവിടെ? **ഉ:** യാക്കോബിന്റെ ലേഖനം 3,2-12.
**13,4 എത്ര ആഗ്രഹിച്ചാലും അലസന് ഒന്നും കിട്ടുന്നില്ല: സ്ഥിരോത്സാഹിക്കു സമൃദ്ധമായി ലഭിക്കുന്നു.**
842 എത്ര ആഗ്രഹിച്ചാലും ഒന്നും കിട്ടുന്നില്ലാത്തത്? **ഉ:** അലസന് (13,4).
843 സമൃദ്ധമായി ലഭിക്കുന്നത്? **ഉ:** സ്ഥിരോത്സാഹിക്കു (13,4).
**13,5 നീതിമാൻ കാപട്യത്തെ വെറുക്കുന്നു; ദുഷ്ടൻ ലജ്ജയും അഭിമാനവും വെടിഞ്ഞു പ്രവർത്തിക്കുന്നു.**
844 നീതിമാൻ വെറുക്കുന്നത്? **ഉ:** കാപട്യത്തെ (13,5).
845 കാപട്യത്തെ വെറുക്കുന്നത്? **ഉ:** നീതിമാൻ (13,5).
846 ലജ്ജയും അഭിമാനവും വെടിഞ്ഞു പ്രവർത്തിക്കുന്നത്? **ഉ:** ദുഷ്ടൻ (13,5).
**13,6 സത്യസന്ധമായി പെരുമാറുന്നവനെ നീതി കാത്തുകൊള്ളും; ദുഷ്ടനെ പാപം നിലംപതിപ്പിക്കുന്നു.**
847 സത്യസന്ധമായി പെരുമാറുന്നവനെ കാത്തുകൊള്ളുന്നത്? **ഉ:** നീതി (13,6).
848 നീതി ആരെ കാത്തുകൊള്ളും? **ഉ:** സത്യസന്ധമായി പെരുമാറുന്നവനെ (13,6).
849 ദുഷ്ടനെ നിലംപതിപ്പിക്കുന്നത്? **ഉ:** പാപം (13,6).
**13,7 ഒരുവൻ ധനികനെന്നു നടിക്കുന്നു, എങ്കിലും അവനു യാതൊന്നും ഇല്ല; അപരൻ ദരിദ്രനെന്നു നടിക്കുന്നു, എങ്കിലും അവനു ധാരാളം സമ്പത്തുണ്ട്.**
850 ധനികനെന്നു നടിക്കുന്ന ഒരുവവനു ഇല്ലാത്തത്? **ഉ:** യാതൊന്നും (13,7).
851 ദരിദ്രനെന്നു നടിക്കുന്നവനുള്ളത്? **ഉ:** ധാരാളം സമ്പത്ത് (13,7).
**13,8 ജീവൻ വീണ്ടെടുക്കാനുള്ള മോചനദ്രവ്യമാണ് മനുഷ്യന് സമ്പത്ത്; എന്നാൽ, ദരിദ്രനു മോചനത്തിനു മാർഗമില്ല.**
852 എന്തിനുള്ള മോചനദ്രവ്യമാണ് മനുഷ്യന് സമ്പത്ത്? **ഉ:** ജീവൻ വീണ്ടെടുക്കാനുള്ള 913,8).
853 ദരിദ്രനു മാർഗമില്ലാത്തത്? **ഉ:** മോചനത്തിനു (13,8).
**13,9 നീതിമാന്റെ ദീപം തെളിഞ്ഞു പ്രകാശിക്കും; ദുഷ്ടന്റെ ദീപം അണഞ്ഞുപോകും.**
854 തെളിഞ്ഞു പ്രകാശിക്കുന്നത്? **ഉ:** നീതിമാന്റെ ദീപം (13,9).
855 അണഞ്ഞുപോകുന്നത്? **ഉ:** ുഷ്ടന്റെ ദീപം (13,9).
**13,10 താന്തോന്നികൾ ഔദ്ധത്യം നിമിത്തം കലഹമുണ്ടാക്കുന്നു; ഉപദേശം സ്വീകരിക്കുന്നവരോടുകൂടെയാണ് വിവേകം.**
856 ഔദ്ധത്യം നിമിത്തം കലഹമുണ്ടാക്കുന്നത്? **ഉ:** താന്തോന്നികൾ (13,10).
857 താന്തോന്നികൾ കലഹമുണ്ടാക്കുന്നത്? **ഉ:** ഔദ്ധത്യം നിമിത്തം (13,10).
858 ഉപദേശം സ്വീകരിക്കുന്നവരോടുകൂടെയായാരിക്കുന്നത്? **ഉ:** വിവേകം (13,10).
859 വിവേകം ആരുടെകൂടെ? **ഉ:** ഉപദേശം സ്വീകരിക്കുന്നവരോടുകൂടെ (13,10).
**13,11 അനായാസമായി നേടിയ സമ്പത്തു ക്ഷയിച്ചുപോകും; അൽപ്പാൽപ്പമായി കരുതിവയ്ക്കുന്നവൻ അതു വർദ്ധിപ്പിച്ചുകൊണ്ടിരിക്കും.**
860 പൂരിപ്പിക്കുക: അനായാസമായി നേടിയ ... ക്ഷയിച്ചുപോകും (സുഭാ 13,11).

ഉ: സമ്പത്തു
861 അൽപ്പാൽപ്പമായി കരുതിവയ്ക്കുന്നവൻ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്?
ഉ: സമ്പത്തു (13,11).
**13,12സഫലമാകാൻ വൈകുന്ന പ്രതീക്ഷ ഹൃദയത്തെ വേദനിപ്പിക്കുന്നു; സഫല മായിക്കഴിഞ്ഞ ആഗ്രഹം ജീവന്റെ വൃക്ഷമാണ്.**
862 സഫലമാകാൻ വൈകുന്ന പ്രതീക്ഷ വേദനിപ്പിക്കുന്നത്? ഉ: ഹൃദയത്തെ (13,12).
863 ഹൃദയത്തെ വേദനിപ്പിക്കുന്നത്? ഉ: സഫലമാകാൻ വൈകുന്ന പ്രതീക്ഷ (13,12).
864 ജീവന്റെ വൃക്ഷം? ഉ: സഫലമായിക്കഴിഞ്ഞ ആഗ്രഹം (13,12).
**13,13ഉപദേശം നിന്ദിക്കുന്നവൻ തനിക്കുതന്നെ നാശം വരുത്തിവയ്ക്കുന്നു; കൽപ്പന ആദരിക്കുന്നവനു പ്രതിഫലം ലഭിക്കും.**
865 ഉപദേശം നിന്ദിക്കുന്നവൻ നാശം വരുത്തിവയ്ക്കുന്നത്? ഉ: തനിക്കുതന്നെ (13,13).
866 തനിക്കുതന്നെ നാശം വരുത്തിവയ്ക്കുന്നത്? ഉ: ഉപദേശം നിന്ദിക്കുന്നവൻ (13,13).
867 കൽപ്പന ആദരിക്കുന്നവനു ലഭിക്കുന്നത്? ഉ: പ്രതിഫലം (13,13).
**13,14ജ്ഞാനിയുടെ ഉപദേശം ജീവന്റെ ഉറവയാണ്: മരണത്തിന്റെ കെണികളിൽ നിന്ന് ഒഴിഞ്ഞുമാറാൻ അതു സഹായിക്കുന്നു.**
868 ജീവന്റെ ഉറവ? ഉ: ജ്ഞാനിയുടെ ഉപദേശം (13,14).
869 മരണത്തിന്റെ കെണികളിൽനിന്ന് ഒഴിഞ്ഞുമാറാൻ സഹായിക്കുന്നത്?
ഉ: ജ്ഞാനിയുടെ ഉപദേശം (13,14).
870 ജ്ഞാനിയുടെ ഉപദേശം മരണത്തിന്റെ കെണികളിൽനിന്ന് ഒഴിഞ്ഞുമാറാൻ സഹായിക്കുന്നു. കാരണം? (സുഭാ 13,14). ഉ: അതു ജീവന്റെ ഉറവയാണ്.
**13,15 സദ്ബുദ്ധി പ്രീതി ജനിപ്പിക്കുന്നു; അവിശ്വസ്തരുടെ മാർഗം അവർക്കു നാശം വരുത്തുന്നു.**
871 സദ്ബുദ്ധി ജനിപ്പിക്കുന്നത്? ഉ: പ്രീതി (13,15).
872 അവിശ്വസ്തരുടെ മാർഗം അവർക്കു വരുത്തുന്നത്? ഉ: നാശം (13,15).
**13,16വിവേകി എന്തും ആലോചനയോടെ ചെയ്യുന്നു; ഭോഷനാകട്ടെ തന്റെ ഭോഷ ത്തം തുറന്നുകാട്ടുന്നു.**
873 എന്തും ആലോചനയോടെ ചെയ്യുന്നത്? ഉ: വിവേകി (13,16).
874 വിവേകി എന്തും ചെയ്യുന്നത്? ഉ: ആലോചനയോടെ (13,16).
875 ഭോഷൻ തുറന്നുകാട്ടുന്നത്? ഉ: തന്റെ ഭോഷത്തം (13,16).
876 ഭോഷന്റെ ഭോഷത്തം തുറന്നുകാട്ടുന്നത്? ഉ: ഭോഷൻ (13,16).
**13,17ഔചിത്യമില്ലാത്ത ദൂതൻ ആളുകളെ കുഴപ്പത്തിലാക്കുന്നു: വിശ്വസ്തനായ സന്ദേശവാഹകൻ രഞ്ജനം കൈവരുത്തുന്നു.**
871 ഔചിത്യമില്ലാത്ത ദൂതൻ കുഴപ്പത്തിലാക്കുന്നത്? ഉ: ആളുകളെ (13,17)
872 ആളുകളെ കുഴപ്പത്തിലാക്കുന്നത്? ഉ: ഔചിത്യമില്ലാത്ത ദൂതൻ (13,17)
873 വിശ്വസ്തനായ സന്ദേശവാഹകൻ കൈവരുത്തുന്നത്? ഉ: രഞ്ജനം (13,17).
874 രഞ്ജനം കൈവരുത്തുന്നത്? ഉ: വിശ്വസ്തനായ സന്ദേശവാഹകൻ (13,17).
**13,18 ഉപദേശം അവഗണിക്കുന്നവന് ദാരിദ്ര്യവും അപമാനവും നേരിടുന്നു: ശാസന ആദരിക്കുന്നവൻ ബഹുമാനിക്കപ്പെടുന്നു.** (വാക്യം 13ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).
875 ഉപദേശം അവഗണിക്കുന്നവന് നേരിടുന്നത്? ഉ:ദാരിദ്ര്യവും അപമാനവും (13,18)
876 ദാരിദ്ര്യവും അപമാനവും നേരിടുന്നത്? ഉ:ഉപദേശം അവഗണിക്കുന്നവന് (13,18).
877 ബഹുമാനിക്കപ്പെടുന്നത്? ഉ: ശാസന ആദരിക്കുന്നവൻ (13,18).
**13,19നിറവേറിയ അഭിലാഷം ആത്മാവിനു മാധുര്യമിയറ്റുന്നു; തിന്മ വിട്ടൊഴിയു ന്നതു ഭോഷർക്ക് അഹിതമാണ്.**
878 നിറവേറിയ അഭിലാഷം മാധുര്യമിയറ്റുന്നത്? ഉ: ആത്മാവിനു (13,19).
879 ആത്മാവിനു മാധുര്യമിയറ്റുന്നത്? ഉ: നിറവേറിയ അഭിലാഷം (13,19).
880 തിന്മ വിട്ടൊഴിയുന്നതു അഹിതം? ഉ: ഭോഷർക്ക് (13,19).
**13,20വിവേകികളോടു സംസർഗം ചെയ്യുന്നവൻ വിവേകിയായിത്തീരുന്നു; ഭോഷ രുമായി കൂട്ടുകൂടുന്നവന് ഉപദ്രവം നേരിടും.**



881 വിവേകികളോടു സംസർഗം ചെയ്യുന്നവൻ ആയിത്തീരുന്നത്? ഉ: വിവേകി (13,20).
882 ഭോഷരുമായി കൂട്ടുകൂടുന്നവന് നേരിടുന്നത്? ഉ: ഉപദ്രവം (13,20).
**13,21പാപികളെ ദൗർഭാഗ്യം പിന്തുടരുന്നു: നീതിമാന്മാർക്ക് ഐശ്വര്യം പ്രതിഫല മായി ലഭിക്കുന്നു.**
883 പാപികളെ പിന്തുടരുന്നത്? ഉ: ദൗർഭാഗ്യം (13,21).
884 നീതിമാന്മാർക്ക് പ്രതിഫലമായി ലഭിക്കുന്നത്? ഉ: ഐശ്വര്യം (13,21).
**13,22ഉത്തമനായ മനുഷ്യൻ തന്റെ അവകാശം തലമുറകളിലേക്കു കൈമാറുന്നു; പാപികളുടെ സമ്പത്ത് നീതിമാന്മാർക്കായി സംഭരിക്കപ്പെട്ടതാണ്.**
885 ഉത്തമനായ മനുഷ്യൻ തലമുറകളിലേക്കു കൈമാറുന്നത്? ഉ: തന്റെ അവകാശം (13,22).
886 തന്റെ അവകാശം തലമുറകളിലേക്കു കൈമാറുന്നത്? ഉ: ഉത്തമനായ മനുഷ്യൻ
887 നീതിമാന്മാർക്കായി സംഭരിക്കപ്പെട്ടത്? ഉ: പാപികളുടെ സമ്പത്ത് (13,22).
888 സുഭാ 13,22നു സമാനമായ വേദഭാഗം? ഉ: ജോബ് 27,13-17.
**13,23ദരിദ്രരുടെ കൈയിൽ തരിശുനിലം ധാരാളം ആഹാരം ഉത്പാദിപ്പിക്കുന്നു: എ ന്നാൽ, നീതികെട്ടവൻ അതു കൈക്കലാക്കി തരിശിടുന്നു.**
889 ദരിദ്രരുടെ കൈയിൽ ധാരാളം ആഹാരം ഉത്പാദിപ്പിക്കുന്നത്? ഉ: തരിശുനിലം (13,23).
890 തരിശുനിലം ധാരാളം ആഹാരം ഉത്പാദിപ്പിക്കുന്നത്? ഉ: ദരിദ്രരുടെ കൈയിൽ
891 തരിശുനിലം കൈക്കലാക്കി തരിശിടുന്നത്? ഉ: നീതികെട്ടവൻ (13,23).
**13,24മകനെ ശിക്ഷകൂടാതെ വളർത്തുന്നവൻ അവനെ വെറുക്കുന്നു: സ്നേഹമുള്ള പിതാവ് അവനു ശിക്ഷണം നല്കാൻ ജാഗരൂകത കാട്ടുന്നു.**
892 പൂരിപ്പിക്കുക: മകനെ ശിക്ഷകൂടാതെ വളർത്തുന്നവൻ അവനെ ... (സുഭാ 13,24).
ഉ: വെറുക്കുന്നു
893 മകനു ശിക്ഷണം നല്കാൻ ജാഗരൂകത കാട്ടുന്നത്? ഉ: സ്നേഹമുള്ള പിതാവ് (13,24).
894 സ്നേഹമുള്ള പിതാവ് മകനു ശിക്ഷണം നല്കാൻ കാട്ടുന്നത്? ഉ: ജാഗരൂകത
**13,25നീതിമാന് വിശപ്പടക്കാൻ വേണ്ടത്ര വകയുണ്ട്: ദുഷ്ടനു പട്ടിണികിടക്കേണ്ടിവരും.**
895 വിശപ്പടക്കാൻ വേണ്ടത്ര വകയുള്ളത്? ഉ: നീതിമാന് (23,25).
896 ആർക്കു പട്ടിണികിടക്കേണ്ടിവരും? ഉ: ദുഷ്ടന് (23,25).
897 നീതിമാൻ/ന്മാർ എന്ന വാക്ക് സുഭാ 13ൽ എത്ര പ്രാവശ്യം? ഉ: 4 (വാക്യ 5, 9, 21, 25)
898 ദുഷ്ടൻ/ന്മാർ എന്ന വാക്ക് സുഭാ 13ൽ എത്ര പ്രാവശ്യം? ഉ: 4 (വാക്യ 5, 6, 9, 25)

### അധ്യായം 14 (അധ്യായം 14ൽ 35 വാക്യങ്ങൾ)

**14,1 ജ്ഞാനം വീടു പണിയുന്നു; ഭോഷത്തം സ്വന്തം കൈകൊണ്ട് അത് ഇടിച്ചുനി രത്തുന്നു.**
899 ജ്ഞാനം പണിയുന്നു? ഉ: വീടു (14,1).
900 സ്വന്തം കൈകൊണ്ട് വീട് ഇടിച്ചുനിരത്തുന്നു? ഉ: ഭോഷത്തം (14,1).
**14,2 സത്യസന്ധൻ കർത്താവിനെ ഭയപ്പെടുന്നു: കുടിലമാർഗി അവിടുത്തെ നിന്ദിക്കുന്നു.**
901 സത്യസന്ധൻ ഭയപ്പെടുന്നു? ഉ: കർത്താവിനെ (14,2).
902 കർത്താവിനെ നിന്ദിക്കുന്നു? ഉ: കുടിലമാർഗി (14,2).
**14,3 ഭോഷന്റെ സംസാരം അവന്റെ മുതുകത്തു വീഴുന്ന വടിയാണ്: വിവേകികളുടെ വാക്ക് അവരെ കാത്തുകൊള്ളും.**
903 ഭോഷന്റെ മുതുകത്തു വീഴുന്ന വടി ഉ: അവന്റെ സംസാരം (14,3).
904 വിവേകികള കാത്തുകൊള്ളുന്ന്ത്? ഉ: അവരുടെ വാക്ക് (14,3).
**14,4 കാളകളില്ലാത്തിടത്തു ധാന്യവുമില്ല: കാളയുടെ കരുത്തു സമൃദ്ധമായ വിളവു നല്കുന്നു.**
905 കാളകളില്ലാത്തിടത്തു ഇല്ലാത്തത്? ഉ: ധാന്യം (14,4).
906 കാളയുടെ കരുത്തു നല്കുന്നു: ഉ: സമൃദ്ധമായ വിളവു (14,4).

907 സമൃദ്ധമായ വിളവു നല്കുന്നത്: **ഉ:** കാളയുടെ കരുത്തു (14,4).

**14,5 വിശ്വസ്തനായ സാക്ഷി കള്ളം പറയുന്നില്ല: കള്ളസാക്ഷി പൊളി പറഞ്ഞു കൂട്ടുന്നു.**

908 വിശ്വസ്തനായ സാക്ഷി പറയുന്നില്ല **ഉ:** കള്ളം (14,5).

909 പൊളി പറഞ്ഞുകൂട്ടുന്നു: **ഉ:** കള്ളസാക്ഷി (14,5).

910 കള്ളസാക്ഷി പറഞ്ഞുകൂട്ടുന്നത്? **ഉ:** പൊളി (14,5).

**14,6 പരിഹാസകൻ വിവേകമന്വേഷിക്കുന്നത് നിഷ്ഫലമാണ്: ബുദ്ധിമാന് അറിവു ലഭിക്കുക എളുപ്പവും.**

911 പരിഹാസകൻ എന്തന്വേഷിക്കുന്നത് നിഷ്ഫലമാണ്? **ഉ:** വിവേകം (14,6).

912 ആര് വിവേകമന്വേഷിക്കുന്നത് നിഷ്ഫലമാണ്? **ഉ:** പരിഹാസകൻ (14,6).

913 അറിവു ലഭിക്കുക എളുപ്പം? **ഉ:** ബുദ്ധിമാന് (14,6).

**14,7 ഭോഷനിൽനിന്ന് അകന്നുമാറിക്കൊള്ളുക: അവനിൽനിന്നു സാരമുള്ള വാക്കുകൾ ലഭിക്കുകയില്ല.**

914 ഭോഷനിൽനിന്ന് ലഭിക്കുകയില്ലാത്തത്? **ഉ:** സാരമുള്ള വാക്കുകൾ (14,7).

915 സാരമുള്ള വാക്കുകൾ ലഭിക്കുകയില്ലാത്തത്? **ഉ:** ഭോഷനിൽനിന്ന് (14,7).

**14,8 തന്റെ മാർഗം വ്യക്തമായി ഗ്രഹിക്കുന്നതിലാണ് ബുദ്ധിമാന്റെ വിവേകം; വിഡ്ഢികളുടെ ഭോഷത്തം അവരെത്തന്നെ കബളിപ്പിക്കുന്നു.**

916 ബുദ്ധിമാന്റെ വിവേകം? **ഉ:** തന്റെ മാർഗം വ്യക്തമായി ഗ്രഹിക്കുന്നതിൽ (14,8).

917 വിഡ്ഢികളുടെ ഭോഷത്തം കബളിപ്പിക്കുന്നത്? **ഉ:** അവരെത്തന്നെ (14,8).

**14,9 ദുഷ്ടരെ ദൈവം വെറുക്കുന്നു: സത്യസന്ധർ അനുഗ്രഹം പ്രാപിക്കുന്നു.**

918 ശരിയോ? തെറ്റോ? ദുഷ്ടരെ ദൈവം ശപിക്കുന്നു: സത്യസന്ധരെ അനുഗ്രഹിക്കുന്നു (സുഭാ 14,9). — ശരിയായത് പഠിച്ചുറപ്പാക്കുക.

**14,10 ഹൃദയത്തിന്റെ ദുഃഖം അതിനുമാത്രമേ അറിഞ്ഞുകൂടൂ; അതിന്റെ സന്തോഷത്തിലും അന്യർക്കു പങ്കില്ല.**

919 ഹൃദയത്തിന്റെ ദുഃഖം അറിയാവുന്നത്? **ഉ:** അതിനുമാത്രം (14,10).

920 ഹൃദയത്തിന്റെ സന്തോഷത്തിലും പങ്കില്ലാത്തത്? **ഉ:** അന്യർക്ക് (14,10).

**14,11 ദുഷ്ടരുടെ ഭവനം നശിപ്പിക്കപ്പെടും; സത്യസന്ധരുടെ കൂടാരം പുഷ്ടിപ്രാപിക്കും.**

921 പൂരിപ്പിക്കുക: ദുഷ്ടരുടെ ഭവനം നശിപ്പിക്കപ്പെടും; സത്യസന്ധരുടെ ... പുഷ്ടി പ്രാപിക്കും (സുഭാ 14,11). **ഉ:** കൂടാരം.

**14,12 ശരിയെന്നു തോന്നുന്ന വഴി ചിലപ്പോൾ മരണത്തിലേക്കു നയിക്കുന്നതാവാം.**

922 ശരിയെന്നു തോന്നുന്ന വഴി ചിലപ്പോൾ എന്തിലേക്കു നയിക്കുന്നതാവാം? **ഉ:** മരണത്തിലേക്കു (14,12).

923 സുഭാ 14,12ലേതിനു സമാനമായി വഴിയെക്കുറിച്ചു പരാമർശിക്കുന്ന വേദഭാഗങ്ങൾ? **ഉ:** സുഭാ 16,25; പ്രഭാ 21,10; മത്താ 7,13.

**14,13 ചിരിക്കുമ്പോൾപ്പോലും ഹൃദയം ദുഃഖഭരിതമാണ്; സന്തോഷം സന്താപത്തിലാണ് അവസാനിക്കുക.** (ഹൃദയത്തെക്കുറിച്ചുള്ളത് വാക്യം 10നോട് ഒത്തുനോക്കുക).

924 ചിരിക്കുമ്പോൾപ്പോലും ദുഃഖഭരിതം? **ഉ:** ഹൃദയം (14,13).

925 സന്തോഷം അവസാനിക്കുക? **ഉ:** സന്താപത്തിൽ (14,13).

**14,14 വഴിപിഴച്ചവൻ തന്റെ പ്രവൃത്തികളുടെ ഫലമനുഭവിക്കും; ഉത്തമനായ മനുഷ്യൻ തന്റെ പ്രവൃത്തികളുടെയും.**

**14,15 ശുദ്ധഗതിക്കാർ എന്തും വിശ്വസിക്കുന്നു: ബുദ്ധിമാന്മാർ ലക്ഷ്യത്തിൽത്തന്നെ ശ്രദ്ധവയ്ക്കുന്നു.**

926 എന്തും വിശ്വസിക്കുന്നത്? **ഉ:** ശുദ്ധഗതിക്കാർ (14,15).

927 ലക്ഷ്യത്തിൽത്തന്നെ ശ്രദ്ധവയ്ക്കുന്നത്? **ഉ:** ബുദ്ധിമാന്മാർ (14,15).

928 ബുദ്ധിമാന്മാർ ശ്രദ്ധവയ്ക്കുന്നത്? **ഉ:** ലക്ഷ്യത്തിൽത്തന്നെ (14,15).

**14,16 വിവേകി ജാഗരൂകതയോടെ തിന്മയിൽനിന്ന് അകന്നുമാറുന്നു; ഭോഷൻ വീണ്ടുവിചാരമില്ലാതെ എടുത്തുചാടുന്നു.**

929 ജാഗരൂകതയോടെ തിന്മയിൽനിന്ന് അകന്നുമാറുന്നത്? **ഉ:** വിവേകി (14,16).



930 വീണ്ടുവിചാരമില്ലാതെ എടുത്തുചാടുന്നത്? **ഉ:** ഭോഷൻ (14,16).

**14,17 ക്ഷിപ്രകോപി ബുദ്ധിഹീനമായി പ്രവർത്തിക്കുന്നു: ബുദ്ധിമാൻ ക്ഷമാശീലനാണ്.**

931 ക്ഷിപ്രകോപി പ്രവർത്തിക്കുന്നത്? **ഉ:** ബുദ്ധിഹീനമായി (14,17).

932 പൂരിപ്പിക്കുക: ... ക്ഷമാശീലനാണ് (സുഭാ 14,17). **ഉ:** ബുദ്ധിമാൻ.

**14,18 ശുദ്ധഗതിക്കാർ ഭോഷത്തം കാട്ടിക്കൂട്ടുന്നു: ബുദ്ധിമാന്മാർ വിജ്ഞാനകിരീടം അണിയുന്നു.**

933 ഭോഷത്തം കാട്ടിക്കൂട്ടുന്നത്? **ഉ:** ശുദ്ധഗതിക്കാർ (14,18).

934 വിജ്ഞാനകിരീടം അണിയുന്നത്? **ഉ:** ബുദ്ധിമാന്മാർ (14,18).

935 ബുദ്ധിമാന്മാർ അണിയുന്നത്? **ഉ:** വിജ്ഞാനകിരീടം (14,18).
(വാക്യം 15ഉം 18ഉം തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ശ്രദ്ധിക്കുക)

**14,19 ദുർജനം സജ്ജനങ്ങളുടെ മുമ്പിലും ദുഷ്ടർ നീതിമാന്മാരുടെ കവാടങ്ങളിലും കുമ്പിടും.**

936 ദുർജനം കുമ്പിടും? **ഉ:** സജ്ജനങ്ങളുടെ മുമ്പിൽ (14,19).

937 ദുഷ്ടർ കുമ്പിടും? **ഉ:** നീതിമാന്മാരുടെ കവാടങ്ങളിൽ (14,19).

938 സുഭാ 14,19നെ സാധൂകരിക്കുന്ന വാക്കുകൾ പുതിയ നിയമത്തിൽ എവിടെ? **ഉ:** ലൂക്കാ 16,24-31 (ധനവാൻ നരകത്തിൽ കിടന്നുകൊണ്ട് പിതാവായ അബ്രാഹമിനോട് അപേക്ഷിക്കുന്നു)

**14,20 ദരിദ്രനെ അയൽക്കാരൻപോലും വെറുക്കുന്നു: ധനികന് അനേകം സ്നേഹിതന്മാരുണ്ട്.**

939 അയൽക്കാരൻപോലും വെറുക്കുന്നത്? **ഉ:** ദരിദ്രനെ (14,20).

940 അനേകം സ്നേഹിതന്മാരുണ്ട്. **ഉ:** ധനികന് (14,20).

941 സുഭാ 14,20ലെ ചിന്തയ്ക്കു സമാനമായത് പഴയ നിയമത്തിൽ വേറെവിടെ? പ്ര
**ഉ:** പ്രഭാ 13,21.

**14,21 അയൽക്കാരനെ നിന്ദിക്കുന്നവൻ പാപിയാണ്: പാവപ്പെട്ടവനോടു ദയ കാണിക്കുന്നവൻ ഭാഗ്യവാനും.**

942 സുഭാ 14,21ൽ പാപി? **ഉ:** അയൽക്കാരനെ നിന്ദിക്കുന്നവൻ.

943 സുഭാ 14,21ൽ ഭാഗ്യവാൻ? **ഉ:** പാവപ്പെട്ടവനോടു ദയ കാണിക്കുന്നവൻ

944 പൂരിപ്പിക്കുക: പാവപ്പെട്ടവനോടു ദയ കാണിക്കുന്നവൻ ... (സുഭാ 14,21). **ഉ:** ഭാഗ്യവാനും.

**14,22 തിന്മ നിനയ്ക്കുന്നവൻ തെറ്റു ചെയ്യുകയല്ലേ? നന്മയ്ക്കു കളമൊരുക്കുന്നവർക്ക് മറ്റുള്ളവരുടെ കൂറും വിശ്വാസവും ലഭിക്കുന്നു.**

945 നന്മയ്ക്കു കളമൊരുക്കുന്നവർക്ക് ലഭിക്കുന്നു? **ഉ:** മറ്റുള്ളവരുടെ കൂറും വിശ്വാസവും (14,22).

946 മറ്റുള്ളവരുടെ കൂറും വിശ്വാസവും ലഭിക്കുന്നത്? **ഉ:** നന്മയ്ക്കു കളമൊരുക്കുന്നവർക്ക് (14,22).

**14,23 അധ്വാനമേതും ലാഭകരമാണ്: അലസഭാഷണം ദാരിദ്ര്യത്തിനു വഴിതെളിക്കുകയേയുള്ളു.**

947 ലാഭകരം? **ഉ:** അധ്വാനമേതും (14,23).

948 അലസഭാഷണം വഴിതെളിക്കുന്നത്? **ഉ:** ദാരിദ്ര്യത്തിന് (14,23).

949 ദാരിദ്ര്യത്തിനു വഴിതെളിക്കുന്നത്? **ഉ:** അലസഭാഷണം (14,23).

**14,24 ജ്ഞാനമാണ് വിവേകികളുടെ കിരീടം: ഭോഷത്തം ഭോഷന്മാർക്കു പൂമാലയും.**

950 വിവേകികളുടെ കിരീടം? **ഉ:** ജ്ഞാനം (14,24).

951 ഭോഷന്മാർക്കു പൂമാല? **ഉ:** ഭോഷത്തം (14,24).

**14,25 സത്യസന്ധനായ സാക്ഷി പലരുടെയും ജീവൻ രക്ഷിക്കുന്നു; കള്ളസാക്ഷി വഞ്ചകനാണ്.**

952 സത്യസന്ധനായ സാക്ഷി രക്ഷിക്കുന്നത്? **ഉ:** പലരുടെയും ജീവൻ (14,25).

953 പലരുടെയും ജീവൻ രക്ഷിക്കുന്നത്? **ഉ:** സത്യസന്ധനായ സാക്ഷി (14,25).

954 വഞ്ചകൻ? **ഉ:** കള്ളസാക്ഷി (14,25).

(കള്ളസാക്ഷിയെക്കുറിച്ച് 12,17ലും 14,5ലും ഉള്ളതും ഒത്തുനോക്കുക).

**1426 ദൈവഭക്തിയാണ് ബലിഷ്ഠമായ ആശ്രയം; സന്താനങ്ങൾക്ക് അത് അഭയ സ്ഥാനമായിരിക്കുകയും ചെയ്യും.**

955 ബലിഷ്ഠമായ ആശ്രയം? **ഉ:** ദൈവഭക്തി (14,26).

956 സന്താനങ്ങൾക്ക് അഭയസ്ഥാനം? **ഉ:** ദൈവഭക്തി (14,26).

**14,27ദൈവഭക്തി ജീവന്റെ ഉറവയാണ്: മരണത്തിന്റെ കെണികളിൽനിന്നു രക്ഷ പെടാൻ അതു സഹായിക്കുന്നു.**

957 ജീവന്റെ ഉറവ? **ഉ:** ദൈവഭക്തി (14,27).

958 മരണത്തിന്റെ കെണികളിൽനിന്നു രക്ഷപെടാൻ സഹായിക്കുന്നത്? **ഉ:** ദൈവഭക്തി (14,27).

959 ദൈവഭക്തി സഹായിക്കുന്നത്? **ഉ:** മരണത്തിന്റെ കെണികളിൽനിന്നു രക്ഷപെ ടാൻ (14,27).

960 ദൈവഭക്തിയെക്കുറിച്ച് സുഭാ 14,26-27: ബലിഷ്ഠമായ ആശ്രയം; സന്താനങ്ങൾ ക്ക് അഭയസ്ഥാനം; ജീവന്റെ ഉറവ; മരണത്തിന്റെ കെണികളിൽനിന്നു രക്ഷപെ ടാൻ സഹായിക്കുന്നു. (4 കാര്യങ്ങൾ)

961 ദൈവഭക്തി മരണത്തിന്റെ കെണികളിൽനിന്നു രക്ഷപെടാൻ സഹായിക്കുന്നു. കാരണം? **ഉ:** ദൈവഭക്തി ജീവന്റെ ഉറവയാണ് (14,27).

**14,28രാജാവിന്റെ മഹത്വം പ്രജകളുടെ ബാഹുല്യമാണ്: പ്രജകൾ ചുരുങ്ങിയ രാജാവ് നാശമടയുന്നു.**

962 രാജാവിന്റെ മഹത്വം? **ഉ:** പ്രജകളുടെ ബാഹുല്യം (14,28).

963 പ്രജകളുടെ ബാഹുല്യം? **ഉ:** രാജാവിന്റെ മഹത്വം (14,28).

964 നാശമടയുന്ന രാജാവ്? **ഉ:** പജകൾ ചുരുങ്ങിയ (14,28).

**14,29പെട്ടെന്നു കോപിക്കാത്തവന് ഏറെ വിവേകമുണ്ട്; മുൻകോപി ഭോഷത്തത്തെ താലോലിക്കുന്നു.**

965 പെട്ടെന്നു കോപിക്കാത്തവന് ഉള്ളത്? **ഉ:** ഏറെ വിവേകം (14,29).

966 ഭോഷത്തത്തെ താലോലിക്കുന്നത്? **ഉ:** മുൻകോപി (14,29).

967 മുൻകോപി താലോലിക്കുന്നത്? **ഉ:** ഭോഷത്തത്തെ (14,29).

**14,30പ്രശാന്തമായ മനസ്സ് ശരീരത്തിന് ഉന്മേഷം നൽകുന്നു: അസൂയ അസ്ഥികളെ ജീർണിപ്പിക്കുന്നു.**

968 ശരീരത്തിന് ഉന്മേഷം നൽകുന്നത്? **ഉ:** പ്രശാന്തമായ മനസ്സ് (14,30).

969 അസ്ഥികളെ ജീർണിപ്പിക്കുന്നത്? **ഉ:** അസൂയ (14,30).

970 അസൂയ ജീർണിപ്പിക്കുന്നത്? **ഉ:** അസ്ഥികളെ (14,30).

**14,31ദരിദ്രരെ ഞെരുക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു; പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ അവിടുത്തെ ബഹുമാനിക്കുന്നു.**

971 ദരിദ്രരെ ഞെരുക്കുന്നവൻ നിന്ദിക്കുന്നത്? **ഉ:** സ്രഷ്ടാവിനെ (14,31).

972 പാവപ്പെട്ടവരോട് ദയ കാണിക്കുന്നവൻ ബഹുമാനിക്കുന്നത്? **ഉ:** സ്രഷ്ടാവിനെ (14,31).

**14,32ദുഷ്ടൻ തിന്മ ചെയ്ത് അധഃപതിക്കുന്നു: നീതിമാൻ സ്വന്തം നീതിനിഷ്ഠയിൽ അഭയം കണ്ടെത്തുന്നു.**

973 ദുഷ്ടൻ അധഃപതിക്കുന്നത്? **ഉ:** തിന്മ ചെയ്ത് (14,32).

974 സ്വന്തം നീതിനിഷ്ഠയിൽ അഭയം കണ്ടെത്തുന്നത്? **ഉ:** നീതിമാൻ (14,32).

975 നീതിമാൻ അഭയം കണ്ടെത്തുന്നത്? **ഉ:** സ്വന്തം നീതിനിഷ്ഠയിൽ (14,32).

**14,33ബുദ്ധിമാന്റെ മനസ്സിൽ വിവേകം കുടികൊള്ളുന്നു: ഭോഷന്മാരുടെ ഹൃദയം അതിനെ അറിയുന്നതേയില്ല.**

976 ബുദ്ധിമാന്റെ മനസ്സിൽ കുടികൊള്ളുന്നത്? **ഉ:** വിവേകം (14,33).

977 വിവേകം കുടികൊള്ളുന്നത്? **ഉ:** ബുദ്ധിമാന്റെ മനസ്സിൽ (14,33).

978 ഭോഷന്മാരുടെ ഹൃദയം അറിയുന്നതേയില്ലാത്തത്? **ഉ:** വിവേകത്തെ (14,33).

(ഭോഷന്മാരെക്കുറിച്ച് 14,24; 14,16;14,7;14,3 എന്നിവിടങ്ങിലുള്ളതിൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക)



**14,34നീതി ജനതയെ ഉത്ക്കർഷത്തിൽ എത്തിക്കുന്നു: പാപം ഏതു ജനതയ്ക്കും അപമാനകരമത്രേ.**

979 ജനതയെ ഉത്ക്കർഷത്തിൽ എത്തിക്കുന്നു? **ഉ:** നീതി (14,34).

980 നീതി ഉത്ക്കർഷത്തിൽ എത്തിക്കുന്നത്? **ഉ:** ജനതയെ (14,34).

981 ഏതു ജനതയ്ക്കും അപമാനകരം? **ഉ:** പാപം (14,34).

**14,35വിവേകത്തോടെ പ്രവർത്തിക്കുന്ന സേവകൻ രാജാവിന്റെ പ്രീതി നേടുന്നു; ലജ്ജാകരമായി പ്രവർത്തിക്കുന്നവന്റെമേൽ അവന്റെ കോപം നിപതിക്കുന്നു.**

982 പൂരിപ്പിക്കുക: വിവേകത്തോടെ പ്രവർത്തിക്കുന്ന ... രാജാവിന്റെ പ്രീതി നേടുന്നു (14,35). **ഉ:** സേവകൻ.

983 പൂരിപ്പിക്കുക: ലജ്ജാകരമായി പ്രവർത്തിക്കുന്നവന്റെമേൽ ... കോപം നിപതി ക്കുന്നു (14,35). **ഉ:** അവന്റെ (= രാജാവിന്റെ).

അധ്യായം 15 (അധ്യായം 15ൽ 33 വാകൃങ്ങൾ)

**15,1 സൗമ്യമായ മറുപടി കോപം ശമിപ്പിക്കുന്നു; പരുഷമായ വാക്ക് കോപം ഇള ക്കിവിടുന്നു.**

984 സൗമ്യമായ മറുപടി ശമിപ്പിക്കുന്നത്? **ഉ:** കോപം (15,1).

985 പരുഷമായ വാക്ക് ഇളക്കിവിടുന്നത്? **ഉ:** കോപം (15,1).

**15,2 വിവേകിയുടെ നാവ് അറിവു വിതറുന്നു; വിഡ്ഢിയുടെ അധരങ്ങൾ ഭോഷത്തം വർഷിക്കുന്നു.** (വാക്യം 7നോടുള്ള സാമ്യ,വ്യത്യാസങ്ങൾ ശ്രദ്ധിക്കുക).

986 വിവേകിയുടെ നാവ് വിതറുന്നത്ത്? **ഉ:** അറിവ് (15,2).

916 അറിവു വിതറുന്നത്ത്? **ഉ:** വിവേകിയുടെ നാവ് (15,2).

987 വിഡ്ഢിയുടെ അധരങ്ങൾ വർഷിക്കുന്നത്? **ഉ:** ഭോഷത്തം (15,2).

**15,3 കർത്താവിന്റെ ദൃഷ്ടികൾ എല്ലായിടത്തും പതിയുന്നു: ദുഷ്ടരെയും ശിഷ്ട രെയും അവിടുന്ന് ഉറ്റുനോക്കുന്നു.**

988 കർത്താവിന്റെ ദൃഷ്ടികൾ പതിയുന്നു: **ഉ:** എല്ലായിടത്തും (15,3).

989 അവിടുന്ന് (കർത്താവ്) ഉറ്റുനോക്കുന്നു: **ഉ:** ദുഷ്ടരെയും ശിഷ്ടരെയും (15,3).

**15,4 സൗമ്യന്റെ വാക്ക് ജീവന്റെ വൃക്ഷമാണ്: വികടമായ വാക്ക് മനസ്സ് പിളർക്കുന്നു.**

990 സൗമ്യന്റെ വാക്ക്? **ഉ:** ജീവന്റെ വൃക്ഷം (15,4) (11,30 ഒത്തുനോക്കുക). (സൗമ്യന്റെ വാക്ക് ജീവന്റെ വൃക്ഷമാണ് എന്ന ഭാഗവും 14,27; 11,30 എന്നീ ഭാഗ ങ്ങളും തമ്മിലുള്ള സാമ്യ, വ്യത്യാസങ്ങൾ ശ്രദ്ധിക്കുക).

**15,5 ഭോഷൻ തന്റെ പിതാവിന്റെ ഉപദേശം പുച്ഛിച്ചുതള്ളുന്നു: വിവേകി ശാസനം ആദരിക്കുന്നു.** (13,1 നോടുള്ള സാമ്യ, വ്യത്യാസങ്ങൾ ശ്രദ്ധിക്കുക)

991 തന്റെ പിതാവിന്റെ ഉപദേശം പുച്ഛിച്ചുതള്ളുന്നു: **ഉ:** ഭോഷൻ (15,5).

992 ശാസനം ആദരിക്കുന്നു: **ഉ:** വിവേകി (15,5).

**15,6 നീതിമാന്മാരുടെ ഭവനത്തിൽ ധാരാളം നിക്ഷേപങ്ങളുണ്ട്: ദുഷ്ടരുടെ ആദായം കുഴപ്പം സൃഷ്ടിക്കുന്നു.**

993 ധാരാളം നിക്ഷേപങ്ങളുണ്ട്: **ഉ:** നീതിമാന്മാരുടെ ഭവനത്തിൽ (15,6).

994 ദുഷ്ടരുടെ ആദായം സൃഷ്ടിക്കുന്നു: **ഉ:** കുഴപ്പം (15,6).

**15,7 വിവേകികളുടെ അധരങ്ങൾ അറിവു പരത്തുന്നു; ഭോഷന്മാരുടെ മനസ്സ് അങ്ങ നെയല്ല.**

995 വിവേകികളുടെ അധരങ്ങൾ പരത്തുന്നു: **ഉ:** അറിവ് (15,7).

996 പൂരിപ്പിക്കുക: വിവേകികളുടം അധരങ്ങൾ അറിവു പരത്തുന്നു; ഭോഷന്മാരുടെ ... അങ്ങനെയല്ല (സുഭാ 15,7). ഉ: മനസ്സ്.

(വാക്യം 2നോടുള്ള സാമ്യ,വ്യത്യാസങ്ങൾ ശ്രദ്ധിക്കുക).

**15,8 ദുഷ്ടരുടെ ബലി കർത്താവിന് വെറുപ്പാണ്; സത്യസന്ധരുടെ പ്രാർഥന അവി ടുത്തെ സന്തോഷിപ്പിക്കുന്നു.**

997 സുഭാ 15,8ൽ കർത്താവിന് വെറുപ്പ്? **ഉ:** ദുഷ്ടരുടെ ബലി.

998 സുഭാ 15,8ൽ കർത്താവിനെ സന്തോഷിപ്പിക്കുന്നു: **ഉ:** സത്യസന്ധരുടെ പ്രാർഥന

999 സുഭാ 15,8നു സമാനമായ ഒരു പഴയനിയമഭാഗം? **ഉ:** പ്രഭാ 7,9.

**15,9 ദുഷ്ടരുടെ മാർഗം കർത്താവിന് വെറുപ്പാണ്; നീതിയിൽ ചരിക്കുന്നവരെ അ**

**വിടുന്ന് സ്നേഹിക്കുന്നു.**
1000 സുഭാ 15,9ൽ കർത്താവിന് വെറുപ്പ്? **ഉ:** ദുഷ്ടരുടെ മാർഗം.
1001 കർത്താവ് സ്നേഹിക്കുന്നു: **ഉ:** നീതിയിൽ ചരിക്കുന്നവരെ (15,9).
**15,10നേർവഴിവിട്ടു നടക്കുന്നവർ കർക്കശമായ ശിക്ഷണത്തിന് വിധേയനാകും: ശാസനം വെറുക്കുന്നവൻ മരിക്കും.**
1002 പൂരിപ്പിക്കുക: ശാസനം വെറുക്കുന്നവൻ ... (സുഭാ 15,10). **ഉ:** മരിക്കും.
**15,11 പാതാളവും അധോലോകവും കർത്താവിന്റെ മുമ്പിൽ തുറന്നുകിടക്കുന്നു; മനുഷ്യഹൃദയങ്ങളുടെ കാര്യം പറയാനുണ്ടോ?**
1003 സുഭാ 15,11നു സമാനമായ പഴയനിയമഭാഗങ്ങൾ? **ഉ:** ജോബ് 26,6; സങ്കീ 139,8.
**15,12പരിഹാസകൻ ശാസനം ഇഷ്ടപ്പെടുന്നില്ല; അവൻ ജ്ഞാനികളെ സമീപിക്കുകയുമില്ല.**
1004 പരിഹാസകൻ ഇഷ്ടപ്പെടുന്നില്ല: **ഉ:** ശാസനം (15,12) (13,1നോടുള്ള സാമ്യ,വ്യത്യാസങ്ങൾ ശ്രദ്ധിക്കുക).
1005 പരിഹാസകൻ സമീപിക്കുകയുമില്ലാത്തത്? **ഉ:** ജ്ഞാനികളെ (15,12).
**15,13സന്തുഷ്ടമായ ഹൃദയം മുഖത്തെ പ്രസന്നമാക്കുന്നു: ഹൃദയവ്യഥ ഉന്മേഷം കെടുത്തിക്കളയുന്നു.** (14,10നോടും 15,15നോടും ഒത്തുനോക്കുക).
1006 സന്തുഷ്ടമായ ഹൃദയം പ്രസന്നമാക്കുന്നത്? **ഉ:** മുഖത്തെ (15,13).
1007 ഹൃദയവ്യഥ കെടുത്തിക്കളയുന്നത്? **ഉ:** ഉന്മേഷം (15,13).
**15,14ബുദ്ധിമാന്റെ മനസ്സ് വിജ്ഞാനം തേടുന്നു; ഭോഷന്മാരുടെ വദനത്തിന് ആഹാരം ഭോഷത്തമാണ്.**
1008 ബുദ്ധിമാന്റെ മനസ്സ് തേടുന്നത്? **ഉ:** വിജ്ഞാനം (15,14).
1009 ഭോഷന്മാരുടെ വദനത്തിന് ആഹാരം? **ഉ:** ഭോഷത്തം (15,14).
**15,15ദുഃഖിതരുടെ ദിനങ്ങൾ ക്ലേശഭൂയിഷ്ഠമാണ്: സന്തുഷ്ടമായ ഹൃദയം നിരന്തരം വിരുന്ന് ആസ്വദിക്കുന്നു.**
1010 ക്ലേശഭൂയിഷ്ഠമാത്? **ഉ:** ദുഃഖിതരുടെ ദിനങ്ങൾ(15,15).
1011 സന്തുഷ്ടമായ ഹൃദയം നിരന്തരം ആസ്വദിക്കുന്നു: **ഉ:** വിരുന്ന് (15,15)
8884 നിരന്തരം വിരുന്ന് ആസ്വദിക്കുന്നത് **ഉ:** സന്തുഷ്ടമായ ഹൃദയം (15,15) (14,10നോടും 15,13നോടും ഒത്തുനോക്കുക).
**15,16വലിയ സമ്പത്തും അതോടൊത്തുള്ള അനർഥങ്ങളുമായി കഴിയുന്നതിനെക്കാൾ മെച്ചം ദൈവഭക്തിയോടെ അല്പംകൊണ്ടു കഴിയുന്നതാണ്.**
1012 പൂരിപ്പിക്കുക: വലിയ സമ്പത്തും അതോടൊത്തുള്ള അനർഥങ്ങളുമായി കഴിയുന്നതിനെക്കാൾ മെച്ചം ... ... കഴിയുന്നതാണ് (സുഭാ 15,16). **ഉ:** ദൈവഭക്തിയോടെ അല്പംകൊണ്ടു
1013 സുഭാ 15,16നു സമാനായ ബൈബിൾഭാഗം? **ഉ:** സങ്കീ 37,16 (അനേകം ദുഷ്ടരുടെ സമൃദ്ധിയെക്കാൾ നീതിമാന്റെ അല്പമാണു മെച്ചം)..
**15,17സ്നേഹപൂർവം വിളമ്പുന്ന സസ്യാഹാരമാണ് വെറുപ്പോടെ വിളമ്പുന്ന കാളയിറച്ചിയെക്കാൾ മെച്ചം.**
1014 വെറുപ്പോടെ വിളമ്പുന്ന കാളയിറച്ചിയെക്കാൾ മെച്ചം? **ഉ:** സ്നേഹപൂർവം വിളമ്പുന്ന സസ്യാഹാരം (15,17).
1015 സുഭാ 15,17 അനുസരിച്ച് ഭക്ഷണത്തെ മെച്ചമാക്കുന്നത്? **ഉ:** സ്നേഹപൂർവമായ വിളമ്പ്
**15,18മുൻകോപി കലഹം ഇളക്കിവിടുന്നു: ക്ഷമാശീലൻ അതു ശമിപ്പിക്കുന്നു.**
1016 മുൻകോപി ഇളക്കിവിടുന്നു: **ഉ:** കലഹം (15,18).
1017 ക്ഷമാശീലൻ ശമിപ്പിക്കുന്നു **ഉ:** അതു (കലഹം) (15,18).
**15,19അലസന്റെ മാർഗം മുൾപ്പടർപ്പുകളാൽആവൃതമാണ്; സ്ഥിരോത്സാഹിയുടെ വഴി നിരപ്പായ രാജവീഥിയത്രേ.**
1018 മുൾപ്പടർപ്പുകളാൽ ആവൃതം? **ഉ:** അലസന്റെ മാർഗം (15,19).
1019 സ്ഥിരോത്സാഹിയുടെ വഴി? **ഉ:** നിരപ്പായ രാജവീഥി (15,190.
**15,20വിവേകിയായ പുത്രൻ പിതാവിനെ സന്തോഷിപ്പിക്കുന്നു; ഭോഷൻ അമ്മയെ**



**നിന്ദിക്കുന്നു.** (10,1നോടുള്ള സാമ്യ,വ്യത്യാസങ്ങൾ ശ്രദ്ധിക്കുക)
1020 വിവേകിയായ പുത്രൻ സന്തോഷിപ്പിക്കുന്നു: **ഉ:** പിതാവിനെ (15,20).
1021 ഭോഷൻ നിന്ദിക്കുന്നു: **ഉ:** അമ്മയെ (15,20).
**15,21ബുദ്ധിഹീനൻ ഭോഷത്തത്തിൽ ആനന്ദിക്കുന്നു; ബുദ്ധിമാൻ നേർവഴിക്കു നടക്കുന്നു.**
1022 ഭോഷത്തത്തിൽ ആനന്ദിക്കുന്നു **ഉ:** ബുദ്ധിഹീനൻ (15,21).
1023 നേർവഴിക്കു നടക്കുന്നു: **ഉ:** ബുദ്ധിമാൻ (15,21).
**15,22സദുപദേശമില്ലെങ്കിൽ പദ്ധതികൾ പാളിപ്പോകും; വേണ്ടത്ര ഉപദേഷ്ടാക്കളുള്ളപ്പോൾ അവ വിജയിക്കുന്നു.**
1024 സദുപദേശമില്ലെങ്കിൽ പാളിപ്പോകും: **ഉ:** പദ്ധതികൾ (15,22).
1025 അവ വിജയിക്കുന്നു: **ഉ:** വേണ്ടത്ര ഉപദേഷ്ടാക്കളുള്ളപ്പോൾ (15,22).
1026 പദ്ധതികൾ വിജയിക്കാൻ വേണ്ടത്? **ഉ:** വേണ്ടത്ര ഉപദേഷ്ടാക്കൾ (15,22).
**15,23ഉചിതമായ മറുപടി പറയുക ഒരുവന് ആഹ്ലാദകരമമത്രേ; സന്ദർഭോചിതമായ വാക്ക് എത്ര നന്ന്.**
**15,24വിവേകിയുടെ വഴി മേലോട്ട്, ജീവനിലേക്ക് നയിക്കുന്നു: താഴെയുള്ള പാതാളത്തെ വിട്ടകലുന്നു.**
1027 വിവേകിയുടെ വഴി നയിക്കുന്നു: **ഉ:** മേലോട്ട്, ജീവനിലേക്ക് (15,24).
1028 താഴെയുള്ള പാതാളത്തെ വിട്ടകലുന്നു: **ഉ:** വിവേകിയുടെ വഴി (15,24).
**15,25അഹങ്കാരിയുടെ ഭവനം കർത്താവ് നിലംപരിചാക്കുന്നു; വിധവയുടെ അതിര് അവിടുന്ന് സംരക്ഷിക്കുന്നു.**
1029 കർത്താവ് നിലംപരിചാക്കുന്നു: **ഉ:** അഹങ്കാരിയുടെ ഭവനം (15,25).
1030 അവിടുന്ന് (കർത്താവ്) സംരക്ഷിക്കുന്നു: **ഉ:** വിധവയുടെ അതിര് (15,25).
**15,26ദുഷ്ടരുടെ ആലോചനകൾ കർത്താവിന് വെറുപ്പാണ്: നിഷ്കളങ്കരുടെ വാക്കുകൾ അവിടുത്തേക്കു പ്രീതികരവും.**
1031 സുഭാ 15,26ൽ കർത്താവിന് വെറുപ്പ്: **ഉ:** ദുഷ്ടരുടെ ആലോചനകൾ.
1032 സുഭാ 15,26ൽ അവിടുത്തേക്കു (കർത്താവിന്) പ്രീതികരം: **ഉ:** നിഷ്കളങ്കരുടെ വാക്കുകൾ.
**15,27നീതിരഹിതമായ നേട്ടം ആഗ്രഹിക്കുന്നവൻ സ്വന്തം കുടുംബത്തെ ദ്രോഹിക്കുന്നു; കൈക്കൂലി വെറുക്കുന്നവൻ ഏറെനാൾ ജീവിക്കും.**
1033 നീതിരഹിതമായ നേട്ടം ആഗ്രഹിക്കുന്നവൻ ദ്രോഹിക്കുന്നത്? **ഉ:** സ്വന്തം കുടുംബത്തെ (15,27).
1034 ഏറെനാൾ ജീവിക്കും. (ആര്)? **ഉ:** കൈക്കൂലി വെറുക്കുന്നവൻ (15,27).
**15.28നീതിമാൻ ആലോചിച്ച് ഉത്തരം കൊടുക്കുന്നു: ദുഷ്ടരുടെ അധരങ്ങൾ ദുഷ്ടത വമിക്കുന്നു.**
1035 ആലോചിച്ച് ഉത്തരം കൊടുക്കുന്നു: **ഉ:** നീതിമാൻ (15,28).
1036 ദുഷ്ടത വമിക്കുന്നത്? **ഉ:** ദുഷ്ടരുടെ അധരങ്ങൾ (15,28).
**15,29കർത്താവ് ദുഷ്ടരിൽനിന്ന് അകന്നിരിക്കുന്നു; നീതിമാന്മാരുടെ പ്രാർഥന ചെവിക്കൊള്ളുന്നു.**
1037 ദുഷ്ടരിൽനിന്ന് അകന്നിരിക്കുന്നു: **ഉ:** കർത്താവ് (15,29).
1038 പൂരിപ്പിക്കുക: (കർത്താവ്) ... പ്രാർഥന ചെവിക്കൊള്ളുന്നു (സുഭാ 15,29). **ഉ:** നീതിമാന്മാരുടെ.
1039 സുഭാ 15,29നു സമാനങ്ങളായ വേദഭാഗങ്ങൾ? **ഉ:** ഏശ 59,2; യോഹ 9,31.
**15,30തിളങ്ങുന്ന കണ്ണ് ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; സദ്വാർത്ത ശരീരത്തെ ഉത്തേജിപ്പിക്കുന്നു.**
1040 ഹൃദയത്തെ സന്തോഷിപ്പിക്കുന്നു: **ഉ:** തിളങ്ങുന്ന കണ്ണ് (15,30).
1041 സദ്വാർത്ത ഉത്തേജിപ്പിക്കുന്നു: **ഉ:** ശരീരത്തെ (15,30).
**15,31 ഉത്തമമായ ഉപദേശം ആദരിക്കുന്നവന് വിവേകികളോടുകൂടെ സ്ഥാനം ലഭിക്കും.**
1042 വിവേകികളോടുകൂടെ സ്ഥാനം ലഭിക്കും: **ഉ:** ഉത്തമമായ ഉപദേശം ആദരിക്കുന്നവന് (15,31).

**15,32പ്രബോധനം അവഗണിക്കുന്നവൻ തന്നെത്തന്നെ ദ്രോഹിക്കുന്നു; ശാസനം അനുസരിക്കുന്നവൽ അറിവു നേടുന്നു.**

1043 പ്രബോധനം അവഗണിക്കുന്നവൻ ദ്രോഹിക്കുന്നു: **ഉ:** തന്നെത്തന്നെ (15,32).

1044 ശാസനം അനുസരിക്കുന്നവൽ നേടുന്നു: **ഉ:** അറിവു (15,32).

**15,33ദൈവഭക്തി ജ്ഞാനത്തിനുള്ള പരിശീലനമാണ്: വിനയം ബഹുമതിയുടെ മുന്നോടിയും.**

1045 ജ്ഞാനത്തിനുള്ള പരിശീലനം? **ഉ:** ദൈവഭക്തി (15,33).

1046 ബഹുമതിയുടെ മുന്നോടി? **ഉ:** വിനയം (15,33).

അധ്യായം 16 (അധ്യായം 16ൽ 33 വാക്യങ്ങൾ)

**16,1 മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു: അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ.**

**16,2 ഒരുവനു തന്റെ നടപടികൾ അന്യൂനനമെന്നു തോന്നുന്നു: കർത്താവ് ഹൃദയം പരിശോധിക്കുന്നു.**

1047 ഒരുവന്റെ നടപടികളെക്കുറിച്ചു കർത്താവ് പരിശോധിക്കുന്നു: **ഉ:** ഹൃദയം (16,2).

**16,3 നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും.**

1048 പൂരിപ്പിക്കുക: നിന്റെ ... കർത്താവിൽ അർപ്പിക്കുക; നിന്റെ ... ഫലമണിയും (സുഭാ 16,3). **ഉ:** പ്രയത്നം; പദ്ധതികൾ.

1049 സുഭാ 16,3നു സമാനമായ ബൈബിൾവാക്യങ്ങൾ: **ഉ:** സാമു 37,5; 1 പത്രോ 5,7

**16,4 കർത്താവ് ഓരോന്നിനെയും നിശ്ചിതലക്ഷ്യത്തോടെ സൃഷ്ടിച്ചു; അനർഥദിനത്തിനുവേണ്ടി അവിടുന്ന് ദുഷ്ടരെയും സൃഷ്ടിച്ചു.**

1050 കർത്താവ് നിശ്ചിതലക്ഷ്യത്തോടെ സൃഷ്ടിച്ചു: **ഉ:** ഓരോന്നിനെയും (16,4).

1051 അനർഥദിനത്തിനുവേണ്ടി അവിടുന്ന് (കർത്താവ്) സൃഷ്ടിച്ചു: **ഉ:** ദുഷ്ടരെ (16,4)

1052 സുഭാ 16,4നു സമാനമായ വാക്യം? **ഉ:** റോമ 9,32.

**16,5 അഹങ്കരിക്കുന്നവരോടു കർത്താവിനു വെറുപ്പാണ്: അവർക്കു ശിക്ഷ കിട്ടാതിരിക്കുകയില്ല, തീർച്ച.**

1053 പൂരിപ്പിക്കുക: ... കർത്താവിനു വെറുപ്പാണ് (സുഭാ 16,5). **ഉ:** അഹങ്കരിക്കുന്നവരോടു

1054 തീർച്ചയായും ശിക്ഷ കിട്ടാതിരിക്കുകയില്ലാത്തത്? **ഉ:** അഹങ്കരിക്കുന്നവർക്ക് (16,5).

**16,6 ആത്മാർഥതയും വിശ്വസ്തതയുമാണ് അധർമത്തിനു പരിഹാരം; ദൈവഭയം തിന്മയിൽനിന്ന് അകറ്റിനിർത്തുന്നു.**

1055 അധർമത്തിനു പരിഹാരം: **ഉ:** ആത്മാർഥതയും വിശ്വസ്തതയും (16,6).

1056 തിന്മയിൽനിന്ന് അകറ്റിനിർത്തുന്നു: **ഉ:** ദൈവഭയം (16,6).

**16,7 ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾപോലും അവനോട് ഇണങ്ങിക്കഴിയുന്നു.**

1057 ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ അവനോട് ഇണങ്ങിക്കഴിയുന്നു.: **ഉ:** ശത്രുക്കൾപോലും (16,7).

1058 ശത്രുക്കൾപോലും ഒരുവനോട് ഇണങ്ങിക്കഴിയുന്നത്? **ഉ:** ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ (16,7).

**16,8 നീതിപൂർവം നേടിയ ചെറിയ ആദായമാണ് അനീതിവഴി നേടിയ വലിയ ആദായത്തെക്കാൾ വിശിഷ്ടം.**

1059 പൂരിപ്പിക്കുക: നീതിപൂർവം നേടിയ ചെറിയ ... ... നേടിയ വലിയ ആദായത്തെക്കാൾ വിശിഷ്ടം (സുഭാ 16,8). **ഉ:** ആദായമാണ് അനീതിവഴി

**16,9 മനുഷ്യൻ തന്റെ മാർഗം ആലോചിച്ചുവയ്ക്കുന്നു; അവന്റെ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ്.**

1060 മനുഷ്യൻ ആലോചിച്ചുവയ്ക്കുന്നു: **ഉ:** തന്റെ മാർഗം (16,9).

1061 കർത്താവ് നിയന്ത്രിക്കുന്നത്: **ഉ:** അവന്റെ (മനുഷ്യന്റെ) കാലടികളെ (16,9).

**16,10രാജാവിന്റെ നാവിൽ ദൈവനിശ്ചയം കുടികൊള്ളുന്നു: വിധിക്കുമ്പോൾ അവനു തെറ്റുപറ്റുകയില്ല.**

1062 രാജാവിന്റെ നാവിൽ കുടികൊള്ളുന്നു: **ഉ:** ദൈവനിശ്ചയം (16,10).



1063 അവനു (രാജാവിനു) തെറ്റുപറ്റുകയില്ല: **ഉ:** വിധിക്കുമ്പോൾ (16,10).

**16,11ശരിയായ അളവും തൂക്കവും കർത്താവ് നിയന്ത്രിക്കുന്നു; സഞ്ചിയിലുള്ള കട്ടികൾ അവിടുന്ന് നിശ്ചയിക്കുന്നു.**

1064 പൂരിപ്പിക്കുക: ശരിയായ അളവും തൂക്കവും ... നിയന്ത്രിക്കുന്നു; സഞ്ചിയിലുള്ള ... അവിടുന്ന് നിശ്ചയിക്കുന്നു (സുഭാ 16,11). **ഉ:** കർത്താവ്, കട്ടികൾ.

**16,12ദുഷ്പ്രവൃത്തികൾ രാജാക്കന്മാർ വെറുക്കുന്നു: നീതി സിംഹാസനത്തെ ഉറപ്പിക്കുന്നു.**

1065 ദുഷ്പ്രവൃത്തികൾ വെറുക്കുന്നു: **ഉ:** രാജാക്കന്മാർ (16,12).

1066 സിംഹാസനത്തെ ഉറപ്പിക്കുന്നു: **ഉ:** നീതി (16,12).

**16,13നീതിപൂർവമായ വാക്കുകൾ രാജാവിനെ ആഹ്ലാദിപ്പിക്കുന്നു; നേരു പറയുന്നവനെ അവൻ സ്നേഹിക്കുന്നു.**

1067 നീതിപൂർവമായ വാക്കുകൾ ആഹ്ലാദിപ്പിക്കുന്നു: **ഉ:** രാജാവിനെ (16,13).

1068 അവൻ (രാജാവ്) സ്നേഹിക്കുന്നു: **ഉ:** നേരു പറയുന്നവനെ (16,13).

**16,14രാജാവിന്റെ കോപം മരണത്തിന്റെ ദൂതനാണ്: വിവേകിക്ക് അതു ശമിപ്പിക്കാൻ കഴിയും.**

1069 മരണത്തിന്റെ ദൂതൻ? **ഉ:** രാജാവിന്റെ കോപം (16,14).

1070 രാജാവിന്റെ കോപം ശമിപ്പിക്കാൻ കഴിയും: **ഉ:** വിവേകിക്ക് (16,14).

**16,15രാജാവിന്റെ പ്രസാദത്തിൽ ജീവൻ കുടികൊള്ളുന്നു: രാജപ്രീതി വസന്തത്തിൽ മഴ പൊഴിക്കുന്ന മേഘങ്ങളെപ്പോലെയാണ്.**

1071 രാജാവിന്റെ പ്രസാദത്തിൽ കുടികൊള്ളുന്നു: **ഉ:** ജീവൻ (16,15).

1072 വസന്തത്തിൽ മഴ പൊഴിക്കുന്ന മേഘങ്ങളെപ്പോലെയാണ്: **ഉ:** രാജപ്രീതി (16,15).

**16,16ജ്ഞാനം ലഭിക്കുന്നതു സ്വർണം കിട്ടുന്നതിനെക്കാൾ ശ്രേഷ്ഠമാണ്: വിജ്ഞാനം വെള്ളിയെക്കാൾ അഭികാമ്യവും.**

1073 സ്വർണം കിട്ടുന്നതിനെക്കാൾ ശ്രേഷ്ഠം: **ഉ:** ജ്ഞാനം ലഭിക്കുന്നതു (16,16).

1074 വെള്ളിയെക്കാൾ അഭികാമ്യം: **ഉ:** വിജ്ഞാനം (വെ. വി.) (16,16).

1075 സുഭാ 16,16നു സമാനമായ ബൈബിൾവാക്യം: **ഉ:** പ്രഭാ 51,28 (വെള്ളി മുടക്കി വിദ്യ നേടിയാൽ ഏറെ സ്വർണം കരസ്ഥമാക്കാം).

**16,17സത്യസന്ധരുടെ വഴി തിന്മയിൽനിന്ന് ഒഴിഞ്ഞുമാറുന്നു: സ്വന്തം വഴി കാക്കുന്നവൻ ജീവൻ പരിരക്ഷിക്കുന്നു.**

1076 തിന്മയിൽനിന്ന് ഒഴിഞ്ഞുമാറുന്നു: **ഉ:** സത്യസന്ധരുടെ വഴി (16,17).

1077 സ്വന്തം വഴി കാക്കുന്നവൻ പരിരക്ഷിക്കുന്നു: **ഉ:** ജീവൻ (16,17).

1078 ജീവൻ പരിരക്ഷിക്കുന്നു: **ഉ:** സ്വന്തം വഴി കാക്കുന്നവൻ (16,17).

**16,18അഹങ്കാരം നാശത്തിന്റെ മുന്നോടിയാണ്; അഹന്ത അധഃപതനത്തിന്റെയും.**

1079 നാശത്തിന്റെ മുന്നോടി: **ഉ:** അഹങ്കാരം (16,18).

1080 അധഃപതനത്തിന്റെ മുന്നോടി: **ഉ:** അഹന്ത (16,18).

**16,19അഹങ്കാരികളോടു ചേർന്നു കൊള്ളമുതൽ പങ്കുവയ്ക്കുന്നതിനെക്കാൾ നല്ലത് വിനീതനായി ദരിദ്രനോടൊപ്പം കഴിയുന്നതാണ്.**

1081 പൂരിപ്പിക്കുക: ... ചേർന്നു കൊള്ളമുതൽ പങ്കുവയ്ക്കുന്നതിനെക്കാൾ നല്ലത് വിനീതനായി ... കഴിയുന്നതാണ് (സുഭാ 16,19). **ഉ:** അഹങ്കാരികളോടു; ദരിദ്രനോടൊപ്പം.

**16,20ദൈവവചനം ആദരിക്കുന്നവൻ ഉത്ക്കർഷം നേടും; കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.**

1082 ദൈവവചനം ആദരിക്കുന്നവൻ നേടും: **ഉ:** ഉത്ക്കർഷം 16,20).

1083 പൂരിപ്പിക്കുക: കർത്താവിൽ ആശ്രയിക്കുന്നവൻ ... (സുഭാ 16,20). **ഉ:** ഭാഗ്യവാൻ.

**16,21ഹൃദയത്തിൽ ജ്ഞാനമുള്ളവൻ വിവേകിയെന്ന് അറിയപ്പെടുന്നു; ഹൃദ്യമായ ഭാഷണം കൂടുതൽ അനുനയിപ്പിക്കുന്നു.**

1084 ഹൃദയത്തിൽ ജ്ഞാനമുള്ളവൻ അറിയപ്പെടുന്നു: **ഉ:** വിവേകിയെന്ന് (16,21).

1085 വിവേകിയെന്ന് അറിയപ്പെടുന്നു: **ഉ:** ഹൃദയത്തിൽ ജ്ഞാനമുള്ളവൻ (16,21).

1086 കൂടുതൽ അനുനയിപ്പിക്കുന്നു: **ഉ:** ഹൃദ്യമായ ഭാഷണം (16,21).

**16,22വിവേകം ലഭിച്ചവന് അത് ജീവന്റെ ഉറവയാണ്: ഭോഷത്തം ഭോഷനുള്ള ശിക്ഷയത്രേ.**
1087 വിവേകം ലഭിച്ചവന് ജീവന്റെ ഉറവ: **ഉ:** വിവേകം (16,22).
1088 ഭോഷനുള്ള ശിക്ഷ: **ഉ:** ഭോഷത്തം (16,22).
**16,23വിവേകിയുടെ മനസ്സ് വാക്കുകളെ യുക്തിയുക്തമാക്കുന്നു; അങ്ങനെ അതിനു പ്രേരകശക്തി വർദ്ധിക്കുന്നു.**
1089 വാക്കുകളെ യുക്തിയുക്തമാക്കുന്നു: **ഉ:** വിവേകിയുടെ മനസ്സ് (16,23).
1090 വാക്കുകളെ യുക്തിയുക്തമാക്കുന്നതുവഴി വിവേകിയുടെ മനസ്സിനു വർദ്ധിക്കുന്നത്? **ഉ:** പ്രേരകശക്തി (16,23).
**16,24ഹൃദ്യമായ വാക്ക് തേനറപോലെയാണ്: അത് ആത്മാവിനു മധുരവും ശരീരത്തിന് ആരോഗ്യപ്രദവുമാണ്.**
1091 തേനറപോലെയാണ്: **ഉ:** ഹൃദ്യമായ വാക്ക് (16,24).
1092 ഹൃദ്യമായ വാക്ക് ആത്മാവിനു: **ഉ:** മധുരം (16,24).
1093 ഹൃദ്യമായ വാക്ക് ശരീരത്തിന്: **ഉ:** ആരോഗ്യപ്രദം (16,24).
**16,25ശരിയെന്നു തോന്നിയ വഴി മരണത്തിലേക്കു നയിക്കുന്നതാകാം.**
1094 മരണത്തിലേക്കു നയിക്കുന്നതാകാവുന്ന വഴി: **ഉ:** ശരിയെന്നു തോന്നിയ വഴി
**16,26വിശപ്പ് പണിക്കാരനെക്കൊണ്ട് കൂടുതൽ ജോലിചെയ്യിക്കുന്നു; അത് അവനെ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു.**
1095 പണിക്കാരനെക്കൊണ്ട് കൂടുതൽ ജോലിചെയ്യിക്കുന്നു: **ഉ:** വിശപ്പ് (16,25).
1096 പണിക്കാരനെ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു: **ഉ:** വിശപ്പ് (16,25).
1097 സുഭാ 16,28നു സമാനമായ ഭാഗം? **ഉ:** സഭാപ്രസംഗി 6,7 (ഉദരപൂരണത്തി നാണ് മനുഷ്യന്റെ അധ്വാനം മുഴുവൻ, എങ്കിലും അവന് വിശപ്പടങ്ങുന്നില്ല).
**16,27വിലകെട്ടവൻ തിന്മ നിരൂപിക്കുന്നു; അവന്റെ വാക്ക് പൊള്ളുന്ന തീപോലെയാണ്.**
1098 വിലകെട്ടവൻ നിരൂപിക്കുന്നു: **ഉ:** തിന്മ (16,27).
1099 ആരുടെ വാക്ക് പൊള്ളുന്ന തീപോലെയാണ്? **ഉ:** വിലകെട്ടവന്റെ (16,27).
**16,28വികടബുദ്ധി കലഹം പരത്തുന്നു; ഏഷണിക്കാരൻ ഉറ്റമിത്രങ്ങളെ ഭിന്നിപ്പിക്കുന്നു.**
1100 കലഹം പരത്തുന്നു: **ഉ:** വികടബുദ്ധി (16,28).
1101 ഏഷണിക്കാരൻ ഭിന്നിപ്പിക്കുന്നു: **ഉ:** ഉറ്റമിത്രങ്ങളെ (16,28).
**16,29അക്രമി അയൽക്കാരനെ വശീകരിച്ച് അപഥത്തിലേക്കു നയിക്കുന്നു.**
1102 അയൽക്കാരനെ വശീകരിച്ച് അപഥത്തിലേക്കു നയിക്കുന്നു: **ഉ:** അക്രമി (16,29)
1103 അക്രമി അയൽക്കാരനെ വശീകരിച്ച് നയിക്കുന്നു: **ഉ:** അപഥത്തിലേക്കു (16,29).
**16,30കണ്ണിറുക്കുന്നവൻ ദുരാലോചന നടത്തുന്നു; ചുണ്ടു കടിക്കുന്നവൻ തിന്മയ്ക്കു വഴിയൊരുക്കുന്നു.**
1104 കണ്ണിറുക്കുന്നവൻ നടത്തുന്നു: **ഉ:** ദുരാലോചന (16,30).
1105 ചുണ്ടു കടിക്കുന്നവൻ വഴിയൊരുക്കുന്നു: **ഉ:** തിന്മയ്ക്കു (16,30).
**16,31നരച്ച മുടി മഹത്വത്തിന്റെ കിരീടമാണ്; സുകൃതപൂർണമായ ജീവിതംകൊണ്ടാണ് അതു കൈവരുന്നത്.**
1106 മഹത്വത്തിന്റെ കിരീടം: **ഉ:** നരച്ച മുടി (16,31).
1107 സുകൃതപൂർണമായ ജീവിതംകൊണ്ടു കൈവരുന്നത്? **ഉ:** മഹത്വത്തിന്റെ കിരീടം (16,31).
**16,32ക്ഷമാശീലൻ കരുത്തനെക്കാളും, മനസ്സിനെ നിയന്ത്രിക്കുന്നവൻ നഗരം പിടിച്ചെടുക്കുന്നവനെക്കാളും ശ്രേഷ്ഠനാണ്.**
1108 കരുത്തനെക്കാൾ ശ്രേഷ്ഠൻ: **ഉ:** ക്ഷമാശീലൻ (16,32).
1109 നഗരം പിടിച്ചെടുക്കുന്നവനെക്കാൾ ശ്രേഷ്ഠൻ **ഉ:** മനസ്സിനെ നിയന്ത്രിക്കുന്നവൻ (16,32).
**16,33കാര്യങ്ങൾ തീരുമാനിക്കാൻ കുറിയിടുന്നവരുണ്ട്; അന്തിമമായ തീരുമാനം കർത്താവിന്റേതാണ്.**
1110 കാര്യം തീരുമാനിക്കാൻ കുറിയിടുന്നതുപോലെ ചെയ്തത് പഴയ നിയമത്തിൽ:



**ഉ:** 1 സാമു 14,41 (വായിക്കുക). (സാവുൾ മകൻ ജോനാഥാന്റെ കുറ്റം തീരുമാനിക്കാൻ ഊറിമും തുമ്മിമും ഉപയോഗിച്ചു. തീരുമാനം കർത്താവിന്റേതായി അംഗീകരിച്ചു). അന്തിമമായ തീരുമാനം കർത്താവിന്റേതാണ്.

അധ്യായം 17 (അധ്യായം 17ൽ 28 വാക്യങ്ങൾ)

**17,1 കലഹം നിറഞ്ഞ വീട്ടിലെ വിരുന്നിനെക്കാൾ അഭികാമ്യം സ്വസ്ഥതയോടെ കഴിക്കുന്ന വീട്ടിലെ ഉണങ്ങിയ അപ്പക്കഷണമാണ്.**
1111 പൂരിപ്പിക്കുക: കലഹം നിറഞ്ഞ വീട്ടിലെ ... അഭികാമ്യം ... ... വീട്ടിലെ ഉണങ്ങിയ അപ്പക്കഷണമാണ് (സുഭാ 17,1). **ഉ:** വിരുന്നിനെക്കാൾ, സ്വസ്ഥതയോടെ കഴിക്കുന്ന
**17,2 ബുദ്ധിമാനായ അടിമ ലജ്ജാവഹമായി പ്രവർത്തിക്കുന്ന യജമാനപുത്രന്റെമേൽ ഭരണം നടത്തും. അവൻ പുത്രന്മാർക്കൊപ്പം കുടുംബസ്വത്തിന് അവകാശിയാകും.**
1112 ശരിയോ തെറ്റോ? ബുദ്ധിമാനായി പ്രവർത്തിക്കുന്ന അടിമ ലജ്ജാവഹമായി പ്രവർത്തിക്കുന്ന യജമാനന്റെമേൽ ഭരണം നടത്തും (സുഭാ 17,2). **ഉ:** തെറ്റ്. (തെറ്റു കണ്ടുപിടിക്കുക)
1113 ബുദ്ധിമാനായ അടിമ ഭരണം നടത്തും: **ഉ:** ലജ്ജാവഹമായി പ്രവർത്തിക്കുന്ന യജമാനപുത്രന്റെമേൽ (17,2).
1114 പുത്രന്മാർക്കൊപ്പം കുടുംബസ്വത്തിന് അവകാശിയാകും: **ഉ:** ബുദ്ധിമാനായ അടിമ (17,2).
**17,3 മൂശയിൽ വെള്ളിയും ഉലയിൽ സ്വർണവും ശോധന ചെയ്യപ്പെടുന്നു; ഹൃദയങ്ങളെ പരിശോധിക്കുന്നത് കർത്താവാണ്.**
1115 പൂരിപ്പിക്കുക: ... വെള്ളിയും ... സ്വർണവും ശോധന ചെയ്യപ്പെടുന്നു; ... പരിശോധിക്കുന്നത് കർത്താവാണ് (സുഭാ 17,3). **ഉ:** മൂശയിൽ, ഉലയിൽ; ഹൃദയങ്ങളെ.
**17,4 ദുഷ്ടൻ ദുർവചസ്സുകൾ ശ്രദ്ധിക്കുന്നു: നുണയൻ അപവാദത്തിനു ചെവികൊടുക്കുന്നു.**
1116 ദുഷ്ടൻ ശ്രദ്ധിക്കുന്നു: **ഉ:** ദുർവചസ്സുകൾ (17,4).
1117 നുണയൻ ചെവികൊടുക്കുന്നു: **ഉ:** അപവാദത്തിനു (17,4).
**17,5 ദരിദ്രരെ പരിഹസിക്കുന്നവൻ സ്രഷ്ടാവിനെ നിന്ദിക്കുന്നു; മറ്റുള്ളവരുടെ അത്യാഹിതത്തിൽ സന്തോഷിക്കുന്നവൻ ശിക്ഷിക്കപ്പെടാതിരിക്കുകയില്ല.**
1118 ദരിദ്രരെ പരിഹസിക്കുന്നവൻ നിന്ദിക്കുന്നു: **ഉ:** സ്രഷ്ടാവിനെ (17,5).
1119 പൂരിപ്പിക്കുക: മറ്റുള്ളവരുടെ ... സന്തോഷിക്കുന്നവൻ ശിക്ഷിക്കപ്പെടാതിരിക്കുകയില്ല (സുഭാ 17,5). **ഉ:** അത്യാഹിതത്തിൽ.
**17,6 പേരക്കിടാങ്ങൾ വൃദ്ധർക്കു കിരീടം; മക്കളുടെ അഭിമാനം പിതാക്കന്മാരത്രേ.**
1120 വൃദ്ധർക്കു കിരീടം? **ഉ:** പേരക്കിടാങ്ങൾ (17,6).
1121 മക്കളുടെ അഭിമാനം? **ഉ:** പിതാക്കന്മാർ (17,6).
**17,7 ഉത്തമമായ സംസാരം ഭോഷനു ചേരുകയില്ല; കപടഭാഷണം അഭിജാതർക്ക് അത്രപോലുമില്ല.**
1122 ഉത്തമമായ സംസാരം ചേരുകയില്ല: **ഉ;** ഭോഷനു (17,7).
1123 കപടഭാഷണം അത്രപോലും ചേരുകയില്ലാത്തത്? **ഉ:** അഭിജാതർക്ക് (17,7).
**17,8 കൈക്കൂലി മാന്ത്രികക്കല്ലാണെന്നത്രേ കൊടുക്കുന്നവന്റെ സങ്കൽപം; തിരിയുന്നിടത്തെല്ലാം അവൻ വിജയം നേടുന്നു.**
1124 മാന്ത്രികക്കല്ലാണെന്നു കൊടുക്കുന്നവൻ സങ്കൽപിക്കുന്നത്? **ഉ:** കൈക്കൂലി
**17,9 തെറ്റു പൊറുക്കുന്നവൻ സ്നേഹം നേടുന്നു; കുറ്റപ്പെടുത്തിക്കൊണ്ടേയിരിക്കുന്നവൻ സ്നേഹിതനെ പിണക്കി അകറ്റുന്നു.**
1125 തെറ്റു പൊറുക്കുന്നവൻ നേടുന്നു: **ഉ:** സ്നേഹം (17,9).
1126 സ്നേഹിതനെ പിണക്കി അകറ്റുന്നു: **ഉ:** കുറ്റപ്പെടുത്തിക്കൊണ്ടേയിരിക്കുന്നവൻ
**17,10ഭോഷനെ നൂറ് അടിക്കുന്നതിനെക്കാൾ ബുദ്ധിമാനെ ഒന്നു ശകാരിക്കുന്നതു കൂടുതൽ ഉള്ളിൽത്തട്ടും.**
1127 ഭോഷനെ നൂറ് അടിക്കുന്നതിനെക്കാൾ കൂടുതൽ ഉള്ളിൽത്തട്ടും: **ഉ:** ബുദ്ധിമാനെ ഒന്നു ശകാരിക്കുന്നതു (17,10).

**17,11 അധമൻ എപ്പോഴും കലാപകാരിയാണ്; ക്രൂരനായ ഒരു ദൂതൻ അവനെതിരായി അയയ്ക്കപ്പെടും.**
1128 എപ്പോഴും കലാപകാരി? **ഉ:** അധമൻ (17,11).
11129ക്രൂരനായ ഒരു ദൂതൻ ആർക്കെതിരായി അയയ്ക്കപ്പെടും? **ഉ:** അധമന് (17,11).
**17,12 ഭോഷനെ അവന്റെ ഭോഷത്തത്തിൽ നേരിടുന്നതിനെക്കാൾ എളുപ്പം, കുഞ്ഞുങ്ങൾ അപഹരിക്കപ്പെട്ട ഒരു പെൺകരടിയെ നേരിടുകയാണ്.**
1230 കുഞ്ഞുങ്ങൾ അപഹരിക്കപ്പെട്ട ഒരു പെൺകരടിയെ നേരിടുന്നത് ഏതിനെക്കാൾ എളുപ്പം? **ഉ:** ഭോഷനെ അവന്റെ ഭോഷത്തത്തിൽ നേരിടുന്നതിനെക്കാൾ (17,12).
**17,13 ഉപകാരത്തിനു പകരം അപകാരം ചെയ്യുന്നവന്റെ വീട്ടിൽനിന്ന് തിന്മ വിട്ടകലുകയില്ല.**
1231 ഉപകാരത്തിനു പകരം അപകാരം ചെയ്യുന്നവന്റെ വീട്ടിൽനിന്ന് വിട്ടകലുകയില്ലാത്തത്? **ഉ:** തിന്മ (17,13).
**17,14 കലഹത്തിന്റെ ആരംഭം അണപൊട്ടുന്നതുപോലെയാണ്; കലഹം തുടങ്ങുന്നതിനുമുമ്പുതന്നെ അത് ഒഴിവാക്കിക്കൊള്ളുക.**
11232അണപൊട്ടുന്നതുപോലെ ആരംഭം: **ഉ:** കലഹത്തിന്റെ (17,14).
1233 തുടങ്ങുന്നതിനുമുമ്പുതന്നെ ഒഴിവാക്കിക്കേണ്ടത്? **ഉ:** കലഹം (17,14).
**17,15 ദുഷ്ടരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നവനും, നീതിമാന്മാരിൽ കുറ്റം ചുമത്തുന്നവനും ഒന്നുപോലെ കർത്താവിനെ വെറുപ്പിക്കുന്നു.**
1234 ഒന്നുപോലെ കർത്താവിനെ വെറുപ്പിക്കുന്നു: **ഉ:** ദുഷ്ടരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നവനും, നീതിമാന്മാരിൽ കുറ്റം ചുമത്തുന്നവനും (17,15).
1235 ദുഷ്ടരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നവനും, നീതിമാന്മാരിൽ കുറ്റം ചുമത്തുന്നവനും ഒന്നുപോലെ വെറുപ്പിക്കുന്നത്: **ഉ:** കർത്താവിനെ (17,15).
**17,16 ഭോഷനു ധനമുണ്ടായിട്ടെന്തു പ്രയോജനം? അവനു ജ്ഞാനം വിലയ്ക്കു വാങ്ങാൻ കഴിയുമോ?**
1236 ധനമുള്ള ഭോഷനു വിലയ്ക്കു വാങ്ങാൻ കഴിയാത്തത്? **ഉ:** ജ്ഞാനം (17,16).
1236a ഭോഷനു ധനമുണ്ടായിട്ടു പ്രയോജനമില്ല, കാരണം? **ഉ:** അവനു ജ്ഞാനം വിലയ്ക്കു വാങ്ങാൻ കഴിയുകയില്ല (17,16).
**17,17 മിത്രം എപ്പോഴും മിത്രംതന്നെ; ആപത്തിൽ പങ്കുചേരാൻ ജനിച്ചവനാണ് സഹോദരൻ**
1237 എപ്പോഴും മിത്രംതന്നെയായിരിക്കുന്നത്? **ഉ:** മിത്രം (17,17).
1238 സഹോദരൻ? **ഉ:** ആപത്തിൽ പങ്കുചേരാൻ ജനിച്ചവൻ (17,17).
**17,18 ബുദ്ധിഹീനൻ അയൽക്കാരന് വാക്കുകൊടുക്കുകയും ജാമ്യം നിൽക്കുകകയും ചെയ്യുന്നു.**
1239 അയൽക്കാരന് വാക്കുകൊടുക്കുകയും ജാമ്യം നിൽക്കുകകയും ചെയ്യുന്നു: **ഉ:** ബുദ്ധിഹീനൻ (17,18).
**17,19 നിയമനിഷേധകൻ കലഹപ്രിയനാണ്: വാതിൽ ഉയർത്തിപ്പണിയുന്നവൻ നാശം ക്ഷണിച്ചുവരുത്തുന്നു.**
1240 കലഹപ്രിയൻ? **ഉ:** നിയമനിഷേധകൻ(17,19).
1241 വാതിൽ ഉയർത്തിപ്പണിയുന്നവൻ ക്ഷണിച്ചുവരുത്തുന്നു: **ഉ:** നാശം (17,19).
**17,20 കുടിലമാനസൻ ഐശ്വര്യം പ്രാപിക്കുകയില്ല; വികടഭാഷണം നടത്തുന്നവൻ ആപത്തിൽ പതിക്കുന്നു.**
1242 ഐശ്വര്യം പ്രാപിക്കുകയില്ല: **ഉ:** കുടിലമാനസൻ (17,20).
1243 ആപത്തിൽ പതിക്കുന്നു: **ഉ:** വികടഭാഷണം നടത്തുന്നവൻ (17,20).
**17,21 വിഡ്ഢിയായ പുതൻ പിതാവിന്റെ ദുഃഖമാണ്; ഭോഷന്റെ പിതാവിന് ഒരിക്കലും സന്തോഷമില്ല.**
1244 പിതാവിന്റെ ദുഃഖം? **ഉ:** വിഡ്ഢിയായ പുതൻ (17,21).
1245 ഒരിക്കലും സന്തോഷമില്ലാത്ത പിതാവ്? **ഉ:** ഭോഷന്റെ പിതാവ് (17,21).
**17,22 സന്തുഷ്ടഹൃദയം ആരോഗ്യദായകമാണ്: തളർന്ന മനസ്സ് ആരോഗ്യം കെടുത്തുന്നു.**



1246 ആരോഗ്യദായകമായ ഹൃദയം? **ഉ:** സന്തുഷ്ടഹൃദയം (17,22).
1247 ആരോഗ്യം കെടുത്തുന്നത്: **ഉ:** തളർന്ന മനസ്സ് (17,22).
**17,23 നീതിയുടെ വഴി തെറ്റിക്കാൻ ദുഷ്ടൻ രഹസ്യമായി കൈക്കൂലി വാങ്ങുന്നു.**
1248 ദുഷ്ടൻ രഹസ്യമായി കൈക്കൂലി വാങ്ങുന്നു: **ഉ:** നീതിയുടെ വഴി തെറ്റിക്കാൻ(17,23).
1249 നീതിയുടെ വഴി തെറ്റിക്കാൻ രഹസ്യമായി കൈക്കൂലി വാങ്ങുന്നു: **ഉ;** ദുഷ്ടൻ 17,23
**17.24 ബുദ്ധിമാൻ ജ്ഞാനോന്മുഖനായിരിക്കുന്നു; ഭോഷന്റെ ദൃഷ്ടി അങ്ങുമിങ്ങും അലഞ്ഞുതിരിയുന്നു.**
1250 ജ്ഞാനോന്മുഖനായിരിക്കുന്നു: **ഉ:** ബുദ്ധിമാൻ (17,24).
1251 അങ്ങുമിങ്ങും അലഞ്ഞുതിരിയുന്ന ദൃഷ്ടി: **ഉ:** ഭോഷന്റെ (17,24).
**17,25 മൂഢനായ പുത്രൻ പിതാവിനു ദഃഖവും അമ്മയ്ക്കു കയ്പുമാണ്.**
1252 പിതാവിനു ദഃഖം? **ഉ:** മൂഢനായ പുത്രൻ (17,25).
1253 അമ്മയ്ക്കു കയ്പ് **ഉ:** മൂഢനായ പുത്രൻ (17,25).
1254 മൂഢനായ പുത്രൻ അമ്മയ്ക്കു **ഉ:** കയ്പ് (17,25).
1255 സുഭാ 17,25നു സമാനമായ ബൈബിൾഭാഗം? **ഉ:** പ്രഭാ 16,1-3
**17,26 നീതിമാന്റെമേൽ പിഴ ചുമത്തുന്നതു നന്നല്ല; ഉത്തമനെ പ്രഹരിക്കുന്നതു തെറ്റാണ്.**
1256പൂരിപ്പിക്കുക: നീതിമാന്റെമേൽ ... ചുമത്തുന്നതു നന്നല്ല; ഉത്തമനെ ... തെറ്റാണ് (സുഭാ 17,26). **ഉ:** പിഴ; പ്രഹരിക്കുന്നതു
**17,27 വാക്കുകൾ നിയന്ത്രിക്കുന്നവൻ വിജ്ഞനാണ്; പ്രശാന്തമായ മനസ്സുള്ളവൻ ബുദ്ധിമാനത്രേ.**
1257പൂരിപ്പിക്കുക: വാക്കുകൾ നിയന്ത്രിക്കുന്നവൻ ... (സുഭാ 17,26). **ഉ:** വിജ്ഞനാണ്.
1258 ബുദ്ധിമാനത്രേ എന്ന് സുഭാ 17,26ൽ പറയുന്നത്? **ഉ:** പ്രശാന്തമായ മനസ്സുള്ളവനെ.
1259 സുഭാ 17,27നു സമാനമായ ബൈബിൾഭാഗം? **ഉ:** പ്രഭാ 20,5-8.
**17,28 മൗനം ഭജിക്കുന്ന മൂഢൻപോലും ജ്ഞാനിയെന്നു കരുതപ്പെടുന്നു; അവൻ വായ് പൂട്ടിയിരുന്നാൽ ബുദ്ധിമാനെന്നു കരുതപ്പെടുന്നു.**
1260 മൗനം ഭജിക്കുന്ന മൂഢൻപോലും കരുതപ്പെടുന്നു: **ഉ:** ജ്ഞാനിയെന്നു (17,28).
1261 വായ് പൂട്ടിയിരുന്നാൽ ബുദ്ധിമാനെന്നു കരുതപ്പെടുന്നത്? **ഉ:** മൂഢൻ (17,26).

## അധ്യായം 18 (അധ്യായം 18ൽ 24 വാക്യങ്ങൾ)

**18,1 വേറിട്ടു നില്ക്കുന്നവൻ എല്ലാ നല്ല തീരുമാനങ്ങളോടും മറുതലിച്ചുനില്ക്കാൻ പഴുതു നോക്കുന്നു.**
1262 എല്ലാ നല്ല തീരുമാനങ്ങളോടും മറുതലിച്ചുനില്ക്കാൻ പഴുതു നോക്കുന്നു: **ഉ:** വേറിട്ടു നില്ക്കുന്നവൻ (18,1).
**18,2-3 [2] ഭോഷനു സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിലല്ലാതെ കാര്യം ഗ്രഹിക്കുന്നതിൽ താത്പര്യമില്ല. [3] ദുഷ്ടതയോടൊപ്പം അവജ്ഞയും ദുഷ്ക്കീർത്തിയോടൊപ്പം അപമാനവും വന്നുഭവിക്കുന്നു.**
1263 സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിൽ മാത്രം താത്പര്യം? **ഉ:** ഭോഷന് (18,2).
1264 ഭോഷനു താത്പര്യമില്ല: **ഉ:** കാര്യം ഗ്രഹിക്കുന്നതിൽ (18,2).
1265 ദുഷ്ടതയോടൊപ്പം അവജ്ഞയും വന്നുഭവിക്കുത്? **ഉ:** ഭോഷന് (18,3).
1266 ഭോഷന് അവജ്ഞ വന്നുഭവിക്കുന്നത്: **ഉ:** ദുഷ്ടതയോടൊപ്പം (18,3).
1267ദുഷ്ക്കീർത്തിയോടൊപ്പം അപമാനവും വന്നുഭവിക്കുന്നു: **ഉ:** ഭോഷന് (18,3).
1268 ഭോഷന് അപമാനം വന്നുഭവിക്കുന്നത്: **ഉ:** ദുഷ്ക്കീർത്തിയോടൊപ്പം 18,3
**18,4 മനുഷ്യന്റെ വാക്കുകൾ അഗാധമായ ജലാശയമാണ്: ജ്ഞാനത്തിന്റെ ഉറവ പാഞ്ഞൊഴുകുന്ന അരുവിയും.**
1269 അഗാധമായ ജലാശയം: **ഉ:** മനുഷ്യന്റെ വാക്കുകൾ (18,4).
1270 ജ്ഞാനത്തിന്റെ ഉറവ? **ഉ:** പാഞ്ഞൊഴുകുന്ന അരുവി (18,4).
**18,5 ദുഷ്ടനോടു പക്ഷപാതം കാണിക്കുന്നതോ നീതിമാന് നീതി നിഷേധിക്കുന്നതോ നന്നല്ല.**
1271 നന്നല്ല എന്ന് സുഭാ 18,5 പറയുന്നത്: **ഉ:** ദുഷ്ടനോടു പക്ഷപാതം കാണിക്കു

ന്നതോ നീതിമാന് നീതി നിഷേധിക്കുന്നതോ.

**18,6 മൂഢന്റെ അധരങ്ങൾ കലഹത്തിനു വഴിതെളിക്കുന്നു: അവന്റെ വാക്കുകൾ ചാട്ടയടിയെ ക്ഷണിച്ചുവരുത്തുന്നു.**

1272 കലഹത്തിനു വഴിതെളിക്കുന്നു: **ഉ:** മൂഢന്റെ അധരങ്ങൾ (18,6)

1273 മൂഢന്റെ വാക്കുകൾ ക്ഷണിച്ചുവരുത്തുന്നു: **ഉ:** ചാട്ടയടിയെ (18,6).

**18,7 മൂഢന്റെ വായ് അവനെ നശിപ്പിക്കുന്നു; അവന്റെ അധരങ്ങൾ അവനു കെണിയാണ്.**

1274 മൂഢനെ നശിപ്പിക്കുന്നു: **ഉ:** അവന്റെ വായ് (18,7).

1275 മൂഢനു കെണി: **ഉ:** അവന്റെ അധരങ്ങൾ (18,7).

**18,8 ഏഷണിക്കാരന്റെ വാക്കുകൾ സ്വാദുള്ള അപ്പക്കഷണങ്ങൾപോലെയത്രേ; അത് ഉള്ളിലേക്കിറങ്ങിച്ചെല്ലുന്നു.**

1276 സ്വാദുള്ള അപ്പക്കഷണങ്ങൾപോലെയത്രേ: **ഉ:** ഏഷണിക്കാരന്റെ വാക്കുകൾ(18,8).

1276a സ്വാദുള്ള അപ്പക്കഷണങ്ങൾപോലെ ഉള്ളിലേക്കിറങ്ങിച്ചെല്ലുന്ന വാക്കുകൾ? **ഉ:** ഏഷണിക്കാരന്റെ (18,8).

**18,9 മടിയൻ മുടിയന്റെ സഹോദരനാണ്.**

1277 മുടിയന്റെ സഹോദരൻ? **ഉ:** മടിയൻ (10,9).

**18,10 കർത്താവിന്റെ നാമം ബലിഷ്ഠമായ ഒരു ഗോപുരമാണ്; നീതിമാൻ അതിൽ ഓടിക്കയറി സുരക്ഷിതനായിക്കഴിയുന്നു.**

1278 ബലിഷ്ഠമായ ഒരു ഗോപുരം: **ഉ:** കർത്താവിന്റെ നാമം (18,10).

1279 കർത്താവിന്റെ നാമമെന്ന ബലിഷ്ഠമായ ഒരു ഗോപുരത്തിൽ ഓടിക്കയറി സുരക്ഷിതനായിക്കഴിയുന്നത്? **ഉ:** നീതിമാൻ (18,10).

1280 സുഭാ 18,10നു സമാനമായ വേദഭാഗം? **ഉ:** സങ്കീ 61,4 (ഞാൻ അങ്ങയുടെ കൂടാരത്തിൽ എന്നേക്കും വസിക്കട്ടെ; അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ സുരക്ഷിതനായിരിക്കട്ടെ)

**18,11 സമ്പത്താണ് ധനികന്റെ ബലിഷ്ഠമായ നഗരം; ഉയർന്ന കോട്ടപോലെ അത് അവനെ സംരക്ഷിക്കുന്നു.**

1281 ധനികന്റെ ബലിഷ്ഠമായ നഗരം: **ഉ:** സമ്പത്ത് (18,11).

1281a ഉയർന്ന കോട്ടപോലെ ധനികനെ സംരക്ഷിക്കുന്നത്? **ഉ:** ധനികന്റെ സമ്പത്ത് (18,11).

**18,12 ഗർവം നാശത്തിന്റെ മുന്നോടിയാണ്; വിനയം ബഹുമതിയുടെയും.**

1282 നാശത്തിന്റെ മുന്നോടി: **ഉ:** ഗർവം (18,12).

1283 ബഹുമതിയുടെ മുന്നോടി: **ഉ:** വിനയം (18,12).

**18,13 ചോദ്യം മുഴുവൻ കേൾക്കുന്നതിനുമുമ്പ് ഉത്തരം പറയുന്നത് ഭോഷത്തവും മര്യാദകേടുമാണ്.**

1284 ചോദ്യം മുഴുവൻ കേൾക്കുന്നതിനുമുമ്പ് ഉത്തരം പറയുന്നത്: **ഉ:** ഭോഷത്തവും മര്യാദകേടും (18,13).

1285 സുഭാ 18,13നു സമാനമായ വേദഭാഗം? **ഉ:** പ്രഭാ 32,7-9.

**18,14 ഉന്മേഷമുള്ള മനസ്സ് രോഗം സഹിക്കുന്നു; തളർന്ന മനസ്സിനെ ആർക്കു താങ്ങാൻ കഴിയും?**

1286 രോഗം സഹിക്കുന്ന മനസ്സ്? **ഉ:** ഉന്മേഷമുള്ള മനസ്സ് (18,14).

1287 ആർക്കും താങ്ങാൻ കഴിയാത്ത മനസ്സ്? **ഉ:** തളർന്ന മനസ്സ് (18,14).

**18,15 ബുദ്ധിമാൻ അറിവു നേടുന്നു; വിവേകി ജ്ഞാനത്തിനു കാതോർക്കുന്നു.**

1288 ബുദ്ധിമാൻ നേടുന്നു: **ഉ:** അറിവു (18,15).

1289 ജ്ഞാനത്തിനു കാതോർക്കുന്നു: **ഉ:** വിവേകി (18,15).

1290 വിവേകി കാതോർക്കുന്നു: **ഉ:** ജ്ഞാനത്തിനു (18,15).

**18,16 സമ്മാനം കൊടുക്കുന്നവന് വലിയവരുടെ അടുക്കൽ പ്രവേശനവും സ്ഥാനവും ലഭിക്കുന്നു.**

1291 വലിയവരുടെ അടുക്കൽ പ്രവേശനവും സ്ഥാനവും ലഭിക്കുന്നു: **ഉ:** സമ്മാനം കൊടുക്കുന്നവന് (18,16).



**18,17 മറ്റൊരാൾ ചോദ്യമുന്നയിക്കുന്നതുവരെ, വാദമുന്നയിക്കുന്നവൻ പറയുന്നതാണ് ന്യായമെന്നു തോന്നും.**

1292 മറ്റൊരാൾ ചോദ്യമുന്നയിക്കുന്നതുവരെ, ആര് പറയുന്നതാണ് ന്യായമെന്നു തോന്നും? **ഉ:** വാദമുന്നയിക്കുന്നവൻ (18,17).

**18,18 നറുക്ക് തർക്കങ്ങൾ അവസാനിപ്പിക്കുന്നു; അത് പ്രബലരായ പ്രതിയോഗികളെ തീരുമാനത്തിലെത്തിക്കുന്നു.**

1293 തർക്കങ്ങൾ അവസാനിപ്പിക്കുന്നു: **ഉ:** നറുക്ക് (18,18).

1294 പ്രബലരായ പ്രതിയോഗികളെ തീരുമാനത്തിലെത്തിക്കുന്നു: **ഉ:** നറുക്ക് (18,18).

1295 നറുക്ക് തീരുമാനത്തിലെത്തിക്കുന്നു: **ഉ:** പ്രബലരായ പ്രതിയോഗികളെ (18,18).

**18,19 സഹോദരൻ സഹായത്തിനുള്ളവൻ ഉറപ്പുള്ള നഗരംപോലെയാണ്; എന്നാൽ കലഹം ഇരുമ്പഴികൾപോലെ അവരെ പിടിച്ചകറ്റുന്നു.**

1296 ഉറപ്പുള്ള നഗരംപോലെയാണ്: **ഉ:** സഹോദരൻ സഹായത്തിനുള്ളവൻ (18,19).

1297 ഇരുമ്പഴികൾപോലെ സഹോദരരെ പിടിച്ചകറ്റുന്നത്: **ഉ:** കലഹം (18,19).

**18,20 അധരഫലം ഉപജീവനമാർഗം നേടിക്കൊടുക്കുന്നു: അധരങ്ങൾ സംതൃപ്തി വിളിച്ചറിയിക്കുന്നു.**

1298 അധരഫലം നേടിക്കൊടുക്കുന്നു: **ഉ:** ഉപജീവനമാർഗം (18,20).

1299 അധരങ്ങൾ വിളിച്ചറിയിക്കുന്നു: **ഉ:** സംതൃപ്തി (18,20).

1300 സംതൃപ്തി വിളിച്ചറിയിക്കുന്നത്? **ഉ:** അധരങ്ങൾ (18,20).

**18,21 ജീവനെ നശിപ്പിക്കാനും പുലർത്താനും നാവിനു കഴിയും; അതിനെ സ്നേഹിക്കുന്നവൻ അതിന്റെ കനി ഭുജിക്കണം.**

1301 ജീവനെ നശിപ്പിക്കാനും പുലർത്താനും കഴിയും: **ഉ:** നാവിനു (18,21).

1302 നാവിനെ സ്നേഹിക്കുന്നവൻ ഭുജിക്കണം: **ഉ:** നാവിന്റെ കനി (18,21).

1303 നാവിന്റെ കനി ഭുജിക്കണം: **ഉ:** അതിനെ സ്നേഹിക്കുന്നവൻ (18,21).

**18,22 ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ; അതു കർത്താവിന്റെ അനുഗ്രഹമാണ്.**

1304 ഭാഗ്യവാൻ എന്നു സുഭാ 18,22 വർണിക്കുന്നത്: **ഉ:** ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നവനെ.

1305 കർത്താവിന്റെ അനുഗ്രഹമാണ് എന്നു സുഭാ 18,22 വർണിക്കുന്നത്: **ഉ:** ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നത്.

**18,23 ദരിദ്രൻ കേണപേക്ഷിക്കുന്നു: ധനവാന്മാർ പരുഷമായി മറുപടി നല്കുന്നു.**

1306 കേണപേക്ഷിക്കുന്നു: **ഉ:** ദരിദ്രൻ (18,23).

1307 പരുഷമായി മറുപടി നല്കുന്നു: **ഉ:** ധനവാന്മാർ (18,23).

**18,24 ചിലർ സ്നേഹിതന്മാരെന്നു നടിക്കും; ചിലർ സഹോദരനെക്കാൾ ഉറ്റവരാണ്.**

1308 സ്നേഹിതന്മാരെന്നു നടിക്കും: **ഉ:** ചിലർ (18,24).

1309 സഹോദരനെക്കാൾ ഉറ്റവരാണ്: **ഉ:** ചിലർ (18,24).

## അധ്യായം 19 (സുഭാ അധ്യായം 19ൽ 29 വാക്യങ്ങൾ)

**19,1 സത്യസന്ധനായ ദരിദ്രൻ ദുർഭാഷണം ചെയ്യുന്ന ഭോഷനെക്കാൾ ശ്രേഷ്ഠനാണ്**

1310 ദുർഭാഷണം ചെയ്യുന്ന ഭോഷനെക്കാൾ ശ്രേഷ്ഠൻ? **ഉ:** സത്യസന്ധനായ ദരിദ്രൻ

**19,2 വിജ്ഞാനരഹിതമായ ഉത്സാഹം ശ്രേയസ്കരമല്ല; തിടുക്കം കൂട്ടുന്നവനു വഴി തെറ്റുന്നു.** 1311 ശ്രേയസ്കരമല്ലാത്തത്? **ഉ:** വിജ്ഞാനരഹിതമായ ഉത്സാഹം (19,2).

1312 വഴി തെറ്റുന്നത്? **ഉ:** തിടുക്കം കൂട്ടുന്നവന് 19,2).

**19,3 സ്വന്തം ഭോഷത്തമാണ് നാശത്തിലെത്തിക്കുന്നത്; എന്നിട്ടും ഹൃദയം കർത്താവിനെതിരേ കോപംകൊണ്ടു ജ്വലിക്കുന്നു.** (nb)

1313 സ്വന്തം ഭോഷത്തമാണ് നാശത്തിലെത്തിക്കുന്നത്; എന്നിട്ടും ഹൃദയം കോപംകൊണ്ടു ജ്വലിക്കുന്നത്? **ഉ:** കർത്താവിനെതിരേ (19,3).

1314 സുഭാ 19,3നു സമാനമായ വേദഭാഗങ്ങൾ? **ഉ:** പ്രഭാ 15,11-20; യാക്കോ 1,13-14.

**19,4 സമ്പത്ത് അനേകം പുതിയ സ്നേഹിതരെ നേടുന്നു; ദാരിദ്ര്യം ഉള്ള സ്നേഹിതരെപ്പോലും അകറ്റുന്നു.** 1315 അനേകം പുതിയ സ്നേഹിതരെ നേടുന്നത്? **ഉ:** സമ്പത്ത് (19,4). 1316 ഉള്ള സ്നേഹിതരെപ്പോലും അകറ്റുന്നത്? **ഉ:** ദാരിദ്ര്യം

1317 സുഭാ 19,4നു സമാനമായ വേദഭാഗം? **ഉ:** പ്രഭാ 13,21.

**19,5 കള്ളസാക്ഷി ശിക്ഷിക്കപ്പെടാതിരിക്കുകയില്ല; കള്ളം പറയുന്നവൻ രക്ഷപെടുകയില്ല.** 1316 ശിക്ഷിക്കപ്പെടാതിരിക്കുകയില്ലാത്തത്? **ഉ:** കള്ളസാക്ഷി (19,5).

1318 രക്ഷപെടുകയില്ലാത്തത്? **ഉ:** കള്ളം പറയുന്നവൻ (19,5).

**19,6 ഉദാരമനസ്കന്റെ പ്രീതി നേടാൻ പലരും ശ്രമിക്കുന്നു; സമ്മാനങ്ങൾ കൊടുക്കുന്നവന് എല്ലാവരും സ്നേഹിതരാണ്.** 1319 ഉദാരമനസ്കന്റെ പ്രീതി നേടാൻ ശ്രമിക്കുന്നത്? **ഉ:** പലരും (19,6).

1320 എല്ലാവരും സ്നേഹിതരാണ്: **ഉ:** സമ്മാനങ്ങൾ കൊടുക്കുന്നവന് (19,6).

**19,7 സഹോദരർപോലും ദരിദ്രനെ വെറുക്കുന്നു; പിന്നെ സ്നേഹിതർ അവനിൽ നിന്ന് അകന്നുമാറാതിരിക്കുമോ? അവൻ നല്ല വാക്കുകൾ പറഞ്ഞ് അവരുടെ പിറകേ പോകുന്നെങ്കിലും അവർ വശപ്പെടുന്നില്ല.**

1321 സഹോദരർപോലും വെറുക്കുന്നത്? **ഉ:** ദരിദ്രനെ (19,7).

1322 നല്ല വാക്കുകൾ പറഞ്ഞ് പിറകേ പോകുന്നെങ്കിലും സ്നേഹിതർ വശപ്പെടുന്നില്ലാത്തത്? **ഉ:** ദരിദ്രന് (19,7).

**19,8 ജ്ഞാനം നേടുന്നത് തന്നെത്തന്നെ സ്നേഹിക്കലാണ്. വിവേകം കാത്തുസൂക്ഷിക്കുന്നവന് ഐശ്വര്യമുണ്ടാകും.** (nb)

1323 തന്നെത്തന്നെ സ്നേഹിക്കലാണ്: **ഉ:** ജ്ഞാനം നേടുന്നത് 19,8).

1324 ഐശ്വര്യമുണ്ടാകുന്നത്? **ഉ:** വിവേകം കാത്തുസൂക്ഷിക്കുന്നവന് (19,8).

**19,9 കള്ളസാക്ഷി ശിക്ഷിക്കപ്പെടാതിരിക്കുകയില്ല; വ്യാജം പറയുന്നവൻ നശിക്കും.**

1325 ശിക്ഷിക്കപ്പെടാതിരിക്കുകയില്ലാത്ത്? **ഉ:** കള്ളസാക്ഷി (19,9; 19,5ന്റെ ആവർത്തനം). 1326 പൂരിപ്പിക്കുക: വ്യാജം പറയുന്നവൻ ... (19,9) **ഉ:** നശിക്കും.

**19,10ഭോഷൻ സുഭിക്ഷത അർഹിക്കുന്നില്ല; പ്രഭുക്കന്മാരെ ഭരിക്കാൻ അടിമയ്ക്ക് അത്രപോലും അർഹതയില്ല.**

1327ഭോഷൻ അർഹിക്കുന്നില്ലാത്തത്? **ഉ:** സുഭിക്ഷത (19,10).

**19,11 സദ്ബുദ്ധി ക്ഷിപ്രകോപത്തെ നിയന്ത്രിക്കും; തെറ്റു പൊറുക്കുന്നത് അവനു ഭൂഷണം.** 1328 ക്ഷിപ്രകോപത്തെ നിയന്ത്രിക്കുന്നത്? **ഉ:** സദ്ബുദ്ധി (19,11).

1329 തെറ്റു പൊറുക്കുന്നത് ഭൂഷണമായിരിക്കുന്നത്? **ഉ:** സദ്ബുദ്ധിക്ക് (19,11).

**19,12രാജാവിന്റെ കോപം സിംഹഗർജനംപോലെയാണ്; അവന്റെ പ്രീതിയാവട്ടെ പുൽക്കൊടിയിലെ മഞ്ഞുതുള്ളിപോലെയും.**

1330 മഞ്ഞുതുള്ളിപോലെയായിരിക്കുന്നത്? **ഉ:** രാജാവിന്റെ പ്രീതി (19,12).

**19,13ഭോഷനായ പുത്രൻ പിതാവിനെ നശിപ്പിക്കുന്നു. ഭാര്യയുടെ കലഹം തുടർച്ചയായ ചാറ്റൽമഴപോലെയാണ്.**

1331 പിതാവിനെ നശിപ്പിക്കുന്നത്? **ഉ:** ഭോഷനായ പുത്രൻ (19,13).

1332 തുടർച്ചയായ ചാറ്റൽമഴപോലെയായിരിക്കുന്നത്? **ഉ:** ഭാര്യയുടെ കലഹം (19,13).

**19,14വീടും സമ്പത്തും പിതാക്കന്മാരിൽനിന്ന് അവകാശമായി കിട്ടുന്നു; വിവേകവതിയായ ഭാര്യയാവട്ടെ കർത്താവിന്റെ ദാനമാണ്.**

1333 വീടും സമ്പത്തും അവകാശമായി കിട്ടുന്നത്? **ഉ:** പിതാക്കന്മാരിൽനിന്ന് (19,14).

1334 വിവേകവതിയായ ഭാര്യ? **ഉ:** കർത്താവിന്റെ ദാനം (19,14).

**19,15അലസത ഒരുവനെ ഗാഢനിദ്രയിലാഴ്ത്തുന്നു; മടിയനു പട്ടിണികിടക്കേണ്ടിവരും.**

1335 ഒരുവനെ ഗാഢനിദ്രയിലാഴ്ത്തുന്നത്? **ഉ:** അലസത (19,15).

1336 പട്ടിണികിടക്കേണ്ടിവരുത്? **ഉ:** അലസന് (19,15).

**19,16കൽപന പാലിക്കുന്നവൻ ജീവൻ സംരക്ഷിക്കുന്നു: ഉപദേശത്തെ നിന്ദിക്കുന്നവൻ മൃതിയടയും.** (nb)

1337 കൽപന പാലിക്കുന്നവൻ സംരക്ഷിക്കുന്നത്? **ഉ:** ജീവൻ (19,16).

1338 മൃതിയടയുന്നത്? **ഉ:** ഉപദേശത്തെ നിന്ദിക്കുന്നവൻ 9,16).

**19,17 ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കന്നത്; അവിടുന്ന് ആ കടം വീട്ടും.** (nb)

1339 കർത്താവിന് കടം കൊടുക്കന്നത് ? **ഉ:** ദരിദ്രരോടു ദയ കാണിക്കുന്നവൻ (19,17).

1340 ദരിദ്രരോടു ദയ കാണിക്കുന്നവനു കടം വീട്ടുന്നത്? **ഉ:** കർത്താവ് (19,17).



1341 സുഭാ 19,17നു സമാനമായ യേശുവചനം? **ഉ:** മത്താ 25,40. (പഠിക്കുക).

**19,18നന്നാകുമെന്നു പ്രതീക്ഷയുള്ളപ്പോൾ നിന്റെ മകനെ ശിക്ഷിക്കുക; അവൻ നശിച്ചുപൊയ്ക്കൊള്ളട്ടെ എന്നു കരുതരുത്.**

1342 മകനെ ശിക്ഷിക്കേണ്ടത്? **ഉ:** അവൻ നന്നാകുമെന്നു പ്രതീക്ഷയുള്ളപ്പോൾ (19,18).

1343 മകനെക്കുറിച്ചു കരുതരുതാത്തത്? **ഉ:** അവൻ നശിച്ചുപൊയ്ക്കൊള്ളട്ടെ എന്ന്.

**19,19കഠിനമായി കോപിക്കുന്നവൻ പിഴ ഒടുക്കേണ്ടിവരും; കോപശീലനെ രക്ഷിക്കാൻ നോക്കിയാൽ അത് ആവർത്തിക്കേണ്ടിവരും.**

1344 പിഴ ഒടുക്കേണ്ടിവരുന്നത്? **ഉ:** കഠിനമായി കോപിക്കുന്നവൻ (19,19).

1345 ആവർത്തിക്കേണ്ടിവരുന്നത്? **ഉ:** കോപശീലനെ രക്ഷിക്കാൻ നോക്കുന്നത് (19,19).

**19,20ഉപദേശം കേൾക്കുകയും പ്രബോധനം അംഗീകരിക്കുകയും ചെയ്യുക; നീ ജ്ഞാനിയാകും.** (nb)

1346 ജ്ഞാനിയാകാൻ സുഭാ 19,20 നല്കുന്ന ഉപദേശം? **ഉ:** ഉപദേശം കേൾക്കുകയും പ്രബോധനം അംഗീകരിക്കുകയും ചെയ്യുക.

**19,21മനുഷ്യൻ പലതും ആലോചിച്ചുവയ്ക്കുന്നു: നടപ്പിൽ വരുന്നത് കർത്താവിന്റെ തീരുമാനമാണ്.**

1347 മനുഷ്യൻ പലതും ആലോചിച്ചുവയ്ക്കുന്നെങ്കിലും നടപ്പിൽ വരുന്നത്? **ഉ:** കർത്താവിന്റെ തീരുമാനമാണ് (19,21).

**19,22ആരിലും നാം പ്രതീക്ഷിക്കുന്നത് സത്യസന്ധതയാണ്; ദരിദ്രൻ നുണയനെക്കാൾ ഉത്തമനാണ്.**

1348 ആരിലും നാം പ്രതീക്ഷിക്കുന്നത്? **ഉ:** സത്യസന്ധത (19,22).

1349 നുണയനെക്കാൾ ഉത്തമൻ? **ഉ:** ദരിദ്രൻ (19,22).

**19,23ദൈവഭക്തി ജീവനിലേക്കു നയിക്കുന്നു; ഭക്തൻ ഉപദ്രവം നേരിടാതെ സംതൃപ്തനായിക്കഴിയുന്നു.**

1350 ദൈവഭക്തി നയിക്കുന്നത്? **ഉ:** ജീവനിലേക്കു (19,23)

1351 ഉപദ്രവം നേരിടാതെ സംതൃപ്തനായിക്കഴിയുന്നത്? **ഉ:** ഭക്തൻ (19,23).

**19,24അലസൻ കൈ പാത്രത്തിൽ അമഴ്ത്തി വയ്ക്കുന്നു; അതു വായിലേക്കു കൊണ്ടുചെല്ലാൻ അവനു പ്രയാസമാണ്.**

1352 കൈ പാത്രത്തിൽ അമഴ്ത്തി വയ്ക്കുന്നത്? **ഉ:** അലസൻ (19,24).

1343 കൈ വായിലേക്കു കൊണ്ടുചെല്ലാൻ പ്രയാസമാണ്? **ഉ:** അലസന് (19,24).

1344 അലസന് കൈ വായിലേക്കു കൊണ്ടുചെല്ലാൻ പ്രയാസമാണ്.കാരണം? **ഉ:** അലസൻ കൈ പാത്രത്തിൽ അമഴ്ത്തി വയ്ക്കുന്നു (19,24).

**19,25പരിഹാസകൻ പ്രഹരം ഏൽക്കുന്നതു കണ്ട് അൽപബുദ്ധികൾ വിവേകം പഠിക്കും. ബുദ്ധിയുള്ളവൻ ശാസനംകൊണ്ടുതന്നെ വിജ്ഞാനം നേടും.**

1345 പരിഹാസകൻ പ്രഹരം ഏൽക്കുന്നതു കണ്ട് വിവേകം പഠിക്കുന്നത്? **ഉ:** അൽപബുദ്ധികൾ (19,25).

1346 ശാസനംകൊണ്ടുതന്നെ വിജ്ഞാനം നേടുന്നത്? **ഉ:** ബുദ്ധിയുള്ളവൻ (19,25).

**19,26പിതാവിനോട് അതിക്രമം കാട്ടുകയും അമ്മയെ ആട്ടിയോടിക്കുകയും ചെയ്യുന്ന മകൻ അപമാനവും അധിക്ഷേപവും വരുത്തിവയ്ക്കുന്നു.**

1347 പിതാവിനോട് അതിക്രമം കാട്ടുകയും അമ്മയെ ആട്ടിയോടിക്കുകയും ചെയ്യുന്ന മകൻ വരുത്തിവയ്ക്കുന്നത്? **ഉ:** അപമാനവും അധിക്ഷേപവും (19,26).

**19,27മകനേ, വിജ്ഞാനത്തിന്റെ വചനത്തിൽനിന്നു വ്യതിചലിക്കണമെന്നുണ്ടെങ്കിൽ മാത്രമേ പ്രബോധനം ചെവിക്കൊള്ളാതിരിക്കാവൂ.**

1348 മകൻ വിജ്ഞാനത്തിന്റെ വചനത്തിൽനിന്നു വ്യതിചലിക്കണമെന്നുണ്ടെങ്കിൽ മാത്രം ചെവിക്കൊള്ളാതിരിക്കാവുന്നത്? **ഉ:** പ്രബോധനം (19,27).

**19,28വിലകെട്ട സാക്ഷി നീതിയെ നിന്ദിക്കുന്നു; ദുഷ്ടന്റെ വായ് അന്യായത്തെ വിഴുങ്ങുന്നു.**

1349 വിലകെട്ട സാക്ഷി നിന്ദിക്കുന്നത്? **ഉ:** നീതിയെ (19,28).

1350 നീതിയെ നിന്ദിക്കുന്നത്? **ഉ:** വിലകെട്ട സാക്ഷി (19,28).

1351 അന്യായത്തെ വിഴുങ്ങുന്നത്? **ഉ:** ദുഷ്ടന്റെ വായ് (19,28).

**19,29പരിഹാസകർക്കു ശിക്ഷാവിധിയും ഭോഷന്മാരുടെ മുതുകിനു പ്രഹരവും സജ്ജമായിരിക്കുന്നു.**
1352 ശിക്ഷാവിധി സജ്ജമായിരിക്കുന്നത്? **ഉ:** പരിഹാസകർക്ക് (1929).
1353 പ്രഹരം സജ്ജമായിരിക്കുന്നത്? **ഉ:** ഭോഷന്മാരുടെ മുതുകിനു (19,29).

അധ്യായം 20 (അധ്യായം 20ൽ 30 വാക്യങ്ങൾ)

**20,1 വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല.**
1354 വീഞ്ഞ്? **ഉ:** പരിഹാസകൻ; മദ്യം? **ഉ:** കലഹക്കാരൻ (20,1).
1355 വീഞ്ഞിനും മദ്യത്തിനും അടിമപ്പെടുന്നവന് ഇല്ലാത്തത്? **ഉ:** വിവേകം (20,1).
**20,2 രാജാവിന്റെ ഉഗ്രകോപം സിംഹഗർജനംപോലെയാണ്. അവനെ പ്രകോപിപ്പിക്കുന്നവൻ ജീവൻ അപകടത്തിലാക്കുന്നു.**
1356 രാജാവിന്റെ ഉഗ്രകോപം സിംഹഗർജനംപോലെയാണ് (20,2). ഇതേ വചനം സുഭാഷിതങ്ങളിൽ മറ്റെവിടെ? **ഉ:** 19,12.
1357 രാജാവിനെ പ്രകോപിപ്പിക്കുന്നവൻ അപകടത്തിലാക്കുന്നത്? **ഉ:** ജീവൻ (20,2).
**20,3 കലഹത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നത് ബഹുമതിയാണ്; ഭോഷന്മാർ ശണ്ഠ കൂട്ടിക്കൊണ്ടിരിക്കും.**
1358 ബഹുമതിയാണെന്ന് സുഭാ 20,2 പറയുന്നത്? **ഉ:** കലഹത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നത്
1359 ശണ്ഠ കൂട്ടിക്കൊണ്ടിരിക്കുന്നത്? **ഉ:** ഭോഷന്മാർ (20,2).
**20,4 അലസൻ ഉഴവുകാലത്തു നിലമൊരുക്കുന്നില്ല; കൊയ്ത്തുകാലത്തു തേടിനടക്കും; ഒന്നും ലഭിക്കുകയില്ല.**
1361 ഉഴവുകാലത്തു നിലമൊരുക്കുന്നില്ല; കൊയ്ത്തുകാലത്തു തേടിനടക്കും; ഒന്നും ലഭിക്കുകയില്ല. ആര്? **ഉ:** അലസൻ (20,4).
**20,5 മനസ്സിലുള്ള ആലോചന അഗാധമായ ജലംപോലെയാണ്: ഉൾക്കാഴ്ചയുള്ളവന് അതു കോരിയെടുക്കാം.**
1362 മനസ്സിൽ അഗാധമായ ജലംപോലെയുള്ള ആലോചന കോരിയെടുക്കാവുന്നത്? **ഉ:** ഉൾക്കാഴ്ചയുള്ളവന് (20,4).
**20,6 തങ്ങൾ വിശ്വസ്തരാണെന്നു പലരും കൊട്ടിഘോഷിക്കാറുണ്ട്; യഥാർഥത്തിൽ വിശ്വസ്തനായ ഒരുവനെ ആർക്കു കണ്ടെത്താൻ കഴിയും?**
1363 തങ്ങൾ വിശ്വസ്തരാണെന്നു പലരും കൊട്ടിഘോഷിക്കാറുണ്ടെങ്കിലും ആർക്കും കണ്ടെത്താൻ കഴിയാത്തത്? **ഉ:** യഥാർഥത്തിൽ വിശ്വസ്തനായ ഒരുവനെ (20,6).
**20,7 സത്യസന്ധതയിൽ ചരിക്കുന്ന നീതിമാന്റെ പിൻതലമുറകൾ അനുഗ്രഹിക്കപ്പെട്ടതാണ്.**
1364 പിൻതലമുറകൾ അനുഗ്രഹിക്കപ്പെട്ട നീതിമാൻ? **ഉ:** സത്യസന്ധതയിൽ ചരിക്കുന്ന നീതിമാൻ (20,7).
**20,8 ന്യായാസനത്തിൽ ഇരിക്കുന്ന രാജാവ് നോട്ടംകൊണ്ട് എല്ലാ തിന്മകളെയും പാറ്റിക്കൊഴിക്കുന്നു.**
1365 നോട്ടംകൊണ്ട് എല്ലാ തിന്മകളെയും പാറ്റിക്കൊഴിക്കുന്നത്: **ഉ:** ന്യായാസനത്തിൽ ഇരിക്കുന്ന രാജാവ് (20,8).
**20,9 ഹൃദയം നിർമലമാക്കി പാപത്തിൽനിന്നു ശുദ്ധി നേടിയിരിക്കുന്നു എന്നു പറയാൻ ആർക്കു കഴിയും?**
1366 പൂരിപ്പിക്കുക: - - പാപത്തിൽനിന്നു ശുദ്ധി നേടിയിരിക്കുന്നു എന്നു പറയാൻ ആർക്കു കഴിയും? (സുഭാ 20,9). **ഉ:** ഹൃദയം നിർമലമാക്കി.
**20,10വ്യാജമായ തൂക്കങ്ങളും അളവുകളും ഒന്നുപോലെ കർത്താവു വെറുക്കുന്നു.**
1367 ഒന്നുപോലെ കർത്താവു വെറുക്കുന്നത്? **ഉ:** വ്യാജമായ തൂക്കങ്ങളും അളവുകളും (20,10).
**20,11തങ്ങളുടെ സ്വഭാവം നിർദോഷവും നീതിയുക്തവുമാണോ എന്നു ശിശുക്കൾപോലും സ്വന്തം പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നു.**
1368 തങ്ങളുടെ സ്വഭാവം നിർദോഷവും നീതിയുക്തവുമാണോ എന്നു സ്വന്തം പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നു. **ഉ:** ശിശുക്കൾപോലും (20,11).



1369 നിർദോഷവും നീതിയുക്തവുമാണോ എന്നു ശിശുക്കൾപോലും സ്വന്തം പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നത്. **ഉ:** തങ്ങളുടെ സ്വഭാവം (20,11).
**20,12കേൾക്കാൻ ചെവിയും കാണാൻ കണ്ണും, കർത്താവാണ് ഇവ രണ്ടും സൃഷ്ടിച്ചിരിക്കുന്നത്.**
1370 കർത്താവ് സൃഷ്ടിച്ചിരിക്കുന്നതെന്ന് സുഭാ 20,12 പറയുന്ന രണ്ട് അവയവങ്ങൾ? **ഉ:** കണ്ണും ചെവിയും.
**20,13ഉറക്കത്തിന് അടിമയാകരുത്; ദാരിദ്ര്യം നിന്നെ പിടികൂടും. ജാഗരൂകത പാലിക്കുക; നിനക്കു ധാരാളം ആഹാരം ലഭിക്കും.**
1371 ഉറക്കത്തിന് അടിമയായാൽ നിന്നെ പിടികൂടുന്നത്? **ഉ:** ദാരിദ്ര്യം (20,13).
1372 നിനക്കു ധാരാളം ആഹാരം ലഭിക്കാൻ? **ഉ:** ജാഗരൂകത പാലിക്കുക (20,13).
**20,14വാങ്ങുമ്പോൾ മോശം മോശം എന്ന് ഒരുവൻ പറയുന്നു; വാങ്ങിക്കൊണ്ടു പോകുമ്പോൾ അവൻ തന്നെത്തന്നെ പ്രശംസിക്കുന്നു.**
1373 വാങ്ങുമ്പോൾമോശം മോശം എന്ന് പറയുന്ന ഒരുവൻ വാങ്ങിക്കൊണ്ടു പോകുമ്പോൾ അവൻ (ഒരുവൻ) പ്രശംസിക്കുന്നത്? **ഉ:** തന്നെത്തന്നെ (20,14).
**20,15 സ്വർണവും വിലയേറിയ രത്നങ്ങളും സുലഭമാണ്: എന്നാൽ ജ്ഞാനവചസ്സ് അമൂല്യരത്നമത്രേ.** 1373aസുലഭമാണ്: ഉ: സ്വർണവും വിലയേറിയ രത്നങ്ങളും.
1374 അമൂല്യരത്നം? **ഉ:** ജ്ഞാനവചസ്സ് (20,15).
**20,16അന്യനു ജാമ്യം നൽക്കുന്നവന്റെ കുപ്പായം കൈവശപ്പെടുത്തിക്കൊള്ളുക: പരദേശികൾക്കു ജാമ്യം നലക്കുന്നവനോടു പണയം വാങ്ങിക്കൊള്ളുക.**
1375 കുപ്പായം കൈവശപ്പെടുത്തേണ്ടത്? **ഉ:** അന്യനു ജാമ്യം നൽക്കുന്നവന്റെ (20,16).
1376 പരദേശികൾക്കു ജാമ്യം നലക്കുന്നവനോടു വാങ്ങേണ്ടത്? **ഉ:** പണയം (20,16).
**20,17വഞ്ചനയിലൂടെ നേടിയ ആഹാരം ആദ്യം മധുരിക്കുന്നു; പിന്നീടു വായിൽ ചരൽ നിറയും.**
1377 ആദ്യം മധുരിക്കുകയും പിന്നീടു വായിൽ ചരൽ നിറയുകയും ചെയ്യുന്നത്? **ഉ:** വഞ്ചനയിലൂടെ നേടിയ ആഹാരം (20,17).
**20,18ആലോചനയോടെ പദ്ധതി തയ്യാറാക്കുക; ബുദ്ധിപൂർവമായ നിർദേശമനുസരിച്ചു യുദ്ധം ചെയ്യുക.**
1378 ആലോചനയോടെ തയ്യാറാക്കേണ്ട്? **ഉ:** പദ്ധതി (20,18).
1379 ബുദ്ധിപൂർവമായ നിർദേശമനുസരിച്ചു ചെയ്യേണ്ടത്? **ഉ:** യുദ്ധം (20,18).
**20,19ഏഷണിക്കാരൻ രഹസ്യങ്ങൾ പുറത്തുവിടുന്നു: ബുദ്ധിശൂന്യമായി സംസാരിക്കുന്നവനുമായി സംസർഗം അരുത്.**
1380 രഹസ്യങ്ങൾ പുറത്തുവിടുന്നത്? **ഉ:** ഏഷണിക്കാരൻ (20,19).
1381 ബുദ്ധിശൂന്യമായി സംസാരിക്കുന്നവനുമായി അരുതാത്തത്? **ഉ:** സംസർഗം (20,19).
**20,20അപ്പനെയോ അമ്മയെയോ പ്രാകുന്നവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും.**
1382 വിളക്ക് കൂരിരുട്ടിൽ കെട്ടുപോകുന്നത്? **ഉ:** അപ്പനെയോ അമ്മയെയോ പ്രാകുന്നവന്റെ (20,20).
**20,21തിടുക്കത്തിൽ കൈവശപ്പെടുത്തിയ സ്വത്ത് അവസാനം അനുഗ്രഹകരമായിരിക്കുകയില്ല.**
1383 അവസാനം അനുഗ്രഹകരമായിരിക്കുകയില്ലാത്തത്? **ഉ:** തിടുക്കത്തിൽ കൈവശപ്പെടുത്തിയ സ്വത്ത് (20,21).
**20,22തിന്മയ്ക്കു പ്രതികാരം ചെയ്യുമെന്നു പറയരുത്; കർത്താവിൽ ആശ്രയിക്കുക, അവിടുന്ന് നിന്നെ സഹായിക്കും.**
1384 തിന്മയ്ക്കു പ്രതികാരം ചെയ്യുമെന്നു പറയാതെ ചെയ്യേണ്ടത്? **ഉ:** കർത്താവിൽ ആശ്രയിക്കുക (20,22).
**20,23കള്ളത്തൂക്കം കർത്താവു വെറുക്കുന്നു; കള്ളത്രാസു നന്നല്ല.** (nb)
**20,24മനുഷ്യന്റെ കാൽവയ്പുകൾ കർത്താവാണ് നിയന്ത്രിക്കുന്നത്: തന്റെ വഴി തന്നത്താൻ ഗ്രഹിക്കാൻ മർത്യനു കഴിയുമോ?**
1385 മനുഷ്യന്റെ കാൽവയ്പുകൾ നിയന്ത്രിക്കുന്നത്? **ഉ:** കർത്താവ് (20,24).

1386 തന്നത്താൻ ഗ്രഹിക്കാൻ മർത്യനു കഴിയാത്തത്? **ഉ:** തന്റെ വഴി (20,24).

**20,25ഇതു വിശുദ്ധമാണ് എന്നു പറഞ്ഞ് തിടുക്കത്തിൽ വഴിപാടു നേരുകയും പിന്നീ ടുമാത്രം അതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നത് ഒരു കെണിയാണ്.**

1386aഒരു കെണിയാണ് എന്ന് സുഭാ 20,25 പറയുന്നത്?

**20,26ജ്ഞാനിയായ രാജാവ് ദുഷ്ടരെ പറത്തിക്കളയുന്നു: അവരുടെമേൽ രഥചക്രം പായിക്കുന്നു.**

1387 ദുഷ്ടരെ പറത്തിക്കളയുന്നത്? **ഉ:** ജ്ഞാനിയായ രാജാവ് (20,26).

1388 ദുഷ്ടടെമേൽ രഥചക്രം പായിക്കുന്നത്? **ഉ:** ജ്ഞാനിയായ രാജാവ് (20,26).

**20,27 മനുഷ്യചേതന കർത്താവ് കൊളുത്തിയ വിളക്കാണ്; അത് അവന്റെ ഉള്ള റകൾ പരിശോധിക്കുന്നു.**

1389 മനുഷ്യന്റെ ഉള്ളറകൾ പരിശോധിക്കാൻ കർത്താവ് കൊളുത്തിയ വിളക്ക്? **ഉ:** മനുഷ്യചേതനി(20,27).

**20,28നീതിയും വിശ്വസ്തതയും രാജാവിനെ സംരക്ഷിക്കുന്നു: നീതി അവന്റെ സിംഹാസനം ഉറപ്പിക്കുന്നു.**

1390 രാജാവിനെ സംരക്ഷിക്കുന്നത്? **ഉ:** നീതിയും വിശ്വസ്തതയും (20,28).

1391 രാജാവിന്റെ സിംഹാസനം ഉറപ്പിക്കുന്നത്? **ഉ:** നീതി (20,28).

**20,29യുവാക്കളുടെ മഹത്വം അവരുടെ കരുത്താണ്: നരച്ച മുടി വൃദ്ധരുടെ അലങ്കാരവും**

1392 യുവാക്കളുടെ മഹത്വം? **ഉ:** അവരുടെ കരുത്ത് (20,29).

1393 വൃദ്ധരുടെ അലങ്കാരം? **ഉ:** നരച്ച മുടി (20,29).

**20,30മുറിപ്പെടുത്തുന്ന താഡനങ്ങൾ ദുശ്ശീലങ്ങളെ നിർമാർജനം ചെയ്യുന്നു: കനത്ത അടി മനസ്സിന്റെ ഉള്ളറകളെ ശുചിയാക്കുന്നു.**

1394 ദുശ്ശീലങ്ങളെ നിർമാർജനം ചെയ്യുന്നത്? **ഉ:** മുറിപ്പെടുത്തുന്ന താഡനങ്ങൾ (20,30).

1395 മനസ്സിന്റെ ഉള്ളറകളെ ശുചിയാക്കുന്നത്? **ഉ:** കനത്ത അടി (20,30).

1396 ജീവന്റെ ഉറവ സുഭാ 10-20ൽ: ജ്ഞാനിയുടെ ഉപദേശം (13,14), ദൈവഭക്തി (14,27), വിവേകം (16,22)

1397 കിരീടം സുഭാ 10-18ൽ: ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടം (12,4); ജ്ഞാനം വിവേകികളുടെ കിരീടം (14,24); നരച്ച മുടി മഹത്വത്തിന്റെ കിരീടം (16,31); പേര ക്കിടാങ്ങൾ വൃദ്ധർക്കു കിരീടം (17,6).

1398 നീതി മരണത്തിൽനിന്നു മോചിപ്പിക്കുന്നു (10,2; 11,5).

1399 സുഭാ 10-18ൽ കർത്താവിനെ സന്തോഷിപ്പിക്കുന്നത്/വർ? **ഉ:** ന്യായമായ തൂക്കം (11,1), നിഷ്കളങ്കർ (11,20), വിശ്വസ്തതയോടെ പെരുമാറുന്നവർ (12,22); സത്യ സന്ധരുടെ പ്രാർഥന (15,8)

1400സുഭാ 10-18ൽ കർത്താവ് വെറുക്കുന്നത്/വർ? **ഉ:** കള്ളത്രാസ് (11,1), വികടബുദ്ധി കൾ (11,20), കള്ളം പറയുന്ന അധരങ്ങൾ (12,22), ദുഷ്ടരുടെ ബലി (15,8), ദുഷ്ടരുടെ മാർഗം (15,9). ദുഷ്ടരുടെ ആലോചനകൾ (15,26), അഹങ്കരിക്കുന്ന വരോട് (16,5). വ്യാജമായ തൂക്കങ്ങളും അളവുകളും (20,10) (8 എണ്ണം)

## യോഹന്നാൻ സുവിശേഷം 13 - 21 അധ്യായങ്ങൾ

### അധ്യായം 13 (അധ്യായം 13ൽ 38 വാക്യങ്ങൾ)

ശിഷ്യന്മാരുടെ പാദം കഴുകുന്നു

**13,1 ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്ത മായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു.**

1401 ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് യേശു അറിഞ്ഞത്: **ഉ:** പെസഹാത്തിരുനാളിനു മുമ്പ് (13,1).

1402 പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞത്: **ഉ:** ഈ ലോകം വിട്ട് പിതാ വിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് (13,1).

1403 യേശു അവസാനംവരെ സ്നേഹിച്ചു: **ഉ:** ലോകത്തിൽ തനിക്കു സ്വന്തമായുള്ള വരെ (13,1).

**13,2 അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്താ യുടെ മനസ്സിൽ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു.**

1404 യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്ക റിയോത്തായുടെ മനസ്സിൽ തോന്നിച്ചത്? **ഉ:** അത്താഴസമയത്ത് (13,1).

1405 യൂദാസ് സ്കറിയോത്താ ആരുടെ പുത്രൻ? **ഉ:** ശിമയോന്റെ (13,2). (nb13,26ൽ ശിമയോൻ സ്കറിയോത്താ എന്ന്)

**13,3 പിതാവ് സകലതും തന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നുവെന്നും താൻ ദൈവ ത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞു.**

1406 പിതാവ് സകലതും തന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നുവെന്നും താൻ ദൈവ ത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞ സമയം? **ഉ:** അത്താഴസമയം (13,2).

1407യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറി യോത്തായുടെ മനസ്സിൽ അത്താഴസമയത്ത് തോന്നിച്ചപ്പോൾ യേശു അറിഞ്ഞ ത്? **ഉ:** പിതാവ് സകലതും തന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും.

1408 പിതാവ് യേശുവിന്റെ കരങ്ങളിൽ ഏൽപിച്ചത്? **ഉ:** സകലതും (13,3).

1409 യേശു വന്നത്? **ഉ:** ദൈവത്തിൽനിന്ന് (13,3).

1410 യേശു പോകുന്നത്? **ഉ:** ദൈവത്തിങ്കലേക്കു (13,3).

**13,4 അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തുവാലയെടുത്ത് അരയിൽ കെട്ടി.**

1411 യേശു എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തുവാലയെടുത്ത് അരയിൽ കെട്ടിയത്? **ഉ:** അത്താഴത്തിനിടയിൽ (13,4).

1412 അത്താഴത്തിനിടയിൽ യേശു എഴുന്നേറ്റ്, മാറ്റിയത്? **ഉ:** മേലങ്കി (13,4).

**13,5 അനന്തരം, താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തുവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി.**

1413 യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാൻ തുടങ്ങിയത്? **ഉ:** താലത്തിൽ വെള്ള മെടുത്ത് (13,5).

1414 യേശു ശിഷ്യന്മാരുടെ പാദങ്ങൾ തുടയ്ക്കാൻ തുടങ്ങിയത്? **ഉ:** അരയിൽ ചുറ്റി യിരുന്ന തുവാലകൊണ്ടു (13,5).

**13,6 അവൻ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു: കർത്താവേ, നീ എന്റെ കാൽ കഴുകുകയോ?**

1415യേശു ശിഷ്യന്മാരുടെ പാദങ്ങൾ തുടയ്ക്കാൻ തുടങ്ങി. അവൻ അടുത്തെത്തിയത്? **ഉ:** ശിമയോൻ പത്രോസിന്റെ (13,6).

1416കർത്താവേ, നീ എന്റെ കാൽ കഴുകുകയോ? എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** പത്രോസ് (13,6). (ശ്രദ്ധിക്കുക: ശിമയോൻ പത്രോസ് എന്നില്ല)

**13,7 യേശു പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും എന്ന്.**

1417 ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറി യും എന്ന് യേശു പറഞ്ഞത്? **ഉ:** പത്രോസിനോട് (13,6-7).

**13,8 പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.**

1418 നീ ഒരിക്കലും എന്റെ പാദം കഴുകരുത് എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** പത്രോസ് (13,7). (ശ്രദ്ധിക്കുക: ശിമയോൻ പത്രോസ് എന്നില്ല).

1161 പൂരിപ്പിക്കുക: യേശു പറഞ്ഞു: ഞാൻ ... കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു കൂടെ പങ്കില്ല (13,7). **ഉ:** നിന്നെ. (നിന്റെ പാദങ്ങൾ എന്നല്ല).

**13,9 ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്ര മല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ!**

1419 കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴു കണമേ! എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** ശിമയോൻ പത്രോസ് (13,9).

**13,10-11 [10]യേശു പ്രതിവചിച്ചു: കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതു**
**ള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ**
**എല്ലാവരുമല്ല. [11]തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞി**
**രുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ**
**പറഞ്ഞത്.**

1420 കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു എന്ന് യേശു പറഞ്ഞത് ആരെക്കുറിച്ച്? **ഉ:** കുളി കഴിഞ്ഞവനെക്കുറിച്ച് (13,10).

1421 യേശു പ്രതിവചിച്ചു: അവൻ മുഴുവൻ ശുചിയായിരിക്കും (13,10). അവൻ ആര്? **ഉ:** കുളി കഴിഞ്ഞവൻ.

1422 യേശു എന്ത് അറിഞ്ഞിരുന്നതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് പറഞ്ഞത്? **ഉ:** തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് (13,11).

13,12-16,33 വരെ യേശുവിന്റെ ഒരു അന്തിമ പ്രഭാഷണമാണ്.

**13,12അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാന**
**ത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണ് നിങ്ങൾക്കു ചെയ്തതെന്ന്**
**നിങ്ങൾ അറിയുന്നുവോ?**

1423 ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനുശേഷം യേശു ധരിച്ചത്? **ഉ:** മേലങ്കി 13,12)

1424 ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, ഇരുന്നത്? **ഉ:** സ്വസ്ഥാനത്ത് (13,12).

1425 ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനുശേഷം യേശു മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു ആദ്യം പറഞ്ഞത്: **ഉ:** ഞാനെന്താണ് നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ?

**13,13-17 [13]നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അത് ശരി**
**തന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. [14]നിങ്ങളുടെ കർത്താവും ഗുരുവു**
**മായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാ**
**ദങ്ങൾ കഴുകണം. [15]എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നി**
**ങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു.**
**[16]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ യജമാനനെക്കാൾ**
**വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല. [17]ഈ കാ**
**ര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനഗൃഹീതർ.**

1426 അത് ശരിതന്നെ (യോഹ 13,13), ഏത് ശരിതന്നെ? **ഉ:** നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു.

1427 പൂരിപ്പിക്കുക: നിങ്ങളുടെ ... ... ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം (യോഹ 13,14). **ഉ:** കർത്താവും ഗുരുവുമായ.

1428 യേശു ആരായാണ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയത്? **ഉ:** ശിഷ്യന്മാരുടെ കർത്താവും ഗുരുവുമായി (13,14).

1429 യേശു ശിഷ്യന്മാരോടു പറഞ്ഞു: ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗൃഹീതർ (യോഹ 13,17). ഏതു കാര്യങ്ങൾ?
**ഉ:** [14]നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. [15]എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു.[16](സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,) ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല. (4 കാര്യങ്ങൾ)

1430 യേശു ശിഷ്യന്മാർക്കു നല്കിയ മാതൃക? **ഉ:** പരസ്പരം പാദങ്ങൾ കഴുകണം. 13,5.

1431 യോഹ 13,15നു സമാനമായ വേദഭാഗം? **ഉ:** 1 പത്രോ 2,21 (ഭൃത്യർ അനുകരിക്കുന്നതിനു ക്രിസ്തു സഹിച്ചു മാതൃക നല്കിയിരിക്കുന്ന).

1432 യോഹ 13,16നു സമാനമായ വേദവാക്യങ്ങൾ? **ഉ:** യോഹ 15,20. മത്താ 10,24; ലൂക്കാ 6,40.

1433 യേശുവിനു ഗുരു എന്നും കർത്താവ് എന്നും യോഹ 13,13-17ൽ എത്ര പ്രാവശ്യം?



**ഉ:** മൂന്നു പ്രാവശ്യം വീതം. (വാക്യ. 13,14), വാക്യം 13ൽ 2 പ്രാവശ്യം.

**13.18-20 [18]നിങ്ങൾ എല്ലാവരെയുംകുറിച്ചല്ല ഞാനിതു പറയുന്നത്. ഞാൻ തിരഞ്ഞെ**
**ടുത്തവരെ എനിക്കറിയാം. എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരേ കുതി**
**കാലുയർത്തി എന്ന തിരുവെഴുത്തു പൂർത്തിയാകേണ്ടിയിരിക്കുന്നു. [19]അതു സം**
**ഭവിക്കുമ്പോൾ ഞാൻതന്നെ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനാണു സംഭ**
**വിക്കുന്നതിനുമുമ്പുതന്നെ ഞാൻ നിങ്ങളോടു പറയുന്നത്. [20]സത്യം സത്യ**
**മായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കു**
**ന്നവൻ എന്നെയാണു സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ**
**അയച്ചവനെ സ്വീകരിക്കുന്നു.**

1434 എനിക്കറിയാം എന്ന് യേശു 13,16ൽ പറയുന്നത്? **ഉ:** യേശു തിരഞ്ഞെടുത്തവരെ.

1435 പൂർത്തിയാകേണ്ടിയിരിക്കുന്നു എന്ന് യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ ശേഷം ഉദ്ധരിച്ച തിരുവെഴുത്ത്? **ഉ:** എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരേ കുതികാലുയർത്തി (സങ്കീ 41,9 :യോഹ 13,18).

1436 സംഭവിക്കുന്നതിനുമുമ്പുതന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞ തിരുവെഴുത്ത്? **ഉ:** എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരേ കുതികാലുയർത്തി (സങ്കീ 41,9: യോഹ 13,18).

1437 എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരേ കുതികാലുയർത്തി എന്ന തിരുവെഴുത്തു പൂർത്തിയാകുന്നതിനുമുമ്പുതന്നെ യേശു ശിഷ്യന്മാരോടു പറയുന്നത് എന്തിന്? **ഉ:** അതു സംഭവിക്കുമ്പോൾ യേശു ഞാൻതന്നെ എന്നു ശിഷ്യന്മാർ വിശ്വസിക്കേണ്ടതിന് (13,19).

1438 യോഹ 13,20 ഉദ്ധരിക്കുക: (മുകളിൽ നല്കിയിട്ടുണ്ട്).

1439 യോഹ 13,20നു സമാന്തരഭാഗങ്ങൾ? **ഉ:** മത്താ 10,40; ലൂക്കാ 9,48; 10,16; മർക്കോ 9,37. (ഈ ഭാഗങ്ങൾ ബൈബിൾ നോക്കി മനസ്സിലാക്കുക)

യൂദാസിന്റെ വഞ്ചനയെക്കുറിച്ച് (മത്താ 26,20-25; മർക്കോ 14,17-21; ലൂക്കാ 22,21-23).

**13,21ഇതു പറഞ്ഞപ്പോൾ യേശു ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി**
**പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ**
**എന്നെ ഒറ്റിക്കൊടുക്കും.**

1440 സത്യം സത്യമായി എന്ന ആമുഖത്തോടെ യോഹ 13ൽ അടുത്തടുത്തുള്ള വാക്യങ്ങൾ? **ഉ:** വാക്യ 20. 21.

1441 യേശു ആത്മാവിൽ അസ്വസ്ഥനായിട്ട് അവൻ വ്യക്തമായി പറഞ്ഞത്?
**ഉ:** സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും (13,21).

**13,22അവൻ ആരെപ്പറ്റി പറയുന്നു എന്നറിയാതെ ശിഷ്യന്മാർ ആകുലചിത്തരായി**
**പരസ്പരം നോക്കി.**

1442 ശിഷ്യന്മാർ ആകുലചിത്തരായി പരസ്പരം നോക്കിയത് എന്തറിയാതെ?
**ഉ:** നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും എന്ന് യേശു പറഞ്ഞത് ആരെപ്പറ്റി പറയുന്നു എന്നറിയാതെ (13,21-22).

**13,23ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവൻെറ വക്ഷസ്സിലേക്കു ചാരി**
**ക്കിടന്നിരുന്നു.**

1443 യേശുവിൻെറ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നത്? **ഉ:** ശിഷ്യന്മാരിൽ യേശു സ്നേഹിച്ചിരുന്നവൻ (13,23).

**13,24ശിമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു പറഞ്ഞു: അവൻ ആരെ**
**പ്പറ്റി പറയുന്നു എന്നു ചോദിക്കുക.**

1444 ശിമയോൻ പത്രോസ് ആംഗ്യം കാണിച്ചു പറഞ്ഞത് ആരോട്? **ഉ:** യേശുവിൻെറ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നവനോട് (13,23-24).

**13,25യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട് അവൻ ചോദിച്ചു: കർത്താവേ,**
**ആരാണത്?**

**13,26അവൻ പ്രതിവചിച്ചു: അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ**
**അവൻതന്നെ. അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ**

**മകൻ യൂദാസിനു കൊടുത്തു.**

1445 യേശു അപ്പക്കഷണം മുക്കി കൊടുത്തത്: **ഉ:** ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു (13,26).

1446 യൂദാസിന്റെ പിതാവ്? **ഉ:** ശിമയോൻ സ്കറിയോത്താ (13,26). (nb 13,2ൽ ശിമയോൻ എന്നു മാത്രം)

**13,27അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു. യേശു അവനോടു പറഞ്ഞു: നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക.**

1447 സാത്താൻ യൂദാസിൽ പ്രവേശിച്ചത്? **ഉ:** അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് (13,27).

1448 സാത്താൻ പ്രവേശിച്ച യൂദാസിനോട് യേശു പറഞ്ഞത്? **ഉ:** നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക (13,27).

**13,28എന്നാൽ, ഭക്ഷണത്തിനിരുന്നവരിൽ ആരും അവൻ ഇത് എന്തിനു പറഞ്ഞുവെന്ന് അറിഞ്ഞില്ല.**

1449 നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക എന്ന് യേശു യൂദാസിനോടു പറഞ്ഞത് എന്തിനു പറഞ്ഞുവെന്ന് അറിയാഞ്ഞത്? **ഉ:** ഭക്ഷണത്തിനിരുന്നവരിൽ ആരും (13,28).

**13,29പണസഞ്ചി യൂദാസിന്റെ പക്കലായിരുന്നതിനാൽ, നമുക്കു തിരുനാളിനാവശ്യമുള്ളതു വാങ്ങുക എന്നോ ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക എന്നോ ആയിരിക്കാം യേശു അവനോട് ആവശ്യപ്പെട്ടതെന്നു ചിലർ വിചാരിച്ചു.**

1450 നമുക്കു തിരുനാളിനാവശ്യമുള്ളതു വാങ്ങുക എന്നോ ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക എന്നോ ആയിരിക്കാം യേശു അവനോട് (യൂദാസിനോട്) ആവശ്യപ്പെട്ടതെന്നു വിചാരിച്ചത്? **ഉ:** ചിലർ (13,29). (ചിലർ വിചാരിച്ചത് എന്ത്?)

1451 നമുക്കു തിരുനാളിനാവശ്യമുള്ളതു വാങ്ങുക എന്നോ ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക എന്നോ ആയിരിക്കാം യേശു അവനോട് (യൂദാസിനോട്) ആവശ്യപ്പെട്ടതെന്നു ചിലർ വിചാരിച്ചു (13,29). കാരണം? **ഉ:** പണസഞ്ചി യൂദാസിന്റെ പക്കലായിരുന്നതിനാൽ (13,29).

**11,30ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു.**

1452യൂദാസ് അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയപ്പോൾ സമയം? **ഉ:** രാത്രിയായിരുന്നു (13,30).

പുതിയ പ്രമാണം

**11,31–35 [31]അവൻ പുറത്തു പോയിക്കഴിഞ്ഞപ്പോൾ യേശു പറഞ്ഞു: ഇപ്പോൾ മനു
ഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു.
[32]ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നുവെങ്കിൽ ദൈവം അവനെ തന്നിൽ
മഹത്വപ്പെടുത്തും; ഉടനെ മഹത്വപ്പെടുത്തും. [33]എന്റെ കുഞ്ഞുങ്ങളേ, ഇനി
അല്പസമയംകൂടി ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ
അന്വേഷിക്കും. എന്നാൽ ഞാൻ യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങ
ളോടും പറയുന്നു, ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയി
ല്ല. [34]ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. [35]നിങ്ങൾ പരസ്പരം
സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം
സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ
ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.**

1455 യൂദാസ് പുറത്തു പോയിക്കഴിഞ്ഞപ്പോൾ, ഇപ്പോൾ ആര് മഹത്വപ്പെട്ടിരിക്കുന്നു എന്ന് യേശു പറഞ്ഞു? **ഉ:** മനുഷ്യപുത്രൻ (യോഹ 13,31).

1456 ദൈവവും (ആരിൽ) മഹത്വപ്പെട്ടിരിക്കുന്നു: **ഉ:** മനുഷ്യപുത്രനിൽ (13,31).

1457 പൂരിപ്പിക്കുക: ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നുവെങ്കിൽ ദൈവം അവനെ ... മഹത്വപ്പെടുത്തും; ... ... മഹത്വപ്പെടുത്തും (13,32). **ഉ:** തന്നിൽ, ഉടനെ.

1458 യേശു ശിഷ്യന്മാരെ എന്റെ കുഞ്ഞുങ്ങളേ എന്നു വിളിക്കുന്നത്? **ഉ:** യോഹ 13, 33ൽ: ശിഷ്യന്മാരോടു യാത്ര (വിട) പറയുകയും, പുതിയ കല്പന നല്കുകയും



ചെയ്യുന്നതിന് ആരംഭമായി.

1459 യേശു യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ ശിഷ്യന്മാരോടും പറയുന്നത്? **ഉ:** ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല (13,33).

1460 ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്നതിന് സമാനമായി യേശു യഹൂദന്മാരോടു പറഞ്ഞത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** 7,34 (ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല).

1461 യേശു ശിഷ്യന്മാർക്കു നല്കുന്ന പുതിയ കല്പന? **ഉ:** നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (13,34). (എ വിഭാഗക്കാർ വാക്യം 34 പ്രത്യേകം ശ്രദ്ധിക്കുക)

1462 ശിഷ്യന്മാരുടെ പരസ്പര സ്നേഹത്തിന് യേശു പറയുന്ന മാതൃക? **ഉ:** ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ (13,34).

1463യോഹ 13,34ലെ കല്പനയ്ക്കു സമാനമായ വേദഭാഗങ്ങൾ? **ഉ:** യോഹ 15,12–17; 1 യോഹ 3,23; 2 യോഹ 5; 1 തെസ 4,9; 1 പത്രോ 1,22; ഹെബ്രാ 13,1; എഫേ 5,2; 1 യോഹ 4,10–11; ലേവ്യ 19,18. (ഒമ്പതിടത്ത്).

1464 പൂരിപ്പിക്കുക: നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് ... ... അറിയും (13,35). **ഉ:** അതുമൂലം എല്ലാവരും.

പത്രോസ് ഗുരുവിനെ നിഷേധിക്കും (മത്താ 26,31–35; മർക്കോ 14,27–31; ലൂക്കാ 22,31–34).

**13,36ശിമയോൻ പത്രോസ് ചോദിച്ചു: കർത്താവേ, നീ എവിടേക്കു പോകുന്നു? യേശു പ്രതിവചിച്ചു: ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ, പിന്നീടു നീ അനുഗമിക്കും.**

1465കർത്താവേ, നീ എവിടേക്കു പോകുന്നു എന്നു ചോദിച്ചത്? **ഉ:** ശിമയോൻ പത്രോസ് (13,36).

1466 ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ, പിന്നീടു നീ അനുഗമിക്കും എന്ന് യേശു പ്രതിവചിച്ചത്? **ഉ:** ശിമയോൻ പത്രോസിനോട് (13,36).

**13,37പത്രോസ് പറഞ്ഞു: കർത്താവേ, ഇപ്പോൾത്തന്നെ നിന്നെ അനുഗമിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ട്? നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും.**

1467കർത്താവേ, ഇപ്പോൾത്തന്നെ നിന്നെ അനുഗമിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ട്? നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും എന്നു പറഞ്ഞത്? **ഉ:** പത്രോസ് (13,37) (nb: വാക്യം 36ൽ ശിമയോൻ പത്രോസ് എന്നാണ്).

1468 കർത്താവിനുവേണ്ടി ത്യജിക്കുമെന്ന് പത്രോസ് പറഞ്ഞത്? **ഉ:** എന്റെ ജീവൻ (13,37) (nb: വാക്യ. 36ലും 37ലും യേശുവിനെ വിളിച്ചത് കർത്താവ് എന്ന്).

**13,38യേശു പ്രതിവചിച്ചു: നീ എനിക്കുവേണ്ടി ജീവൻ ത്യജിക്കുമെന്നോ? സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂവുകയില്ല.**

1469 പത്രോസ് യേശുവിനെ തള്ളിപ്പറയുമെന്ന് യേശു പത്രോസിനോടു പറയുന്ന വാക്കുകൾ എഴുതിയിട്ടുള്ള അധ്യായ, വാക്യങ്ങളും വാക്കുകളും? **ഉ:** 13,38, വാക്കുകൾ ക്രമത്തിനു മനപ്പാഠമാക്കുക).

1470 യോഹ അധ്യായം 13ൽ സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്ന് എത്ര പ്രാവശ്യം? **ഉ:** മൂന്ന് (13,16.20,21)

1471 യോഹ അധ്യായം 13ൽ യേശുവിന് ഉപയോഗിച്ചിട്ടുള്ള അഭിധാനങ്ങൾ (സ്ഥാനപ്പേരുകൾ)? **ഉ:** മനുഷ്യപുത്രൻ (13,31); കർത്താവ് (13,36.37).

## അധ്യായം 14 (അധ്യായം 14ൽ 31 വാക്യങ്ങൾ)

യേശു പിതാവിങ്കലേക്കുള്ള വഴി

**14,1–4 [1]നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ;
എന്നിലും വിശ്വസിക്കുവിൻ. [2]എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ
സ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകു
ന്നുവെന്ന് ഞാൻ നിങ്ങളോടു പറയുമായിരുന്നോ? [3]ഞാൻ പോയി നിങ്ങൾക്കു**

**സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരി**
**ക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും. [4]ഞാൻ**
**പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം.** (വാക്യ.1-4ലേത് യേശു ശിഷ്യ
ന്മാരോടെല്ലാവരോടുമായി പറഞ്ഞത്)

1472 പൂരിപ്പിക്കുക: നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ... വിശ്വസിക്കുവിൻ; ... വിശ്വസിക്കുവിൻ. യോഹ 14,1). **ഉ;** ദൈവത്തിൽ; എന്നിലും.

1473 യേശു പോകുന്നതിൽ ശിഷ്യന്മാരുടെ ഹൃദയം അസ്വസ്ഥമാകാതിരിക്കാൻ അവർ ചെയ്യാൻ യേശു ആവശ്യപ്പെടുന്നത്? **ഉ:** ദൈവത്തിലും യേശുവിലും വിശ്വസിക്കുക (14,1). (ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ)

1474 എന്റെ പിതാവിന്റെ ഭവനത്തിൽ ഉണ്ടെന്ന് യേശു പറയുന്നത്? **ഉ:** അനേകം വാസസ്ഥലങ്ങൾ (14,2).

1475 തന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഇല്ലായിരുന്നെങ്കിൽ യേശു ശിഷ്യന്മാരോടു പറയുകയില്ലായിരുന്നത്? **ഉ:** നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്ന് (14,2).

1215 പൂരിപ്പിക്കുക: ഞാൻ പോയി നിങ്ങൾക്കു ... ... ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ... ... ... നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും (യോഹ 14,3). **ഉ:** സ്ഥലം ഒരുക്കിക്കഴിയുമ്പോൾ, ഞാൻ വീണ്ടും വന്ന്.

1476 യേശു പോയി ശിഷ്യന്മാർക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ, അവൻ വീണ്ടും വന്ന്. അവരെയും കൂട്ടിക്കൊണ്ടുപോകുന്നത് എന്തിന്? **ഉ:** യേശു ആയിരിക്കുന്നിടത്തു അവരും ആയിരിക്കേണ്ടതിന് (14,3).

1477 നിങ്ങൾക്കറിയാം എന്ന് യോഹ 14,4ൽ യേശു ശിഷ്യന്മാരോടു പറയുന്നത്? **ഉ:** ഞാൻ (യേശു) പോകുന്നിടത്തേക്കുള്ള വഴി.

1478 യോഹ 14,4 ചില കൈയെഴുത്തുപ്രതികളിൽ ഇങ്ങനെയാണ്: ഞാൻ എവിടേക്കാണ് പോകുന്നതെന്ന് നിങ്ങൾക്കറിയാം; വഴിയും നിങ്ങൾക്കറിയാം.

**14.5-7 [5]തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾ**
**ക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? [6]യേശു പറഞ്ഞു: വഴി**
**യും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അ**
**ടുക്കലേക്കു വരുന്നില്ല. [7]നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവി**
**നെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ**
**അവനെ കാണുകയും ചെയ്തിരിക്കുന്നു.**

1479 കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും എന്നു പറഞ്ഞത്? **ഉ:** തോമസ് (13,5).

1480 ഞാനാണ് എന്ന് യേശു യോഹ 13,6ൽ പറയുന്നത് **ഉ:** വഴിയും സത്യവും ജീവനും

1481 പൂരിപ്പിക്കുക: യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും ... ... വരുന്നില്ല (14,6). **ഉ:** പിതാവിന്റെ അടുക്കലേക്കു.

1482 യോഹ 14,6നു സമാനമായ വേദഭാഗങ്ങൾ? **ഉ:** യോഹ 10,9; ഹെബ്രാ 10,20.

1483ശിഷ്യന്മാർ യേശുവിനെ അറിഞ്ഞിരുന്നുവെങ്കിൽ ... ... അറിയുമായിരുന്നു (യോഹ 14,7). **ഉ:** എന്റെ (യേശുവിന്റെ) പിതാവിനെയും.

1484 ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു (യോഹ 14,7). ശിഷ്യന്മാർ ആരെ കാണുകയും അറിയുകയും ചെയ്തിരിക്കുന്ന എന്നാണ് യേശു പറയുന്നത്? **ഉ:** എന്റെ (യേശുവിന്റെ) പിതാവിനെ (14,7).

**14,8-11 [8]പീലിപ്പോസ് പറഞ്ഞു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുത**
**രുക, ഞങ്ങൾക്ക് അതു മതി. [9]യേശു പറഞ്ഞു: ഇക്കാലമത്രയും ഞാൻ നിങ്ങ**
**ളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ**
**കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണി**
**ച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ? [10]ഞാൻ പിതാവിലും പിതാവ് എന്നി**
**ലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കു**
**കൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ**



**പ്രവൃത്തികൾ ചെയ്യുകയാണ്. [11]ഞാൻ പിതാവിലും പിതാവ് എന്നിലും ആണെ**
**ന്നു ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വ**
**സിക്കുവിൻ.**

1485 കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** പീലിപ്പോസ് (14,8).

1486 പീലിപ്പോസ് പറഞ്ഞു: ഞങ്ങൾക്ക് അതു മതി (14,8). ഏതു മതി എന്ന്? **ഉ:** പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക.

1487കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി എന്ന് പീലിപ്പോസ് യേശുവിനോടു പറഞ്ഞതിന് യേശു അവനോടു ആദ്യം പറഞ്ഞത് (ചോദിച്ചത്)? **ഉ:** ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? (14,8). (nb:നീ എന്നെ അറിയുന്നില്ലേ?)

1488 പിതാവിനെ കാണാൻ യേശു പീലിപ്പോസിനോടു പറഞ്ഞ മാർഗം? **ഉ:** എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (14,8).

(= പിതാവിനെ കാണാൻ യേശുവിനെ കാണുക. യേശുവിനെ 'കണ്ടു'കഴിഞ്ഞാൽ പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്ന ആവശ്യം അപ്രസക്തമാണ്. ഈ 'കാഴ്ച' വിശ്വാസത്തിന്റേതാണ് - യേശു പിതാവിലും പിതാവ് യേശുവിലും ആണെന്ന വിശ്വാസത്തിന്റെ: വാക്യ. 7-11; അറിവിൽനിന്ന് വിശ്വാസത്തിലേക്ക് / വിശ്വാസക്കാഴ്ചയിലേക്ക്).

1489 നീ വിശ്വസിക്കുന്നില്ലേ എന്ന് യേശു പീലിപ്പോസിനോടു ചോദിച്ചത്? **ഉ:** ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു (14,10).

1490 എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ് എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത് (14,10) എന്തിനെപ്പറ്റി? **ഉ:** യേശു ശിഷ്യന്മാരോടു പറയുന്ന വാക്കുകളെപ്പറ്റി. (അവ യേശു സ്വമേധയാ പറയുന്നതല്ല).

1491 യേശു ശിഷ്യന്മാരോടു പറയുന്ന വാക്കുകൾ ആരുടെ പ്രവൃത്തികൾ? **ഉ:** യേശുവിൽ വസിക്കുന്ന പിതാവിന്റെ (14,10).

1492 ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ എന്ന് യേശു ശിഷ്യന്മാരോടു പറയുന്നത് (14,11) എന്തിനെപ്പറ്റി? **ഉ:** ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു (14,11).

1493 യോഹ 14,11നു സമാനമായ വേദഭാഗം? **ഉ:** യോഹ 10,38.

**14,12-14 [12]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കു**
**ന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിന്റെ അടുത്തേക്കു**
**പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും. [13]നിങ്ങൾ എന്റെ**
**നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി**
**ഞാൻ പ്രവർത്തിക്കും. [14]എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോ**
**ദിച്ചാൽ ഞാനതു ചെയ്തുതരും.**

1494 ഞാൻ (യേശു) ചെയ്യുന്ന പ്രവൃത്തികൾ ആരു ചെയ്യും: **ഉ:** എന്നിൽ (യേശുവിൽ) വിശ്വസിക്കുന്നവനും (14,12).

1495 (യേശു) ചെയ്യുന്ന പ്രവൃത്തികളെക്കാൾ വലിയവയും യേശുവിൽ വിശ്വസിക്കുന്നവൻ ചെയ്യും. എന്തുകൊണ്ട്? **ഉ:** ഞാൻ (യേശു) പിതാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് (14,12).

1496 നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, എന്തിനുവേണ്ടി ഞാൻ പ്രവർത്തിക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി (14,13).

1496aപിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** അവർ യേശുവിന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും (14,13).

പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു

**14,15-17 [15]നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ കൽപന പാലി**
**ക്കും. [16]ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെ**

**യായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരുകയും ചെ**
**യ്യും. [17]ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല.**
**കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ**
**നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കു**
**ന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.**

1497 ശിഷ്യന്മാർ യേശുവിനെ സ്നേഹിക്കുന്നതിന്റെ തെളിവായി യേശു അവരോടു പറയുന്നത്? **ഉ:** നിങ്ങൾ എന്റെ കൽപന പാലിക്കും (14,15).

1498 എന്റെ കൽപന എന്ന് യേശു പറയുന്നത്? (യേശുവിന്റെ കൽപന?) **ഉ:** നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (13,34-35).

1499 എന്നേക്കും ശിഷ്യന്മാരോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവർക്കു തരുന്നത്? **ഉ:** പിതാവ് (14,16).

1500 ശിഷ്യന്മാരോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ പിതാവ് ശിഷ്യന്മാർക്കു തരുന്നത്? **ഉ:** യേശു പിതാവിനോട് അപേക്ഷിച്ച് (14,16).

1501 യേശു പിതാവിനോട് അപേക്ഷിച്ച് പിതാവ് ശിഷ്യന്മാർക്കു തരുന്നത്? **ഉ:** മറ്റൊരു സഹായകനെ (14,16).

1502 യോഹ 14,16ലെപ്പോലെ പരിശുദ്ധാത്മാവിനെ സഹായകൻ എന്നു പറയുന്ന മറ്റു വേദഭാഗങ്ങൾ? **ഉ:** യോഹ 15,26;16,7. (1 യോഹ 2,1 യേശുവിനെ മധ്യസ്ഥൻ എന്ന്)

1503 14,16ലെ സഹായകൻ എന്നതിനു പകരം നല്കാവുന്ന വിവർത്തനങ്ങൾ: **ഉ:** ഉപദേഷ്ടാവ്, സംരക്ഷകൻ, ആശ്വാസദായകൻ, അഭിഭാഷകൻ.

1504 യേശു പിതാവിനോട് അപേക്ഷിച്ച് പിതാവ് അവർക്കു തരുന്ന മറ്റൊരു സഹായകൻ? **ഉ:** സത്യാത്മാവ് (14,17).

1505 ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം? **ഉ:** അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല (14,17).

1505a ലോകത്തിനു സ്വീകരിക്കാൻ സാധിക്കുകയില്ലാത്തവൻ? **ഉ:** സത്യാത്മാവ് (14,17).

1505b ലോകം കാണുകയോ അറിയുകയോ ചെയ്യുന്നില്ലാത്തവൻ? **ഉ:** സത്യാത്മാവ് (14,17).

1506 സത്യാത്മാവിനെ ശിഷ്യന്മാർ അറിയുന്നു. കാരണം? **ഉ:** അവൻ ശിഷ്യന്മാരോടൊത്തു വസിക്കുന്നു; അവരിൽ ആയിരിക്കുകയും ചെയ്യും (14,17).

1507 ശിഷ്യന്മാരോടൊത്തു വസിക്കുന്നു; അവരിൽ ആയിരിക്കുകയും ചെയ്യും? **ഉ:** സത്യാത്മാവ് (14,17).

**14,18-21 [18]ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേ**
**ക്കു വരും. [19]അൽപസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണു**
**കയില്ല. എന്നാൽ, നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ**
**നിങ്ങളും ജീവിക്കും. [20]ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ**
**നിങ്ങളിലുമാണെന്ന് ആ ദിവസം നിങ്ങൾ അറിയും. [21]എന്റെ കൽപനകൾ സ്വീക**
**രിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ**
**സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേ**
**ഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും.**

1508 പൂരിപ്പിക്കുക: ഞാൻ നിങ്ങളെ ... വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും (യോഹ 14,18). **ഉ:** അനാഥരായി.

1509 അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ആര് എന്നെ കാണുകയില്ല എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** ലോകം (114,19).

1510 ഞാൻ ജീവിക്കുന്നു; ഏതിനാൽ നിങ്ങളും ജീവിക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** ഞാൻ ജീവിക്കുന്നു; അതിനാൽ (14,19).

1511 ആ ദിവസം നിങ്ങൾ അറിയും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞ്? **ഉ:** ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് (14.20).

1512 എന്നെ (യേശുവിനെ) സ്നേഹിക്കുന്നത് ആര്? **ഉ:** എന്റെ (യേശുവിന്റെ) കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവൻ (14,20).

1513 യേശുവിനെ സ്നേഹിക്കുന്നവന് ഉണ്ടാകുന്ന നന്മകൾ? **ഉ:** യേശുവിന്റെ പിതാവും അവനെ സ്നേഹിക്കും. യേശുവും അവനെ സ്നേഹിക്കുകയും യേശു തന്നെ



അവനു വെളിപ്പെടുത്തുകയും ചെയ്യും (യോഹ 14,21 പഠിക്കുക).

**14,22-24 [22]യൂദാസ് - യൂദാസ് സ്കറിയോത്തായല്ല - അവനോടു പറഞ്ഞു: കർത്താ**
**വേ, നീ നിന്നെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു, എന്നാൽ, ലോകത്തി**
**നു വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞതെന്താണ്? [23]യേശു പ്രതിവചിച്ചു: എ**
**ന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ്**
**അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസ**
**മുറപ്പിക്കുകയും ചെയ്യും. [24]എന്നെ സ്നേഹിക്കാത്തവനോ എന്റെ വചനങ്ങൾ**
**പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല; എന്നെ അയച്ച പി**
**താവിന്റേതാണ്.**

1514 കർത്താവേ, നീ നിന്നെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു, എന്നാൽ, ലോകത്തിനു വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞതെന്താണ് എന്ന് യേശുവിനോടു ചോദിച്ചത്? **ഉ:** യൂദാസ് (- യൂദാസ് സ്കറിയോത്തായല്ല) (14,22).

1515 എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും എന്ന് യേശു പ്രതിവചിച്ചത്? **ഉ:** യൂദാസ് ചോദിച്ചപ്പോൾ (യൂദാസ് ചോദിച്ചത് വാക്യം 22; നമ്പർ 1150).

1516 യേശുവിനെ സ്നേഹിക്കുന്നവൻ അവന്റെ വചനം പാലിക്കും. അപ്പോൾ അവനെ സ്നേഹിക്കുന്നത്? **ഉ:** യേശുവിന്റെ പിതാവ് (14,23).

1517 യേശുവിനെ സ്നേഹിക്കുന്നവൻ അവന്റെ വചനം പാലിക്കും. അപ്പോൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുന്നത്? **ഉ:** യേശുവും യേശുവിന്റെ പിതാവും (ഞങ്ങൾ) (14,23).

1518 യോഹ 14,23നു സമാനമായ വേദഭാഗങ്ങൾ? **ഉ:** 1 യോഹ 2,24; വെളി 21,3.

1519 യേശുവിന്റെ വചനങ്ങൾ പാലിക്കുന്നില്ലാത്തവൻ? **ഉ:** യേശുവിനെ സ്നേഹിക്കാത്തവൻ (14,24).

1520 (യേശു പറഞ്ഞ്) ശിഷ്യന്മാർ കേൾക്കുന്ന വചനം ആരുടേതാണെന്ന് യേശു അവരോടു പഞ്ഞു? **ഉ:** യേശുവിനെ അയച്ച പിതാവിന്റേതാണെന്ന് (14,24).

1521 യോഹ 14,18-24നു സമാനമായ ഭാഗം? **ഉ:** യോഹ 16,16-24.

**14,25-29 [25]നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു**
**പറഞ്ഞിരിക്കുന്നു. [26]എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹാ**
**യകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ**
**നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും.**
**[27]ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നി**
**ങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കു**
**ന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ.**
**[28]ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ**
**പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ, പിതാ**
**വിന്റെയടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു.**
**എന്തെന്നാൽ, പിതാവ് എന്നെക്കാൾ വലിയവനാണ്. [29]അതു സംഭവിക്കുമ്പോൾ**
**നിങ്ങൾ വിശ്വസിക്കേണ്ടതിന്, സംഭവിക്കുന്നതിനു മുമ്പുതന്നെ നിങ്ങളോടു**
**ഞാൻ പറഞ്ഞിരിക്കുന്നു.**

1522 എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്നതെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** സഹായകനായ പരിശുദ്ധാത്മാവിനെ (14,26).

1523 എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കുമെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** എല്ലാക്കാര്യങ്ങളും (14,26

1524 എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് നിങ്ങളെ അനുസ്മരിപ്പിക്കുമെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം (14,26).

1525 യേശു ശിഷ്യന്മാർക്കു നല്കിയത് ആരുടെ സമാധാനം? **ഉ:** എന്റെ (യേശുവിന്റെ) സമാധാനം (14,27).

1526 ലോകം നല്കുന്നതുപോലെയല്ലാതെ യേശു ശിഷ്യന്മാർക്കു നല്കിയത്?
**ഉ:** യേശുവിന്റെ സമാധാനം (14,27).

1527 ശിഷ്യന്മാർ എന്തു ചെയ്തിരുന്നുവെങ്കിൽ പിതാവിന്റെയടുത്തേക്കു യേശു പോകുന്നതിൽ അവർ സന്തോഷിക്കുമായിരുന്നു? **ഉ:** യേശുവിനെ സ്നേഹിച്ചിരുന്നുവെങ്കിൽ (14,28).

1528 പിതാവിന്റെയടുത്തേക്കു യേശു പോകുന്നതിൽ ശിഷ്യന്മാർ സന്തോഷിക്കുമായിരുന്നു. എന്തുകൊണ്ട്? **ഉ:** പിതാവ് യേശുവിനെക്കാൾ വലിയവനാണ് (14,28).

1529 അതു സംഭവിക്കുമ്പോൾ ശിഷ്യന്മാർ വിശ്വസിക്കേണ്ടതിന്, സംഭവിക്കുന്നതിനു മുമ്പുതന്നെ അവരോട് യേശു പറഞ്ഞിരിക്കുന്നത്? **ഉ:** യേശു പിതാവിന്റെ അടുത്തേക്കു പോകുന്നത് (14,28).

1530 യേശു പിതാവിന്റെ അടുത്തേക്കു പോകുന്നത് സംഭവിക്കുന്നതിനു മുമ്പുതന്നെ ശിഷ്യന്മാരോട് അവൻ പറഞ്ഞിരിക്കുന്നതെന്തിന്? **ഉ:** അതു സംഭവിക്കുമ്പോൾ അവർ വിശ്വസിക്കേണ്ടതിന് (14,29).

**14,30–31 30നിങ്ങളോട് ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം, ഈ ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും അവന് എന്റെമേൽ അധികാരമില്ല. 31എന്നാൽ, ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും, അവിടുന്ന് എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം അറിയണം. എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നു പോകാം.**

1531 യേശു ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങളോട് ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം? **ഉ:** ഈ ലോകത്തിന്റെ അധികാരി വരുന്നു (14,30).

1532 എന്റെമേൽ അധികാരമില്ലെന്ന് യേശു പറഞ്ഞ അധികാരി? **ഉ:** ഈ ലോകത്തിന്റെ അധികാരി (14,30).

1533 പൂരിപ്പിക്കുക: എന്നാൽ, ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും, അവിടുന്ന് എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ... അറിയണം (14,31). **ഉ:** ലോകം.

1534 യോഹ 14ലെ അവസാന വാചകം? **ഉ:** എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നു പോകാം (14,31).

അധ്യായം 15 (അധ്യായം 15ൽ 27 വാക്യങ്ങൾ)

മുന്തിരിച്ചെടിയും ശാഖകളും

**15,1–3 1ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്. 2എന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ, ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു. 3ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു.**

1535 സാക്ഷാൽ മുന്തിരിച്ചെടി? **ഉ:** യേശു (15,1).

1536 സാക്ഷാൽ മുന്തിച്ചെടിയുടെ കൃഷിക്കാരൻ? **ഉ:** യേശുവിന്റെ) പിതാവ് (15,1)

1537 യോഹ 15,1നു സമാനമായ (മുന്തിരിച്ചെടിയുടെ ഉപമയുള്ള) വേദഭാഗങ്ങൾ? **ഉ:** ഏശ 5,1–7; എസെ 19,10; മർക്കോ 12,1–9; മത്താ 15,13; 21,33–46; ലൂക്കാ 20,9–19; റോമ 11,17.

1538 എന്റെ (യേശുവിന്റെ) ശാഖകളിൽ ഫലം തരാത്തതിനെ നീക്കിക്കളയുന്നത്? **ഉ:** എന്റെ (യേശുവിന്റെ) പിതാവ് (15,2).

1174 ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുന്നത്? **ഉ:** യേശുവിന്റെ) പിതാവ് (11,2).

1539 ശിഷ്യന്മാർ ശുദ്ധിയുള്ളവരായിരിക്കുന്നത്? **ഉ:** ഞാൻ നിങ്ങളോടു (യേശു ശിഷ്യന്മാരോടു) പറഞ്ഞ വചനം നിമിത്തം (15,3).

**15,4– 8 4നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല. 5ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ**



**അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. 6എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു. 7നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും. 8നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു.**

1540 ഏറെ ഫലം പുറപ്പെടുവിക്കുന്നത്? **ഉ:** ആര് എന്നിലും (യേശുവിലും) ഞാൻ (യേശു) അവനിലും വസിക്കുന്നുവോ അവൻ (15,5).

1541 എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. അധ്യായം, വാക്യം? **ഉ:** യോഹ 15,5.

1542 എന്നിൽ (യേശുവിൽ) വസിക്കാത്തവൻ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നത് എന്തുപോലെ? **ഉ:** മുറിച്ച ശാഖപോലെ (15,6).

1543 മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നത്? **ഉ:** എന്നിൽ (യേശുവിൽ) വസിക്കാത്തവൻ (15,6).

1544 ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നത്? **ഉ:** മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്ന കമ്പുകൾ (15,6).

1545 ഇഷ്ടമുള്ളതു ചോദിക്കാനും ലഭിക്കാനും ശിഷ്യർക്കു വ്യവസ്ഥ? **ഉ:** യേശുവിൽ വസിക്കുകയും അവന്റെ വാക്കുകൾ അവരിൽ നിലനിൽക്കുകയും ചെയ്യുക (15,7).

1546 യോഹ 15,8 അനുസരിച്ച്, എങ്ങനെ യേശുവിന്റെ ശിഷ്യന്മാരായിരിക്കാം? **ഉ:** ധാരാളം ഫലം പുറപ്പെടുവിച്ച്.

1547 നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി മഹത്വപ്പെടുന്നത്? **ഉ:** പിതാവ് (15,8).

1548 യോഹ 15,8നു സമാനമായ ബൈബിൾഭാഗം? **ഉ:** മത്താ 5,16.

**15,9–10 9പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ. 10ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കും.**

1549 യേശു ശിഷ്യന്മാരെ സ്നേഹിച്ചത്? **ഉ:** പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ (15,9).

1550 യേശു ശിഷ്യന്മാരെ സ്നേഹിച്ചതിനു മാതൃക? **ഉ:** പിതാവ് യേശുവിനെ സ്നേഹിച്ചത് (15,9).

1551 യേശു പിതാവിന്റെ സ്നേഹത്തിൽ നിലനിൽക്കുന്നത് എങ്ങനെ? **ഉ:** തന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് (15,10).

1552 ശിഷ്യന്മാർ യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കും? **ഉ:** അവർ യേശുവിന്റെ കൽപനകൾ പാലിച്ചാൽ (15,10).

**15,11 –14 11ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടിയാണ്. 12ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. 13സ്നേഹിതന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല. 14ഞാൻ നിങ്ങളോടു കൽപിക്കുന്നത് നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതന്മാരാണ്.**

1553 ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കും (115,10). ഇത് യേശു ശിഷ്യന്മാരോടു പറഞ്ഞത് എന്തിന്? **ഉ:** യേശുവിന്റെ സന്തോഷം ശിഷ്യന്മാരിൽ കുടികൊള്ളാനും അവരുടെ സന്തോഷം പൂർണമാകാനുംവേണ്ടി (15,11).

1554 തന്റെ സന്തോഷം ശിഷ്യന്മാരിൽ കുടികൊള്ളാനും അവരുടെ സന്തോഷം പൂർണമാകാനുംവേണ്ടി യേശു അവരോടു പറഞ്ഞത്? **ഉ:** ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കും (115,10).

1555 ശിഷ്യന്മാർക്കുള്ള യേശുവിന്റെ കൽപന? **ഉ:** ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം (15,12)..

1556പൂരിപ്പിക്കുക: ഇതാണ് എന്റെ കൽപന: ... ... ... പോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം (യോഹ 15,12). **ഉ:** ഞാൻ നിങ്ങളെ സ്നേഹിച്ചതു

1557 യോഹ 15,12ലെ കൽപന യോഹന്നാന്റെ പുസ്തകങ്ങളിൽ മറ്റെവിടെല്ലാം? **ഉ:** യോഹ 13,34; 15,17; 1 യോഹ 3,23; 2 യോഹ 5. (നാലിടങ്ങളിൽ; 15,12 ഉൾപ്പടെ ആകെ അഞ്ചിടങ്ങളിൽ).

1558 ഏറ്റവും വലിയ സ്നേഹം? **ഉ:** സ്നേഹിതന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നത് (15,13).

1559 സ്നേഹിതന്മാർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം? **ഉ:** ഇല്ല (15,13).

1560 യോഹ 15,13നു സമാനമായ വേദഭാഗങ്ങൾ? **ഉ:** റോമ 5,7; യോഹ 10,11.

1561 യേശു ശിഷ്യന്മാരോടു കൽപിക്കുന്നത് അവർ ചെയ്യുമെങ്കിൽ അവർ അവന്റെ ആരാണ്? **ഉ:** സ്നേഹിതന്മാർ (15,14).

**15,15–17 [17]ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം, യജ**
**മാനൻ ചെയ്യുന്നത് എന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങ**
**ളെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ട**
**തെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു. [16]നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല,**
**ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം**
**പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലിൽക്കുന്നതിനും വേണ്ടി ഞാൻ**
**നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തന്മൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാ**
**വിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും. [17]ഞാൻ നി**
**ങ്ങളോടു കൽപിക്കുന്നു: പരസ്പരം സ്നേഹിക്കുവിൻ.**

1562 യേശു ശിഷ്യന്മാരോടു പറഞ്ഞു: ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം? **ഉ:** യജമാനൻ ചെയ്യുന്നത് എന്തെന്ന് ദാസൻ അറിയുന്നില്ല 15,15.

1563 യേശു ശിഷ്യന്മാരെ ദാസന്മാർ എന്നു വിളിക്കാതെ വിളിച്ചത്? **ഉ:** സ്നേഹിതന്മാർ എന്ന് (15,15).

1564 യേശു ശിഷ്യന്മാരെ സ്നേഹിതന്മാർ എന്നു വിളിച്ചു. എന്തുകൊണ്ട്? **ഉ:** തന്റെ പിതാവിൽനിന്നു കേട്ടതെല്ലാം അവരെ അവൻ അറിയിച്ചു (15,15).

1565 യേശു ശിഷ്യന്മാരെ അറിയിച്ചത്? **ഉ:** തന്റെ പിതാവിൽനിന്നു കേട്ടതെല്ലാം. 15,15.

1566 എന്തിനുവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലിൽക്കുന്നതിനും വേണ്ടി (15,116).

1567 യേശു ശിഷ്യന്മാരോടു പറഞ്ഞു: തന്മൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (15,16). ഏതുമൂലം? **ഉ:** നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെഫലം നിലിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തന്മൂലം.

1568 നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും (15,16) എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ മറ്റെവിടെ? **ഉ:** 16,23.

1569 യോഹ 15,17: **ഉ:** ഞാൻ നിങ്ങളോടു കൽപിക്കുന്നു: പരസ്പരം സ്നേഹിക്കുവിൻ.

ലോകം നിങ്ങളെ വെറുക്കും

**15,18–22 [18]ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ**
**ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ. [19]നിങ്ങൾ ലോകത്തിന്റേതായിരുന്നു**



**വെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ**
**ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെര**
**ഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു. [20]ദാസൻ യജമാന**
**നെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമിക്കു**
**വിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. അവർ**
**എന്റെ വചനം പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും. [21]എന്നാൽ, എന്റെ**
**നാമം മൂലം അവർ ഇതെല്ലാം നിങ്ങളോടു ചെയ്യും. കാരണം, എന്നെ അയച്ച**
**വനെ അവർ അറിയുന്നില്ല. [22]ഞാൻ വന്ന് അവരോടു സംസാരിച്ചിരുന്നില്ലെ**
**ങ്കിൽ അവർക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ അവരുടെ**
**പാപത്തെക്കുറിച്ച് അവർക്ക് ഒഴികഴിവില്ല.**

1570 ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ എന്ത് അറിഞ്ഞുകൊള്ളുവിൻ എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് (15,18).

1571 ലോകം ശിഷ്യന്മാരെ സ്നേഹിക്കാത്തത് എന്തുകൊണ്ട്? **ഉ:** അവർ ലോകത്തിന്റേത്, ലോകത്തിന്റെ സ്വന്തം അല്ലാത്തതിനാൽ (15,19). (nb)

1572 എന്തുകൊണ്ട് ലോകം നിങ്ങളെ ദ്വേഷിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട് (15,19). (nb)

1573 ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞ വചനം യോഹന്നാന്റെ സുവിശേഷത്തിൽ മുമ്പെവിടെ? **ഉ:** 13,16. മത്താ 10,24ഉം ലൂക്കാ 6,40ഉം കാണുക (മത്താ 10,14 എന്നു പി.ഒ.സി. ബൈബിളിലേത് തെറ്റ്).

1574 ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമിക്കുവിൻ എന്ന് യേശു യോഹ 15,20ൽ ശിഷ്യന്മാരോടു പറയുന്നത് എന്തിന്? **ഉ:** അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. അവർ എന്റെ വചനം പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും. (ഗുരുവായ യേശുവിന്റെ അനുഭവംതന്നെ ശിഷ്യന്മാർക്കും എന്ന് ഓർമിപ്പിക്കാൻ).

1575 ലോകം ശിഷ്യന്മാരെ ദ്വേഷിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് ആരുടെ നാമം മൂലം എന്ന് യേശു പറഞ്ഞു? **ഉ:** എന്റെ (യേശുവിന്റെ) (15,21).

1576 എന്റെ നാമം മൂലം അവർ (ലോകം) ഇതെല്ലാം നിങ്ങളോടു ചെയ്യും. കാരണം? **ഉ:** എന്നെ (യേശുവിനെ) അയച്ചവനെ അവർ അറിയുന്നില്ല (15,21).

1577 ഞാൻ (യേശു) വന്ന് അവരോടു സംസാരിച്ചിരുന്നില്ലെങ്കിൽ അവർക്കു എന്ത് ഉണ്ടാകുമായിരുന്നില്ല? **ഉ:** പാപം (15,22).

1578 ഇപ്പോൾ അവരുടെ പാപത്തെക്കുറിച്ച് അവർക്ക് ഒഴികഴിവില്ല. കാരണം? **ഉ:** ഞാൻ (യേശു) വന്ന് അവരോടു സംസാരിച്ചിരുന്നു (15,22).

1579 യോഹ 15,22നു സമാനമായി യോഹന്നാന്റെ സുവിശേഷത്തിൽ? **ഉ:** 9,41.

**15,23–25 [23]എന്നെ ദ്വേഷിക്കുന്നവൻ എന്റെ പിതാവിനെയും ദ്വേഷിക്കുന്നു. [24]മറ്റാ**
**രും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഞാൻ അവരുടെയിടയിൽ ചെയ്തില്ലായി**
**രുന്നുവെങ്കിൽ, അവർക്കു പാപമുണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ അവർ**
**എന്നെയും എന്റെ പിതാവിനെയും കാണുകയും ദ്വേഷിക്കുകയും ചെയ്തിരി**
**ക്കുന്നു. [25]അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന് അവരുടെ നിയമ**
**ത്തിൽ എഴുതപ്പെട്ടിരിക്കുന്ന വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്.**

1580 യേശുവിനെ ദ്വേഷിക്കുന്നവൻ ദ്വേഷിക്കുന്നത്? **ഉ:** യേശുവിന്റെ പിതാവിനെയും (15,23).

1581 ഏതു പ്രവൃത്തികൾ ഞാൻ അവരുടെയിടയിൽ ചെയ്തില്ലായിരുന്നുവെങ്കിൽ, അവർക്കു പാപമുണ്ടാകുമായിരുന്നില്ല എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ (15,24).

1582 എന്നാൽ, ഇപ്പോൾ അവർ ആരെ കാണുകയും ദ്വേഷിക്കുകയും ചെയ്തിരിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** എന്നെയും എന്റെ പിതാവിനെയും (15,24).

1583 ഇപ്പോൾ അവർ എന്നെയും എന്റെ പിതാവിനെയും കാണുകയും ദ്വേഷിക്കുകയും

ചെയ്തിരിക്കുന്നത് ഏതു വചനം പൂർത്തിയാകാനാണ് എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന വചനം (15,25).

1584 അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന വചനം എവിടെ എഴുതപ്പെട്ടിരിക്കുന്നതെന്ന് യേശു പറഞ്ഞു? **ഉ:** അവരുടെ നിയമത്തിൽ (15,25).

1585 അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന വചനം എഴുതപ്പെട്ടിരിക്കുന്നത്? **ഉ:** സങ്കീ 35,19; 69,4. (സങ്കീർത്തപ്പുസ്തകത്തെ നിയമം എന്ന്)

**15,26–27 [26]ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും. [27]ആരംഭം മുതൽ എന്നോടുകൂടെ ഉള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും.**

1586 സഹായകനെ അയയ്ക്കുന്നത്? **ഉ:** യേശു (15,26).

1587 യേശു സഹായകനെ അയയ്ക്കുന്നത്? **ഉ:** പിതാവിന്റെ അടുത്തുനിന്ന് (15,26).

1588 യേശു പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ ആര്? **ഉ:**പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവ് (15,26),

1589 പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവായ സഹായകൻ സാക്ഷ്യം നൽകും: **ഉ:** യേശുവിനെക്കുറിച്ച് (15,26).

1590 യോഹ 15,26ലെപ്പോലെ സഹായകനെക്കുറിച്ചു പറയുന്ന മറ്റു ഭാഗങ്ങൾ? **ഉ:** യോഹ 14,16. 26; 16,7; 1 യോഹ 2,1; 5,7.

1591 ആരംഭം മുതൽ എന്നോടുകൂടെ ഉള്ളവർ എന്ന് യേശു ശിഷ്യന്മാരോടു പറയുന്നത്? / ആരംഭം മുതൽ യേശുവിനോടുകൂടെ ഉള്ളവർ **ഉ:** ശിഷ്യന്മാർ (15,27).

1592 എന്തുകൊണ്ട് (എന്നെക്കുറിച്ച്) നിങ്ങളും സാക്ഷ്യം നൽകും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** ആരംഭം മുതൽ യേശുവിനോടുകൂടെ ഉള്ളവരായതുകൊണ്ട് (15,27).

## അധ്യായം 16 (അധ്യായം 16ൽ 33 വാക്യങ്ങൾ)

**16,1–4 [1]നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത്. [2]അവർ നിങ്ങളെ സിനഗോഗുകളിൽനിന്നു പറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു. [3]അവർ പിതാവിനെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇതു ചെയ്യും. [4]അവരുടെ സമയം വരുമ്പോൾ, ഇതു ഞാൻ പറഞ്ഞിരുന്നു എന്നു നിങ്ങൾ ഓർമിക്കാൻവേണ്ടി ഞാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്.**

1593 ലോകം ശിഷ്യന്മാരെ ദ്വേഷിക്കും; യേശു പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകനായ സത്യാത്മാവും ശിഷ്യന്മാരും യേശുവിനെക്കുറിച്ചു സാക്ഷ്യം നല്കും എന്നിതെല്ലാം യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** നിങ്ങൾക്ക് (ശിഷ്യന്മാർക്ക് ) ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിന് (16,1).

1594 അവർ നിങ്ങളെ എവിടെനിന്നു പറത്താക്കും യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** സിനഗോഗുകളിൽനിന്നു (16,2).

1595 പൂരിപ്പിക്കുക: നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന ... വരുന്നു (16,2). **ഉ:** സമയം.

1596 അവർ (ലോകം) ശിഷ്യന്മാരെ ദ്വേഷിക്കുന്ന രണ്ടു വിധങ്ങൾ? **ഉ:** സിനഗോഗുകളിൽനിന്നു പറത്താക്കും; കൊല്ലും (16,2).

1597 അവർ നിങ്ങളെ സിനഗോഗുകളിൽനിന്നു പറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു. അവർ എന്തുകൊണ്ട് ഇതു ചെയ്യും യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** പിതാവിനെയോ എന്നെയോ (യേശുവിനെയോ) അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് (16,3).

1598 അവർ നിങ്ങളെ സിനഗോഗുകളിൽനിന്നു പറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു



എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞിരിക്കുന്നത്, ഇത് യേശു പറഞ്ഞിരുന്നു എന്നു ശിഷ്യന്മാർ എപ്പോൾ ഓർമിക്കാൻവേണ്ടി? **ഉ:** അവരുടെ (ലോകത്തിന്റെ) സമയം വരുമ്പാൾ (16,4). (''അവരുടെ സമയം'' ശിഷ്യന്മാർക്കു പീഡയുടെ സമയം).

1599 യേശു ആരംഭത്തിലേ ശിഷ്യന്മാരോടു പറയാതിരുന്ന രണ്ടു കാര്യങ്ങൾ? **ഉ:** അവർ (ലോകം) ശിഷ്യന്മാരെ സിനഗോഗുകളിൽനിന്നു പറത്താക്കും. ശിഷ്യന്മാരെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു (16,2).

1600 ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് എന്തുകൊണ്ടെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് (16,4). (യേശു ശിഷ്യന്മാരോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട്).

## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

**16,5–6 [5]എന്നാൽ, ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോവുകയാണ്. എന്നിട്ടും നീ എവിടെ പോകുന്നുവെന്ന് നിങ്ങളിലാരും എന്നോടു ചോദിക്കുന്നില്ല. [6]ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു.**

1601 ഇപ്പോൾ ഞാൻ എവിടേക്കു പോവുകയാണ് എന്ന് യേശു പറഞ്ഞു? **ഉ:** എന്നെ (യേശുവിനെ) അയച്ചവന്റെ അടുക്കലേക്കു (16,5).

1602 പൂരിപ്പിക്കുക: ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതുകൊണ്ട് ... ദുഃഖപൂരിതമായിരിക്കുന്നു (യോഹ 16,6). **ഉ:** നിങ്ങളുടെ ഹൃദയം.

**16,7–11 [7]എങ്കിലും, സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും. [8]അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. – [9]അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, [10]ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും [11]ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും.** (ഈ ഖണ്ഡം അപ്പടി മനഃപാഠമാക്കുക)

1603 ഞാൻ (യേശു) പോകുന്നില്ലെങ്കിൽ ശിഷ്യന്മാരുടെ അടുക്കലേക്കു വരുകയില്ലാത്തത്? **ഉ:** സഹായകൻ (16,7).

1604 ഞാൻ (യേശു) പോയാൽ ശിഷ്യന്മാരുടെ അടുക്കലേക്കു യേശു അയയ്ക്കും? **ഉ:** സഹായകനെ (16,7).

1605അവൻ (സഹായകൻ) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ആരെ ബോധ്യപ്പെടുത്തും: **ഉ:** ലോകത്തെ (16,8).

1606 അവൻ (സഹായകൻ) വന്ന് ലോകത്തെ ബോധ്യപ്പെടുത്തും: **ഉ:** പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും (16,8).

1607 അവൻ (സഹായകൻ) വന്ന് ലോകത്തെ പാപത്തെക്കുറിച്ചു ബോധ്യപ്പെടുത്തും. കാരണം? **ഉ:** അവർ (ലോകം) യേശുവിൽ വിശ്വസിക്കാത്തതിനാൽ (16,9).

1608 അവൻ (സഹായകൻ) വന്ന് ലോകത്തെ നീതിയെക്കുറിച്ചു ബോധ്യപ്പെടുത്തും. കാരണം? **ഉ:** ഞാൻ (യേശു) പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും ശിഷ്യന്മാർ ഇനിമേലിൽ യേശുവിനെ കാണുകയില്ലാത്തതുകൊണ്ടും (16,10).

1609 സഹായകൻ വന്ന്, യേശു പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും ശിഷ്യന്മാർ ഇനിമേലിൽ യേശുവിനെ കാണുകയില്ലാത്തതുകൊണ്ടും ലോകത്തെ എന്തിനെക്കുറിച്ചു ബോധ്യപ്പെടുത്തും? **ഉ:** നീതിയെക്കുറിച്ച് (16,10).

1610 അവൻ (സഹായകൻ) വന്ന് ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ലോകത്തെ എന്തിനെക്കുറിച്ചു ബോധ്യപ്പെടുത്തും: **ഉ:** ന്യായവിധിയെക്കുറിച്ച് (16,11).

1611 യോഹ 16,11നു സമാനമായ ഭാഗം? **ഉ:** യോഹ 12,31.

**16,12–15 [12]ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ,**
**അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. [13]സത്യാത്മാവു വരുമ്പോൾ**
**നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും. [14]അവൻ സ്വമേധയാ**
**ആയിരിക്കില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും.**
**വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കു**
**ള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ**
**മഹത്വപ്പെടുത്തും. [15]പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ്**
**എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു**
**ഞാൻ പറഞ്ഞത്.**

1612 സത്യാത്മാവു വരുമ്പോൾ നിങ്ങളെ (ശിഷ്യന്മാരെ) എന്തിലേക്കു നയിക്കും: **ഉ:** സത്യത്തിന്റെ പൂർണതയിലേക്കു (16,12).

1613 അവൻ (സത്യാത്മാവ്) സംസാരിക്കുന്നത് എങ്ങനെ ആയിരിക്കില്ല? **ഉ:** സ്വമേധയാ (16,14). (സ്വമേധയാ സംസാരിക്കുകയില്ലാത്തത്? **ഉ:** സത്യാത്മാവ്)

1614 അവൻ (സത്യാത്മാവ്) ഏതു മാത്രം സംസാരിക്കും? **ഉ:** കേൾക്കുന്നതു മാത്രം (16,14). / കേൾക്കുന്നതു മാത്രം സംസാരിക്കുന്നത്? **ഉ:** സത്യാത്മാവ്

1615 അവൻ (സത്യാത്മാവ്) നിങ്ങളെ (ശിഷ്യന്മാരെ) എന്ത് അറിയിക്കും: **ഉ:** വരാനിരിക്കുന്ന കാര്യങ്ങൾ (16,14).

1616 അവൻ (സത്യാത്മാവ്) നിങ്ങളോടു (ശിഷ്യന്മാരോടു) പ്രഖ്യാപിക്കും: **ഉ:** എനിക്കുള്ളവയിൽനിന്നു (യേശുവിനുള്ളവയിൽനിന്നു) സ്വീകരിച്ച് (16,17).

1617 പൂരിപ്പിക്കുക: അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ ... (16,14). **ഉ:** മഹത്വപ്പെടുത്തും.

1618 സത്യാത്മാവ് യേശുവിനെ മഹത്വപ്പെടുത്തുന്നത്? **ഉ:** യേശുവിനുള്ളവയിൽനിന്നു സ്വീകരിച്ച് ശിഷ്യന്മാരോടു പ്രഖ്യാപിച്ച് (16,14).

1619 എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ (സത്യാത്മാവ്) നിങ്ങളോടു പ്രഖ്യാപിക്കും എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞത് എന്തുകൊണ്ട്? **ഉ:** പിതാവിനുള്ളതെല്ലാം എനിക്കു(യേശുവിനു)ള്ളതാണ് (16,15).

## ദുഃഖം സന്തോഷമായി മാറും

(16,16–24 ഒരു ഖണ്ഡമാണ്. സൗകര്യത്തിനുവേണ്ടി വാക്യ. 16–18, 19—21, 22–24 എന്ന് മൂന്നായി തിരിച്ച് ഇവിടെ പഠിക്കുന്നു).

**16,16 [16]അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽ**
**പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും [17]അപ്പോൾ അവന്റെ ശിഷ്യ**
**ന്മാരിൽ ചിലർ പരസ്പരം പറഞ്ഞു: അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ**
**കാണുകയില്ല, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും**
**എന്നും, ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നു എന്നും അവൻ നമ്മോടു**
**പറയുന്നതിന്റെ അർഥം എന്താണ്? [18]അവർ തുടർന്നു: അൽപസമയം എന്നതു**
**കൊണ്ട് അവൻ എന്താണ് അർഥമാക്കുന്നത്? അവൻ പറയുന്നതെന്താണെന്നു**
**നമുക്കറിഞ്ഞുകൂടാ.**

1620 അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നും, ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നു എന്നും അവൻ നമ്മോടു പറയുന്നതിന്റെ അർഥം എന്താണ് എന്നു പരസ്പരം പറഞ്ഞത്? **ഉ:** അവന്റെ (യേശുവിന്റെ) ശിഷ്യന്മാരിൽ ചിലർ (16,17)

1621 അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല എന്നു തുടങ്ങിയ യേശുവിന്റെ വാക്കുകളിൽ ഏതിന്റെ അർഥമാണ് നമുക്കറിഞ്ഞുകൂടാ എന്ന് ശിഷ്യന്മാരിൽ ചിലർ തുടർന്നു പറഞ്ഞത്? **ഉ:** അൽപസമയം എന്നതിന്റെ (16,18).

**16,19–21 [19]ഇക്കാര്യം അവർ തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു മനസ്സി**
**ലാക്കി യേശു പറഞ്ഞു: അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുക**
**യില്ല, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ**
**പറഞ്ഞതിനെപ്പറ്റി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ? [20]സത്യം സത്യമായി**
**ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും;**



**എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ**
**ദുഃഖം സന്തോഷമായി മാറും. [21]സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ**
**അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ,**
**ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതു**
**കൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർ**
**മിക്കുന്നില്ല.**

1622 അവർ (ശിഷ്യന്മാർ) തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു യേശു മനസ്സിലാക്കിയത്? **ഉ:** അൽപസമയം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത് (16,18).

1623 നിങ്ങൾ (ശിഷ്യന്മാർ) കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ആരു സന്തോഷിക്കും? **ഉ:** ലോകം (16,20).

1624 നിങ്ങൾ ദുഃഖിതരാകും; എന്നാൽ, ... ... ... (16,20). **ഉ:** നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.

1625 സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവൾക്കു ദുഃഖം ഉണ്ടാകുന്നത്? **ഉ:** അവളുടെ സമയം വന്നതുകൊണ്ട് (16,21).

1626 ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ എന്തു നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല? **ഉ:** ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം (16,21).

1627 യോഹ 16,21 സമാനമായ വേദഭാഗങ്ങൾ? **ഉ:** ഏശ 13,8; ഹോസി 13,13; മിക്കാ 4,19; 1 തെസ 5,3.

**16,22–24 [22]അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ ഞാൻ വീണ്ടും**
**നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ**
**ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല. [23]അന്ന് നി**
**ങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു**
**പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും**
**അവിടുന്നു നിങ്ങൾക്കു നൽകും. [24]ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒ**
**ന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം**
**നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും.**

1628 എപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ (16,22).

1629 യേശു ശിഷ്യന്മാരോടു പറഞ്ഞു: നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തു കളയുകയുമില്ല (യോഹ 16,22). ഏതു സന്തോഷം? / ആരും ശിഷ്യന്മാരിൽനിന്ന് എടുത്തു കളയാത്ത സന്തോഷം? **ഉ:** യേശു വീണ്ടും ശിഷ്യന്മാരെ കാണുമ്പോൾ അവരുടെ ഹൃദയത്തിലുണ്ടാകുന്ന സന്തോഷം (16,22).

1630 16,23ന്റെ പാഠഭേദം: നിങ്ങൾ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് എന്റെ നാമത്തിൽ നൽകും.

1631 യേശു ശിഷ്യന്മാരോടു പറഞ്ഞു: അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും (13,24). ഏതുമൂലം? **ഉ:** ശിഷ്യന്മാർ യേശുവിന്റെ നാമത്തിൽ പിതാവിനോടു ചോദിച്ച് ലഭിക്കുന്നതുമൂലം (16,24).

1632 ശിഷ്യന്മാർ യേശുവിന്റെ നാമത്തിൽ പിതാവിനോടു ചോദിച്ച് ലഭിക്കുന്നതുമൂലം പൂർണമാകുമെന്ന് യേശു പറഞ്ഞത്? **ഉ:** ശിഷ്യന്മാരുടെ സന്തോഷം (16,24).

1633 യോഹ 16,16–24നു സമാനമായ വേദഭാഗം? **ഉ:** യോഹ 14,18–24.

## ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു

**16,25–28 [25]ഉപമകൾ വഴിയാണ് ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത്. ഉപമകൾ**
**വഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന സമയം വരുന്നു. അപ്പോൾ**
**പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും. [26]അന്ന് നിങ്ങൾ**
**എന്റെ നാമത്തിൽ ചോദിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർ**
**ഥിക്കാം എന്നു പറയുന്നില്ല. [27]കാരണം, പിതാവുതന്നെ നിങ്ങളെ സ്നേഹി**
**ക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ ദൈവത്തിൽ**
**നിന്നു വന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. [28]ഞാൻ പിതാവിൽ**

**നിന്നു പുറപ്പെട്ടു ലോകത്തിലേക്കു വന്നു. ഇപ്പോൾ വീണ്ടും ലോകം വിട്ട് പിതാവിന്റെ അടുത്തേക്കു പോകുന്നു.**

1634 യേശു ഉപമകൾവഴി ശിഷ്യന്മാരോടു സംസാരിച്ചത് യോഹ 13-21ൽ എവിടെ? **ഉ:** 15-16 അധ്യായങ്ങളിൽ (മുന്തിരിച്ചെടിയുടെയും പ്രസവസമയമടുത്ത സ്ത്രീയുടെയും ഉപമകൾ).

1635 ഉപമകൾ വഴിയാണ് ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത് (യോഹ 16,25) എന്ന യേശുവിന്റെ സമാനമായ വാക്കുകൾ സുവിശേഷങ്ങളിൽ മറ്റെവിടെ? **ഉ:** മത്താ 13,34.

1636 ഉപമകൾ വഴിയല്ലാതെ യേശു ശിഷ്യന്മാരോടു സംസാരിക്കുന്ന സമയം വരുമ്പോൾ ആരെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** പിതാവിനെപ്പറ്റി (16,25).

1637 പൂരിപ്പിക്കുക: അപ്പോൾ പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും. അന്ന് നിങ്ങൾ ... ... ചോദിക്കും. (യോഹ 16,25-26). **ഉ:** എന്റെ നാമത്തിൽ

1638 ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്യാം എന്നു പറയുന്നില്ല എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്? **ഉ:** പിതാവിനോടു പ്രാർഥിക്കാം എന്ന് (16,26).

1639 യേശു ശിഷ്യന്മാരോടു പറഞ്ഞു: ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർഥിക്കാം എന്നു പറയുന്നില്ല. കാരണം? **ഉ:** പിതാവുതന്നെ നിങ്ങളെ (ശിഷ്യന്മാരെ) സ്നേഹിക്കുന്നു (16,27).

1640 എന്തുകൊണ്ട് യേശു ശിഷ്യന്മാരോടു പറഞ്ഞു: പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു. **ഉ:** എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ ദൈവത്തിൽനിന്നു വന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു (16,27).

1641 ശിഷ്യന്മാർ യേശുവിനെ സ്നേഹിക്കുകയും യേശു ദൈവത്തിൽനിന്നു വന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നത് എന്നതിന്റെ സൂചന? **ഉ:** പിതാവുതന്നെ ശിഷ്യന്മാരെ സ്നേഹിക്കുന്നു എന്നതിന്റെ (16,27).
(nb: വാക്യം 27: സ്നേഹത്തിൽനിന്നു വിശ്വാസത്തിലേക്ക്)

1642 യേശു എങ്ങനെ ലോകത്തിലേക്കു വന്നു? **ഉ:** പിതാവിൽനിന്നു പുറപ്പെട്ട് (16,28).

1643 ഇപ്പോൾ വീണ്ടും ലോകം വിട്ട് എവിടേക്കു പോകുന്നു എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു? **ഉ:** പിതാവിന്റെ അടുത്തേക്കു (16,28).

**16,29-33 29 അവന്റെ ശിഷ്യന്മാർ പറഞ്ഞു: ഇപ്പോൾ ഇതാ, നീ സ്പഷ്ടമായി സം**
**സാരിക്കുന്നു; ഉപമയൊന്നും പറയുന്നുമില്ല. 30 നീ എല്ലാക്കാര്യങ്ങളും അറിയു**
**ന്നുവെന്നും ആരും നിന്നോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞ**
**ങ്ങൾ മനസ്സിലാക്കുന്നു. നീ ദൈവത്തിൽനിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾ**
**വിശ്വസിക്കുന്നു. 31 യേശു ചോദിച്ചു: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ?**
**32 എന്നാൽ, നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുക**
**യും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു**
**വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയു**
**ണ്ട്. 33 നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നി**
**ങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും**
**ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.**

1644 ഇപ്പോൾ ഇതാ, നീ സ്പഷ്ടമായി സംസാരിക്കുന്നു; ഉപമയൊന്നും പറയുന്നുമില്ല എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** അവന്റെ ശിഷ്യന്മാർ (16,29).

1645 യേശു സ്പഷ്ടമായി സംസാരിക്കുകയും ഉപമയൊന്നും പറയാതെയുമിരുന്നപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായത്? **ഉ:** യേശു എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും അവനോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും (16,30).

1646 യേശു എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും അവനോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും മനസ്സിലായതിനാൽ ശിഷ്യന്മാർ വിശ്വസിച്ചത്? **ഉ:** യേശു ദൈവത്തിൽനിന്നു വന്നുവെന്ന് (16,30). (മനസ്സിലാകൽ വിശ്വാസത്തിലേക്കു നയിക്കുന്നു: മനസ്സിലാകലിൽനിന്നു വിശ്വാസത്തിലേക്ക്)

1647 നീ ദൈവത്തിൽനിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു ശിഷ്യന്മാർ പറയുന്നതുപോലെ മറ്റാരു പറഞ്ഞത് യോഹന്നാന്റെ സുവിശേഷ



ത്തിൽ? **ഉ:** പത്രോസ് പറഞ്ഞത് (യോഹ 6,69)

1648 നീ എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും നിന്നോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു. നീ ദൈവത്തിൽനിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് ശിഷ്യന്മാർ പറഞ്ഞപ്പോൾ. യേശു ചോദിച്ചുത്? **ഉ:** ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ? (16,31).

1649 ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ എന്ന് ശിഷ്യന്മാരോടു ചോദിച്ച ശേഷം, സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു എന്ന് യേശു അവരോടു പറഞ്ഞത് ഏതു സമയത്തെക്കുറിച്ചാണ്? **ഉ:** ശിഷ്യന്മാർ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും യേശുവിനെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം (16,31). (= യേശു ദൈവത്തിൽനിന്നു വന്നു എന്ന് വിശ്വസിക്കുന്നു എന്നു പറഞ്ഞ ശിഷ്യന്മാർ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും യേശുവിനെ ഏകനായി വിട്ടുപോവുകയും ചെയ്യും എന്ന്).

1650 യോഹ 16,32നു സമാനമായവ? **ഉ:** സഖ 13,7; മത്താ 26,31. 51; മർക്കോ 14,27.50.

1651 നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു എന്ന് യേശു പറയുന്നതിൽ പൂർത്തിയായ പ്രവചനം? **ഉ:** സഖ 13,7 (വായിക്കുക).

1652 പൂരിപ്പിക്കുക: നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം,? ... ... (യോഹ 16,32).
**ഉ:** പിതാവ് എന്നോടുകൂടെയുണ്ട്. (യേശു ഏകനല്ല; കാരണം,?)

1653 നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയുണ്ട് എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത് എന്തിന്? **ഉ:** നിങ്ങൾ എന്നിൽ (ശിഷ്യന്മാർ യേശുവിൽ) സമാധാനം കണ്ടെത്തേണ്ടതിന് (16,33).

1654 പൂരിപ്പിക്കുക: ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ... ; ഞാൻ ... ജയിച്ചിരിക്കുന്നു (16,33). **ഉ:** ധൈര്യമായിരിക്കുവിൻ; ലോകത്തെ
(യോഹ 16,33 പൂർണമായി പ്രത്യേകം മനഃപാഠമാക്കുക).

## അധ്യായം 17 (അധ്യായം 17ൽ 26 വാക്യങ്ങൾ)

ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നു (17-ാം അധ്യായത്തിലുള്ളത് യേശുവിന്റെ പുരോഹിതപ്രാർഥനയാണ്).

**17,1-5 1 ഇത്രയും പറഞ്ഞതിനുശേഷം യേശു സ്വർഗത്തിലേക്കു കണ്ണുകളുയർത്തി**
**പ്രാർഥിച്ചു: പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്വപ്പെ**
**ടുത്തേണ്ടതിന് പുത്രനെ അങ്ങു മഹത്വപ്പെടുത്തണമേ! 2 എന്തെന്നാൽ, അവി**
**ടുന്ന് അവനു നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന്,**
**എല്ലാവരുടെയുംമേൽ അവന് അവിടുന്ന് അധികാരം നൽകിയിരിക്കുന്നുവല്ലോ.**
**3 ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും**
**അറിയുക എന്നതാണ് നിത്യജീവൻ. 4അവിടുന്ന് എന്നെ ഏൽപിച്ച ജോലി പൂർ**
**ത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി. 5 ആക**
**യാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെയുണ്ടാ**
**യിരുന്ന മഹത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വ**
**പ്പെടുത്തണമേ.**

1655 യേശു പ്രാർഥിക്കാൻ കണ്ണുകളുയർത്തിയത്: **ഉ:** സ്വർഗത്തിലേക്ക് (17,1).

1656 യേശു ആരോടു പ്രാർഥിച്ചു? **ഉ:** പിതാവിനോട് (17,1).

1657 യേശു ഈ പ്രാർഥനയ്ക്ക് അവസരമായി ആരംഭത്തിൽ സൂചിപ്പിക്കുന്നത്?
**ഉ:** സമയമായിരിക്കുന്നു (17,1).

1658 യേശുവിന്റെ പ്രാർഥനയിലെ ഒന്നാമത്തെ അപേക്ഷ? **ഉ:** പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്വപ്പെടുത്തണമേ! (17,1).

1659 പിതാവ് പുത്രനെ മഹത്വപ്പെടുത്തണമെന്ന് യേശു പ്രാർഥിക്കുന്നതിന്റെ ഉദ്ദേശ്യം?

**ഉ:** പുത്രൻ അവിടുത്തെ (പിതാവിനെ) മഹത്വപ്പെടുത്തേണ്ടതിന് (17,1).

1660 പുത്രന് പിതാവ് അധികാരം നല്കിയിരിക്കുന്നത്? **ഉ:** പിതാവ് അവനു നൽകിയിട്ടുള്ള എല്ലാവരുടെയുംമേൽ (17,2).

1661 പുത്രന് പിതാവ് എല്ലാവരുടെയുംമേൽ അധികാരം നല്കിയിരിക്കുന്നത് അവൻ ആർക്ക് നിത്യജീവൻ നൽകേണ്ടതിന്? **ഉ:** അവിടുന്ന് (പിതാവ്) അവനു നൽകിയിട്ടുള്ളവർക്കെല്ലാം (17,2).

1661a പുത്രന് പിതാവ് എല്ലാവരുടെയുംമേൽ അധികാരം നല്കിയിരിക്കുന്നത് എന്തിന്?
**ഉ:** പിതാവ് അവനു (പുത്രന്) നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന് (17,2).

1662 എന്നതാണ് നിത്യജീവൻ - യേശുവിന്റെ വാക്കുകളിൽ? **ഉ:** ഏകസത്യദൈവമായ അവിടുത്തെയും (പിതാവിനെയും) അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നത് (17,3).

1663 ഭൂമിയിൽ പിതാവിനെ പുത്രൻ (യേശു) എങ്ങനെ മഹത്വപ്പെടുത്തി? **ഉ:** അവിടുന്ന് (പിതാവ്) പുത്രനെ ഏൽപിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് (17,4).

1664 പൂരിപ്പിക്കുക: ആകയാൽ പിതാവേ, ... എനിക്ക് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ ... ... എന്നെ മഹത്വപ്പെടുത്തണമേ (17,5).
**ഉ:** ലോകസൃഷ്ടിക്കുമുമ്പ്, അവിടുത്തെ സന്നിധിയിൽ

1664a ലോകസൃഷ്ടിക്കുമുമ്പ് പുതന് പിതാവിനോടുകൂടെയുണ്ടായിന്നത്?
**ഉ:** മഹത്വം (17,5).

**17,6–10 6 ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നൽകിയവർക്ക് അവിടുത്തെ നാമം**
**ഞാൻ വെളിപ്പെടുത്തി. അവർ അങ്ങയുടേതായിരുന്നു; അങ്ങ് അവരെ എനിക്കു**
**നൽകി. അവർ അങ്ങയുടെ വചനം പാലിക്കുകയും ചെയ്തു. 7 അവിടുന്ന് എനിക്കു**
**നൽകിയതെല്ലാം അങ്ങിൽനിന്നാണെന്ന് അവർ ഇപ്പോൾ അറിയുന്നു. 8 എന്തെ**
**ന്നാൽ, അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്കു നൽകി. അവർ അതു**
**സ്വീകരിക്കുകയും ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്നു സത്യമായി**
**അറിയുകയും അങ്ങ് എന്നെ അയച്ചുവെന്നു വിശ്വസിക്കുകയും ചെയ്തു.**

1665 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർക്ക് പുത്രൻ വെളിപ്പെടുത്തിയത്? **ഉ:** പിതാവിന്റെ നാമം (17,6).

1666 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ ആരുടേതായിരുന്നു?
**ഉ:** പിതാവിന്റേത് (17, 6).

1667 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ പാലിച്ചത്? **ഉ:** പിതാവിന്റെ വചനം (17,6).

1668 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ ഇപ്പോൾ അറിയുന്നത്?
**ഉ:** പിതാവ് പുത്രനു നൽകിയതെല്ലാം അങ്ങിൽനിന്നാണെന്ന് (17,7).

1669 പിതാവ് പുത്രനു നൽകിയതെല്ലാം അങ്ങിൽനിന്നാണെന്ന് ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ ഇപ്പോൾ അറിയുന്നു. കാരണം? **ഉ:** എന്തെന്നാൽ, പിതാവ് പുത്രനു നൽകിയ വചനം അവൻ അവർക്കു നൽകി. അവർ അതു സ്വീകരിക്കുകയും പുത്രൻ പിതാവിന്റെ അടുക്കൽനിന്നു വന്നുവെന്നു സത്യമായി അറിയുകയും പിതാവ് പുത്രനെ അയച്ചുവെന്നു വിശ്വസിക്കുകയും ചെയ്തു (17,8).

1670 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർക്കു പുത്രൻ നൽകിയത്?
**ഉ:** പിതാവ് പുത്രനു നൽകിയ വചനം (17,8).

1671 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ സ്വീകരിച്ചത്? **ഉ:** പിതാവ് പുത്രനു നൽകിയ വചനം അവൻ അവർക്കു നൽകിയത് (17,8).

1672 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ സത്യമായി അറിഞ്ഞത്?
**ഉ:** പുത്രൻ പിതാവിന്റെ അടുക്കൽനിന്നു വന്നുവെന്നു (17,8).

1673 ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ വിശ്വസിച്ചത്? **ഉ:** പിതാവ് പുത്രനെ അയച്ചുവെന്നു (17,8). (അവർ ശിഷ്യന്മാരാണ്)

1674 ഞാൻ അവർക്കുവേണ്ടിയാണ് പ്രാർഥിക്കുന്നത് എന്ന് യേശു പ്രാർഥനയിൽ പിതാവിനോടു പറഞ്ഞു. ആരാണ് അവർ? **ഉ:** ലോകത്തിൽനിന്ന് പിതാവ് പുത്രനു



നൽകിയവർ (16,8–9). (യേശു പ്രാർഥിക്കുന്നത് ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർക്കുവേണ്ടിയാണ്).

യോഹ 17,9–19ലുള്ളത് യേശു ശിഷ്യന്മാർക്കുവേണ്ടി നടത്തുന്ന പ്രാർഥനയാണ്. അത് 4 ഭാഗങ്ങളായി തിരിച്ച് ഇവിടെ നാം പഠിക്കുന്നു).

**17,9–10 9 ഞാൻ അവർക്കുവേണ്ടിയാണു പ്രാർഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല,**
**അങ്ങ് എനിക്കു തന്നവർക്കുവേണ്ടിയാണ് പ്രാർഥിക്കുന്നത്. എന്തെന്നാൽ,**
**അവർ അവിടുത്തേക്കുള്ളവരാണ്. എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. 10 അ**
**ങ്ങേക്കുള്ളതെല്ലാം എന്റേതും. ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു.**

1675 ഞാൻ പ്രാർഥിക്കുന്നത് ആർക്കുവേണ്ടിയല്ല എന്ന് യേശു പിതാവിനോടു പ്രാർഥിച്ചു?
**ഉ:** ലോകത്തിനുവേണ്ടിയല്ല (17,9).

1676 അവിടുത്തേക്കുള്ളവരാണ് എന്ന് യേശു പിതാവിനോടു പ്രാഥിച്ചത് ആരെക്കുറിച്ച്?
**ഉ:** അങ്ങ് എനിക്കു തന്നവർ (പിതാവ് യേശുവിനു നല്കിയവർ) (17,9).

1677 പൂരിപ്പിക്കുക: ഞാൻ അവർക്കുവേണ്ടിയാണു പ്രാർഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കുവേണ്ടിയാണ് പ്രാർഥിക്കുന്നത്. എന്തെന്നാൽ, അവർ അവിടുത്തേക്കുള്ളവരാണ്. ... അങ്ങയുടേതാണ് (17,9). **ഉ:** എനിക്കുള്ളതെല്ലാം

1678 എനിക്കുള്ളതെല്ലാം ആരുടേതാണ് എന്ന് യേശു പിതാവിനോടു പ്രാർഥിച്ചു?
**ഉ:** അങ്ങയുടേതാണ് (17,9).

1679 യേശു പിതാവിനോടു പ്രാർഥിച്ചു: ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു (17,10). അവർ ആര്? **ഉ:** ലോകത്തിൽനിന്ന് പിതാവ് പുത്രനു നൽകിയവർ.

1680 യോഹ 17,9നു സമാനമായി യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നതുള്ള സുവിശേഷഭാഗങ്ങൾ? **ഉ:** ലൂക്കാ 22,32; യോഹ 14,16.

**17,11–13 11 ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ, അവർ ലോകത്തിലാണ്. ഞാൻ**
**അങ്ങയുടെ അടുത്തേക്കു വരുന്നു. പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ**
**അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമ**
**ത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ! 12 ഞാൻ അവരോടുകൂടെയായിരു**
**ന്നപ്പോൾ, അങ്ങ് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ ഞാൻ അവരെ**
**സംരക്ഷിച്ചു; ഞാൻ അവരെ കാത്തുസൂക്ഷിച്ചു. വിശുദ്ധലിഖിതം പൂർത്തിയാ**
**കാൻവേണ്ടി നാശത്തിന്റെ പുത്രനല്ലാതെ അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല.**
**13 എന്നാൽ, ഇപ്പോൾ ഇതാ, ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു. ഇതെ**
**ല്ലാം ലോകത്തിൽവച്ചു ഞാൻ സംസാരിക്കുന്നത് എന്റെ സന്തോഷം അതിന്റെ**
**പൂർണതയിൽ അവർക്കുണ്ടാകേണ്ടതിനാണ്.**

1681 ഇനിമേൽ ഞാൻ ലോകത്തിലല്ല എന്ന് യേശു പിതാവിനോടു പ്രാർഥിക്കാൻ കാരണം? **ഉ:** ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു (17,11). (യേശു ലോകത്തിൽനിന്നു പിതാവിന്റെ അടുത്തേക്ക് പോകുന്നു)

1682 പൂരിപ്പിക്കുക: പരിശുദ്ധനായ പിതാവേ, ... ... ... അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ! (17,11).
**ഉ:** നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്

1683 പരിശുദ്ധനായ പിതാവേ, അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ (പിതാവ് യേശുവിനു നൽകിയവരെ) അങ്ങ് കാത്തുകൊള്ളണമേ എന്ന് യേശു പ്രാർഥിച്ചത് എന്തിന്? **ഉ:** നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് (17,11).

1684 പിതാവ് യേശുവിനു നൽകിയവർ പിതാവിനെയും യേശുവിനെയുംപോലെ ഒന്നായിരിക്കേണ്ടതിന് പിതാവ് അവരെ കാത്തുകൊള്ളേണ്ടത്? **ഉ:** അവിടുത്തെ (പിതാവിന്റെ) നാമത്തിൽ (17,11).

1685 യേശു അവരോടുകൂടെയായിരുന്നപ്പോൾ, അവൻ അവരെ സംരക്ഷിച്ചത്?
**ഉ:** അങ്ങ് എനിക്കു (പിതാവ് യേശുവിനു) നൽകിയ അവിടുത്തെ നാമത്തിൽ (17,12.

1686 യേശു അവരോടുകൂടെയായിരിരുന്നപ്പോൾ, അവരെ കാത്തുസൂക്ഷിച്ചത്?
**ഉ:** ഞാൻ (യേശു) (17,12).

1687 പിതാവ് യേശുവിനു നൽകിയവരിൽ നഷ്ടപ്പെട്ടത്? **ഉ:** നാശത്തിന്റെ പുത്രൻ

മാത്രം (17,12). നാശത്തിന്റെ പുത്രൻ - യൂദാസ് (6,70-71). 6,70:യൂദാസ്-പിശാച്
1688 നാശത്തിന്റെ പുത്രനല്ലാതെ അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ലാത്തത് ഏതു വിശുദ്ധലിഖിതം പൂർത്തിയാകാൻവേണ്ടി? **ഉ:** സങ്കീ 41,9; യോഹ 13,18; 18,9.
1689 സങ്കീ 41,9 ഇതിനുമുമ്പ് യോഹന്നാന്റെ സുവിശേഷത്തിൽ? **ഉ:** 13,18.
1689 യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടിടത്ത് ഉദ്ധരിച്ചിട്ടുള്ള സങ്കീർത്തനവാക്യം? **ഉ:** സങ്കീ 41,9 (യോഹ 13,18; 18,9).
1690 യോഹ 17,11ലും13ലും യേശു തന്നെക്കുറിച്ച് ആവർത്തിക്കുന്ന ഒരു വാചകം? **ഉ:** ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു.
1691 ഇതെല്ലാം ലോകത്തിൽവച്ചു ഞാൻ സംസാരിക്കുന്നത് എന്തിനെന്ന് യേശു പിതാവിനോടു പ്രാർഥിച്ചു? **ഉ:** എന്റെ സന്തോഷം അതിന്റെ പൂർണതയിൽ അവർക്കുണ്ടാകേണ്ടതിനാണ് (17,13). (യേശുവിന്റെ സന്തോഷം അതിന്റെ പൂർണതയിൽ ലോകത്തിൽനിന്ന് പിതാവ് യേശുവിനു നല്കിയവർക്കുണ്ടാകേണ്ടതിനാണ്)

**17,14-16** [14]**അവിടുത്തെ വചനം അവർക്കു ഞാൻ നല്കിയിരിക്കുന്നു. എന്നാൽ, ലോകം അവരെ ദ്വേഷിച്ചു. എന്തെന്നാൽ, ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല.** [15]**ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണു ഞാൻ പ്രാർഥിക്കുന്നത്.** [16]**ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല.**

1692 പിതാവ് യേശുവിനു നൽകിയവർക്ക് യേശു നല്കിയിരിക്കുന്നത്? **ഉ:** അവിടുത്തെ (പിതാവിന്റെ) വചനം (17,14).
1693 പിതാവ് യേശുവിനു നൽകിയവരെ ലോകം ദ്വേഷിച്ചു. കാരണം? **ഉ:** എന്തെന്നാൽ, യേശു ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല (17,14).
1694 ലോകം യേശുവിന്റെ ശിഷ്യന്മാരെ ദ്വേഷിച്ചതിനെപ്പറ്റി യേശുവിന്റെ വാക്കുകൾ മുമ്പെവിടെ? **ഉ:** യോഹ 15,19. (യോഹ 15,19;17,14).
1695 പിതാവ് ലോകത്തിൽനിന്ന് പുത്രന് (യേശുവിന്) നല്കിയവരെക്കുറിച്ച് അവൻ പിതാവിനോടു പ്രാർഥിക്കുന്നത് എന്തല്ല? **ഉ:** ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല (17,15).
1696 പിതാവ് ലോകത്തിൽനിന്ന് പുത്രന് (യേശുവിന്) നല്കിയവരെക്കുറിച്ച് അവൻ പിതാവിനോടു പ്രാർഥിക്കുന്നത് എന്താണ്? **ഉ:** ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് (17,15).
1697 17,15ലെ ദുഷ്ടനിൽനിന്ന് എന്നത് തിന്മയിൽനിന്ന് എന്നും വിവർത്തനം ചെയ്യാം.
1698 യോഹ 17,16ൽ യേശുവും ശിഷ്യന്മാരും (ലോകത്തിൽനിന്നു പിതാവ് യേശുവിനു നൽകിയവരും) തമ്മിലുള്ള സാമ്യം? **ഉ:** യേശു ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല.

nb: ലോകത്തിൽനിന്നു പിതാവ് യേശുവിനു നൽകിയവരാണ് ശിഷ്യന്മാർ. അതിനാൽ യേശു ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല. പക്ഷേ, അവർ ലോകത്തിലാണ്. ലോകത്തിൽ ലോകത്തിന്റേതല്ലായിരിക്കുന്നവരാണ് ശിഷ്യർ.

**17,17-19** [17]**അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം.** [18]**അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു.** [19]**അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.**

1699 (ലോകത്തിന്റേതല്ലാത്ത) അവരെ (ശിഷ്യന്മാരെ) പിതാവ് ആരാൽ വിശുദ്ധീകരിക്കണമെന്ന് യേശു പിതാവിനോടു പ്രാർഥിച്ചു? **ഉ:** സത്യത്താൽ (17,17).
1700 ആരാണ് സത്യം? **ഉ:** പിതാവിന്റെ വചനം (17,17). (യോഹ 1,1ഉം 14,6ഉം ഓർക്കുക: ആദിയിൽ വചനം ... ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു (1,1); ഞാനാണ് വഴിയും സത്യവും ജീവനും (14,6). സത്യം:യേശു (18,37-38).
1701 പൂരിപ്പിക്കുക: അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ... (യോഹ 17,18). **ഉ:** ലോകത്തിലേക്കയച്ചിരിക്കുന്നു.
1702 പിതാവിന്റെ വചനമായ സത്യം (യേശു) ലോകത്തിലേക്കയച്ചവർ വിശുദ്ധീകരിക്കപ്പെടേണ്ടത്? **ഉ:** സത്യത്താൽ (17,19). (യേശു സത്യം: 14,6;17,19;18,37-38).



1703 പിതാവിന്റെ വചനമായ സത്യം (യേശു) ലോകത്തിലേക്കയച്ചവർ വിശുദ്ധീകരിക്കപ്പെടേണ്ടതിന് തന്നത്തന്നെ വിശുദ്ധീകരിക്കുന്നത്? **ഉ:** പിതാവിന്റെ വചനമായ സത്യം (യേശു) (17,19).

**17,20-23** [20]**അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്.** [21]**അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർഥിക്കുന്നു.** [22]**നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു.** [23]**അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ.**

1704 ശിഷ്യന്മാർക്കുവേണ്ടി മാത്രമല്ല, വേറെ ആർക്കുവേണ്ടിക്കൂടിയാണ് യേശു പിതാവിനോടു പ്രാർഥിക്കുന്നത്? **ഉ:** അവരുടെ (ശിഷ്യന്മാരുടെ) വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടി (17,20).
1705 ശിഷ്യന്മാരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടി യേശു പ്രാർഥിക്കുന്നത് എന്തിനുവേണ്ടി? **ഉ:** അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി (17,21). (യേശുവിൽ വിശ്വസിക്കുന്ന എല്ലാവരും ഒന്നായിരിക്കാൻ)
1706 ശിഷ്യന്മാരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുന്നവരെല്ലാവരും ആരിൽ ഒന്നായിരിക്കുന്നതിന് യേശു പിതാവിനോടു പ്രാർഥിച്ചു? **ഉ:** നമ്മിൽ (പിതാവിലും പുത്രനിലും) (17,21).
1707 ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരെല്ലാവരും നമ്മിൽ (പിതാവിലും പുത്രനിലും) ഒന്നായിരിക്കുന്നതിന് യേശു പിതാവിനോടു പ്രാർഥിക്കുന്ന മാതൃക? **ഉ:** അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ (പിതാവ് യേശുവിലും യേശു പിതാവിലും ആയിരിക്കുന്നതുപോലെ) (17,21)
1708 പൂരിപ്പിക്കുക: അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ ... ... ... ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർഥിക്കുന്നു (17,21). **ഉ:** അവിടുന്ന് എന്നെ അയച്ചുവെന്നു.
1709 പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും എന്ന് യേശു പ്രാർഥിക്കുന്നതിന്റെ ഉദ്ദേശ്യം? **ഉ:** പിതാവ് യേശുവിനെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി (17,21).
1710 പിതാവ് യേശുവിനെ അയച്ചുവെന്ന് അറിയേണ്ടത്? **ഉ:** ലോകം (17,21).
1711 യേശുവും പിതാവും ഒന്നായിരിക്കുന്നതുപോലെ ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരും ഒന്നായിരിക്കുന്നതിന് യേശു അവർക്കു നൽകിയിരിക്കുന്നത്? **ഉ:** അങ്ങ് എനിക്കു തന്ന മഹത്വം (പിതാവ് യേശുവിനു നല്കിയ മഹത്വം) (17,22).
1712 പൂരിപ്പിക്കുക: അവർ പൂർണമായും ഒന്നാകേണ്ടതിന് ... ... അവിടുന്ന് എന്നിലും ആയിരിക്കുന്നു (17,23). **ഉ:** ഞാൻ അവരിലും
1713 ആര് പൂർണമായും ഒന്നാകേണ്ടതിന് യേശു അവരിലും പിതാവ് യേശുവിലും ആയിരിക്കുന്നു? **ഉ:** ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവർ
1714 യേശു അവരിലും (ശിഷ്യന്മാരുടെ വചനംമൂലംയേശുവിൽ വിശ്വസിക്കുന്നവരിലും) പിതാവ് യേശുവിലും ആയിരിക്കുന്നത് എന്തിന്? **ഉ:** ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവർ പൂർണമായും ഒന്നാകേണ്ടതിന് (17,23)
1715 പിതാവ് യേശുവിനെ അയച്ചുവെന്നും പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരെയും സ്നേഹിച്ചുവെന്നും ആര് അറിയട്ടെ എന്ന് യേശു പ്രാർഥിച്ചു? **ഉ:** ലോകം അറിയട്ടെ (17,23).
1716 ലോകം അറിയട്ടെ എന്ന് യേശു പിതാവിനോടു പ്രാർഥിച്ച കാര്യങ്ങൾ?

ഉ: പിതാവ് യേശുവിനെ അയച്ചുവെന്നും പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരെയും സ്നേഹിച്ചുവെന്നും (17,23).

1717 പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ സ്നേഹിച്ചത്? **ഉ:** ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരെ (17,23).

1718 പിതാവ് യേശുവിനെ അയച്ചുവെന്നും പിതാവ് യേശുവിനെ സ്നേഹിച്ചതുപോലെ ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവരെയും സ്നേഹിച്ചുവെന്നും ലോകം അറിയാൻ യേശു പ്രാർഥിച്ച കാര്യം? **ഉ:** ശിഷ്യന്മാരുടെ വചനംമൂലം യേശുവിൽ വിശ്വസിക്കുന്നവർ പൂർണമായും ഒന്നാകുക (17,23).

**17,24-26 24 പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്വം നൽകി. അങ്ങ് എനിക്കു നൽകിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 25 നീതിമാനായ പിതാവേ, ലോകം അങ്ങയെ അറിഞ്ഞിട്ടില്ല; എന്നാൽ, ഞാൻ അങ്ങയെ അറിഞ്ഞിരിക്കുന്നു. എന്നെ അവിടുന്നാണ് അയച്ചതെന്ന് ഇവരും അറിഞ്ഞിരിക്കുന്നു. 26 അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കുന്നതിനുമായി ഞാൻ ഇനിയും അത് അറിയിക്കും.**

1719 പിതാവ് ലോകസ്ഥാപനത്തിനുമുമ്പ്, യേശുവിനോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് യേശുവിനു നൽകിയത്? **ഉ:** മഹത്വം (17,24).

1720 പിതാവ് ലോകസ്ഥാപനത്തിനുമുമ്പ്, അങ്ങ് യേശുവിനു മഹത്വം നൽകിയത്? **ഉ:** യേശുവിനോടുള്ള അവിടുത്തെ സ്നേഹത്താൽ (17,24).

1721 പിതാവ് ലോകസ്ഥാപനത്തിനുമുമ്പ്, യേശുവിനോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് യേശുവിനു നൽകിയ മഹത്വം ആര് കാണണമെന്ന് യേശു ആഗ്ര ആഗ്രഹിക്കുന്നു? **ഉ:** പിതാവ് യേശുവിനു നൽകിയവരും (17,24).

1722 പിതാവ് ലോകസ്ഥാപനത്തിനുമുമ്പ്, ... യേശുവിനു നൽകിയ മഹത്വം കാണാൻ അങ്ങ് യേശുവിനു നൽകിയവരും എവിടെ ആയിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു? **ഉ:** ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ (17,24). (യേശു ആയിരിക്കുന്നിടത്ത് തന്നോടുന്നോടുകൂടെ).

1723 ലോകം അറിഞ്ഞിട്ടില്ല എന്നും; എന്നാൽ, ഞാൻ അറിഞ്ഞിരിക്കുന്നു എന്നും യേശു പ്രാർഥിക്കുന്നത്? (ലോകം അറിഞ്ഞിട്ടില്ലാത്തതും യേശു അറിഞ്ഞിരിക്കുന്നതും?) **ഉ:** നീതിമാനായ പിതാവിനെ (17,25).

1724 നീതിമാനായ പിതാവാണ് യേശുവിനെ അയച്ചതെന്ന് ആര് അറിഞ്ഞിരിക്കുന്നു എന്ന് യേശു പ്രാർഥനയിൽ പറഞ്ഞു? **ഉ:** പിതാവ് യേശുവിനു നൽകിയവരും (17,25)

1725 പിതാവ് യേശുവിനു നൽകിയവരെ യേശു അറിയിച്ചത്? **ഉ:** നീതിമാനായ പിതാവിന്റെ നാമം (17,26).

1726 അവരെ ഞാൻ ഇനിയും അത് അറിയിക്കും എന്ന് യേശു പ്രാർഥനയിൽ പറഞ്ഞത് ഏത്? **ഉ:** നീതിമാനായ പിതാവിന്റെ നാമം (17,26).

1727 നീതിമാനായ പിതാവ് യേശുവിനു നല്കിയവരെ ഇനിയും അത് (അങ്ങയുടെ നാമം) എന്തിന് അറിയിക്കും എന്ന് യേശു പ്രാർഥിച്ചു? **ഉ:** അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കുന്നതിനുമായി (17,26).

1728 നീതിമാനായ പിതാവ് യേശുവിനു നല്കിയവരിൽ ഉണ്ടാകണമെന്ന് യേശു പ്രാർഥിച്ചത്? **ഉ:** അവിടുന്ന് എനിക്കു (പിതാവ് യേശുവിനു) നൽകിയ സ്നേഹം (17,26).

1729 നീതിമാനായ പിതാവ് യേശുവിനു നല്കിയവരിൽ ആര് ആയിരിക്കണം എന്ന് യേശു പ്രാർഥിച്ചു? **ഉ:** ഞാൻ (യേശു) (17,26).

1730 നീതിമാനായ പിതാവ് യേശുവിനു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും യേശു അവരിൽ ആയിരിക്കുന്നതിനുമായി അവരെ യേശു ഇനിയും അറിയിക്കുന്നത്? **ഉ:** നീതിമാനായ പിതാവിന്റെ നാമം (17,26).



1731 യേശു തന്റെ പ്രാർഥനയിൽ അവസാനം പിതാവിനോടു പറഞ്ഞത്? **ഉ:** അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കുന്നതിനുമായി ഞാൻ ഇനിയും അത് അറിയിക്കും (17,26).

ശ്രദ്ധിക്കുക: യോഹ 17ലുള്ള യേശുവിന്റെ പ്രാർഥന മുഴുവൻ യേശു സ്വർഗത്തിലേക്കു കണ്ണുകളുയർത്തി പറഞ്ഞു.

അധ്യായം 18 (അധ്യായം 18ൽ 40 വാക്യങ്ങൾ)

യേശുവിനെ ബന്ധിക്കുന്നു (മത്താ 26,47-56; മർക്കോ 14,43-50; ലൂക്കാ 22,47-53)

**18,1-3 1 ഇതു പറഞ്ഞതിനുശേഷം യേശു ശിഷ്യന്മാരോടുകൂടെ കെദ്രോൺ അരുവിയുടെ അക്കരെയെത്തി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു. അവനും ശിഷ്യന്മാരും അതിൽ പ്രവേശിച്ചു. 2 അവനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം, യേശു പലപ്പോഴും ശിഷ്യന്മാരോടുകൂടെ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു. 3 യൂദാസ് ഒരുഗണം പടയാളികളെയും പുരോഹിതപ്രമുഖന്മാരുടെയും ഫരിസേയരുടെയും അടുക്കൽനിന്നു സേവകരെയും കൂട്ടി പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി അവിടെയെത്തി.**

1732 പിതാവിനോടുള്ള പ്രാർഥന പറഞ്ഞതിനുശേഷം യേശു ശിഷ്യന്മാരോടുകൂടെ എത്തിയത്? **ഉ:** കെദ്രോൺ അരുവിയുടെ അക്കരെ (18,1).

1733 യേശു ആരോടുകൂടെ കെദ്രോൺ അരുവിയുടെ അക്കരെയെത്തി? **ഉ:** ശിഷ്യന്മാരോടുകൂടെ (18,1).

1734 യേശു ശിഷ്യന്മാരോടുകൂടെ കെദ്രോൺ അരുവിയുടെ അക്കരെയെത്തി അവനും ശിഷ്യന്മാരും പ്രവേശിച്ചത്? **ഉ:** അവിടെ ഉണ്ടായിരുന്ന ഒരു തോട്ടത്തിൽ (18,1).

1735 യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം? **ഉ:** യേശു പലപ്പോഴും ശിഷ്യന്മാരോടുകൂടെ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു (18,2).

1736 യേശു പലപ്പോഴും ശിഷ്യന്മാരോടുകൂടെ സമ്മേളിക്കാറുണ്ടായിരുന്ന സ്ഥലം? **ഉ:** കെദ്രോൺ അരുവിയുടെ അക്കരെയുണ്ടായിരുന്ന ഒരു തോട്ടം (18,1-2).

1737 യേശുവും ശിഷ്യന്മാരും പ്രവേശിച്ച തോട്ടത്തിലേക്ക് യൂദാസ് കൂട്ടിയെത്തിയത്? **ഉ:** ഒരുഗണം പടയാളികളെയും പുരോഹിതപ്രമുഖന്മാരുടെയും ഫരിസേയരുടെയും അടുക്കൽനിന്നു സേവകരെയും (ശ്രദ്ധിക്കുക: പുരോഹിതപ്രമുഖന്മാരെയും ഫരിസേയരെയും കൂട്ടിയല്ല; അവരുടെ അടുക്കൽനിന്നു സേവകരെയും കൂട്ടി (പടയാളികളെയും ... സേവകരെയും കൂട്ടി). (18,3).

1738 യൂദാസും ഒരുഗണം പടയാളികളും ഫരിസേയരുടെയും അടുക്കൽനിന്നു സേവകരും എത്തിയത് എന്തുമായി? **ഉ:** പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി (18,3) (പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി എത്തിയത് ആര്?)

**18,4-6 4 തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം അറിഞ്ഞിരുന്ന യേശു മുമ്പോട്ടുവന്ന് അവരോടു ചോദിച്ചു: നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്? 5 അവർ പറഞ്ഞു: നസറായനായ യേശുവിനെ. യേശു പറഞ്ഞു: അതു ഞാനാണ്. അവനെ ഒറ്റിക്കൊടുത്ത യൂദാസും അവരോടുകൂടെ ഉണ്ടായിരുന്നു. 6 ഞാനാണ് എന്ന് അവൻ പറഞ്ഞപ്പോൾ അവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തു.**

1739 തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം യേശു അറിഞ്ഞിരുന്നു എന്നതിന് യോഹന്നാന്റെ സുവിശേഷത്തിൽ മുൻസൂചന? **ഉ:** യോഹ 6,64 (തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്ന് യേശു അറിഞ്ഞിരുന്നു).

1740 ഒരുഗണം പടയാളികളും പുരോഹിതപ്രമുഖന്മാരുടെയും ഫരിസേയരുടെയും അടുക്കൽനിന്നുള്ള സേവകരും അന്വേഷിച്ചത്? **ഉ:** നസറായനായ യേശുവിനെ (18,45).

1741 നസറായനായ യേശുവിനെ അന്വേഷിച്ച ഒരുഗണം പടയാളികളും ഫരിസേയരുടെയും അടുക്കൽനിന്നുള്ള സേവകരുടെയുംകൂടെ ഉണ്ടായിരുന്നത്? **ഉ:** അവനെ ഒറ്റിക്കൊടുത്ത യൂദാസും (18,5).

1742 കെദ്രോൺ അരുവിയുടെ അക്കരെയുണ്ടായിരുന്ന ഒരു തോട്ടത്തിൽവച്ച് ഞാനാണ് എന്ന് യേശു പറഞ്ഞപ്പോൾ സംഭവിച്ചത്? **ഉ:** അവനെ അന്വേഷിച്ചവർ പിൻവ

ലിയുകയും നിലംപതിക്കുകയും ചെയ്തു (18,6).
**18,7–9 [7]അവൻ വീണ്ടും ചോദിച്ചു: നിങ്ങൾ ആരെ അന്വേഷിക്കുന്നു? അവർ പറ
ഞ്ഞു: നസറായനായ യേശുവിനെ. [8]യേശു പ്രതിവചിച്ചു: ഞാനാണ് എന്നു
നിങ്ങളോടു പറഞ്ഞുവല്ലോ. നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ
ഇവർ പൊയക്കൊള്ളട്ടെ. [9]നീ എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ട
പ്പെടുത്തിയില്ല എന്ന് അവൻ പറഞ്ഞ വചനം പൂർത്തിയാകാൻവേണ്ടിയായിരു
ന്നു ഇത്.**

1743കെദ്രോൺ അരുവിയുടെ അക്കരെയുണ്ടായിരുന്ന ഒരു തോട്ടത്തിൽ തന്നെ അന്വേഷിച്ചവരോട് യേശു രണ്ടു പ്രാവശ്യം ആവർത്തിച്ചു ചോദിച്ചത്? **ഉ:** നിങ്ങൾ ആരെ അന്വേഷിക്കുന്നു? (18,4.7).

1744 കെദ്രോൺ അരുവിയുടെ അക്കരെയുണ്ടായിരുന്ന ഒരു തോട്ടത്തിൽ തന്നെ അന്വേഷിച്ചവരോട് ഞാനാണ് എന്ന് യേശു എത്ര പ്രാവശ്യം പറഞ്ഞു:? **ഉ:** രണ്ട് (18,5.8).

1745 നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയക്കൊള്ളട്ടെ എന്ന് യേശു പറഞ്ഞത് എന്തിന്? **ഉ:** നീ എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല എന്ന് അവൻ പറഞ്ഞ വചനം പൂർത്തിയാകാൻവേണ്ടി. (18,9).

1746പിതാവ് (ദൈവം) തന്നവരിൽ ആരെയും നഷ്ടപ്പെടുത്തിയില്ല എന്ന് യേശു പറഞ്ഞിട്ടുള്ളത്? **ഉ:** രണ്ടു പ്രാവശ്യം (യോഹ 17,12; 6,39).

**18,10–11 [10]ശിമയോൻ പത്രോസ് വാൾ ഊരി പ്രധാനപുരോഹിതന്റെ ഭൃത്യനെ വെട്ടി
അവന്റെ വലത്തുചെവി ഛേദിച്ചുകളഞ്ഞു. ആ ഭൃത്യന്റെ പേര് മൽക്കോസ് എന്നാ
യിരുന്നു. [11]യേശു പത്രോസിനോടു പറഞ്ഞു: വാൾ ഉറയിലിടുക. പിതാവ് എനി
ക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ?**

1747 ശിമയോൻ പത്രോസ് വാൾ ഊരി വെട്ടിയത്? **ഉ:** പ്രധാനപുരോഹിതന്റെ ഭൃത്യനെ (18,10).

1748 ശിമയോൻ പത്രോസ് വാൾ ഊരി പ്രധാനപുരോഹിതന്റെ ഭൃത്യനെ വെട്ടി ഛേദിച്ചുകളഞ്ഞത്? **ഉ:** അവന്റെ വലത്തുചെവി (18,10).

1749 ശിമയോൻ പത്രോസ് വാൾ ഊരി വെട്ടി വലത്തുചെവി ഛേദിച്ചുകളഞ്ഞ ഭൃത്യന്റെ പേര്? **ഉ:** മൽക്കോസ് (18,10).

1750പ്രധാനപുരോഹിതന്റെ ഭൃത്യനായ മൽക്കോസിനെ വെട്ടി അവന്റെ വലത്തുചെവി ഛേദിച്ചുകളഞ്ഞപ്പോൾ യേശു പത്രോസിനോടു പറഞ്ഞത്? **ഉ:** വാൾ ഉറയിലിടുക. പിതാവ് എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ? (18,11).

1751 വാൾ ഉറയിലിടുക. പിതാവ് എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ എന്ന് യേശു പറഞ്ഞത്? **ഉ:** പത്രോസിനോട് (18,11).

1752യേശു (കുടിക്കേണ്ട) പാനപാത്രത്തെക്കുറിച്ചു പറയുന്നത് മറ്റു സുവിശേഷങ്ങളിൽ? **ഉ:** യോഹ 18,11 കൂടാതെ **ഉ:** മത്താ 26,39; മർക്കോ 10,38; 14,36; ലൂക്കാ 22,42.

പ്രധാനപുരോഹിതന്റെ മുമ്പിൽ (മത്താ 26,57–58; മർക്കോ 14,53–54; ലൂക്കാ 22,54)

**18,12–14 [12]അപ്പോൾ പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരും
കൂടി യേശുവിനെ പിടിച്ചു ബന്ധിച്ചു. [13]അവർ അവനെ ആദ്യം അന്നാസിന്റെ
അടുക്കലേക്കു കൊണ്ടുപോയി. കാരണം, അവൻ ആ വർഷത്തെ പ്രധാനപുരോ
ഹിതനായ കയ്യാഫാസിന്റെ അമ്മായിയപ്പനായിരുന്നു. [14]ജനങ്ങൾക്കുവേണ്ടി
ഒരാൾ മരിക്കുന്നതു യുക്തമാണെന്നു യഹൂദരെ ഉപദേശിച്ചതു കയ്യാഫാസാണ്.**

1753യേശുവിനെ പിടിച്ചു ബന്ധിച്ചത്? **ഉ:** പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരും കൂടി (18,12).

1754 പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരും കൂടി യേശുവിനെ പിടിച്ചു ബന്ധിച്ചത് എവിടെവച്ച്? **ഉ:** കെദ്രോൺ അരുവിയുടെ അക്കരെയുണ്ടായിരുന്ന ഒരു തോട്ടത്തിൽ വച്ച്.

1755 യേശുവിനെ പിടിച്ചു ബന്ധിച്ചവർ അവനെ ആദ്യം കൊണ്ടുപോയത്? **ഉ:** അന്നാസിന്റെ അടുക്കലേക്കു (18,13).

1756 യേശുവിനെ പിടിച്ചു ബന്ധിച്ചവർ അവനെ ആദ്യം അന്നാസിന്റെ അടുക്കലേക്കു കൊണ്ടുപോയി. കാരണം? **ഉ:** അവൻ ആ വർഷത്തെ പ്രധാനപുരോഹിതനായ



കയ്യാഫാസിന്റെ അമ്മായിയപ്പനായിരുന്നു (18,13).

1757 പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരും കൂടി യേശുവിനെ പിടിച്ചു ബന്ധിച്ച വർഷത്തെ പ്രധാനപുരോഹിതൻ? **ഉ:** കയ്യാഫാസ് (18,13).

1758 കയ്യാഫാസിന്റെ ആരായിരുന്നു അന്നാസ്? **ഉ:** അമ്മായിയപ്പൻ (18,13).

1759 ജനങ്ങൾക്കുവേണ്ടി ഒരാൾ മരിക്കുന്നതു യുക്തമാണെന്നു യഹൂദരെ ഉപദേശിച്ചത്? **ഉ:** കയ്യാഫാസ് (18,14).

1760 ജനങ്ങൾക്കുവേണ്ടി ഒരാൾ മരിക്കുന്നതു യുക്തമാണെന്നു യഹൂദരെ ഉപദേശിച്ചത് യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** യോഹ 11,49–50.

പത്രോസ് തള്ളിപ്പറയുന്നു (മത്താ 26,69–70; മർക്കോ 14,66–69; ലൂക്കാ 22,55–57)

**18,15–18 [15]ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും യേശുവിനെ അനുഗമിച്ചി
രുന്നു. ആ ശിഷ്യനെ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നതിനാൽ അവൻ
യേശുവിനോടുകൂടെ പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചു.
[16]പത്രോസാകട്ടെ പുറത്തു വാതിൽക്കൽ നിന്നു. അതിനാൽ പ്രധാനപുരോ
ഹിതന്റെ പരിചയക്കാരനായ മറ്റേ ശിഷ്യൻ പുറത്തുചെന്ന് വാതിൽക്കാവൽ
ക്കാരിയോടു സംസാരിച്ച് പത്രോസിനെയും അകത്തു പ്രവേശിപ്പിച്ചു. [17]അപ്പോൾ
ആ പരിചാരിക പത്രോസിനോടു ചോദിച്ചു: നീയും ഈ മനുഷ്യന്റെ ശിഷ്യന്മാ
രിലൊരുവനല്ലേ? അല്ല എന്ന് അവൻ പറഞ്ഞു. [18]തണുപ്പായിരുന്നതിനാൽ ഭൃത്യ
രും സേവകരും തീ കായുകയായിരുന്നു. പത്രോസും അവരോടൊപ്പം തീ കാഞ്ഞു
കൊണ്ടിരുന്നു.**

1761 യേശുവിനെ പിടിച്ചു ബന്ധിച്ചവർ അവനെ ആദ്യം അന്നാസിന്റെ അടുക്കലേക്കു കൊണ്ടുപോയപ്പോൾ യേശുവിനെ അനുഗമിച്ചിരുന്നത്? **ഉ:** ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും (18,15).

1762 ആ (മറ്റേ) ശിഷ്യനെ പരിചയമുണ്ടായിരുന്നത്? **ഉ:** പ്രധാനാചാര്യനു (18,15).

1763 ആ (മറ്റേ) ശിഷ്യനെ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നതിനാൽ അവൻ പ്രവേശിച്ചത്? **ഉ:** പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു (18,15).

1764 ആ (മറ്റേ) ശിഷ്യനെ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നതിനാൽ അവൻ ആരോടുകൂടെ പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചു? **ഉ:** യേശുവിനോടുകൂടെ (18,15).

1765 യേശുവിനെ പിടിച്ചു ബന്ധിച്ചവർ അവനെ ആദ്യം അന്നാസിന്റെ അടുക്കലേക്കു കൊണ്ടുപോയപ്പോൾ ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും യേശുവിനെ അനുഗമിച്ചിരുന്നു. ഇവരിൽ പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചത്? **ഉ:** മറ്റൊരു ശിഷ്യൻ (18,15).

1766 ആ (മറ്റൊരു) ശിഷ്യൻ എന്തുകൊണ്ട് യേശുവിനോടുകൂടെ പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചു? **ഉ:** ആ ശിഷ്യനെ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നതിനാൽ (18,15).

1767 യേശുവിനെ പിടിച്ചു ബന്ധിച്ചവർ അവനെ ആദ്യം അന്നാസിന്റെ അടുക്കലേക്കു കൊണ്ടുപോയപ്പോൾ ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും യേശുവിനെ അനുഗമിച്ചിരുന്നു. ഇവരിൽ ആ (മറ്റൊരു) ശിഷ്യൻ യേശുവിനോടുകൂടെ പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചു. പത്രോസ് എവിടെ നിന്നു? **ഉ:** പുറത്തു വാതിൽക്കൽ (18,16).

1768 പത്രോസിനെ അകത്തു പ്രവേശിപ്പിക്കാൻ പ്രധാനപുരോഹിതന്റെ പരിചയക്കാരനായ മറ്റേ ശിഷ്യൻ പുറത്തുചെന്ന് സംസാരിച്ചത്? **ഉ:** വാതിൽക്കാവൽക്കാരിയോടു (18,16). (വാതിൽക്കാവൽക്കാരി പത്രോസിനെ അകത്തു പ്രവേശിപ്പിച്ചു)

1769 നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിലൊരുവനല്ലേ എന്ന് പത്രോസിനോടു ചോദിച്ചത്? **ഉ:** പരിചാരിക (18,15–17).

1770 നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിലൊരുവനല്ലേ എന്ന് പരിചാരിക പത്രോസിനോടു ചോദിച്ചത് എവിടെവച്ച്? **ഉ:** പ്രധാനപുരോഹിതന്റെ കൊട്ടാരമുറ്റത്തു വച്ച് (18,15–17). (പത്രോസ് അകത്തു പ്രവേശിച്ചത് വാക്യം 16 വിവരിക്കുന്നു)

1771പൂരിപ്പിക്കുക: അപ്പോൾ ആ പരിചാരിക പത്രോസിനോടു ചോദിച്ചു: നീയും ...

... ശിഷ്യന്മാരിലൊരുവനല്ലേ? അല്ല എന്ന് അവൻ പറഞ്ഞു (18,17). **ഉ:** ഈ മനുഷ്യന്റെ. (പരിചാരിക യേശുവിനെ പറഞ്ഞത് ഈ മനുഷ്യൻ എന്ന്).

1772 തണുപ്പായിരുന്നതിനാൽ പത്രോസും ആരോടൊപ്പം തീ കാഞ്ഞുകൊണ്ടിരുന്നു? **ഉ:** ഭൃത്യരോടും സേവകരോടുമൊപ്പം (18,18).

പ്രധാനപുരോഹിതൻ ചോദ്യം ചെയ്യുന്നു (മത്താ 26,59-66; മർക്കോ 14,55-64; ലൂക്കാ 22,6671)

(18,19-23വരെ അന്നാസ് യേശുവിനെ ചോദ്യം ചെയ്യുന്നതാണ്)

**18,19-21 [19]പ്രധാനപുരോഹിതൻ യേശുവിനെ അവന്റെ ശിഷ്യരെയും പ്രബോധനത്തെയുംകുറിച്ചു ചോദ്യം ചെയ്തു. [20]യേശു മറുപടി പറഞ്ഞു: ഞാൻ പരസ്യമായിട്ടാണ് ലോകത്തോടു സംസാരിച്ചത്. എല്ലാ യഹൂദരും ഒരുമിച്ചുകൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് എപ്പോഴും ഞാൻ പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല. [21]എന്നോടു ചോദിക്കുന്നതെന്തിന്? ഞാൻ പറഞ്ഞതെന്താണെന്ന് അതു കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണു പറഞ്ഞതെന്ന് അവർക്കറിയാം.**

1773 യേശുവിനെ ആദ്യം ചോദ്യം ചെയ്ത പ്രധാനപുരോഹിതൻ? **ഉ:** അന്നാസ് (18,13).

1774 പ്രധാനപുരോഹിതൻ (അന്നാസ്) യേശുവിനെ ചോദ്യം ചെയ്തത്? **ഉ:** യേശുവിന്റെ ശിഷ്യരെയും പ്രബോധനത്തെയുംകുറിച്ച് (18,19).

1775 യേശു പരസ്യമായിട്ട് സംസാരിച്ചത്? **ഉ:** ലോകത്തോടു (18,20).

1776 യേശു എപ്പോഴും പഠിപ്പിച്ചിട്ടുള്ളത്? **ഉ:** എല്ലാ യഹൂദരും ഒരുമിച്ചുകൂടുന്ന സിനഗോഗിലും ദേവാലയത്തിലും (18,20).

1777 യേശു എപ്പോഴും പഠിപ്പിച്ചിട്ടുള്ളത് കേട്ടവർ? **ഉ:** എല്ലാ യഹൂദരും (18,20).

**18,22-24 [22]അവൻ ഇതു പറഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന സേവകന്മാരിലൊരുവൻ, ഇങ്ങനെയാണോ പ്രധാനപുരോഹിതനോടു മറുപടി പറയുന്നതെന്നു ചോദിച്ചുകൊണ്ട് യേശുവിനെ അടിച്ചു. [23]യേശു അവനോടു പറഞ്ഞു: ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക. ശരിയാണു പറഞ്ഞതെങ്കിൽ എന്തിനു നീ എന്നെ അടിക്കുന്നു? [24]അപ്പോൾ അന്നാസ് യേശുവിനെ ബന്ധിച്ച് കയ്യാഫാസിന്റെ അടുക്കലേക്കയച്ചു.**

1778 എന്നോടു ചോദിക്കുന്നതെന്തിന്? ഞാൻ പറഞ്ഞതെന്താണെന്ന് അതു കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണു പറഞ്ഞതെന്ന് അവർക്കറിയാം എന്ന് യേശു പറഞ്ഞപ്പോൾ യേശുവിനെ അടിച്ചത്? **ഉ:** അടുത്തു നിന്നിരുന്ന സേവകന്മാരിലൊരുവൻ (18,22).

1779 ഇങ്ങനെയാണോ പ്രധാനപുരോഹിതനോടു മറുപടി പറയുന്നതെന്നു പറഞ്ഞ് യേശുവിനെ അടിച്ചത്? **ഉ:** സേവകന്മാരിലൊരുവൻ (18,22).

1780 സേവകന്മാരിലൊരുവൻ യേശുവിനെ അടിച്ചത്? **ഉ:** അന്നാസ് ചോദ്യം ചെയ്തുകൊണ്ടിരുന്നപ്പോൾ

1781 ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക എന്ന് യേശു പറഞ്ഞത്? **ഉ:** തന്നെ അടിച്ച സേവകനോട് (18,23).

1782 യേശുവിനെ കയ്യാഫാസിന്റെ അടുത്തേക്കയച്ചത്? **ഉ:** അന്നാസ് (18,21).

1783 അന്നാസ് യേശുവിനെ ബന്ധിച്ച് കയ്യാഫാസിന്റെ അടുക്കലേക്കയയ്ക്കാൻ കാരണം? **ഉ:** കയ്യാഫാസ് ആ വർഷത്തെ പ്രധാനപുരോഹിതനായിരുന്നു (18,13).

1784 അന്നാസും കയ്യാഫാസും പ്രധാനപുരോഹിതന്മാരായിരുന്നതു പറയുന്ന മറ്റൊരു സുവിശേഷംഭാഗം? **ഉ:** ലൂക്കാ 3,2.

പത്രോസ് വീണ്ടും യേശുവിനെ തള്ളിപ്പറയുന്നു (മത്താ 26,71-75; മർക്കോ 14, 69-72; ലൂക്കാ 22,58-62).

**18,25-27 [25]ശിമയോൻപത്രോസ് തീ കാഞ്ഞുകൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ അവർ അവനോടു ചോദിച്ചു: നീയും അവന്റെ ശിഷ്യന്മാരിൽ ഒരുവനല്ലേ? അല്ല എന്ന് അവൻ തള്ളിപ്പറഞ്ഞു. [26]പ്രധാനപുരോഹിതന്റെ ഭൃത്യന്മാരിലൊരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ അവനോടു ചോദിച്ചു: ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടതല്ലേ?**



**[27]പത്രോസ് വീണ്ടും തള്ളിപ്പറഞ്ഞു. ഉടനെ കോഴി കൂവി.**

1785 രണ്ടാമതും മൂന്നാമതും യേശുവിനെ തള്ളിപ്പറഞ്ഞപ്പോൾ ശിമയോൻപത്രോസ് എന്തു ചെയ്യുകയായിരുന്നു? **ഉ:** തീ കാഞ്ഞുകൊണ്ടു നിൽക്കുകയായിരുന്നു (18,25).

1786 ശിമയോൻപത്രോസ് തീ കാഞ്ഞുകൊണ്ടു നിൽക്കുകയായിരുന്നപ്പോൾ, നീയും അവന്റെ ശിഷ്യന്മാരിൽ ഒരുവനല്ലേ എന്ന് അവനോടു ചോദിച്ചത്? **ഉ:** അവർ (18,25) = (തീ കാഞ്ഞുകൊണ്ടിരുന്നവർ: 18,18).

1787 ശിമയോൻപത്രോസിനെ ആര് ചോദ്യം ചെയ്തപ്പോളാണ് യേശുവിനെ മൂന്നാമത് തള്ളിപ്പറഞ്ഞത് **ഉ:** പ്രധാനപുരോഹിതന്റെ ഭൃത്യന്മാരിലൊരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ (18,26).

1788 പ്രധാനപുരോഹിതന്റെ ഭൃത്യന്മാരിലൊരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ ശിമയോൻപത്രോസിനോടു ചോദിച്ചത്? **ഉ:** ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടതല്ലേ? (18,26).

1789 പ്രധാനപുരോഹിതന്റെ ഭൃത്യന്മാരിലൊരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ ശിമയോൻപത്രോസിനോടു, ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടതല്ലേ ചോദിച്ചപ്പോൾ പത്രോസ് ചെയ്തത്? **ഉ:** വീണ്ടും തള്ളിപ്പറഞ്ഞു (18,27).

1790 പത്രോസ് വീണ്ടും തള്ളിപ്പറഞ്ഞു. ഉടനെ സംഭവിച്ചത്? **ഉ:** ഉടനെ കോഴി കൂവി (18,27).

പീലാത്തോസിന്റെ മുമ്പിൽ (മത്താ 27,1-2.11-14; മർക്കോ 15,1-5; ലൂക്കാ 23,1-5)

18,28-19,16[a] വരെ യേശു പീലാത്തോസിന്റെ മുമ്പിൽ. പീലാത്തോസിന്റെ മുമ്പിലെ വിസ്താരം പ്രത്തോറിയത്തിന് പുറത്തും അകത്തുമായി മാറിമാറി ഏഴു ചെറിയ രംഗങ്ങളായാണ്. ഓരോ രംഗത്തെയും സംഭവ,സംഭാഷണങ്ങൾ പ്രത്യേകം ഓർത്തിരിക്കണം.

ആദ്യം 18,28-32: പ്രത്തോറിയത്തിനു പുറത്ത്.

**18,28-29 [28]യേശുവിനെ അവർ കയ്യാഫാസിന്റെ അടുത്തുനിന്നു പ്രത്തോറിയത്തിലേക്കു കൊണ്ടുപോയി. അപ്പോൾ പുലർച്ചയായിരുന്നു. അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല. [29]അതിനാൽ പീലാത്തോസ് പുറത്ത് അവരുടെ അടുക്കൽ വന്നു ചോദിച്ചു: ഈ മനുഷ്യനെതിരേ എന്താരോപണമാണു നിങ്ങൾ കൊണ്ടുവരുന്നത്?**

1791 യേശുവിനെ കയ്യാഫാസിന്റെ അടുത്തുനിന്നു കൊണ്ടുപോയത് എവിടേക്ക്? **ഉ:** പ്രത്തോറിയത്തിലേക്കു (18,28).

1792 യേശുവിനെ കയ്യാഫാസിന്റെ അടുത്തുനിന്നു പ്രത്തോറിയത്തിലേക്കു കൊണ്ടുപോയത് ആര്? **ഉ:** പടയാളികളും അവരുടെ അധിപനും യഹൂദരുടെ സേവകരും കൂടി (18,12).

1793 യേശുവിനെ കയ്യാഫാസിന്റെ അടുത്തുനിന്നു പ്രത്തോറിയത്തിലേക്കു കൊണ്ടുപോയത് എപ്പോൾ? **ഉ:** പുലർച്ചയായിരുന്നപ്പോൾ (18,28).

1794 യേശുവിനെ കയ്യാഫാസിന്റെ അടുത്തുനിന്നു പ്രത്തോറിയത്തിലേക്കു കൊണ്ടുപോയവർ എന്തുകൊണ്ട് പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല? **ഉ:** അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ (18,28).

1795 ഈ മനുഷ്യനെതിരേ എന്താരോപണമാണു നിങ്ങൾ കൊണ്ടുവരുന്നത് എന്ന് പീലാത്തോസ് യേശുവിനെ കൊണ്ടുപോയവരോടു ചോദിച്ചത് എവിടെവച്ച്? **ഉ:** പ്രത്തോറിയത്തിനു പുറത്തുവച്ച് (18,29).

1796 ഈ മനുഷ്യനെതിരേ എന്താരോപണമാണു നിങ്ങൾ കൊണ്ടുവരുന്നത് എന്ന് യേശുവിനെ കൊണ്ടുപോയവരോടു പീലാത്തോസ് എന്തുകൊണ്ടു പ്രത്തോറിയത്തിനു പുറത്തുവന്നു ചോദിച്ചു? **ഉ:** അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല (18,28).

**18,30-32 [30]അവർ പറഞ്ഞു: ഇവൻ തിന്മ പ്രവർത്തിക്കുന്നവനല്ലെങ്കിൽ ഞങ്ങൾ ഇവനെ നിനക്ക് ഏല്പിച്ചുതരുകയില്ലായിരുന്നു. [31]പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിധിച്ചുകൊള്ളുവിൻ. അപ്പോൾ യഹൂദർ പറഞ്ഞു: ആരെയും വധിക്കുന്നതിന് നിയമം**

**ഞങ്ങളെ അനുവദിക്കുന്നില്ല. [32]ഏതു വിധത്തിലുള്ള മരണമാണു തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞ വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്.**

1797 എന്തുകൊണ്ട് യേശുവിനെ പീലാത്തോസിന് ഏൽപിച്ചുകൊടുത്തുവെന്നാണ് അവർ പീലാത്തോസിനോടു പറയുന്നതിൽ അർഥമാക്കുന്നത്? **ഉ:** യേശു തിന്മ പ്രവർത്തിക്കുന്നവനായതുകൊണ്ട് എന്ന് (18,30).

1798 ഏതു നിയമമനുസരിച്ചു വിധിച്ചുകൊള്ളാനാണ് പീലാത്തോസ് തനിക്ക് യേശുവിനെ ഏൽപിച്ചുകൊടുത്തവരോടു പറഞ്ഞത്? **ഉ:** നിങ്ങളുടെ (യഹൂദരുടെ) നിയമമനുസരിച്ച് (18,31).

1799 നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിധിച്ചുകൊള്ളുവിൻ എന്നു പീലാത്തോസ് പറഞ്ഞപ്പോൾ, ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ അനുവദിക്കുന്നില്ല എന്നു പറഞ്ഞത്? **ഉ:** യഹൂദർ (18,31).

1800 യഹൂദരുടെ നിയമം അവരെ അനുവദിക്കാത്തത്? **ഉ:** ആരെയും വധിക്കുന്നതിന് (18,31)

1801 നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിധിച്ചുകൊള്ളുവിൻ എന്നു പീലാത്തോസ് പറഞ്ഞപ്പോൾ, ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ അനുവദിക്കുന്നില്ല എന്നു യഹൂദർ പറഞ്ഞത് എന്തിന്? **ഉ:** ഏതു വിധത്തിലുള്ള മരണമാണു തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞ വചനം പൂർത്തിയാകാൻ (18,32).

1802 ഏതു വിധത്തിലുള്ള മരണമാണു തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞ വചനം യോഹന്നാന്റെ സുവിശേഷത്തിൽ എവിടെ? **ഉ:** യോഹ 3,14; 12,32. (3,14: മോശ മരുഭൂമിയിൽസർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിനു മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. 12,32: ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും.).

ഇതുവരെ (18,28-32) പീലാത്തോസ് യേശുവിനെക്കുറിച്ചു കേട്ടത് പ്രത്തോറിയത്തിനു പുറത്തുവച്ചാണ്. ഇനി പ്രത്തോറിയത്തിന് അകത്തുവച്ച് പീലാത്തോസ് യേശുവിനോടു ചോദിക്കുന്നു. പ്രത്തോറിയത്തിന് അകത്ത്: 18,33-38[a]

**18,33-35 [33]പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? [34]യേശു പ്രതിവചിച്ചു: നീ ഇതു സ്വമേവ പറയുന്നതോ, അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ? [35]പീലാത്തോസ് പറഞ്ഞു: ഞാൻ യഹൂദനല്ലല്ലോ, നിന്റെ ജനങ്ങളും പുരോഹിതപ്രമുഖന്മാരുമാണ് നിന്നെ എനിക്ക് ഏൽപിച്ചുതന്നത്. നീ എന്താണു ചെയ്തത്?**

1803പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോടു ചോദിച്ചത്? **ഉ:** നീ യഹൂദരുടെ രാജാവാണോ? (18,33) .

1804 നീ യഹൂദരുടെ രാജാവാണോ എന്നു പീലാത്തോസ് യേശുവിനോടു ചോദിച്ചത് എവിടെവച്ച്? **ഉ:** പ്രത്തോറിയത്തിൽ (18,33).

1805 നീ ഇതു സ്വമേവ പറയുന്നതോ, അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ എന്ന് യേശു പീലാത്തോസിനോടു പ്രതിവചിച്ചത് എപ്പോൾ? **ഉ:** നീ. യഹൂദരുടെ രാജാവാണോ എന്നു ചോദിച്ചപ്പോൾ (18,33).

1806 ഞാൻ യഹൂദനല്ലല്ലോ എന്ന് യേശുവിനോടു പറഞ്ഞത്? **ഉ:** പീലാത്തോസ് (18,35).

1807 യേശുവിനെ ആര് തനിക്ക് ഏൽപിച്ചുതന്നുവെന്നാണ് പീലാത്തോസ് യേശുവിനോടു പറഞ്ഞത്? **ഉ:** നിന്റെ ജനങ്ങളും പുരോഹിതപ്രമുഖന്മാരും (18,35). (യേശുവിന്റെ ജനങ്ങളും പുരോഹിതപ്രമുഖന്മാരും അവനെ പീലാത്തോസിന് ഏല്പിച്ചുകൊടുത്തു).

1808 പ്രത്തോറിയത്തിൽവച്ച് പീലാത്തോസ് യേശുവിനോടു ചോദിച്ച രണ്ടാം ചോദ്യം? **ഉ:** നീ എന്താണു ചെയ്തത്? (18,35).



**18,36-38[a] [36]യേശു പറഞ്ഞു: എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ, എന്റെ രാജ്യം ഐഹികമല്ല. [37]പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണ് അല്ലേ? യേശു പ്രതിവചിച്ചു: നീതന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടിയാണു ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണു ഞാൻ ഈ ലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു. [38a]പീലാത്തോസ് അവനോടു ചോദിച്ചു: എന്താണു സത്യം?**

1809 പ്രത്തോറിയത്തിൽവച്ച് പീലാത്തോസ് യേശുവിനോട് രണ്ടു പ്രാവശ്യം ചോദിച്ച് ഉറപ്പാക്കുന്ന കാര്യം? **ഉ:** യേശു രാജാവാകുന്നു (18,33.37).

1810 തന്റെ രാജത്വം സംബന്ധിച്ച് പീലാത്തോസിനോടുള്ള മറുപടിയിൽ യേശു രണ്ടു പ്രാവശ്യം ആവർത്തിക്കുന്ന വാചകം? **ഉ:** എന്റെ രാജ്യം ഐഹികമല്ല (18,36).

1811 എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപിക്കപ്പെടാതിരിക്കാൻ ആര് പോരാടുമായിരുന്നു എന്ന് യേശു പീലാത്തോസിനോടു പറഞ്ഞു? **ഉ:** എന്റെ സേവകർ (18,36).

1812 യേശു യഹൂദർക്ക് ഏൽപിക്കപ്പെടാതിരിക്കാൻ അവന്റെ സേവകർ പോരാടാതിരുന്നത് എന്തുകൊണ്ട്? **ഉ:** യേശുവിന്റെ രാജ്യം ഐഹികമല്ലാത്തതിനാൽ (18,36).

1813 യേശു രാജാവാകുന്നു എന്ന് ആരുതന്നെ പറയുന്നുവെന്ന് യേശു പീലാത്തോസിനോടു പറഞ്ഞു? **ഉ:** നീ(പീലാത്തോസ്)തന്നെ (18,37)

1814 താൻ ജനിച്ചതും ഈ ലോകത്തിലേക്കു വന്നതും എന്തിനെന്ന് യേശു പീലാത്തോസിനോടു പറഞ്ഞു? **ഉ:** സത്യത്തിനു സാക്ഷ്യം നൽകാൻ (18,37).

1814 താൻ ജനിച്ചതും ഈ ലോകത്തിലേക്കു വന്നതും സത്യത്തിനു സാക്ഷ്യം നൽകാൻ എന്ന് യേശു പറഞ്ഞത്? **ഉ:** പീലാത്തോസിനോടു (18,37).

1815 യേശുവിന്റെ സ്വരം കേൾക്കുന്നത്? **ഉ:** സത്യത്തിൽനിന്നുള്ളവൻ (18,37).

1816 സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു എന്ന് യേശു പീലാത്തോസിനോടു പറഞ്ഞപ്പോൾ പീലാത്തോസ് അവനോടു ചോദിച്ചത്? **ഉ:** എന്താണു സത്യം? (18,38).

മരണത്തിനു വിധിക്കപ്പെടുന്നു (മത്താ 27,15-31; മർക്കോ 15,6-20; ലൂക്കാ 23,13-25).

**18,38[b]-40** പ്രത്തോറിയത്തിന് പുറത്ത്

**18,38[b]-40 [38b]ഇതു ചോദിച്ചിട്ട് അവൻ വീണ്ടും യഹൂദരുടെ അടുത്തേക്കു ചെന്ന് അവരോടു പറഞ്ഞു: അവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല. [39]എന്നാൽ, പെസഹാദിവസം ഞാൻ നിങ്ങൾക്കൊരുവനെ സ്വതന്ത്രനായി വിട്ടുതരുന്ന പതിവുണ്ടല്ലോ; അതിനാൽ യഹൂദരുടെ രാജാവിനെ ഞാൻ നിങ്ങൾക്കു വിട്ടുതരട്ടെയോ? [40]ഈ മനുഷ്യനെ അല്ല ബറാബ്ബാസിനെ എന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ബറാബ്ബാസ് കൊള്ളക്കാരനായിരുന്നു.**

1817 എന്താണു സത്യം എന്ന് യേശുവിനോടു ചോദിച്ചിട്ട് പീലാത്തോസ് പോയത്? **ഉ:** യഹൂദരുടെ അടുത്തേക്കു (18,36).

1818 എന്താണു സത്യം എന്ന് യേശുവിനോടു ചോദിച്ചിട്ട് പീലാത്തോസ് വീണ്ടും യഹൂദരുടെ അടുത്തു ചെന്ന് അവരോടു പറഞ്ഞത്? **ഉ:** അവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല. എന്നാൽ, പെസഹാദിവസം ഞാൻ നിങ്ങൾക്കൊരുവനെ സ്വതന്ത്രനായി വിട്ടുതരുന്ന പതിവുണ്ടല്ലോ; അതിനാൽ യഹൂദരുടെ രാജാവിനെ ഞാൻ നിങ്ങൾക്കു വിട്ടുതരട്ടെയോ? (18,38-39).

1819 ഏതു ദിവസം പീലാത്തോസ് യഹൂദർക്ക് ഒരുവനെ സ്വതന്ത്രനായി വിടുന്ന പതിവുണ്ടായരുന്നു? **ഉ:** പെസഹാദിവസം (18,39).

1820 പെസഹാദിവസം പീലാത്തോസ് യഹൂദർക്ക് ഒരുവനെ സ്വതന്ത്രനായി വിടുന്ന പതിവുണ്ടായരുന്നതിനാൽ ആരെ ഞാൻ വിട്ടുതരട്ടെയോ എന്നാണ് അവൻ യഹൂദരുടെ അടുത്തേക്കു ചെന്നു ചോദിച്ചത്? **ഉ:** യഹൂദരുടെ രാജാവിനെ (18,39).

1821 ആരെ അല്ല എന്ന് യഹൂദർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു? **ഉ:** ഈ മനുഷ്യനെ (18,40)

1822പീലാത്തോസ് വിട്ടുതരണമെന്ന് യഹൂദർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞ ബറാബ്ബാസ് ആരായിരുന്നു? **ഉ:** കൊള്ളക്കാരൻ (18,40).

അധ്യായം 19 (അധ്യായം 19ൽ 42 വാക്യങ്ങൾ)

19,1-3: (പ്രത്തോറിയത്തിന് അകത്ത്) [1]**പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു. പടയാളികൾ ഒരു മുൾക്കിരീടമുണ്ടാക്കി അവന്റെ തലയിൽ വച്ചു. [2]ഒരു ചെമന്ന മേലങ്കി അവനെ അണിയിച്ചു. [3]അവർ അവന്റെ അടുക്കൽ വന്ന് യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് കൈകൊണ്ട് അവനെ പ്രഹരിച്ചു.**

1823 യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചത്? **ഉ:** പീലാത്തോസ് (19,1).

1824 ഒരു മുൾക്കിരീടമുണ്ടാക്കി യേശുവിന്റെ തലയിൽ വച്ചത്? **ഉ:** പടയാളികൾ (19,1).

1825 ഒരു ചെമന്ന മേലങ്കി യേശുവിനെ അണിയിച്ചത്? **ഉ:** പടയാളികൾ (19,2).

1826 യേശുവിന്റെ അടുക്കൽ വന്ന് യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് കൈകൊണ്ട് അവനെ പ്രഹരിച്ചത്? **ഉ:** പടയാളികൾ (19,3).

1827 പടയാളികൾ എന്തു പറഞ്ഞ് കൈകൊണ്ട് യേശുവിനെ പ്രഹരിച്ചു? **ഉ:** യഹൂദരുടെ രാജാവേ, സ്വസ്തി! (19,3).

1828 പ്രത്തോറിയത്തിന് അകത്തുവച്ച് പടയാളികൾ യേശുവിനോടു ചെയ്തവ? **ഉ:** ഒരു മുൾക്കിരീടമുണ്ടാക്കി യേശുവിന്റെ തലയിൽ വച്ചു (19,1), ഒരു ചെമന്ന മേലങ്കി യേശുവിനെ അണിയിച്ചു (19,2), യേശുവിന്റെ അടുക്കൽ വന്ന് യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് കൈകൊണ്ട് അവനെ പ്രഹരിച്ചു (19,3).

(19,4-7: പ്രത്തോറിയത്തിന് പുറത്ത്)

**19,4-5** [4]**പീലാത്തോസ് വീണ്ടും പുറത്തു വന്ന് അവരോടു പറഞ്ഞു: ഒരു കുറ്റവും ഞാൻ അവനിൽ കാണുന്നില്ല എന്നു നിങ്ങൾ അറിയാൻ ഇതാ, അവനെ നിങ്ങളുടെ അടുത്തേക്കു കൊണ്ടുവരുന്നു. [5]മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു പുറത്തേക്കു വന്നു. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു: ഇതാ, മനുഷ്യൻ!**

1829 പീലാത്തോസ് വീണ്ടും എവിടെ വന്ന് അവരോടു (യഹൂദരോടു) പറഞ്ഞു: ഒരു കുറ്റവും ഞാൻ അവനിൽ കാണുന്നില്ല എന്നു നിങ്ങൾ അറിയാൻ ഇതാ, അവനെ നിങ്ങളുടെ അടുത്തേക്കു കൊണ്ടുവരുന്നു? **ഉ:** (പ്രത്തോറിയത്തിനു) പുറത്തു വന്ന് (19,4).

1830 യേശുവിൽ ഒരുകുറ്റവും പീലാത്തോസ് കാണുന്നില്ല എന്നു യഹൂദർ അറിയാൻ പീലാത്തോസ് ചെയ്തത്? **ഉ:** യേശുവിനെ (പ്രത്തോറിയത്തിനു പുറത്ത്) അവരുടെ അടുത്തേക്കു കൊണ്ടുവരുന്നു എന്നു പറഞ്ഞു (19,4). (18,38ലും പീലാത്തോസ് പ്രത്തോറിയത്തിനു പുറത്ത്) യഹൂദരുടെ അടുത്തേക്കു ചെന്ന് അവരോടു പറഞ്ഞു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല)

1831 ഇതാ, അവനെ നിങ്ങളുടെ അടുത്തേക്കു കൊണ്ടുവരുന്നു എന്നു പീലാത്തോസ് പറഞ്ഞപ്പോൾ പുറത്തേക്കു വന്നത്? **ഉ:** മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു (19,5).

1832 മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു പുറത്തേക്കു വന്നപ്പോൾ പീലാത്തോസ് യഹൂദരോടു പറഞ്ഞത്? **ഉ:** ഇതാ, മനുഷ്യൻ! (19,5).

**19,6-7** [6]**അവനെക്കണ്ടപ്പോൾ പുരോഹിതപ്രമുഖന്മാരും സേവകരും വിളിച്ചുപറഞ്ഞു: അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക! പീലാത്തോസ് പറഞ്ഞു: നിങ്ങൾ തന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ; എന്തെന്നാൽ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. [7]യഹൂദർ പറഞ്ഞു: ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇവൻ മരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനായക്കിയിരിക്കുന്നു.**

1833 മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച യേശുവിനെക്കണ്ടപ്പോൾ അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക! എന്നു വിളിച്ചുപറഞ്ഞത്: **ഉ:** പുരോഹിതപ്രമുഖന്മാരും സേവകരും (19,6).

1833a നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ എന്ന് പീലാത്തോസ് പറഞ്ഞത്? **ഉ:** പുരോഹിതപ്രമുഖന്മാരോടും സേവകരോടും (19,6).



1834 നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ എന്ന് പുരോഹിതപ്രമുഖന്മാരോടും സേവകരോടും പീലാത്തോസ് പറയാൻ കാരണം? **ഉ:** ഞാൻ അവനിൽ (പീലാത്തോസ് യേശുവിൽ) ഒരു കുറ്റവും കാണുന്നില്ല (19,6).

1835 യോഹ 19,6നു സമാനമായ വേദഭാഗം? **ഉ:** ലൂക്കാ 23,4.

1836 പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ; എന്തെന്നാൽ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. മറുപടി പറഞ്ഞത്? **ഉ:** യഹൂദർ (19,7).

1837 പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ; എന്തെന്നാൽ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. യഹൂദർ പറഞ്ഞത്? **ഉ:** ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇവൻ മരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനായക്കിയിരിക്കുന്നു.

1838 യേശു മരിക്കണം എന്നതിന് യഹൂദർ പീലാത്തോസിനോടു പറഞ്ഞ കുറ്റം? **ഉ:** ഇവൻ തന്നെത്തന്നെ ദൈവപുത്രനായക്കിയിരിക്കുന്നു (19,7)

1839 യോഹ 19,7ൽ യഹൂദർ പരാമർശിക്കുന്ന നിയമം ബൈബിളിൽ മറ്റെവിടങ്ങളിൽ? **ഉ:** ലേവ്യ 24,16; മർക്കോ 14,61-64; യോഹ 5,18; 10,33. (ദൈവദൂഷണക്കുറ്റം)

19,8-12: പ്രത്തോറിയത്തിന് അകത്ത്

**19,8-9** [8]**ഇതു കേട്ടപ്പോൾ പീലാത്തോസ് കൂടുതൽ ഭയപ്പെട്ടു. [9]അവൻ വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനോടു ചോദിച്ചു: നീ എവിടെനിന്നാണ്? യേശു മറുപടിയൊന്നും പറഞ്ഞില്ല.**

1840 ഏതു കേട്ടപ്പോൾ പീലാത്തോസ് കൂടുതൽ ഭയപ്പെട്ടു? **ഉ:** ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇവൻ മരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനായക്കിയിരിക്കുന്നു എന്ന് യഹൂദർ പറഞ്ഞതു കേട്ടപ്പോൾ (19,7).

1841 പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനോടു ചോദിച്ചത്? **ഉ:** നീ എവിടെനിന്നാണ്? (19,9).

1842 യേശു പീലാത്തോസിനോടു മറുപടിയൊന്നും പറയാത്ത ചോദ്യം? **ഉ:** നീ എവിടെനിന്നാണ്? (19,9).

**19,10-12** [10]**പീലാത്തോസ് ചോദിച്ചു: നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ? [11]യേശു പ്രതിവചിച്ചു: ഉന്നതത്തിൽനിന്നു നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല. അതിനാൽ, എന്നെ നിനക്കേൽപിച്ചുതന്നവന്റെ പാപം കൂടുതൽ ഗൗരവമുള്ളതാണ്. [12]അപ്പോൾ മുതൽ പീലാത്തോസ് അവനെ വിട്ടയയ്ക്കാൻ ശ്രമമായി. എന്നാൽ, യഹൂദർ വിളിച്ചു പറഞ്ഞു: ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ്.**

1843 യേശു മറുപടിയൊന്നും പറഞ്ഞില്ല. (അപ്പോൾ) പീലാത്തോസ് ചോദിച്ചത്? **ഉ:** നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ?

1844 പീലാത്തോസ് തനിക്ക് എന്തിന് അധികാരമുണ്ടെന്ന് യേശുവിനെ ഓർമിപ്പിച്ചു? **ഉ:** യേശുവിനെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും (19,10).

1845 യേശുവിന്റെമേൽ പീലാത്തോസിനുള്ള അധികാരം എവിടെനിന്നു നൽകപ്പെട്ടതാണെന്ന് പീലാത്തോസിനോട് യേശു പ്രതിവചിച്ചതു സൂചിപ്പിക്കുന്നു? **ഉ:** ഉന്നതത്തിൽനിന്നു നൽകപ്പെട്ടപ്പെട്ടതെന്ന് (19,11).

1846 (യേശു പീലാത്തോസിനോടു പ്രതിവചിച്ചു): അതിനാൽ, എന്നെ നിനക്കേൽപിച്ചുതന്നവന്റെ പാപം കൂടുതൽ ഗൗരവമുള്ളതാണ്. ഏതിനാൽ?/ എന്തുകൊണ്ട്? **ഉ:** യേശുവിന്റെമേൽ പീലാത്തോസിനുള്ള അധികാരം ഉന്നതത്തിൽനിന്നു നൽകപ്പെട്ടപ്പെട്ടതായതിനാൽ (19,11).

1847 അധികാരം സംബന്ധിച്ച് യേശു പീലാത്തോസിനോടു പറയുന്നതിനു (യോഹ 19,11നു) സമാനമായ ഒരു വേദഭാഗം? **ഉ:** റോമാ 13,1. (വായിക്കുക).

1848 എപ്പോൾ മുതൽ പീലാത്തോസ് യേശുവിനെ വിട്ടയയ്ക്കാൻ ശ്രമമായി?

ഉ: ഉന്നതത്തിൽനിന്നു നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ എന്റെമേൽ ഒരധികാര വും നിനക്കുണ്ടാകുമായിരുന്നില്ല... എന്നിങ്ങനെ യേശു പീലാത്തോസിനോടു പ്രതിവചിച്ചപ്പോൾ മുതൽ.

1849 ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ് എന്നു വിളിച്ചുപറഞ്ഞത്? ഉ: യഹൂദർ (19,12).

1850 ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ ആരല്ല എന്നു യഹൂദർ പീലാത്തോസിനോടു പറഞ്ഞു? ഉ: സ്നേഹിതനല്ല (19,12)

1851 തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ് എന്നുയഹൂദർ വിളിച്ചുപറഞ്ഞതിൽ ഉദ്ദേശിക്കുന്നത്? ഉ: യേശു സീസറിന്റെ വിരോധിയാണ് എന്ന് (19,12).

19,13–16 പ്രത്തോറിയത്തിനു പുറത്ത്

**[13]ഈ വാക്കുകൾ കേട്ടപ്പോൾ പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം – ഹെബ്രായഭാഷയിൽ ഗബ്ബാത്ത – എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്നു. [14]അന്നു പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു. അവൻ യഹൂദരോടു പറഞ്ഞു: [15]ഇതാ, നിങ്ങളുടെ രാജാവ്! അവർ വിളിച്ചുപറഞ്ഞു: കൊണ്ടുപോകൂ, അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കൂ. പീലാത്തോസ് അവരോടു ചോദിച്ചു: നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ? പുരോഹിതപ്രമുഖന്മാർ പറഞ്ഞു: സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല. [16]അപ്പോൾ അവൻ യേശുവിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു.**

1852 ഏതു വാക്കുകൾ കേട്ടപ്പോൾ പീലാത്തോസ് യേശുവിനെ (പ്രത്തോറിയത്തിനു) പുറത്തേക്കു കൊണ്ടുവന്നു? ഉ: ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ് എന്നു യഹൂദർ വിളിച്ചുപറഞ്ഞത് (19,12).

1853 പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, ഇരുന്നത്? ഉ: ന്യായാസനത്തിൽ (19,13).

1854 പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, ന്യായാസനത്തിൽ ഇരുന്ന സ്ഥലം വിളിക്കപ്പെടുന്നത്? ഉ: കൽത്തളം – ഹെബ്രായഭാഷയിൽ – ഗബ്ബാത്ത (19,13).

1855 പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം – ഹെബ്രായ ഭാഷയിൽ ഗബ്ബാത്ത – എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്ന ദിവസം? ഉ: പെസഹായുടെ ഒരുക്കത്തിനുള്ള ദിവസം (19,14).

1856പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം – ഹെബ്രായ ഭാഷയിൽ ഗബ്ബാത്ത – എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്നപ്പോൾ എത്രാം മണിക്കൂറായിരുന്നു? ഉ: ഏകദേശം ആറാം മണിക്കൂർ (19,14).

1857 പെസഹായുടെ ഒരുക്കത്തിനുള്ള ദിവസം പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം – ഹെബ്രായ ഭാഷയിൽ ഗബ്ബാത്ത – എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്ന് ഏകദേശം ആറാം മണിക്കൂറിൽ യഹൂദരോടു പറഞ്ഞത്? ഉ: ഇതാ, നിങ്ങളുടെ രാജാവ്! (19,15).

1858 പീലാത്തോസ് ന്യായാസനത്തിൽ ഇരുന്ന് ഇതാ, നിങ്ങളുടെ രാജാവ്! എന്നു യഹൂദരോടു പറഞ്ഞപ്പോൾ അവർ വിളിച്ചുപറഞ്ഞത്? ഉ: കൊണ്ടുപോകൂ, അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കൂ (19,15).

1859 നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ എന്നു പീലാത്തോസ് ചോദിച്ചത്? ഉ: യഹൂദരോട് (19,15).

1860നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ എന്നു പീലാത്തോസ് യഹൂദരോടു ചോദിച്ചതിന് മറുപടി പറഞ്ഞത്? ഉ: പുരോഹിതപ്രമുഖന്മാർ (19,15).

1861നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ എന്നു പീലാത്തോസ് യഹൂദരോടു ചോദിച്ചതിന് പുരോഹിതപ്രമുഖന്മാർ പറഞ്ഞ മറുപടി? ഉ: സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല (19,15).



1862 സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല എന്നു പീലാത്തോസിനോടു പറഞ്ഞത്? ഉ: പുരോഹിതപ്രമുഖന്മാർ (19,15).

1863 എപ്പോൾ പീലാത്തോസ് യേശുവിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു? ഉ: സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല എന്നു പുരോഹിതപ്രമുഖന്മാർ പീലാത്തോസിനോടു പറഞ്ഞപ്പോൾ (19,15–16).

19,17–27: യേശുവിനെ ക്രൂശിക്കുന്നു (മത്താ 27,32–44;മർക്കോ 15,21–32; ലൂക്കാ 23,26–43)

**19,16b–18 [16b]അവർ യേശുവിനെ ഏറ്റുവാങ്ങി.[17]അവൻ സ്വയം കുരിശും ചുമന്നുകൊണ്ട് തലയോടിടം – ഹെബ്രായ ഭാഷയിൽ ഗൊൽഗോഥാ – എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്കു പോയി. 18അവിടെ അവർ അവനെ ക്രൂശിച്ചു; അവനോടൊപ്പം മറ്റു രണ്ടുപേരെയും; യേശുവിനെ മധ്യത്തിലും അവരെ ഇരുവശങ്ങളിലായും.**

1864 ക്രൂശിക്കാനായി യേശുവിനെ ഏറ്റുവാങ്ങിയത്? ഉ: യഹൂദർ.

1865 യേശു സ്വയം കുരിശും ചുമന്നുകൊണ്ട് പോയ സ്ഥലം വിളിക്കപ്പെടുന്നത്? ഉ: തലയോടിടം – ഹെബ്രായ ഭാഷയിൽ ഗൊൽഗോഥാ – (19,17).

1866 യേശുവിനോടൊപ്പം ഇരുവശങ്ങളിലായി ക്രൂശിച്ചത്? ഉ: മറ്റു രണ്ടുപേരെ (19,18).

**19,19പീലാത്തോസ് ഒരു ശീർഷകം എഴുതി കുരിശിനു മുകളിൽ വച്ചു. അത് ഇങ്ങനെയായിരുന്നു; നസറായനായ യേശു, യഹൂദരുടെ രാജാവ്.**

1867 ശീർഷകം എഴുതി കുരിശിനു മുകളിൽ വച്ചത്? ഉ: പീലാത്തോസ് (19,19).

1868 പീലാത്തോസ് കുരിശിനു മുകളിൽ എഴുതി വച്ച ശീർഷകം? ഉ: നസറായനായ യേശു, യഹൂദരുടെ രാജാവ് (19,19).

**19,20യേശുവിനെ ക്രൂശിച്ച സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാൽ യഹൂദരിൽ പലരും ആ ശീർഷകം വായിച്ചു. അത് ഹെബ്രായയിലും ലത്തീനിലും ഗ്രീക്കിലും എഴുതപ്പെട്ടിരുന്നു.**

1869 കുരിശിനു മുകളിൽ എഴുതിവച്ച ശീർഷകം വായിച്ചത്? ഉ: യഹൂദരിൽ പലരും 19,20

1870 യഹൂദരിൽ പലരും ആ ശീർഷകം വായിച്ചു. കാരണം? ഉ: യേശുവിനെ ക്രൂശിച്ച സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാൽ (19,20).

1871 ശീർഷകം എഴുതപ്പെട്ടിരുന്ന ഭാഷകൾ? ഉ: ഹെബ്രായയിലും ലത്തീനിലും ഗ്രീക്കിലും (19,20). – 3 ഭാഷകളിൽ

**19,21–22 [21]യഹൂദരുടെ പുരോഹിതപ്രമുഖന്മാർ പീലാത്തോസിനോടു പറഞ്ഞു: യഹൂദരുടെ രാജാവ് എന്നല്ല, യഹൂദരുടെ രാജാവ് ഞാനാണ് എന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്. [22]പീലാത്തോസ് പറഞ്ഞു: ഞാനെഴുതിയത് എഴുതി.**

1872 യഹൂദരുടെ രാജാവ് എന്നല്ല, യഹൂദരുടെ രാജാവ് ഞാനാണ് എന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത് എന്നു പീലാത്തോസിനോടു പറഞ്ഞത്? ഉ: യഹൂദരുടെ പുരോഹിതപ്രമുഖന്മാർ (19,21).

1873പീലാത്തോസ് പറഞ്ഞു: ഞാനെഴുതിയത് എഴുതി. എന്താണ് പീലാത്തോസ് എഴുതിയത്? ഉ: നസറായനായ യേശു, യഹൂദരുടെ രാജാവ് (19,19).

**19,23–25a [23]പടയാളികൾ യേശുവിനെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു – ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. [24]ആകയാൽ അവർ പരസ്പരം പറഞ്ഞു: നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം. എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് [25a]പടയാളികൾ ഇപ്രകാരം ചെയ്തത്.**

1874 യേശുവിനെ ക്രൂശിച്ചത്? ഉ: പടയാളികൾ (19,23).

1875 യേശുവിനെ ക്രൂശിച്ച പടയാളികൾ എത്ര? ഉ: നാല് (19,23).

1876 ക്രൂശിക്കപ്പെട്ടയേശുവിന്റെ വസ്ത്രങ്ങൾ ഭാഗിച്ചത്? ഉ: പടയാളികൾ (19,23).

1877പടയാളികൾ എടുത്തത്? ഉ: യേശുവിന്റെ അങ്കി (19,23).

1878 ഗൊൽഗോഥായിൽവച്ച് പടയാളികൾ യേശുവിനോടു ചെയ്തവ? ഉ: നാലു പ

ടയാളികൾ യേശുവിനെ ക്രൂശിച്ചു; ക്രൂശിക്കപ്പെട്ടയേശുവിന്റെ വസ്ത്രങ്ങൾ പടയാളികൾ കുറിയിട്ടു ഭാഗിച്ചെടുത്തു (19,23). പടയാളികളിൽ ഒരുവൻ യേശുവിന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി (19,34). (പ്രത്തോറിയത്തിൽവച്ച് പടയാളികൾ യേശുവിനോടു ചെയ്തവ നമ്പർ 1828ൽ, പുറം 112);

1879 യേശുവിന്റെ അങ്കിയുടെ പ്രത്യേകത? **ഉ:** തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു (19,23).

1880 നെയ്തെടുത്ത വസ്ത്രത്തെക്കുറിച്ചു പരാമർശം? **ഉ:** പുറ 28,32.

1881 പടയാളികൾ യേശുവിന്റെ അങ്കി കീറാതെ അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം എന്നാക്കിയത് എന്തിനുവേണ്ടി? **ഉ:** എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി (19,24–25[a]).

1882 എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്ന തിരുവെഴുത്ത്? **ഉ:** സങ്കീ 22,18; 69,21.

**19,25[b]–27 [25b]യേശുവിന്റെ കുറിശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നില്ക്കുന്നുണ്ടായിരുന്നു. [26]യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ. [27]അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു.**

1883 യേശുവിന്റെ കുറിശിന്നരികെ നില്ക്കുന്നുണ്ടായിരുന്നത്? **ഉ:** അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും

1884 അടുത്തു നിൽക്കുന്നത് യേശു കണ്ടത്? **ഉ:** തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും (19,26). യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ: 13,23; 19,26.

1885 യേശു സ്നേഹിച്ചിരുന്ന ശിഷ്യനെക്കുറിച്ച് മുമ്പ് എവിടെ? **ഉ:** യോഹ 13,23.

1886 യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞത്? **ഉ:** സ്ത്രീയേ, ഇതാ, നിന്റെ മകൻ (19,26).

1887 യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് ശിഷ്യനോടു പറഞ്ഞത്? **ഉ:** ഇതാ, നിന്റെ അമ്മ (19,26).

1888 ഇതാ, നിന്റെ അമ്മ എന്ന് യേശു ശിഷ്യനോടു പറഞ്ഞപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വീകരിച്ചത്? **ഉ:** തന്റെ ഭവനത്തിൽ (19,27).

യേശുവിന്റെ മരണം (മത്താ 27,45–56; മർക്കോ 15,33–41; ലൂക്കാ 23,44–490.

**19,28–30 [28]അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു. [29]ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. [30]യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.**

1889 എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടി യേശു പറഞ്ഞത്? **ഉ:** എനിക്കു ദാഹിക്കുന്നു (19,28).

1890 എനിക്കു ദാഹിക്കുന്നു എന്ന് യേശു പറഞ്ഞത്? **ഉ:** തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടി (19,28).

1891 എനിക്കു ദാഹിക്കുന്നു എന്ന് യേശു പറഞ്ഞപ്പോൾ പടയാളികൾ ചെയ്തത്? **ഉ:** വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു (19,29).

1892 യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞത്? **ഉ:** എല്ലാം പൂർത്തിയായിരിക്കുന്നു. 19,30

1893എല്ലാം പൂർത്തിയായിരിക്കുന്നു എന്നു പറഞ്ഞിട്ട് യേശു ചെയ്തത്? **ഉ:** അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു (19,30).

19,31–37: പാർശ്വം പിളർക്കപ്പെടുന്നു

**19,31അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു**



**വലിയ ദിവസമായിരുന്നു. സാബ ത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു.**

1894 യേശു തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ച ദിവസം? **ഉ:** സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസം (19,31).

1895 യേശു തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ച ആ സാബത്തിന്റെ പ്രത്യേകത? **ഉ:** ഒരു വലിയ ദിവസമായിരുന്നു (19,31).

1896 ക്രൂശിക്കപ്പെട്ടവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടത് എന്തിനുവേണ്ടി? **ഉ:** സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി (19,31).

**19,32–33 [32]അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. [33]അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല.**

1897 പടയാളികൾ വന്ന് യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. എന്തിന്? **ഉ:** സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി (19,31). (മരിച്ചെന്ന് ഉറപ്പാക്കി ശരീരങ്ങൾ മാറ്റാൻ).

1898 എന്തുകൊണ്ട് പടയാളികൾ യേശുവിന്റെ കാലുകൾ തകർത്തില്ല? **ഉ:** അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ (19,33).

**19,34എന്നാൽ, പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു.**

1899പടയാളികളിലൊരുവൻ യേശുവിന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു പുറപ്പെട്ടത്? **ഉ:** രക്തവും വെള്ളവും (19,34).

**19,35അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടുന്നതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു.**

1900 പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു. അതു സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്? **ഉ:** അതു കണ്ടയാൾതന്നെ (19,35).

19019പൂരിപ്പിക്കുക: അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ ... സത്യവുമാണ് (19,35). **ഉ:** സാക്ഷ്യം. (കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിനാൽ സത്യമാണ് എന്ന്).

1902 താൻ സത്യമാണു പറയുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നവൻ അറിയുകയും ചെയ്യുന്നു. എന്തിന്? **ഉ:** നിങ്ങളും വിശ്വസിക്കേണ്ടുന്നതിന് (19,35).

**19,37–38 [37]അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്. [38]മറ്റൊരു തിരുവെഴുത്തു പറയുന്നു: തങ്ങൾ കുത്തി മുറിവേൽപിച്ചവനെ അവർ നോക്കിനിൽക്കും.**

1903 യേശു മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ പടയാളികൾ യേശുവിന്റെ കാലുകൾ തകർത്തില്ല. ഇതു സംഭവിച്ചത് ഏതു തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ്? **ഉ:** അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് (പുറ 12,46; സംഖ്യ 9,12; സങ്കീ 34,20) പൂർത്തിയാകാൻവേണ്ടി.

1904അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്തു (പുറ 12,46; സംഖ്യ 9,12; സങ്കീ 34,20) പൂർത്തിയാകാൻവേണ്ടി പടയാളികൾ ചെയ്തത്? **ഉ:** യേശുവിന്റെ കാലുകൾ തകർത്തില്ല 19,33).

1905 തങ്ങൾ കുത്തി മുറിവേൽപിച്ചവനെ അവർ നോക്കിലിൽക്കും. ഈ തിരുവെഴുത്ത് എവിടെ? **ഉ:** സഖറിയ 12,10; വെളി 1,7.

1906 തങ്ങൾ കുത്തി മുറിവേൽപിച്ചവനെ അവർ നോക്കിലിൽക്കും. ഈ തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി പടയാളികളിലൊരുവൻ ചെയ്തത്? **ഉ:** പടയാളികളിലൊരുവൻ യേശുവിന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി (19,34).

യേശുവിനെ സംസ്കരിക്കുന്നു (മത്താ 27,57–61; മർക്കോ 15,42–47; ലൂക്കാ 23,50–56)

**19,38യഹൂദരോടുള്ള ഭയം നിമിത്തം യേശുവിന്റെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ ശരീരം എടുത്തുമാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. അവൻ വന്ന് ശരീരം എടുത്തുമാറ്റി.**

1907പീലാത്തോസിനോട് അനുവാദം ചോദിച്ചു വാങ്ങി യേശുവിന്റെ ശരീരം എടുത്തു മാറ്റിയത്? **ഉ:** അരിമത്തിയാക്കാരൻ ജോസഫ് (19,38).

1908 അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ? **ഉ:** രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്നവൻ (19,38). **ഉ:** അരിമത്തിയാക്കാരൻ ജോസഫ് (19,38)

**19,39യേശുവിനെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദിമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു.**

1909 അരിമത്തിയാക്കാരൻ ജോസഫ് യേശുവിന്റെ ശരീരം എടുത്തുമാറ്റിയിടത്ത് എത്തിയത്? **ഉ:** യേശുവിനെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദിമോസ് (19,39)

1910 നിക്കോദിമോസ് കൊണ്ടുവന്നിട്ടുണ്ടായിരുന്നത്? **ഉ:** മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യം (19,39).

1911 നിക്കോദിമോസ് യേശുവിനെ ആദ്യം രാത്രിയിൽ ചെന്നുകണ്ടത് വിവരിക്കുന്നത്? **ഉ:** യോഹ 3,1; 7,50.

**19,40അവർ യേശുവിന്റെ ശരീരമെടുത്തു യഹൂദരുടെ ശവസംസ്കാരരീതിയനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു.**

1912 യേശുവിന്റെ ശരീരമെടുത്തു യഹൂദരുടെ ശവസംസ്കാരരീതിയനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞത്? **ഉ:** അരിമത്തിയാക്കാരൻ ജോസഫും നിക്കോദിമോസും (19,40).

1913 യേശുവിന്റെ ശരീരം സുഗന്ധദ്രവ്യങ്ങൾ പൂശിയെന്ന സൂചന മർക്കോ 16,1;14,8ലും.

**19,41അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു.**

1914 യേശുവിനെ സംസ്കരിച്ച കല്ലറ എവിടെ? **ഉ:** അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഉണ്ടായിരുന്ന തോട്ടത്തിൽ (19,41).

1915 യേശുവിനെ സംസ്കരിച്ച കല്ലറയുടെ പ്രത്യേകത? **ഉ:** അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറ (19,41).

1916 യേശുവിനെ ഈ മനുഷ്യൻ എന്ന് 18-19 അധ്യായങ്ങളിൽ: **ഉ:** 18,17 (പരിചാരിക), 18,29 (പീലാത്തോസ്), 18,40 യഹൂദർ), 19,5 (പീലാത്തോസ്).

1917യഹൂദരുടെ രാജാവ് എന്ന് യേശുവിനെ പറഞ്ഞവർ? **ഉ:** പീലാത്തോസ് (18,33; 18,39; 19,15; 19,19 (പീലാത്തോസ് എഴുതിയ മേലെഴുത്ത്); 18,37 രാജാവ് എന്നു മാത്രം പീലാത്തോസ്). പടയാളികൾ (19,3) 19,21ൽ രണ്ടു പ്രാവശ്യം യഹൂദർ, മേലെഴുത്ത് തിരുത്തുന്നതിന്).

1918 പീലാത്തോസ് യേശുവിനോടു ചോദിച്ച ചോദ്യങ്ങൾ? -5 **ഉ:** നീ യഹൂദന്മാരുടെ രാജാവാണോ? (18,33); അപ്പോൾ നീ രാജാവാണ് അല്ലേ? (18,37); നീ എവിടെ നിന്നാണ് (19,9); നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ? (19,10).

1919 യേശുവിൽ കുറ്റമൊന്നും കാണുന്നില്ല എന്ന് പീലാത്തോസ് എത്ര പ്രാവശ്യം പറഞ്ഞു? **ഉ:** മൂന്നു പ്രാവശ്യം: 18,38; 19,4. 6. - 3 പ്രാവശ്യം.

1920 പടയാളികൾ യേശുവിനോടു ചെയ്തവ? **ഉ:** യേശുവിനെ പിടിച്ചു ബന്ധിച്ച് പ്രധാന പുരോഹിതനായ അന്നാസിന്റെ അടുത്തേക്കു കൊണ്ടുപോകാൻ കൂടി (18,12-13); ഒരു മുൾക്കിരീടമുണ്ടാക്കി അവന്റെ തലയിൽ വച്ചു (19,1), ഒരു ചെമന്ന മേലങ്കി അവനെ അണിയിച്ചു (19,2); അവന്റെ അടുക്കൽ വന്ന് യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് കൈകൾകൊണ്ടു പ്രഹരിച്ചു (19,3); യേശുവിനെ ക്രൂശിച്ചു (19,23); അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചെടുത്തു (19,23); പടയാളികളിലൊരുവൻ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി (19,34).

അധ്യായം 20 (അധ്യായം 20ൽ 31 വാക്യങ്ങൾ)



ശൂന്യമായ കല്ലറ (മത്താ 28,1-10; മർക്കോ 16,1-8; ലൂക്കാ 24,1-12)

**20,1 ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു. ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു.**

1921 യേശുവിന്റെ ശവകുടീരത്തിന്റെ സമീപത്തേക്കു ആദ്യം വന്നത്? **ഉ:** മഗ്ദലേന മറിയം (20,1).

1922മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നത്? **ഉ:** ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ (20,1).

1923 മഗ്ദലേനമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു കണ്ടത്? **ഉ:** ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി (20,1).

**20,2 അവൾ ഉടനെ ഓടി ശിമയോൻ പത്രോസിന്റെയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റെയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ.**

1924 യേശുവിന്റെ ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി കണ്ട് മഗ്ദലേന മറിയം ഉടനെ ഓടി അടുത്തെത്തിയത്? **ഉ:** ശിമയോൻ പത്രോസിന്റെയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റെയും (20,2).

1925 യേശുവിന്റെ ശവകുടീരത്തിന്റെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി കണ്ട് മഗ്ദലേന മറിയം ഉടനെ ഓടി ശിമയോൻ പത്രോസിന്റെയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റെയും അടുത്തെത്തി പറഞ്ഞത്? **ഉ:** കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ (20,2). nbമറിയം പറഞ്ഞത്: ഞങ്ങൾക്കറിഞ്ഞുകൂടാ.

**20,3-5 [3]പത്രോസ് ഉടനെ മറ്റേ ശിഷ്യനോടുകൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. [4]എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗത്തിൽ ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി. [5]കുനിഞ്ഞു നോക്കിയപ്പോൾ കച്ച കിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല.**

1926 പത്രോസ് ഉടനെ കല്ലറയുടെ അടുത്തേക്കു പോയത്? **ഉ:** (യേശു സ്നേഹിച്ചിരുന്ന) മറ്റേ ശിഷ്യനോടുകൂടെ (20,3).

1927 അവർ ഇരുവരും ഒരുമിച്ച് ഓടി. എന്നാൽ, ആദ്യം കല്ലറയുടെ അടുത്തെത്തിയത്? **ഉ:** (യേശു സ്നേഹിച്ചിരുന്ന) മറ്റേ ശിഷ്യൻ (20.4).

1928 കുനിഞ്ഞുനോക്കിയപ്പോൾ കച്ച കിടക്കുന്നത് കണ്ടത്? **ഉ:** (യേശു സ്നേഹിച്ചിരുന്ന) മറ്റേ ശിഷ്യൻ (20.4). എങ്കിലും അകത്തു പ്രവേശിച്ചില്ല.

**20,6-7അവന്റെ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തുവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്ത് ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു.**

1929 യേശുവിന്റെ കല്ലറയിൽ ആദ്യം പ്രവേശിച്ചത്? **ഉ:** ശിമയോൻ പത്രോസ് (20,6-7).

1930 യേശുവിന്റെ കല്ലറയിൽ ആദ്യം പ്രവേശിച്ച ശിമയോൻ പത്രോസ് അവിടെ കണ്ടത്? **ഉ:** കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തുവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും (20,6-7). (കച്ചയും തലയിൽ കെട്ടിയിരുന്ന തുവാലയും). ഇവ ആദ്യം കണ്ടത് പത്രോസ്.

**20,8 അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു.**

1931 കല്ലറയുടെ സമീപത്ത് ആദ്യം എത്തിയത്? **ഉ:** മറ്റേ ശിഷ്യൻ (20,8).

1932 കല്ലറയുടെ അകത്തു പ്രവേശിച്ചു കണ്ടു വിശ്വസിച്ചത്? **ഉ:** കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യൻ (20,8).

**20,9 അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല.**

1933 അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ലാത്ത തിരുവെഴുത്ത്? **ഉ:** അവൻ മരി

ച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു (20,9).

1934 അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അതുവരെ മനസ്സിലാക്കിയിരുന്നില്ലാത്ത ശിഷ്യന്മാർ? **ഉ:** ശിമയോൻ പത്രോസും മറ്റെ ശിഷ്യനും (20,9).

1935 അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് (20,9) മറ്റെവിടെ സൂചിതം? **ഉ:** ലൂക്കാ 24,26. 46.

**20,10അനന്തരം ശിഷ്യന്മാർ മടങ്ങിപ്പോയി.**

യേശു മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെടുന്നു (മർക്കോ 16,9–11)

**20,11–12 11മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു. അവൾ കരഞ്ഞു**
**കൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി. 12വെള്ളവസ്ത്രം**
**ധരിച്ച രണ്ടു ദൂതന്മാർ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തല**
**യ്ക്കലും ഇതരൻ കാൽക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു.**

(**nb:** 20,11–17 വാക്യങ്ങളിലെ മറിയം മഗ്ദലേനമറിയം ആണ്. എന്നാൽ 11–17 വാക്യങ്ങളിൽ മഗ്ദലേന എന്നില്ല; മറിയം എന്നു മാത്രമേയുള്ളു. 20,11–17ലെ ഭാഗത്തുനിന്നുള്ളവയ്ക്ക് മഗ്ദലേന എന്നു ചേർക്കരുത്; മറിയം എന്നുതന്നെ പഠിക്കണം. ഏതു മറിയം എന്നു വാക്കാൽ എടുത്തുചോദിച്ചാൽ മഗ്ദലേനമറിയം എന്നു പറയുക).

1936 മറിയം കരഞ്ഞുകൊണ്ടു നിന്നത്? **ഉ:** കല്ലറയ്ക്കു വെളിയിൽ (20,11)

1936a മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി, കണ്ടത്? **ഉ:** വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ കാൽക്കലുമായി ഇരിക്കുന്നത് (20,12). (രണ്ടു ദൂതന്മാർ; യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്)

1937 യോഹ 20,12ലെപ്പോലെ കല്ലറയിൽ ദൂതനെ/ദൂതന്മാരെക്കുറിച്ചു പരാമർശിക്കുന്ന സുവിശേഷഭാഗങ്ങൾ? **ഉ:** ലൂക്കാ 24,4; മത്താ 28,5; മർക്കോ 16,5.

**20,13–14 13അവർ അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്?**
**അവൾ പറഞ്ഞു: എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ**
**അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. 14ഇതു**
**പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് അവൾ കണ്ടു.**
**എന്നാൽ, അത് യേശുവാണെന്ന് അവൾക്കു മനസ്സിലായില്ല.**

1938 കല്ലറയിൽ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, (ഒരുവൻ തലയ്ക്കലും ഇതരൻ കാൽക്കലുമായി) ഇരുന്ന രണ്ടു ദൂതന്മാർ മറിയത്തോടു ചോദിച്ചത്?
**ഉ:** സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? (20,12–13).

1939 എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ എന്ന് മറിയം പറഞ്ഞത്?
**ഉ:** കല്ലറയിൽ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഇരുന്ന രണ്ടു ദൂതന്മാരോട് 20, 12–13). (20,13: മറിയം ദൂദതന്മാരോടു പറയുന്നത്: എനിക്കറിഞ്ഞുകൂടാ).

1940 ഇതു പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ മറിയം കണ്ടത്? **ഉ:** യേശു നിൽക്കുന്നത് (20,14). എന്നാൽ അത് യേശുവാണെന്ന് അവൾക്കു മനസ്സിലായില്ല.

1941 ഉയിർത്തെഴുന്നേറ്റ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ മനസ്സിലാകാത്ത സന്ദർഭം യോഹ 20,14ലെപ്പോലെ? **ഉ:** യോഹ 21,4. (മത്താ 28,9 എന്ന പി.ഒ.സി അടികുറിപ്പ് സാമ്യം വ്യക്തമല്ല).

**20,15യേശു അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം.**

1942 യേശു അവളോടു ചോദിച്ചത്? **ഉ:** സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? (20,15). (nb സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? എന്ന് ദൂതന്മാരും യേശുവും മറിയത്തോടു ചോദിച്ചു).

1943 സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? എന്ന് യേശു ചോദിച്ചപ്പോൾ അവൾ വിചാരിച്ചത്? **ഉ:** അതു തോട്ടക്കാരനാണെന്ന് (20,15).



1944 തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ യേശുവിനെ വിളിച്ചത്? **ഉ:** പ്രഭോ. (20,15

1945 തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ യേശുവിനോടു പറഞ്ഞത്? **ഉ:** പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം (20,15).

1946 അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം എന്നു മറിയം പറഞ്ഞത്?
**ഉ:** യേശുവിനോട് (20,15).

1947 പത്രോസ്, യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻ എന്നിവരോടും കല്ലറയിലെ ദൂതന്മാരോടും യേശുവിനോടുമുള്ള സംഭാഷണത്തിൽ (മഗ്ദലേന)മറിയം അന്വേഷിക്കുന്ന ഒരു കാര്യം? **ഉ:** യേശുവിനെ വച്ചിരിക്കുന്നത് എവിടെയെന്ന് (20,2.13.15).

**20,16യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ വിളിച്ചു – ഗുരു എന്നർഥം.**

1948 പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടുപോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം എന്നു മറിയം പറഞ്ഞപ്പോൾ യേശു അവളെ വിളിച്ചത്? **ഉ:** മറിയം! (20,16).

1949 യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് യേശുവിനെ വിളിച്ചു?
**ഉ:** റബ്ബോനി (20,16).

1950 റബ്ബോനി – ഭാഷ? **ഉ:** ഹെബ്രായ. അർഥം? **ഉ:** ഗുരു (20,16).

**20,17യേശു പറഞ്ഞു: നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. എന്തെന്നാൽ, ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തു ചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക.**

1951 മറിയത്തോട് യേശു പറഞ്ഞു: നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. യേശു പറഞ്ഞ കാരണം? **ഉ:** എന്തെന്നാൽ, ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല (20,17).

1952 ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്ന് ആരോടു പറയുക എന്ന് യേശു മറിയത്തോടു പറഞ്ഞു? **ഉ:** എന്റെ സഹോദരന്മാരുടെ അടുത്തു ചെന്ന് അവരോട് (20,17).

1953 താൻ ആരുടെ അടുത്തേക്ക് ആരോഹണം ചെയ്യുന്നുവെന്നുവെന്നാണ് യേശു പറഞ്ഞത്? **ഉ:** എന്റെ പിതാവിന്റെയും എന്റെ സഹോദരന്മാരുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും എന്റെ സഹോദരന്മാരുടെ ദൈവത്തിന്റെയും അടുത്തേക്ക് (20,17).

**20,18മഗ്ദലേനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരെ അറിയിച്ചു.**

1954 മഗ്ദലേനമറിയം ചെന്ന് ഞാൻ ആരെ കണ്ടു എന്നും അവൻ എന്ത് തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരെ അറിയിച്ചു? **ഉ:** കർത്താവിനെ, ഇക്കാര്യങ്ങൾ(20,18)

1955 മഗ്ദലേനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും അറിയിച്ചത്? **ഉ:** ശിഷ്യന്മാരെ (20,18).

1956 യോഹ 20,18നു സമാനമായ വേദഭാഗം? **ഉ:** ലൂക്കാ 24,10 (ലൂക്കാ 24,10–23 എന്ന പി.ഒ.സി അടിക്കുറിപ്പ് ശരിയല്ല).

ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു (മത്താ 28,16–20; മർക്കോ 16,14–18; ലൂക്കാ 24,36–49).

**20,19–20 19ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയ**
**ന്നു കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു:**
**നിങ്ങൾക്കു സമാധാനം! 20ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും**
**പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു.**

1957 യേശു ഉയിർത്തെഴുന്നേറ്റ ദിവസം? **ഉ:** ആഴ്ചയുടെ ഒന്നാം/ആദ്യ ദിവസം.

1958 ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ടത്? **ഉ:** ആഴ്ച

യുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്നു കതക ടച്ചിരിക്കെ (20,19).

1959 ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്നു കതകടച്ചിരിക്കെ യേശു പ്രത്യക്ഷപ്പെട്ട വിധം? **ഉ:** യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു (20,19-20).

1960 നിങ്ങൾക്കു സമാധാനം! എന്നു പറഞ്ഞുകൊണ്ട് യേശു ശിഷ്യന്മാരെ കാണിച്ച ത്? **ഉ:** തന്റെ കൈകളും പാർശ്വവും (20,20).

1961 യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോട് നിങ്ങൾക്കു സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. അവർ കണ്ടത്? **ഉ:** കർത്താവിനെ (20,20).

1962 യേശുവിന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാർ ആദ്യമായി സന്തോഷിച്ചത്? **ഉ:** കർത്താവിനെ കണ്ട് (20,20).

**20,21-23 [21]യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. [22]ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരി ശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. [23]നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കു ന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.**

1963 കർത്താവിനെ കണ്ടു ശിഷ്യന്മാർ സന്തോഷിച്ചു. അവരോട് യേശു വീണ്ടും പറ ഞ്ഞതിന്റെ ആരംഭം? **ഉ:** നിങ്ങൾക്കു സമാധാനം! (20,21)

1964 പൂരിപ്പിക്കുക: യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ... എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു (യോഹ 20,21). **ഉ:** പിതാവ്

1965 നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയ യ്ക്കുന്നു. [22]ഇതു പറഞ്ഞിട്ട് യേശു ചെയ്തത്? **ഉ:** അവരുടെമേൽ നിശ്വസിച്ചു കൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കു വിൻ. [23]നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്ക പ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെ ട്ടിരിക്കും.

1966 യോഹന്നാന്റെ സുവിശേഷത്തിൽ, ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്കു പരി ശുദ്ധാത്മാവിനെ നൽകുന്നത് വിവരിക്കുന്നിടം? **ഉ:** 20,22. (ഉയിർപ്പുദിവസം വൈ കിട്ട് യഹൂദന്മാരെ ഭയന്നു കതകടച്ചിരിക്കെ)

1967 യോഹ 20,22നു സമാനമായ പു. നിയമഭാഗം? **ഉ:** മത്തപ്പ 2, 4.33.

1968 യോഹന്നാന്റെ സുവിശേഷത്തിൽ, ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്കു പാപ മോചനാധികാരം നൽകുന്നത് വിവരിക്കുന്നിടം? **ഉ:** 20,22. (ഉയിർപ്പുദിവസം വൈ കിട്ട് ശിഷ്യന്മാർ യഹൂദന്മാരെ ഭയന്നു കതകടച്ചിരിക്കെ)

1969 യോഹ 20,23നു സമാനമായ - യേശു ശിഷ്യന്മാർക്കു പാപമോചനാധികാരം നല് കുന്നതു വിവരിക്കുന്ന - മറ്റു സുവിശേഷഭാഗങ്ങൾ? **ഉ:** മത്താ 16,19; 18,18.

തോമസിന്റെ സംശയം

**20,24 പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടുകൂടെ ഉണ്ടായിരുന്നില്ല.**

1970 ഉയിർപ്പുദിവസം വൈകിട്ട് ശിഷ്യന്മാർ യഹൂദന്മാരെ ഭയന്നു കതകടച്ചിരിക്കെ യേശു വന്നപ്പോൾ അവരോടുകൂടെ ഇല്ലായിരുന്നത്? **ഉ:** പന്ത്രണ്ടുപേരിലൊരുവനും ദിദി മോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ് (20,24).

1971 തോമസിന്റെ വിളിപ്പേര്? **ഉ:** ദിദിമോസ് (20,24; 11,16ലും). ദിദിമോസ് = ഇരട്ട

**20,25 അതുകൊണ്ടു മറ്റു ശിഷ്യന്മാർ അവനോടു പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ, അവൻ പറഞ്ഞ: അവന്റെ കൈകളിൽ ആണികളുടെ പഴുതു കൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വ ത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.**

1972 യേശു വന്നപ്പോൾ തോമസ് അവരോടുകൂടെ ഇല്ലായിരുന്നതുകൊണ്ടു മറ്റു ശിഷ്യ ന്മാർ അവനോടു പറഞ്ഞത്? **ഉ:** ഞങ്ങൾ കർത്താവിനെ കണ്ടു (20,25).

1973 ഞങ്ങൾ കർത്താവിനെ കണ്ടു എന്ന് ശിഷ്യന്മാർ തോമസിനോടു പറഞ്ഞു. എന്നാൽ, അവൻ പറഞ്ഞത്? **ഉ:** അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല (20,25).

1974 വിശ്വസിക്കാൻ തോമസ് പറഞ്ഞ കാര്യങ്ങൾ (3 എണ്ണം)? **ഉ:** അവന്റെ കൈക ളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും / അവയിൽ എന്റെ വിരൽ ഇടുകയും / അവന്റെ പാർശ്വത്തിൽ എന്റെകൈ വയ്ക്കുകയും ചെയ്യുക(20,25).

**20,26-29 [26]എട്ടു ദിവസങ്ങൾക്കുശേഷം വീണ്ടും അവന്റെ ശിഷ്യന്മാർ വീട്ടിൽ ആയി രുന്നപ്പോൾ തോമസും അവരോടുകൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചിരു ന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! [27]അവൻ തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടു വരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. [28]തോമസ് പറ ഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! [29]യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.**

1975 തോമസ് ശിഷ്യന്മാരോടുകൂടെയുണ്ടായിരുന്നത്? **ഉ:** എട്ടു ദിവസങ്ങൾക്കു ശേഷം വീണ്ടും അവന്റെ (യേശുവിന്റെ) ശിഷ്യന്മാർ വീട്ടിൽ ആയിരുന്നപ്പോൾ (20,26).

1976 വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് ശിഷ്യന്മാരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞത്? **ഉ:** നിങ്ങൾക്കു സമാധാനം! (20,27).

1977 വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു തോമസിനോടു പറഞ്ഞത്? **ഉ:** നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാ സിയാകാതെ വിശ്വാസിയിരിക്കുക (20,27). (4 കാര്യങ്ങൾ)

1978 നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയിരിക്കുക എന്ന് യേശു പറഞ്ഞു. തോമസ് പറഞ്ഞത്? **ഉ:** എന്റെ കർത്താവേ, എന്റെ ദൈ വമേ (20,28).

1979 എന്റെ കർത്താവേ, എന്റെ ദൈവമേ എന്നു തോമസ് പറഞ്ഞപ്പോൾ യേശു അവ നോടു പറഞ്ഞത്? **ഉ:** നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ (20,29).

1980 കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്ന് യേശു പറഞ്ഞത്? **ഉ:** തോമസിനോട് (20,29).

1981 കാണാതെ വിശ്വസിക്കുന്നതിനെപ്പറ്റി പറയുന്ന വേറൊരു വേദഭാഗം? **ഉ:** 1 പത്രോ 1,8.

**20,30-31 [30]ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യ രുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. 31എന്നാൽ, ഇവതന്നെയും എഴുതപ്പെ ട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസി ക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമ ത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.**

1982 ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത എന്ത് യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു? **ഉ:** അനേകം അടയാളങ്ങൾ (20,30).

1983 ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത അനേകം അടയാളങ്ങളും യേശുപ്രവർത്തിച്ചത്? **ഉ:** ശിഷ്യരുടെ സാന്നിധ്യത്തിൽ (20,30).

1984 യോഹ 20,30നു സമാനമായ വാക്യം? **ഉ:** യോഹ 21,25.

1660 യോഹന്നാന്റെ സുവിശേഷത്തിൽ, യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർ

ത്തിച്ച അടയാളങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് എന്തിന്? (യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം?) **ഉ:** യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു ശിഷ്യർ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം ശിഷ്യർക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടി (20,31)

1985 യോഹന്നാന്റെ സുവിശേഷത്തിൽ, യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ച അടയാളങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് യേശു ആരാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിന്? **ഉ:** യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന്.

1986 യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു വിശ്വസിക്കുന്നത്? **ഉ:** വിശ്വസിക്കുക നിമിത്തം അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനുവേണ്ടി (20,31).

1986 യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നവർക്കുണ്ടാകുന്നത്? **ഉ:** അവന്റെ നാമത്തിൽ ജീവൻ (20,31).

1987 വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനെപ്പറ്റിയുള്ള സമാനമായ ഒരു വാക്യം? **ഉ:** യോഹ 3,14. (പി.ഒ.സി ബൈബിളിൽ 3,15 ഇല്ല. 3,14ൽ ആണ് സമാനമായ ഭാഗം: തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന്). (3,15 എന്നാണ് അടിക്കുറിപ്പ്).

## യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു

### അധ്യായം 21 (അധ്യായം 25ൽ 21 വാക്യങ്ങൾ)

**21,1 [1]ഇതിനുശേഷം യേശു തിബേരിയാസ് കടൽത്തീരത്തുവച്ച് ശിഷ്യന്മാർക്കു വീണ്ടും**
**തന്നെത്തന്നെ വെളിപ്പെടുത്തി. അവൻ വെളിപ്പെടുത്തിയത് ഇപ്രകാരമാണ്:**

1988 തോമസും യേശുവും തമ്മിലുള്ള സംഭാഷണം നടന്നതിനുശേഷം യേശു ശിഷ്യന്മാർക്കു വീണ്ടും തന്നെത്തന്നെ വളിപ്പെടുത്തിയത് എവിടെവച്ച്? **ഉ:** തിബേരിയാസ് കടൽത്തീരത്തുവച്ച് (21,1).

**21,2–3 [2]ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലി**
**യിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രന്മാർ എന്നിവരും**
**വേറെ രണ്ടു ശിഷ്യന്മാരും ഒരുമിച്ചിരിക്കുകയായിരുന്നു. [3]ശിമയോൻ പത്രോസ്**
**പറഞ്ഞു: ഞാൻ മീൻ പിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു: ഞങ്ങളും**
**നിന്നോടുകൂടെ വരുന്നു. അവർ പോയി വള്ളത്തിൽ കയറി. എന്നാൽ, ആ രാത്രി**
**യിൽ അവർക്ക് ഒന്നും കിട്ടിയില്ല.**

1989 നഥാനയേലിന്റെ ദേശം? **ഉ:** ഗലീലിയിലെ കാനാ (21,2).

1990 തിബേരിയാസ് കടൽത്തീരത്ത് ഒരുമിച്ചിരിക്കുകയായിരുന്നത് ആരെല്ലാം? **ഉ:** ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽ നിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രന്മാർ എന്നിവരും വേറെ രണ്ടു ശിഷ്യന്മാരും (21,2). (ഇവർ ഒരുമിച്ചു മീൻ പിടിക്കാൻ പോയി).

1991 ശിമയോൻ പത്രോസ് പറഞ്ഞത്? **ഉ:** ഞാൻ മീൻ പിടിക്കാൻ പോകുകയാണ് (21,3)

1992 ഞങ്ങളും നിന്നോടുകൂടെ വരുന്നു എന്നു പറഞ്ഞവർ? **ഉ:** ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ,സെബദിയുടെ പുത്രന്മാർ എന്നിവരും വേറെ രണ്ടു ശിഷ്യന്മാരും (21,2).

1993അവർ പോയി വള്ളത്തിൽ കയറി. അവർ മീൻ പിടിച്ചത്? **ഉ:** രാത്രിയിൽ (21,3)

1994പൂരിപ്പിക്കുക: ആ രാത്രിയിൽ അവർക്ക് ... (21,3). **ഉ:** ഒന്നും കിട്ടിയില്ല.

**21,4–5 [4]ഉഷസ്സായപ്പോൾ യേശു കടൽക്കരയിൽ വന്നു നിന്നു. എന്നാൽ, അതു യേശു**
**വാണെന്നു ശിഷ്യന്മാർ അറിഞ്ഞില്ല. [5]യേശു അവരോടു ചദിച്ചു: കുഞ്ഞുങ്ങളേ,**
**നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു.**

1995 ഉയിർത്തെഴുന്നേറ്റ യേശു കടൽക്കരയിൽ വന്നു നിന്നത്? **ഉ:** ഉഷസ്സായപ്പോൾ (21,4.

1996 എന്നാൽ, അത് യേശുവാണെന്ന് അറിയാഞ്ഞത്? **ഉ:** ശിഷ്യന്മാർ (21,4).

1997 യേശു അവരോടു ചോദിച്ചത്? **ഉ:** കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? (21,5).

1998നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? എന്ന് യേശു ചോദിക്കാൻ കാരണം? **ഉ:** അവരെല്ലാം പത്രോസിനോടുകൂടെ മീൻ പിടിക്കാനാണ് പോയത് (21,3).

**21,6അവൻ പറഞ്ഞു: വള്ളത്തിന്റെ വലത്തുവശത്തു വലയിടുക. അപ്പോൾ നിങ്ങ**



**ൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്യസ്യത്തിന്റെ ആധി**
**ക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല.**

1999 ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. യേശു പറഞ്ഞത്? **ഉ:** വള്ളത്തിന്റെ വലത്തുവശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും (21,6).

2000 അവർ വലയിട്ടു. അപ്പോൾ എന്തു നിമിത്തം അതു വലിച്ചുകയറ്റാൻ അവർക്കു കഴിഞ്ഞില്ല? **ഉ:** മത്സ്യത്തിന്റെ ആധിക്യം നിമിത്തം (21,6).

2001 യേശു പറഞ്ഞിട്ട് വലയിറക്കി ശിമയോൻ പത്രോസിനും കൂട്ടർക്കും യോഹ 21,3–6ലെപ്പോലെ ധാരാളം മത്സ്യം ലഭിച്ച വിവരണം മറ്റെവിടെ? **ഉ:** ലൂക്കാ 5,3–7.

2002 യോഹ 21,5ലെപ്പോലെ, ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാരോട് (ഭക്ഷിക്കാൻ) വല്ലതുമുണ്ടോ എന്നു ചോദിക്കുന്നത് മറ്റെവിടെ? **ഉ:** ലൂക്കാ 24,41.

**21,7 യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: അതു കർത്താ**
**വാണ്. അതു കർത്താവാണെന്നു കേട്ടപ്പോൾ ശിമയോൻ പത്രോസ് താൻ നഗ്ന**
**നായിരുന്നതുകൊണ്ടു പുറങ്കുപ്പായം എടുത്തു ധരിച്ചു കടലിലേക്കു ചാടി.**

2003 ആര് പത്രോസിനോടു പറഞ്ഞു: അതു കർത്താവാണ്. **ഉ:** യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ (21,7).

2004 ഉയിർത്തെഴുന്നേറ്റ യേശു തിബേരിയാസ് കടൽത്തീരത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ അവനെ തിരിച്ചറിഞ്ഞത്? **ഉ:** യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ (21,7).

2005 അതു കർത്താവാണെന്നു കേട്ടപ്പോൾ താൻ നഗ്നനായിരുന്നതുകൊണ്ട് പുറങ്കുപ്പായം എടുത്തു ധരിച്ചു കടലിലേക്കു ചാടിയത്? **ഉ:** ശിമയോൻ പത്രോസ് (21,7).

**21,8 എന്നാൽ, മറ്റു ശിഷ്യന്മാർ മീൻ നിറഞ്ഞ വലയും വലിച്ചുകൊണ്ടു വള്ളത്തിൽ**
**ത്തന്നെ വന്നു. അവർ കരയിൽനിന്ന് ഏകദേശം ഇരുനൂറു മുഴത്തിലധികം**
**അകലെയല്ലായിരുന്നു.**

2006 പൂരിപ്പിക്കുക: എന്നാൽ, മറ്റു ശിഷ്യന്മാർ മീൻ നിറഞ്ഞ വലയും വലിച്ചുകൊണ്ടു വള്ളത്തിൽത്തന്നെ വന്നു. അവർ ... ... ... അകലെയല്ലായിരുന്നു (21,8). **ഉ:** ഏകദേശം ഇരുനൂറു മുഴത്തിലധികം.

**21,9 കരയ്ക്കിറങ്ങിയപ്പോൾ തീകൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും**
**അപ്പവും അവർ കണ്ടു.**

2007 കരയ്ക്കിറങ്ങിയപ്പോൾ അവർ കണ്ടത്? **ഉ:** തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും (21,9). (3 കാര്യങ്ങൾ)

**21,10–11 [10]യേശു പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരു**
**വിൻ. [11]ഉടനെ ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾ**
**കൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയമ്പത്തിമൂന്നു**
**മത്സ്യങ്ങളുണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല.**

2008 നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യങ്ങളിൽ കുറെ കൊണ്ടുവരുവിൻ എന്ന് ഉയിർത്തെഴുന്നേറ്റ യേശു തിബേരിയാസ് കടൽത്തീരത്തുവച്ചു പറഞ്ഞത്? **ഉ:** മീൻ നിറഞ്ഞ വലയും വലിച്ചുകൊണ്ടു വള്ളത്തിൽത്തന്നെ വന്ന മറ്റു ശിഷ്യന്മാരോട് (21, 8–10).

2009 നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യങ്ങളിൽ കുറെ കൊണ്ടുവരുവിൻ എന്ന് ഉയിർത്തെഴുന്നേറ്റ യേശു തിബേരിയാസ് കടൽത്തീരത്തുവച്ചു മറ്റു ശിഷ്യന്മാരോടു പറഞ്ഞ ഉടനെ വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റിയത്? **ഉ:** ശിമയോൻ പത്രോസ് (21,11).

2010 ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിച്ചു കരയ്ക്കു കയറ്റിയ വലയിൽ ഉണ്ടായിരുന്നത്? **ഉ:** നൂറ്റിയമ്പത്തിമൂന്നു മത്സ്യങ്ങൾ (21,11).

2011ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല. അധ്യായം, വാക്യം? **ഉ:** 21,11.

**21,12–14 [12]യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യന്മാരിലാരും അവ**
**നോട് നീ ആരാണ് എന്നു ചോദിക്കാൻ മുതിർന്നില്ല; അതു കർത്താവാണെന്ന്**
**അവർ അറിഞ്ഞിരുന്നു. [13]യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു; അതു**
**പോലെതന്നെ മത്സ്യവും. [14]യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം**
**ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നത് ഇതു മൂന്നാം പ്രാവശ്യമാണ്.**

2012 ഉടനെ ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി (21,11). യേശു പറഞ്ഞത്? **ഉ:** വന്നു പ്രാതൽ കഴിക്കുവിൻ (21,12).

2013 യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യന്മാരിലാരും അവനോട് എന്തു ചോദിക്കാൻ മുതിർന്നില്ല? **ഉ:** നീ ആരാണ് എന്ന് (21,12).

2014 ശിഷ്യന്മാരിലാരും അവനോട് നീ ആരാണ് എന്നുചോദിക്കാൻ മുതിർന്നില്ല. കാരണം? **ഉ:** അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു (21,12).

2015 യേശു വന്ന് അവർക്ക് എടുത്തു കൊടുത്തത്? **ഉ:** അപ്പവും അതുപോലെതന്നെ മീനും (21,13).

2016 യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം എത്ര പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു? **ഉ:** മൂന്നു പ്രാവശ്യം.

2017 യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടത് എവിടെവച്ച്? **ഉ:** തിബേരിയാസ കടൽത്തീരത്തുവച്ചു (21,1.14).

2018 യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം മൂന്നാം പ്രാവശ്യം തിബേരിയാസ് കടൽത്തീരത്തുവച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്കു കൊടുത്തത്? **ഉ:** അപ്പവും മീനും (21,13).

## പത്രോസ് അജപാലകൻ

**21,15 അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ ശിമയോൻ പത്രോസിനോടു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ. യേശു അവനോടു പറഞ്ഞു: എന്റെ ആടുകളെ മേയിക്കുക**

2019 യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് യേശു ചോദിച്ചത് ആരോട്? **ഉ:** ശിമയോൻ പത്രോസിനോട് (21,15).

2020 നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് യേശു ശിമയോൻ പത്രോസിനോടു ചോദിച്ചപ്പോൾ യേശു അവനെ സംബോധന ചെയ്തത്? **ഉ:** യോഹന്നാന്റെ പുത്രനായ ശിമയോനേ (21,15).

2021 യേശു ശിമയോൻപത്രോസിനോട് യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് യേശു ചോദിച്ചത് എവിടെവച്ച്? **ഉ:** തിബേരിയാസ് കടൽത്തീരത്തുവച്ചു

2022 യേശു ശിമയോൻ പത്രോസിനോട് യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് യേശു ചോദിച്ചത് എപ്പോൾ? **ഉ:** അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ (21,15).

2023 യേശു ശിമയോൻപത്രോസിനോടു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞത്?? **ഉ:** ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ (21,15).

2024 ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ എന്ന് (ഒന്നാം പ്രാവശ്യം) ശിമയോൻ പത്രോസ് പറഞ്ഞപ്പോൾ യേശു അവനോടു പറഞ്ഞത്? **ഉ:** എന്റെ ആടുകളെ മേയിക്കുക (21,15).

2025 ആടുകളെ മേയിക്കുക. ഇതുപോലത്തെ ശൈലി: അപ്പ 20,28; 1 പത്രോ 5,2.

**21,16 രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക.**

2026 രണ്ടാം പ്രാവശ്യവും യേശു ചോദിച്ചത്? **ഉ:** യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? (21,16: ഇവരെക്കാൾ അധികമായി – ഇല്ല)

2027 രണ്ടാം പ്രാവശ്യവും യേശു യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേ



ഹിക്കുന്നുവോ എന്നു ചോദിച്ചതിന് ശിമയോൻപത്രോസ് പറഞ്ഞത്? **ഉ:** ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ (21,16).

2028 രണ്ടാം പ്രാവശ്യവും ശിമയോൻപത്രോസ് ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞതിന് യേശു പറഞ്ഞത്? **ഉ:** എന്റെ കുഞ്ഞാടുകളെ മേയിക്കുക (21,16).

**21,17 അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. യേശു പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക (21,17).**

2031 കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു എന്നു പത്രോസ് പറഞ്ഞതിന്, യേശു പറഞ്ഞത്? **ഉ:** എന്റെ കുഞ്ഞാടുകളെ മേയിക്കുക (21,17).

2029 തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് ദുഃഖിതനായത്? **ഉ:** പത്രോസ് (21,17).

2030 തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞത്? **ഉ:** കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു (21,17).

2031 കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു എന്നു പത്രോസ് പറഞ്ഞതിന്, ആരെ മേയിക്കുക എന്ന് യേശു പറഞ്ഞു? **ഉ:** എന്റെ കുഞ്ഞാടുകളെ മേയിക്കുക (21,17).

**21,18–19 [18] സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ**
**സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എ**
**ന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ**
**അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും**
**ചെയ്യും [19] ഇത് അവൻ പറഞ്ഞത്, ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ്**
**ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം യേശു**
**അവനോട് എന്നെ അനുമിക്കുക എന്നു പറഞ്ഞു.**

2032 സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും (20,18). ഇത് യേശു ആരോട്, എന്തിനു പറഞ്ഞു? **ഉ:** പത്രോസിനോട്, ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാൻ (21,19).

2033 പത്രോസ് മരണത്താൽ (രക്തസാക്ഷിത്വത്താൽ) ആരെ മഹത്വപ്പെടുത്തും എന്ന് യേശു സൂചിപ്പിച്ചു? **ഉ:** ദൈവത്തെ മഹത്വപ്പെടുത്തും എന്ന് (20,18–19).

2034 പത്രോസ് തന്റെ മരണം (വേർപാട്) കർത്താവായ യേശുക്രിസ്തു വെളിപ്പെടുത്തിത്തന്നിരുന്നു എന്ന് എഴുതിയിട്ടുള്ളത്? **ഉ:** 2 പത്രോ 1,14.

2035 അതിനുശേഷം യേശു പത്രോസിനോടു പറഞ്ഞത്? **ഉ:** എന്നെ അനുഗമിക്കുക(21,19

2036 എന്നെ അനുഗമിക്കുക എന്ന് യേശു പത്രോസിനോടു പറഞ്ഞത് എപ്പോൾ? **ഉ;** യേശു ഉയിർത്തെഴുന്നേറ്റശേഷം മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെട്ടപ്പോൾ (21,19).

## യേശുവും വത്സലശിഷ്യനും

**21,20 പത്രോസ് തിരിഞ്ഞുനോക്കിയപ്പോൾ യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പിന്നാലെ വരുന്നതു കണ്ടു. ഇവനാണ് അത്താഴസമയത്ത് യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട്, കർത്താവേ, ആരാണു നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് എന്നു ചോദിച്ചത്.**

2037 പത്രോസ് തിരിഞ്ഞുനോക്കിയപ്പോൾ പിന്നാലെ വരുന്നതു കണ്ടത്? **ഉ:** യേശു

സ്നേഹിച്ചിരുന്ന ആ ശിഷ്യൻ (21,20).
2038 യോഹ 20,20ൽ സുവിശേഷകൻ, ഇവനാണ് അത്താഴസമയത്ത് യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട്, കർത്താവേ, ആരാണു നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് എന്നു ചോദിച്ചത് എന്നു പരിചയപ്പെടുത്തുന്നത്? **ഉ:** യേശു സ്നേഹിച്ചിരുന്ന ശിഷ്യനെ.

**21,21-22 [21]അവനെ കണ്ടപ്പോൾ പത്രോസ് യേശുവിനോടു ചോദിച്ചു: കർത്താവേ, ഇവന്റെ കാര്യം എന്ത്? [22]യേശു പറഞ്ഞു: ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്? നീ എന്നെ അനുഗമിക്കുക.**

2039 അവനെ (യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യനെ) കണ്ടപ്പോൾ പത്രോസ് യേശുവിനോടു ചോദിച്ചത്? **ഉ:** കർത്താവേ, ഇവന്റെ കാര്യം എന്ത്? (21,21).
2040 കർത്താവേ, ഇവന്റെ കാര്യം എന്ത് എന്ന് പത്രോസ് യേശുവിനോടു ചോദിച്ചത് ആരെക്കുറിച്ച്? **ഉ:** യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യനെക്കുറിച്ച് (21,21).
2041 കർത്താവേ, ഇവന്റെ കാര്യം എന്ത് എന്ന് പത്രോസ് ചോദിച്ചതിന് യേശു പറഞ്ഞത്? **ഉ:** ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്? നീ എന്നെ അനുഗമിക്കുക (21,22).
2042 ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് എന്ന് യേശു പത്രോസിനോടു ചോദിച്ചത്? **ഉ:** യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യനെക്കുറിച്ച് (21,21).
2043 താൻ സ്നേഹിച്ചിരുന്ന ആ ശിഷ്യനെക്കുറിച്ച് യേശു പത്രോസിനോടു പറഞ്ഞ തന്റെ ഹിതം? **ഉ:** ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്ന് (20,21).
2044 നീ എന്നെ അനുഗമിക്കുക എന്ന് ഉയിർത്തെഴുന്നേറ്റ യേശു പത്രോസിനോട് എത്ര പ്രാവശ്യം പറഞ്ഞു? **ഉ:** 2 പ്രാവശ്യം (21, 19.22).

**21,23 ആ ശിഷ്യൻ മരിക്കുകയില്ല എന്ന ഒരു സംസാരം സഹോദരരുടെയിടയിൽ പരന്നു. എന്നാൽ, അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞത്; പ്രത്യുത, ഞാൻ വരുന്നതുവരെ അവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് എന്നാണ്.**

2045 (യേശു സ്നേഹിച്ചിരുന്ന) ആ ശിഷ്യൻ മരിക്കുകയില്ല എന്നൊരു സംസാരം പരന്നത്? **ഉ:** സഹോദരരുടെയിടയിൽ (21,23).
2046 എന്നാൽ, അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞത്; പ്രത്യുത,? **ഉ:** ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത് എന്നാണ് (21,23).

**21,24 ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും. അവന്റെ സാക്ഷ്യം സത്യമെന്ന് ഞങ്ങൾക്കറിയാം.**

2047 ഈ കാര്യങ്ങൾക്കു സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും? **ഉ:** ഈ ശിഷ്യൻ തന്നെയാണ് (21,24). (യേശു സ്നേഹിച്ചിരുന്ന ശിഷ്യൻതന്നെ).
2048 അവന്റെ (ഈ ശിഷ്യന്റെ) സാക്ഷ്യം സത്യമെന്ന് അറിയാം? **ഉ:** ഞങ്ങൾക്ക് (21,24).
2049 യോഹ 21,34നു സമാനമായ ഭാഗം? **ഉ:** യോഹ 19,35.

**21,25 യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്.**

2050 യോഹന്നാന്റെ സുവിശേഷത്തിലെ അവസാന വാക്യം? **ഉ:** യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത് (21,25).
2051 യോഹ 21,25നോടു സാമ്യമുള്ള വാക്യം? **ഉ:** യോഹ 20,30.
2052 യോഹന്നാന്റെ സുവിശേഷത്തിൽ, ഉയിർത്തെഴുന്നേറ്റ യേശു എത്ര പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു? **ഉ:** മൂന്ന്: ഉയിർപ്പിന്റെ അന്ന് (ആഴ്ചയുടെ ആദ്യദിവസം) വൈകിട്ട്, എട്ടു ദിവസങ്ങൾക്കുശേഷം, തിബേരിയാസ് കടൽത്തീരത്ത്.
2053 സത്യം സത്യമായി എന്ന് യോഹ 13-21ൽ എത്ര പ്രാവശ്യം? **ഉ:** 13,16. 20. 21;



14,12; 16,20. 23; 21,18 (ആകെ 7 പ്രാവശ്യം).

## യോഹന്നാനു ലഭിച്ച വെളിപാട് അധ്യായങ്ങൾ 1-3

### അധ്യായം 1 (അധ്യായം 1-ൽ 20 വാക്യങ്ങൾ)

പ്രാരംഭം

**1,1 ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ തന്റെ ദാസന്മാർക്കു വെളിപ്പെടുത്തുന്നതിനുവേണ്ടി ദൈവം യേശുക്രിസ്തുവിനു നൽകിയ വെളിപാട്.**

2054 ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ(പ്പറ്റി) ദൈവം വെളിപാടു നൽകിയത്? **ഉ:** യേശുക്രിസ്തുവിന് (1,1)
2055 ദൈവം യേശുക്രിസ്തുവിനു വെളിപാടു നൽകിയത്? **ഉ:** ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെ തന്റെ ദാസന്മാർക്കു വെളിപ്പെടുത്തുന്നതിനുവേണ്ടി. (യേശുക്രിസ്തു തന്റെ ദാസന്മാർക്കു വെളിപ്പെടു...നുവേണ്ടി)
2056 ദൈവം നല്കിയ വെളിപാട് യേശുക്രിസ്തു വെളിപ്പെടുത്തേണ്ടത്? **ഉ:** ദൈവത്തിന്റെ ദാസന്മാർക്ക് (1,1). (യോഹന്നാൻ - ദൈവത്തിന്റെ ദാസൻ).

**1,2 അവൻ തന്റെ ദൂതനെ അയച്ചു ദാസനായ യോഹന്നാന് ഇതു വെളിപ്പെടുത്തി. അവൻ ദൈവവചനത്തിനും യേശുക്രിസ്തുവിന്റെ വെളിപാടിനും താൻ കണ്ട സകലത്തിനും സാക്ഷ്യം നൽകി.**

2057 അവൻ (യേശുക്രിസ്തു) തന്റെ ദൂതനെ അയച്ചു വെളിപ്പെടുത്തിയത്? **ഉ:** ദാസനായ യോഹന്നാന് (1,2). (ക്രിസ്ത്യാനികൾ - ദൈവത്തിന്റെ ദാസന്മാർ)
2058 അവൻ (യേശുക്രിസ്തു) ഇതു ദാസനായ യോഹന്നാന് വെളിപ്പെടുത്തിയത് എങ്ങനെ? **ഉ:** തന്റെ ദൂതനെ അയച്ച് (1,2). (ക്രിസ്തുവിന്റെ ദൂതൻ)
2059 ദാസനായ യോഹന്നാൻ സാക്ഷ്യം നൽകിയത്? **ഉ:** ദൈവവചനത്തിനും യേശുക്രിസ്തുവിന്റെ വെളിപാടിനും താൻ കണ്ട സകലത്തിനും (1,2). (3 കാര്യങ്ങൾക്ക്).

**1,3 ഈ പ്രവചനത്തിലെ വാക്കുകൾ വായിക്കുന്നവരും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നതു പാലിക്കുന്നവരും അനുഗൃഹീതർ. എന്തെന്നാൽ, സമയം അടുത്തിരിക്കുന്നു.**

2060 ദാസനായ യോഹന്നാൻ നൽകിയ സാക്ഷ്യം? **ഉ:** - പ്രവചനം (1,3).
2061 ദാസനായ യോഹന്നാൻ തന്റെ ഗ്രന്ഥത്തെ അവതരിപ്പിക്കുന്ന വാക്കുകൾ? **ഉ:** വെളിപാട് (1,1-2), സാക്ഷ്യം (1,2), പ്രവചനം (1,3).
2062 എന്തിലെ വാക്കുകൾ വായിക്കുന്നവരും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നതു പാലിക്കുന്നവരും അനുഗൃഹീതർ? **ഉ:** ഈ പ്രവചനത്തിലെ (1,3).
2063 പൂരിപ്പിക്കുക: ഈ പ്രവചനത്തിലെ വാക്കുകൾ വായിക്കുന്നവരും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നതു പാലിക്കുന്നവരും അനുഗൃഹീതർ. എന്തെന്നാൽ, ... ... (1,3). **ഉ:** സമയം അടുത്തിരിക്കുന്നു.

അഭിവാദനം

**1,4-5 [4]യോഹന്നാൻ ഏഷ്യയിലുള്ള ഏഴു സഭകൾക്ക് എഴുതുന്നത്: ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായവനിൽനിന്നും, അവന്റെ സിംഹാസനസന്നിധിയിലെ സപ്താത്മാക്കളിൽനിന്നും, [5]വിശ്വസ്തസാക്ഷിയും മൃതരിൽനിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപതിയുമായ യേശുക്രിസ്തുവിൽനിന്നും, നിങ്ങൾക്കു കൃപയും സമാധാനവും.**

2064 യോഹന്നാൻ വെളിപാട് / സാക്ഷ്യം / പ്രവചനം ആർക്കെഴുതുന്നത്? **ഉ:** ഏഷ്യയിലുള്ള ഏഴു സഭകൾക്ക് (1,4).
2065 യോഹന്നാൻ ഏഷ്യയിലുള്ള ഏഴു സഭകൾക്ക് എഴുതുന്ന ആശംസ? **ഉ:** ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായവനിൽനിന്നും, അവന്റെ സിംഹാസനസന്നിധിയിലെ സപ്താത്മാക്കളിൽനിന്നും, [5]വിശ്വസ്തസാക്ഷിയും മൃതരിൽനിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപതിയുമായ യേശുക്രിസ്തുവിൽനിന്നും, നിങ്ങൾക്കു കൃപയും സമാധാനവും.(1,4-5).
2066 ആയിരിക്കുന്നവനും ആയിരുന്നവനും എന്ന വർണ്ണന ഏതു ബൈബിൾഭാഗത്തെ അനുസ്മരിപ്പിക്കുന്നു? **ഉ:** പുറ 3,14. (ഞാൻ ഞാൻതന്നെ).

2067 ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായവൻ?
**ഉ:** യേശുക്രിസ്തു (1,5).

2068 ദാസനായ യോഹന്നാൻ യേശുക്രിസ്തുവിന് വെളി 1,4-5ൽ എഴുതിയിട്ടുള്ള പദവി നാമങ്ങൾ? **ഉ:** ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനുമായ വൻ, വിശ്വസ്തസാക്ഷി, മൃതരിൽനിന്നുള്ള ആദ്യജാതൻ, ഭൂമിയിലെ രാജാക്കന്മാരുടെ അധിപതി (4 എണ്ണം).

**16,6 നമ്മെ സ്നേഹിക്കുകയും സ്വന്തം രക്തത്താൽ നമ്മെ പാപത്തിൽനിന്നു മോചിപ്പിക്കുകയും സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തവനു മഹത്വവും പ്രതാപവും എന്നേക്കും ഉണ്ടായിരിക്കട്ടെ! ആമേൻ.**

2069 പൂരിപ്പിക്കുക: നമ്മെ സ്നേഹിക്കുകയും സ്വന്തം രക്തത്താൽ നമ്മെ പാപത്തിൽ നിന്നു മോചിപ്പിക്കുകയും സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തവനു ... ... ... ഉണ്ടായിരിക്കട്ടെ! ആമേൻ (1,6).
**ഉ:** മഹത്വവും പ്രതാപവും എന്നേക്കും.

2070 മഹത്വവും പ്രതാപവും എന്നേക്കും ഉണ്ടായിരിക്കട്ടെ! ആമേൻ എന്നു യോഹന്നാൻ അർപ്പിക്കുന്നത്? **ഉ:** നമ്മെ സ്നേഹിക്കുകയും സ്വന്തം രക്തത്താൽ നമ്മെ പാപത്തിൽനിന്നു മോചിപ്പിക്കുകയും സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തവനു (1,6).

2071 യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തവ വെളി 1,6ൽ? **ഉ:** നമ്മെ സ്നേഹിച്ചു, സ്വന്തം രക്തത്താൽ നമ്മെ പാപത്തിൽ നിന്നു മോചിപ്പിച്ചു, സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരും ആക്കി (3 കാര്യങ്ങൾ; ഇവയും യേശുക്രിസ്തുവിനെക്കുറിച്ചുള്ളവയാണ്).

2072 നമ്മെ സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരും ആക്കി എന്ന പോലുള്ള വാക്കുകൾ പഴയ നിയമത്തിൽ? **ഉ** പുറ 19,6; ഏശ 61,6.

**1,7 ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേൽപിച്ചവരും അവനെപ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സർവഗോത്രങ്ങളും അവനെ ദർശിക്കും. ആമേൻ.**

2073 പൂരിപ്പിക്കുക: ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു. ഓരോ മിഴിയും അവിടുത്തെ കാണും. അവനെ കുത്തിമുറിവേൽപിച്ചവരും അവനെപ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സർവഗോത്രങ്ങളും അവനെ ദർശിക്കും. ... (1,7). **ഉ:** ആമേൻ

2074 1,7ലെ ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു എന്ന വിവരണത്തിന് സമാനമായ വേദഭാഗങ്ങൾ? **ഉ:** ദാനി 7,13; മത്താ 24,30; മർക്കോ 14,62.

2075 മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നവനെ കാണും – ഓരോ മിഴിയും (1,7). 2076 മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നവനെപ്രതി മാറത്തടിച്ചു വിലപിക്കും? **ഉ:** ഭൂമിയിലെ സർവഗോത്രങ്ങളും (1,7).

2077 മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നവനെ ദർശിക്കും? **ഉ:** അവനെ കുത്തിമുറിവേൽപിച്ചവരും അവനെപ്രതി മാറത്തടിച്ചു വിലപിക്കുന്ന ഭൂമിയിലെ സർവഗോത്രങ്ങളും (1,7).

2078 അവനെ കുത്തിമുറിവേൽപിച്ചവരും എന്ന പരാമർശം ബൈബിളിൽ മറ്റെവിടെ?
**ഉ:** സഖ 12,10; യോഹ 19,34.

2079 വെളി 1,7ലെ അവസാന വാക്ക്? **ഉ:** ആമേൻ.

**1,8 ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനും സർവശക്തനുമായ കർത്താവായ ദൈവം അരുളിച്ചെയ്യുന്നു: ഞാൻ ആദിയും അന്തവുമാണ്.**

2080 പൂരിപ്പിക്കുക: ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനും സർവശക്തനുമായ കർത്താവായ ദൈവം അരുളിച്ചെയ്യുന്നു: ... ... ... (വെളി 1,8).
**ഉ:** ഞാൻ ആദിയും അന്തവുമാണ്.

2081 ഞാൻ ആദിയും അന്തവുമാണ്. അരുളിച്ചെയ്യുന്നത്? **ഉ:** ആയിരിക്കുന്നവനും ആയിരുന്നവനും വരുവാനിരിക്കുന്നവനും സർവശക്തനുമായ കർത്താവായ ദൈവം.

മനുഷ്യപുത്രന്റെ ദർശനം



**1,9 നിങ്ങളുടെ സഹോദരനും, പീഡകളിലും രാജ്യത്തിലും ക്ഷമാപൂർവമായ സഹനത്തിലും യേശുവിൽ നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹന്നാനായ ഞാൻ ദൈവവചനത്തെയും യേശുക്രിസ്തുവിനെക്കുറിച്ചു നൽകിയ സാക്ഷ്യത്തെയുംപ്രതി, പാത്മോസ് എന്ന ദ്വീപിലായിരുന്നു.**

2082 മനുഷ്യപുത്രന്റെ ദർശനം സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ പേര് വെളി 1,9ൽ?
**ഉ:** യോഹന്നാനായ ഞാൻ.

2083 വെളി 1,9ൽ നിങ്ങളുടെ എന്ന പദം കുറിക്കുന്നത്? **ഉ:** ഏഷ്യയിലെ ഏഴു സഭകളെ

2084 ഏഷ്യയിലെ ഏഴു സഭകൾക്കും യോഹന്നാനും തമ്മിലുള്ള ബന്ധം 1,9ൽ?
**ഉ:** നിങ്ങളുടെ സഹോദരനും, പീഡകളിലും രാജ്യത്തിലും ക്ഷമാപൂർവമായ സഹനത്തിലും പങ്കുചേർന്നവനും. (യോഹന്നാൻ ഏഷ്യയിലെ ഏഴു സഭകളോടു പങ്കുചേർന്നവ – 3 സംഗതികൾ)

2085 യോഹന്നാൻ പാത്മോസ് എന്ന ദ്വീപിൽ ആയിരുന്നത്? **ഉ:** ദൈവവചനത്തെയും യേശുക്രിസ്തുവിനെക്കുറിച്ചു നൽകിയ സാക്ഷ്യത്തെയുംപ്രതി (1,9).

**1,10-11 [10]കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയിച്ചിരിക്കേ, [11]കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം എന്റെ പിറകിൽനിന്നു കേട്ടു: നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്,തിയത്തീറ, സാർദീസ്, ഫിലദെൽഫിയാ, ലവൊദിക്യ എന്നീ ഏഴു സ്ഥലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക.** (ഏഷ്യയിലെ ഏഴു സഭകൾ)

2086 കർത്താവിന്റെ ദിനത്തിൽ ഞാൻ (യോഹന്നാൻ) ആത്മാവിൽ ലയിച്ചിരിക്കേ (1,10), കേട്ടത്? **ഉ:** കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം (1,11).

2087 കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം കേട്ടത് എവിടെനിന്ന്?
**ഉ:** എന്റെ (യോഹന്നാന്റെ) പിറകിൽനിന്ന് (1,11).

2088 കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം തന്റെ പിറകിൽനിന്നു യോഹന്നാൻ കേട്ടത് എന്ന്, എപ്പോൾ? **ഉ:** കർത്താവിന്റെ ദിനത്തിൽ, ആത്മാവിൽ ലയിച്ചിരിക്കേ (1,10).

2089 കർത്താവിന്റെ ദിനത്തിൽ, ആത്മാവിൽ ലയിച്ചിരിക്കേ യോഹന്നാൻ തന്റെ പിറകിൽ നിന്നു കേട്ട വലിയ സ്വരം എന്ത്? **ഉ:** നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറ, സാർദീസ്, ഫിലദെൽഫിയാ, ലവൊദിക്യ എന്നീ ഏഴു സ്ഥലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക (1,11).
(സ്ഥലങ്ങളുടെ പേര് പ്രത്യേകം പഠിക്കുക).

**1,12 എന്നോടു സംസാരിച്ച സ്വരം ശ്രദ്ധിക്കാൻ തിരിഞ്ഞുനോക്കിയപ്പോൾ സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു.**

2090 തന്നോടു സംസാരിച്ച സ്വരം ശ്രദ്ധിക്കാൻ തിരിഞ്ഞുനോക്കിയപ്പോൾ യോഹന്നാൻ കണ്ടത്? **ഉ:** സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ (1,12).

**1,13-15 [13]ദീപങ്ങളുടെ മധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ! അവനു പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കി; മാറോടടുത്തു സ്വർണംകൊണ്ടുള്ള ഇടക്കച്ച. [14]അവന്റെ ശിരസ്സും മുടിയും വെൺമഞ്ഞുപോലെയും വെൺകമ്പിളിപോലെയും ധവളം; അവന്റെ നയനങ്ങൾ തീജ്വാലപോലെ; [15]അവന്റെ പാദങ്ങൾ ചൂളയിൽ ഉരുകിയ പിച്ചളപോലെ; സ്വരം പെരുവെള്ളത്തിന്റേതുപോലെയും.**

2091 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ടത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13).

2092 മനുഷ്യപുത്രനെപ്പോലുള്ള ഒരുവനെ ദർശിച്ച കാര്യമുള്ള പഴയനിയമഭാഗങ്ങൾ?
**ഉ:** ദാനി 7,13; 10,5.

2093 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ വേഷം? **ഉ:** പാദംവരെ നീണ്ടുകിടക്കുന്ന മേലങ്കി; മാറോടടുത്തു സ്വർണംകൊണ്ടുള്ള ഇടക്കച്ച (1,13).

2094 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ ശിരസ്സും മുടിയും? **ഉ:** വെൺമഞ്ഞുപോലെയും വെൺകമ്പിളിപോലെയും ധവളം (1,14).

2095 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ നയനങ്ങൾ? **ഉ:** തീജ്വാലപോലെ (1,14).

2096 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ പാദങ്ങൾ? **ഉ:** ചൂളയിൽ ഉരുകിയ പിച്ചളപോലെ (1,15).

2097 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ സ്വരം? **ഉ:** പെരുവെള്ളത്തിന്റേതുപോലെ (1,15).

**1,16 അവന്റെ വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ; അവന്റെ വായിൽനിന്നു പുറ**
**ത്തേക്കു വരുന്നത് മൂർച്ചയുള്ള ഇരുവായ്ത്തലവാൾ; അവന്റെ വദനം പൂർണ**
**ശക്തിയോടെ പ്രകാശിക്കുന്ന സൂര്യനെപ്പോലെ.**

2098 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ വലത്തുകൈയിൽ? **ഉ:** ഏഴു നക്ഷത്രങ്ങൾ (1,16).

2099 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ വായിൽനിന്നു പുറത്തേക്കു വരുന്നത്? **ഉ:** മൂർച്ചയുള്ള ഇരുവായ്ത്തലവാൾ (1,16).

2010 ദീപങ്ങളുടെ മധ്യേ യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ വദനം? **ഉ:** പൂർണശക്തിയോടെ പ്രകാശിക്കുന്ന സൂര്യനെപ്പോലെ (1,16).

**1,17–20 [17]അവനെ കണ്ടപ്പോൾ ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു.**
**അപ്പോൾ അവൻ വലത്തുകൈ യോഹന്നാന്റെമേൽ വച്ചുകൊണ്ടു പറഞ്ഞു:**
**ഭയപ്പെടേണ്ടാ, ഞാനാണ് ആദിയും അന്തവും, [18]ജീവിക്കുന്നവനും. ഞാൻ മ**
**രിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണ**
**ത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്. [19]അതു**
**കൊണ്ട്, ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയുമായി**
**നീ ദർശനത്തിൽ കാണുന്ന സകലതും രേഖപ്പെടുത്തുക. [20]എന്റെ വലത്തുകൈ**
**യിൽ നീ കാണുന്ന ഏഴു നക്ഷത്രങ്ങളുടെയും ഏഴു സ്വർണദീപപീഠങ്ങളുടെ**
**യും രഹസ്യം ഇതാണ്: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരുടെയും,**
**ഏഴു ദീപപീഠങ്ങൾ ഏഴു സഭകളുടെയും പാതിനിധ്യം വഹിക്കുന്നു,**

2011 യോഹന്നാൻ മരിച്ചവനെപ്പോലെ കാൽക്കൽ വീണത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവനെ കണ്ടപ്പോൾ (1,17).

2011a മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ ഞാനാണ് എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** ആദിയും അന്തവും (1,17).

2012 യോഹന്നാൻ മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ കാൽക്കൽ വീണപ്പോൾ അവൻ വലത്തുകൈ യോഹന്നാന്റെമേൽ വച്ചുകൊണ്ടു പറഞ്ഞത്? **ഉ:** ഭയപ്പെടേണ്ടാ, ഞാനാണ് ആദിയും അന്തവും, [18]ജീവിക്കുന്നവനും. ഞാൻ മരിച്ചവനായിരുന്നു; എന്നാൽ, ഇതാ, ഞാൻ എന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ എന്റെ കൈയിലുണ്ട്. [19]അതുകൊണ്ട്, ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയുമായി നീ ദർശനത്തിൽ കാണുന്ന സകലതും രേഖപ്പെടുത്തുക. [20]എന്റെ വലത്തുകൈയിൽ നീ കാണുന്ന ഏഴു നക്ഷത്രങ്ങളുടെയും ഏഴു സ്വർണദീപപീഠങ്ങളുടെയും രഹസ്യം ഇതാണ്: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരുടെയും, ഏഴു ദീപപീഠങ്ങൾ ഏഴു സഭകളുടെയും പാതിനിധ്യം വഹിക്കുന്നു (1,17–20 മനഃപാഠമാക്കുക).

2013 യോഹന്നാന്റെമേൽ വലത്തുകൈ വച്ചത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ(1,17)

2014 മരണത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ കൈയിലുണ്ടെന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** യോഹന്നാൻ കണ്ട മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,18).

2015 രേഖപ്പെടുത്തുക എന്ന് യോഹന്നാനോട് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ പറഞ്ഞവ? **ഉ:** ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയുമായി നീ ദർശനത്തിൽ കാണുന്ന സകലതും (1,19).

2016 മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ കൈയിൽ യോഹന്നാൻ കണ്ട ഏഴു നക്ഷത്രങ്ങളുടെ രഹസ്യം? **ഉ:** ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നു (1,20).

2017 മനുഷ്യപുത്രനെപ്പോലുള്ള ഒരുവന്റെ കൈയിൽ യോഹന്നാൻ കണ്ട ഏഴു സ്വർണദീപപീഠങ്ങളുടെ രഹസ്യം? **ഉ:** ഏഴു ദീപപീഠങ്ങൾ ഏഴു സഭകളുടെയും പ്രാതിനിധ്യം വഹിക്കുന്നു (1,20).



സഭകൾക്കുള്ള കത്തുകൾ: എഫേസോസിലെ സഭയ്ക്ക് (2,1–7)

**2,1 എഫേസോസിലുള്ള സഭയുടെ ദൂതന് എഴുതുക: വലത്തുകൈയിൽ ഏഴു നക്ഷ**
**ത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ ഇപ്ര**
**കാരം പറയുന്നു:**

2018 ആര് ഇപ്രകാരം പറയുന്നു എന്ന് എഫേസോസിലുള്ള സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? **ഉ:** വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ (2,1).

2019 മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞത് ആരു പറഞ്ഞത്? **ഉ:** വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ (2,1).

2020 വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ എന്നതിന്റെ രഹസ്യം (അർഥം)? **ഉ:** വലത്തുകൈയിൽ ഏഴു സഭകളുടെ ദൂതന്മാരെ വഹിച്ചുകൊണ്ട് ഏഴു സഭകളുടെ മധ്യേ നടക്കുന്നവൻ എന്ന് (1,20).

**2,2–3 [2]നിന്റെ പ്രവൃത്തികളും പ്രയത്നങ്ങളും ക്ഷമാപൂർവമായ ഉറച്ചുനിൽപും, ദു**
**ഷ്ടരോടുള്ള സഹിഷ്ണുതയും ഞാൻ മനസ്സിലാക്കുന്നു. അപ്പസ്തോലന്മാരെ**
**ന്നു നടിക്കുകയും എന്നാൽ, അങ്ങനെയല്ലാതിരിക്കുകയും ചെയ്യുന്നവരെ പരി**
**ശോധിച്ച് അവർ വ്യാജം പറയുന്നവരാണെന്ന് നീ കണ്ടുപിടിച്ചു. [3]ക്ഷമാപൂർവം**
**പിടിച്ചുനിൽ ക്കാൻതക്ക കഴിവ് നിനക്കുണ്ട്. എന്റെ നാമത്തെപ്രതി പീഡകൾ**
**സഹിച്ചിട്ടും നീ ക്ഷീണിച്ചില്ല.**

2021 വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ എഫേസോസിലുള്ള സഭയുടെ ദൂതനെപ്പറ്റി മനസ്സിലാക്കുന്നത്? **ഉ:** ദൂതന്റെ പ്രവൃത്തികളും പ്രയത്നങ്ങളും ക്ഷമാപൂർവമായ ഉറച്ചുനിൽപും, ദുഷ്ടരോടുള്ള സഹിഷ്ണുതയും (2,2).

2022 എഫേസോസിലുള്ള സഭയുടെ ദൂതൻ കണ്ടുപിടിച്ചവ? (എഫേസോസിലുള്ള സഭയുടെ ദൂതൻ കണ്ടുപിടിച്ചു എന്ന് വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ പറയുന്നത്? **ഉ:** അപ്പസ്തോലന്മാരെന്നു നടിക്കുകയും എന്നാൽ, അങ്ങനെയല്ലാതിരിക്കുകയും ചെയ്യുന്നവരെ പരിശോധിച്ച് അവർ വ്യാജം പറയുന്നവരാണെന്ന് (2,2).

2023 അപ്പസ്തോലന്മാരെന്നു നടിക്കുകയും എന്നാൽ, അങ്ങനെയല്ലാതിരിക്കുകയും ചെയ്യുന്നവരെ പരിശോധിച്ച് അവർ വ്യാജം പറയുന്നവരാണെന്ന് കണ്ടുപിടിച്ചത്? **ഉ:** എഫേസോസിലുള്ള സഭയുടെ ദൂതൻ (2,2).

2024 തീർച്ചയായും നിനക്കുണ്ട് എന്ന് എഫേസോസിലുള്ള സഭയുടെ ദൂതനോട് വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ പറയുന്നു? **ഉ:** ക്ഷമാപൂർവം പിടിച്ചുനിൽക്കാൻതക്ക കഴിവ് (2,3).

2025 തീർച്ചയായും എഫേസോസിലുള്ള സഭയുടെ ദൂതനുള്ളത്? **ഉ:** ക്ഷമാപൂർവം പിടിച്ചുനിൽക്കാൻതക്ക കഴിവ് (2,3).

2026 എന്റെ നാമത്തെപ്രതി നീ പീഡകൾ സഹിച്ചിട്ടും നീ ക്ഷീണിച്ചില്ല എന്ന് വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ പറയുന്നത്? **ഉ:** എഫേസോസിലുള്ള സഭയുടെ ദൂതനോട് (2,3).

**2,4–5 [4]എങ്കിലും, നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്: നിനക്ക് ആദ്യമുണ്ടാ**
**യിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. [5]അതിനാൽ, നീ ഏതവസ്ഥയിൽനി**
**ന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ**
**ചെയ്യുക. അല്ലെങ്കിൽ ഞാൻ നിന്റെ അടുത്തു വരുകയും നിന്റെ ദീപപീഠം അ**
**തിന്റെ സ്ഥലത്തുനിന്നു നീക്കിക്കളയുകയും ചെയ്യും.**

2027 വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു

മധ്യേ നടക്കുന്നവന് എഫേസോസിലുള്ള സഭയുടെ ദൂതനെതിരേ പറയാനുള്ള ഒന്ന്? **ഉ:** ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു (2,4).

2028 ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞത്? **ഉ:** എഫേസോസിലുള്ള സഭയുടെ ദൂതൻ (2,5).

2028a ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞതിനാൽ എഫേസോസിലുള്ള സഭയുടെ ദൂതൻ ചെയ്യേണ്ടത്? **ഉ:** ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക (2,5).

2029 എഫേ സോ സിലുള്ള സഭയുടെ ദൂതനുള്ള നന്മകൾ? **ഉ:** ക്ഷമാപൂർവം പിടിച്ചു നിൽക്കാൻതക്ക കഴിവ് (2,3). നിക്കൊളാവോസ്പക്ഷക്കാരുടെ ചെയ്തികൾ വെറുക്കുന്നു (2,6).

2030 എഫേ സോ സിലുള്ള സഭയുടെ ദൂതനുള്ള പോരായ്മ / ദോഷം? **ഉ:** ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു (2,4).

2031 അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്തില്ലെങ്കിൽ, വലത്തുകൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവൻ എഫേസോസിലുള്ള സഭയുടെ ദൂതന്റെ അടുത്തു വരുകയും നീക്കിക്കളയുകയും ചെയ്യുന്നത്? **ഉ:** നിന്റെ ദീപപീഠം അതിന്റെ സ്ഥലത്തുനിന്ന് (2,5).

**2,6 എന്നാൽ, നിനക്ക് ഈ ഗുണമുണ്ട്: നിക്കൊളാവോസ്പക്ഷക്കാരുടെ ചെയ്തികൾ നീ വെറുക്കുന്നു. അവ ഞാനും വെറുക്കുന്നു.**

2032 എഫേസോസിലുള്ള സഭയുടെ ദൂതനുള്ള ഗുണം? **ഉ:** നിക്കൊളാവോസ്പക്ഷക്കാരുടെ ചെയ്തികൾ വെറുക്കുന്നു (2,6).

2033 എഫേസോസിലുള്ള സഭയുടെ ദൂതനും ഏഴു നക്ഷത്രങ്ങൾ പിടിച്ചുകൊണ്ട് ഏഴു സ്വർണദീപങ്ങൾക്കു മധ്യേ നടക്കുന്നവനും വെറുക്കുന്നത്? **ഉ:** നിക്കൊളാവോസ്പക്ഷക്കാരുടെ ചെയ്തികൾ (2,6).

nb: എഫേസോസിലെ സഭയുടെ ദൂതന്റെ നന്മകളും പോരായ്മകളും കൃത്യമായി എണ്ണി, എഴുതി, പഠിക്കുക)

**2,7 ആത്മാവ് സഭകളോടു അരുളിച്ചെയ്യുന്നതു ചെവിയുള്ളവൻ എന്തു കേൾക്കട്ടെ: വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു ഞാൻ ഭക്ഷിക്കാൻ കൊടുക്കും**

2034 ചെവിയുള്ളവൻ എന്തു കേൾക്കട്ടെ? **ഉ:** ആത്മാവ് സഭകളോടു അരുളിച്ചെയ്യുന്നത് (2,7).

2035 ആര് ആരോട് അരുളിച്ചെയ്യുന്നു: വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു ഞാൻ ഭക്ഷിക്കാൻ കൊടുക്കും. **ഉ:** ആത്മാവ് സഭകളോടു (2,7).

2036 വിജയം വരിക്കുന്നവന് ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കാൻ കൊടുക്കുന്നത്? **ഉ:** ആത്മാവ് (2,7).

2037 വിജയം വരിക്കുന്നവന് ആത്മാവ് ഭക്ഷിക്കാൻ കൊടുക്കുന്നത്? **ഉ:** ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു (2,7).

2038 വെളി 2,7ലുള്ള ജീവവൃക്ഷത്തെക്കുറിച്ച് മറ്റെവിടെ? **ഉ:** വെളി 22,2.

nb: എഫേസോസിലെ സഭയുടെ ദൂതന്റെ നന്മകളും പോരായ്മകളും കൃത്യമായി എണ്ണി, എഴുതി, പഠിക്കുക)

സ്മിർണായിലെ സഭയ്ക്ക് (2,8-11)

**2,8 സ്മിർണായിലെ സഭയുടെ ദൂതന് എഴുതുക: ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ, വീണ്ടും ജീവിക്കുന്നവനും ആയവൻ പറയുന്നു:**

2039 സ്മിർണായിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13).

2040 ആര് പറയുന്നു എന്ന് സ്മിർണായിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? (ആരു പറയുന്നതാണ് യോഹന്നാൻ സ്മിർണായിലെ സഭയുടെ ദൂതന് എഴുതുന്നത്)? **ഉ:** ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ, വീണ്ടും ജീവിക്കുന്നവനും ആയവൻ(2,8).

2041 ആദിയും അന്തവുമായവൻ എന്ന് ബൈബിളിൽ മറ്റെവിടെ **ഉ:** ഏശ 44,6;48,12; വെളി 1,17; 22,13.

2042 ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ, വീണ്ടും ജീവിക്കുന്നവനും ആയവൻ പറഞ്ഞത് ഏതു സഭയുടെ ദൂതനോട്? **ഉ:** സ്മിർണായിലെ സഭയുടെ (2,8).

**2,9-10 [9]നിന്റെ ഞെരുക്കവും ദാരിദ്ര്യവും എനിക്കറിയാം. എങ്കിലും നീ സമ്പന്നനാണ്. യഹൂദരെന്ന് അവകാശപ്പെടുകയും എന്നാൽ, അങ്ങനെയല്ലാതെ സാത്താന്റെ സിനഗോഗായി വർത്തിക്കുകയും ചെയ്യുന്നവരുടെ ദോഷാരോപണങ്ങളും ഞാൻ അറിയന്നുണ്ട്. [10]നീ ഉടനെ സഹിക്കാനിരിക്കുന്നവയെ ഭയപ്പെടരുത്. നിങ്ങളിൽ ചിലരെ പിശാച് തടവിലിടാനിരിക്കുന്നു. അതു നിങ്ങൾ പരീക്ഷിക്കപ്പെടുന്നതിനാണ്; പത്തു ദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കിരീടം നിനക്കു ഞാൻ നൽകും.**

2043 ഞെരുക്കവും ദാരിദ്ര്യവും ഉള്ളതായി ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ, വീണ്ടും ജീവിക്കുന്നവനും ആയവൻ അറിയുന്ന സഭയുടെ ദൂതൻ? **ഉ:** സ്മിർണായിലെ സഭയുടെ ദൂതൻ (2,8-9). (= ഞെരുക്കവും ദാരിദ്ര്യവും - സ്മിർണായിലെ സഭയ്ക്ക്.

2044 ഞെരുക്കവും ദാരിദ്ര്യവും ഉണ്ട് എങ്കിലും, സമ്പന്നൻ - സ്മിർണായിലെ സഭയുടെ ദൂതൻ (2,9).

2045 സാത്താന്റെ സിനഗോഗായി വർത്തിക്കുന്നത്? **ഉ:** യഹൂദരെന്ന് അവകാശപ്പെടുന്നവർ (2,9).

2046 യഹൂദരെന്ന് അവകാശപ്പെടുകയും എന്നാൽ, സാത്താന്റെ സിനഗോഗായി വർത്തിക്കുകയും ചെയ്യുന്നവർ സ്മിർണായിലെ സഭയുടെ ദൂതനെതിരായി ചെയ്യുന്നത്? **ഉ:** ദോഷാരോപണങ്ങൾ (2,9).

2047 സ്മിർണായിലെ സഭയുടെ ദൂതൻ എന്ത് ഭയപ്പെടരുത് **ഉ:** ഉടനെ സഹിക്കാനിരിക്കുന്നവയെ (210).

2048 സ്മിർണായിലെ സഭയിൽ ചിലരെ പിശാച് തടവിലിടാനിരിക്കുന്നത് **ഉ:** അവർ പരീക്ഷിക്കപ്പെടുന്നതിനാണ് (2,10).

2049 നിങ്ങൾക്ക് (സ്മിർണായിലെ സഭയിലുള്ളവർക്ക്) പത്തു ദിവസത്തേക്കു ഞെരുക്കമുണ്ടാകും എന്നു പറയുന്നത് ആര്? **ഉ:** ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ, വീണ്ടും ജീവിക്കുന്നവനും ആയവൻ (2,8).

2050 പത്തു ദിവസം - സൂചന? **ഉ:** ഞെരുക്കം (= പീഡനം) ചുരുങ്ങിയ കാലത്തേക്കേ ഉള്ളു എന്ന് (പി.ഒ.സി ബൈബിൾ).

2051 മരണംവരെ വിശ്വസ്തനായിരുന്നാൽ നല്കപ്പെടുന്നത്? **ഉ:** ജീവന്റെ കിരീടം (2,10).

2052 മരണംവരെ വിശ്വസ്തനായിരുന്നാൽ സ്മിർണായിലെ സഭയുടെ ദൂതന് ജീവന്റെ കിരീടം നല്കുന്നത് ആര്? **ഉ:** ആദിയും അന്തവുമായവൻ, മരിച്ചവനും എന്നാൽ,വീണ്ടും ജീവിക്കുന്നവനും ആയവൻ (2,8).

**2,11 ആത്മാവ് സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. വിജയം വരിക്കുന്നവൻ തീർച്ചയായും രണ്ടാമത്തെ മരണത്തിന് അധീനനാകയില്ല.**

2053 പൂരിപ്പിക്കുക: ആത്മാവ് സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. വിജയം വരിക്കുന്നവൻ തീർച്ചയായും ... ... അധീനനാകയില്ല (2,11). **ഉ:** രണ്ടാമത്തെ മരണത്തിന് (2,7ൽനിന്നുള്ള വ്യത്യാസം ശ്രദ്ധിക്കുക).

പെർഗാമോസിലെ സഭയ്ക്ക് (2,12-17)

**1,13 പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുക: മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവൻ പറയുന്നു,**

2054 പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13).

2055 ആര് പറയുന്നു എന്ന് പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? (ആരു പറയുന്നതാണ് യോഹന്നാൻ പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുന്നത്)? **ഉ:** മൂർച്ചയേറിയ ഇരുതല വാളുള്ള ഒരുവൻ പറയുന്നത് (2,12).

(മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവൻ മനുഷ്യപുത്രനെപ്പോലുള്ള ഒരുവ

ൻവഴി യോഹന്നാനോടു പറയുന്നതാണ് യോഹന്നാൻ പെർഗാമോസിലെ സഭയുടെ ദൂതന് എഴുതുന്നത്)

**2,13 നീ എവിടെ വസിക്കുന്നെന്ന് എനിക്കറിയാം – സാത്താന്റെ സിംഹാസനം ഉള്ളിടത്തുതന്നെ. എങ്കിലും, എന്റെ നാമത്തെ നീ മുറുകെപ്പിടിക്കുന്നു. സാത്താൻ വസിക്കുന്ന നിങ്ങളുടെ സമൂഹത്തിൽവച്ച് എന്റെ വിശ്വസ്തസാക്ഷിയായ അന്തിപ്പാസ് വധിക്കപ്പെട്ട നാളുകളിൽപ്പോലും എന്നിലുള്ള വിശ്വാസം നീ കൈവെടിഞ്ഞില്ല.**

2056 നീ (പെർഗാമോസിലെ സഭയുടെ ദൂതൻ) എവിടെ വസിക്കുന്നെന്ന് അറിയുന്നത്? **ഉ:** മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവൻ (2,12–13).

2057 പെർഗാമോസിലെ സഭയുടെ ദൂതൻ വസിക്കുന്നത്? **ഉ:** സാത്താന്റെ സിംഹാസനം ഉള്ളിടത്തുതന്നെ (2,13).

2058 സാത്താന്റെ സിംഹാസനം ഉള്ളിടത്തുതന്നെ വസിക്കുന്നെങ്കിലും പെർഗാമോസിലെ സഭയുടെ ദൂതൻ മുറുകെപ്പിടിക്കുന്നത്? **ഉ:** =മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവന്റെ നാമത്തെ (2,13).

2059 സാത്താൻ വസിക്കുന്ന നിങ്ങളുടെ സമൂഹത്തിൽവച്ച് (പെർഗാമോസിലെ സഭാസമൂഹത്തിൽവച്ച്) വധിക്കപ്പെട്ടത്? **ഉ:** മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവന്റെ വിശ്വസ്തസാക്ഷിയായ അന്തിപ്പാസ് (2,13).

2060 സാത്താൻ വസിക്കുന്ന നിങ്ങളുടെ സമൂഹത്തിൽവച്ച് എന്റെ (=മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവന്റെ) വിശ്വസ്തസാക്ഷിയായ അന്തിപ്പാസ് വധിക്കപ്പെട്ട നാളുകളിൽപ്പോലും പെർഗാമോസിലെ സഭയുടെ ദൂതൻ കൈവെടിയാഞ്ഞത്?
**ഉ:** എന്നിലുള്ള (മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവനിലുള്ള) വിശ്വാസം (2,13).

**2,14–15 [14]എങ്കിലും, നിനക്കെതിരായി ചില കാര്യങ്ങൾ എനിക്കു പറയാനുണ്ട്: [14]വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും ഇസ്രായേൽമക്കൾക്കു ദുഷ്പ്രേരണ നൽകാൻ ബാലാക്കിനെ പഠിപ്പിച്ച ബാലാമിന്റെ ഉപദേശങ്ങൾ മറുകെപ്പിടിക്കുന്നവർ അവിടെയുണ്ട്. [15]അതുപോലെതന്നെ, നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളെ മുറുകെപ്പിടിക്കുന്നവരും അവിടെയുണ്ട്.**

2061 എങ്കിലും, പെർഗാമോസിലെ സഭയുടെ ദൂതനെതിരായി മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവനു പറയാനുള്ള ചില കാര്യങ്ങൾ? **ഉ:** [14]വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും ഇസ്രായേൽമക്കൾക്കു ദുഷ്പ്രേരണ നൽകാൻ ബാലാക്കിനെ പഠിപ്പിച്ച ബാലാമിന്റെ ഉപദേശങ്ങൾ മറുകെപ്പിടിക്കുന്നവർ അവിടെയുണ്ട്. [15]അതുപോലെതന്നെ, നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളെ മുറുകെപ്പിടിക്കുന്നവരും അവിടെയുണ്ട് (2,14–15).

2062 ആരുടെ ഉപദേശങ്ങൾ മറുകെപ്പിടിക്കുന്നവർ പെർഗാമോസിലെ സഭയിലുണ്ട്? **ഉ:** ബാലാമിന്റെ (2,14).

2063 ബാലാമിന്റെ ഉപദേശത്തെക്കുറിച്ചുള്ള പഴയ നിയമഭാഗം? **ഉ:** സംഖ്യ 31,16; 22,5. (ബാലാമിന്റെ ഉപദേശം: ധാർമികതലത്തിലുള്ള അമിതസ്വാതന്ത്ര്യത്തെ മുറുകെപ്പിടിക്കുന്ന അബദ്ധസിദ്ധാന്തം (പി.ഒ.സി.ബൈബിൾ)

2064 വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും ഇസ്രായേൽമക്കൾക്കു ദുഷ്പ്രേരണ നൽകിയത്? **ഉ:** ബാലാക്ക് (2,14).

2065 ബാലാക്കിനെപ്പറ്റി പറയുന്ന പഴയ നിയമഭാഗം? **ഉ:** സംഖ്യ 22–23.

2066 വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും വ്യഭിചാരം ചെയ്യാനും ഇസ്രായേൽമക്കൾക്കു ദുഷ്പ്രേരണ നൽകാൻ ബാലാക്കിനെ പഠിപ്പിച്ചത്? **ഉ:** ബാലാം(2,14) (nb:ബാലാം ബാലാക്കിനെ പഠിപ്പിച്ചു; ബാലാക്ക് ഇസ്രായേൽമക്കൾക്കു ദുഷ്പ്രേരണ നൽകി)

2067 ആരുടെ പ്രബോധനങ്ങളെ മുറുകെപ്പിടിക്കുന്നവരും അവിടെയുണ്ട് (=പെർഗാമോസിലെ സഭയിലുണ്ട്)? **ഉ:** നിക്കോളാവോസ്പക്ഷക്കാരുടെ (2,15). – ഇവരുടെ പ്രബോധനങ്ങളും ബാലാമിന്റെ ഉപദേശത്തിനു സമംതന്നെ (പി.ഒ.സി ബൈ)

**2,16 അതുകൊണ്ട് അനുതപിക്കുക; അല്ലെങ്കിൽ, നിന്റെ അടുത്തേക്കു ഞാൻ ഉടനെ വന്ന് എന്റെ വായിലെ വാൾകൊണ്ട് അവരോടു പോരാടും.**



2068 ബാലാമിന്റെ ഉപദേശങ്ങളും നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളും മുറുകെപ്പിടിക്കുന്നവർ അവിടെ ഉള്ളതുകൊണ്ട് പെർഗാമോസിലെ സഭയുടെ ദൂതൻ ചെയ്യേണ്ടത്? **ഉ:** അനുതപിക്കുക (2,16).

2069 അനുതപിക്കുന്നില്ലെങ്കിൽ മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവൻ ചെയ്യുന്നത്? **ഉ:** പെർഗാമോസിലെ സഭയുടെ ദൂതന്റെ അടുത്തേക്ക് ഉടനെ വന്ന് തന്റെ വായിലെ വാൾകൊണ്ട് അവരോടു പോരാടും(2,16). (അവരോടു = ബാലാമിന്റെ ഉപദേശങ്ങളും നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളും മുറുകെപ്പിടിക്കുന്നവരോടു പോരാടും)

2070 പെർഗാമോസിലെ സഭയിൽ ബാലാമിന്റെ ഉപദേശങ്ങളും നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളും മുറുകെപ്പിടിക്കുന്നവരോട് മൂർച്ചയേറിയ ഇരുതലവാളുള്ള ഒരുവൻ ഉടനെ വന്ന് എന്തുകൊണ്ടു പോരാടും? **ഉ:** തന്റെ വായിലെ വാൾകൊണ്ട് (2,16). (തന്റെ വായിലെവാൾകൊണ്ടു പോരാടുന്നത് ആര്?)

**2,17 ആത്മാവ് സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ. വിജയം വരിക്കുന്നവനു ഞാൻ നിഗൂഢ മന്ന നൽകും. അവനു ഞാൻ ഒരു വെള്ളക്കല്ലും കൊടുക്കും. അതിൽ ഒരു പുതിയ നാമം കൊത്തിയിരിക്കും. അതെന്തെന്നു സ്വീകരിക്കുന്നവനൊഴികെ മറ്റാരും അറിയുകയില്ല.**

2072 വിജയം വരിക്കുന്നവന് ആത്മാവ് നല്കും (2,17). **ഉ:** നിഗൂഢ മന്ന (2,17).

2073 വിജയം വരിക്കുന്നവനു ഞാൻ നിഗൂഢ മന്ന നൽകും എന്ന് ആര് ആരോടു പറയുന്നു? **ഉ:** ആത്മാവ് സഭകളോട് (2,17).

2074 അവനു (വിജയം വരിക്കുന്നവനു) ഞാൻ നിഗൂഢ മന്ന നൽകും എന്ന് ആത്മാവ് സഭകളോടു പറയുന്നുവെന്ന് ഏതു സഭയുടെ ദൂതന് എഴുതേണ്ടത്?
**ഉ:** പെർഗാമോസിലെ സഭയുടെ ദൂതന് (2,17).

2075 വിജയം വരിക്കുന്നവന് ആത്മാവ് വേറെന്തു കൊടുക്കും? **ഉ:** ഒരു വെള്ളക്കല്ലും

2076 വിജയം വരിക്കുന്നവനു ഞാൻ ഒരു വെള്ളക്കല്ലും കൊടുക്കും എന്ന് ആത്മാവ് സഭകളോടു പറയുന്നുവെന്ന് ഏതു സഭയുടെ ദൂതന് എഴുതേണ്ടത്? **ഉ:** പെർഗാമോസിലെ സഭയുടെ ദൂതന് (2,17).

2077 വിജയം വരിക്കുന്നവനു ആത്മാവ് കൊടുക്കുന്ന വെള്ളക്കല്ലിൽ എന്തു കൊത്തിയിരിക്കും? **ഉ:** ഒരു പുതിയ നാമം (2,17).

2078 വിജയം വരിക്കുന്നവനു ആത്മാവ് കൊടുക്കുന്ന വെള്ളക്കല്ലിൽ കൊത്തിയിരിക്കുന്ന ഒരു പുതിയ നാമം എന്തെന്ന് അറിയുന്നത്? **ഉ:** അതു സ്വീകരിക്കുന്നവൻ മാത്രം (2,17). (അതെന്തെന്നു സ്വീകരിക്കുന്നവനൊഴികെ മറ്റാരും അറിയുകയില്ല)

തിയത്തീറായിലെ സഭയ്ക്ക് (2,18–29)

**2,18 തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുക: അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ അരുളിച്ചെയ്യുന്നു:**

2079 തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13; 2,18).

2080 ആര് അരുളിച്ചെയ്യുന്നു എന്ന് തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? (ആര് അരുളിച്ചെയ്യുന്നതാണ് യോഹന്നാൻ തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുന്നത്)? **ഉ:** അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ അരുളിച്ചെയ്യുന്നു/ന്നത് (2,18).

(അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻവഴി അരുളിച്ചെയ്യുന്നതാണ് യോഹന്നാൻ തിയത്തീറായിലെ സഭയുടെ ദൂതന് എഴുതുന്നത്).

2081 അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ എന്ന് വെളി 2,18ലെ വർണനയ്ക്കു സമാനമായി പഴയ നിയമത്തിൽ? **ഉ:** ദാനി 10,6.

**2,19 നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും ശുശ്രൂഷയും ദീർഘമായ സഹനവും ഞാൻ അറിയുന്നു. നിന്റെ അവസാനപ്രവർത്തനങ്ങൾ ആദ്യത്തേതിനെക്കാൾ മെച്ചപ്പെട്ടവയാണ്.**

2082 അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ തിയത്തീറായിലെ സഭയുടെ ദൂതനെക്കുറിച്ച് അറിയുന്നവ? **ഉ:** നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും ശുശ്രൂഷയും ദീർഘമായ സഹനവും (2,19). (5 എണ്ണം).

2083 ആദ്യത്തേതിനെക്കാൾ മെച്ചപ്പെട്ടവയാണെന്ന് അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ തിയത്തീറായിലെ സഭയുടെ ദൂതനോട് അരുളിച്ചെയ്യുന്നത്? **ഉ:** നിന്റെ അവസാനപ്രവർത്തനങ്ങൾ (2,19).

**2,20 എങ്കിലും, നിനക്കെതിരായി എനിക്കൊന്നു പറയാനുണ്ട്: പ്രവാചികയെന്ന് അവകാശപ്പെടുകയും, വ്യഭിചാരം ചെയ്യാനും വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും എന്റെ ദാസരെ പഠിപ്പിക്കുകയും വശീകരിക്കുകയും ചെയ്യുന്ന ജസെബൽ എന്ന സ്ത്രീയോടു നീ സഹിഷ്ണുത കാണിക്കുന്നു.**

2084 എങ്കിലും, തിയത്തീറായിലെ സഭയുടെ ദൂതനെതിരായി അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതനു പറയാനുള്ളത്? **ഉ:** പ്രവാചികയെന്ന് അവകാശപ്പെടുകയും, വ്യഭിചാരം ചെയ്യാനും വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും എന്റെ ദാസരെ പഠിപ്പിക്കുകയും വശീകരിക്കുകയും ചെയ്യുന്ന ജസെബൽ എന്ന സ്ത്രീയോടു നീ സഹിഷ്ണുത കാണിക്കുന്നു (2,20).

2085 തിയത്തീറായിലെ സഭയുടെ ദൂതൻ സഹിഷ്ണുത കാണിക്കുന്നത്? **ഉ:** ജസെബൽ എന്ന സ്ത്രീയോട് (2,20).

2086 ജസെബൽ എന്ന സ്ത്രീ ചെയ്യുന്ന തിന്മകൾ? **ഉ:** പ്രവാചികയെന്ന് അവകാശപ്പെടുന്നു; വ്യഭിചാരം ചെയ്യാനും വിഗ്രഹങ്ങൾക്ക് അർപ്പിച്ചവ ഭക്ഷിക്കാനും എന്റെ (അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതന്റെ) ദാസരെ പഠിപ്പിക്കുകയും വശീകരിക്കുകയും ചെയ്യുന്നു (2,20).

2087 ജസെബലിനെക്കുറിച്ചു പഴയ നിയമത്തിൽ? **ഉ:** 1 രാജാ 16,31; 2 രാജാ 9,22.

**2,21 അനുതപിക്കാൻ ഞാൻ അവൾക്ക് അവസരം നൽകി. എന്നാൽ, അവൾ തന്റെ വ്യഭിചാരത്തെക്കുറിച്ച് അനുതപിക്കാൻ കൂട്ടാക്കുന്നില്ല.**

2088 അനുതപിക്കാൻ ജസെബൽ എന്ന സ്ത്രീക്ക് അവസരം നൽകിയത്? **ഉ:** അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ (2,21).

2089 തന്റെ വ്യഭിചാരത്തെക്കുറിച്ച് അനുതപിക്കാൻ കൂട്ടാക്കാത്തത്? **ഉ:** ജസെബൽ എന്ന സ്ത്രീ (2,21).

**2,22 ഇതാ, ഞാൻ അവളെ രോഗശയ്യയിൽ തള്ളിയിടുന്നു. അവളുമായുള്ള വേഴ്ചയെപ്പറ്റി അനുതപിക്കുന്നില്ലെങ്കിൽ അവളോടുകൂടെ വ്യഭിചാരം ചെയ്യുന്നവരെയും വലിയ ഞെരുക്കത്തിലേക്കു ഞാൻ എറിയും. [23]അവളുടെ മക്കളെയാകട്ടെ മരണത്താൽ ഞാൻ ശിക്ഷിക്കും. ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവനാണ് ഞാൻ എന്നു സകല സഭകളും ഗ്രഹിക്കും. നിങ്ങൾക്കോരോരുത്തർക്കും പ്രവൃത്തികൾക്കനുസൃതം ഞാൻ പ്രതിഫലം നൽകും.**

2090 തന്റെ വ്യഭിചാരത്തെക്കുറിച്ച് അനുതപിക്കാൻ കൂട്ടാക്കാത്ത ജസെബൽ എന്ന സ്ത്രീക്ക് അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ നല്കുന്ന ശിക്ഷ? **ഉ:** അവളെ രോഗശയ്യയിൽ തള്ളിയിടുന്നു (2,22)

2091 ജസെബലുമായുള്ള വേഴ്ചയെപ്പറ്റി അനുതപിക്കുന്നില്ലെങ്കിൽ അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ വലിയ ഞെരുക്കത്തിലേക്ക് എറിയുന്നത് ആരെ? **ഉ:** അവളോടുകൂടെ വ്യഭിചാരം ചെയ്യുന്നവരെയും (2,22).

2092 ജസെബലിനോടുകൂടെ വ്യഭിചാരം ചെയ്യുന്നവർക്കുള്ള ശിക്ഷ? **ഉ:** വലിയ ഞെരുക്കത്തിലേക്ക് എറിയപ്പെടും (2,22).

2093 എന്തിനെപ്പറ്റി അനുതപിക്കുന്നില്ലെങ്കിൽ ജസെബലിനോടുകൂടെ വ്യഭിചാരം ചെയ്യുന്നവരെയും വലിയ ഞെരുക്കത്തിലേക്കു അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ എറിയും? **ഉ:** അവളുമായുള്ള (ജസെബലുമായുള്ള) വേഴ്ചയെപ്പറ്റി അനുതപിക്കുന്നില്ലെങ്കിൽ (2,22).

2094 ജസെബലിന്റെ മക്കളെ അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ ശിക്ഷിക്കുന്നത് എന്തിനാൽ? **ഉ:** മരണത്താൽ (2,23).

2095 ജസെബലിനെയും അവളോടുകൂടെ വ്യഭിചാരം ചെയ്യുന്നവരെയും അവളുടെ മക്കളെയും ശിക്ഷിക്കുമ്പോൾ, (ഞാൻ) അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ ആരെന്ന് സകല സഭകളും ഗ്രഹിക്കും? **ഉ:** ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവനാണ് എന്ന് (2,23).



nb: ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവൻ – അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ (2,23).

2096 ജസെബലിനെയും അവളോടുകൂടെ വ്യഭിചാരം ചെയ്യുന്നവരെയും അവളുടെ മക്കളെയും ശിക്ഷിക്കുമ്പോൾ, ഹൃദയങ്ങളും മനസ്സുകളും പരിശോധിക്കുന്നവനാണ് (ഞാൻ) അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ എന്ന് ഗ്രഹിക്കുന്നത്? **ഉ:** സകല സഭകളും (2,23).

2097 തിയത്തീറായിലെ സഭയിലെ ഓരോരുത്തർക്കും അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ) എന്തനുസൃതം പ്രതിഫലം നൽകും? **ഉ:** പ്രവൃത്തികൾക്കനുസൃതം (2,23).

**2,24–25 [24]സാത്താന്റെ രഹസ്യങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ പ്രബോധനം അറിയാത്തവരും സ്വീകരിക്കാത്തവരുമായി തിയത്തീറായിൽ ബാക്കിയുള്ള നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങളുടെമേൽ വേറെ ഭാരം ഞാൻ ചുമത്തുന്നില്ല. [25]എന്നാൽ, നിങ്ങൾക്കു ലഭിച്ചതിനെ ഞാൻ വരുവോളം മുറുകെപ്പിടിക്കുവിൻ.**

2098 സാത്താന്റെ രഹസ്യങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ പ്രബോധനം എന്ത്? **ഉ:** ജസെബൽ എന്ന സ്ത്രീയുടെ അവകാശപ്പെടലും അവളുടെ പഠിപ്പിക്കലും വശീകരണവും (വാക്യം 20; നമ്പർ 1833 നോക്കി വിശദാംശങ്ങൾ പഠിക്കുക).

2099 നിങ്ങളുടെമേൽ വേറെ ഭാരം ഞാൻ ചുമത്തുന്നില്ല എന്ന് അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ പറയുന്നത്? **ഉ:** സാത്താന്റെ രഹസ്യങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ പ്രബോധനം അറിയാത്തവരും സ്വീകരിക്കാത്തവരുമായി തിയത്തീറായിൽ ബാക്കിയുള്ളവരോട് (2,24).

2100 സാത്താന്റെ രഹസ്യങ്ങൾ എന്നു വിളിക്കപ്പെടുന്ന ഈ പ്രബോധനം അറിയാത്തവരും സ്വീകരിക്കാത്തവരുമായി തിയത്തീറായിൽ ബാക്കിയുള്ളവർ അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെ പാദങ്ങളും ഉള്ള ദൈവസുതൻ വരുവോളം മുറുകെപ്പിടിക്കേണ്ടത്? **ഉ:** ബാക്കിയുള്ളവർക്കു ലഭിച്ചതിനെ (2,25).

**2,26–27 [26]വിജയം വരിക്കുന്നവനും അവസാനംവരെ എന്റെ പ്രവൃത്തികൾ ചെയ്യുന്നവനും ജനപദങ്ങളുടെമേൽ ഞാൻ അധികാരം നൽകും. [27]ഇരുമ്പുദണ്ഡുകൊണ്ട് അവൻ അവരെ മേയിക്കും; മൺപാത്രങ്ങൾപോലെ അവരെ തകർക്കും; [28]ഞാൻ എന്റെ പിതാവിൽനിന്ന് അധികാരം സ്വീകരിച്ചതുപോലെതന്നെ. പുലർകാലനക്ഷത്രം ഞാൻ അവനു നൽകും.**

2101 വിജയം വരിക്കുന്നവനും അവസാനംവരെ എന്റെ (= അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതന്റെ) പ്രവൃത്തികൾ ചെയ്യുന്നവനും ഞാൻ (= അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ) നൽകുന്നത്? **ഉ:** ജനപദങ്ങളുടെമേൽ അധികാരം (2,26).

2102 ജനപദങ്ങളുടെമേൽ അധികാരം നല്കപ്പെട്ടവൻ അവരെ മേയിക്കും – ഇരുമ്പുദണ്ഡുകൊണ്ട് (2,27).

2103 ജനപദങ്ങളുടെമേൽ അധികാരം നല്കപ്പെട്ടവൻ അവരെ തകർക്കും – മൺപാത്രങ്ങൾപോലെ (2,27).

2104 ജനപദങ്ങളുടെമേൽ അധികാരം നല്കപ്പെട്ടവൻ ഇരുമ്പുദണ്ഡുകൊണ്ട് അവരെ മേയിക്കും; മൺപാത്രങ്ങൾപോലെ അവരെ തകർക്കും. ഏതുപോലെതന്നെ? **ഉ:** ഞാൻ എന്റെ പിതാവിൽനിന്ന് അധികാരം സ്വീകരിച്ചതുപോലെതന്നെ (2,27–28). (അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ തന്റെ പിതാവിൽനിന്ന് അധികാരം സ്വീകരിച്ചതുപോലെതന്നെ).

2105 പൂരിപ്പിക്കുക: ഞാൻ എന്റെ പിതാവിൽനിന്ന് അധികാരം സ്വീകരിച്ചതുപോലെതന്നെ. … ഞാൻ അവനു നൽകും (2,28). **ഉ:** പുലർകാലനക്ഷത്രം.

2106 അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ പുലർകാലനക്ഷത്രം നല്കുന്നത് ആർക്ക്? **ഉ:** വിജയം വരിക്കുന്നവനും അവസാ

നംവരെ അവന്റെ പ്രവൃത്തികൾ ചെയ്യുന്നവനും (2,28).

2107 വിജയം വരിക്കുന്നവനും അവസാനംവരെ അവന്റെ പ്രവൃത്തികൾ ചെയ്യുന്നവനും അഗ്നിനാളംപോലെ മിഴികളും പിച്ചളപോലെപാദങ്ങളും ഉള്ള ദൈവസുതൻ നല്കുന്നത്? **ഉ:** ജനപദങ്ങളുടെമേൽ അധികാരം, പുലർകാലനക്ഷത്രം (2,26–27).

2108 വെളി 2,29? **ഉ:** ആത്മാവ് സഭകളോടു പറയുതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

അധ്യായം 3 (അധ്യായം 3ൽ 22 വാക്യങ്ങൾ)

സാർദീസിലെ സഭയ്ക്ക് (3,1–6)

**3,1 സാർദീസിലെ സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ പറയുന്നു: നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്നാണു നിന്നെക്കുറിച്ചു പറയുന്നത്; പക്ഷേ, നീ മൃതനാണ്.**

2109 സാർദീസിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13; 2,18).

2110 ആര് പറയുന്നു എന്ന് സാർദീസിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? **(**ആരു പറയുന്നതാണ് യോഹന്നാൻ സാർദീസിലെ സഭയുടെ ദൂതന് എഴുതുന്നത**)**? **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ പറയുന്നത് (3,1).

2111 നിന്റെ ചെയ്തികൾ ഞാനറിയുന്നു. ജീവിച്ചിരിക്കുന്നവൻ എന്നാണു നിന്നെക്കുറിച്ചു പറയുന്നത്; പക്ഷേ, നീ മൃതനാണ് (3,1). ഇത് ആരെക്കുറിച്ചുള്ളത്? **ഉ:** സാർദീസിലെ സഭയുടെ ദൂതനെക്കുറിച്ചുള്ളത് (3,1).

2112 ജീവിച്ചിരിക്കുന്നവൻ എന്നു പറയപ്പെടുന്നെങ്കിലും മൃതൻ? **ഉ:** സാർദീസിലെ സഭയുടെ ദൂതൻ (3,1).

**3,2 ഉണരുക, നിന്നിൽ ആസന്നമരണമായി അവശേഷിക്കുന്നതിനെ ഉത്തേജിപ്പിക്കുക. എന്തെന്നാൽ, എന്റെ ദൈവത്തിന്റെ മുമ്പിൽ നിന്റെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി ഞാൻ കാണുന്നില്ല.**

2113 ആരുടെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ കാണുന്നില്ലാ? **ഉ:** സാർദീസിലെ സഭയുടെ ദൂതന്റെ (3,2).

2114 സാർദീസിലെ സഭയുടെ ദൂതന്റെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ ആരുടെ മുമ്പിൽ കാണുന്നില്ല? **ഉ:** തന്റെ ദൈവത്തിന്റെ മുമ്പിൽ (3,2).

2115 ആര് ആരോടു പറയുന്നു? **ഉ:** ഉണരുക, നിന്നിൽ ആസന്നമരണമായ അവശേഷിക്കുന്നതിനെ ഉത്തേജിപ്പിക്കുക (3,2). **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ, സാർദീസിലെ സഭയുടെ ദൂതനോട് (3,1–2).

2116 സാർദീസിലെ സഭയുടെ ദൂതന്റെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി ആര് കാണുന്നില്ല? **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ (3,2).

2117 എവിടെ സാർദീസിലെ സഭയുടെ ദൂതന്റെ പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ കാണുന്നില്ല? **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവന്റെ ദൈവത്തിന്റെ മുമ്പിൽ (3,2).

**3,3 അതുകൊണ്ടു നീ സ്വീകരിച്ചതും കേട്ടതും എന്തെന്നനുസ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യുക. നീ ഉണരുന്നില്ലെങ്കിൽ ഞാൻ കള്ളനെപ്പോലെ വരും. ഏതു സമയത്താണ് ഞാൻ നിന്നെ പിടികൂടുകയെന്നു നീ അറിയുകയില്ല.**

2118 പ്രവൃത്തികൾ പൂർണമായും നിർവഹിക്കപ്പെട്ടതായി കാണുന്നില്ലാത്തതിനാൽ സാർദീസിലെ സഭയുടെ ദൂതൻ ചെയ്യേണ്ടത്? **ഉ:** സ്വീകരിച്ചതും കേട്ടതും എന്തെന്നു സ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യുക (3,3).

2119 സ്വീകരിച്ചതും കേട്ടതും എന്തെന്നുസ്മരിച്ച് അതു കാത്തുസൂക്ഷിക്കുകയും അനുതപിക്കുകയും ചെയ്യേണ്ടത്? **ഉ:** സാർദീസിലെ സഭയുടെ ദൂതൻ (3,3).



2120 നീ **(**സാർദീസിലെ സഭയുടെ ദൂതൻ**)** ഉണരുന്നില്ലെങ്കിൽ ആര് കള്ളനെപ്പോലെ വരും? **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ (2,3).

2121 ഞാൻ **(**ദൈവത്തിന്റെ സപ്താത്മാക്കളും സ്പ്തതാരങ്ങളും ഉള്ളവൻ) കള്ളനെപ്പോലെ വരും. നീ **(**സാർദീസിലെ സഭയുടെ ദൂതൻ**)** എന്ത് അറിയുകയില്ല? **ഉ:** ഏതു സമയത്താണ് ഞാൻ നിന്നെ പിടികൂടുകയെന്ന് (2,3).

**3,4 എന്നാൽ, വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായി കുറെപ്പേർ സാർദീസിൽ നിനക്കുണ്ട്. അവർ ധവളവസ്ത്രധാരികളായി എന്റെകൂടെ നടക്കും. അവർ അതിനു യോഗ്യരാണ്.**

2122 എന്നാൽ, ആര് സാർദീസിൽ നിനക്കുണ്ട് എന്ന് ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ സാർദീസിലെ സഭയുടെ ദൂതനോടു പറയുന്നു? (സാർദീസിൽ സാർദീസിലെ സഭയുടെ ദൂതന് ഉള്ളവർ?) **ഉ:** വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായി കുറെപ്പേർ (3,4).

2123 വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായി കുറെപ്പേർ ഉള്ളത്? **ഉ:** സാർദീസിൽ സാർദീസിലെ സഭയുടെ ദൂതന് (3,4).

2124 സാർദീസിൽ സാർദീസിലെ സഭയുടെ ദൂതനുള്ള, വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായി കുറെപ്പേർ ആരായി എന്റെകൂടെ നടക്കും എന്ന് ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ പറയുന്നു? **ഉ:** ധവളവസ്ത്രധാരികളായി (3,4).

2125 ധവളവസ്ത്രധാരികളായി ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവന്റെ കൂടെ നടക്കാൻ യോഗ്യർ? **ഉ:** സാർദീസിൽ (സാർദീസിലെ സഭയുടെ ദൂതനുള്ള,) വസ്ത്രങ്ങൾ മലിനമാക്കിയിട്ടില്ലാത്തവരായ കുറെപ്പേർ (3,4).

**3,5 വിജയം വരിക്കുന്നവനെ വെള്ളവസ്ത്രം ധരിപ്പിക്കും; ജീവന്റെ പുസ്തകത്തിൽ നിന്ന് അവന്റെ നാമം ഒരിക്കലും മായിച്ചുകളയുകയില്ല; എന്റെ പിതാവിന്റെയും അവിടുത്തെ ദൂതന്മാരുടെയും സന്നിധിയിൽ അവന്റെ നാമം ഞാൻ ഏറ്റുപറയും.**

2126 ആരെ വെള്ളവസ്ത്രം ധരിപ്പിക്കും എന്ന് ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ പറയുന്നു? **ഉ:** വിജയം വരിക്കുന്നവനെ (3,5).

2127 വിജയം വരിക്കുന്നവനെ വെള്ളവസ്ത്രം ധരിപ്പിക്കുന്നത്? **ഉ:** ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ (3,5).

2128 ദൈവത്തിന്റെ സപ്താത്മാക്കളും സപ്തതാരങ്ങളും ഉള്ളവൻ വിജയം വരിക്കുന്നവനു ചെയ്യുമെന്നു പറയുന്നവ? **ഉ:** അവനെ വെള്ളവസ്ത്രം ധരിപ്പിക്കും; ജീവന്റെ പുസ്തകത്തിൽനിന്ന് അവന്റെ നാമം ഒരിക്കലും മായിച്ചുകളയുകയില്ല; എന്റെ പിതാവിന്റെയും അവിടുത്തെ ദൂതന്മാരുടെയും സന്നിധിയിൽ അവന്റെ നാമം ഞാൻ ഏറ്റുപറയും (3,5). – 3 കാര്യങ്ങൾ.

2129 വെളി 3,5ലെ ജീവന്റെ പുസ്തകത്തെക്കുറിച്ചുള്ള പരാമർശത്തിനു സമാനമായ ബൈബിൾഭാഗങ്ങൾ? **ഉ:** പുറ 32,33 (കർത്താവിന്റെ പുസ്തകം); സങ്കീ 69,28 (ജീവിക്കുന്നവരുടെ പുസ്തകം); ദാനി 12,1 (ഗ്രന്ഥം); മത്താ 10,32.

2130 സാർദീസിലെ സഭയുടെ ദൂതന് എഴുതിയിട്ടുള്ളതിന്റെ അവസാന വചകം (3,6)? **ഉ:** ആത്മാവു സഭകളോടു പറയുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.

ഫിലദെൽഫിയായിലെ സഭയ്ക്ക് (3,7–13)

**3,7 ഫിലദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക: പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ പറയുന്നു:**

2131 ഫിലദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13; 2,18).

2132 ആര് പറയുന്നു എന്ന് ഫിലദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? **(**ആര് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻവഴി യോഹന്നാനോടു പറയുന്നതാണ് യോഹന്നാൻ ഫി

ലദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുന്നത്)? **ഉ:** പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ (3,1). (ചുരുക്കെഴുത്ത്: പ.സ.ദാ.താ.കൈ. മ.അ-തു. മ.തു-അ. ആ.)

2133 ദാവീദിന്റെ താക്കോൽ എന്ന് 3,7ലുള്ള പരാമർശത്തിന് ആധാരമായ പഴയ നിയമഭാഗം? **ഉ:** ഏശ 22,22.

**3,8 നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. ഇതാ, നിന്റെ മുമ്പിൽ ആർക്കും പൂട്ടാൻ കഴിയാത്തവിധം തുറന്നുകിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു. നിന്റെ ശക്തി പരിമിതമാണ്. എങ്കിലും, നീ എന്റെ വചനം കാത്തു; എന്റെ നാമം നീ നിഷേധിച്ചതുമില്ല.**

2134 പ.സ.ദാ.താ.കൈ. മ.അ-തു. മ.തു-അ. ആ. ഫിലദെൽഫിയായിലെ സഭയുടെ ദൂതനോട് ആദ്യം പറയുന്നത്? **ഉ:** നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു (3,8).

2135 ഇതാ, നിന്റെ മുമ്പിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു എന്ന് പ.സ.ദാ. മ.അ-തു. മ.തു-അ. ആ. ഫിലദെൽഫിയായിലെ സഭയുടെ ദൂതനോടു പറയുന്നത്?
**ഉ:** ആർക്കും പൂട്ടാൻ കഴിയാത്തവിധം തുറന്നുകിടക്കുന്ന ഒരു വാതിൽ (3,8). (പ.സ.ദാ.താ.കൈ. മ.അ-തു. മ.തു-അ. ആ. ഫിലദെൽഫിയായിലെ സഭയുടെ ദൂതന്റെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്നത്? **ഉ:** ആർക്കും പൂട്ടാൻ കഴിയാത്തവിധം തുറന്നുകിടക്കുന്ന ഒരു വാതിൽ (3,8).

2136 (വാക്യം 8ന്റെ ബാക്കി) പൂരിപ്പിക്കുക: നിന്റെ ശക്തി പരിമിതമാണ്. എങ്കിലും, ... ; ... (3,8). **ഉ:** നീ എന്റെ വചനം കാത്തു; എന്റെ നാമം നീ നിഷേധിച്ചതുമില്ല.

2137 ഫിലദെൽഫിയായിലെ സഭയുടെ ദൂതൻ കാത്തു: **ഉ:** പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവന്റെ വചനം (3,8). (എന്റെ വചനം)

2138ഫിലദെൽഫിയായിലെ സഭയുടെ ദൂതൻ നിഷേധിച്ചതുമില്ല: **ഉ:** പ.സ.ദാ.താ. കൈ. മ.അ-തു. മ.തു. അ. ആ.ന്റെ നാമം (3,8). (എന്റെ നാമം).

**3,9 ഇതാ, യഹൂദരാണെന്നു പറയുകയും എന്നാൽ, അങ്ങനെയല്ലാതെ നുണയന്മാരായി നടക്കുകയും ചെയ്യുന്ന സാത്താന്റെ സിനഗോഗിൽനിന്നുള്ള ചിലർ! അവരെ ഞാൻ നിന്റെ കാൽക്കൽ വരുത്തി കുമ്പിടുവിക്കും. അങ്ങനെ, ഞാൻ നിന്നെ സ്നേഹിച്ചുവെന്ന് അവർ ഗ്രഹിക്കും.**

2139 യഹൂദരാണെന്നു പറയുകയും എന്നാൽ, അങ്ങനെയല്ലാതെ നുണയന്മാരായി നടക്കുകയും ചെയ്യുന്ന ചിലർ? **ഉ:** സാത്താന്റെ സിനഗോഗിൽനിന്നുള്ള ചിലർ (3,9)

2140 ഞാൻ നിന്നെ **(**പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ ഫിലദെൽഫിയായിലെ സഭയുടെ ദൂതനെ**)** സ്നേഹിച്ചുവെന്ന് സാത്താന്റെ സിനഗോഗിൽനിന്നുള്ള ചിലർ എങ്ങനെ ഗ്രഹിക്കും? **ഉ:** അവരെ ഞാൻ നിന്റെ കാൽക്കൽ വരുത്തി കുമ്പിടുവിക്കും. അങ്ങനെ (3,9).

**3,10 സകല ഭൂവാസികളെയും പരിശോധിക്കാനായി ലോകത്തിൽ ഉണ്ടാകാനിരിക്കുന്ന പരീക്ഷണങ്ങളുടെ സമയത്ത് ഞാൻ നിന്നെ സംരക്ഷിക്കുകയും ചെയ്യും. എന്തെന്നാൽ, എന്തെന്നാൽ, പരീക്ഷകളിൽ ഉറച്ചുനിൽക്കണമെന്നുള്ള എന്റെ വചനം നീ കാത്തു.**

2141 സകല ഭൂവാസികളെയും പരിശോധിക്കാനായി ലോകത്തിൽ ഉണ്ടാകാനിരിക്കുന്നത്? **ഉ:** പരീക്ഷണങ്ങൾ (3,10).

2142 പൂരിപ്പിക്കുക: സകല ഭൂവാസികളെയും പരിശോധിക്കാനായി ലോകത്തിൽ ഉണ്ടാകാനിരിക്കുന്ന പരീക്ഷണങ്ങളുടെ സമയത്ത് ഞാൻ നിന്നെ സംരക്ഷിക്കുകയും ചെയ്യും. എന്തെന്നാൽ, ... ... ... ... ... ... (3,10). **ഉ:** പരീക്ഷകളിൽ ഉറച്ചുനിൽക്കണമെന്നുള്ള എന്റെ വചനം നീ കാത്തു.

2143 പരീക്ഷകളിൽ ഉറച്ചുനിൽക്കണമെന്നുള്ള വചനം കാത്ത സഭാദൂതൻ?



**ഉ:** ഫിലദെൽഫിയായിലെ സഭയുടെ ദൂതൻ (3,10).

**3,11 ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും കവർന്നെടുക്കാതിരിക്കാൻ നിനക്കുള്ളതു കാത്തുസൂക്ഷിക്കുക.**

2144 ഞാൻ വേഗം വരുന്നു. എന്ത് ആരും കവർന്നെടുക്കാതിരിക്കാൻ നിനക്കുള്ളതു കാത്തുസൂക്ഷിക്കുക എന്ന് പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ ഫിലദെൽഫിയായിലെ സഭയുടെ ദൂതനോടു പറയുന്നു? **ഉ:** നിന്റെ കിരീടം (3,11).

2145 ആരും കവർന്നെടുക്കാതിരിക്കാൻ ഫിലദെൽഫിയായിലെ സഭയുടെ ദൂതൻ കാത്തുസൂക്ഷിക്കേണ്ടത്? **ഉ:** തന്റെ കിരീടം (3,11).

**3,12 വിജയം വരിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു സ്തംഭമാക്കും; അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല. അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും ദൈവസന്നിധിയിൽനിന്നു സ്വർഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലേമാകുന്ന ദൈവനഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ എഴുതും.**

2146 വിജയം വരിക്കുന്നവനെക്കുറിച്ച് പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ ഫിലദെൽഫിയായിലെ സഭയുടെ ദൂതനോടു പറയുന്നത്? **ഉ:** ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു സ്തംഭമാക്കും; അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല. അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും ദൈവസന്നിധിയിൽനിന്നു സ്വർഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലേമാകുന്ന ദൈവനഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ എഴുതും (3,12).

(വിജയം വരിക്കുന്നവർക്കുള്ള നിത്യസമ്മാനം മൂന്നു പ്രതീകങ്ങളിൽ അവതരിപ്പിക്കുന്നു: (1) എന്റെ ദൈവത്തിന്റെ ആലയത്തിലെ ഒരു സ്തംഭമാക്കും; (2)അവൻ പിന്നെ ഒരിക്കലും പുറത്തുപോവുകയില്ല. (3) 3 നാമങ്ങൾ എഴുതും.

2147വിജയം വരിക്കുന്നവന് ഇതൊക്കെ (നമ്പർ 2146 **ഉ:**ൽ ഉദ്ധരിച്ചിട്ടുള്ളവ) ചെയ്യുന്നത്? **ഉ:** പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവ ണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവൻ.

2148 വിജയം വരിക്കുന്നന്റെമേൽ എഴുതുന്ന നാമങ്ങൾ? **ഉ:** എന്റെ (പരിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവണ്ണം അടയ്ക്കുന്നവനും ആയവന്റെ) ദൈവത്തിന്റെ നാമവും ദൈവസന്നിധിയിൽ നിന്നു സ്വർഗം വിട്ട് ഇറങ്ങിവരുന്ന പുതിയ ജറുസലേമാകുന്ന ദൈവനഗരത്തിന്റെ നാമവും എന്റെ (പ.സ.ദാ. മ. അ-തു. മ.തു-അ. ആയവന്റെ) പുതിയ നാമവും (3,12).

2149 വെളി 3,12നു സമാനമായി പുതിയ ജറുസലേമിനെക്കുറിച്ചു പരാമർശിക്കുന്ന വേദഭാഗങ്ങൾ? **ഉ:** വെളി 21,2; ഏശ 62,2; 66,15.

2150 ഫിലദെൽഫിയായിലെ സഭയുടെ ദൂതനോട് അവസാനം പറയുന്നത്?
**ഉ:** ആത്മാവ് സഭകളോടരുളിച്ചെയ്യുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ (3,13).

ലവൊദീക്യായിലെ സഭയ്ക്ക് (3,14-22)

**3,14 ലവൊദീക്യായിലെ സഭയുടെ ദൂതന് എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ അരുളിച്ചെയ്യുന്നു:**

2151 ലവൊദീക്യായിലെ സഭയുടെ ദൂതന് എഴുതുക എന്നു യോഹന്നാനോടു പറഞ്ഞത്? **ഉ:** മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ (1,13; 2,18).

2152 ആര് അരുളിച്ചെയ്യുന്നു എന്ന് ലവൊദീക്യായിലെ സഭയുടെ ദൂതന് എഴുതുക എന്ന് മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ യോഹന്നാനോടു പറഞ്ഞു? **(**ആര് അരുളിച്ചെയ്യുന്നതാണ് യോഹന്നാൻ ലവൊദീക്യായിലെ സഭയുടെ ദൂതന് എഴുതുന്ന

ത്)? **ഉ:** വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർ മത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ അരുളിച്ചെയ്യുന്നു (3,14).

2153 വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്നവൻ ആര്? **ഉ:** ആമേൻ (3,14). (ആമേൻ ആര്?)

**3,15–17 [15]നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല; തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. [16]ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും. [17]എന്തെന്നാൽ, ഞാൻ ധനവാനാണ്, എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല എന്നു നീ പറയുന്നു. എന്നാൽ, നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനും ആണെന്ന് നീ അറിയുന്നില്ല.**

2154 വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ ലവൊദീക്യായിലെ സഭയുടെ ദൂതനോട് ആദ്യം അരുളിച്ചെയ്യുന്നത്? **ഉ:** നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു (3,15).

2155 പൂരിപ്പിക്കുക: നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു; ... ... ...; തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു (3,15). **ഉ:** നീ തണുപ്പോ ചൂടോ ഉള്ളവനല്ല

2156 തണുപ്പോ ചൂടോ ഉള്ളവനല്ല എന്നു പറയപ്പെട്ട സഭ/സഭയുടെ ദൂതൻ? **ഉ:** ലവൊദീക്യായിലെ (3,15).

2157 വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ ലവൊദീക്യായിലെ സഭയെ/സഭാദൂതനെക്കുറിച്ച് ആഗ്രഹിക്കുന്നത്? **ഉ:** തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ (3,15).

2158 ലവൊദീക്യായിലെ സഭയുടെ ദൂതനെ എന്തുകൊണ്ട് വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ തന്റെ വായിൽനിന്നു തുപ്പിക്കളയും? **ഉ:** ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ (3,16).

2159 ലവൊദീക്യായിലെ സഭയുടെ ദൂതൻ (തന്നെക്കുറിച്ചു) പറയുന്നത്? **ഉ:** ഞാൻ ധനവാനാണ്, എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല (3,17).

2160 വെളി 3,17നു സമാനമായ പഴയ നിയമഭാഗം? **ഉ:** ഹോസി 12,8.

2161 ലവൊദീക്യായിലെ സഭയുടെ ദൂതൻ (തന്നെക്കുറിച്ച്) അറിയുന്നില്ലാത്തത്? **ഉ:** നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനും ആണെന്ന് (3,17). (5 കാര്യങ്ങൾ അറിയുന്നില്ല)

**3,18–19 [18]ഞാൻ നിന്നെ ഉപദേശിക്കുന്നു; നീ ധനികനാകാൻ അഗ്നിശുദ്ധിവരുത്തിയ സ്വർണം എന്നോടു വാങ്ങുക; നിന്റെ നഗ്നത മറ്റുള്ളവർ കണ്ട് നീ ലജ്ജിക്കാതിരിക്കുവാൻ ശുഭ്രവസ്ത്രങ്ങൾ എന്നോടു വാങ്ങുക; കാഴ്ച ലഭിക്കുന്നതിനു കണ്ണിലെഴുതാനുള്ള അഞ്ജനവും എന്നോടു വാങ്ങുക. [19]ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു.**

2162 ലവൊദീക്യായിലെ സഭയുടെ ദൂതനെ ഉപദേശിക്കുന്നത്? **ഉ:** വിശ്വസ്തനും സത്യവാനുമായ സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ. (ആമേൻ ഉപദേശിക്കുന്നത് ഏതു സഭയെ? ലവൊദീക്യായിലെ)

2163 ധനികനാകാൻ ലവൊദീക്യായിലെ സഭയുടെ ദൂതൻ വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേനോടു വാങ്ങേണ്ടത്? **ഉ:** അഗ്നിശുദ്ധിവരുത്തിയ സ്വർണം (3,18).

2164 ലവൊദീക്യായിലെ സഭയുടെ ദൂതന്റെ നഗ്നത മറ്റുള്ളവർ കണ്ട് ലജ്ജിക്കാതിരിക്കുവാൻ വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേനോടു വാങ്ങേണ്ടത്? **ഉ:** ശുഭ്രവസ്ത്രങ്ങൾ 3,18).

2165 കാഴ്ച ലഭിക്കുന്നതിനു ലവൊദീക്യായിലെ സഭയുടെ ദൂതൻ വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേനോടു വാങ്ങേണ്ടത്? **ഉ:** കണ്ണിലെഴുതാനുള്ള അഞ്ജനം (3,18).



2166 വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേനോട് ലവൊദീക്യായിലെ സഭയുടെ ദൂതൻ വാങ്ങേണ്ടവ? **ഉ:** അഗ്നിശുദ്ധിവരുത്തിയ സ്വർണം (ധനികനാകാൻ), ശുഭ്രവസ്ത്രങ്ങൾ (നഗ്നത നിമിത്തം ലജ്ജിക്കാതിരിക്കാൻ), കണ്ണിലെഴുതാനുള്ള അഞ്ജനം (കാഴ്ച ലഭിക്കുന്നതിന്) (3,18).

2167 വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത്? **ഉ:** സ്നേഹിക്കുന്നവരെ (3,19).

2168 ഞാൻ (വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ) സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നീ (ലവൊദീക്യായിലെ സഭയുടെ ദൂതൻ) ചെയ്യേണ്ടത്? **ഉ:** തീക്ഷ്ണതയുള്ളവനാകുക, അനുതപിക്കുക (3,19).

2169 തീക്ഷ്ണതയുള്ളവനാകുകയും അനുതപിക്കുകയും ചെയ്യേണ്ടത്? **ഉ:** ലവൊദീക്യായിലെ സഭയുടെ ദൂതൻ (3,19).

2170 ശാസനത്തെയും ശിക്ഷണത്തെയുംകുറിച്ച് 3,19നു സമാനമായ വേദഭാഗങ്ങൾ? **ഉ:** സുഭാ 3,12; ഹെബ്രാ 12,6.

2171 ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ഏതു വാക്യഭാഗം? **ഉ:** വെളി 3,19. (വാക്യം 19ന്റെ അവസാന വാചകം).

**3,20 ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും.**

2172 യേശു അടുത്തേക്കു വരുകയും ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യുന്നത്? **ഉ:** യേശുവിന്റെ സ്വരം കേട്ടു വാതിൽ തുറന്നുതരുന്നവന്റെ (3,20).

2173 ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും എന്നു പറയുന്നത്? **ഉ:** വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ. (ആമേൻ, ലവൊദീക്യായിലെ സഭയുടെ ദൂതനോട്

**3,21 ഞാൻ വിജയം വരിച്ച് എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിംഹാസനത്തിൽ ഇരിക്കുന്നതുപോലെ, വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും.**

2174 വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ വിജയം വരിച്ച് ഇരിക്കുന്നത്? **ഉ:** അവന്റെ പിതാവിന്റെ സിംഹാസനത്തിൽ 3,21).

2175 വിജയം വരിക്കുന്നവനെ വിശ്വസ്തനും സത്യവാനും സാക്ഷിയും ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ആരംഭവുമായിരിക്കുന്ന ആമേൻ ഇരുത്തുന്നത്? **ഉ:** അവനോടൊത്ത് അവന്റെ സിംഹാസനത്തിൽ (3,21). (പിതാവിന്റെ സിംഹാസനത്തിലല്ല– ആമേന്റെ സിംഹാസനത്തിലാണ്)

2176 ലവൊദിക്യായിലെ സഭയുടെ ദൂതനുള്ള അവസാന ആഹ്വാനം? **ഉ:** ആത്മാവ് സഭകളോട് അരുളിച്ചെയ്യുന്നതെന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ! (3,22).

2177 നിക്കോളാവോസ്പക്ഷക്കാരുടെ പ്രബോധനങ്ങളെ മുറുകെപ്പിടിക്കുന്നവരുള്ള സഭകൾ? **ഉ:** എഫേസോസിലുള്ള സഭ (2,6), പെർഗാമോസിലെ സഭ (2,15)

2178 ശകാരങ്ങൾ നല്കപ്പെടാത്ത സഭകൾ? **ഉ:** സ്മിർണായിലെയും ഫിലാദെൽഫിയായിലെയും സഭകൾ

2179 ശകാരങ്ങൾ മാത്രം നല്കപ്പെട്ട സഭകൾ? **ഉ:** സാർദീസിലെയും ലവൊദിക്യായിലെയും സഭകൾ

2180 ഏഴു സഭകൾക്കും നല്കപ്പെടുന്ന ആഹ്വാനം? **ഉ:** ആത്മാവ് സഭകളോടു പറയുന്നതു കേൾക്കാൻ (2,7; 2,11; 2,17; 2,29; 3,6; 3,13; 3,22).

2181 നിന്റെ പ്രവൃത്തികൾ /ചെയ്തികൾ ഞാൻ അറിയുന്നു/മനസ്സിലാക്കുന്നു/ എനിക്കറിയാം എന്നു പറയപ്പെട്ട സഭകൾ? **ഉ:** എഫേസോസിലെ സഭ; തിയത്തീറായിലെ സഭ, സാർദീസിലെ സഭ, ഫിലദെൽഫിയായിലെ സഭ, ലവൊദീക്യായിലെ സഭ.